# പത്മാലയം.

## (രണ്ടാം ഭാഗം.)

---

ഗ്രന്ഥകർത്രിമാർ:
വടവന്നൂർ, പാറക്കൽ ഗൌരി അമ്മ,
ടി. ടി.. കാവമ്മ.

---

പ്രസാധകൻ:
കെ. ശങ്കരൻ മൂസ്സത്.

---

ഒന്നാം പതിപ്പ്.

തൃശ്ശിവപേരൂർ
ജ്ഞാനസാഗരം പുസ്തകശാല.

---

1099

---

PRINTERS.
THE MANGALODAYAM PRESS,
TRICHUR.

Price Rs. 1—8—0] [വില ക. 1—8—0

---

പകൎപ്പവകാശം പ്രസാധകനമുള്ളതാകുന്നു.

1828
F. 187

# പദ്മാലയം.

## രണ്ടാം ഭാഗം.

### മുപ്പത്തഞ്ചാമദ്ധ്യായം.

ശ്രീധരൻനമ്പ്യാർ ദേവിയുടെ കയ്യിൽ കത്തു കൊടുത്തപ്പോൾ അദ്ദേഹം തന്നോടു തലേദിവസം ചെയ്തിട്ടുള്ള അപേക്ഷയെ പുനരാവൎത്തിച്ചിരിക്കണമെന്നുള്ള വിശ്വാസമല്ലാതെ അന്യചിന്തകളൊന്നും അവൾക്കുണ്ടായിരുന്നില്ലെന്നുറപ്പായി പറയാം. അതെന്തെങ്കിലുമാവട്ടെ. അവൾ ആ കത്തു വളരെ ജിജ്ഞാസയോടെ വായിച്ചവസരത്തിൽ പരസ്പരവിരുദ്ധങ്ങളായ പലേ അഭിപ്രായങ്ങളും അവളുടെ ഹൃദയത്തിൽ അങ്കുരിച്ചു. ശ്രീധരൻനമ്പ്യാൎക്കു വിനീതനായി മാപ്പു ചോദിക്കുവാൻ കഴിയുമെന്നുള്ള സംഗതി അവൾ എഴുത്തിൽനിന്നു് ഒന്നാമതായി മനസ്സിലാക്കി. താനിന്നലെ അദ്ദേഹത്തിൽ ആരോപിച്ചിരിക്കുന്ന കുററങ്ങളിൽനിന്നൊഴിയുവാൻ ന്യായമായ സമാധാനങ്ങളൊന്നുമുണ്ടാവില്ലെന്നും, അഥവാ വല്ലതുമുണ്ടെങ്കിൽത്തന്നെ തുച്ഛങ്ങളും മററുള്ളവരുടെ പുച്ഛത്തിന്നു മാത്രം പാത്രീഭവിക്കുന്നവയും ആകകൊണ്ടു് അവയെ കത്തിൽ പ്രസ്താവിക്കയില്ലെന്നും, അവൾ ബലമായി വിശ്വസിച്ചു. ദേവി ദോഷൈകദൃഷ്ടിയോടെയാണു് കത്തു വായിച്ചതെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ബദ്ധപ്പാടുകൊണ്ടും സംഭ്രമംകൊണ്ടും പിന്നത്തെ വാചകത്തിൽ പറഞ്ഞിരിക്കുന്ന വിവരം അറിയുവാനുള്ള അത്യുൽക്കണ്ഠകൊണ്ടും വാചകത്തിലെ അൎത്ഥം ധരിക്കുവാനവൾ അശക്തയായി. നന്ദനോദ്യാനത്തിൽ വെച്ചു നടന്ന സംഗതികളെ വിവരിക്കുന്ന ഭാഗം വായിച്ചു.

ജാനുവിന്നു ഭാസ്കരമേനോനിലുള്ള പ്രേമം ആക്കും അനുമാനിക്കാൻ കഴിയാത്തവണ്ണം അവളുടെ മുഖം നിർവ്വികാരമായിരുന്നു എന്നദ്ദേഹം എഴുതിയിട്ടുണ്ട്. ദേവി അതിനെ ശുദ്ധമെ ഭോഷ്ക്കാണെന്നു പറഞ്ഞു നിശ്ശങ്കം തള്ളിക്കളഞ്ഞു. അവരുടെ വിവാഹത്തിന്നു പ്രതിബന്ധമായിട്ടുണ്ടെന്നു നമ്പ്യാർ പറയുന്നതും, യഥാർത്ഥമാണെന്നു തനിക്കുതന്നെ തോന്നിയിട്ടുള്ളതുമായ ചില സംഗതികളെ അദ്ദേഹം വിവരിച്ചെഴുതിയതിനാൽ ദേവിക്കു ദുസ്സഹമായ കോപമുണ്ടായി. അദ്ദേഹത്തോടു ന്യായാനുസൃതം പ്രവൃത്തിക്കണമെന്നുള്ള മോഹവും ഇതിനാൽ നഷ്ടമായി. അദ്ദേഹം ഈ കാര്യത്തിൽ പശ്ചാത്തപിച്ചും, ക്ഷമായാചനം ചെയ്തും, അവൾക്കു തൃപ്തി വരുത്തിയിട്ടില്ല. അഹംഭാവംകൊണ്ടും ദുസ്സാമർത്ഥ്യംകൊണ്ടുമാണദ്ദേഹം ഇങ്ങിനെ എഴുതിയതെന്നവൾ വിചാരിച്ചു.

കത്തിൽ വിക്രമമേനോൻെറ വർത്തമാനങ്ങളെ വിസ്തരിച്ചേടം അതി ശ്രദ്ധയോടെ വായിച്ചു. കത്തിൽ കാണുന്ന സംഗതി വാസ്തവമാണെങ്കിൽ അവൾക്കു വിക്രമമേനോനിലുള്ള നല്ലഭിപ്രായവും ബഹുമതിയും നിമിഷാർദ്ധത്തിന്നുള്ളിൽ വലിച്ചെറിയേണ്ടിവരും. എഴുത്തിൽ കണ്ടതു സത്യമായിരിക്കുമൊ എന്നവൾ സംശയിച്ചപ്പോൾ വിക്രമമേനോൻെറ കൌടില്യവും, അദ്ദേഹം ആത്മവഞ്ചനയോടെ തന്നോടു പൂർവ്വചരിത്രം പറഞ്ഞതും, താൻ ആ ദുരാത്മാവിൽ പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹബഹുമാനങ്ങളും, ഓർത്ത് ദേവി ഭയത്താൽ നടുങ്ങി. സന്താപകരങ്ങളായ ആലോചനയിൽ മുഴുകി ഇരുന്നതിനാൽ പരമാർത്ഥം മനസ്സിലാക്കുവാൻ അവൾ വളരെ ബുദ്ധിമുട്ടി. അത്ഭുതം, ശങ്ക, ഭയം മുതലായ മനോഭാവങ്ങൾ ദേവിയെ വല്ലാതെ പീഡിപ്പിച്ചു. കത്തിൽ പറഞ്ഞ സംഗതികളൊന്നും വിശ്വസിക്കാതെ "ഇതെല്ലാം വ്യാജമാണ്. ഒരക്കലും യഥാർത്ഥമാവാൻ തരമില്ല. ഈ മാതിരി പൊളി എഴുതുകയൊ?" എന്നും മററും പറഞ്ഞവൾ കത്തു വായിച്ചവസാനിപ്പിച്ചു.

കടുവിലുത്തെ ഒന്നാം, രണ്ടാം ഭാഗങ്ങളിൽ എഴുതിയിരിക്കുന്ന കാൎയ്യങ്ങളൊന്നും അവൾക്കു മനസ്സിലായതേയില്ല. അതിശീഘ്രം കത്തു മടക്കി ലക്കോട്ടിൽ തന്നെ ഇട്ട് ഇനി അതിനെ വായിക്കില്ലെന്നും തീൎച്ചപ്പെടുത്തി. വ്യാകുലചിത്തയായ അവളുടെ നിശ്ചയങ്ങൾക്കു സ്ഥിരതയുണ്ടായിരുന്നില്ല. അവൾ ലാത്തുവാനാഗ്രഹിച്ച് ഒന്നുരണ്ടടി വെച്ചപ്പോഴയ്ക്ക് അതു മതിയാക്കി. വീണ്ടും കത്തെടുത്തു കഴിയുന്നവണ്ണം മനസ്സമാധാനമുണ്ടാക്കി രണ്ടാമതും വായിച്ചു. ഇച്ഛാഭംഗമുണ്ടാകാത്തക്കവണ്ണം വിക്രമമേനോനെ സംബന്ധിച്ചെഴുതിയിരുന്ന ഓരോരൊ വാചകങ്ങളിലും, അന്തൎഭവിച്ചു കിടക്കുന്ന അൎത്ഥത്തെ ധരിക്കുവാനായി അവൾ ബുദ്ധിയെ ബലാൽകാരേണ വിനിയോഗിച്ചു.

പത്മാലയത്തിൽ തനിക്കുണ്ടായിരുന്ന സുഖാനുഭവങ്ങളേയും, പരേതനായ കൃഷ്ണൻനമ്പ്യാരുടെ ദയാവാത്സല്യങ്ങളേയും, വിക്രമമേനോൻ കൃതജ്ഞതാപൂൎവ്വം വൎണ്ണിച്ചപ്പോൾ ഇത്രത്തോളമുണ്ടായിരിക്കുമെന്നു ദേവി വിചാരിച്ചിരുന്നില്ല. ഇതിനെ സംബന്ധിച്ച് ശ്രീധരൻനമ്പ്യാരുടേയും വിക്രമമേനോന്റെയും വാക്കുകൾ ഭേദരഹിതമാകുന്നു. ഒസ്യത്തിനെപ്പററി ഇരുകൂട്ടരും പറഞ്ഞ വാക്കുകൾ ദിവാരാത്രംപോലെ വ്യത്യസ്തപ്പെട്ടിരിക്കുന്നു. ഒസ്യത്തിനെക്കുറിച്ചു വിക്രമമേനോൻ പറഞ്ഞ വാക്കുകൾ ശിലാരേഖപോലെ അവളുടെ ഹൃദയത്തിൽ പതിഞ്ഞു കിടപ്പുണ്ട്. ഇവരിൽ ഒരാൾ കളവു പറഞ്ഞിട്ടുണ്ടെന്നും അതു ശ്രീധരൻനമ്പ്യാർ തന്നെ ആയിരിക്കണമെന്നും നിശ്ചയിച്ചു ദേവി തന്നെത്താൻ അഭിനന്ദിച്ചു. വിക്രമമേനോൻ മാന്യന്മാരായ രണ്ടു മദ്ധ്യസ്ഥന്മാർ മുഖാന്തിരം പതിനായിരം ഉറുപ്പിക പ്രതിഫലമായി വാങ്ങി ഒസ്യത്തിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾ ഒഴിഞ്ഞിരിക്കുന്നു എന്നു വായിച്ചപ്പോൾ ദേവിക്കു സംശയം വൎദ്ധിച്ചു. എഴുത്തു താഴെ വെച്ചു രണ്ടാൾ പറഞ്ഞിട്ടുള്ളതിനേയും പക്ഷപാതര

ഹിതമായി ആലോചിച്ചു. ജയമുണ്ടായില്ല. രണ്ടുപേരും അവരുടെ ഭാഗം ഉറപ്പായി പറഞ്ഞിട്ടുണ്ട്. ആലോചന മതിയാക്കി പിന്നേയും കത്തു വായിച്ചു. ശ്രീധരൻനമ്പ്യാൎക്ക് അപയശസ്സിന്നും, നിന്ദയ്ക്കും ഹേതുഭൂതമായി അവൾ വിചാരിച്ചിരുന്ന സംഗതിയിൽ അദ്ദേഹത്തിന്റെ നിരപരാധിത്വം കത്തിലുണ്ടായിരുന്ന ചാരോ വാചകങ്ങളിൽനിന്നും അവൾക്കു സുവ്യക്തമായി. വിക്രമമേനോന്റെ ധൂൎത്തും ദുൎവ്യയവും അറിഞ്ഞ നിമിഷത്തിൽ അവളുടെ ഹൃദയം വാടി. നമ്പ്യാർ എഴുതിയിട്ടുള്ളതിനെ അന്യഥാകരിപ്പാനുള്ള തെളിവുകൾ അവൾക്കില്ല. പത്തു മാസം മുമ്പു വിക്രമമേനോൻ എന്ന ശബ്ദം തന്നെ അവൾ കേട്ടിട്ടില്ല. അദ്ദേഹത്തിന്റെ പൂൎവ്വചരിത്രം അദ്ദേഹം പറഞ്ഞിട്ടുള്ളതല്ലാതെ മറ്റു യാതൊരുവിധത്തിലും അവൾക്കറിയുവാനിടവന്നിട്ടില്ല. അദ്ദേഹത്തിന്റെ സ്വഭാവം ശരിയായി അറിവാനുള്ള വഴി അവൾക്കു സ്വാധീനമായിരുന്നു എങ്കിലും അവൾ അതിനെ അറിയുവാനുദ്യമിച്ചില്ല. വിക്രമമേനോന്റെ സൌന്ദൎയ്യ,സാമൎത്ഥ്യ,സാരസ്യങ്ങൾ ജനങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹത്തെ സൽഗ്ഗുണപരിപൂൎണ്ണനാക്കിത്തീൎത്തു. ശ്രീധരൻനമ്പ്യാർ, വിക്രമമേനോനുണ്ടെന്നു പറഞ്ഞിട്ടുള്ള ധൂൎത്ത്, ദുൎവ്യയം എന്നുതൊട്ടുള്ള ദോഷങ്ങളെ ദൂരീകരിക്കുന്നതായ മഹാമനസ്കത, ഹൃദയനൈൎമ്മല്യം, അനുകമ്പ മുതലായ ഉത്തമഗുണങ്ങളുടെ കുറഞ്ഞൊരു ഭാഗമെങ്കിലും അദ്ദേഹത്തിലുണ്ടോ എന്നറിവാനായി ദേവി ഗാഢമായി ആലോചിച്ചു. വിശിഷ്ടഗുണങ്ങളുടെ ഒരംശമെങ്കിലും വിക്രമമേനോനുള്ളതായി അവളുടെ സ്മരണയ്ക്കു വിഷയീഭവിച്ചില്ല. വിക്രമമേനോന്റെ ആകൃതിക്കു മനോജ്ഞതയും, ജനവശ്യതയും ധാരാളമുണ്ട്. മൂരിയാട്ടുള്ള ജനങ്ങൾക്കദ്ദേഹത്തെ വളരെ ബോദ്ധ്യമായിരിക്കുന്നു. സ്നേഹിതന്മാരിൽ ചിലരുടെ ആദരവിന്നു പാത്രീഭൂതനാണ്. ഇതല്ലാതെ പ്രത്യേകിച്ചദ്ദേഹത്തിന്നു യാതൊരു യോഗ്യതയും ഇല്ല. ദേ

വി ആലോചന മതിയാക്കി പിന്നേയും കത്തെടുത്തു വായിച്ചു.

വിക്രമമേനോൻ കമലയോടു കാണിച്ച പ്രവൃത്തി വഞ്ചനയൊ, മൂർഖതമൊ, വിടതമൊ, നീചതമൊ, സ്വാമിദ്രോഹമൊ — എന്തായാലും വേണ്ടതില്ല, അതിനെ ദേവിക്കറിവാനിടവന്നപ്പോൾ ഉത്ഭവിച്ച നിർഭരമായ ക്രോധസന്താപങ്ങളാൽ അവളുടെ ഹൃദയം ഊക്കോടെ തുടിച്ചു. ഇതിന്റെ സൂക്ഷ്മം ഗ്രഹിക്കാനായി കുമാരൻനമ്പ്യാരോടു ചോദിക്കാമെന്നു വിചാരിച്ചു. ക്ഷണേന അതനാവശ്യമാണെന്നവൾക്കു ബോദ്ധ്യപ്പെട്ടു. തലേദിവസം യാതൊരു ദോഷവിചാരവും കൂടാതെ കമലയുടെ സ്വഭാവത്തെ കുമാരൻനമ്പ്യാരോടു ചോദിച്ചപ്പോൾ അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിരുന്ന സംഭ്രമംകൊണ്ടു കത്തിൽ പറഞ്ഞിരിക്കുന്ന സംഗതി വാസ്തവമായിരിക്കണമെന്നവൾ സംശയം കൂടാതെ ഉറച്ചു. ഇതിൽ അല്പമെങ്കിലും വ്യാജമുണ്ടെങ്കിൽ കുമാരൻനമ്പ്യാരോടു ചോദിക്കാൻ വിരോധമില്ലെന്നൊരിക്കലും ശ്രീധരൻനമ്പ്യാരെഴുതുകയില്ലെന്നു ദേവി നിശ്ചയിച്ചു. നാരായണമേനോന്റെ ജന്മനക്ഷത്രദിവസം മൂരിയാട്ടുവെച്ചു കണ്ടെന്നു വിക്രമമേനോൻ പറഞ്ഞിട്ടുള്ള സകല സംഗതികളും ദേവിക്കു നല്ലവണ്ണം ഓർമ്മയുണ്ടായിരുന്നു.

അപരിചിതനായ ഒരാൾ സ്വന്തം ഗോപ്യവൃത്തമാനങ്ങൾ യാതൊരറിവും പരിചയവുമില്ലാത്ത തന്നോടു പറഞ്ഞതനുചിതമാണെന്നിപ്പോൾ ദേവിക്കു തോന്നി. ഇതെന്തുകൊണ്ടു തനിക്കു മുമ്പു തോന്നിയില്ലെന്നു വിചാരിച്ചവൾ അത്ഭുതപ്പെട്ടു. വിക്രമമേനോന്റെ വാക്കുകൾക്കനുസരിച്ചതല്ല അദ്ദേഹത്തിന്റെ പ്രവൃത്തി എന്നവൾ മനസ്സിലാക്കി. ഭാസ്കരമേനോനും മററും നന്ദനോദ്യാനത്തിൽ താമസിച്ചിരുന്ന കാലത്തു വിക്രമമേനോൻ ശ്രീധരൻനമ്പ്യാരെ അസഭ്യവാക്കുകൾ പറഞ്ഞധിക്ഷേപിച്ചതു തന്നോടു മാത്രമായിരു

ന്നു. മാന്യനായ കൃഷ്ണൻനമ്പ്യാരോടുള്ള ബഹുമാനം ഹേതുവായി അദ്ദേഹത്തിന്റെ പുത്രന്റെ ദുശ്ശീലം വൎണ്ണിച്ചപമാനിക്കുന്നതിൽ തനിക്കുവ്യസനമുണ്ടെന്നു പറഞ്ഞിരുന്നുവെങ്കിലും, അവരെല്ലാം നന്ദനോദ്യാനത്തിൽനിന്നു പോയപ്പോൾ വിക്രമമേനോൻ എല്ലാവരും അറിയത്തക്കവണ്ണം ശ്രീധരൻനമ്പ്യാരെ നിന്ദിക്കുന്നതിൽ ബദ്ധകങ്കണനായിരുന്നു. കൃഷ്ണൻനമ്പ്യാരോടു വിക്രമമേനോനുള്ള ബഹുമതി ഈ നീചകൃത്യത്തിൽനിന്നദ്ദേഹത്തെ പിൻവലിപ്പിച്ചില്ല. ഈ വിഷയവും ദേവിയുടെ സ്മരണയിൽനിന്നു വിട്ടുപോയിട്ടില്ല. വിക്രമമേനോനിൽ അവൾക്കുണ്ടായിരുന്ന അഭിപ്രായത്തിന്നു വളരെ വ്യത്യാസം സംഭവിച്ചു. അദ്ദേഹം കനകത്തിനോടു കാണിച്ചിരുന്ന ആഭിമുഖ്യം അവളുടെ ധനം സ്വാധീനമാക്കുവാനുള്ള ദുരാശകൊണ്ടാണെന്നു ദേവി ഉറപ്പായി വിശ്വസിച്ചു. വളരെ ധനവതിയല്ലാത്ത കനകത്തിനെ വിവാഹം ചെയ്വാനാഗ്രഹിക്കുന്നതിനാൽ വിക്രമമേനോൻപണത്തിന്നു മോഹമില്ലാത്ത ഒരാളാണെന്നുവിചാരിപ്പാൻ തരമില്ലെന്നും, നേരെ മറിച്ചു മിതമായ ആ സംഖ്യ കൈവശപ്പെടുത്തുവാൻ കൂടി വമ്പിച്ച ദുര അദ്ദേഹത്തിന്നുണ്ടെന്നും, ദേവി ദൃഢപ്പെടുത്തി. തന്നോടുള്ളദ്ദേഹത്തിന്റെ നടവടിയും ന്യായമാണെന്നു പറവാൻ തരമില്ല. ഒന്നോ തന്റെ ശരിയായ തറവാട്ടവസ്ഥ വിക്രമമേനോൻ മനസ്സിലാക്കീട്ടില്ല. അല്ലെങ്കിൽ താനൊട്ടും തൻ്റേടമില്ലാതെ അദ്ദേഹത്തോടു പ്രദൎശിപ്പിച്ചിട്ടുള്ള സ്നേഹത്തെ, സ്നേഹനില നടിച്ച് വൎദ്ധിപ്പിച്ച് യുവതീജനവശ്യനെന്നഭിമാനത്താൽ കൃതാൎത്ഥനാവാൻ വേണ്ടിയാണദ്ദേഹം തന്നോടിങ്ങിനെ സ്നേഹാവസ്ഥ പ്രദൎശിപ്പിച്ചതെന്നു ദേവി മനസാ നിശ്ചയിച്ചു. വിക്രമമേനോനെ സംബന്ധിച്ച കാൎയ്യങ്ങളിൽ ശ്രീധരൻനമ്പ്യാർ നിൎദ്ദോഷിയാണെന്നു ഭാസ്കരമേനോൻ ജാനുവിനോടു പറഞ്ഞതും ഈ അവസരത്തിൽ ദേവിയുടെ സ്മരണയിലുണ്ടായിരുന്നു.

ശ്രീധരൻ നമ്പ്യാർ ബന്ധുക്കളാലും സ്നേഹിതന്മാരാലും മാനനീയനാണ്. അദ്ദേഹം കമലയെ വളരെ സ്നേഹിക്കുന്നുണ്ടെന്നു വിക്രമമേനോൻ പറഞ്ഞിട്ടുണ്ട്. സോദരിയുടെ വൎത്തമാനം പറയുമ്പോൾ അദ്ദേഹത്തിൻെറ വാക്കുകൾ ഹൃദയപൂൎവ്വമായ സ്നേഹാധിക്യത്താൽ ആൎദ്രമാകുന്നതു ദേവി പലപ്പോഴും കണ്ടിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിന്നുവേണ്ടപ്പെട്ടവരെ സ്നേഹിക്കുവാൻ വയ്യെന്നു തീൎച്ചപ്പെടുത്തുന്നതിൽ പിഴവുണ്ടാവില്ല. അദ്ദേഹം വിക്രമമേനോൻ പറയുംപോലെ ദുർവൃത്തനാണെങ്കിൽ ഇതുവരേയുംജനങ്ങളറിയാതിരിക്കുമോ? ഒരു മനുഷ്യന്നു സ്വാഭാവികധൎമ്മത്തെ അധികകാലം മറച്ചുവെക്കുവാൻ സാധിക്കില്ല. എന്നുമാത്രമല്ല ശുഭശീലനും, നിൎമ്മലചിത്തനും, ഉത്തമനുമായ ഭാസ്കരമേനോൻെറ ആപ്തമിത്രമായ ഒരാൾ ഈമാതിരി കുത്സിതസ്വഭാവിയാവാനൊരിക്കലും തരമില്ല. എന്തിനേറെ പറയുന്നു. ഈ മാതിരി ഓരോന്നാലോചിക്കുംതോറും ദേവി ശ്രീധരൻനമ്പ്യാരിൽ ഉറപ്പോടെ പ്രതിഷ്ഠിച്ചിരുന്ന ദോഷങ്ങൾ അദ്ദേഹത്തെ വിട്ടു വിക്രമമേനോനിൽ ചെന്നുചേരുന്നു. ന്യായസ്ഥയായ അവൾക്ക് വിക്രമമേനോനിൽ വെറുപ്പും, നിന്ദയും, തോന്നിയതിൽ അത്ഭുതപ്പെടുവാനില്ല.

"കഷ്ടമേകഷ്ടം! ഞാനെന്തൊരു അന്ധയാണ്! ശ്രീധരൻ നമ്പ്യാരുടേയും വിക്രമമേനോൻെറയും പ്രകൃതി ഉള്ളവണ്ണം ധരിപ്പാനെനിക്കു സാധിച്ചില്ലല്ലോ. എൻെറ നടവടികൾ ഏററവും നിന്ദനീയംതന്നെ. സന്ദേഹമില്ല. ഗുണദോഷവിചിന്തനത്തിൽ എനിക്കതിസാമൎത്ഥ്യമുണ്ടെന്നുള്ള ദുരഭിമാനത്താൽ ഞാൻ വളരെ ഗൎവ്വിഷ്ഠയായിരുന്നു. ദോഷങ്ങളെ ഗ്രഹിക്കാത്തതും, ഔദാൎയ്യം, അനുകമ്പ, മുതലായ ഗുണങ്ങളാൽ അലംകൃതവും, സകലരിലും സോദരബുദ്ധ്യാവൎത്തിക്കുന്നതുമായ ജ്യേഷ്ഠത്തിയുടെ മാഹനീയശീലത്തെ സദാപരിഹസിച്ച് ഞാനെൻെറ ദുരഭിമാനത്തെ തൃപ്തിപ്പെടുത്തി. ഈ യു

വാക്കന്മാരുടെ സ്വഭാവനിൎണ്ണയത്തിൽ എനിക്കുപററിയ അബദ്ധം അറിയുവാനിടവന്നതിനാൽ എന്റെ ലഘുത്വത്തെ ഞാൻ നല്ലവണ്ണമറിയുന്നു. ഇപ്പോളെനിക്കു വലിയ പോരായ്മതോന്നുന്നു. വിക്രമമേനോനോടെനിക്കു പ്രണയമുണ്ടായിരുന്നു എങ്കിൽ എന്നെപ്പോലെ നിൎഭാഗ്യവതിയായി ലോകത്തിലാരും ഉണ്ടാവില്ല. എന്നാൽ പ്രണയമുണ്ടായിട്ടില്ല. എനിക്കു വിഡ്ഢിത്വവും, ഗൎവ്വും, സുലഭമായുണ്ടായിരുന്നു. ഒരാളെന്നോടു നടിച്ചിരുന്ന പ്രത്യേകശ്രദ്ധയിൽ സന്തോഷിച്ചും, മററെയാളുടെ അനാദരവിൽ കുറഞ്ഞൊന്നു കോപിച്ചുമായിരുന്നു എനിക്കിവരോടുള്ള പരിചയത്തിന്റെ ആരംഭം. ന്യായാന്യായവിചാരംകൂടാതെ എന്റെ അഭിപ്രായങ്ങളെ സ്ഥിരപ്പെടുത്തുവാനുള്ള വഴികളെ ആരാഞ്ഞറിഞ്ഞ് ഞാൻ സമയംകഴിച്ചു. എന്തൊരക്രമം! ഇവരുടെ സ്വഭാവനിൎണ്ണയത്തിൽ നിണക്കു ഒരുസമയം അബദ്ധം പററിപ്പോകുമെന്നു അച്ഛൻപറഞ്ഞതിനെയും ഞാൻ വിലവെച്ചില്ല. ഈനിമിഷംവരെ ഞാനെന്നെ തന്നെ അറിഞ്ഞിട്ടില്ല.'' ഇങ്ങിനെ ദേവി തന്നേയും, ജാനുവിനേയും, ഭാസ്കരമേനോനെയുംകുറിച്ച് പലതും ആലോചിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീധരൻ നമ്പ്യാർ ജാനുവിന്റെ കാൎയ്യത്തിൽപറഞ്ഞ മറുപടി മതിയായതാണോ എന്നുസംശയിച്ച് കത്തൊരിക്കൽകൂടി വായിച്ചു.

അവളുടെ സകല സംശയങ്ങളും നിവൃത്തിയായി. അദ്ദേഹംപറഞ്ഞ ഒരു കാൎയ്യം വിശ്വാസയോഗ്യമാണെങ്കിൽ മറേറതും അങ്ങിനെയല്ലാതെ വരുമൊ? ജാനുവിന്നു ഭാസ്കരമേനോനിലുള്ളഅതിപ്രേമം താനറിഞ്ഞിട്ടില്ലെന്നു ശ്രീധരൻ നമ്പ്യാർ ഖണ്ഡിതമായിപ്പറയുന്നു. ഇതേസംഗതിതന്നെ മുമ്പൊരിക്കൽ അമ്മാളുക്കുട്ടി പറഞ്ഞതിനെ ദേവിക്കോൎമ്മിക്കാതിരിപ്പാൻ നിവൃത്തിയുണ്ടായില്ല. ജാനുവിന്റെ സ്വഭാവത്തേയും നടവടികളേയും കുറിച്ച് ശ്രീധരൻനമ്പ്യാർ ചെയ്തിട്ടുള്ള വൎണ്ണനയും തിരസ്കരണീയമല്ല. ജാനുവിന്റെ വികാ

രങ്ങൾ അന്തർഭാഗത്തിൽ വളരെ ശക്തിമത്തുകളാണെങ്കിലും പുറത്തേക്കല്പമെ പ്രകാശിക്കയുള്ളു.

മാതൃ, പിതൃ, കനീയസികളുടെ സമ്പ്രദായത്തെ വിസ്തരിച്ചെഴുതിയതു വായിച്ചപ്പോൾ ദേവിക്കുണ്ടായ ലജ്ജയും വ്യസനവും പറഞ്ഞറിയിപ്പാൻ പ്രയാസം. നന്ദനോദ്യാനത്തിൽ വെച്ച് "ഹരികഥ" നടത്തിയ ദിവസം ശ്രീധരൻനമ്പ്യാക്കു ഓരോരുത്തരിലുമുണ്ടായിട്ടുള്ള അഭിപ്രായങ്ങൾതന്നെ ദേവിക്കും കുറേക്കൂടി ശക്തിയോടെ തോന്നിയിരുന്നു. അവളേയും ജ്യേഷ്ഠത്തിയേയും ആ ശകാരത്തിൽനിന്നൊഴിവാക്കി സൌശീല്യാദികൾതികഞ്ഞ മാന്യയുവതികളെന്നു ശ്ലാഘിച്ചതിൽ ദേവിക്കു സന്തോഷവും ആശ്വാസവുമുണ്ടായി. പക്ഷെ അതിന്നു മാതൃ, പിതൃ, സഹോദരിമാരുടെ ലജ്ജാവഹമായ പ്രവൃത്തിമൂലം ലഭിച്ച ശകാരത്താലുണ്ടായ മനോവേദനയേയും, മാനഹാനിയേയും, നശിപ്പിക്കാൻ കഴിഞ്ഞില്ല. ജാനുവിൻെറ നിർഭാഗ്യത്തിന്നു കാരണം സ്വജനങ്ങളാണെന്നറിഞ്ഞതിനാൽ അവൾക്കുണ്ടായ ദൈന്യം അനുഭവൈകവേദ്യമാണെന്നേ പറയാവൂ.

ദേവി ഇങ്ങിനെ പലതരത്തിലുള്ള ആലോചനക്കധീനയായി തോട്ടത്തിൽ രണ്ടുമണിക്കൂറോളം ലാത്തിക്കൊണ്ടിരുന്നു. അവൾ കഴിയുന്നവണ്ണം ഉത്സാഹവും, സന്തോഷവും, പ്രദർശിപ്പിച്ച് വീട്ടിലേക്കു മടങ്ങി. പുത്തൻവീട്ടിലെത്തിയ ഉടനെ ശ്രീധരൻ നമ്പ്യാരും, അനുജനും, യാത്രപറവാനായി വന്നിരുന്നു എന്നും, ശ്രീധരൻനമ്പ്യാർ വേഗത്തിൽ മടങ്ങി എന്നും, കുമാരൻനമ്പ്യാർ ഒരു മണിക്കൂറിലധികം അവളെ കാണ്മാനായി കാത്തിരുന്നുവെന്നും, അമ്മാളുക്കുട്ടി പറഞ്ഞു. കുമാരൻ നമ്പ്യാരെ കാണ്മാൻ തരമാവാതെ വന്നതിൽ തനിക്കു വളരെ വ്യസനമുണ്ടെന്നു ദേവി പറഞ്ഞുഎങ്കിലും അപ്പോളദ്ദേഹത്തെ കാണ്മാനവൾ താല്പര്യപ്പെട്ടിരുന്നില്ല. അ

വളുടെ വിചാരം മുഴുവനും ശ്രീധരൻ നമ്പ്യാരിലും അദ്ദേഹത്തിൻെറ കത്തിലുമായിരുന്നു.

## മുപ്പത്താറാമദ്ധ്യായം.

പിറെറദിവസം പ്രഭാതത്തിൽ ശ്രീധരൻ നമ്പ്യാരും കുമാരൻനമ്പ്യാരും ചെറുശ്ശേരി വിട്ടു. അവരെ വഴിക്കൂട്ടി അയക്കുവാനായി കേളുമേനോൻ ചെറുശ്ശേരി പാത കടക്കുന്നതുവരെ പിന്നാലെ പോയി. ചെറുശ്ശേരി വിട്ടതുകൊണ്ട് അവൎക്കല്പം സുഖക്കേടുണ്ടെന്നല്ലാതെ മനസ്സിന്നോ, ശരീരത്തിന്നോ, കാൎയ്യമായ യാതൊരു സുഖക്കേടുമില്ലെന്നുള്ള സന്തോഷവൎത്തമാനത്തോടെ അദ്ദേഹം പുത്തൻവീട്ടിലേക്കു മടങ്ങി. ഉടനേതന്നെ സ്വബന്ധുക്കളുടെ വേൎപ്പാടുനിമിത്തം ദുഃഖിതകളായിരിക്കുന്ന കാൎത്ത്യായനി വലിയമ്മയേയും പുത്രിയേയും ആശ്വസിപ്പിക്കുവാനായി കേളുമേനോൻ അങ്ങോട്ടു പുറപ്പെട്ടു. വലിയമ്മ അന്നു തീരെ നിരുത്സാഹിയായി തീൎന്നിരിക്കയാൽ അമ്മാളുക്കുട്ടി മുതലായവരോട് ഉച്ചക്കിലെ ഊണിന്നുമുമ്പായിതന്നെ അങ്ങോട്ടു ചെല്ലുവാനാജ്ഞാപിച്ചിരിക്കുന്നു എന്നുള്ള സന്ദേശവും കൊണ്ട് അദ്ദേഹം കൊട്ടാരത്തിൽനിന്നും സന്തുഷ്ടിയോടെമടങ്ങി.

ദേവി സമ്മതിച്ചിരുന്നു എങ്കിൽ അവളെ ഇപ്പോൾ വലിയമ്മ അവരുടെ ജ്യേഷ്ഠപുത്രൻെറ വധുവായി കാണുമായിരുന്നു എന്നുള്ള സ്മരണയോടുകൂടിയല്ലാതെ അവൾക്കു വലിയമ്മയെ കാണ്മാൻ കഴിഞ്ഞില്ല. അങ്ങിനെ സംഭവിച്ചാൽ വലിയമ്മക്കുണ്ടാകാവുന്ന കോപം എത്രമാത്രമായിരിക്കുമെന്നവൾ സസ്മിതം ചിന്തിച്ചു. അവരെന്തുപറയും? എങ്ങിനെ പെരുമാറും? എന്നുള്ളചോദ്യങ്ങളാൽ ദേവി തന്നെത്താൻ രസിച്ചു. ഇവരെ കണ്ടഉടനെ 'ഇന്ന് അശേഷം ഉത്സാഹമില്ല. എനിക്കു വല്ലാത്ത സുഖക്കേടുതോന്നുന്നു. സ്നേഹമുള്ള ജ്യ

നങ്ങളുടെ വേർവാടിൽ എന്നെപ്പോലെ ദുഃഖിക്കുന്നവരുണ്ടാ വില്ല. വിശേഷിച്ച് ഇവരോടെനിക്കു കുറെ പ്രത്യേകസ്നേഹമു ണ്ട്. അവക്കെന്നോടും അങ്ങിനെതന്നെയാണ്. കുമാരൻ ഒ രു വിധം ധൈര്യമവലംബിച്ചിരുന്നു. അപ്പക്ക് അതികഠി നമായ ദുഃഖമുള്ളപോലെ തോന്നി. കഴിഞ്ഞ കൊല്ലത്തെ ക്കാളുണ്ടെന്നു തോന്നുന്നു. അപ്പക്ക് ചെറുശ്ശേരിയെക്കുറിച്ചു ള്ള പ്രീതി ദിവസേന വദ്ധിക്കുന്നു" എന്നും മററും പറഞ്ഞു. ഇങ്ങിനെ പറഞ്ഞപ്പോൾ കേളുമേനോൻെറ വക ഒരു സ്തുതി യും ചില സൂചനകളുമെല്ലാമുണ്ടായി. വലിയമ്മയും മകളും അവയെ മന്ദഹാസത്തോടെ കേട്ടു. ഭക്ഷണം കഴിഞ്ഞ ശേഷം—

കാ-അ— ഇന്നെന്താണ് ദേവിക്കു നല്ല ഉന്മേഷമില്ലാത്തത്? ഇത്ര വേഗം വീട്ടിലേക്കു പോകുവാൻ ഇഷ്ടമില്ലാത്തതുകൊ ണ്ടായിരിക്കാം. എന്നാൽ ദേവി, നീ ഇവിടെ കുറച്ചു ദി വസംകൂടി താമസിക്കുവാനാഗ്രഹിക്കുന്ന വിവരം അമ്മ ക്കെഴുതു. ഇവിടെ താമസിക്കുന്നതിൽ അമ്മാളുക്കുട്ടിക്കു വ ളരെ സന്തോഷമുണ്ടാകുമെന്നെനിക്കറിയാം.

ദേ— ഈ ക്ഷണനത്തിന്നു വളരെ വന്ദനം. ഇതു സ്വീകരി പ്പാൻ നിവൃത്തിയില്ലാതെ വന്നതിൽ വ്യസനിക്കുന്നു. വ രുന്ന ശനിയാഴ്ച തന്നെ നിശ്ചയമായും പോകണം.

കാ-അ—അപ്പോഴേക്കു നിങ്ങളിവിടെ വന്നിട്ട് ഒന്നരമാസമ ല്ലെ ആവുള്ളു? രണ്ടുമാസം താമസിക്കുമെന്നു ഞാൻ വി ചാരിച്ചിരുന്നു. നിങ്ങൾ വരുന്നതിന്നു മുമ്പു തന്നെ ഞാ നങ്ങിനെ അമ്മാളുക്കുട്ടിയോടു പറഞ്ഞിട്ടുണ്ട്. ഇത്ര വേ ഗത്തിൽ പോകുവാൻ മാത്രം എന്തൊരടിയന്തരമാണു ള്ളത്? കുറച്ചു കൂടി താമസിക്കു. അമ്മക്കു വിരോധമു ണ്ടാവില്ല.

ദേ—അച്ഛൻ സമ്മതിക്കില്ല. വേഗത്തിൽ മടങ്ങണമെന്ന ദ്ദേഹം എഴുതീട്ടുണ്ട്. ഇനി താമസിക്കാൻ പാടില്ല.

കാ-അ—ഓഹോ, അമ്മക്ക വിരോധമില്ലെങ്കിൽ പിന്നെ അച്ഛനാണൊ? പുത്രിമാരെക്കൊണ്ട് അച്ഛന്ന് അത്ര വലിയ ആവശ്യമൊന്നുമുണ്ടാവില്ല. രണ്ടാഴ്ച കഴിഞ്ഞാൽ ഞാൻ മദിരാശിക്ക പോകുന്നുണ്ട്. അവിടെ കുറച്ച ദിവസം താമസിക്കും. നിങ്ങൾ ഇവിടെ താമസിക്കുന്ന പക്ഷം നിങ്ങളേയും കൊണ്ടുപോകാം.

ദേ—നിങ്ങൾ വളരെ ദയാലുവാകുന്നു. സംശയമില്ല. ഈ ക്ഷണനത്തിന്നു വന്ദനം. ഞങ്ങളുടെ നിശ്ചയത്തെ ഇളക്കുവാൻ തരമില്ല.

കാ-അ—അമ്മാളുക്കുട്ടീ, ഇവരുടെ ഒരുമിച്ച് ഒരു വാല്യക്കാരനെ അയക്കണം. കൂടാതെ കഴിയില്ല. ചെറുപ്പക്കാരായ രണ്ടു സ്ത്രീകൾ തനിയെ പോകുന്നതെനിക്കു വിചാരിക്കാൻ വയ്യ. അതു വല്ലാത്ത മയ്യാദകേടാണ്. ഈ മാതിരി യാത്രകളിൽ എനിക്കുള്ള അനിഷ്ടം ചെറുതൊന്നുമല്ല. യുവതിമാരെപ്പോഴും അവരുടെ യോഗ്യതാനുസരണം ഉചിതമായ രക്ഷാമാൎഗ്ഗത്തോടുകൂടിത്തന്നെയേ യാത്ര ചെയ്യാവൂ. കമലയും കൊച്ചുലക്ഷ്മിയും അകമ്പടി കൂടാതെ ഒരിക്കലും പുറത്തിറങ്ങാറില്ല. ഈ വക സംഗതികളിൽ ഞാനേററവും ശ്രദ്ധിക്കാറുണ്ട്. അമ്മാളുക്കുട്ടീ, ഇവരുടെ കൂടെ രാവുണ്ണിയെ അയക്കണം. എനിക്കിപ്പോളിതു പറയുവാൻ തോന്നിയതിൽ സന്തോഷിക്കുന്നു. എന്തെന്നാൽ ഇവരെ തന്നെ അയച്ചാലെനിക്ക വലിയ പോരായ്മയാണ്.

ദേ—ഇവിടെ നിന്നാരും വേണ്ട. അമ്മാമൻ ഗൃഹസ്ഥനെ അയക്കും.

കാ-അ—ഒ, നിൻെറ അമ്മാമനൊ? അയാൾക്ക ഗൃഹസ്ഥനും മററുമുണ്ടൊ? ഈ വക കാൎയ്യങ്ങളിൽ ശ്രദ്ധിക്കുവാൻ നിനക്ക ചിലരെങ്കിലുമുണ്ടല്ലൊ.

യാത്രയെ സംബന്ധിച്ചു വലിയമ്മ പലെ ചോദ്യങ്ങളും ചോദിച്ചു. അവയെല്ലാം മറുപടി പറയേണ്ടി വന്നതിൽ ദേവി അത്യന്തം സന്തോഷിച്ചു. കാരണം അവളുടെ ഹൃദയം പല വിധ ചിന്താഭരങ്ങളാൽ നിറഞ്ഞിരുന്നതുകൊണ്ടു ഒന്നിലും ശ്രദ്ധിക്കാതിരിക്കുന്നതായാൽ താനെവിടെയാണെന്നുള്ള കഥ തന്നെ അവൾ മറക്കുമായിരുന്നു.

മനോരാജ്യം ഏകാന്താവസ്ഥയിലേക്കു നിൎത്തിവെക്കണം. ദേവി ഏകയായിരിക്കുമ്പോഴെല്ലാം ആശ്വാസത്തിന്നായിട്ട് മനോരാജ്യത്തിലേൎപ്പെട്ടിരുന്നു. അവൾ ദിവസേന കുറച്ചുനേരമെങ്കിലും ഏകാകിനിയായി നടക്കാതിരിക്കാറില്ല. തദവസരങ്ങളിൽ അസുഖകരങ്ങളായ ജ്ഞാപകങ്ങൾ അവളുടെ മനോരാജ്യത്തിൽ പ്രഥമസ്ഥാനം വഹിച്ചിരുന്നു. ശ്രീധരൻ നമ്പ്യാരുടെ എഴുത്ത് അവൾക്കു ഏകദേശം ഹൃദയസ്ഥമായിരുന്നു. ഓരോ വരികളും പ്രത്യേകം പഠിച്ചു. ആ ലേഖനകൎത്താവിനെക്കുറിച്ചുള്ള അവളുടെ വിചാരങ്ങൾ ഓരോ സമയങ്ങളിൽ ഓരോ വിധമായിരുന്നു. അദ്ദേഹത്തെ അവൾ നിന്ദിച്ചതും ശകാരിച്ചതും എത്ര അന്യായമായിപ്പോയി എന്നാലോചിക്കുമ്പോൾ അവൾ തന്നെത്താൻ നിന്ദിക്കയും ഭത്സിക്കയും ചെയ്യും. അദ്ദേഹത്തിൻെറ ഉത്സാഭംഗത്തിൽ അവൾക്കു സഹതാപം തോന്നി. അദ്ദേഹത്തിൻെറ സ്നേഹം അവളുടെ ഹൃദയത്തിൽ കൃതജ്ഞതയേയും, സ്വഭാവം ബഹുമാനത്തേയും ജനിപ്പിച്ചു. അദ്ദേഹത്തിൻെറ അപേക്ഷയെ ഉപേക്ഷിച്ചതിൽ അവൾ ഒരു നിമിഷമെങ്കിലും പശ്ചാത്തപിക്കയൊ, അദ്ദേഹത്തെ വീണ്ടും കാണണമെന്നല്പമെങ്കിലും ആഗ്രഹിക്കയൊ, ചെയ്തില്ലതാനും. തൻെറ പൂൎവ്വിക നടവടികളെക്കുറിച്ച് അവൾക്കു ദൃഢമായ വ്യസനവും മുഷിച്ചിലുമുണ്ടായി. വീട്ടുകാരുടെ അനൎത്ഥകരങ്ങളായ സ്വഭാവന്യൂനതകൾ അവൾക്കു് നിൎഭരമായ വ്യഥയുണ്ടാക്കി. അവയെ അവൾ മാറാവ്യാധികളായി വിചാ

രിച്ചു. ഭദ്രയുടേയും ലീലയുടേയും കുത്സനീയമായ സ്വഭാവചാപല്യങ്ങളെക്കുറിച്ച് അച്ഛൻ കളിയാക്കുകയല്ലാതെ അവയെ അമർച്ച ചെയ്യാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. അവരുടെ ചാപല്യങ്ങളെ അടക്കുവാനായി ജാനുവും ദേവിയുംകൂടി പലപ്പോഴും യത്നിച്ചിട്ടുണ്ട്. മാതാവു തന്നെ കുട്ടികൾക്കനുകൂലമായിരിക്കുമ്പോൾ അവരുടെ സ്വഭാവപരിഷ്ക്കരണത്തിനു വേണ്ടിയുള്ള ജാനുവിന്റേയും ദേവിയുടേയും യത്നം എങ്ങിനെ സഫലമാകും? ഭീരുവും മുൻകോപിഷ്ഠയും ലീലയാൽ ഭരിക്കപ്പെടുന്നവളുമായ ഭദ്ര ജ്യേഷ്ഠത്തിമാരുടെ സദുപദേശങ്ങളെ പലപ്പോഴും ധിക്കരിക്കയും നിന്ദിക്കയും ചെയ്തിട്ടുണ്ട്. താന്തോന്നിയും വിചാരശൂന്യയുമായ ലീല അവരുടെ ഉപദേശങ്ങളെ കേൾക്കുക തന്നെ ചെയ്തിരുന്നില്ല. ഈ കുട്ടികൾ രണ്ടാളും അജ്ഞകളും, ഉദാസീനകളും, അഹംഭാവികളുമാണ്.

ജാനുവിന്റെ കാര്യത്തെ സംബന്ധിച്ചുള്ള ഉൽക്കണ്ഠയായിരുന്നു ദേവിയുടെ മറ്റൊരു വ്യസനഹേതു. ഭാസ്ക്കരമേനോനെക്കുറിച്ചു ദേവിക്കാദ്യം ഉണ്ടായിരുന്നതായ ബഹുമാനാദരങ്ങൾ ശ്രീധരൻ നമ്പ്യാരുടെ വിവരണങ്ങളാൽ വീണ്ടും പൂർവ്വസ്ഥിതി പ്രാപിച്ചപ്പോൾ ജാനുവിനു സംബന്ധിച്ച നഷ്ടം എത്ര മാത്രം വലുതായിട്ടുള്ളതാണെന്ന് ദേവി അറിഞ്ഞു. ഭാസ്ക്കരമേനോന്റെ അനുരാഗം നിഷ്കപടവും പ്രവൃത്തികൾ നിർദ്ദോഷങ്ങളും ആണെന്നു തെളിയിച്ചിരുന്നു. തന്റെ സ്നേഹിതനിൽ അദ്ദേഹത്തിനുള്ള പൂർണ്ണവിശ്വാസമൊഴികെ യാതൊരു കുറ്റവും ഭാസ്ക്കരമേനോനിൽ ആരോപിക്കുവാനില്ല. സർവ്വഗുണഭൂയിഷ്ഠവും, എല്ലാംകൊണ്ടും അഭിലഷണീയവുമായ ഒരു വിവാഹം സ്വജനങ്ങളുടെ ചാപല്യങ്ങളാലും മര്യാദാവിഹീനതയാലും മുടങ്ങിപ്പോയതോർത്ത് ദേവി മനഃപൂർവ്വം പരിതപിച്ചു. ഈ ചിന്തകളോടുകൂടി വിക്രമമേനോന്റെ കുടിലതയെ സ്മരിച്ചപ്പോൾ ദേവിയുടെ വദന

ത്തിൽ കളിയാടികൊണ്ടിരുന്ന പ്രസന്നഭാവം തീരെ മങ്ങി. ഒരു കാലത്തും കുണ്ഠിതമറിഞ്ഞിട്ടില്ലാത്തതായ അവളുടെ മാനസോല്ലാസം മന്ദീഭവിച്ചു.

ശ്രീധരൻനമ്പ്യാരുടെ ഗമനാനന്തരം വലിയമ്മ ദേവിയേയും മററും ആദ്യത്തെപ്പോലെ തന്നെ ക്ഷണിച്ചു സല്ക്കരിച്ചിരുന്നു. ചെറുശ്ശേരി വിടുന്നതിന്നു തലേദിവസം പകൽ മുഴുവനും ഇവർ കൊട്ടാരത്തിൽ തന്നെ ആയിരുന്നു. വലിയമ്മ ഇവരുടെ യാത്രാവിവരങ്ങളെ സൂക്ഷ്മമായി വീണ്ടും വീണ്ടും ചോദിക്കുകയും, സാമാനങ്ങൾ കെട്ടി ശരിപ്പെടുത്തേണ്ടതും പെട്ടിയിൽ വസ്ത്രങ്ങൾ അടുക്കി വെക്കേണ്ടതും മററും ഇന്നിന്നപ്രകാരത്തിലായിരിക്കണമെന്നുപദേശിക്കുകയും ചെയ്തു. ഇതെല്ലാം കേട്ടപ്പോൾ പുത്തൻ വീട്ടിൽ പോയ ഉടനെ തന്നെ രാവിലെ നേരെയാക്കി വെച്ചിട്ടുള്ള സാമാനങ്ങൾ ആദ്യം അഴിച്ചു കെട്ടേണമെന്നു സത്യഭാമ വിചാരിച്ചു. ഇവർ യാത്രപറഞ്ഞപ്പോൾ വരുന്ന കൊല്ലവും ചെറുശ്ശേരിക്കു വരണമെന്നു വലിയമ്മ ക്ഷണിക്കയും വഴിക്ക് ബുദ്ധിമുട്ടൊന്നും കൂടാതെ വീട്ടിലെത്തുവാനായി ആശിസ്സു നൽകുകയും ചെയ്തു. കൊച്ചുലക്ഷ്മി മന്ദഹാസത്തിൻെറ ഒരു ലാഞ്ഛനയോടെ തലയല്പം കുനിച്ച് ഇവരുടെ യാത്രക്കനുമതി നൽകി.

## മുപ്പത്തേഴാമദ്ധ്യായം.

ശനിയാഴ്ച രാവിലെ ദേവിയും കേളുമേനോനും അമ്മാളുക്കുട്ടി വരുന്നതിന്നു രണ്ടുനിമിഷം മുമ്പു ചായകഴിക്കുവാനിരുന്നു. കേളുമേനോൻ അത്യന്താപേക്ഷിതമെന്നു കരുതിയിരുന്നതായ ലൌകികാനുഷ്ഠാനത്തിന്ന് ഈ സമയത്തെ സൌകൎയ്യപ്പെടുത്തി.

കെ. മേ:—ദേവീ, നിങ്ങൾ ഞങ്ങളുടെ ഗൃഹത്തിൽ സദയം വന്നതിന്നു അമ്മാളുക്കുട്ടി വന്ദനം പറഞ്ഞിട്ടുണ്ടോ എന്തോ! നിങ്ങളിവിടം വിടുന്നതിന്നു മുമ്പായി അവൾ വന്ദനംപറയാതിരിക്കില്ല. നിങ്ങളുടെ സഹവാസം ആനന്ദപ്രദമായിരുന്നു. ഞങ്ങളുടെ ഭവനം വളരെ മോശമായിട്ടുള്ളതാണ്. യാതൊരാളേയും ആകർഷിക്കത്തക്ക യോഗ്യത ഇതിന്നില്ല. ജനബാഹുലമല്ലാത്ത ഈ സ്ഥലവും, അലങ്കാരരഹിതമായ ഞങ്ങളുടെ ഭവനവും, ആഡംബരരഹിതമായ ജീവിതവും, അപരിഷ്കൃതമായ നടവടിയും, നിങ്ങളെപ്പോലെയുള്ള യുവതിമാർക്ക രസാവഹമായിരിക്കില്ല. എന്നുമാത്രമല്ല ചേരൂശ്ശേരിപ്രദേശത്തെക്കുറിച്ചുകൂടി വെറുപ്പുതോന്നിപ്പോകും. നിങ്ങളുടെ ദാക്ഷിണ്യത്തെക്കുറിച്ചു ഞങ്ങൾ കൃതഘ്നന്മാരാണെന്നു വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു. നിങ്ങൾക്ക വെറുപ്പോ മുഷിച്ചിലൊ തോന്നാതിരിക്കാൻ ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്.

ദേവി അതിജാഗ്രതയോടെ അവളുടെ സന്തോഷപൂർവ്വമായ വന്ദനങ്ങളറിയിച്ചു. അവൾ ചെറൂശ്ശേരിയിൽ ഒട്ടേറെ സുഖമനുഭവിച്ചതായി സുവ്യക്തം പറഞ്ഞു. ആറാഴ്ചയോളം അവൾ അത്യാനന്ദത്തോടെ ചെറൂശ്ശേരിയിൽ കഴിച്ചിരിക്കുന്നു. അമ്മാളുക്കുട്ടിയുടെ ഒരുമിച്ചിത്രദിവസം സുഖമായി താമസിച്ചതിന്നും അമ്മാളുക്കുട്ടിയുടെ ദയാപുരസ്സരമായ സല്ക്കാരങ്ങൾക്കും അവൾ വളരെ കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. ഇതുകേട്ടപ്പോൾകേളുമേനോൻ തൃപ്തനായി. വീണ്ടും—

കെ. മേ:—(സസ്മിതം ഗൌരവത്തോടെ) ഇവിടെതാമസിച്ചിരുന്നപ്പോൾ നിങ്ങൾക്ക മുഷിച്ചിലൊ സുഖക്കേടൊ ഉണ്ടായിട്ടില്ലെന്നറിഞ്ഞതിൽ എനിക്കുള്ള സന്തോഷം ഇത്രയെന്നു പറഞ്ഞാലാവില്ല. നിങ്ങൾക്ക സന്തോഷമുണ്ടാക്കുവാനായി ഞങ്ങൾ യഥാശക്തി വേണ്ടതുചെയ്യാനമാന്തിച്ചിട്ടില്ല. നിങ്ങളെ ഒരു പ്രഭുകുഡുംബവുമായി പരിചയ

പ്പെടുത്തുവാൻ ഭാഗ്യാതിരേകത്താൽഞങ്ങൾക്കസാധിച്ചു. ചെറുശ്ശേരി കൊട്ടാരവുമായുള്ള എൻെറ സ്നേഹപരിചയത്താൽ ഇടക്കിടെ അവരുടെ സല്ക്കാരങ്ങൾ ലഭിക്കുവാൻ മാൎഗ്ഗമുണ്ടായി. ചെറുശ്ശേരി യാത്ര നിങ്ങൾക്കു തീരെ സുഖവിഹീനമായി തീൎന്നിട്ടില്ലെന്നു പറയാമെന്നു വിശ്വസിക്കുന്നു. വലിയമ്മയുമായിട്ടുള്ള ഞങ്ങളുടെ നില സാമാന്യം ആൎക്കും ദുർല്ലഭമായിട്ടുള്ള ഒരു അസാധാരണാനുഗ്രഹമാണ്. അവിടുത്തെ ഞങ്ങളുടെ സ്ഥിതി നിങ്ങൾകണ്ടില്ലെ? കൊട്ടാരത്തിലേക്കു ഞങ്ങളെ ഇടക്കിടെ ക്ഷണിക്കാറുണ്ടെന്നു നിങ്ങൾക്കറിയാമല്ലൊ. എൻെറ സ്ഥിതി വളരെ മോശമായിട്ടുള്ളതാണെങ്കിലും വലിയമ്മയുമായുള്ള മൈത്രി നിമിത്തം എൻെറ വീട്ടിൽ താമസിക്കുന്നവർ ഒരിക്കലും അന്യരുടെ അനാദരത്തിന്നു പാത്രീഭവിക്കില്ലെന്നു സമ്മതിക്കാതെ കഴിയില്ല.

കേളുമേനോൻെറ വിചാരങ്ങൾ അഹമഹമികയാ തള്ളിക്കയറി വന്നതിനാൽ അവയെ പുറത്തുപറയുന്നതിന്നദ്ദേഹത്തിന്നു വാക്കുകൾ കിട്ടാതെയായി. അതുകൊണ്ടദ്ദേഹം എഴനീററ് മുറിയിൽ അങ്ങുമിങ്ങും നടന്നു. അപ്പോൾ ദേവി നിഷ്കപടമായ മൎയ്യാദയോടെ കൃതജ്ഞതാസൂചകമായി ചിലതു പറഞ്ഞു.

കേ. മേ:—പ്രിയമേറിയ ദേവീ, മുല്ലവളപ്പിൽ പോയാൽ ഞങ്ങളെക്കുറിച്ച് പ്രതികൂലമായി യാതൊന്നും പറയാനുണ്ടാവില്ലെന്നു വിശ്വസിക്കുന്നു. ഇല്ല. ഒന്നുമുണ്ടാവില്ല. വലിയമ്മക്കു അമ്മാളുക്കുട്ടിയുടെ പേരിലുള്ള വാത്സല്യം ദേവിക്കുതന്നെ അനുഭവമാണല്ലൊ. ആകപ്പാടെ എൻെറ വിശ്വാസം നിങ്ങളുടെ സഖി ഒരു നിൎഭാഗ്യ—പോട്ടെ. അതൊന്നും പറയേണ്ട. ദേവിക്കും ഇതുപോലെതന്നെ സുഖസമ്പൂൎണ്ണമായ ഒരു വിവാഹം കാലതാമസംകൂടാതെ നടക്കുവാൻ ഞാൻ ഹൃദയപൂൎവ്വം ജഗദീശ്വരനെ പ്രാൎത്ഥിക്കുന്നു

എന്നുമാത്രമെ ഇപ്പോൾ പറയുന്നുള്ളു. ഞാനും അമ്മാളുക്കുട്ടിയും ഒരിക്കലും ഒരു കാൎയ്യത്തിലും ഭിന്നിക്കാറില്ല. ഞങ്ങളുടെ ആലോചനകളിലും, വിചാരങ്ങളിലും, അഭിപ്രായങ്ങളിലുമെല്ലാം ഐക്യം കാണാറുണ്ട്. ഞങ്ങളുടെ ദാമ്പത്യസുഖം അകൃതസുകൃതന്മാൎക്ക് അലഭ്യമായിട്ടുള്ളതാണ്. ഞാനും അമ്മാളുക്കുട്ടിയും ഭാൎയ്യാഭൎത്താക്കന്മാരായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തന്നെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, സംശയമില്ല.

ഇങ്ങിനെയുള്ള ദാമ്പത്യം പരമാനന്ദകരമായിട്ടുള്ളതാണെന്നു നിസ്സംശയം പറയാമെന്നും കേളുമേനോൻെറ ഗാൎഹസ്ഥ്യസുഖത്തിൽ താനേററവും സന്തോഷിക്കുന്നുവെന്നും ദേവി പറഞ്ഞു. അപ്പോഴക്ക് അമ്മാളുക്കുട്ടി വന്നു. അമ്മാളുക്കുട്ടിയുടെ ആവിൎഭാവത്താൽ തങ്ങളുടെ സംസാരത്തിന്നു തടസ്ഥം നേരിട്ടതുകൊണ്ട് ദേവി സന്തോഷിച്ചു. 'കഷ്ടം! അമ്മാളുക്കുട്ടി, ഈ മാതിരി ജനങ്ങളുടെഇടയിൽ എങ്ങിനെ കഴിച്ചുകൂട്ടും? ശരി, ഇതവൾ അവളുടെ പൂൎണ്ണസമ്മതത്തോടെ തിരഞ്ഞെടുത്തതാണല്ലോ. അതിഥികളുടെ വേർവാടിൽ അമ്മാളുക്കുട്ടി വ്യസനിച്ചിരുന്നു എങ്കിലും അവളുടെ സ്ഥിതി ദയനീയമായിട്ടുള്ളതാണെന്നു വിചാരിച്ചില്ല. ആടുമാടുകളെ ശുശ്രൂഷിക്കുന്നതും വീട്ടുവേലകൾ ചെയ്യുന്നതും അവൾക്കിപ്പോൾ പ്രിയതരങ്ങളായിരിക്കുന്നു'

വണ്ടിവന്നു. പെട്ടികളും സാമാനങ്ങളുമെല്ലാം കെട്ടിപ്പൂട്ടി ഭദ്രമാക്കി വണ്ടിയിൽവെച്ചു. എല്ലാം തെയ്യാറായശേഷം ദേവിയും അമ്മാളുക്കുട്ടിയും അനിൎവ്വചനീയമായ സൌഹാൎദ്ദത്തോടെ യാത്രപറഞ്ഞുപിരിഞ്ഞു.

കേളുമേനോൻ ഇവരുടെ ഒരുമിച്ചു വണ്ടിനില്ക്കുന്ന സ്ഥലം വരെപോയി മല്ലവളപ്പിൽ എല്ലാവരോടും അദ്ദേഹത്തിൻെറ അന്വേഷണവും വന്ദനവും യഥായോഗ്യം പറയണമെന്ന് ഏല്പിച്ചു. കുറെ മാസങ്ങൾക്കുമുമ്പ് മല്ലവളപ്പിൽ നി

ന്നദ്ദേഹം അനുഭവിച്ചതായ സല്ക്കാരങ്ങൾക്ക് നന്ദിപറയുവാനും മറന്നില്ല. ഗോവിന്ദമേനോനേയും ഭാൎയ്യയേയും തനിക്കു കണ്ടുപരിചയമില്ലെങ്കിലും അവരോടും തന്റെ അന്വേഷണമറിയിക്കണമെന്നു പറഞ്ഞു. ആദ്യം ദേവിയും പിന്നാലെ സത്യഭാമയും വണ്ടിയിൽകയറി. വണ്ടിയുടെ വാതിൽ ഏതാനും അടച്ചു. അപ്പോഴ്ക്ക് സംഭ്രമത്തോടെ—

കേ. മേ:—വലിയമ്മയോടു നിങ്ങളുടെ സവിനയനമസ്കാരമറിയിക്കുവാൻ നിങ്ങൾക്കു നിശ്ചയമായും ആഗ്രഹമുണ്ടാവും. അവർ നിങ്ങളോടു കാണിച്ചിട്ടുള്ള സ്നേഹാനുകമ്പക്കു കൃതജ്ഞതാസൂചകമായ വന്ദനവും ആവശ്യം തന്നെ. അല്ലെ?

ദേവി ഇതിന്നു വിരോധമൊന്നും പറഞ്ഞില്ല. വാതിൽ നല്ലവണ്ണമടച്ചു. വണ്ടിയും പോയി. കുറച്ചുനേരം ഒന്നും സംസാരിക്കാതെ സ്വസ്ഥയായി ഇരുന്നശേഷം—

സ:—ഈശ്വരാ! നമ്മൾ ചെറുശ്ശേരിയിൽ വന്നിട്ടു ഒന്നോ രണ്ടോ ദിവസമെ ആയിട്ടുള്ളു എന്നു തോന്നുന്നു. എത്രവേഗമാണ് ദിവസംകഴിഞ്ഞത്. ഇതിനിടയിൽ എന്തെല്ലാം സംഭവിച്ചു!

ദേ:—(ദീൎഘശ്വാസത്തോടെ) പലതും സംഭവിച്ചു.

സ:—വലിയമ്മയുടെ ക്ഷണനം സ്വീകരിച്ച് നമ്മൾ കൊട്ടാരത്തിൽചെന്നു ഒമ്പതുനേരം ഉണ്ടിട്ടുണ്ട്. അനവധി പ്രാവശ്യം ചായയും കഴിച്ചിരിക്കുന്നു. വീട്ടിൽപോയാൽ എനിക്കെന്തെല്ലാം പറയുവാനുണ്ട്.

ദേ:—(ആത്മഗതം) എനിക്കെത്രചിലതെല്ലാമെമറച്ചുവെക്കാനുണ്ട്.

പിന്നെ അവർതമ്മിൽ അധികമൊന്നുംസംസാരിച്ചില്ല. ഒന്നരമണിക്കൂർകൊണ്ട് ഗോവിന്ദമേനോന്റെ വീട്ടിലെത്തി. ജാനുവിന്നു വിശേഷിച്ചു സുഖക്കേടൊന്നുമുണ്ടായിരുന്നില്ല. ദേവി വരുമ്പോഴെക്കു അമ്മായി സസ്നേഹം കരുതിവെച്ചിരുന്നതായ പല തമാശകളുടേയും ഇടയിൽ അവൾ

ക്ക് ജാനുവിൻെറ സ്വഭാവങ്ങളെ പരിശോധിക്കുവാൻ സൌകര്യം ലഭിച്ചില്ല. ജാനുവും ദേവിയോടുകൂടെ മല്ലവളപ്പിലേക്കു മടങ്ങുവാൻ തീർച്ചപ്പെടുത്തിയിരുന്നതുകൊണ്ട് അവിടെ പോയശേഷം യഥാവസരം പരിശോധിക്കാമെന്നു ദേവി വിചാരിച്ചു.

മല്ലവളപ്പിലേക്കു പോകുന്നതുവരെ ശ്രീധരൻ നമ്പ്യാരുടെ വിവാഹാലോചന ജാനുവിനോടു പറയാതെ കഴിച്ചുകൂട്ടുവാൻ ദേവി ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു. സ്വഹൃദയത്തിൽനിന്നു നിഷ്കാസനം ചെയ്വാനായി വളരെ സാഹസപ്പെട്ടിട്ടും തീരെ സാധിക്കാത്തതും, അവളുടെ അഹംഭാവത്തിന്നൊട്ടേറെ തൃപ്തികരവും, അവളുടെ ജ്യേഷ്ഠത്തിക്ക് അസാമാന്യമായ അത്ഭുതമുണ്ടാക്കുന്നതുമായ ചില സംഗതികൾ തൻെറ അധീനത്തിലുള്ളതു വെളിപ്പെടുത്തുവാനായി ദേവി ബദ്ധപ്പെട്ടു. പക്ഷെ എത്രത്തോളമാണ് പറയേണ്ടതെന്നു നിശ്ചയമില്ലാതിരുന്നതിനാലും പറയുവാൻ തുടങ്ങിയാൽ നിശ്ചയമായും ഭാസ്കരമേനോനെ സംബന്ധിച്ച് വല്ലതും പറയേണ്ടിവരുമെന്നും, തന്നിമിത്തം ജ്യേഷ്ഠത്തിയുടെ ദുഃഖം വർദ്ധിക്കുമെന്നും ഭയന്നും, ദേവി തല്ക്കാലം ക്ഷമിച്ചു.

## മുപ്പത്തെട്ടാമദ്ധ്യായം.

രണ്ടു ദിവസം കോഴിക്കോട്ടു താമസിച്ചശേഷം ജാനു, ദേവി, മുതലായവർ മല്ലവളപ്പിലേക്കു പുറപ്പെട്ടു. ഒലവക്കോട്ടു സ്റ്റേഷനിൽ വണ്ടി ഇറങ്ങുമ്പോഴേക്കു ബാലകൃഷ്ണമേനോനയച്ച ആളും വണ്ടിയും അവിടെ തെയ്യാറുണ്ടായിരുന്നു. അവർ ആ വണ്ടിയിൽ കയറി സ്റ്റേഷനിൽനിന്നു രണ്ടു ഫർലാങ് ദൂരത്തുള്ളതായ അവരുടെ ബന്ധുഗൃഹത്തിലേക്കു പോയി. അവിടെ എത്തുമ്പോഴേക്കു ഭദ്രയും ലീലയും ഉമ്മറത്തു

ഫാജരുണ്ടായിരുന്നു. മുല്ലവളപ്പിൽനിന്നു വണ്ടി അയച്ചപ്പോൾ ഈ കുട്ടികൾ ശാഠ്യം പിടിച്ചവിടെ വന്നതാണ് ജ്യേഷ്ഠത്തിമാരെ കണ്ട ഉടനെ—

ലീല—ഞങ്ങളെ ഇവിടെ കാണുമെന്നു വിചാരിച്ചിരുന്നുവൊ? ഇങ്ങിനെയാണു സ്നേഹമുള്ള അനുജത്തിമാരുണ്ടായാൽ. ഞങ്ങൾ നിങ്ങൾക്കു വണ്ടിയുംകൊണ്ടു വന്നതാണ്. കുറെ പലഹാരംകൂടി കൊണ്ടുവന്നിരുന്നു. അതൊക്കെ ഞങ്ങൾതന്നെ വഴിക്കു തിന്നു. കുറച്ചു ബാക്കിയുണ്ടായിരുന്നതു വഴിക്കോരോരുത്തൎക്കു കൊടുത്തും കഴിച്ചു. പിന്നെ പലഹാരം വാങ്ങുവാൻ ഞങ്ങളുടെ കയ്യിൽ പണമുണ്ടായില്ല. ഞങ്ങൾക്കു തൽക്കാലം കുറച്ചു പണം കടം തരണം. ഇതാ നോക്കു. ഈ ജാക്കററ് ഒരു മണിക്കൂർ മുമ്പു വാങ്ങിതാണ്. വളരെ ഭംഗിയുണ്ടെന്നു തോന്നുന്നില്ല. ഏതായാലും വാങ്ങി. വീട്ടിൽ പോയിട്ട് ഇതിന്നു കുറച്ചുകൂടി മോടി കൂട്ടണം.

ജാക്കെററ് വളരെ മോശമെന്നും വലിയ നഷ്ടമെന്നും മററും പറഞ്ഞ് ജാനുവും ദേവിയും ശകാരിച്ചപ്പോൾ വീണ്ടും ഉപേക്ഷയോടെ—

ലീല—ഇതല്ലാതെ വേറെ രണ്ടുമൂന്നെണ്ണംകൂടി ആ ഷാപ്പിലുണ്ടായിരുന്നു. അവയെല്ലാം ഇതിനേക്കാൾ തീരെ മോശമാണ്. ഉള്ളതിൽ മുന്തിയതായിരുന്നു ഇത്. ഈ ലേസ്സ് ഇതിൽനിന്നു കളഞ്ഞ് വേറെ നല്ല തുണി പിടിപ്പിക്കണം. എന്നാൽ നല്ല ഭംഗിയുണ്ടാവും. ആ കാട്ടുമുക്കിൽ ഇരിക്കുമ്പോൾ ഇതൊക്കെ ധാരാളമാണ്. വിക്രമമേനോനും മററും പത്തു ദിവസത്തിന്നുള്ളിൽ അവിടംവിട്ടും. പിന്നെങ്ങിനേയാണവിടെ കഴിച്ചുകൂട്ടുക?

ദേ—(സസന്തോഷം)—നിശ്ചയമായും പോകുമൊ?

ലീല—ഉവ്വ്, നമ്മുടെ ശങ്കരേട്ടനെ ഡിപ്ട്യൂട്ടിസൂപ്രണ്ടായി മധുരക്കു മാററിയിരിക്കുന്നു. അദ്ദേഹം ഉടനെ പോകും.

നമ്മളെ എല്ലാവരേയും ശ്രീരംഗം, മധുര മുതലായ സ്ഥലങ്ങളിലേക്ക ഒന്നു കൊണ്ടുപോകുവാനായിഞാനച്ഛനോടെത്രയോ അപേക്ഷിച്ചു. യാത്രക്ക വളരെ ചിലവൊന്നും വേണ്ടിവരില്ല. അമ്മക്കും പോകാൻ വളരെ ആഗ്രഹമുണ്ട്. പോയാൽ നന്നായിരുന്നു.

ദേ—ശങ്കരജ്യേഷ്ഠനെ ഡിപ്യൂട്ടിസൂപ്രണ്ടായി നിശ്ചയിച്ചതു സന്തോഷവർത്തമാനം തന്നെ. അദ്ദേഹത്തിന്നു പകരം വന്നിട്ടുള്ളതാരാണ്?

ലീല—അതൊ, എന്താണയാളുടെ പേര്. ഭദ്രേ, ഓൎമ്മയുണ്ടോ? അയ്യോ! എനിക്ക മറന്നുപോയി. ഒരു വികടപ്പേരാണ്. മധുരക്കു പോകേണ്ട കാൎയ്യത്തിൽ നിങ്ങളും അച്ഛനോട ശിപാൎശി ചെയ്യില്ലേ?

ദേ—ശിപാൎശിചെയ്യുന്നു. മതി, മതി. ഒന്നുരണ്ടു സദിരുകൊണ്ടും രണ്ടൊ നാലൊ ഉദ്യോഗസ്ഥന്മാരാലും കീഴ്മേൽ മറിക്കപ്പെട്ടിരിക്കുന്ന നമ്മൾ മധുരയും മററും കാണാത്ത തരക്കേടേയുള്ളു.

കുറച്ചുനേരം ഇങ്ങിനെ പലതും സംസാരിച്ചശേഷം എല്ലാവരും ചായ കഴിക്കുവാനിരുന്നു.

ലീല—എനിക്ക ചിലതു പറവാനുണ്ട്. എന്താണെന്നൊ? പറയാം. വളരെ നല്ല വർത്തമാനമാണ്. ഗൌരവമായിട്ടുള്ളതാണ്. നമ്മളെല്ലാവരും ഇഷ്ടപ്പെടുന്നൊരാളെക്കുറിച്ചുള്ളതാണ്.

ജാനുവും, ദേവിയും, പരസ്പരം മുഖത്തോടുമുഖം നോക്കിയിട്ടു ചായ കൊണ്ടുവന്നുവെച്ച ഭൃത്യനോട പുറത്തു പോകുവാനാവശ്യപ്പെട്ടു.

ലീല—(ചിരിച്ചുകൊണ്ടു) ശരി നിങ്ങൾ വലിയ ബുദ്ധിമതികൾതന്നെ. ഇതു നിങ്ങളുടെ ബുദ്ധിവിശേഷത്തെ കാണിക്കുന്നു. അവൻ കേൾക്കേണ്ടെന്നു വിചാരിച്ചിട്ടല്ലെ പുറത്തുപോകുവാൻ പറഞ്ഞത്? കേട്ടാലും വിരോധമില്ല. എ

തായാലും അവൻ പോയതു നന്നായി. പോയതിൽ ഞാൻ സന്തോഷിക്കുന്നു. കണ്ടാൽ തീൻ കോലം. എന്തൊരു രൂപമാണപ്പാ! കുതിരമുഖംപോലെ നീണ്ട മുഖവും, ചുണ്ടും അളിഞ്ഞ കണ്ണും; കണ്ടാലറയ്ക്കും. ഇതുപോലൊരു രൂപം ഞാനിതുവരെ കണ്ടിട്ടില്ലെ. പോട്ടെ. എന്റെ വർത്തമാനം പറയട്ടെ. അതു വിക്രമമേനോനെക്കുറിച്ചുള്ളതാണ്. അദ്ദേഹം കനകത്തിനെ കല്യാണം കഴിക്കുമെന്നു ഭയപ്പെടേണ്ട. പക്ഷെ ദേവ്യേടത്തി — കനകം ചെറുപ്പുളശ്ശേരിക്കു പോയി. ഇനി ഇങ്ങോട്ടു വരില്ലത്രെ. വിക്രമമേനോൻ രക്ഷപ്പെട്ടു.

ദേ—(ജാനുവിനോടു) കനകമാണ് രക്ഷപ്പെട്ടത്.

ലീല—അവൾക്കദ്ദേഹത്തെ ഇഷ്ടമുണ്ടായിരുന്നുവെങ്കിൽ അവൾ പോയതു വിഡ്ഢിത്വംതന്നെ.

ജാ-കു—അവർക്കു പരസ്പരം അനുരാഗമുണ്ടായിരുന്നില്ലായിരിക്കാം.

ലീല—ഇല്ല, അദ്ദേഹത്തിന്നില്ല. തീച്ചതന്നെ. അതെനിക്കറിയാം. അദ്ദേഹം അവളെ പുല്ലോളം വിലവെച്ചിരുന്നില്ല. വൃത്തിശ്ശൂന്യയായ അവളെ ആരു വിലവെക്കും? കറുത്തുമെലിഞ്ഞ ശരീരവും, മുഖക്കുരു നിറഞ്ഞ മുഖവും, കാണുകതന്നെ വേണം. അയ്യ! എന്തൊരു ചന്തം!

ചായകഴിഞ്ഞെല്ലം വിശ്രമിച്ചശേഷം ആ ഗൃഹത്തിലെ നായികാനായകന്മാരോടു യാത്രപറഞ്ഞു നമ്മുടെ കൂട്ടർ മുല്ലവളപ്പിലേക്കു പുറപ്പെട്ടു. കെട്ടും, ഭാണ്ഡവും, പെട്ടിയും, കുട്ടികളും എല്ലാംകൂടി തിക്കിത്തിരക്കി ഒരുമാതിരി വണ്ടിയിലിരുന്നു.

ലീല—എന്തൊരു തിരക്കാണീശ്വരാ! ശ്വാസം കഴിപ്പാൻ വയ്യ. കിടക്കയിൽ പഞ്ഞി നിറക്കുംപോലെ എല്ലാംകൂടി തിരക്കി നിറച്ചിരിക്കുന്നു. ഏതായാലും ഉള്ള സ്ഥലത്തിൽ സൌകര്യംപോലെ ഇരുന്നു നമുക്കു വീടെത്തുന്നതുവരെ

ഓരോ നേരംപോക്കപറഞ്ഞു ചിരിച്ചു രസിക്കാം. ഒന്നാമതായി നിങ്ങൾ രണ്ടാളും പോയ ദിക്കിലെ വിശേഷവൎത്തമാനങ്ങൾ കേൾക്കട്ടെ. നിങ്ങൾക്കെന്തെല്ലാം സംഭവിച്ചുവെന്നു പറയുക. വല്ല യോഗ്യന്മാരെയും കണ്ടുവോ? വലയിൽ ഒന്നും പെട്ടില്ലേ? വീട്ടിലേക്കു മടങ്ങുന്നതിന്നു മുമ്പായി ഒരാൾക്കെങ്കിലും ഭൎത്താവിനെ കിട്ടുമെന്നു ഞാൻ വിചാരിച്ചിരുന്നു. വലിയേടത്തിയുടെ യൌവനം നശിച്ചുതുടങ്ങി. അവർ വേഗത്തിൽ വൃദ്ധകന്യകയായിത്തീരും. അവൾക്കു വയസ്സ് ഏകദേശം ഇരുപത്തി മൂന്നോളമായിരിക്കുന്നു. ദൈവമെ! ഇരുപതു വയസ്സിന്നു മുമ്പ് എൻെറ പുടമുറി കഴിയാഞ്ഞാൽ എനിക്കു വല്ലാത്ത ലജ്ജ തോന്നും. നിങ്ങളുടെ പുടമുറി കഴിയാത്തതുകൊണ്ടു ചെറിയമ്മെക്കു് എത്ര വ്യസനമുണ്ടെന്നു നിങ്ങൾക്കറിഞ്ഞുകൂട. ദേവ്യേടത്തി കേളു ഏട്ടനെ ഉപേക്ഷിച്ചതു നന്നായില്ലെന്നവർ എപ്പോഴും പറയുന്നു. ചെറിയമ്മ പറയുന്നതു ശരിയല്ല. നന്നായി എന്നാണെനിക്കു തോന്നുന്നത്. കേളു ഏട്ടൻ ബി. എ. പാസ്സായിട്ടില്ല. ഗവൎമ്മെണ്ടുദ്യോഗസ്ഥനുമല്ല. എൻെറ പുടമുറി നിങ്ങളുടേക്കാൾ മുമ്പെ കഴിയണമെന്നു ഞാനാഗ്രഹിക്കുന്നു. എന്നാൽ ഞാൻ നിങ്ങളെ ഓരോ ദിക്കിൽ കൂട്ടിക്കൊണ്ടു പോകാം. ഹാഹാ! അന്നൊരുദിവസം ശങ്കരേട്ടൻെറ വീട്ടിൽവെച്ച് എന്തൊരു നേരംപോക്കാണുണ്ടായത്. ഭദ്രയും ഞാനും അന്നു മുഴുവനും അവിടെത്തന്നെ താമസിച്ചു. ഞാനും ശങ്കരേട്ടൻെറ ഭാൎയ്യയും തമ്മിൽ വലിയ സ്നേഹമാണ്. ഞങ്ങൾ ഉററ ചങ്ങാതിമാരാകുന്നു. അന്നു വൈകുന്നേരം ഞങ്ങൾ ചിന്നനെ ഒരു സ്ത്രീവേഷം കെട്ടിച്ചു എന്തൊരു തമാശയായിരുന്നു. ഞങ്ങൾ മൂന്നുപേരും ചെറിമ്മയുമൊഴികെ വേറെയാതൊരാളും അതറിഞ്ഞിരുന്നില്ല. ചെറിയമ്മയുടെ കയ്യിൽനിന്നു ചില ആഭരണങ്ങൾ മേടിച്ചതുകൊണ്ടാണ്

വർ മനസ്സിലാക്കിയത്. അപ്പോൾ പിന്നനെ കണ്ടാൽ ഒരു പെൺകുട്ടിയാണെന്നല്ലാതെ ഒരിക്കലും സംശയം തോന്നില്ല. എന്തൊരു ഭംഗിയായിരുന്നു! വിക്രമമേനോനും മററും അവനെ കണ്ടിട്ടറിഞ്ഞതേ ഇല്ല. അവരുടെ ഈ അസ്വസ്ഥതപം കണ്ട് ഞാനും കാമാക്ഷിയമ്മയും വല്ലാതെ പൊട്ടിച്ചിരിച്ചു. ചിരിച്ചു ചിരിച്ച് ഞങ്ങൾ ചാവുമായിരുന്നു. ഞങ്ങളുടെ ഈ അസാധാരണമായ ചിരി കണ്ടപ്പോൾ അവൎക്ക് സംശയം തോന്നുകയാൽ അവരുടനെ കാരണം കണ്ടുപിടിച്ചു.

ഏവംവിധങ്ങളായ വൎത്തമാനങ്ങൾകൊണ്ട് ഇടക്കിടെ ഭദ്രയുടെ സഹായത്തോടുകൂടി ലീല മുല്ലവളപ്പെത്തുന്നതുവരെ അവളുടെ ദ്ദേവിയെ രസിപ്പിക്കുവാൻ ശ്രമിച്ചു. ലീലയുടെ സംഭാഷണങ്ങളിൽ ദേവി തീരെ ശ്രദ്ധിച്ചിരുന്നില്ലെന്നുതന്നെ പറയാം. വിക്രമമേനോൻെറ പേര് ഇടക്കിടെ ഉച്ചരിച്ചിരുന്നതിനെ തടയുവാൻ ദേവിക്കു മാൎഗ്ഗമുണ്ടായില്ല.

മുല്ലവളപ്പിലെത്തിയപ്പോൾ എല്ലാവൎക്കും സന്തോഷമായി. ജാനുവിൻെറ സൌന്ദൎയ്യത്തിന്നു ലേശവും ഹാനി സംഭവിച്ചിട്ടില്ലെന്നു കാണുകയാൽ രുഗ്മിണിയമ്മ ഏററവും സന്തോഷിച്ചു: ഉണ്ണാനിരുന്നപ്പോൾ ബാലകൃഷ്ണമേനോൻ രണ്ടുമൂന്നുപ്രാവശ്യം "ദേവി, നിങ്ങൾ വന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു" എന്നു പറഞ്ഞു.

സത്യഭാമയെ കാണ്മാനും അമ്മാളുക്കുട്ടിയുടെ വൎത്തമാനങ്ങളറിയുവാനുമുള്ള ബദ്ധപ്പാടനിമിത്തം മുണ്ടക്കാട്ടുള്ളവർ മിക്കവരും മുല്ലവളപ്പിൽ വന്നിരുന്നതിനാൽ അന്നവിടെ ഭക്ഷണത്തിന്നു കുറെ അധികംപേരുണ്ടായിരുന്നു. ഊണുതളം നിറച്ചും ഇല വെച്ചിരുന്നു. ഭക്ഷണത്തിന്നിരിക്കുമ്പോൾ പലരും പലേ വിഷയങ്ങളെ കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. രുഗ്മിണിയമ്മ കുറച്ചകലെ ഇരിക്കുന്നതായ

ജാനുവിനോട്ട കോഴിക്കോട്ടുള്ള ഓരോ നവീനപരിഷ്കാരങ്ങ ളേയും ചോദിച്ചറിഞ്ഞ് തന്റെ സമീപത്തിരിക്കുന്നവരായ സത്യഭാമയുടെ അനുജത്തിമാരെ പറഞ്ഞു മനസ്സിലാക്കി. തന്റെ സംഭാഷണം ശ്രദ്ധിച്ചിരുന്നവരോടെല്ലാം ലീല അ ന്നു രാവിലത്തെ അവളുടെ പലേ നേരംപോക്കുകളും പറ ഞ്ഞു ലഹളകൂട്ടി.

ലീല — ബാലേടത്തി, നിങ്ങളും കൂടി വരായിരുന്നില്ലെ? എ ന്തൊരു രസമായിരുന്നു. വണ്ടിയിൽ ആരുമില്ലെന്നു തോ ന്നിക്കുവാൻവേണ്ടി ഞങ്ങളെല്ലാഭാഗത്തും ശീലയിട്ടു മൂടി. ഭദ്ര വിരോധം പറയാതിരുന്നാൽ അവിടെ എത്തുന്നവ രെ അങ്ങിനെതന്നെ പോകുമായിരുന്നു. ഇങ്ങോട്ടു മടങ്ങു മ്പോഴും ബഹു രസംതന്നെ. ഞങ്ങളെ എല്ലാവരേയും കൂ ടി വണ്ടിയിൽ കൊള്ളില്ലെന്നു വിചാരിച്ചു. എത്രയാണു ചിരിച്ചതെന്നു പറയാൻ വയ്യ. വഴിനീളെ പല നേരം പോക്കുകളും പറഞ്ഞു ചിരിച്ചിരിക്കുന്നു. ഞങ്ങളുടെ സം സാരവും, ചിരിയും, ലഹളയും, പത്തു നാഴിക ദൂരത്തുള്ള വർകൂടി കേട്ടിട്ടുണ്ടാവും.

ബാല — ലീലെ, ഈ വക നേരംപോക്കുകളൊന്നും എനിക്കി ഷ്ടമില്ല. എനിക്കവയിൽ ഒരു കൌതുകവും തോന്നുന്നി ല്ല. ഇതിനേക്കാൾ എനിക്കധികം ഇഷ്ടമായിട്ടുള്ളത് ഗ്ര ന്ഥപാരായണമാണ്.

ബാല ഇങ്ങിനെ പറഞ്ഞപ്പോൾ ലീല ‘അയ്യോ’ എന്നു പറഞ്ഞൊന്നു കൊഞ്ഞനം കാട്ടി.

ഇച്ച തിരിഞ്ഞപ്പോൾ മൂരിയാട്ടുക്കു പോകുവാനായി ലീ ല തിരക്കുകൂട്ടി. പോകുവാൻ പാടില്ലെന്നു ദേവി വാശിയോ ടെ ശഠിച്ചു. ബാലകൃഷ്ണമേനോന്റെ മക്കൾക്കു തെണ്ടാതെ ഒരു നേരംപോലും വീട്ടിലിരിക്കുവാൻ വയ്യെന്നു പറയിക്കുന്ന തു പോരായ്മയാണെന്നു പറഞ്ഞു. ദേവി വിരോധം പറ ഞ്ഞതിന്നു വേറെ ഒരു കാരണംകൂടിയുണ്ട്. ആയതു വിക്ര

മമേനോനെ കാണുന്നതുതന്നെയാണ്. കഴിയുന്നേടത്തോളം അദ്ദേഹത്തെ ദൎശിക്കാതെ കഴിച്ചുകൂട്ടണമെന്നവൾ വിചാരിച്ചു. അദ്ദേഹം ഉടനെ അവിടം വിട്ടുന്നു എന്നുള്ള വൃത്താന്തം അവൾക്ക് അവാച്യമായ സന്തോഷമുണ്ടാക്കി. രണ്ടാഴ്ചയ്ക്കുള്ളിൽ വിക്രമമേനോൻ പോകും. എന്നാൽ അതു സൊല്ല കഴിഞ്ഞുവല്ലോ എന്നവൾ വിചാരിച്ചു.

ലീല പറഞ്ഞതായ മധുരയാത്രയെപ്പററി മാതാപിതാക്കന്മാർതമ്മിൽ തമ്മിൽ പലപ്പോഴും വാദപ്രതിവാദങ്ങൾ നടത്തുന്നതായി ദേവി മുല്ലവളപ്പിൽവന്ന് അധികനേരം കഴിയുന്നതിന്നു മുമ്പു മനസ്സിലാക്കി. യാത്രക്ക് അച്ഛനൊരിക്കലും വഴിപ്പെടില്ലെന്നും അവൾ ക്ഷണേന ധരിച്ചു. അദ്ദേഹത്തിൻെറമറുവടികളെല്ലാം സംശയകരവും, രണ്ടൎത്ഥങ്ങളോടുകൂടിയതുമായിരുന്നതിനാൽ രുഗ്മിണിയമ്മക്കു നല്ല ധൈൎയ്യമുണ്ടായിരുന്നില്ലെങ്കിലും തീരെ നിരാശപ്പെട്ടില്ല. അവസാനം ബാലകൃഷ്ണമേനോനെ പറഞ്ഞു സമ്മതിപ്പിക്കാമെന്നു അയമ്മ ബലമായി വിശ്വസിച്ചിരുന്നു.

---

## മുപ്പത്തൊമ്പതാമദ്ധ്യായം.

ചെറുശ്ശേരിയിൽ വെച്ചു ദേവിയും ശ്രീധരൻനമ്പ്യാരും തമ്മിൽ നടന്ന ഗൂഢസല്ലാപം ജാനുവിനെ അറിയിക്കുവാൻ ദേവിക്കത്യുൽക്കണ്ഠയുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറകത്തിൽ ജാനുവിനേയും ഭാസ്കരമേനോനേയും സംബന്ധിച്ചെഴുതിയതിനെ മറയ്ക്കുന്നതിൽ അവൾ ബദ്ധശ്രദ്ധയായിരുന്നു. മുല്ല വളപ്പിൽ വന്ന പിറെറ ദിവസം രാവിലെ ജ്യേഷ്ഠത്തിക്കത്യത്ഭുതമുണ്ടാകുമെന്നുള്ള ഊഹത്തോടെ വൎത്തമാനങ്ങളെല്ലാം ദേവി ജാനുവിനെ അറിയിച്ചു. ഇതുകേട്ടപ്പോൾ ജാനുവിന്നുണ്ടായ വിസ്മയം സഹോദരീപക്ഷപാതം ഹേതുവായിട്ടു ക്ഷണത്തിൽ കുറഞ്ഞു. ശ്രീധരൻനമ്പ്യാരെപ്പോ

ലെയുള്ള ഒരു പുരുഷശ്രേഷ്ഠന്റെ പ്രേമഭാജനമായി തീരുവാനുള്ള യോഗ്യത തന്റെ അനുജത്തിക്കു പൂൎണ്ണമായുണ്ടെന്നു ജാനു വിചാരിച്ചു. ജാനുവിൽ ശേഷിച്ചിരുന്ന ആശ്ചൎയ്യലേശം വേറെ ചില സ്മരണകളാൽ മൃതപ്രായമായി. ശ്രീധരൻനമ്പ്യാരുടെ വിവാഹാൎത്ഥനാ ദേവി സമ്മതിക്കുന്ന നിലയിലായില്ലല്ലൊ എന്നു വിചാരിച്ച് ജാനു അത്യന്തം വ്യസനിച്ചു. തന്റെ അനുജത്തിയുടെ പ്രതികൂലമായ മറുപടി ശ്രീധരൻനമ്പ്യാൎക്ക് കുണ്ഠിതം വരുത്തുമെന്നോൎത്തപ്പോൾ അവളുടെ ചിത്തം സന്താപത്താൽ വെന്തുതുടങ്ങി.

ജാ-കു — ശ്രീധരൻനമ്പ്യാർ തന്റെ അഭിലാഷം സഫലമാകുമെന്നു കരുതിയതു തെറ്റാണ്. അതിനെയൊരു വിചാരം. മനസ്സിലുണ്ടെങ്കിൽ കൂടി പുറത്തു കാണിപ്പാൻ പാടില്ല. ദേവീ, അദ്ദേഹത്തിന്നിസ്സാഹസംഗത്താൽ വളരെ കുണ്ഠിതമുണ്ടായിരിക്കണം. ഇല്ലേ? ആലോചിച്ചു നോക്കു.

ദേ — തീൎച്ചയായും അദ്ദേഹത്തിന്നു വളരെ വ്യസനമുണ്ടായിരിക്കണം. അതാലോചിക്കുമ്പോളെനിക്കും സങ്കടം തോന്നുന്നു. അദ്ദേഹത്തിന്നെന്നിലുള്ള അഭിനിവേശം മറ്റു ചില കാരണങ്ങളാൽ പിൻവലിക്കുവാൻ കഴിയുന്നതാണ്. ഞാനദ്ദേഹത്തെ തിരസ്കരിച്ചതിനാൽ ജ്യേഷ്ഠത്തി എന്നെ കുറ്റപ്പെടുത്തുന്നുവോ?

ജാ-കു നിന്നെ കുറ്റപ്പെടുത്തുകയൊ? അതൊരിക്കലുമില്ല.

ദേ — വിക്രമമേനോന്റെ കാൎയ്യം ഈമാതിരി താല്പൎയ്യത്തോടെ പറഞ്ഞതിൽ തെറ്റുണ്ടോ?

ജാ-കു — ഇല്ല. തെറ്റുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ദേ — പിറ്റെ ദിവസമുണ്ടായ സംഗതിയറിഞ്ഞാൽ ഞാൻ പറഞ്ഞതു വളരെ തെറ്റിപ്പോയെന്നു ജ്യേഷ്ഠത്തി പറയാതിരിക്കില്ല.

ശ്രീധരൻനമ്പ്യാരുടെ കത്തിൽ വിക്രമമേനോനെപ്പറ്റി എഴുതിയതെല്ലാം ഒരു വാക്കുപോലും പിഴക്കാതെ ദേവി ജാ

ന്നവിടുന്നോട് പറഞ്ഞു. സാധ്വീശീലയായ ജാനു ഇതു ശ്രവിച്ച നിമിഷത്തിൽ ഇടിത്തീയേറ്റതുപോലെ സ്തബ്ധയായി. വിക്രമമേനോൻ ഒരാളിൽ മാത്രമുള്ള പാപവും, അധൎമ്മവും, ലോകത്തിലുള്ള സകലരിലും കൂടിയുണ്ടെന്നു തന്നെ വിശ്വസിക്കാതെ ജാനു ലോകയാത്ര നിൎവ്വഹിക്കുമായിരുന്നു. ശ്രീധരൻ നമ്പ്യാർ തന്റെ നിൎദ്ദോഷിത്വം വെളിപ്പെടുത്തിയതിൽ അവൾക്കുള്ളവററ സന്തോഷമുണ്ടായെങ്കിലും തീരെ മനസ്സമാധാനമുണ്ടായില്ല. നമ്പ്യാൎക്ക ദോഷം കൂടാത്തവിധത്തിൽ വിക്രമമേനോനെ നിരപരാധിയാക്കുവാൻ ജാനു ഉത്സാഹിച്ചു.

ദേ — ജ്യേഷ്ഠത്തി, ഇത് അസാദ്ധ്യമാണ്. രണ്ടുപേരേയും കൂടി നിൎദ്ദോഷികളാക്കുവാനെങ്ങിനെയായാലും സാധിക്കില്ല. ഇവരിൽ ആരാണ് ദോഷദൂഷിതനെന്നു ജ്യേഷ്ഠത്തി തന്നെ തീൎച്ചപ്പെടുത്തിക്കൊള്ളു. ഇവരിലൊരാളുത്തമനാണ്. സംശയമില്ല. അതുകൊണ്ട് നിങ്ങൾ തൃപ്തിപ്പെടേണ്ടിവരും; ഇരുവരിലും കൂടി ഒരാൾക്കു വേണ്ടുന്ന വിശിഷ്ടഗുണങ്ങൾ കാണുന്നുണ്ട്. അതുകൾ മുമ്പു വിക്രമമേനോനിലും ഇപ്പോൾ ശ്രീധരൻ നമ്പ്യാരിലും കാണുന്നു. നമ്പ്യാർ യോഗ്യനും നിരപരാധിയുമാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഇനി ജ്യേഷ്ഠത്തിയുടെ ഇഷ്ടപ്രകാരം തീൎച്ചപ്പെടുത്താം.

ജാ. കു — (കുറേനേരം ആലോചിച്ചശേഷം മന്ദഹാസത്തോടെ) ഇതെന്തൊരു ധൎമ്മസങ്കടമാണീശ്വരാ! എനിക്കു മുമ്പൊരിക്കലും ഇതിനൊരു സ്വാസ്ഥ്യമുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. വിക്രമമേനോൻ ഇത്ര വികൃതിയാണല്ലൊ? ഇതു വിശ്വസിക്കാതെ നിവൃത്തിയില്ല. ശ്രീധരൻ നമ്പ്യാരുടെ ദുഷ്കാലം നോക്കുക. കഷ്ടം! എന്റെ ദേവി! അദ്ദേഹത്തിന്നിപ്പോൾ അസഹനീയമായ മനോവേദനയുണ്ടായിരിക്കും. ആഗ്രഹനിവൃത്തിയുണ്ടായില്ല. നിനക്കദ്ദേഹത്തോടുള്ള ദുരഭിപ്രായം അറിയുവാനും ഇടയായി. സ്വന്തം ദോ

ദരിയുടെ ശുദ്ധവൎത്തമാനം പറയേണ്ടി വന്നു. ഒരാൾക്കു പ്രാണസങ്കടമുണ്ടാക്കാൻ ഇതിലധികം മറ്റെന്താണു വേണ്ടത്? ഇതിനാൽ ദേവി ഒട്ടേറെ തപിക്കുന്നുണ്ടെന്നു ഞാനുറപ്പായി വിശ്വസിക്കുന്നു.

ദേ—ഇല്ല. ജ്യേഷ്ഠത്തിക്കദ്ദേഹത്തോട് ഏററവും പശ്ചാത്താപവും അനുകമ്പയുമുള്ളതിനാൽ, എനിക്കുണ്ടായിരുന്നതു ക്രമേണ കുറഞ്ഞുതുടങ്ങി. നിങ്ങൾക്കീകാൎയ്യത്തിൽ അതിയായ വ്യസനമുണ്ടാകുമെന്നു എനിക്കു നല്ല നിശ്ചയമുണ്ട്. നിങ്ങളിതിനെക്കുറിച്ചിനിയും സന്തപിക്കയാണെങ്കിൽ എനിക്കദ്ദേഹത്തോടനുതാപമേയുണ്ടാവില്ല. എൻെറ സോദരിക്കുകൂടി ജ്യേഷ്ഠത്തി വ്യസനിക്കുന്നുണ്ടല്ലോ. അതു മതി.

ജാ-കു—പാവം! വിക്രമമേനോൻ നല്ല മുഖശ്രീയുള്ളവനാണ്. പ്രസന്നതയും, പ്രസരിപ്പുമുള്ള അദ്ദേഹത്തിന്നു ജനങ്ങളുമായി വേഗത്തിൽ പരിചയിക്കാനതിസാമൎത്ഥ്യമുണ്ട്.

ദേ—ഇവരുടെ വിദ്യാഭ്യാസത്തിന്നെന്തൊ ഒരു ന്യൂനതയുണ്ടായിട്ടുണ്ട്. ഉത്തമഗുണങ്ങളെല്ലാം ശ്രീധരൻനമ്പ്യാരിൽ സ്ഥിതിചെയ്യുന്നു. അവയുടെ അസാന്നിദ്ധ്യത്താലസ്ഥനായ വിക്രമമേനോൻ അവയുടെ വിളനിലമാണെന്നു ജനങ്ങൾ വിചാരിക്കുന്നു. വിക്രമമേനോൻെറ വാണീവിലാസം വല്ലാത്തതുതന്നെ.

ജാ-കു—ശ്രീധരൻനമ്പ്യാരെക്കുറിച്ചു ദേവിയെപ്പോലെ എനിക്കൊരിസ്സല്ലും ദുരഭിപ്രായം തോന്നീട്ടില്ല.

ദേ—യാതൊരു കാരണവും കൂടാതെ എനിക്കദ്ദേഹത്തിലിഷ്ടമുണ്ടായി. അതിനെ ഒരു സാമൎത്ഥ്യമാണെന്നു ഞാൻ ധരിച്ചു. ആ ധാരണ സ്വതേതന്നെ, നേരംപോക്കുപറഞ്ഞു രസിപ്പാനിച്ഛയുള്ള എന്നെ ഈ വിഷയത്തിലേക്കു പൂൎവ്വാധികം ഉത്സാഹിപ്പിച്ചു. ഞാൻ തരം കിട്ടുമ്പോഴെല്ലാം

നമ്പ്യാരെ കളിയാക്കി രസിച്ചു. ബുദ്ധിചാതുൎയ്യം പ്രകടിപ്പിക്കാനായി ദുസ്സാമൎത്ഥ്യത്തോടെ ഫലിതങ്ങളും ഇടക്കിടെ പറഞ്ഞിട്ടുണ്ടാവാം. അല്ലാതെ കേട്ടാൽ രസിക്കാത്തവണ്ണം കൎണ്ണശല്യങ്ങളായ വാക്കുകളെ ഞാൻ ഉപയോഗിച്ചിട്ടില്ല.

ജാ-കു—ദേവി, ആ കത്തു വായിച്ച അവസരത്തിൽ നിനക്കതിനെക്കുറിച്ചുണ്ടായിരുന്ന വിചാരങ്ങൾ ഇങ്ങിനെത്തന്നെ ഗൌരവമില്ലാത്ത നിലയിലായിരുന്നുവോ? അല്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ദേ—അയ്യോ! ഗൌരവമില്ലാത്ത നിലയിലൊ? അതു വായിച്ചപ്പോളെനിക്കുണ്ടായിരുന്ന സുഖക്കേടിന്ന വിധമായിരുന്നുവെന്നു പറഞ്ഞാലാവില്ല. എന്റെയുള്ളിൽ തോന്നുന്ന വിചാരങ്ങളാരോടാണു തുറന്നു പറയുക! എന്നെ ആശ്വസിപ്പിക്കാൻ ജ്യേഷ്ഠത്തിയുണ്ടായിരുന്നുവെങ്കിൽ സുഖക്കേടിന്നു വളരെ ഭേദമുണ്ടാകുമെന്നു ഞാൻ വിചാരിച്ചു. ഞാൻ പ്രവൎത്തിച്ചതു വളരെ അവിവേകവും വിഡ്ഢിത്വവുമല്ലെന്നു പറഞ്ഞു സാന്ത്വനപ്പെടുത്താനപ്പോളൊരാളും ഉണ്ടായിരുന്നില്ല.

ജാ-കു—ശ്രീധരൻനമ്പ്യാരെ അധിക്ഷേപിച്ച് വിക്രമമേനോന്റെ കാൎയ്യം ഇത്ര ശ്രദ്ധയോടെ പറഞ്ഞതു കുറെ കവിഞ്ഞു എന്നിപ്പോൾ നിനക്കുതന്നെ തോന്നുന്നില്ലേ?

ദേ—ഉവ്വ്; തോന്നുന്നുണ്ട്. പക്ഷെ ഇനി പറഞ്ഞിട്ടെന്താണ്. എന്റെ തെറ്റിദ്ധാരണനിമിത്തമാണെനിക്കദ്ദേഹത്തോടിങ്ങിനെ സംസാരിപ്പാൻ ധൈൎയ്യമുണ്ടായത്. എന്തു ചെയ്യാം. വലിയ കഷ്ടമായിപ്പോയി. ഒരു കാൎയ്യത്തിൽ ജ്യേഷ്ഠത്തിയുടെ അഭിപ്രായമറിവാൻ ഞാനാഗ്രഹിക്കുന്നു. വിക്രമമേനോന്റെ ജളത്വം സകലരും അറിയത്തക്കവിധം പരസ്യമാക്കണ്ണെം, വേണ്ടയോ? എന്തു ചെയ്യണമെന്നു ജ്യേഷ്ഠത്തി പറയണം.

ജാ-കു-(കുറച്ചാലോചിച്ചശേഷം) നമ്മളായി അദ്ദേഹത്തെ നശിപ്പിച്ചു എന്നു വരുത്തേണ്ട. ഒന്നും പരസ്യമാക്കാതിരിക്കയാണ് നല്ലത്. ദേവിക്കെന്തു തോന്നുന്നു?

ദേ-അതു തന്നെയാണെനിക്കും തോന്നുന്നത്. കത്തിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ പരസ്യമാക്കാൻ ശ്രീധരൻനമ്പ്യാരെനിക്കധികാരം തന്നിട്ടില്ല. എന്നു മാത്രമല്ല, കമലയെ കുറിച്ചെഴുതിയതു ഞാൻ മാത്രമറിഞ്ഞാൽ മതിയെന്ന് അദ്ദേഹത്തിനു വിചാരമുണ്ട്. ഇതിനെ ഗോപ്യമായി വെച്ചു മററുള്ള സംഗതികൾ പറഞ്ഞാലാരെങ്കിലും വിശ്വസിക്കുമൊ? ശ്രീധരൻനമ്പ്യാരുടെ സ്വഭാവത്തെ ഊട്ടിക്കാർ വളരെ തെററിദ്ധരിച്ചിരിക്കുന്നു. അദ്ദേഹം സൽഗുണപരിപൂർണ്ണനാണെന്നു ഞാൻ പറഞ്ഞാലിവിടെ ആരും സമ്മതമാവില്ല. അവരെ സമ്മതിപ്പിക്കാൻ ഞാൻ സന്നദ്ധയല്ല. വിക്രമമേനോൻ വേഗത്തിൽ ഇവിടെനിന്നുപോകും. ഇപ്പോളദ്ദേഹത്തിൻെറ സ്വഭാവദൂഷ്യമറിഞ്ഞിട്ട് ആരും യാതൊരാവശ്യവുമില്ല. അല്പകാലത്തിന്നുള്ളിൽ ഇതെല്ലാവരും അറിയും. അപ്പോൾ വിക്രമമേനോൻെറ സ്വഭാവത്തെ അതുവരേയും ശരിയായി ആരും അറിവാൻ സാധിക്കാതെ വന്നതിനാൽ നമുക്കു മററുള്ളരെ പരിഹസിച്ചു രസിക്കാം. അതുകൊണ്ടിപ്പോളൊന്നും പറയേണ്ട.

ജാ-കു-ദേവി, നിൻെറ അഭിപ്രായം വളരെ ശരിയാണ്. വിക്രമമേനോൻെറ സ്വഭാവദൂഷ്യം പരസ്യമായാൽ അദ്ദേഹത്തിന്നനവധി ദോഷങ്ങൾനേരിടും. ഒരുസമയം താൻ ചെയ്ത തെററിന്നദ്ദേഹമിപ്പോൾ പശ്ചാത്തപിക്കയും മേലിൽ മര്യാദക്കാരനാവാൻ പരിശീലിക്കയും ചെയ്യുന്നുണ്ടായിരിക്കാം. നമ്മൾ അദ്ദേഹത്തിൻെറ ആഗ്രഹങ്ങളെ വേരോടെ പറിച്ചെറിയേണ്ട.

ദേവിയുടെ മനസ്സിലുണ്ടായിരുന്ന ഗുരുതരമായ ഭാര

ത്തിന്ന് ഈ സംസാരംകൊണ്ടു ലഘുത്വമുണ്ടായി. അവളുടെ മനസ്സിന്നുപദ്രവമുണ്ടാക്കിയിരുന്ന രണ്ടു സംഗതികളേയും ജാനുവിനോടു പറഞ്ഞു ദേവി തന്റെ മനസ്സിനെ സമാധാനപ്പെടുത്തി. ദേവി ഈ വൎത്തമാനം പറയുമ്പോഴൊക്കേയും സന്തോഷത്തോടെ ശ്രവിക്കുവാൻ ജാനു സന്നദ്ധയായിരുന്നു. ശ്രീധരൻനമ്പ്യാരുടെ കത്തിൽ പ്രസ്താവിച്ചിട്ടുള്ള ഒരു സംഗതി ദേവി ജാനുവിനെ ഗ്രഹിപ്പിച്ചില്ല.

ജാനു ഇപ്പോഴും ഭാസ്കരമേനോന്റെ പ്രേമഭാജനമാണെന്നുള്ള യാഥാൎത്ഥ്യം അവളെ ധരിപ്പിക്കുവാൻ ദേവിക്കു ധൈൎയ്യമുണ്ടായില്ല. ഈ സംഗതി യാതൊരാളേയും അറിയിക്കാതെ ദേവി അവളുടെ ഹൃദയത്തിൽ ഗൂഢമായിവെച്ചു. എന്തുകൊണ്ടു നോക്കിയാലും ഇതിപ്പോൾ പറയുന്നതു ഗുണകരമല്ലെന്നവൾ ബുദ്ധിപൂൎവ്വം ആലോചിച്ചുറച്ചു. ഭാസ്കരമേനോനു ജാനുവിലുള്ള ശങ്ക തീൎന്ന് അവരുടെ വിവാഹം കഴിഞ്ഞാൽ മാത്രമെ ഈ സംഗതി പുറത്തു പറയുവാൻ പാടുള്ളു. അവരുടെ വിവാഹം നടക്കുന്ന കാൎയ്യം വളരെ സന്ദിഗ്ദ്ധമാണ്. "ഒരു സമയം ഭാഗ്യം ഹേതുവായിട്ടതുണ്ടായാൽ അപ്പോൾ ഞാൻ പറയുന്നതിനേക്കാൾ വളരെ ഭംഗിയായി ഭാസ്കരമേനോൻ തന്നെ ഈ സംഗതി പറയും. ഞാൻ പറയുന്നതിൽ വിലയുണ്ടാവില്ല. എന്റെ ഹൃദയസ്ഥമായ ഈ വൎത്തമാനത്തെ ആരും വിലവെക്കാതിരിക്കുന്ന അവസരത്തിലല്ലാതെ എനിക്കു പറവാൻ തരമില്ല" എന്നു ദേവി വിചാരിച്ചു.

ദേവി വീട്ടിൽ വന്നതിന്നുശേഷം ജാനുവിന്റെ ചിത്തവൃത്തിയറിവാനായി വളരെ ശ്രദ്ധിച്ചുതുടങ്ങി. ജാനുവിന്നു സുഖമില്ല. അവൾക്കു ഭാസ്കരമേനോനിലുള്ള പ്രണയത്തിന്നു ലേശവും ഹാനി സംഭവിച്ചിട്ടില്ല. ജാനുവിനും പ്രഥമതഃ അനുരാഗമങ്കുരിച്ചിരിക്കുന്നതദ്ദേഹത്തിലാണ്. അവളുടെ പ്രായവും പ്രകൃതിയും അതിനെ ദൃഢപ്പെടുത്തി. അദ്ദേഹ

ത്തിൻെറ ആകൃതിയും പ്രകൃതിയും സദാ അവളുടെ നിൎമ്മലമായ മനോദൎപ്പണത്തിൽ പ്രതിഫലിച്ചിരുന്നു. ബുദ്ധിചാതുൎയ്യത്താലും സഹനശക്തിയാലും ജാനു വിരഹതാപം പുറത്തേക്കധികമായി കാണിച്ചിരുന്നില്ല. ഒരു ദിവസം ദേവിയോട് —

രു-അ — ദേവി, ജാനുവിൻെറ ദുഃഖം നീ കാണുന്നില്ലേ? ഭാസ്കരമേനോൻ വരില്ലേ? നിനക്കെന്തു തോന്നുന്നു? ഞാനിതിനെക്കുറിച്ച് മേലിൽ ആരോടും സംസാരിക്കില്ലെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നു. ജാനു കോഴിക്കോട്ടു താമസിച്ചിരുന്ന കാലത്തവളെ ഭാസ്കരമേനോൻ കണ്ടില്ല. ഞാൻ പലരോടും ചോദിച്ചു. അയാൾ അടുത്തൊന്നും ഇങ്ങോട്ടു വരില്ലെന്നാണു കേട്ടത്. അയാൾക്കു ലേശവും മൎയ്യാദയും തൻെറടവുമില്ല. ഇൗ പുടമുറി നടക്കുമെന്നൂഹിക്കാൻ യാതൊരു വഴിയും കാണുന്നില്ല.

ദേ — ഭാസ്കരമേനോൻ ഇനി ഇവിടെ വന്നധികം താമസിക്കുമെന്നു തോന്നുന്നില്ല.

രു-അ — ഉം, നല്ലത്. അയാളുടെ ഇഷ്ടംപോലെ ചെയ്യട്ടെ. അയാൾ വരണമെന്നാരും ആഗ്രഹിക്കുന്നില്ല. ആ ദ്രോഹി എൻെറ കുട്ടിയെ നശിപ്പിച്ചു എന്നു ഞാനെപ്പോഴും പറയും. മനോവ്യസനത്താൽ അവൾ മരിക്കട്ടെ. അപ്പോൾ തൻെറ പ്രവൃത്തിയെക്കുറിച്ചയാൾ വ്യസനിക്കും.

ഏതാദൃശങ്ങളായ മാതൃവചനങ്ങൾ ദേവിക്കൊട്ടും രസിക്കായ്കയാൽ അവൾ മറുവടി പറഞ്ഞില്ല. വീണ്ടും —

രു-അ — ദേവി, കേളുമേനോനും ഭാൎയ്യയും സുഖമായി ജീവിക്കുന്നുണ്ട്. ഇല്ലേ? വേണ്ടതു തന്നേ. അവർ അനേകകാലം സുഖിക്കട്ടേ. അമ്മാളുക്കുട്ടിക്കു ഗൃഹഭരണത്തിൽ നല്ല സാമൎത്ഥ്യമുണ്ട്. അവളുടെ അമ്മയും ആ വിഷയത്തിൽ സമൎത്ഥയാണ്. അനാവശ്യമായി ഒരു പൈ പോലും ചിലവാക്കില്ല. അമ്മയുടെ പകുതി സാമൎത്ഥ്യം മകൾക്കുണ്ടെ

ങ്കിൽ ചിലവു കഴിച്ചുവള്ളിപ്പോൾ കുറെ സമ്പാദിച്ചിട്ടുണ്ടാവും. അവളും കേളുമേനോനും മുല്ലവളപ്പിനെ കുറിച്ചു സദാ സംസാരിക്കാതിരിക്കില്ല. നിങ്ങളുടെ അച്ഛൻ മരിച്ചാൽ ഇതെല്ലാം അവരുടെ സ്വന്തമായി എന്നവർ വിചാരിക്കുന്നുണ്ട്.

ദേ—ഇതിനെ സംബന്ധിച്ചു യാതൊന്നും അവർ ഞാൻ കേൾക്കെ പറഞ്ഞിട്ടില്ല.

ഉ–അ—പിന്നെ, നീ കേൾക്കേ പറയുമോ? വിഡ്ഢി! അവർ സ്വകാര്യമായി പറയാതിരിക്കില്ല. അന്യായമായ സ്വത്തിനെ കൈവശമാക്കി അവക്ക് സുഖിക്കാൻ സാധിക്കുമെങ്കിൽ അങ്ങിനെ ചെയ്യട്ടേ. ആരാന്റെ മുതലിനെ എന്റേതാണെന്നു വിചാരിക്കാൻ സംഗതി വന്നാലെനിക്കാണെങ്കിൽ വല്ലാത്ത ലജ്ജ തോന്നും.

## നാല്പതാമദ്ധ്യായം.

ജാനു മുതലായവർ മുല്ലവളപ്പിൽ വന്നിട്ട് ഒരാഴ്ചയിലധികമായിരിക്കുന്നു. വിക്രമമേനോനും മറ്റും അഞ്ചാറു ദിവസത്തിന്നുള്ളിൽ ആ പ്രദേശം വിടുവാൻ നിശ്ചയിച്ചതിനാൽ ഭദ്രയും ലീലയും വ്യസനാർണ്ണവത്തിൽ മുങ്ങി. ഈ കുട്ടികളുടെ വ്യസനം ഇത്രയെന്നു പറയുവാൻ പ്രയാസം. ജ്യേഷ്ഠത്തിമാർ ദുഃഖം പ്രദർശിപ്പിക്കാഞ്ഞു കാരണം ഇവർ ഇടക്കിടെ അവരെ ശകാരിച്ചിരുന്നു. "ദൈവമേ! ഇനി എങ്ങിനെയാണിവിടെ കഴിച്ചുകൂട്ടുക. ഞങ്ങളെന്താണ് ചെയ്യേണ്ടത്? ദേവ്യേടത്തി! നിങ്ങളെങ്ങിനെ ഇനി ഉത്സാഹത്തോടിരിക്കുന്നു?" എന്നും മറ്റും കുട്ടികൾ പലപ്പോഴും അവരുടെ വ്യസനാധിക്യത്താൽ പറഞ്ഞിരുന്നു. കുട്ടികളുടെ പ്രിയമാതാവും അവരോടൊപ്പം സഹതപിച്ചു. ഇരുപത്തഞ്ചുകൊല്ലം

മുമ്പ് ഇങ്ങിനേയുള്ളോരവസ്ഥ താനനുഭവിച്ചത് ഈ സമയത്തു രുഗ്മിണിയമ്മ ഓൎമ്മവന്നു.

രു-അ — ഈ മാതിരി ഒരു സംഭവംനിമിത്തം രണ്ടു ദിവസം മുഴുവനും ഞാനിരുന്നു കരഞ്ഞിട്ടുണ്ട്. സങ്കടംകൊണ്ടു എന്റെ ഹൃദയം തകൎന്നുപോകുമെന്നു വിചാരിച്ചു.

ലീല — അയ്യോ! എന്റെ ഹൃദയം ഇപ്പോൾ തകരും സംശയമില്ല.

രു-അ — മധുരക്കു പോകാൻ സാധിച്ചാലെത്ര നന്നായിരുന്നു.

ലീല — അതെ, ഒരാൾക്കെങ്കിലും സാധിച്ചാൽ. എന്തു ചെയ്യുക? അച്ഛൻ സമ്മതിക്കുന്നില്ലല്ലോ.

രു-അ — ഈശ്വരാ! മരിക്കുന്നതിലകത്ത് ഒന്നു സേതുസ്നാനം ചെയ്യുവാൻ സാധിക്കുമൊ! എന്റെ എന്തൊരു ദുഷ്കൎമ്മശക്തികൊണ്ടോ ഈ കുട്ടികളിങ്ങിനെ ഭൎത്താക്കന്മാരുണ്ടാവാതിരിക്കുന്നത്.

ലീല — മധുരമീനാക്ഷിയെ ദൎശിച്ചാൽ മംഗല്യത്തിന്നു വളരെ വിശേഷമാണെന്നു ചെറിയമ്മ പറയാറുണ്ട്. അമ്മ, എന്തൊരു കഷ്ടമാണിത്! ഒരു മുല്ലവളപ്പും, മുണ്ടക്കാടും, മൂരിയാടുമായി കഴിച്ചുകൂട്ടണം. ആളും മനുഷ്യരുമില്ലാത്ത ഇങ്ങിനത്തെ സ്ഥലം ലോകത്തിൽ വേറെ എവിടേയുമുണ്ടാവില്ല. വല്ലവരും ക്ഷണിച്ചാൽകൂടി പുറത്തെങ്ങാനും പോകുവാൻ അച്ഛൻ സമ്മതിക്കില്ല. അച്ഛനൊട്ടു കൂട്ടിക്കൊണ്ടുപോകയുമില്ല. എന്തൊരുപദ്രവം!

ഈ മാതിരി പ്രലാപങ്ങൾ മുല്ലവളപ്പിൽ സതതം നടന്നുകൊണ്ടിരുന്നു. ഇവ കേട്ടു രസിക്കുവാനായി ദേവി ശ്രമിച്ചു എങ്കിലും സന്തോഷത്തിന്നു പകരം ലജ്ജയാണവൾക്കുണ്ടായത്. ശ്രീധരൻനമ്പ്യാർ പറഞ്ഞതെല്ലാം എത്രയോ യഥാൎത്ഥമായിട്ടുള്ളതാണെന്നും, അദ്ദേഹം സ്നേഹിതന്റെ കാൎയ്യത്തിൽ പ്രവേശിച്ചതു ക്ഷന്തവ്യമായിട്ടുള്ളതാണെന്നും ദേവിക്കു ബോദ്ധ്യമായി.

ശങ്കരമേനോന്റെ ഭാൎയ്യയായ കാമാക്ഷിയമ്മ ലീലയെ മധുരാക്കു ക്ഷണിച്ചതു നിമിത്തം അവളുടെ മൌഢ്യം വളരെ വേഗത്തിൽ ശമിച്ചു. ലീലയുടെ പ്രിയ സുഹൃത്തായ കാമാക്ഷിയമ്മക്കു പ്രായം നന്നെ ചെറുപ്പമാണ്. ശങ്കരമേനോൻ അയമ്മയെ വിവാഹം ചെയ്തിട്ട് കുറച്ചു ദിവസമേ ആയിട്ടുള്ളു. കാമാക്ഷി അമ്മയുടേയും ലീലയുടേയും സ്വഭാവസാമ്യം കാന്തം ഇരുമ്പിനെ എന്നപോലെ അവരെ പരസ്പരം ആകൎഷിക്കുകയും മൂന്നാലുമാസത്തെ പരിചയംകൊണ്ടവർ ആത്മസുഹൃത്തുക്കളായി തീരുകയും ചെയ്തു. ലീലയെ മധുരാക്കു ക്ഷണിച്ചതിനാൽ അവൾക്കുണ്ടായ പ്രമോദവും, കാമാക്ഷി അമ്മയെക്കുറിച്ചുള്ള അവളുടെ സ്തുത്യവും, രുഗ്മിണിയമ്മയുടെ സന്തുഷ്ടിയും, ഭദ്രയുടെ ദുഃഖവും അവൎണ്ണനീയങ്ങളായിരുന്നു.

ഭദ്രയുടെ സങ്കടത്തെ ലേശവും ഗണ്യമാക്കാതെ ലീല കളിച്ചുചിരിച്ചു ലഹളകൂട്ടി സന്തോഷത്തോടെ അങ്ങുമിങ്ങും ഓടിത്തുടങ്ങി. വിഗതഭാഗ്യയായ ഭദ്ര അന്യായമായി പലതും പിറുപിറുത്തുകൊണ്ടവളുടെ അദൃഷ്ടത്തെക്കുറിച്ചു സന്തപിച്ചു. "കാമാക്ഷിയമ്മ എന്തുകൊണ്ടെന്നെ ക്ഷണിച്ചില്ല? ഞാനയമ്മയുടെ പ്രത്യേകസഖിയല്ലെങ്കിലും എന്നേയും ക്ഷണിക്കാനവകാശമില്ലേ? ലീലയേക്കാൾ ഞാൻ ഒരു വയസ്സിനു മേലെയാകയാൽ എന്നെയല്ലേ ആദ്യം ക്ഷണിക്കേണ്ടത്? ശങ്കരേട്ടന് ഞങ്ങൾതമ്മിലെന്താവ്യത്യാസം? ഞങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അമ്മാമന്റെ പേരമക്കളല്ലേ? ലീലക്കെന്താണൊരു വിശേഷം?" ഭദ്ര ഇങ്ങിനെ പലതും പറഞ്ഞുതുടങ്ങി. ഭദ്രയെ സാന്ത്വനപ്പെടുത്തുവാനായി ജാനുവും, ദേവിയും വൃഥാ യത്നിച്ചു.

കാമാക്ഷിയമ്മയുടെ ക്ഷണനമനുസരിച്ച് ലീല പോകുന്നതു ഭംഗിയല്ലെന്നു ദേവിക്കു തോന്നി. ഈ അഭിപ്രായം പുറത്തു പറഞ്ഞാൽ രുഗ്മിണിയമ്മയും ലീലയുംകൂടി അവളെ

കഠിനമായി ശകാരിക്കുമെന്നവൾക്കുറപ്പുണ്ടായിരുന്നുവെങ്കിലും അവൾ രഹസ്യമായി സ്വാഭിപ്രായത്തെ ബാലകൃഷ്ണമേനോനോടു പറയാതിരുന്നില്ല. ലീലയുടെ അപരിഷ്കൃതബുദ്ധിയും മര്യാദാരഹിതമായ നടവടികളും, കാമാക്ഷിയമ്മയുമായുള്ള സഖ്യത്താൽ ലഭിക്കാവുന്ന ഗുണദോഷങ്ങളും, അവൾ വഴിപോലെ അച്ഛനെ ധരിപ്പിച്ചു. ദുസ്വഭാവങ്ങൾ ശീലിക്കുവാൻ സ്വഗൃഹത്തെക്കാൾ പല മാർഗ്ഗങ്ങളുള്ളതായ ഒരു പട്ടണത്തിൽ ഇങ്ങിനെയുള്ളൊരു ചങ്ങാതിയോടുകൂടി താമസിക്കുന്നതായാൽ ലീല ഇപ്പോഴത്തെക്കാൾ താന്തോന്നിയാകുവാനെളുപ്പമുണ്ടെന്നും പറഞ്ഞു. ദേവിയുടെ സംഭാഷണം സശ്രദ്ധം കേട്ടശേഷം—

ബാ-കൃ-മേ — ദേവീ, വല്ല പട്ടണങ്ങളിലും പോയി തന്റെ പ്രതാപമൊന്നു നടിക്കുവാൻ സാധിക്കുന്നതുവരെ ലീല സ്വസ്ഥയായിരിക്കില്ല. എന്നാലതിപ്പോൾ തന്നെയാവട്ടെ. ഇപ്പോഴായാൽ നമുക്കു യാതൊരു ബുദ്ധിമുട്ടും അറിയേണ്ട. ചിലവും വേണ്ടിവരില്ല. ശങ്കരന്റെയൊരുമിച്ചല്ലെ പോകുന്നത്? കുഡുംബക്കാർക്കു അസൗകര്യമൊന്നുമുണ്ടാക്കാതെ അവളുടെ അഭീഷ്ടസിദ്ധിക്കിതുപോലെ ഒരു സൗകര്യം കിട്ടുവാൻ പ്രയാസമാണ്.

ദേ — ശങ്കരേട്ടന്റെ ഒരുമിച്ചു പോകുന്നതിൽ വിരോധമുണ്ടായിട്ടല്ല. അച്ഛാ, ലീലയുടെ വിവേകശൂന്യമായ സ്വഭാവചാപല്യങ്ങൾ മൂലം നമുക്കു സംഭവിക്കാവുന്ന, അല്ല സംഭവിച്ചിട്ടുള്ളതായ, ദോഷങ്ങൾ അച്ഛനറിഞ്ഞിട്ടുണ്ടെങ്കിൽ ഒരിക്കലും ഇങ്ങിനെ പറയില്ല.

ബാ-കൃ-മേ — സംഭവിച്ചിട്ടുള്ളതോ? എന്താണത്? നിങ്ങളുടെ വല്ല കാമുകന്മാരേയും അവൾ ഭയപ്പെടുത്തി ഓടിച്ചുവോ? ദേവീ, കുണ്ഠിതപ്പെടേണ്ട. കുറേശ്ശവിഡ്ഢിത്വവും മററും സഹിപ്പാൻ വയ്യാതെ അത്ര വേഗത്തിൽ ശുണ്ഠിയെടുത്തോടുന്നവരുടെ നഷ്ടം വിലവെക്കത്തക്കതല്ല. ലീല ഓടിച്ചവർ ആരെല്ലാമാണ്? കേൾക്കട്ടെ.

ദേ— അച്ഛനെന്താണിങ്ങിനെ പറയുന്നത്. ഈ മാതിരി ഉപദ്രവങ്ങളൊന്നും എനിക്ക പറയുവാനില്ല. നമ്മുടെ കുടുംബത്തിലേക്കൊട്ടാകെ ബാധിക്കുന്നതല്ലാതെ പ്രത്യേകമായ ഒരു ഉപദ്രവങ്ങളെക്കുറിച്ചുമല്ല ഞാനാക്ഷേപിക്കുന്നത്. ലീലയുടെ അടക്കമില്ലായ്മയും ചാപല്യങ്ങളും നമ്മുടെ തറവാട്ടുയോഗ്യതയേയും, മാന്യതയേയും, മലിനീകരിക്കും. ദേഷ്യപ്പെടരുതെ, അച്ഛാ! കാര്യം പറയാതെ കഴിയില്ല. ലീല വലിയ ധിക്കാരിയാണ്. ലേശവും അടക്കമില്ലാത്ത അവളുടെ നടവടികളെ അമച്ച് ചെയ്യാൻ വൈകിയിരിക്കുന്നു. ഈ മാതിരി താന്തോന്നിയായി നടക്കുവാൻ വിട്ടാൽ മേലിൽ പിടിച്ചാൽ നില്ക്കാത്തവിധത്തിൽ അവൾ വഷളായി തീരും. പിന്നീടനുതപിച്ചിട്ട പ്രയോജനമുണ്ടാവില്ല. ദുസ്സ്വഭാവം വേരൂന്നി പതിനഞ്ചു വയസ്സാകുമ്പോഴക്ക് അവൾ തനിക്കും കുടുംബത്തിന്നും ഒരുപോലെ അപമാനം വലിച്ചു കൂട്ടുന്ന ഒരു ചപലയായിത്തീരും. ഏതൊരു കുത്സിതപ്രവൃത്തി ചെയ്വാനും ലജ്ജിക്കാത്ത ചപലാഗ്രഗണ്യയാകുമെന്നു മടികൂടാതെ പറയാം. കണ്ടാലൊരുവിധം വേണ്ടില്ലെന്നുള്ളതല്ലാതെ വേറെ ഒരു ഗുണവും അവൾക്കില്ല. വിദ്യാഭ്യാസം മോശമാകുന്നു. തീരെ അജ്ഞയുമാണ്. ലോകഗതി അറിവാനുള്ള കോപ്പ് അവളുടെ ഹൃദയത്തിന്നില്ല. അതുകൊണ്ട് പരാകൃഷ്ണമോഹം ഹേതുവായിട്ടുള്ള അവളുടെ പ്രവൃത്തിമൂലം ഉണ്ടാകാവുന്ന ലോകനിന്ദയെ തടുക്കുവാനൊ അവൾ അതിൽ നിന്നൊഴിയുവാനോ ശക്തയല്ല. ഭദ്രക്കുട്ടി ഈ അപകടത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ലീലയുടെ വാക്കുകളെ അണുപോലും തെററിക്കാതെ അവളും അനുഷ്ഠിക്കുന്നു. അഹംഭാവം, അജ്ഞത, അടക്കമില്ലായ്മ, മടി മുതലായ ദുർഗ്ഗുണങ്ങൾ ഇവരിൽ പരിപൂർണ്ണമായുണ്ട്. കഷ്ടം! അച്ഛാ, ഇവർ വല്ല ദിക്കിലും പോയാൽ പരപുച്ഛത്തിനു

പാത്രീഭവിക്കില്ലെന്നച്ഛൻ വിചാരിക്കുന്നുവൊ? ഇവരുടെ ജ്യേഷ്ഠത്തിമാരായ ഞങ്ങൾക്കുകൂടി അതിൽ ഒരു ഭാഗം പററില്ലെ? ഞങ്ങളും പരപരിഹാസത്തിന്നു ഭാഗഭാക്കുകളായി തീരാതിരിക്കുമൊ? നഞ്ഞു നാനാഴി വേണ്ട. ഒരു തറവാട്ട നശിപ്പിക്കുവാൻ ഇപ്രകാരമുള്ള ഒന്നു മതി. "മുളയിൽ തന്നെ നുള്ളുക" എന്നച്ഛൻ തന്നെ ഞങ്ങളോട്ടു പലപ്പോഴും പറഞ്ഞിട്ടില്ലെ?

ദേവി നിർവ്യാജമായ വ്യസനത്തോടെയാണിതെല്ലാം പറയുന്നതെന്നു ബാലകൃഷ്ണമേനോൻ മനസ്സിലാക്കി. സ്നേഹപൂർവ്വം ദേവിയുടെ പുറത്തു തലോടിക്കൊണ്ട്—

ബാ. കൃ. മേ— ദേവി, നീ എന്തിനിങ്ങിനെ അസ്വാസ്ഥ്യപ്പെടുന്നു? നിന്നെയും ജാനുവിനേയും ആരു കാണുന്നതായാലും ആദരിക്കയും ബഹുമാനിക്കയും ചെയ്യും. ഭോഷകളായ രണ്ടനുജത്തിമാരുള്ളതുകൊണ്ടു നിങ്ങളുടെ ബഹുമതിക്ക് യാതൊരു കുറവും സംഭവിക്കില്ല. ചളിയിൽനിന്നു മുളച്ചു ചണ്ടിയാൽ ചുററപ്പെട്ടു നില്ക്കുന്ന ഒന്നാകുന്നു താമരപ്പൂവ്. ഇതു വിചാരിച്ചാരെങ്കിലും അതിനെ നിന്ദിക്കാറുണ്ടോ? ഇല്ല. നേരെ മറിച്ചെല്ലാവരും അതിനെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. നല്ല വസ്തുക്കൾ എവിടെയായാലും, എങ്ങിനെയായാലും ആദരിക്കപ്പെടും. ലീലയെ മധുരക്കയക്കാഞ്ഞാൽ ഇവിടെ ഒരു നിമിഷവും സ്വൈരമുണ്ടാവില്ല. അതുകൊണ്ടവൾ പോയി വരട്ടെ. ശങ്കരൻ വേണ്ടപോലെ നോക്കും. അവൾ കുട്ടിയല്ലെ? അതുകൊണ്ടാരുടേയും 'ഇരക്കു' വിഷയീഭവിക്കില്ല. മധുരയും മററും ഇവിട്ടത്തെപ്പോലെയല്ല. അവിടെ അവളെ ആര് വിലവെക്കും? ഏതവസ്ഥകൊണ്ടും അവളെക്കാൾ എത്രയോ മാന്യകളവിടെയുണ്ടാവും. അതുകൊണ്ടങ്ങോട്ടു പോകുന്നതായാൽ അവളുടെ എളിയവസ്ഥയെക്കുറിച്ചവളൊരു പാഠം പഠിക്കുമെന്നു വിചാരിക്കുക.

ഈ മറുപടി കേട്ടതിന്നുശേഷം ദേവിയാതൊന്നും സംസാരിച്ചില്ല. അവൾക്കാദ്യമുണ്ടായിരുന്ന അഭിപ്രായം ഇപ്പോഴും സുസ്ഥിരമായിത്തന്നെയിരുന്നു. അവൾ വ്യസനസമേതം ഇച്ഛാഭംഗത്തോടെ അവിടെനിന്നു പോയി. വ്യസനകരങ്ങളായ കാൎയ്യങ്ങളെ സന്തതം ചിന്തിച്ച വ്യസനം വൎദ്ധിപ്പിക്കുന്ന സ്വഭാവം അവൾക്കില്ല. സ്വകൃത്യം നിൎവ്വഹിച്ചതായി അവൾ സമാധാനിച്ചു. അനിവാൎയ്യങ്ങളായ ആപത്തുകളെക്കുറിച്ച സദാ ദുഃഖിക്കുകയൊ, ഉല്ക്കണ്ഠയാൽ ആ ദുഃഖത്തെ വൎദ്ധിപ്പിക്കുകയൊ ചെയ്യുന്ന സ്വഭാവമല്ല അവൾക്കുള്ളത്.

ബാലകൃഷ്ണമേനോനും ദേവിയും തമ്മിലുണ്ടായ സ്വകാൎയ്യസംഭാഷണം രുഗ്മിണിയമ്മയൊ ലീലയൊ അറിഞ്ഞിരുന്നാൽ അവർ രണ്ടാളുംകൂടി അവളെ പച്ചയോടെ നിൎത്തിതിന്നുമായിരുന്നു. മധുര ദൎശിച്ചാൽ ഐഹികസുഖം അത്രയും സഫലമായി എന്നായിരുന്നു ലീലയുടെ വിചാരം. ജനബഹുലമായ മധുരാപട്ടണവും, മാഹാത്മ്യമേറിയ ശ്രീ മീനാക്ഷീക്ഷേത്രവും, അത്യുന്നതങ്ങളായ ഗോപുരങ്ങളും, തിരുമലനായ്ക്കരുടെ കോട്ടയും, മററും അവൾ മനോരാജ്യത്തിൽ ദൎശിച്ചു. ഇപ്പോൾ അവൾക്കു തീരെ അപരിചിതന്മാരായിരിക്കുന്ന പലരുടേയും ബഹുമാനശ്രദ്ധാദരങ്ങൾക്കവൾ പാത്രീഭൂതയായിരിക്കുന്നതായും കണ്ടു. സായാഹ്നസമയത്തു നാനാവിധ ദീപശിഖകളാൽ ദേദീപ്യമാനമായിരിക്കുന്ന മധുരാപട്ടണവും, ക്ഷേത്രവും, മററു പല വിനോദക്കാഴ്ചകളും അവളുടെ മാനസികദൃഷ്ടിക്കു ഗോചരമായി. നയനാനന്ദകരമായ ഈ മാതിരി കാഴ്ചകളിൽനിന്നു തന്നെ ദൂരീകരിക്കുവാനായി തൻെറ ജ്യേഷ്ഠത്തി ശ്രമിച്ചതായറിഞ്ഞാൽ ലീലയുടെ സ്തോഭങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് എതാനും അവളുടെ സ്വഭാവത്തോടു സാമ്യമുള്ളതായ അവളുടെ അമ്മയ്ക്കു തന്നെയെ അറിഞ്ഞുകൂടു. മധുരയ്ക്കു പോകുവാൻ സാധിക്കായ്കകാ

രണം രുഗ്മിണിയമ്മയ്ക്കുണ്ടായിരുന്ന സുഖക്കേട് ലീലയുടെ യാത്രയാൽ കുറഞ്ഞൊന്നു ശമിച്ചു. ലീല പോകുന്നതുവരെ അമ്മയുടെ സന്തോഷത്തിന്നു യാതൊരു തടസ്ഥവും സംഭവിച്ചില്ല.

വിക്രമമേനോൻ മൂരിയാട്ട വിടുന്നതിന്നു മുമ്പു മല്ലവമഠപ്പിൽ യാത്ര പറയുവാനായി ചെന്നു. ദേവി ചെറുശ്ശേരിയിൽനിന്നു മടങ്ങിയതിന്നുശേഷം അദ്ദേഹത്തെ പലപ്പോഴും കണ്ടിട്ടുള്ളതിനാൽ ഇപ്പോഴവളുടെ ക്ഷോഭം വളരെ അടങ്ങിയിരിക്കുന്നു. പ്രഥമദൃഷ്ടിയിൽ അവൾക്കു സന്തോഷമുണ്ടാക്കിയിരുന്നതായ അദ്ദേഹത്തിൻെറ പ്രസന്നസ്വഭാവത്തിൽ കപടവും, വഞ്ചനയും, അടങ്ങിയിരിക്കുന്നതായി അവൾ മനസ്സിലാക്കി. അവളോടുള്ളദ്ദേഹത്തിൻെറ താല്പൎയ്യലികനടവടിയിൽ അവൾക്കു പ്രത്യേകിച്ചും നിരസം തോന്നി. അവളിൽ അദ്ദേഹം ആദ്യകാലത്തു പ്രകടിപ്പിച്ചിരുന്ന സ്നേഹം ഭരങ്ങൾ വീണ്ടും ഇങ്ങിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ളംഗ്രഹം പ്രദൎശിപ്പിച്ചപ്പോൾ അവൾക്കു കഠിനമായ കോപമുണ്ടായി. അവളെ ഈ മാതിരി നിസ്സാരവിഷയങ്ങൾക്കുള്ള ഒരു ഭാജനമായി അദ്ദേഹം തിരഞ്ഞെടുത്തതിനാൽ അവൾക്കദ്ദേഹത്തോടുണ്ടായിരുന്ന അനുകമ്പ തീരെ നശിച്ചു. അവളുടെ ഉഗ്രകോപത്തെ അവൾ ബലമായി അടക്കി. അദ്ദേഹത്തിന്നവളിലുണ്ടായിരുന്ന പ്രതിപത്തി നശിച്ചിട്ടെത്രകാലമായിരുന്നാലും ശരി, അതു നശിക്കുവാനുള്ള കാരണം എന്തായിരുന്നാലും വേണ്ടതില്ല, അദ്ദേഹം ആ പ്രതിപത്തി എപ്പോൾ പ്രത്യക്ഷപ്പെടുത്തുന്നതായാലും അവളതിനെ സാദരം സ്വീകരിച്ചദ്ദേഹത്തെ ഇഷ്ടപ്പെടുമെന്നുള്ള അദ്ദേഹത്തിൻെറ വിശ്വാസം അവളെ ലജ്ജിതയാക്കി.

ശങ്കരമേനോൻ മധുരയ്ക്കു പോകുവാൻ തീൎച്ചപ്പെടുത്തിയ ദിവസം ഉച്ചയ്ക്കദ്ദേഹത്തിന്നും സ്നേഹിതന്മാൎക്കും മല്ലവമഠപ്പിൽ ഒരു ചായസല്ക്കാരമുണ്ടായി. അന്നേദിവസം തന്നെ

യാണ് വിക്രമമേനോനും മുല്ലവളപ്പിൽ യാത്ര പറയുവാൻ ചെന്നത്. വിക്രമമേനോനുമായിട്ട് സൌഹാർദ്ദത്തോടെ പിരിയുവാൻ ദേവിക്കിഷ്ടമില്ലാതിരുന്നതുകൊണ്ട് അദ്ദേഹം അവളോടു ചെറുശ്ശേരിയിലെങ്ങിനെയാണ് കുറെ ദിവസം കഴിച്ചുകൂട്ടിയതെന്നു ചോദിച്ചപ്പോൾ ശ്രീധരൻനമ്പ്യാരും, കുമാരൻനമ്പ്യാരും മൂന്നാഴ്ചയോളം അവിടെയുണ്ടായിരുന്ന വിവരം പറയുകയും കുമാരൻനമ്പ്യാരെ അറിയുമൊ എന്നദ്ദേഹത്തോടു ചോദിക്കുകയും ചെയ്തു. ഈ ചോദ്യം കേട്ട മാത്രയിൽ അദ്ദേഹത്തിൻെറ മുഖത്ത് ആശ്ചര്യ്യ,നീരസ,ഭയവികാരങ്ങൾ മിന്നൽപിണർപോലെ ക്ഷണേന സ്ഫുരിച്ചു. ഉടനെ തന്നെ പൂർവ്വാവസ്ഥയെ ഭാവിച്ച് --

വി: മേ—(മന്ദഹാസത്തോടെ) കുമാരൻനമ്പ്യാരെ അറിയില്ലെ എന്നൊ? 'ഭാരതീഭൂഷണം' പത്രാധിപരെ അറിയാത്തവർ മലബാറിലുണ്ടാകുമൊ? അദ്ദേഹത്തെ ഞാൻ നല്ലവണ്ണമറിയും. അദ്ദേഹം ആകപ്പാടെ വേണ്ടില്ല. നിങ്ങളുടെ അഭിപ്രായമെന്താണ്?

ദേ—അദ്ദേഹം മാന്യനായ ഒരു യോഗ്യനാണ്. സംശയമില്ല.

വി: മേ—(ഉദാസീനതയോടെ) ചെറുശ്ശേരിയിലെത്ര ദിവസം താമസിച്ചു?

ദേ— കഷ്ടിച്ചു മൂന്നാഴ്ചയോളം.

വി: മേ—നിങ്ങളദ്ദേഹത്തെ പലപ്പോഴും കണ്ടിട്ടുണ്ടായിരിക്കാം?

ദേ—ഉവ്വ്. മിക്ക ദിവസങ്ങളിലും കണ്ടിട്ടുണ്ട്.

വി: മേ—അദ്ദേഹത്തിൻെറ ചിത്തവൃത്തികൾ ശ്രീധരൻനമ്പ്യാരുടേതുപോലെയല്ല. അവർ തമ്മിൽ വളരെ വ്യത്യാസമുണ്ട്.

ദേ—ശരിയാണ്. അവർ തമ്മിൽ വളരെ അന്തരമുണ്ട്. എന്നാൽ അടുത്തു പരിചയിക്കുംതോറും ശ്രീധരൻനമ്പ്യാരുടെ സ്വഭാവം നന്നായി കാണുന്നു.

വി: മേ—(സസംഭ്രമം) അതുവ്വൊ? സംഭാഷണരീതിയിലാണൊ നന്നായിരിക്കുന്നത്? മൎയ്യാദയോടെ സംസാരിക്കുവാൻപഠിച്ചിരിക്കുന്നുവൊ? അദ്ദേഹത്തിന്റെ ഹൃദയം പരിഷ്കരിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല.

ദേ—ശരി. അദ്ദേഹത്തിന്റെ ഹൃദയത്തിന്നു യാതൊരു വ്യത്യാസവും വന്നിട്ടില്ല. അതു പണ്ടത്തെപ്പോലെതന്നെ ഇരിക്കുന്നു.

ദേവി ഇങ്ങിനെ പറഞ്ഞപ്പോൾ അവളുടെ വാക്കു വിശ്വസിച്ചു സന്തോഷിക്കാമൊ, അതൊ ദ്വയാൎത്ഥങ്ങളോടുകൂടിയവയൊ എന്നു ശങ്കിച്ചു വിക്രമമേനോൻ അല്പം സംഭ്രമിച്ചു.

ദേ—അടുത്തു പരിചയിക്കുംതോറും അദ്ദേഹത്തിന്റെ സ്വഭാവം നന്നായി കാണുന്നു എന്നു പറഞ്ഞത് അദ്ദേഹത്തിന്റെ ഹൃദയത്തെ സംബന്ധിച്ചല്ല. സ്വഭാവം ശരിയായി മനസ്സിലാക്കുവാനെനിക്കു സാധിച്ചു എന്നു മാത്രമാകുന്നു.

വിക്രമമേനോന്റെ ഭയം ദ്വിഗുണീഭവിച്ചു. അദ്ദേഹം അല്പനേരം നിശ്ശബ്ദനായിരുന്നു. വീണ്ടും തന്റെ ഭയശങ്കകളെ ദൂരീകരിച്ച് മൃദുസ്വരത്തിൽ—

വി: മേ—ശ്രീധരൻനമ്പ്യാരെക്കുറിച്ചുള്ള എന്റെ അഭിപ്രായം ഇന്നതെന്നു നിങ്ങൾക്കറിയാമല്ലൊ. അതുകൊണ്ടു ലൌകികോചിതമായ നടവടികളെ പുറമെ കാണിപ്പാനെങ്കിലും അദ്ദേഹം പഠിച്ചതിലെനിക്കു നിഷ്കളങ്കമായ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ ഗൎവ്വം പലൎക്കും ഉപകാരപ്രദമായി തീരും. ചെറുശ്ശേരിയിൽനിന്നദ്ദേഹം നിങ്ങളോടു കാണിച്ച മൎയ്യാദയും, ആദരവും സ്ഥായിയായിരിക്കുമൊ എന്നു സംശയം. അദ്ദേഹത്തിന്നു വലിയമ്മയെ വളരെ ബഹുമാനമുള്ളതുകൊണ്ട് അവരുടെ ദുരഭിപ്രായത്തെ ശങ്കിച്ചു തല്ക്കാലം സൌശില്യം പ്രദൎശിപ്പിച്ചു

തായിരിക്കണം. വലിയമ്മയുടെ സമീപത്തിരിക്കുമ്പോൾ അദ്ദേഹത്തിന്നവരെക്കുറിച്ചുള്ള ഭീതി ഏററവും ബലവത്തായിട്ടുള്ളതാണെന്ന് എനിക്കറിയാം. അതിന്നുള്ള മുഖ്യകാരണം കൊച്ചുലക്ഷ്മിയെ വിവാഹം ചെയ്യാനുള്ള അദ്ദേഹത്തിൻെറ ദൃഢമായ ആഗ്രഹമാകുന്നു.

ഇതെല്ലാം കേട്ടപ്പോൾ ദേവിക്കുണ്ടായ മന്ദഹാസമടക്കുവാൻ അവളശക്തയായി. വിക്രമമേനോൻ പറഞ്ഞതിനെ അനുവദിക്കുന്നു എന്ന ഭാവത്തിൽ ദേവി ശിരഃകമ്പനം ചെയ്തു. വിക്രമമേനോൻ തൻെറ പൂവ്വികവ്യസനവത്തമാനങ്ങളെ പറഞ്ഞു ദേവിയുടെ ശ്രദ്ധയെ വീണ്ടും ആകഷിക്കുവാനാഗ്രഹിക്കുന്നതായി അവൾക്കു മനസ്സിലായി. പക്ഷെ അതിന്നവൾ അനുകൂലിച്ചില്ല.

അന്നു വൈകുന്നേരം വരെ വിക്രമമേനോൻ സന്തോഷം നടിച്ചു കഴിച്ചുകൂട്ടി. ദേവിയിൽ യാതൊരു പ്രത്യേകതയും പ്രദശിപ്പിക്കുവാൻ ശ്രമിച്ചില്ല. വൈകുന്നേരം വിക്രമമേനോൻ മയ്യാദയോടെ യാത്ര പറഞ്ഞു പിരിഞ്ഞു. മേലിൽ പരസ്പരം കാണ്മാൻ സംഗതിയാവരുതെന്ന് ഇരുകൂട്ടരും ആഗ്രഹിച്ചു.

പിറേറദിവസം ഉഷസ്സിന്നു മുമ്പായി ശങ്കരമേനോൻ മധുരക്കു പോകുവാൻ നിശ്ചയിച്ചിരുന്നതിനാൽ ലീല അന്നു വൈകുന്നേരം തന്നെ കാമാക്ഷിയമ്മയോടുകൂടി മൂരിയാട്ടേക്കു പോയി. അവൾ വീട്ടിൽനിന്നു പിരിയുമ്പോൾ വ്യസനത്തെക്കാൾ ഘോഷമാണുണ്ടായത്. ഒട്ടു മാത്രം കരഞ്ഞു. അവളുടെ കരച്ചിലിന്നുള്ള കാരണം അസൂയയല്ലാതെ മററൊന്നുമല്ല

പുത്രിയുടെ സൌഭാഗ്യാത്ഥം തങ്കമിണിയമ്മ ആശിസ്സു സുലഭമായി കോരിച്ചൊരിഞ്ഞു. എല്ലാ വിനോദങ്ങളും നിവ്വിഘ്നം അനുഭവിക്കണമെന്നു അയമ്മ അനുഗ്രഹിക്കുകയും നിബ്ബന്ധപൂവ്വം ഉപദേശിക്കുകയും ചെയ്തു. ഈ ഉപദേശത്തെ

ലീല ശിരസാ വഹിച്ചു. യാത്രപറഞ്ഞു പിരിയുമ്പോളുണ്ടായ സന്തോഷാധിക്യം ഹേതുവായി, ലീല ജ്യേഷ്ഠത്തിമാരുടെ വിയോഗവന്ദനം ശ്രദ്ധിച്ചില്ല.

## നാല്പത്തൊന്നാമദ്ധ്യായം.

ദേവി സ്വകുഡുംബത്തിൽ അപരിഹാൎയ്യങ്ങളായ ചില ന്യൂനതകൾ കണ്ടു തുടങ്ങിയിട്ടു കാലം കുറെ ആയിരിക്കുന്നു. സാധാരണ ജനങ്ങൾ വിചാരിക്കുന്നതുപോലെ ആനന്ദപ്രദമായ ഗൃഹസ്ഥാശ്രമസുഖം അവളുടെ മാതാപിതാക്കന്മാൎക്കില്ലെന്നവൾക്കു മനസ്സിലായത് ഈയിടെയല്ല. പിതാവ് അവളുടെ ജനനിയുടെ അതുല്യസൌന്ദൎയ്യവിശേഷത്താലും യൌവനകാലത്തു സഹജമായുണ്ടെന്നു തോന്നിക്കുന്നതായ സാരസ്യവിലാസങ്ങളാലും വശീകൃതനായി അന്യ ചിന്തകളൊന്നും കൂടാതെ രുഗ്മിണിയമ്മയെ വിവാഹം ചെയ്തു. വിവാഹാനന്തരം കാലതാമസം കൂടാതെ അപരിഷ്കൃതഹൃദയയായ രുഗ്മിണിയമ്മയുടെ ബുദ്ധിശൂന്യതയും, കൃപണശീലവും, ബാലകൃഷ്ണമേനോനിൽ സുഖവിരോധമുണ്ടാക്കി. തന്റെ സഹധൎമ്മചാരിണിയായി ഇരിപ്പാനുള്ള യോഗ്യത ഭാൎയ്യക്കില്ലെന്നുള്ള വിചാരം സ്വഹൃദയത്തിൽ ദൃഢപ്പെട്ടതോടുകൂടി അദ്ദേഹത്തിന്റെ ദാമ്പത്യസുഖം നാമാവശേഷമായി. രുഗ്മിണിയമ്മയിൽ അദ്ദേഹത്തിന്നാന്തരമായുണ്ടായിരുന്ന പ്രണയത്തിന്നും ഹാനി സംഭവിച്ചു. തന്റെ ആലോചനക്കുറവിനാൽ ഉത്ഭവിച്ചതും, വിവാഹജന്യവുമായ അസന്തോഷത്തേയും, ആശാഭംഗത്തേയും, നിവാരണം ചെയ്വാനായി ബാലകൃഷ്ണമേനോൻ പ്രാകൃതജനങ്ങളാൽ പരിലാളിതങ്ങളായ അവിവേകപദ്ധതികളിലേയ്ക്കു മനസ്സിനെ വ്യാപരിപ്പിച്ചില്ല. ഉൾനാട്ടിലെ വാസവും, പുസ്തകപഠനവും, അദ്ദേഹത്തിന്നേറവും പ്രിയതമങ്ങളായി ഭവിച്ചു. അന്യാപേക്ഷ കൂടാ

തെ പ്രകൃതിവൈശിഷ്ട്യം കണ്ടാനന്ദിക്കുന്നതിൽ ബാലകൃഷ്ണമേനോൻ അധിപതിയായിരുന്നു. അജ്ഞയും ചപലയുമായ തന്റെ ഭാൎയ്യയെ കളിയാക്കി അദ്ദേഹം കണക്കിലേറെ വിനോദിച്ചിരുന്നു.

പുരുഷന്മാരാരും തങ്ങളുടെ ഭാൎയ്യമാരിൽനിന്നീവിധം വിനോദങ്ങളെ ലഭിക്കുവാനാഗ്രഹിക്കുന്നില്ല. യഥാൎത്ഥം അങ്ങിനെയാണെങ്കിലും വിദ്വാനും, രസികനുമായ ബാലകൃഷ്ണമേനോൻ അല്പം ദുസ്സാമൎത്ഥ്യക്കാരനായിരുന്നതിനാൽ തന്റെ ഭാൎയ്യയെ താൻതന്നെ കളിയാക്കി രസിക്കുന്നതിലുള്ള അനൌചിത്യത്തെ അത്ര വകവെച്ചിരുന്നില്ല. പുത്രിമാൎക്കുകൂടി നീരസം തോന്നത്തക്കവണ്ണം അവരുടെ സന്നിധിയിൽ വെച്ച ബാലകൃഷ്ണമേനോൻ രുഗ്മിണിയമ്മയെ പുച്ഛിച്ചുരസിക്കുന്നതു ദേവി വ്യസനസമേതം കണ്ടുകൊണ്ടിരുന്നു. പിതാവ് തങ്ങളുടെമാതാവിൽകാണിക്കുന്ന അനാദരവിലും അവളുടെ ദൃഷ്ടി പതിയാതിരുന്നില്ല. അദ്ദേഹത്തിന്റെ ഇതരയോഗ്യതകളിലുള്ള ബഹുമാനം ഹേതുവായിട്ടും, തന്നോടദ്ദേഹത്തിന്നുള്ള വാത്സല്യാതിരേകംകൊണ്ടും, ഇതിനെ ശ്രദ്ധിക്കാതിരിപ്പാൻ ദേവി കഴിയുന്നത്ര മനസ്സു വെച്ചിരുന്നു. അനുരൂപമല്ലാത്ത വിവാഹത്താലും, പിതാവിന്റെ പ്രാപ്തി വേണ്ടവണ്ണം ഉപയോഗിക്കാതിരുന്നതിനാലും, സന്താനങ്ങൾക്കുണ്ടാകുന്നതായ ദോഷങ്ങളുടെ പ്രാബല്യം ഈയിടെ അനുഭവമായിട്ടുള്ളതുപോലെ ദേവിക്കു മുമ്പൊരിക്കലും അനുഭവപ്പെട്ടിരുന്നില്ല. കാൎയ്യനിൎവ്വഹണാശക്തനായ ബാലകൃഷ്ണമേനോൻ തന്റെ ബുദ്ധിവൈഭവത്തെ ഏതു നിലയ്ക്കുപയോഗിച്ചാലും രുഗ്മിണിയമ്മയ്ക്കു ഹൃദയവികാസം ഉണ്ടാക്കുവാൻ സാധിക്കയില്ലെങ്കിലും അദ്ദേഹത്തിന്റെ തീക്ഷ്ണബുദ്ധിയെ പുത്രിമാരുടെ അഭ്യുദയത്തിന്നായി വിനിയോഗിച്ചിരുന്നുവെങ്കിൽ തന്നിമിത്തം അവൎക്കു ബഹുമാനവും നന്മയും ഇപ്പോഴത്തെക്കാൾ നൂറിരട്ടി അധികമാകുമായിരുന്നു.

വിക്രമമേനോൻ പോയാൽ തനിക്കുണ്ടാകുമെന്നു കരുതിയിരുന്ന സന്തോഷം അദ്ദേഹത്തിൻെറ അഭാവത്തിൽ ദേവിക്കു പൂൎണ്ണമായി അനുഭവിപ്പാനിടയായില്ല. മാത്രമല്ല വളപ്പിലുള്ള സ്ത്രീകളിൽ കാരണാന്തരങ്ങളാൽ ഉത്സാഹവും, ഉന്മേഷവും, കണികാണ്മാൻ പോലുമില്ലാതായിരിക്കുന്നു. കുറച്ചുകാലമായി ആ ഭവനം അലസത, നിരുത്സാഹം മുതലായ തമൊഗുണവിശേഷത്തിൻെറ രംഗസ്ഥാനമായി പരിണമിച്ചിരിക്കുന്നു. അസന്തുഷ്ടചിത്തയായ രുഗ്മിണിയമ്മ സദാനേരവും പിറുപിറുത്തും മുഖം ഘനപ്പിച്ചും സമയം കഴിക്കുന്നു. ലീലയും മററും പോയതിനാൽ ഭദ്ര സന്താപപരവശയായി വലയുന്നു. കുറെ ദിവസം കഴിഞ്ഞാൽ അവളുടെ വ്യസനം ശാന്തമാകുമെന്നും, ഇപ്പോൾ മൃതപ്രായമായിരിക്കുന്ന ഉന്മേഷവും പ്രസന്നതയും പുനരുജ്ജീവിക്കുമെന്നും, നമുക്കനുമാനിക്കാം. അധികപ്രസംഗിയും, ബുദ്ധിഹീനയും, ഗൎവ്വിഷ്ഠയുമായ ലീല മധുരക്കു പോയതിനാൽ ദേവിക്കുണ്ടായ മനസ്സുഖ്യം അവളെ വല്ലാതെ പീഡിപ്പിച്ചിരുന്നു. ലീലക്കു സഹജമായ ഗൎവ്വും അധികപ്രസംഗവും പട്ടണവാസത്താൽ ഒട്ടേറെ വൎദ്ധിക്കയും തന്നിമിത്തം വല്ല അപകടങ്ങളും സംഭവിക്കുവാനിടയുണ്ടെന്നുകൂടി വിചാരിക്കുകയും ചെയ്തു. ധൈൎയ്യശാലിനിയായ ദേവിയുടെ ഹൃദയം ഈ വിചാരത്താൽ ഭീരുതക്കധീനമാകുന്നു. ലീലക്ക് തനിക്കുതാൻ പോരുമെന്നുള്ള ഭാവം കലശ്ശലാണെങ്കിലും, സ്വയംഭരണത്തിന്നവൾ അശക്തയാണെന്നു ദേവിക്കു പൂൎണ്ണബോദ്ധ്യമുണ്ടായിരുന്നു. ഏവം വിധമായ ചിന്താഭരങ്ങളാൽ പീഡിതയായ അവൾക്ക് ഭാവിയിലെ കാശിയാത്രയെപ്പററിയുള്ള ആലോചന മാത്രമെ സന്തോഷപ്രദമായിരുന്നുള്ളു.

കാശി യാത്രക്കുള്ള സമയവും സമീപിച്ചു തുടങ്ങി. ജാനുകൂടി ഒന്നിച്ചുണ്ടായിരുന്നാൽ ഈ യാത്രയിൽ അളവററാനന്ദം അനുഭവിക്കാമെന്നും പക്ഷെ അതിനു തരമില്ലാത്ത

തിനാൽ വിദേശ സഞ്ചാരത്താലുണ്ടാകുന്ന സന്തോഷം പരിമിതമാണെന്നും ദേവി വിചാരിച്ചു.

ലീല പോകുമ്പോൾ ദിനംപ്രതി കത്തയക്കാമെന്ന് അമ്മയോടും, ഭദ്രയോടും വാഗ്ദത്തം ചെയ്തിട്ടുണ്ടായിരുന്നു. അവൾ പോയിട്ട് പത്തു ദിവസം കഴിഞ്ഞിരിക്കുന്നു. ഇതിലകത്ത് രുഗ്മിണിയമ്മക്കും, ഭദ്രക്കും, ലീലയുടെ ഒരേ ഒററ കത്തു മാത്രമെ ലഭിച്ചിട്ടുള്ളൂ. അന്യന്മാരെ ഗ്രഹിപ്പിക്കാൻ കൊള്ളരുതാത്തവണ്ണം പലെ അസംബന്ധങ്ങളും ഭദ്രക്കുള്ള കത്തിൽ എഴുതി നിറച്ചിട്ടുണ്ടായിരുന്നു. രുഗ്മിണിയമ്മക്കുള്ള എഴുത്ത്.

ശ്രീ. മധുര

എൻെറ പ്രിയമേറിയ അമ്മെ, എനിക്കിവിടെ വിശേഷിച്ചു സുഖക്കേടു യാതൊന്നുമില്ല. വളരെ വളരെ സുഖമുണ്ട്. ശങ്കരേട്ടനെ കാണ്മാൻ ഇവിടെ ദിവസം തോറും വളരെ യോഗ്യന്മാർ വരുന്നുണ്ട്. ഇന്നലെക്കൂടി ഇൻസ്പെക്കടർ കൃഷ്ണക്കുറുപ്പും വേറെ ഒരു മലയാളി വക്കീലും വന്നിരുന്നു. മലയാളികളെ ഇവിടെ ധാരാളം കാണാം. എനിക്കു പുതിയതായി ഒരു ദാവണിയും ജാക്കററും ഇന്നലെ വാങ്ങീട്ടുണ്ട്. ഞങ്ങൾ ഇന്നലെ ഇവിടെയുള്ള ഒരു പ്രസിദ്ധപ്പെട്ട രത്നവ്യാപാരിയുടെ ഷാപ്പിൽ പോയിരുന്നു. എൻെറ അമ്മെ! ഞാനെന്തു പറയട്ടെ!! അവിടെ പണിതീർത്തു വെച്ചിട്ടുള്ള ആഭരണങ്ങളുടെ ഭംഗി കാണുക തന്നെ വേണം. കണ്ടാൽ കണ്ണു മഞ്ഞിപ്പോകും. ഒരു ജോടി വൈരക്കമ്മൽ കണ്ടു. അതിൽ എനിക്കു വല്ലാത്ത മോഹമുണ്ട്. എന്തു ചെയ്യാം. വാങ്ങുവാൻ നമ്മൾക്കു പണമില്ലല്ലൊ. ആഭരണങ്ങളെക്കുറിച്ച് എനിക്കു കുറച്ചു കൂടി എഴുതുവാനുണ്ടെങ്കിലും ഇപ്പോൾ സമയമില്ല. കാമാക്ഷിയമ്മ ധൃതഗതിപ്പെടുത്തുന്നു. ഞങ്ങളിതാ തിരുമല നായ്ക്കരുടെ കോട്ട കാണ്മാനായി പോകുന്നു.

മടക്കത്തിൽ കുറച്ചു പട്ടം ലേസ്സും വാങ്ങണമെന്നു വിചാരിക്കുന്നുണ്ട്. ശേഷം വഴിയെ. മറുവടിക്കപേക്ഷ.

എന്ന് അമ്മയ്ക്കു്,
സ്വ: ലീല.

ലീല പോയി രണ്ടാഴ്ച കഴിഞ്ഞപ്പോഴയ്ക്കു് ഗോവിന്ദമേനോനും ശാരദാമ്മയും കാശിയാത്രയ്ക്കുള്ള ഒരുക്കങ്ങളോടെ മുല്ലവളപ്പിൽ വന്നു. ഇവൎക്കു രണ്ടു പുത്രിമാരും രണ്ടു പുത്രന്മാരുമുണ്ട്. ആദ്യത്തെ രണ്ടു സന്താനങ്ങളും സ്ത്രീപ്രജകളാണ്. മൂത്ത പുത്രിക്ക് ഒമ്പതു വയസ്സു പ്രായമായിരിക്കുന്നു. കുട്ടികൾ നാലുപേരുടേയും രക്ഷാകർത്തൃത്വം ഭാഗിനേയിയായ ജാനുവിൽ സമൎപ്പിക്കണമെന്നു ഗോവിന്ദമേനോനും ഭാൎയ്യയും ആലോചിച്ചുറച്ചു. ഈ സുകുമാരിയുടെ സ്വഭാവവൈശിഷ്ട്യം പണ്ഡിതപാമരന്മാർ ഐകകണ്ഠ്യേന കൊണ്ടാടിയിരുന്നു. ബാലലീലകൾ കണ്ടാനന്ദിക്കുന്നതിലും, അവരോടുചേൎന്നുല്ലസിക്കുന്നതിലും, അവരെ പഠിപ്പിക്കുന്നതിലും, ജാനുവിന്നതിൎകവിഞ്ഞ ആസക്തിയുണ്ടായിരുന്നു. അത്താഴം കഴിഞ്ഞെല്ലാവരും ഒന്നിച്ചു തളത്തിലിരിക്കുമ്പോൾ —

ഗോ: മേ — ജാനു, ഞങ്ങൾ നാളെ ചെറുകുന്നത്തേയ്ക്കു പോകുന്നു. അവിടെനിന്നു മംഗലാപുരത്തു പോയി കപ്പൽമാൎഗ്ഗം ബോമ്പയ്ക്കു പോകണമെന്നാണ് തിൎച്ചപ്പെടുത്തിയിരിക്കുന്നത്. ഞങ്ങളുടെ യാത്ര രണ്ടുമൂന്നു മാസംകൊണ്ടെ അവസാനിക്കുള്ളു. മടങ്ങി വരുന്നതുവരെ എന്റെ കുട്ടികളുടെ രക്ഷാകർത്തൃത്വം വഹിപ്പാൻ നിന്നെപ്പോലെ മറെറാരാളെ ഞാൻ കാണുന്നില്ല. അതിനാൽ ഇവരെ നിന്നെത്തന്നെ ഭാരമേല്പിക്കുന്നു. ശാരദയുടെ ആഗ്രഹവും അതുതന്നെയാണ്.

ജാനു കുട്ടികളുടെ രക്ഷാകർത്തൃത്വം സസന്തോഷം സ്വീകരിച്ചു. ഗോവിന്ദമേനോൻ തങ്ങളുടെ യാത്രാവിവരങ്ങളെക്കുറിച്ചു, ബാലകൃഷ്ണമേനോനോടും, രുഗ്മിണിയമ്മയോടും

ചിലതെല്ലാം പറഞ്ഞു. പിതൃസമ്മതം വാങ്ങി യാത്രക്കൊരുങ്ങിയിരിക്കുന്ന ദേവിയോടൊന്നിച്ചു പിറ്റേദിവസം രാവിലെ ഗോവിന്ദമേനോൻ ചെറുകുന്നത്തേക്കു പുറപ്പെട്ടു. മാർഗ്ഗഖേദങ്ങളെ സഹിപ്പാനുള്ള ശരീരാരോഗ്യം ഇവൾക്കു ധാരാളമുണ്ടായിരുന്നു. സ്വജനങ്ങളുടെ വിരഹത്താലുണ്ടാകുന്ന സന്താപത്തെ വിദേശയാത്രയിലുള്ള ഔത്സുക്യം ഇവരിൽനിന്നു കഴിയുന്നത്ര ലഘൂകരിച്ചിരുന്നു.

നമ്മുടെ യാത്രക്കാർ എടവം പതിനാലാംതിയ്യതി വ്യാഴാഴ്ച സന്ധ്യയോടുകൂടി ചെറുകുന്നത്തെത്തി. ഇവർ ഗോവിന്ദമേനോൻെറ സ്നേഹിതനായ കയറാട്ട രാമക്കുറുപ്പിൻെറ ആതിഥ്യം സ്വീകരിച്ചു് അദ്ദേഹത്തിൻെറ ഗൃഹത്തിൽ താമസിച്ചു. വെള്ളിയാഴ്ച തന്നെ വഴിവാടുകളെല്ലാം വേണ്ടതുപോലെ കഴിച്ചു. ഭഗവതിദർശനം ചെയ്തു മടങ്ങുമ്പോൾ ഗോവിന്ദമേനോനോട് —

ശാ: അ — ഇന്നുതന്നെ ഇവിടെനിന്നു മടങ്ങണമെന്നാണൊ വിചാരിക്കുന്നത്?

ഗോ. മേ — അതെ. അങ്ങിനെയല്ലെ മുമ്പു തീർച്ചപ്പെടുത്തിയിരിക്കുന്നത്?

ശാ: അ — നമ്മളുടെ മുൻ നിശ്ചയത്തെ അല്പമൊന്നു ഭേദപ്പെടുത്തുന്നതിനാൽ യാത്രക്കു വല്ല അസൌകര്യവുമുണ്ടാവുമൊ?

ഗോ: മേ — ഈ ചോദ്യത്തിന്നു സമാധാനംപറയേണ്ടതെങ്ങിനെയാണെന്നെനിക്കു നിശ്ചയമില്ല. മുൻനിശ്ചയങ്ങളെ ഏതു നിലയിൽ എങ്ങിനെ തീർച്ചപ്പെടുത്തണമെന്നാണ് ശാരദയുടെ ആഗ്രഹം? പറയു. കേൾക്കട്ടെ. അതറിഞ്ഞതിന്നു ശേഷമെ യാത്രക്കു് അസൌകര്യമുണ്ടാകുമൊ ഇല്ലയൊ എന്നു തീർച്ചപ്പെടുത്തുവാൻ താമുള്ളു.

ശാ: അ — ഇന്നു വൈകുന്നേരമുള്ള യാത്ര മററന്നാൾ രാവിലെക്കാക്കണം.

ഗോ: മേ — ഒരു ദിവസത്തെ താമസത്താൽ വലിയ അസൌ കൎയ്യങ്ങളൊന്നും ഉണ്ടാവാനിടയില്ല. പക്ഷെ ഈ താമസം കൊണ്ടുള്ള ആവശ്യമെന്താണ്?

ശാ: അ — ഇവിടെനിന്നു കഷ്ടിച്ചൊരുനാഴിക ദൂരമുള്ള ശ്രീകൃഷ്ണപുരത്ത് എന്റെ ചില ചങ്ങാതിമാരുണ്ട്. അവരെ എല്ലാം ഒന്നു കാണണം. എന്നു മാത്രമല്ല, വടക്കെ മലയാളത്തിന്റെ തൊട്ടുകുറിയായി ശോഭിക്കുന്ന പത്മാലയത്തിന്റെ വിശേഷതയെ കണ്ടു നമ്മൾക്കൊരുനേരം ആനന്ദിക്കാം. പദ്മാലയം ഞാൻ കണ്ടതു വളരെ കുട്ടിയിലായതുകൊണ്ട് ഇപ്പോൾ നല്ല ഓൎമ്മ തോന്നുന്നില്ല. പദ്മാലയം ഇഹലോകസ്വൎഗ്ഗമാണെന്നു വിക്രമമേനോൻ ഈയിടെ പറകയുണ്ടായി. നന്ദനോദ്യാനവും, ആകാശഗംഗയും മററും അവിടെയുണ്ടത്രെ.

ഗോ: മേ — ശരി. വളരെ നല്ലത്. പലരും പത്മാലയത്തെക്കുറിച്ചു വൎണ്ണിക്കുന്നതു ഞാനും കേട്ടിട്ടുണ്ട്. ഇതിനെക്കുറിച്ചോരോരുത്തർ വൎണ്ണിച്ചിട്ടുള്ളത് അതിശയോക്തിയൊ അല്ലയൊ എന്നു നാളെ തീൎച്ചപ്പെടുത്താം. യാത്ര മററന്നാളക്കു നിശ്ചിവെക്കുക. എന്താ ദേവിയൊന്നും മിണ്ടാത്തത്? നീ ഇങ്ങിനെ അടങ്ങിയിരിക്കുക പതിവില്ലല്ലോ.

ദേ — (വൈമനസ്യത്തോടെ) എനിക്കിതിൽ പ്രത്യേകിച്ചു പറയുവാനൊന്നുമില്ല.

ശാ: അ — ദേവി, നീ ഇങ്ങിനെ പറഞ്ഞാൽ പോര. പത്മാലയം കാണാൻ നിനക്കു മോഹമില്ലെ?

ദേ — എനിക്കത്ര മോഹമില്ല. രണ്ടര മാസംകൊണ്ടു യാത്ര അവസാനിപ്പിക്കണമെന്നല്ലെ തീൎച്ചപ്പെടുത്തിയിരിക്കുന്നത്. എത്രയോ വിലയേറിയ ഈ സമയം മലയാളത്തിന്റെ മുക്കിലും മൂലയിലുമുള്ള ചില പുരാതനഭവനങ്ങൾ കാണ്മാൻവേണ്ടി ചിലവഴിച്ചാൽ വടക്കേ ഇന്ത്യയിലുള്ള

പ്രധാനപ്പെട്ട ദിക്കുകൾ കാണ്മാൻ നമുക്കവസരമുണ്ടാവില്ല.

ശാ: അ—ദേവി പത്മാലയം കാണ്മാനിഷ്ടമില്ലെന്നു പറഞ്ഞതു വളരെ കഷ്ടമായി. നമ്മുടെ സ്നേഹിതൻ ഇതിനെപ്പററി പലപ്പോഴും വൎണ്ണിച്ചിട്ടുള്ളതു കേട്ടിട്ടില്ലേ? വളരെ പണം ചിലവുചെയ്തു ഭംഗിയായി പണിതീൎത്തിട്ടുള്ള ഒരു ഭവനം മാത്രമാണ് പത്മാലയമെങ്കിൽ അതിനെ കാണ്മാൻ എനിക്കിത്രവളരെ മോഹമുണ്ടാവില്ല. വൎണ്ണിക്കാൻ കഴിയാത്ത പലേ യോഗ്യതകളും അതിനുണ്ട്.

ഗോ.മേ—ദേവി, ഒട്ടും വ്യസനിക്കേണ്ട. ഉത്തരേന്ത്യയിൽ നീ കാണ്മാനാഗ്രഹിക്കുന്ന സ്ഥലങ്ങളെല്ലാം ഞാൻ കാണിച്ചുതരാം. മടങ്ങിവരുവാൻ ഒരു സമയം നാലൊ പത്തൊ ദിവസം വൈകിയാലും വലിയ വൈഷമ്യമൊന്നുമില്ല. കുട്ടികളുടെ ഭാരം ജാനുവിനെ ഏല്പിച്ചതിനാൽ മനസ്സിനു വലിയ സമാധാനമുണ്ട്.

ദേവി ഇതിന്നു മറുവടി ഒന്നും പറഞ്ഞില്ല. താൻ പത്മാലയം കാണ്മാൻ പോകുന്നതനുചിതമാണെന്നവൾക്കു തോന്നി. ചെറുശ്ശേരിയിൽവെച്ചു താനും ശ്രീധരൻനമ്പ്യാരും തമ്മിൽ നടന്ന സംഭാഷണത്തിൻെറ ഏതാനും ഭാഗം ശാരദാമ്മയെ അറിയിക്കുവാനും പത്മാലയത്തിലേക്കു പോകുവാൻ തന്നെ നിർബന്ധിക്കണമെന്ന് അയമ്മയോടപേക്ഷിക്കാനും ദേവി മനസാനിശ്ചയിച്ചു ആലോചനഗ്രസ്തയായി തന്നെത്താൻ മറന്ന് അവരോടൊരുമിച്ചു നടന്നു.

ഉച്ചക്കു ഭക്ഷണം കഴിഞ്ഞതിന്നു ശേഷം ദേവിയും കുറുപ്പിൻെറ ഭാൎയ്യ ശിന്നമ്മാളുഅമ്മയുംകൂടി പലേ നേരംപോക്കുകളും പറഞ്ഞ് രസിച്ചിരിക്കുന്ന മദ്ധ്യേ ദേവിയോട്—

ശി. അ—നിങ്ങൾ ഇന്നുതന്നെ പോകുന്നതു വിചാരിച്ച് എനിക്കു വളരെ വ്യസനമുണ്ട്. രണ്ടു ദിവസം താമസിച്ചു മടങ്ങിയാൽ പോരേ? രണ്ടു ദിവസം കഴിഞ്ഞാൽ ഞാൻ

കോഴിക്കോട്ടേക്ക പോകുന്നുണ്ട്. എന്റെ വീട്ടിൽ പോയി ട്ട് ഒന്നര കൊല്ലത്തോളമായിരിക്കുന്നു.

ദേ—കോഴിക്കോട്ട് എവിടെയാണ് നിങ്ങളുടെ വീട്?

ശി-അ—ആഴ്വവട്ടത്ത്. നിങ്ങൾക്കിന്നുതന്നെ പോകണമെ ന്നെന്താണിത്ര നിർബ്ബന്ധം?

ദേ—ഞങ്ങൾ ഇന്നു പോകുന്നില്ല. മററന്നാളേപോകുന്നുള്ളു.

ശി-അ—(സസന്തോഷം) അതു നന്നായി. പരമാനന്ദകര മായ നിങ്ങളുടെ സഹവാസം എനിക്ക നാളെക്കൂടി ല ഭിക്കുമല്ലൊ? അമ്മാമൻ യാത്ര നീട്ടിയതു സ്നേഹിതന്റെ അപേക്ഷകൊണ്ടായിരിക്കും അല്ലേ?

ദേ—അതെ, കുറുപ്പിന്റെ സ്നേഹപുരസ്സരമായ നിർബ്ബന്ധ ത്തെ പിന്തുടൎന്നുംകൊണ്ട് അമ്മായിയുടെ അപേക്ഷയുമു ണ്ടായിരുന്നു. അമ്മായിക്ക നാളെ ശ്രീകൃഷ്ണപുരത്തേക്ക പോകണമത്രേ.

ശി-അ—നിങ്ങൾ പോകുന്നില്ലേ?

ദേ—എന്റെ പോക്ക തീച്ചപ്പെടുത്തീട്ടില്ല. അമ്മായി സഖി മാരെ കാണുവാൻ പോവുകയാണ്. എനിക്കങ്ങോട്ടു പോ യിട്ട യാതൊരാവശ്യവുമില്ല.

ശി-അ—ഈ ദിക്കിൽ വന്നിട്ടു പത്മാലയം കാണാതെ പോകാൻ തോന്നുന്നത കണ്ണുകളുടെ നിർഭാഗ്യമാണ്. പ ത്മാലയംപോലെ നയനാനന്ദകരമായ ഒരു ദിവ്യസ്ഥ ലം ഭൂമിയിൽ മററാങ്ങും ഉണ്ടാവില്ലെന്നാണ് എന്റെ വിശ്വാസം. അതിന്റെ വിശേഷഭംഗി കണ്ടറിയേണ്ടതാ ണ്. സംശയമില്ല.

ദേ—എന്താണതിനിത്ര വിശേഷത? പത്മാലയത്തിനേയും അതിന്റെ ഉടമസ്ഥന്മാരേയും കുറിച്ചു നിങ്ങൾക്ക പൂൎണ്ണ മായ വിവരമുണ്ടോ? ഉണ്ടെങ്കിൽ പറയൂ. ഞാൻ സന്തോ ഷത്തോടെ ശ്രദ്ധവെച്ചു കേൾക്കാം.

ശി-അ—പറയാം, കേട്ടോളൂ. ഇതിനെക്കുറിച്ചദ്ദേഹത്തിന്റെ

മുത്തശ്ശി പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ട്. നമ്മളിപ്പോൾ ശ്രീകൃഷ്ണപുരമെന്നു പറഞ്ഞുവരുന്ന സ്ഥലം മുപ്പത്തഞ്ചുകൊല്ലംമുമ്പ് ഒരു വെറും തരിശുഭൂമിയായിരുന്നു. അതിനെ ജനവസതിക്കു കൊള്ളാവുന്ന ഒരു ദേശമാക്കി തീർത്തു മരിച്ചുപോയ കൃഷ്ണൻനമ്പ്യാരാണ്. ശ്രീകൃഷ്ണപുരത്തിൻെറ ഒത്ത നടുവിലുള്ള ഒരു കുന്നിൻെറ മുകളിലാണ് പത്മാലയം. പത്മാലയത്തിന്നു ചുററും മൂന്നു നാഴിക സമചതുരത്തിൽ വമ്പിച്ച കൽമതിലുകളുണ്ട്.

ദേ — ഇത്ര വലിയ വളപ്പിൽ മുഴുവനും കെട്ടിടങ്ങളാണോ?

ശി. അ — അല്ല, വളപ്പിൽ അധികഭാഗവും ഉദ്യാനം, ഉപവനം, ലതാഗൃഹം എന്നും മററും പറഞ്ഞ് അസംഖ്യം വൃക്ഷലതാദികളെ വെച്ചു പിടിപ്പിച്ചിട്ടുണ്ട്.

ദേ — അതിന്നു സമീപം വേറെ വീടുകളൊന്നുമില്ലേ? പത്മാലയം വിജനപ്രദേശമാണൊ?

ശി. അ — വിജനപ്രദേശമോ! പടിഞ്ഞാറുഭാഗമൊഴികെ മററു മൂന്നു ഭാഗത്തുംകൂടി അനവധി കെട്ടിടങ്ങൾ വരിയായി പണിയിച്ചിട്ടുണ്ട്. ഇവയുടെ പടിപ്പുരക്കും പത്മാലയത്തിലെ കൽമതിലിന്നും മദ്ധ്യത്തിലായി അഞ്ചു വാര വീതിയിൽ ഒരു റോഡുണ്ട്.

ദേ — ഇതിലെല്ലാം ജനങ്ങൾ താമസിക്കുന്നുണ്ടോ? ഇതിൻെറ എല്ലാം ജന്മി ആരാണ്?

ശി. അ — ജന്മി ഇപ്പോൾ ശ്രീധരൻനമ്പ്യാരാണ്. കിഴക്കുഭാഗത്തുള്ള വിശേഷപ്പെട്ട ചില മാളികകൾ അതിഥിസല്ക്കാരത്തിന്നുവേണ്ടി വേണ്ടപ്പെട്ട ഒരുക്കങ്ങളെല്ലാം ചെയ്തു പ്രത്യേകം ഒഴിച്ചുവെച്ചിരിക്കുന്നു. തെക്കുഭാഗത്തുള്ള രണ്ടു വലിയ കെട്ടിടങ്ങൾ സ്കൂളുകളാണ്. ഒന്നു ഹൈസ്കൂളാണ്. മറേറതു പഞ്ചമന്മാൎക്കുള്ള എലിമെണ്ടറി സ്കൂളാകുന്നു. ഇവയും അതിഥിമന്ദിരങ്ങൾക്കു സമീപമുള്ള തപാലാപ്പീസ്സുമൊഴികെ മാറു കെട്ടിടങ്ങളിലെല്ലാം, കാൎയ്യ

സ്ഥന്മാരും, മാസ്റ്റർമാരും, വേലക്കാരും, മററും പാൎത്തു വരുന്നു.

ദേ—പടിഞ്ഞാറുഭാഗം ഒഴിച്ചിട്ടവാനുള്ള സംഗതി എന്താണ്?

ശി-അ—അവിടം തീരെ ഒഴിച്ചിരിക്കയാണെന്നു പറഞ്ഞുകൂട. പടിഞ്ഞാറുഭാഗത്തുള്ള വലിയ മൈതാനത്തിൻെറ ഒരു തലക്കൽ നിത്യത ധൎമ്മക്കഞ്ഞി കൊടുപ്പാനുള്ള വലിയനെടുമ്പുരയും ഗോസായികളും മററും വന്നാൽ ഇരിക്കാനുള്ള സത്രവുമുണ്ട്. മറെറാരു ഭാഗം 'ബാഡ്മിൻറൻ, ടെന്നിസ്സ്' മുതലായവ കളിപ്പാനായി ഇഷ്ടിക പതിച്ചു വൃത്തിയാക്കിവെച്ചിട്ടുണ്ട്. ഒരു തലക്കൽ അന്നപൂൎണ്ണേശ്വരിയുടെ ഒരു ക്ഷേത്രവും അതിന്നു സമീപമായി ബ്രാഹ്മണരുടെ കുറെ മാഞ്ഞളുമുണ്ട്. ഈ ക്ഷേത്രത്തിൻെറ പിന്നിൽകൂടി ഒരു ചെറിയ പുഴയൊഴുകുന്നു.

ദേ—പത്മാലയത്തിൽ 'ടെന്നിസ്സും' മററും കളിപ്പാനാളുണ്ടോ?

ശി-അ—അവിടെ ശ്രീധരൻ നമ്പ്യാരും അദ്ദേഹത്തിൻെറ സോദരിയും മാത്രമേയുള്ളൂ. ഇവർ മരിച്ചുപോയ കൃഷ്ണൻ നമ്പ്യാരുടെ മക്കളാണ്. ഈ സോദരീസോദരന്മാരവിടെയുള്ളപ്പോൾ ചെറുതായ ശ്രീകൃഷ്ണപുരം കോഴിക്കോട്ടു പട്ടണത്തെ ജയിക്കും. ഇവൎക്കു വളരെ ജനങ്ങളുമായി പരിചയമുള്ളതുകൊണ്ട് ഇവരെ കാണ്മാൻ പല ദിക്കിൽനിന്നും ദിവസേന യോഗ്യന്മാർ വന്നുകൊണ്ടേ ഇരിക്കും. കമലയുടെ അടുക്കൽനിന്നു ചങ്ങാതിമാർ വിട്ട സമയമേയുണ്ടാവില്ല. ഈ സോദരീസോദരന്മാരില്ലാത്ത അവസരങ്ങളിലും 'ടെന്നീസ്സ്' മുതലായവ കളിപ്പാനുള്ള ജനങ്ങൾ ശ്രീകൃഷ്ണപുരത്തുണ്ട്.

ദേ—ഇവർ പത്മാലയത്തിൽ സ്ഥിരമായി താമസിക്കില്ലേ?

ശി-അ—ഇല്ല. അവർ കൊല്ലത്തിൽ രണ്ടു മൂന്നു മാസമെ

ഇവിടെ താമസിക്കുള്ളൂ. ബാക്കിയുള്ള കാലം മദിരാശി, കോഴിക്കോട്, ഊട്ടി മുതലായ സ്ഥലങ്ങളിൽ കഴിക്കും. അധികം കോഴിക്കോട്ടാണ് താമസം. ഇപ്പോളവർ ഇവിടെ ഇല്ല. ശ്രീധരൻ നമ്പ്യാരെ കാണേണ്ടാവശ്യമായി 'അദ്ദേഹം' ഹേഡ് കാര്യസ്ഥനോടു ചോദിച്ചപ്പോൾ ഞായറാഴ്ച മെയിലിന്നു വരുമെന്നയാൾ പറഞ്ഞു.

ഇപ്പോൾ ദേവിക്കു നിർവ്യാജമായ സന്തോഷമുണ്ടായി. ശ്രീധരൻ നമ്പ്യാരും സോദരിയുമില്ലാത്തതിനാൽ നാളെ അമ്മായി ഒരുമിച്ചു യഥേഷ്ടം പത്മാലയം കണ്ടാഹ്ലാദിക്കാമെന്നവൾ വിചാരിച്ചു. ഇതുകൊണ്ടുണ്ടായ സന്തോഷത്തെ ലേശംപോലും പ്രകാശിപ്പിക്കാതെ—

ദേ— വെറും കുന്നായി കിടന്നിരുന്ന ഒരു സ്ഥലം സുരലോകസദൃശമാക്കണമെങ്കിൽ വളരെ ധനം ചിലവു ചെയ്യണമല്ലോ. ഈ ധനമത്രയും കൃഷ്ണൻ നമ്പ്യാരുടെ സ്വന്തസമ്പാദ്യമാണൊ?

ശി-അ— അല്ല. കൃഷ്ണൻ നമ്പ്യാർക്കദ്ദേഹത്തിൻെറ അച്ഛൻ കൊടുത്തതാണ്.

ദേ— അദ്ദേഹത്തിൻെറ അച്ഛനാരാണ്?

ശി-അ— ചിറക്കൽ തമ്പുരാനാണ്. പുത്രൻെറ അനിതരസാധാരണമായ വിനയാദി സൽഗുണങ്ങളെ കണ്ടു സന്തോഷിച്ച് ഭണ്ഡാഗാരത്തിലെ താക്കോൽ അദ്ദേഹം വശം കൊടുത്തിട്ട് "ഉണ്ണിക്കു വേണ്ടതെടുത്തതിന്നു ശേഷം മടക്കി തന്നാൽ മതി" എന്നരുളിച്ചെയ്തുവത്രെ.

ദേ— കൃഷ്ണൻ നമ്പ്യാർക്കു സഹോദരിമാരില്ലേ?

ശി-അ— ഒരാളുണ്ട്.

ദേ— നമ്മുടെ സമ്പ്രദായപ്രകാരം ഈ സ്വത്തിന്നു മരുമക്കളല്ലെ അവകാശികൾ?

ശി-അ— അതെ. പക്ഷെ ഇവരുടെ കാര്യത്തിൽ സംഗതിവശാൽ അതിന്നു വൈപരീത്യം സംഭവിച്ചു. കൃഷ്ണൻനമ്പ്യാ

രുടെ സോദരീതിപ്പെട്ട സാമൂതിരിപ്പാട്ടിലെ ഭാൎയ്യയാണ്. ഇവിടെയുള്ള സ്ത്രീകളെ കോരപ്പുഴ കടത്തി അയക്കുന്നത് ഇട്ടിക്കകാർ വലിയ അപമാനമായി കരുതിയിരുന്നതു കൊണ്ട് സാമൂതിരിപ്പാട്ടിലെ സംബന്ധത്തിൽ കൃഷ്ണൻ നമ്പ്യാരുടെ വീട്ടുകാരും ബന്ധുക്കളും ഒട്ടേറെ വൈമനസ്യം ഭാവിച്ചു. തമ്പുരാനവർകൾ ഇതിനെ ഒട്ടും ഗൌനിക്കാതെ വരന്നു വേണ്ടുന്ന യോഗ്യതകളെല്ലാം പൂർത്തിയായ സാമൂതിരിപ്പാട്ടിലേക്കു മകളേയും മകൾക്കു വേണ്ടുന്ന ധനവും കൊടുത്തു. ഭർത്തൃസമേതം കോഴിക്കോട്ടക്കു പോകുവാൻ പുറപ്പെട്ടിരിക്കുന്ന മകളെ നോക്കി "കുഞ്ഞേ, അച്ഛനമ്മമാരെ കാണ്മാൻ തോന്നുമ്പോൾ മാത്രം ഇങ്ങോട്ടു പോന്നോളൂ. വീട്ടിലേക്കിനിമേൽ പോകരുത്. കോരപ്പുഴ കടന്നാൽ സ്ത്രീകൾ പതിതകളാകുന്നതെങ്ങിനെയെന്നു ഞാനറിയുന്നില്ല. ക്രമേണ ഈ വക അനാചാരങ്ങളെല്ലാം നശിച്ചു പോകും. എന്റെ മകളുടെ ഭർത്താവ് അവിടുത്തെ രാജാവാകയാൽ കോഴിക്കോട്ട് നിനക്കു വേണ്ടുന്ന ബഹുമതികളെല്ലാം ലഭിക്കും. ഒട്ടും വ്യസനിപ്പാനിടവരില്ല." എന്നും മററും ആശീർവ്വദിച്ചയച്ചു. അവർ കൊല്ലത്തിൽ ഒന്നു രണ്ടു പ്രാവശ്യം ഇങ്ങോട്ടു വരും. ഒരാഴ്ച തികച്ചിവിടെ താമസിക്കുക പതിവില്ല. ചെറുശ്ശേരി അമ്മയെ കേട്ടിട്ടില്ലേ? അവിടെ അവൎക്ക് അച്ഛന്റേയും ഭർത്താവിന്റേയും വകയായി അനവധി സ്വത്തുണ്ട്. ആ ഭാഗ്യവതിക്കൊരുമകളേയുള്ളൂ. ചെറുശ്ശേരി കൊട്ടാരത്തിലെ സന്താനവല്ലിയായ ആ കുട്ടിക്ക് രോഗം വിട്ടൊഴിഞ്ഞ സമയമില്ല. സോദരിക്കു ധാരാളം പണമുള്ളതുകൊണ്ടായിരിക്കാം കൃഷ്ണൻനമ്പ്യാർ ഈ സ്വത്തുമുഴുവനും മക്കൾക്കു കൊടുത്തത്.

ദേ— കൃഷ്ണൻനമ്പ്യാരുടെ അച്ഛൻ പത്മാലയം കണ്ടിട്ടുണ്ടോ?

ശി-അ— ഉവ്വ്. ഭവനത്തിന്നു പത്മാലയമെന്നു പേരിട്ടത് അവിടുന്നാണ്. പുത്രന്റെ മാറാമത്തിലുള്ള വാസനകണ്ട് തമ്പുരാനവർകൾ വിസ്മയിച്ചു സ്തംഭിച്ചു പോയെന്നു പലരും പറഞ്ഞു കേട്ടിട്ടുണ്ട്.

ദേ— തമ്പുരാനവർകൾ മരിച്ചിട്ടു കുറെക്കാലമായൊ?

"ഉവ്വ്, ദേവീ, കുറെക്കാലമായി" എന്നു പറഞ്ഞു ചിരിച്ചുംകൊണ്ട് ശാരദാമ്മ അകത്തു കടന്ന്, "നിങ്ങളെത്ര നേരമായി സംസാരിക്കുന്നു. ഇനിയും സംസാരം അവസാനിപ്പിക്കാറായില്ലെ? നേരം സന്ധ്യയായി തുടങ്ങി. കുളിയും മററും കഴിച്ച് അമ്പലത്തിലേക്കു പോവുക." എന്നു പറഞ്ഞു.

## നാല്പത്തിരണ്ടാമദ്ധ്യായം.

ശ്രീകൃഷ്ണപുരത്തിന്നടുത്തുള്ള ചില സഖിമാരെ എല്ലാം കണ്ടശേഷം ശാരദാമ്മ മുതലായവർ ശനിയാഴ്ച ഉച്ചക്ക് ഒരുമണിയോടുകൂടി പത്മാലയത്തിലേക്കു പുറപ്പെട്ടു. വണ്ടിയിൽ കയറിയ ഉടനെതന്നെ പത്മാലയത്തിലെശ്രുതിപ്പെട്ട ഉപവനം കാണ്മാനുള്ള കുതൂഹലത്താൽ ദേവി ധൃതിയോടെ നാലുപാടും നോക്കി തുടങ്ങി. അല്പസമയത്തിന്നുള്ളിൽ ഉപവനം പ്രത്യക്ഷമായി

പൂത്തുതളിർത്തു നിറച്ചും ഫലനിരകളെ വഹിച്ച് അതിവിനയത്തെ പ്രദർശിപ്പിച്ചുംകൊണ്ടു നമ്രങ്ങളായി നില്ക്കുന്ന അത്യുന്നതങ്ങളായ തരുജാലങ്ങളും, കോമളകളായ ലതികാവലികളും, നിബിഡമായി വളർന്നിട്ടുള്ള ഉപവനത്തിൽ മദ്ധ്യാഹ്നാർക്കകിരണങ്ങൾക്കു പോലും പ്രവേശം ലഭിച്ചിരുന്നില്ല. ഫലങ്ങൾ ഭുജിച്ചും, മധുപാനംചെയ്തും, മദോന്മത്തന്മാരായി അങ്ങുമിങ്ങും പറക്കുന്ന പക്ഷികളുടെ ചിറകടികളാലും, തരുകോടരങ്ങളിലും, ശാഖകളിലുമിരുന്ന് മധുരഗാനം

ചെയ്യുന്ന ചെറുപക്ഷികളുടെ കളാരവത്താലും, പുഷ്പങ്ങൾ തോറും അത്യുത്സാഹത്തോടെ പാറുകളിക്കുന്ന ഭ്രമരങ്ങളുടെ ഝങ്കാരത്താലും, വഷ്മളത്ത സമീപിക്കയാൽ ആനന്ദത്തോടെ ചാഞ്ചാടിക്കൊണ്ടിരിക്കുന്ന മയൂരങ്ങളുടെ കേകാരവത്താലും, സദാശബ്ദായമാനമായിക്കൊണ്ടിരുന്ന ഉപവനം ദൂരെ നിന്നു ദൃശ്യമായപ്പോൾ സന്തോഷസമ്മിശ്രമായ പരിഭ്രമാധിക്യത്താൽ ദേവിയുടെ ഹൃദയം ഉൗക്കോടെ മിടിച്ചു.

പുറപ്പെട്ട ദിക്കിൽ നിന്നു ഏകദേശം മുക്കാൽ നാഴികയോളം ദൂരം പോയപ്പോൾ നമ്മുടെ യാത്രക്കാർ കുറച്ചുയന്നതായ ഒരു സ്ഥലത്ത് എത്തിയിരിക്കുന്നതായും, അവിടെവെച്ച് പാത നേരെ കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നതായും കണ്ടു. ഇവരുടെവണ്ടി ആവഴിക്കു കിഴക്കോട്ടുതിരിഞ്ഞ ഉടനേതന്നെ തെക്കുവടക്കായി ഒഴുകുന്ന ഒരു ചെറിയപുഴയും, ആ പുഴയുടെ വലത്തുവശത്തായി, പത്മാലത്തിലെ വമ്പിച്ച കന്നതിലും, ഇരുകൂലങ്ങളേയും തട്ടിത്തകൎത്ത് അതിശക്തിയോടെ പ്രവഹിക്കുന്ന വൎഷകാലത്തിലെ വെള്ളപ്പൊക്കത്തിലും കേടു തട്ടാതിരിക്കത്തക്ക സ്ഥിതിയിൽ ഉറപ്പായും, ഭംഗിയായും പടുത്തിട്ടുള്ള കരിങ്കൽപടവുകളോടുകൂടിയ ആറാട്ടുകടവും, ചില എടപ്പുകളും, കാണുമാറായി. 'ഇവയെല്ലാം ദശിച്ചപ്പോൾ ഗോവിന്ദമേനോനും, മററും, വളരെ ആഹ്ലാദമുണ്ടായി. പ്രകൃതിസിദ്ധമായ മനോജ്ഞത പത്മാലയത്തെപ്പോലെ മററൊരു സ്ഥലത്തിനും കണ്ടിട്ടില്ലെന്നും, പത്മാലയത്തിലെ ഗൃഹനായികാസ്ഥാനം വഹിക്കുന്നതു കുറെ സാരമായിട്ടുള്ള കാൎയ്യമാണെന്നും ദേവി വിചാരിച്ചു. പത്മാലയം സമീപിക്കുംതോറും ശിന്നമ്മാളുഅമ്മ പറഞ്ഞതു തെററായിരിക്കുമൊ എന്നുള്ള സംശയവും ശ്രീധരൻനമ്പ്യാരെപത്മാലയത്തിൽവെച്ചു കണ്ടുമുട്ടുമൊ എന്നുള്ള ഭയവും ദേവിക്കു കലശലായിത്തുടങ്ങി.

പുഴകടന്ന് ഇവർ പടിഞ്ഞാറെ പടിക്കൽ ചെന്നയുടൻ വ

ണ്ടി ഇറങ്ങുമ്പോഴക്ക് പടിപ്പുര പാറാവുകാരിൽ ഒരുവൻ വന്ന് ആവശ്യമായ വിവരങ്ങളെല്ലാം സവിനയം ചോദിച്ചറിഞ്ഞതിന്നുശേഷം ഇവരെ അകത്തേക്ക കൂട്ടിക്കൊണ്ടുപോയി. ഈ പടിപ്പുരയിൽ നിന്നു പദ്മാലയത്തിലെ പ്രധാന സൌധത്തിലേക്ക സുമാർ ഒരു നാഴികയോളം ദൂരമുള്ളതുകൊണ്ട് വണ്ടിയിൽ തന്നെ പോവുകയാണ് നല്ലതെന്നു പാറാവുകാരൻ പറഞ്ഞു എങ്കിലും വണ്ടിയിലായാൽ എല്ലാ ദിക്കും നല്ലവണ്ണം കാണ്മാൻ സാധിക്കയില്ലെന്നു വിചാരിച്ച് ഇവർ നടക്കുവാൻതന്നെ നിശ്ചയിച്ചു.

സുമാർ അഞ്ച്അഞ്ചരക്കോൽ വീതിയിൽ വെള്ളമണൽ പരത്തിഇരുവശത്തും സുരഭികളും മനോഹരങ്ങളുമായ പലെ ചെടികളും വള്ളികളും നട്ടുനനച്ചു വളർത്തിയിട്ടുള്ളതായ ഈ നടക്കാവിൽക്കൂടെ ഗോവിന്ദമേനോൻ മുതലായവർ നടന്നു. നേരം നല്ല നട്ടുച്ചയായിരുന്നുവെങ്കിലും പദ്മാലയത്തിലെ ഉപവനത്തിൽനിന്നു പുറപ്പെട്ടിരുന്ന ശീതളനായ മന്ദമാരുതന്റെ ഉപചാരം ഹേതുവായിട്ട് നമ്മുടെ കൂട്ടർ ചൂടിന്റെ ഉപദ്രവം ലേശവും അറിഞ്ഞില്ല. സുഖപ്രദമായ ഈ സ്ഥലത്തെ ഉപേക്ഷിച്ച് ശ്രീധരൻ നമ്പ്യാരും സൌദരിയും വേനല്ക്കാലത്ത് ഊട്ടി മുതലായ സ്ഥലങ്ങളിലേക്കുപോകുന്നതു ആ കാലത്തവിടെ വരുന്ന യോഗ്യന്മാരുടെ സഹവാസത്തെ ഇച്ഛിച്ചിട്ടല്ലാതെ ദേഹസുഖത്തിന്നു വേണ്ടിയല്ലെന്നു ദേവി നിശ്ചയിച്ചു.

നേത്രാഭിരാമമായ പലെ കാഴ്ചകളും കണ്ടുരസിച്ച് ഇവർ പദ്മാലയത്തിലെ പൂമുഖത്തു കയറിയ ഉടനെ സുമാർ അമ്പത്തഞ്ചുവയസ്സു പ്രായമായ ഒരുസ്ത്രീവന്നു സ്വാഗതംപറഞ്ഞ് ഇവരെ അകത്തെക്ക ക്ഷണിച്ചു. ഈ സ്ത്രീ ശ്രീധരൻ നമ്പ്യാരുടേയും, സൌദരിയുടേയും ധാത്രിയും, പദ്മാലയത്തിലെ ഗൃഹകാര്യാന്വേഷണമേൽവിചാരിപ്പുകാരിയുമാകുന്നു. കമലക്കും, സൌദരന്നും, മാധവിയമ്മയെ വളരെ വിശ്വാ

സമുള്ളതുകൊണ്ട് അവർ പദ്മാലയം വിട്ടമ്പോഴെല്ലാം മുഖ്യമായ രണ്ടുമൂന്നറകളുടെയൊഴികെ ബാക്കി സകല സ്ഥലത്തിൻേറയും താക്കോലുകൾ ഇയമ്മവശം ഏല്പിച്ചുപോവുക പതിവായിരുന്നതിനാൽ അവർ, ഇല്ലാത്തവസരത്തിൽ പദ്മാലയത്തിൽ വരുന്ന അതിഥികൾക്ക് അവിടമെല്ലാം കാണിച്ചുകൊടുക്കേണ്ട ചുമതല ഇയമ്മക്കായിരുന്നു. മാധവിയമ്മയുടെ വിനയാദരങ്ങൾ ദേവിയെ വല്ലാതെ വിസ്മയിപ്പിച്ചു.

മാധവിയമ്മ അതിഥികളെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയി പലവിധകണ്ണാടി, ഗ്ലോബ്, ശരറാന്തൽ, മേശ, കസേല, സോഫ, മുതലായവയാൽ സവിശേഷം അലങ്കരിച്ചിട്ടു ഒരു വിശാലമായ, തളത്തിൽ ഇരുത്തി. തളംമുഴവനും മിനുസമേറിയ വെണ്ണക്കൽപതിച്ച് അതിന്നുമേലെ വിചിത്രങ്ങളായ ചിത്രകംബളങ്ങൾ വിരിച്ചിട്ടുണ്ട്. ഈ തളം കമല ചങ്ങാതിമാരോടുംകൂടിഇരുന്ന് വിനോദിപ്പാനായി ഉപയോഗിക്കുന്ന സ്ഥലമാകുന്നു. തളത്തിൻെറ നടുവിലുള്ള ദന്തിദന്തനിർമ്മിതമായവലിയവട്ടമേശമേൽസ്ഥിതിചെയ്യുന്ന മനോഹരങ്ങളായ ചിലകൃത്രിമപ്പൂച്ചെടികളും, ഒരു മോഹനാഫ്ളൂട്ടും മററു ചില സംഗീതപ്പെട്ടികളും, ചഞ്ചലാക്ഷിയായ ദേവിയുടെ നയനങ്ങളെ സ്വല്പനേരത്തേക്ക് ദൃഢമായി ബന്ധിച്ചു. "ബില്ലിയേർഡ്" മുതലായവ കളിപ്പാനായി തളത്തിൻെറ വടക്കേ തലക്കൽ ശരിപ്പെടുത്തി വെച്ചിട്ടുള്ള മേശകളും മററു സാമഗ്രികളും, ഈ മേശകളുടെ സമീപത്തായി ഒരു വലിയ ചില്ലുളമാരിയിൽ അടുക്കിവെച്ചിട്ടുള്ള അസംഖ്യം കളിക്കോപ്പുകളും കണ്ടപ്പോൾ ശാരദാമ്മ സ്വന്തം സന്താനങ്ങളുടെ സ്മരണ ഹേതുവായിട്ട് വിഷാദത്തോടെ മേല്പോട്ടു നോക്കിയ അവസരത്തിൽ ദംഷ്ട്രകൾ കടിച്ച് ഗംഭീരഭാവത്തോടെ നില്ക്കുന്ന ഒരു മൃഗരാജൻെറ തല ചുമരിൽ കാണുകയാൽ പെട്ടന്നു ഞെട്ടി പിൻമാറി. ഉടൻതന്നെ കൃത്രി

മങ്ങളായ സടാപടലങ്ങളെക്കണ്ടുണ്ടായ തന്റെ ഭയത്തെക്കു റിച്ചു ചിരിച്ചുംകൊണ്ട് അയമ്മ ഹംസത്തെ പിടിക്കുവാൻ പോകുന്ന നളരാജാവിനെ നോക്കി നില്ക്കുന്ന ഗോവിന്ദമേനോന്റെ സമീപംപോയി. തളം ആകപ്പാടെ ഒന്നു പരിശോധിച്ചശേഷം ദേവി പടിഞ്ഞാട്ടുള്ള ജനലിന്നരികിൽ പോയി പുറത്തേക്കു നോക്കിയപ്പോൾ കണ്ടതായ കാഴ്ച ഹൃദയാഹ്ളാദകരമെന്നേ പറയാവൂ. വിസ്തീൎണ്ണമായ മൈതാനത്തിന്നൊരു തൊട്ടുകുറിയായി നിൽക്കുന്ന ഭഗവതീക്ഷേത്രത്തിന്റെ ഉപരിഭാഗത്ത് സൂൎയ്യരശ്മി പതിക്കയാൽ പതിന്മടങ്ങു ശോഭയോടെ പരിലസിക്കുന്ന ഹേമനിൎമ്മിതമായ താഴികക്കുടവും, മതില്ക്കെട്ടിന്നുപുറമെ മന്ദമായൊഴുകുന്ന നദിയും, അതിന്നപ്പുറത്തുള്ള ചില മരക്കുടിലുകളും, വിശാലമായ വയലും, ദേവിയുടെ ശ്രദ്ധയെ ബലാൽ ആകൎഷിച്ചു. അവളവിടെനിന്നു കുറച്ചുനേരം പ്രകൃതിവൈശിഷ്ട്യം കണ്ടാനന്ദിച്ചശേഷം മറ്റുള്ളവരോടുകൂടെ ഗ്രന്ഥശാലയിലേക്കു പോയി.

പുരാതനങ്ങളും ആധുനികങ്ങളുമായ അനേകം ഗ്രന്ഥങ്ങളെ ശേഖരിച്ചു സൂക്ഷിച്ചിട്ടുള്ള പദ്മാലയത്തിലെ ഗ്രന്ഥശാല സുപ്രസിദ്ധമായിട്ടുള്ളതാകുന്നു. ഇംഗ്ലീഷ്, സംസ്കൃതം, തമിഴ്, മലയാളം, എന്നീനാലുഭാഷകളിലുമുള്ള അസംഖ്യം വിലയേറിയ ഗ്രന്ഥങ്ങൾ ഭംഗിയായി അടുക്കിവെച്ചിട്ടുള്ളതായ അനവധി ചില്ലളമാരികൾ ഗ്രന്ഥശാലക്കുള്ളിൽ പ്രവേശിച്ച ഉടനെ ദൃഷ്ടികൾക്കു ഗോചരമായി. ഈ ഗ്രന്ഥശാലയിൽ മറ്റു പുസ്തകങ്ങളെപ്പോലെ തന്നെ മലയാളപുസ്തകങ്ങൾക്കും പ്രാധാന്യം നൽകിക്കാണുകയാൽ ശ്രീധരൻ നമ്പ്യാരുടെ സ്വഭാഷാസ്നേഹത്തെക്കുറിച്ചു ഗോവിന്ദമേനോനും മറ്റും വളരെ ബഹുമാനം തോന്നി. വൎത്തമാനക്കടലാസ്സുകളും, മാസികകളും അടുക്കി വെച്ചിട്ടുള്ള "ഷെൽഫിൽ"നിന്നു ദേവി ഒരു മാസിക എടുത്ത് വായിച്ചുകൊണ്ടു നിൽക്കുമ്പോൾ ദേവിയോട് —

ഗോ_മേ:—ദേവീ, എന്തുപുസ്തകമാണത്?

ദേ:—ഇൻഡ്യൻറവ്യു.

ഗോ_മേ:—പുതിയതൊ?

ദേ:—അല്ല. മൂന്നാലുമാസം മുമ്പു വന്നതാണ്.

ഗോ_മേ:—ഗൌരവമായ വല്ല ലേഖനങ്ങളുമുണ്ടോ?

ദേ:—ഇല്ല. പറയത്തക്കതായിട്ടൊന്നുമില്ല.

ശാ_അ:—ഒന്നുമില്ലെങ്കിൽ ദേവി എന്തിനെയാണിത്ര ശ്രദ്ധയോടെ വായിക്കുന്നത്?

ദേ:—സ്ത്രീവിദ്യാഭ്യാസമെന്ന വിഷയത്തെക്കുറിച്ചുള്ളൊരു ലേഖനമാണ്.

ഗോ_മേ:—ലേഖനകത്താവാരാ?

ലേഖനത്തിൻെറ അവസാനത്തിൽ പത്മാലയത്തിൽ ശ്രീധരൻ നമ്പ്യാർ എന്ന് എഴുതിയിട്ടുള്ളതു ദേവി ഉറക്കെ വായിച്ചു.

ഗോ_മേ:—ഓഹൊ, ശ്രീധരൻനമ്പ്യാരുടെ ലേഖനമാണോ? സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അഭിപ്രായമെന്താണ്? കേൾക്കട്ടെ. വായിക്കു.

ദേവി ലേഖനംമുഴുവനും വായിച്ചുകഴിഞ്ഞപ്പോൾ—

ശാ_അ:—ദേവി, ഇനി അതിൻെറ അത്ഥമൊന്നു മലയാളത്തിൽ വിവരിക്കു. അദ്ദേഹത്തിൻെറ അഭിപ്രായം ഞാനും മനസ്സിലാക്കട്ടെ. ഇംഗ്ലീഷുപഠിക്കാത്ത കുണ്ഠിതം ഇപ്പോഴാണ് തോന്നുന്നത്.

ഗോ_മേ:—പോട്ടെ. കുണ്ഠിതപ്പെടേണ്ട. ഇനി നമ്മുടെ കുട്ടികളുടെ ഒരുമിച്ചു പഠിക്കാം.

ശാ_അ:—ശരി. സമ്മതിച്ചു. മലയാളത്തിൽ പറഞ്ഞുതരാൻ വയ്യേ?

ദേ:—ധാരാളം പറയാം. വായിച്ചതു പറയാനത്രയൊക്കെ പണിയുണ്ടോ?-ലേഖനത്തിൻെറ മട്ടാകെയുള്ള താല്പയ്യം നവീനസമ്പ്രദായത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം സ്ത്രീ

കൾക്കൊട്ടുംതന്നെ ഉപയുക്തമായിട്ടുള്ളതല്ലെന്നും, ഈ വകവിദ്യാലയങ്ങളിൽ അയച്ച് അവരെ ദൂഷിപ്പിക്കുന്നതിനു പകരം സ്വഗൃഹങ്ങളിൽ തന്നെ ഇരുത്തി അവശ്യം ആവശ്യമായ വിഷയങ്ങളെ സ്വകാൎയ്യമായി പഠിപ്പിക്കയാണുത്തമമെന്നുമാകുന്നു.

ശാ-അ— അവശ്യം ആവശ്യമായ വിഷയങ്ങളെന്തെല്ലാമാണ്?

ദേ— സംസ്കൃതവും, ഇംഗ്ലീഷും കഴിച്ചു കൂടാത്തതാകുന്നു. സ്വഭാഷാപരിജ്ഞാനം പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. കാലാവസ്ഥകളുന്നാലും ആവശ്യമാണ്. സാധിക്കുമെങ്കിൽ സംഗീതവും രോഗശുശ്രൂഷാക്രമവും പഠിപ്പിക്കണം. ഏതുവിധവും ഗൃഹഭരണം, ശിശുപരിപാലനം, ആരോഗ്യശാസ്ത്രം, പാചകചിന്താമണി, മുതലായവ പരിശീലിപ്പിക്കാതെ കഴിയില്ല. മതസംബന്ധമായ വിദ്യാഭ്യാസം നിൎബ്ബന്ധമാക്കണം— എന്നാണദ്ദേഹത്തിന്റെ അഭിപ്രായം.

ശ-അ— ഈ അഭിപ്രായമനുസരിച്ചായിരിക്കുമൊ സഹോദരിയെ വിദ്യാഭ്യാസം ചെയ്യിച്ചത്?

ദേ— എന്തോ. ബാലികാപാഠശാലകളിലെ ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായം പലക്കും അത്ര ബോദ്ധ്യമായി കാണുന്നില്ല.

ആധുനികസ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചു പലതും തൎക്കിച്ചുകൊണ്ട് ഇവർ മറ്റുള്ള സ്ഥലങ്ങൾ കാണ്മാനായി മാധവിയമ്മയെ പിന്തുടൎന്നു. പത്മാലയത്തിലെ ഐശ്വൎയ്യസമൃദ്ധിക്കനുസരിച്ച് എല്ലാം മുറികളും യഥായോഗ്യം അലങ്കരിച്ചിരുന്നു. അവയിൽ ഒന്നിലെങ്കിലും ചെറുശ്ശേരി കൊട്ടാരത്തിലെപ്പോലെ അനാശാസ്യമായ ശൃംഗാരമോടിയൊ ആഡംബരമൊ, പ്രത്യക്ഷപ്പെട്ടിരുന്നില്ല. ഗൃഹാലങ്കാരത്തിൽ ശ്രീധരൻനമ്പ്യാൎക്കുള്ള പ്രത്യേകശ്രദ്ധയും, സാമൎത്ഥ്യവും, ദേ

വിക്ക വിസ്മയമുണ്ടാക്കി. ശ്രീധരൻനമ്പ്യാർ പത്മാലയത്തിൽ എന്ന് എത്തുമെന്ന് മാധവിയമ്മയോടന്വേഷിപ്പാൻ ദേവിക്കഭിലാഷമുണ്ടായിരുന്നുവെങ്കിലും അവൾ അതിന്നു ധൈര്യപ്പെട്ടില്ല. അവസാനം ആ ചോദ്യം ഗോവിന്ദമേനോനിൽനിന്നു പുറപ്പെടുകയും ദേവി സസംഭ്രമം മാധവിയമ്മയുടെ മറുപടി ശ്രദ്ധിക്കുകയും ചെയ്തു. "അദ്ദേഹം ചില സ്നേഹിതന്മാരേയും കൂട്ടിക്കൊണ്ടു നാളെരാവിലെ വരു"മെന്നു മാധവിയമ്മ പറഞ്ഞപ്പോൾ തങ്ങളുടെ യാത്ര ഒരു ദിവസവും നീട്ടിവെക്കാതെ അന്നു തന്നെ ആക്കിയതിൽ ദേവി നിർവ്യാജം സന്തോഷിച്ചു.

ചില ഛായകൾ നോക്കിനിന്നിരുന്ന ശാരദാമ്മ ദേവിയെ തൻെറ സമീപം വിളിച്ചു. അവൾ അടുത്തു ചെന്നപ്പോൾ ചുമരിൽ തൂക്കിയിരുന്ന ഛായകളുടെ കൂട്ടത്തിൽ വിക്രമമേനോൻെറ ഒരു ഛായ കാണുകയും അതിനെ അവൾ എത്ര മാത്രം ഇഷ്ടപ്പെടുന്നു എന്ന് ശാരദാമ്മ സസ്മിതം ചോദിക്കുകയും ചെയ്തു.

ദേ— അമ്മായി ഇങ്ങിനെ ചോദിക്കുവാൻ മാത്രം യാതൊന്നുമുണ്ടായിട്ടില്ല. എനിക്കദ്ദേഹത്തിൽ സ്നേഹവുമില്ല; ബഹുമാനവുമില്ല.

മാ-അ— ആ ഛായ മരിച്ചുപോയ ഹേഡുകാര്യസ്ഥൻെറ മകനായ വിക്രമമേനോൻേറതാണ്. അയാളിപ്പോൾ ഒരു പൊല്ലീസ്സുദ്യോഗസ്ഥനാണത്രെ. മരിച്ചുപോയ വലിയ യജമാനൻെറ കൃപകൊണ്ടാണയാൾ ഈ നിലക്കെത്തിയത്. മഹാ അധികപ്രസംഗിയാണ്. അയാളുടെ നടവടി ഇപ്പോൾ വളരെ ചീത്തയായിരിക്കുന്നു.

ശാരദാമ്മ പുഞ്ചിരിയോടെ ദേവിയെ നോക്കി. ദേവിയും മന്ദഹസിച്ചില്ലെന്നില്ല.

മാ-അ— (വേറെയൊന്നു ചൂണ്ടിക്കാണിച്ചിട്ട്) അതാ നോക്കു. അത് അപ്പയുടെ— ഛെ, അബദ്ധം. കുട്ടിക്കാലം മു

തല്ലേ, അങ്ങിനെ വിളിച്ചു ശീലമായിട്ടുള്ളതിനാൽ ഇട ക്കിടെ ആ പേരു തന്നെ നാവിൽ വരുന്നു. യജമാനൻ എന്നോ, മൂപ്പരെന്നോ ഞാൻ വിളിക്കുന്നതദ്ദേഹത്തിന്ന ശേഷം ഇഷ്ടമില്ലാത്തതുകൊണ്ട് ഇപ്പോഴും അപ്പ എന്നെ വിളിക്കാറുള്ളൂ. എങ്കിലും പുറമെ ജനങ്ങളോടങ്ങിനെ പ റയുന്നതു ഭംഗിയാണൊ. നോക്കൂ. അതിപ്പോഴത്തെ യ ജമാനൻെറ ഛായയാണ്. അദ്ദേഹത്തെപ്പോലെ തന്നെ ഇരിക്കുന്നു. അതും മറേറതും ഒരുമിച്ചെടുത്തതാണ്. ഏ കദേശം എട്ടുകൊല്ലത്തോളമായിരിക്കുന്നു എടുത്തിട്ട്.

ശാ-അ— (ഛായയെ നോക്കിക്കൊണ്ട്) ശ്രീധരൻനമ്പ്യാ രുടെ ശരീരസൌഷ്ഠവത്തെക്കുറിച്ചു ഞാൻ ധാരാളം കേട്ടി ട്ടുണ്ട്. അദ്ദേഹത്തിൻെറ മുഖം പ്രശാന്തഗംഭീരമായിരി ക്കുന്നു. നല്ല യോഗ്യതയുണ്ട്. ദേവീ, ഈ ഛായയിൽ കാണുന്നപോലെ തന്നെയാണൊ അദ്ദേഹം? ഛായ ശരി യായിരിക്കുന്നുവൊ?

ദേവിക്കു ശ്രീധരൻനമ്പ്യാരെ പരിചയമുണ്ടെന്നറിഞ്ഞ പ്പോൾ മാധവിയമ്മക്കു ദേവിയോടുണ്ടായിരുന്ന ബഹുമാനം ദ്വിഗുണീഭവിച്ചു.

മാ-അ— ഈ കുട്ടി അദ്ദേഹത്തെ കണ്ടിട്ടുണ്ടൊ? അദ്ദേഹമാ യി നല്ല പരിചയമുണ്ടൊ?

ദേ— (മുഖവൈവർണ്ണ്യത്തോടെ) കണ്ടിട്ടുണ്ട്. തീരെ പരി ചയമില്ലെന്നു പറഞ്ഞുകൂട.

മാ-അ— അദ്ദേഹത്തെപ്പോലെ സൌന്ദര്യമുള്ള ഒരാളെ ക ണ്ടിട്ടുണ്ടൊ? ഹാ എന്തൊരു മുഖം! എന്തൊരു ശരീരം!! തങ്കവർണ്ണം കൂടി അദ്ദേഹത്തിൻെറ നിറത്തോടു തോററു പോകും. വൈകുന്നേരം പന്തുകളി കഴിഞ്ഞിട്ടുള്ള അദ്ദേ ഹത്തിൻെറ ആ വരവൊന്നു കാണുക തന്നെ വേണം. മു ഖത്തുനിന്നു രക്തം ഒലിക്കുന്നുവൊ എന്നു സംശയിച്ചേ ക്കും. അദ്ദേഹം സുന്ദരനല്ലേ?

ദേ__ അതെ.

മാ_അ__ അദ്ദേഹത്തെപ്പോലെ ഒരു സുന്ദരനെ ഞാനീവയസ്സിലകത്തു കണ്ടിട്ടില്ല. ശാന്തവും, ഗംഭീരവുമായ അദ്ദേഹത്തിൻെറ മുഖം ഒരിക്കൽ കണ്ടാൽ മറക്കുമൊ? ഇതിനെക്കാൾ എത്രയൊ വിശേഷമായ വലിയൊരു ഛായ മറെറ മുറിയിലുണ്ട്. ഇതു മരിച്ചു പോയ യജമാനൻെറ കിടപ്പു മുറിയാണ്. ഇതിനകത്തുള്ള സാമാനങ്ങളെല്ലാം അദ്ദേഹം വെച്ചപോലെ തന്നെ ഇരിക്കുന്നു. ഒരു വ്യത്യാസവും വരുത്തിയിട്ടില്ല. ഇവയെല്ലാം അദ്ദേഹത്തിന്നു വളരെ പ്രിയമുള്ള വസ്തുക്കളാണ്.

വിക്രമമേനോൻെറ ഛായ ഈ കൂട്ടത്തിൽ വരുവാനുള്ള സംഗതി ദേവിക്കിപ്പോൾ മനസ്സിലായി. മാധവിയമ്മ പിന്നീട് എട്ടു വയസ്സുപ്രായത്തിൽ എടുത്തിട്ടുള്ള കമലയുടെ ഒരു ഛായ കാണിച്ചു കൊടുത്തു.

ഗോ_മേ__ ജ്യേഷ്ഠനെപ്പോലെ തന്നെ കമലക്കും സൌന്ദര്യമുണ്ടൊ?

മാ_അ__ ഉണ്ടൊ എന്നൊ? കമലയെപ്പോലെ സൌന്ദര്യമുള്ള ഒരു പെൺകുട്ടിയുണ്ടൊ? അങ്ങിനെ തന്നെ പഠിപ്പും. എപ്പോഴും വല്ല കടലാസ്സുകളും, പുസ്തകങ്ങളും വായിച്ചും, പാട്ടുപാടിയും, തുന്നിയും ഇരിക്കും. മാസികകൾക്കും മററും ഇടക്കിടെ ലേഖനങ്ങൾ അയച്ചു കൊടുക്കാറുണ്ട്. നല്ല ബുദ്ധിയുള്ളൊരു കുട്ടിയാണ്. ഇംഗ്ലീഷ് സംസാരിക്കുന്ന കേട്ടാൽ കൌതുകം തോന്നാത്തവരുണ്ടാവില്ല. ഈയിടെ വരുത്തിയിട്ടുള്ള ഒരു പുതിയ സംഗീതപ്പെട്ടിയുണ്ട് മറെറ മുറിയിൽ. പാട്ടിന്നുള്ള ശ്രദ്ധകണ്ട് ജ്യേഷ്ഠൻ അനുജത്തിക്കൊരു സമ്മാനമായി കൊടുത്തതാണ്. അതിൻെറ പേരു 'പിയാനൊ' എന്നാണത്രെ. കമലയും നാളെ വരും.

രസികനും സുശീലനുമായ ഗോവിന്ദമേനോൻ പലെ ചോദ്യങ്ങളും ചോദിച്ച് വാചാലയായ മാധവിയമ്മയെ പ്രോത്സാഹിപ്പിച്ചു. അഭിമാനംകൊണ്ടും, യജമാനസ്നേഹത്താലും ശ്രീധരൻനമ്പ്യാരേയും, സോദരിയേയും വാഴ്ത്തുന്നതിൽ അയമ്മക്ക് അപാരമായ സന്തോഷമുണ്ടായിരുന്നു.

ഗോ_മേ—ശ്രീധരൻനമ്പ്യാർ പദ്മാലയത്തിൽ സ്ഥിരമായി താമസിക്കാറില്ലെ?

മാ_അ— ഇല്ല. ഞങ്ങളുടെ നിർഭാഗ്യം. അല്പാതെന്തുപറയട്ടെ. രണ്ടു മാസം തികച്ചു താമസിക്കാറില്ല. വർഷക്കാലം കഴിഞ്ഞാൽ പിന്നെ ഇവിടെ സോദരീസോദരന്മാർ പത്തു ദിവസം തികച്ചൊന്നായി താമസിക്കുന്നതു ദുർല്ലഭമാണ്.

ഗോ_മേ_ അദ്ദേഹം വിവാഹം ചെയ്താൽ പിന്നെ ഇങ്ങിനെ എപ്പോഴും സഞ്ചരിക്കില്ലായിരിക്കാം.

മാ_അ— അങ്ങിനെ വിചാരിച്ചു സമാധാനിക്കുക. പക്ഷെ അത് ഏതു കാലത്തുണ്ടാവുമെന്നറിയുന്നില്ല. അദ്ദേഹത്തിന്നു പററിയ ഒരു കുട്ടിയെ കിട്ടണ്ടെ? എൻെറ അറിവിൽ പെട്ടേടത്തോളം ഞാനാരേയും കാണുന്നില്ല.

ഗോവിന്ദമേനോനും ശാരദാമ്മയും ചിരിച്ചു.

ദേ— ശരി, നിങ്ങൾക്കങ്ങിനെ തോന്നാതിരിക്കില്ല.

മാ_അ_ ആക്കും തോന്നും. അദ്ദേഹത്തെ അറിയുന്നവരുടെ എല്ലാം അഭിപ്രായം ഇങ്ങിനെ തന്നെ ആയിരിക്കും. സംശയമില്ല.

മാധവിയമ്മയുടെ സംഭാഷണം ദീർഘിച്ചു പോകുന്നതായി ദേവി വിചാരിച്ചു എങ്കിലും അതിനെ കൌതുകത്തോടെ ശ്രദ്ധിച്ചു.

മാ_അ— അദ്ദേഹം ജനിച്ചു മുതല്ക്കെ എനിക്കദ്ദേഹത്തെ പരിചയമുണ്ട്. അദ്ദേഹത്തിൻെറ കുട്ടിക്കളികൾ ഓരോന്നും ഇപ്പോഴും എൻെറ കണ്ണിൻെറ മുമ്പിൻ കാണുന്ന

പോലെ തോന്നുന്നു. സാക്ഷാൽ ശ്രീരാമചന്ദ്രനെ മടിയിൽ വെച്ചാനന്ദിച്ചിട്ടുള്ള പോററമ്മമാർക്കൂടി അപ്പയെ ലാളിക്കുവാനിട വന്നിട്ടുള്ള എന്നെപ്പോലെ ഭാഗ്യവതികളല്ലെന്നാണെൻെറ അഭിപ്രായം. ആകൃതിപോലെ തന്നെ പ്രകൃതിയും ഇത്ര നന്നായിട്ടുള്ള ഒരാളെ എവിടെ കാണും? എൻെറ ജീവകാലത്തിൽ ഒരു പ്രാവശ്യമെങ്കിലും ഒരു ഒററ ശകാരവാക്കു പോലും ഞാനദ്ദേഹത്തിൽനിന്നു കേട്ടിട്ടില്ല.

ഇത് ശ്രീധരൻനമ്പ്യാരെക്കുറിച്ച് ദേവി ധരിച്ചിട്ടുള്ള അഭിപ്രായത്തിന്നു തീരെ വിപരീതമായിട്ടുള്ളതായിരുന്നു. മാധവിയമ്മ അതേവരെ പറഞ്ഞ യാതൊരു വാക്കും ഈ ഒടുവിൽ പറഞ്ഞ സ്തുത്യത്തോടു കിടപിടിക്കില്ലെന്നു ദേവി വിചാരിച്ചു. അദ്ദേഹം ഇത്ര വളരെ സൽസ്വഭാവിയല്ലെന്നായിരുന്നു അവളുടെ ദൃഢമായ വിശ്വാസം. മാധവിയമ്മയുടെ വാക്കുകൾ ദേവിയുടെ ഗാഢമായ ശ്രദ്ധയെ ആകർഷിച്ചു. ഇതിലും അധികവിവരങ്ങളറിവാനായി അവൾക്കാഗ്രഹമുണ്ടായിരുന്നതുകൊണ്ട് ഗോവിന്ദമേനോൻ താഴെ കാണും വിധം പറഞ്ഞപ്പോൾ അവൾ മനസാ മാതുലനെ വന്ദിച്ചു.

ഗോ-മേ— ഇങ്ങിനെ സ്തുത്യർഹന്മാരായിട്ടുള്ള യോഗ്യന്മാർ വളരെ ദുർല്ലഭമാണ്. ഈ മാതിരി ഒരു യജമാനനെ കിട്ടിയതിൽ നിങ്ങൾ ഭാഗ്യവതി തന്നെ.

മാ-അ— സംശയമുണ്ടോ? അദ്ദേഹത്തിൻെറ ഓരോ യോഗ്യതകളും പറഞ്ഞറിയിപ്പാൻ പ്രയാസം. അദ്ദേഹത്തെപ്പോലെ ദാനം, ധർമ്മം, ഔദാര്യം മുതലായവ തികഞ്ഞ കുട്ടികൾ ഈ ലോകത്തിൽ ജനിച്ചിട്ടില്ലെന്നു തന്നെ പറയാം.

ദേവി മാധവിയമ്മയുടെ നേരെ ഭ്രമിച്ചു നോക്കിയിട്ട് ആത്മഗതം— ഈ പറയുന്നാൾ ശ്രീധരൻനമ്പ്യാർ തന്നെ ആയിരിക്കുമോ?

ശി. അ— ശ്രീധരൻനമ്പ്യാരുടെ അച്ഛൻ വളരെ യോഗ്യനായിരുന്നു.

മാ. അ— അതെ. അച്ഛനെക്കാൾ യോഗ്യനാകുന്നു മകൻ. സാധുക്കളിലുള്ള ദയ കലശ്ശലാണ്. നിത്യം കൊടുക്കുന്ന ധർമ്മക്കഞ്ഞിയുടെ കാൎയ്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. സാധാരണ ചില ദിക്കിലെപ്പോലെ കല്ലും, നെല്ലും, കളയാത്ത തൊലിപ്പനരിയിട്ടു ചുകന്ന നിറത്തിലുള്ള ഒരു വെള്ളക്കഞ്ഞി കാച്ചിക്കൊടുക്കുകയല്ല ചെയ്യുന്നത്. ഭേഷായി വെളുപ്പിച്ചിട്ടുള്ള നെടിയരി അരിച്ചു കഴുകിയിട്ടേ ഇവിടെ കഞ്ഞി വെക്കാറുള്ളു. ഈ കഞ്ഞിയും, മുതിരയോടുകൂടി കാലാവസ്ഥക്കനുസരിച്ചു കിട്ടുന്ന കഷണങ്ങളും ചേർത്തുണ്ടാക്കുന്ന കൂട്ടാനും, കൂടി വരുന്ന സാധുക്കൾക്കെല്ലാം മതിയാവോളം കൊടുക്കും. അദ്ദേഹം യശസ്സിന്നായിട്ടോ ലോകവഞ്ചനക്കായിട്ടോ അല്ല ധർമ്മം ചെയ്യുന്നത്. അദ്ദേഹത്തിന്റെ ധർമ്മം ധർമ്മത്തിന്നായിട്ടു തന്നെയാണ്. അദ്ദേഹത്തിന്റെ സ്വഭാവഗുണത്താലും ദാനശീലത്താലും ശ്രീകൃഷ്ണപുരത്തിപ്പോൾ എത്ര ജനങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ദിവസേന ഓരോ പുതിയ വീടുകൾ കയറുന്നു. ബ്രാഹ്മണരുടെ മഠങ്ങളും വളരെ വർദ്ധിച്ചിട്ടുണ്ട്. എന്താ? രണ്ടു നേരവും ഊട്ടിൽ ചോറുണ്ട്. പണം കൊടുക്കാതെ കുട്ടികളെ എഴുവരെ പഠിപ്പിക്കയും ചെയ്യാം. പിന്നെ ജനങ്ങൾ ദിവസേന കൂടുന്നതിൽ അത്ഭുതമുണ്ടോ?

ദേവിയുടെ ഹൃദയത്തിൽ അത്ഭുതവും, സംശയവും, ഇടകലൎന്നുണ്ടായിക്കൊണ്ടിരുന്നു. ഇനിയും അധികവിവരങ്ങൾ കേൾപ്പാനായി അവൾ അക്ഷമയോടെ കാത്തിരുന്നുവെങ്കിലും മാധവിയമ്മ പിന്നെ ആ വിഷയം വിട്ട് ഓരോ മുറികളും, അവയിലുള്ള സാമാനങ്ങളുടെ യോഗ്യതയും മറ്റും വൎണ്ണിച്ചു സംസാരിച്ചു തുടങ്ങി. ശ്രീധരൻനമ്പ്യാരെ

പ്രശംസിക്കുന്നതിൽ മാധവിയമ്മക്കുള്ള അസാധാരണമായ ഔത്സുക്യം കണ്ടു രസിച്ച് ഗോവിന്ദമേനോൻ വീണ്ടും അയമ്മയെ ആ വിഷയത്തിലേക്കു തന്നെ പ്രേരിപ്പിച്ചു.

മാ-അ -- അദ്ദേഹത്തെപ്പോലെ ദീനദയാലുത്വവും, ആശ്രിതവാത്സല്യവും തികഞ്ഞ ഒരു യജമാനൻ എവിടെയുണ്ട്? കുടിയാന്മാരിൽ എന്തൊരു കൃപയാണ്! ഇങ്ങിനെ ഒരു ജന്മിയെ മറെറങ്ങാനും കാണ്മാൻ കിട്ടുമൊ? തൻകാൎയ്യം നോക്കി സാധുദ്രോഹം ചെയ്യുന്ന സ്വാൎത്ഥികളായ ചില പ്രഭുക്കളെപ്പോലെയൊന്നുമല്ല അദ്ദേഹം. എല്ലാ കുടിയാന്മാൎക്കും, ഭൃത്യന്മാൎക്കും അദ്ദേഹത്തെ വലിയ സ്നേഹമാണ്. ഒരാളും അദ്ദേഹത്തെക്കുറിച്ചൊരു ദൂഷ്യവാക്കു പറയില്ല. അഹംഭാവം കുറെയുള്ള കൂട്ടത്തിലാണദ്ദേഹമെന്നു ചിലൎക്കൊരു പക്ഷമുണ്ട്. ഞാനതൊരിക്കലും വിശ്വസിക്കില്ല. ഒരഹംഭാവവും ഞാൻ കണ്ടിട്ടില്ല. സാധാരണ ചില ചെറുപ്പക്കാരെപ്പോലെ അദ്ദേഹം ഒരു ഇളിച്ചവായനല്ലാത്തതുകൊണ്ട് കാൎയ്യമല്ലാതെ അനാവശ്യമായി അധികം സംസാരിക്കാറില്ല. അതുകൊണ്ടാണദ്ദേഹം ഗൎവ്വിഷ്ഠനെന്നു ചിലൎക്കു തോന്നാനുള്ള കാരണം.

ശാ-അ — (ദേവിയോടസ്വകാൎയ്യമായി) ഇപ്പോൾ കേട്ടവിവരങ്ങളും അദ്ദേഹം നമ്മുടെ സാധുവായ സ്നേഹിതനോടു കാണിച്ച നടവടിയും തമ്മിൽ ഒട്ടും തന്നെ യോജിക്കുന്നില്ല.

ദേ — നമ്മൾ തെററിദ്ധരിച്ചിരിക്കാം.

ശാ-അ — അതിന്നു തരമില്ല. ആ വിവരങ്ങൾ പറഞ്ഞാൾ വിശ്വാസയോഗ്യനല്ലെ? അദ്ദേഹം കളവുപറയുമൊ?

ഇങ്ങിനെ ഇവർ സംസാരിച്ചുകൊണ്ട് ഇതേവരെ കണ്ടതായ എല്ലാ മുറികളെക്കാളും വിശേഷമായി വിതാനിച്ചിട്ടുള്ള ഒരു തളത്തിൽ പ്രവേശിച്ചു. വേനൽക്കാലത്തു പകൽ സമയത്തിരിക്കുവാൻ ഈ തളം ഏററവും സുഖപ്രദമായിട്ടു

ള്ളതാണെന്നു കമലക്കഭിപ്രായമുള്ളതായി അറിയുകയാൽ സോദരിയുടെ അഭിലാഷസിദ്ധ്യർത്ഥം ശ്രീധരൻനമ്പ്യാർ ഈ തളമിങ്ങിനെ പരിഷ്കരിച്ചിട്ടല്പദിവസമേ ആയിട്ടുള്ളു എന്നു മാധവിയമ്മ പറഞ്ഞപ്പോൾ—

ദേ — അദ്ദേഹം ഉത്തമനായ ഒരു സഹോദരനാകുന്നു.

മാ: അ — കമലക്കച്ഛനായും, അമ്മയായും, ജ്യേഷ്ഠനായും, ജ്യേഷ്ഠത്തിയായും എന്നു വേണ്ട എല്ലാം കൂടി താൻ മാത്രമെയുള്ളു എന്നുള്ള ബോധം അദ്ദേഹത്തിന്നു നല്ലവണ്ണമുണ്ട്. അനുജത്തിക്കു സന്തോഷകരമായിട്ടുള്ള ഏതൊരു കാൎയ്യവും അദ്ദേഹം ഒരു നിമിഷം പോലും താമസിക്കാതെ നിവൃത്തിയുള്ളതാണെങ്കിൽ സാധിപ്പിച്ചു കൊടുക്കും. അനുജത്തിയുടെ സുഖസന്തോഷങ്ങൾക്കായി എന്തു ചെയ്വാനും എപ്പോഴും സന്നദ്ധനാണ്.

പ്രധാനങ്ങളായ ഒന്നുരണ്ടു ശയനമുറിയിൽക്കൂടി നോക്കിയശേഷം ഇവർ വിശിഷ്ടതരങ്ങളായ ചിത്രപടങ്ങളെ സൂക്ഷിച്ചിട്ടുള്ളതായ ചിത്രശാലയിൽ പോയി ഓരോ ചിത്രങ്ങളേയും പരിശോധിച്ച് നയനസാഫല്യം വരുത്തി. ദേവിക്കു ചിത്രമെഴുത്തിനെക്കുറിച്ച് വിശേഷിച്ച് യാതൊരു ജ്ഞാനവുമില്ലാതിരുന്നതിനാൽ ചിത്രപരിശോധനയിൽ അവൾ വളരെ ശ്രദ്ധിച്ചില്ലെങ്കിലും കമല എഴുതീട്ടുള്ളതായ ചില ചിത്രങ്ങളെ സസന്തോഷം നോക്കി രസിച്ചു. കമലയുടെ ചിത്രങ്ങൾ തീരെ അന്യൂനങ്ങളെന്നു പറഞ്ഞുകൂട. എങ്കിലും അവ അവളുടെ അതിശയനീയമായ വാസനാവൈഭവത്തെ വെളിപ്പെടുത്തിയിരുന്നു. ഈ ചിത്രശാലയിൽ ദേശാന്തരങ്ങളിലുമുള്ള അനവധി യോഗ്യന്മാരുടെ ഛായകളും കലാകുശലന്മാരാൽ നിൎമ്മിക്കപ്പെട്ടിട്ടുള്ള അസംഖ്യം ചിത്രങ്ങളുമുണ്ട്. വിശ്വവിശ്രുതന്മാരായ ഗോഖലെ മുതലായ ദേശാഭിമാനികളുടെ ഛായകൾ എണ്ണച്ചായത്തിൽ എഴുതി വെച്ചിട്ടുള്ളതു കണ്ടപ്പോൾ ശ്രീധരൻ നമ്പ്യാരുടെ സ്വഭാവം

ന്ദ്യാഭിമാനത്തെക്കുറിച്ച് ഗോവിന്ദമേനോനു് നിഷ്കളങ്കമായ സന്തോഷമുണ്ടായി. തങ്ങൾ ഇഷ്ടപ്പെടുന്ന മുഖകമലത്തെ അന്വേഷിച്ചുകൊണ്ടു് ഛായകളുടെ ഇടയിൽക്കൂടെ അങ്ങുമിങ്ങും ധൃതിയോടെ സഞ്ചരിച്ചിരുന്ന ദേവിയുടെ നയനങ്ങൾക്കു് ക്ഷണനേരം കൊണ്ടു് അവയുടെ ഉദ്ദിഷ്ടകാര്യം സാദ്ധ്യമായി. ശ്രീധരൻ നമ്പ്യാരുടെ ഛായാദർശനത്താൽ ദേവിയുടെ നേത്രോല്പലങ്ങൾ വിടൎന്നു.

ചില അവസരങ്ങളിൽ തന്നെ നോക്കുമ്പോൾ സ്ഫുരിച്ചിരുന്ന മന്ദഹാസസമന്വിതമായ ശ്രീധരൻ നമ്പ്യാരുടെ വദനാരവിന്ദം തത്തുല്യമായി തന്നെ ഈ ഛായയിൽ പതിഞ്ഞിരിക്കുന്നതായി ദേവിക്കു തോന്നി. അവൾ ചിന്താഗ്രസ്തയായി കുറെ നിമിഷത്തോളം ഈ ഛായയുടെ മുമ്പിൽ നിന്നു ചിത്രശാല വിടുന്നതിലകത്തു് ഒരിക്കൽക്കൂടി ഈ ഛായനോക്കി അവൾ ദർശനസുഖമനുഭവിച്ചു. തണ്ണിച്ചായത്തിലുള്ള ഈ ഛായ ശ്രീധരൻ നമ്പ്യാരുടെ അച്ഛൻ എഴുതിച്ചതാണെന്നു മാധവിയമ്മ അവളെ അറിയിച്ചു. ദേവിക്കു ശ്രീധരൻ നമ്പ്യാരുടെ പേരിൽ ഒരുകാലത്തും തോന്നിയിട്ടില്ലാത്തതായ ഒരു വികാരം മിന്നൽപിണരിന്നുതുല്യം ഇപ്പോളവളുടെ ഹൃദയത്തിൽ ഉത്ഭവിച്ചു. 'മാധവിയമ്മയുടെ വാക്കുകൾ നിസ്സാരങ്ങളായിട്ടുള്ളവയല്ല. സമൎത്ഥയായ ഒരു ധാത്രിയുടെ വാക്കു് കേവലം തള്ളിക്കളയത്തക്കതൊ? അതിനേക്കാൾ മററാരുടെ പ്രശംസക്കാണു് വിലയുള്ളതു്. ഒരു ജന്മിയുടേയും, യജമാനൻേറയും നിലയിൽ എത്ര അസംഖ്യം ജനങ്ങളുടെ രക്ഷാകർത്തൃത്വവും, സുഖക്ഷേമാദികളും അദ്ദേഹത്തിൽ സ്ഥിതിചെയ്യുന്നു. എത്ര ജനങ്ങൾക്കു സന്തോഷസന്താപങ്ങൾ നൽകുവാൻ അദ്ദേഹം ശക്തനാകുന്നു.' എന്നും മററും ദേവി വിചാരിച്ചു. മാധവിയമ്മയിൽ നിന്നു പുറപ്പെട്ടതായ ഓരോ വാക്കുകളും അദ്ദേഹത്തിൻെറ സ്വഭാവയോഗ്യതയ്ക്കു മാററു കൂട്ടിയിരുന്നു.

ദേവി ശ്രീധരൻനമ്പ്യാരുടെ ഛായയുടെ മുമ്പിൽ നിന്നപ്പോൾ അദ്ദേഹത്തിൻെറ ദൃഷ്ടികൾ അവളിൽ തന്നെ പതിഞ്ഞിരിക്കുന്നതായി തോന്നി. തൽക്ഷണം അവൾ അദ്ദേഹത്തിൻെറ അനുരാഗത്തെ ചിന്തിച്ചു.

പുറമെ വരുന്നവൎക്ക കാണ്മാൻസൌകൎയ്യമുള്ളതായ സ്ഥലങ്ങളെല്ലാം ദശിച്ചതിന്നുശേഷം നമ്മുടെ കൂട്ടർ മാധവിയമ്മയോടു യാത്ര പറഞ്ഞ് ഒരു ഉദ്യാനപാലകൻെറയൊരുമിച്ചു പോയി. തെക്കുഭാഗത്തുള്ളതായ ഉദ്യാനത്തിലൂടെ അത്ഭുതപൂൎവ്വങ്ങളായ പല ചെടികളേയും, നോക്കി രസിച്ച് ഇവർ കുറെ ദൂരം ചെന്നപ്പോൾ പത്മാലയത്തെ ഒരിക്കൽ കൂടി കാണുവാൻ വേണ്ടി പിന്തിരിഞ്ഞു നിന്നു. പത്മാലയം പണി ചെയ്തിട്ട് സുമാർ എത്ര കൊല്ലമായിരിക്കുമെന്ന് ഗോവിന്ദമേനോൻ അനുമാനിച്ചനില്ക്കുന്ന മദ്ധ്യെ യൂറോപ്യൻ വസ്ത്രധാരിയായ ഒരാൾ അശ്വാരൂഢനായി വരുന്നുണ്ടെന്നു ദേവി പറയുകയാൽ സൎവ്വരുടേയും ദൃഷ്ടികൾ ദേവിയാൽ നിൎദ്ദിഷ്ടമായ പാന്ഥാവിലേക്കു തിരിഞ്ഞു.

കറുത്തവൎണ്ണത്തിലുള്ള അതിക്കുററനായ ഒരു അറബിക്കുതിരയുടെ പുറത്തു കയറിവന്നിരുന്ന പുരുഷൻ ഇവരിൽ നിന്നു ഏകദേശം ഇരുപതു വാര ദൂരത്തെത്തിയപ്പോൾ അതു ശ്രീധരൻനമ്പ്യാരാണെന്നു ദേവിക്കു മനസ്സിലായി. ശ്രീധരൻനമ്പ്യാരുടെ ആഗമനം അപ്രതീക്ഷിതമായിട്ടുള്ളതായിരുന്നതിനാൽ അദ്ദേഹത്തിൻെറ ദൃഷ്ടിക്കു വിഷയീഭവിക്കാതെ വേഗത്തിൽ അവിടെനിന്നൊഴിയുവാൻ അവൾക്കു സാധിച്ചില്ല.

ദേവിയും നമ്പ്യാരും മുഖത്തോടുമുഖം നോക്കിയ നിമിഷത്തിൽ ഇരുവരുടേയും കപോലങ്ങൾ ലജ്ജാസംഭ്രമങ്ങൾ കൊണ്ട് അരുണവൎണ്ണങ്ങളായി. ദേവിയെ കണ്ട നിമിഷത്തിൽ അത്ഭുതപാരവശ്യത്തോടെ ശ്രീധരൻനമ്പ്യാർ രണ്ടു നിമിഷത്തോളം കണ്ണിമക്കാതെ നിന്നുവെങ്കിലും ഉടൻതന്നെ

ന്നെ കുതിരപ്പുറത്തുനിന്നിറങ്ങി കുതിരയെ ഒരു ചമ്പകവൃക്ഷത്തോടണച്ചുബന്ധിച്ച് ഇവരുടെ സമീപത്തേക്കു ചെന്നു. അദ്ദേഹം തിരെ സ്വസ്ഥതയോടെയല്ലെങ്കിലും വളരെ മര്യാദയോടെ ദേവിയോടു സ്വാഗതം പറഞ്ഞു. എത്ര തന്നെ സാഹസപ്പെട്ടിട്ടും അടക്കുവാൻ സാധിക്കാത്ത പരിഭ്രമത്തോടെ ദേവി അദ്ദേഹത്തിന്റെ സല്ക്കാരവചനങ്ങളെ ശ്രവിച്ചു.

അശ്വാരൂഢനായി വന്ന യുവാവ് ശ്രീധരൻനമ്പ്യാരാണെന്നല്ലാം മുമ്പു തങ്ങൾ കണ്ടതായ ഛായകളും, അദ്ദേഹത്തിന്റെ ആകൃതിയും തമ്മിലുള്ള തുല്യതകൊണ്ടു ഗോവിന്ദമേനോനും ശാരദാമ്മക്കും തിച്ചപ്പെടുത്തുവാൻ സാധിച്ചിരുന്നില്ലെങ്കിൽ യജമാനന്റെ ആകസ്മികമായ ആവിർഭാവം നിമിത്തം ഉദ്യാനപാലകനിൽ പ്രത്യക്ഷമായ ആശ്ചര്യബഹുമാനാദരങ്ങൾ അവരുടെ സംശയത്തെ തിരെ തീർത്തു. അദ്ദേഹം ദേവിയോടു സംസാരിക്കുമ്പോൾ ഗോവിന്ദമേനോനും ഭാര്യയും കുറച്ചകലെയാണ് നിന്നിരുന്നത്.

ഇന്നതെന്നു വിവരിക്കുവാൻ വഹിയാത്ത വികാരവിശേഷത്താൽ നമ്രമുഖിയായ ദേവി ശ്രീധരൻ നമ്പ്യാരുടെ മുഖത്തു നോക്കുവാൻ തിരെ അശക്തയായി. അവളുടെ കുഡുംബക്ഷേമത്തെക്കുറിച്ചദ്ദേഹം സാദരം ചെയ്ത ചോദ്യങ്ങൾക്ക് എന്തെല്ലാമാണ് മറുവടി പറഞ്ഞതെന്നു അവൾക്കു തന്നെ അറിവുണ്ടായിരുന്നില്ല. അവർ തമ്മിൽ അവസാനം പിരിഞ്ഞതിന്നുശേഷം അദ്ദേഹത്തിന്റെ സ്വഭാവത്തിന്നു വന്നിട്ടുള്ളതായ മാററങ്ങൾ കണ്ട് അവൾക്ക് ഒട്ടേറെ വിസ്മയമുണ്ടായി. അദ്ദേഹത്തിന്റെ വാക്കുകളോരോന്നും അവളുടെ പരിഭ്രമത്തെ ദ്വിഗുണീകരിച്ചു. താൻ പത്മാലയത്തിൽ പ്രവേശിച്ച മര്യാദക്കേടിനെ ചിന്തിച്ച് നിമിഷം തോറും അവൾക്കു കുണ്ഠിതം വർദ്ധിച്ചു. നമ്പ്യാരെ കണ്ട മുതൽ അദ്ദേഹം സംസാരിച്ചു പിരിയുന്നതുവരെ കഴിച്ചുകൂട്ടിയ ഈ

സ്വല്പസമയം പോലെ അത്ര അസുഖകരമായ ഒരവസരം അവളുടെ ജീവകാലത്തിൽ അതുവരെ ഉണ്ടായിട്ടില്ല. ശ്രീധരൻ നമ്പ്യാൎക്കും ഒട്ടുംതന്നെ സ്വസ്ഥതയുള്ളതായി തോന്നിയില്ല. സംസാരിക്കുമ്പോൾ അദ്ദേഹത്തിന്നു സാധാരണയായുണ്ടായിരുന്ന ഗൌരവം അശേഷം കണ്ടില്ല. എന്നല്ല ദേവിയോട് ഒരിക്കൽ ചോദിച്ച ചോദ്യങ്ങൾ തന്നെ പലവട്ടം ചോദിക്കകയാൽ അദ്ദേഹത്തിന്റെ മനോവിഭ്രമം സ്പഷ്ടമായി. ദേവിയും മററും ഉദ്യാനത്തിൽ നിന്നു മടങ്ങുവാൻ അല്പം താമസമില്ലെ എന്നു ചോദിച്ച് കുറച്ചുനേരം മൌനമവലംബിച്ചുനിന്ന് അദ്ദേഹം ക്ഷണത്തിൽ യാത്ര പറഞ്ഞു പിരിഞ്ഞു.

ശ്രീധരൻനമ്പ്യാരുടെ ഗമനാനന്തരം അദ്ദേഹത്തിന്റെ അംഗലാവണ്യത്തെക്കുറിച്ചും മററും സംസാരിച്ചുംകൊണ്ട് ഗോവിന്ദമേനോനും ശാരദാമ്മയും യാത്ര തുടൎന്നു. ദേവി പലവിധ മനോരാജ്യങ്ങളിൽ മുഴുകിയിരുന്നതിനാൽ ഇവരുടെ സംഭാഷണം യാതൊന്നും ശ്രവിക്കാതെ നിശ്ശബ്ദയായി ഇവരെ അനുഗമിച്ചു. താൻ പത്മാലയദൎശനത്തിന്നു പുറപ്പെട്ടതു തീരെ വിവേകശൂന്യമായ പ്രവൃത്തിയായെന്നു വിചാരിച്ചവൾ ലജ്ജിച്ചു. അവൾക്കതിദുസ്സഹമായ വ്യസനവുമുണ്ടായി. തന്റെ ഈ പ്രവൃത്തിയെക്കുറിച്ചദ്ദേഹത്തിന്നെന്തു തോന്നും? എത്ര അസാധാരണമായി കരുതും? അദ്ദേഹത്തിന്റെ ദൃഷ്ടിപഥത്തിൽ പ്രവേശിക്കുവാൻവേണ്ടി അവൾ കല്പിച്ചുകൂട്ടി ഇങ്ങിനെ വന്നതാണെന്നു വിചാരിക്കില്ലേ? അഭിമാനിയായ അദ്ദേഹം ഈ പ്രവൃത്തി എത്രമാത്രം നിന്ദാവഹമായി കരുതും? അവളവിടെ എന്തിന്നുവന്നു? അല്ലെങ്കിൽ അദ്ദേഹം നിശ്ചിതദിവസം തെററിച്ച് എന്തിന്ന് ഒരു ദിവസം മുമ്പെ വന്നു? ഒരു മണിക്കൂർ മുമ്പു പത്മാലയം വിട്ടിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ അകപ്പെടാതെ കഴിക്കാമായിരുന്നു. തങ്ങളുടെ കൂടിക്കാഴ്ചയുടെ അനൌചി

ത്യത്തെ ചിന്തിച്ച്, വ്രീളാ, വ്യഥകളാൽ അവളുടെ മുഖ പത്മം വാടി.

ശ്രീധരൻനമ്പ്യാരുടെ നടവടിക്കു ഗണനീയമായ ഒരു മാററം സംഭവിച്ചിരിക്കുന്നു. അതിന്നുള്ള കാരണമെന്ത്? അവളോടു സംസാരിക്കുക എന്നതുതന്നെ വിസ്മയനീയമായിട്ടുള്ളതാണ്. അതിലും വിശേഷിച്ചവളുടെ വീട്ടുവൎത്തമാനങ്ങളെ അന്വേഷിക്കുകയോ? അദ്ദേഹത്തിന്റെ പ്രതാപം ഒരു കാലത്തും അവളിത്രകുറഞ്ഞുകണ്ടിട്ടില്ല. യാദൃച്ഛികമായുണ്ടായ ഈ കൂടിക്കാഴ്ചയിൽ അദ്ദേഹം അവളോടു സംസാരിച്ചതുപോലെ ഇത്ര മൎയ്യാദയോടും സൌമ്യതയോടും കൂടി മുമ്പൊരിക്കലും സംസാരിച്ചിട്ടില്ല. ചെറുശ്ശേരി ഉദ്യാനത്തിൽവെച്ചവളുടെ കയ്യിൽ എഴുത്തു കൊടുത്തപ്പോൾ അദ്ദേഹത്തിൽ കണ്ട ഭാവവും ഇപ്പോഴത്തെ സമ്പ്രദായങ്ങളും തമ്മിൽ എന്തൊരന്തരം! ആകപ്പാടെ ഇതിനെപ്പററി എന്താണാലോചിക്കേണ്ടതെന്നറിയാതെ ദേവി വിഷമിച്ചു.

ഉദ്യാനത്തിലുള്ള സന്തോഷജനകങ്ങളായ പലേ കാഴ്ചകളേയും വീക്ഷിച്ചു ഗോവിന്ദമേനോനും മററും ഉത്സാഹത്തോടെ നടന്നു. ദേവിക്കു സുബോധമുണ്ടായിരുന്നില്ലെന്നുതന്നെ പറയാം. അവൾ യാതൊന്നും ശ്രദ്ധിച്ചിരുന്നില്ല. ഗോവിന്ദമേനോനും ശാരദാമ്മയും വല്ലതും ചോദിക്കയും പറയുകയും ചെയ്യുമ്പോഴെല്ലാം അവൾ മറുവടി പറകയും എന്തെങ്കിലും പ്രത്യേകമായി ചൂണ്ടിക്കാണിക്കുമ്പോൾ അവയെ നോക്കുകയും ചെയ്തിരുന്നുവെങ്കിലും, അവൾ എന്താണ് പറഞ്ഞതു്, എന്തിനെയാണ് നോക്കിയതു് എന്നും മററും അവൾക്കുതന്നെ അറിവുണ്ടായിരുന്നില്ല. അവളുടെ മനസ്സു മുഴുവനും പത്മാലയത്തിൽ ശ്രീധരൻനമ്പ്യാരിലും അദ്ദേഹം ഇരിക്കുന്ന സ്ഥലത്തുമായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ തൽസമയം എന്തെല്ലാം വിചാരങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും അവളെക്കുറിച്ചദ്ദേഹത്തിന്നെന്തു തോന്നി

യിരിക്കുന്നു എന്നും ഇപ്പോഴും അവളിൽ അനുരാഗമുണ്ടോ എന്നും, അറിവാനായി ദേവി ആഗ്രഹിച്ചു. അദ്ദേഹം ഇത്രയധികം മര്യാദ കാണിച്ചതു പക്ഷെ താല്ക്കാലികമായ വല്ല കാരണത്താലുമായിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ സംസാരരീതിയിലും സ്വരത്തിലും എന്തോ അസാധാരണമായ ഒരു വ്യത്യാസമുണ്ടായിരുന്നു. അവളെ കാണുകനിമിത്തം അദ്ദേഹത്തിന്നു സന്തോഷമോ സുഖക്കേടോ ഏതാണധികമെന്നറിഞ്ഞുകൂടാ. ഏതായാലും അദ്ദേഹത്തിന്നു മനഃസ്വാസ്ഥ്യമുണ്ടായിരുന്നില്ലെന്നുള്ളതു നിശ്ചയമാണ്. ഏവംവിധങ്ങളായ ചിന്താഭരങ്ങളാൽ അസ്വസ്ഥചിത്തയായിരിക്കുന്ന ദേവിയോട് —

ശാ. അ — എന്താ ദേവീ, വല്ല സുഖക്കേടുമുണ്ടോ? എന്താണിങ്ങിനെ സ്വപ്നാടനക്കാരെപ്പോലെ നടക്കുന്നത്? ദേവിയുടെ മുഖത്തു നോക്കിയാൽ വല്ലാത്ത മൌഢ്യമുള്ളപോലെ തോന്നുന്നുവല്ലൊ?

ദേ — മൌഢ്യമൊന്നുമില്ല. എന്തോ എനിക്കാകപ്പാടെ നല്ല സുഖമില്ല. ഈ വെയിലത്തു വന്നിട്ടാണെന്നു തോന്നുന്നു. തലക്കു വല്ലാത്തൊരു ഉപദ്രവം.

ശാ. അ — ദുശ്ഘടം. വണ്ടി വളരെ ദൂരത്താണല്ലൊ. ആട്ടെ നമുക്കിവിടെ വല്ല ദിക്കിലും കുറച്ചു നേരം ഇരുന്നു വിശ്രമിച്ച് വേഗത്തിൽ മടങ്ങാം. എനിക്കും നന്നെ ക്ഷീണമുണ്ട്. വല്ല ദിക്കലും കുറച്ചു ഇരിക്കാതെ കഴികയില്ല.

ഗോ. മേ — പത്മാലയയാത്ര ദേവിക്കുപദ്രവകരമായിതീൎന്നു. അല്ലേ? കഠിനമായ തലവേദനയുണ്ടോ?

ദേ — സാരമില്ല. ഇടക്കു കുറെ ദുസ്സഹമായി തോന്നി.

ഗോ. മേ — അതാ, ആ കൽത്തറകളിലിരുന്നല്പം വിശ്രമിച്ചു പോവാം.

ചാരുബെഞ്ചിന്റെ ആകൃതിയിൽ ഒന്നാന്തരം വെണ്ണക്കൽകൊണ്ടു പണിതിട്ടുള്ളതായ ഒരു തറയിൽ ദേവി ഇരു

ന്നു. ദേവിയുടെ മടിയിൽ തലയും വെച്ചു ശാരദാമ്മ ശയിച്ചു. അവരിൽ നിന്നു കുറച്ചകലെയായി അതേ മാതിരിയിലുള്ള മറെറാരു ചെറിയ തറയിൽ ഗോവിന്ദമേനോനും ഇരുന്നു. ഇവിടെ ഇരുന്നു ഇവർ സുഗന്ധവാഹിയായ മന്ദമാരുതനേററു വിശ്രമിക്കുന്നമദ്ധ്യേ മലയാളസമ്പ്രദായത്തിലുള്ള ശുഭ്രവസ്ത്രങ്ങളെ ധരിച്ച് ശ്രീധരൻനമ്പ്യാർ വരുന്നതു കാണുകയാൽ ദേവിക്ക് അപരിമിതമായ അത്ഭുതവും പരിഭ്രമവും ഉണ്ടായി. അദ്ദേഹം അടുത്തുവരുന്നപക്ഷം യാതൊരു ഭാവപ്പകർച്ചയും കൂടാതെ അദ്ദേഹത്തോടു ശാന്തമായി സംസാരിക്കുവാൻ തീർച്ചപ്പെടുത്തി അവൾ അദ്ദേഹത്തെ കാണ്മാനുള്ള കുതുകത്തോടുകൂടിത്തന്നെ ഇരുന്നു. അദ്ദേഹം മററു വല്ല വഴിക്കും തിരിഞ്ഞുപോകുമോ എന്നും സംശയിക്കാതിരുന്നില്ല. ഒരു വളവിൽ എത്തിയപ്പോളദ്ദേഹം ദേവിക്കദൃശ്യനായതുകൊണ്ടു അവളുടെ സംശയം സ്ഥിരമായി. പക്ഷെ ആ വളവു കടന്ന ഉടനെ അദ്ദേഹത്തിൻെറ ആഗമനം തങ്ങൾക്കഭിമുഖമായിട്ടാണെന്നറിയുകയാൽ അവളുടെ സംശയമെല്ലാം തീൎന്നു. ശ്രീധരൻനമ്പ്യാർ വളരെ വേഗത്തിൽ ഇവർ ഇരിക്കുന്നിടത്തെത്തി. അദ്ദേഹം സമീപിച്ച ഉടനെ എഴുനീല്ക്കുവാൻ ഭാവിച്ച ദേവിയോട് "വേണ്ട, വേണ്ട. കിടക്കുന്നവരെ ബുദ്ധിമുട്ടിക്കേണ്ട. എൻെറ വരവാക്കും ഉപദ്രവകരമായിത്തീരരുത്." എന്നു പറഞ്ഞുവെങ്കിലും എല്ലാവരും വേഗത്തിൽ എഴുനീററു. അല്പസമയം മുമ്പദ്ദേഹത്തിൽ കണ്ടിരുന്ന മശ്ശാദസ്സുണംപോലും വ്യത്യാസം സംഭവിച്ചിട്ടില്ലെന്നു ദേവി ക്ഷണേന മനസ്സിലാക്കി. അദ്ദേഹം അടുത്തുവന്നപ്പോൾ എന്താണു പറയേണ്ടതെന്നറിയാതെ അവളാദ്യം അല്പം ഭ്രമിച്ചു എങ്കിലും ഉടനെ ഉദ്യാനഭംഗിയെക്കുറിച്ച് കുറഞ്ഞൊന്നു വിവരിക്കുവാൻ നിശ്ചയിച്ച് "ഈ ഉദ്യാനം ഏററവും മനോഹരമായിരിക്കുന്നു." എന്നിങ്ങിനെ കഷ്ടിച്ചു പറഞ്ഞു. അപ്പോഴക്ക് എന്തോ ചില സ്മരണകൾ അവളു

ടെ ഹൃദയത്തിൽ തള്ളിക്കയറിയതിനാൽ മുഖവൈവൎണ്ണ്യ ത്തോടെ മൌനമവലംബിച്ചു. പത്മാലയത്തേയോ, അതു സംബന്ധമായ മറ്റു വസ്തുക്കളേയോ കുറിച്ചു താൻ ശ്ലാഘി ച്ചാൽ വല്ല തെറ്റിദ്ധാരണക്കും പക്ഷേ കാരണമാകുമെന്നു ശങ്കിച്ചു ഉദ്യാനവൎണ്ണനയിൽ നിന്നവൾ വിരമിച്ചു. സംഭാ ഷണത്തിന്നു വേറെ വിഷയം തേടിപ്പിടിക്കുമ്പോഴക്കു അവ ളുടെ കൂടെ ഒരുമിച്ചുള്ള കൂട്ടരെ പരിചയപ്പെടുത്തിക്കൊടുപ്പാനായി ശ്രീധരൻനമ്പ്യാരവളോടാവശ്യപ്പെട്ടു.

അദ്ദേഹം ഇത്രത്തോളം മൎയ്യാദ പ്രവൃത്തിക്കുമെന്നവൾ വിചാരിച്ചിരുന്നതേ ഇല്ല. തന്നോടദ്ദേഹം വിവാഹാൎത്ഥന ചെയ്യവസരത്തിൽ അദ്ദേഹത്തിൻെറ ഔദ്ധത്യാതിരേകംനി മിത്തം താൻ നിഷിദ്ധമായി സംസാരിച്ചിരുന്ന കൂട്ടരിൽ ചിലരെയാണിപ്പോൾ പരിചയപ്പെടുത്തിക്കൊടുക്കാനാവ ശ്യപ്പെട്ടതെന്നോൎത്തപ്പോൾ ദേവിക്കുണ്ടായ മന്ദഹാസത്തെ അടക്കുവാൻ വളരെ പണിപ്പെടേണ്ടിവന്നു. "ഇവരുടെ യ ഥാൎത്ഥവിവരമറിയുമ്പോൾ ഇദ്ദേഹം എത്രമാത്രം വിസ്മയി ക്കും." എന്നു ദേവി വിചാരിച്ചു. ഗോവിന്ദമേനോനേയും ഭാ ൎയ്യയേയും അദ്ദേഹത്തിന്നു പരിചയപ്പെടുത്തി. അവർ ത ൻെറ മാതുലനും പത്നിയുമാണെന്നു പറഞ്ഞപ്പോൾ ശ്രീധ രൻനമ്പ്യാരുടെ ഭാവമറിവാനായി ദേവി സാമൎത്ഥ്യത്തോടെ കടക്കൺകൊണ്ടദ്ദേഹത്തിൻെറ മുഖം പരിശോധിച്ചു. യ ഥാൎത്ഥവിവരം ഗ്രഹിച്ചാൽ മോശക്കാരായ തങ്ങളുടെ ഇട യിൽനിന്നദ്ദേഹം കഴിയുന്നത്രവേഗത്തിൽ പോകുമെന്നു ദേ വി വിചാരിച്ചു. വിവരമറിഞ്ഞപ്പോൾ അദ്ദേഹത്തിന്ന് അ സാമാന്യമായ ആശ്ചൎയ്യമുണ്ടായെങ്കിലും ദേവി വിചാരിച്ചതു പോലെ അദ്ദേഹം ഓടിപ്പോയില്ല. എന്നുമാത്രമല്ല പ്രത്യു ത അവിടെനിന്നു ഗോവിന്ദമേനോനുമായി സംഭാഷണമാ രംഭിക്കയും ചെയ്തു. ഇതുനിമിത്തം ദേവിക്കുണ്ടായ ആനന്ദാ തിശയങ്ങൾ അവൎണ്ണനീയങ്ങളാകുന്നു. നമ്പ്യാരും ഗോവിന്ദ

മേനോനും തമ്മിലുള്ള സംഭാഷണം ശ്രവിക്കുന്നതിൽ ജാഗ്രൂകതയോടെ നിന്നിരുന്ന ദേവി ഗോവിന്ദമേനോൻെറ ബുദ്ധിസാമൎത്ഥ്യം, സൌശീല്യം, ഔദാൎയ്യം, മുതലായവയെ സ്പഷ്ടീകരിക്കുന്നതായ ഓരോ വാക്കുകളും അദ്ദേഹത്തിൽനിന്നു പുറപ്പെട്ടുമ്പോഴെല്ലാം ഹൃദയപൂൎവ്വം സന്തോഷിച്ചു. ഗോവിന്ദമേനോന്നു തോണികളിയിൽ ഏററവും താല്പൎയ്യമുണ്ടെന്നു സംസാരത്തിൽനിന്നു മനസ്സിലായപ്പോൾ—

ശ്രീ. ന—തോണികളിക്ക് പുഴയിൽ നല്ല സൌകൎയ്യമുണ്ട്. ഞാൻ ഇടക്കിടെ തോണികളിക്കാറുണ്ട്. നമുക്കു നാളെ രാവിലെ നേരത്തെതന്നെ തോണികളിക്കാം. അതിന്നാവശ്യമായ തോണിയും മററും ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും.

ഗോ. മേ—തോണികളിയിൽ എനിക്കുബഹുരസമാണ്. ചിലർ ശിക്കാറിന്നു പോകുന്നതുപോലെ എനിക്കിതിലാണ് അധികം ഇഷ്ടം. പക്ഷെ ഞങ്ങളിപ്പോൾതന്നെ ചെറുകുന്നത്തേക്കു മടങ്ങുന്നതുകൊണ്ടതിന്നു തരമില്ലാതെ വന്നതിൽ വ്യസനിക്കുന്നു.

ശ്രീ. ന—ഇപ്പോൾതന്നെ മടങ്ങുകയോ? ഒരിക്കലും പാടില്ല. രണ്ടു ദിവസമെങ്കിലും ഇവിടെ താമസിച്ചല്ലാതെ മടങ്ങുന്നതു മൎയ്യാദയല്ല. ഞാൻ അനുവദിക്കില്ല. രണ്ടുദിവസം താമസിക്കുന്നതിന്നെന്താവിരോധം?

ഗോ.മേ—ഞങ്ങൾ ഇന്നലെത്തന്നെ ചെറുകുന്നു വിടേണമെന്നാണ് വിചാരിച്ചിരുന്നത്. എന്നാൽ ശാരദക്ക് ഈ പ്രദേശമെല്ലാം ഒന്നു കാണാതെ കഴിയില്ലെന്നു ശഠിച്ചതിനാൽ രണ്ടുദിവസത്തേക്കു നീട്ടിവെച്ചു. അതുതന്നെ ദേവിക്കത്ര രസിച്ചിട്ടില്ല.

ശ്രീ. ന—ഏതായാലും ആദ്യത്തെ നിശ്ചയമിളക്കി രണ്ടുദിവസം നീട്ടിയില്ലെ. ഇനി രണ്ടുദിവസംകൂടി നീട്ടുക. അങ്ങിനെ ചെയ്യുന്നത് എനിക്കു വളരെ സന്തോഷം. നിങ്ങളിവിടെ രണ്ടുദിവസം താമസിക്കാതെ പോയാൽ എ

ന്നെ അപമാനിച്ചതായി ഞാൻ വിചാരിക്കും." എന്നു പറഞ്ഞു തൽഗർഭത്തോടെ ദേവിയെ ഒന്നു കടാക്ഷിച്ചു.

ശ്രീധരൻനമ്പ്യാരിങ്ങിനെ പറഞ്ഞപ്പോൾ ശാരദാമ്മ അത്യന്തം വിസ്മയത്തോടെ ദേവിയെ നോക്കി. ദേവി യാതൊന്നും ശബ്ദിച്ചില്ല. ശാരദാമ്മയുടെ നോട്ടം അവൾക്കു അസാമാന്യമായ സന്തുഷ്ടി നൽകി. "ഇദ്ദേഹത്തിൻെറ ഈ മര്യാദയും ഔദാര്യവും, സൽക്കാരവും, എല്ലാം എന്നെ ഉദ്ദേശിച്ചിട്ടുതന്നെ ആയിരിക്കുമോ? ഇദ്ദേഹത്തിൽ ഇത്ര വലിയ മാററം എങ്ങിനെ സംഭവിച്ചു? ഇതിന്നുള്ള കാരണമെന്തായിരിക്കും? എനിക്കുവേണ്ടി ഇദ്ദേഹത്തിൻെറ സ്വഭാവത്തിന്ന് ഇത്ര ഗണനീയമായ മാററം വരികയൊ? അതുണ്ടാവില്ല. ചെറുശ്ശേരിയിൽ വെച്ചുണ്ടായ ശകാരം കണക്കിൽകൊണ്ടു എന്നു വരുമോ? എന്നാൽതന്നെ ഇങ്ങിനെ സംഭവിക്കാൻ തരമില്ല. ഇദ്ദേഹത്തിന്നിപ്പോഴും എന്നിൽ പ്രണയമുണ്ടെന്നു വിചാരിക്കുന്നതു വിഡ്ഢിത്വമല്ലേ? അതുണ്ടാവുന്ന കാര്യം അസാദ്ധ്യംതന്നെ." ഈവിധങ്ങളായ ചിന്തകൾ ദേവിയുടെ ഹൃദയത്തിൽ സ്ഥലംപിടിച്ചു.

ശാ. അ—(സസ്മിതം) ദേവി, എന്താ ഒന്നും മിണ്ടാതെ നില്ക്കുന്നത്? ക്ഷണനം കേട്ടില്ലെന്നുണ്ടോ? എന്തു വിചാരിക്കുന്നു?

ദേ—കേട്ടു, ഞാനെന്താ പറയേണ്ടത്? അമ്മാമൻെറ ഇഷ്ടം പോലെ ചെയ്യുക. അല്ലാതെ എനിക്കിതിലൊന്നും പറയാനില്ല. പക്ഷെ നമ്മൾ ഇന്നു പോകാഞ്ഞാൽ കുറുപ്പും ശിന്നമ്മാളുഅമ്മയും എന്തു വിചാരിക്കും? അവർ പരിഭ്രമിക്കില്ലേ? എത്രതന്നെ നേരം വൈകിയാലും നമ്മൾ ഇന്നുതന്നെ മടങ്ങുമെന്നു അവരോടു ഖണ്ഡിതമായി പറഞ്ഞിട്ടില്ലേ?

ശ്രീ-ന—അതുകൊണ്ടെന്താ? ഈ വിവരമറിയിപ്പാൻ ഇപ്പോൾ തന്നെ ഒരാളെ അയച്ചേക്കാം. ഈ കാരണം കൊണ്ട് മാത്രം ഇന്നുതന്നെ മടങ്ങണമെന്നില്ല.

ശ്രീധരൻ നമ്പ്യാർ വീണ്ടും വീണ്ടും നിർബ്ബന്ധപൂർവ്വം ആവശ്യപ്പെട്ടകയാൽ ഗോവിന്ദമേനോൻ അദ്ദേഹത്തിൻെറ ക്ഷണനം സ്വീകരിച്ച് രണ്ടുദിവസം അവിടെ താമസിക്കു വാൻ തീർച്ചപ്പെടുത്തി. ഇവർ പിന്നെ നമ്പ്യാരോടുകൂടി ഉദ്യാനത്തിൽ പലേടിക്കിലും നടന്ന് സന്ധ്യയ്ക്കുമുമ്പ് പത്മാലയത്തിലേക്കു മടങ്ങി. ശാരദാമ്മയ്ക്കു വളരെ ക്ഷീണമുണ്ടായിരുന്നതുകൊണ്ട് മടക്കത്തിൽ ചില സ്ഥലങ്ങൾ കയറി ഇറങ്ങുമ്പോഴെല്ലാം ദേവിയുടെ സഹായം പോരാതെ വന്നതിനാൽ ഗോവിന്ദമേനോൻ വരേണ്ടിവന്നു. ഉടനെ അമ്മായിയുടെ കൈവിട്ട് ദേവി മുമ്പിൽ നടന്നു. ശാരദാമ്മയാൽ മോചിക്കപ്പെട്ട ഹസ്തത്തിനെ ഗ്രഹിക്കുവാനൊ എന്നു തോന്നുമാറ് നമ്പ്യാർ ദേവിയുടെ ഒരുമിച്ചു നടന്നു. ഇരുവരും മൌനമവലംബിച്ചു കുറച്ചു ദൂരം പോയതിനുശേഷം ദേവി ഒന്നാമതായി സംഭാഷണമാരംഭിച്ചു. നമ്പ്യാർ പത്മാലയത്തിലില്ലെന്നുള്ള വിവരമറിഞ്ഞിട്ടാണ് താനവിടെ പോയതെന്നദ്ദേഹത്തെ ധരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ—

ദേ—ഞങ്ങൾ ചെറുകുന്നത്തുനിന്ന് പുറപ്പെട്ടപ്പോൾ ഇവിടെ ആരുമില്ലെന്നാണ് കേട്ടിരുന്നത്. നിങ്ങളെല്ലാവരും നാളെക്കേ എത്തുള്ളു എന്നും കേട്ടു. ഇന്നത്തെ ഈ വരവ് അപ്രതീക്ഷിതമായിട്ടുള്ളതാകുന്നു. ഇവിടെ വന്നപ്പോൾ നാളെക്കേ വരുള്ളു എന്നാണല്ലൊ മാധവിയമ്മയും പറഞ്ഞത്.

ശ്രീ. ന—പറഞ്ഞതിലും കേട്ടതിലും തെററില്ല. ഞാൻ നാളയേ വരുള്ളു എന്നുതന്നെയാണിങ്ങോട്ടറിയിച്ചിരുന്നത്. എന്നാൽ ഞാനില്ലാത്തവസരത്തിൽ ഇവിടുത്തെ കാര്യങ്ങളെല്ലാം ഏതുവിധം നടത്തുന്നു എന്നറിവാനായി ഒരു ദിവസം മുമ്പെ വന്നു. അത്രയേയുള്ളു. എന്തോ ഞാനിന്നു വന്നത് ഉപദ്രവകരമായിത്തീന്നു എന്നുണ്ടൊ?

ദേ—എനിക്കൊ? പത്മാലയത്തിലെ ഉടമസ്ഥൻ അവിടെ വരുന്നതിനാൽ എനിക്കുപദ്രവമുണ്ടാവുകയൊ? എന്താണിങ്ങിനെ ചോദിക്കുന്നത്?

ശ്രീ. ന—എന്നെ കണ്ടതുമുതൽ ഈ മുഖം ഉയൎത്തിയിട്ടില്ല. ഉല്ലാസവും, വിലാസവും എവിടക്കു പോയി? ഈ മൌഢ്യത്തിന്നു കാരണം എന്റെ വരവായിരിക്കുമൊ എന്നു ശങ്കിച്ചു ചോദിച്ചതാണ്. കമല നാളെ രാവിലെ എത്തും. അവളുടെ ഒരുമിച്ച് ദേവിക്കു പരിചയമുള്ള ചില കൂട്ടർ കൂടി വരുന്നുണ്ട്.

ദേ—ആരാണത്?

ശ്രീ. ന—ഭാസ്കരമേനോനും സോദരിമാരും.

ഭാസ്കരമേനോന്റെ നാമശ്രവണത്താൽ ചിന്താഗ്രസ്തയായ ദേവി മറുപടിയൊന്നും പറയാതെ മന്ദമായൊന്നു ശിരഃകമ്പനം ചെയ്തു.

ശ്രീ. ന—നാളത്തെ അതിഥികളിൽ ദേവിയുടെ സഖ്യം പ്രത്യേകം ആവശ്യപ്പെടുന്നതായ ഒരാളുണ്ട്. എന്റെ സഹവാസം ദേവിക്ക് ആനന്ദപ്രദമല്ലാത്തതുകൊണ്ട് എന്റെ സോദരിയുടെ പരിചയവും അനിഷ്ടകരമായിരിക്കുമൊ?

ദേ—(സഗൽഗദം) കമലയെ സംബന്ധിച്ചേടത്തോളം ഇങ്ങിനെയൊരു സംശയത്തിന്നവകാശമില്ല.

ദേവിയുടെ പരിചയത്തിന്നൊ സഖ്യത്തിന്നൊ കമല ആഗ്രഹിക്കുന്നത് ശ്രീധരൻ നമ്പ്യാരുടെ ഇച്ഛാനുസൃതമായിരിക്കുമെന്നു വിചാരിച്ച് ദേവി കൃതാൎത്ഥയായി. ഏതായാലും അദ്ദേഹത്തിന്നവളിൽ വലിയ നീരസമില്ലെന്നറിഞ്ഞ് ഹൃദയപൂൎവ്വം സന്തോഷിക്കയും ചെയ്തു. മനോരാജ്യത്തിൽ മുഴുകി രണ്ടാളും മൌനവ്രതത്തോടെ നടന്നുതുടങ്ങി. ദേവിയുടെ മനസ്സിന്നശേഷം സ്വാസ്ഥതയുണ്ടായിരുന്നില്ല. ശ്രീധരൻ നമ്പ്യാരുടെ ഈ മാതിരി ആദരവിന്നുതാൻ പാത്രീഭൂത

യായതിനാലുണ്ടായ സന്തോഷം ദേവിയുടെ ഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞൊഴുകിയിരുന്നു. കമലയെ പരിചയപ്പെടുത്തുവാനായിക്കൊണ്ടുള്ള അദ്ദേഹത്തിൻെറ അഭിലാഷം അവൾക്കേററവും ബഹുമാനഹേതുകമായി തോന്നി. നിശ്ശബ്ദയായി കുറച്ചു ദൂരം നടന്നശേഷം ദേവി തിരിഞ്ഞുനോക്കിയപ്പോൾ മാതുലനേയും, പതിയേയും കാണായ്കയാൽ അവരെ കാത്തവിടെനിന്നും ഊമയെപ്പോലെ അധികനേരം നില്ക്കുന്നതസാദ്ധ്യമായിത്തീൎന്നതിനാലും, യഥാവസരം സംസാരിക്കത്തക്ക യാതൊരു വിഷയങ്ങളും തോന്നാതിരുന്നതുകൊണ്ടും ദേവി കുറച്ചുനേരം വിഷമിച്ചുനിന്നുവെങ്കിലും ഉടനെ തന്നെ തങ്ങളുടെ ദേശാടനത്തിൻെറ കഥ ഓൎമ്മ വരികയാൽ അതിനെക്കുറിച്ചുത്സാഹത്തോടെ സംഭാഷണമാരംഭിച്ചു. കുറെ നേരം സംസാരിച്ചുനിന്നിട്ടും ഗോവിന്ദമേനോൻെറയും മററും വരവ് കാണായ്കയാൽ നമ്പ്യാർ ദേവിയോട് പത്മാലയത്തിൽ പോയി ചായ കഴിച്ച് കുറച്ചു വിശ്രമിക്കാമെന്നു പറഞ്ഞുവെങ്കിലും തനിക്കത്ര വളരെ ക്ഷീണമില്ലെന്നു പറഞ്ഞവൾ അദ്ദേഹത്തിൻെറ ക്ഷണനത്തെ സവിനയമുപേക്ഷിച്ചു. പിന്നിടല്പം കൂടി നില്ക്കുമ്പോഴക്കു ശാരദാമ്മയും മററും എത്തി.

ശ്രീധരൻ നമ്പ്യാരുടെ ഇഷ്ടപ്രകാരം എല്ലാവരും പത്മാലയത്തിലേക്കു പോയി. ചായ കഴിച്ച് കുറെ നേരം സല്ലപിച്ചിരുന്നതിന്നുശേഷം അവൎക്കു താമസിക്കുവാനായി പ്രത്യേകം ശരിപ്പെടുത്തിയിരുന്ന ബങ്കളാവിലേക്കു പുറപ്പെട്ടപ്പോൾ: —

ശ്രീ. ന — നിങ്ങളെല്ലാവരും ഉച്ചതിരിഞ്ഞപ്പോൾ നടക്കുവാൻ തുടങ്ങിയതല്ലേ? ശാരദാമ്മക്കു വളരെ ക്ഷീണമുണ്ട്. വണ്ടിയിൽ പോവുകയാണ് നല്ലത്. വണ്ടി കൊണ്ടുവരാൻപറയട്ടെ?

ശാ. അ— വേണ്ട. ഇവിടെനിന്നു ബങ്കളാവിലേക്കു എത്രദൂരമുണ്ട്?

ശ്രീ. ന — കഷ്ടിച്ച മുക്കാൽ നാഴികയോളം കാണും. കിഴക്കെ പടിപ്പുരക്ക സമീപമാണ്.

ശാ. അ — അത്രയല്ലെ ഉള്ളൂ. അതുവരെ നടക്കാം. ഒരു പ്രയാസവുമില്ല. ഇപ്പോൾ ചായയും മററും കഴിച്ചു കുറെ വിശ്രമിച്ചതിനാൽ അശേഷം ക്ഷീണം തോന്നുന്നില്ല. ഈ ചന്ദ്രികയിൽ നടക്കവാനിഷ്ടമില്ലാത്തവരുണ്ടാകുമൊ?

ഗോ. മേ — ചന്ദ്രികയുടെ ഗുണം മാത്രമല്ല. സ്ഥലത്തിൻെറ യോഗ്യതക്കൂടി ആലോചിക്കണ്ടെ. വണ്ടിയിൽ പോകുന്ന പക്ഷം സുഖപ്രദമായ ഈ ചന്ദ്രികയും നയനാനന്ദകരമായ പലെ കാഴ്ചകളും നഷ്ടമായിപ്പോകും.

ശ്രീ. ന — അതുവേണ്ട. നമ്മൾക്ക നടക്കാം. ഇവർ രണ്ടാളും "രക്ഷ"യിൽ കയറട്ടെ. അതല്ലെ നല്ലത്?

ദേ — (പുഞ്ചിരിയോടെ) ഞങ്ങൾക്കെന്താ ഇങ്ങിനെയുള്ള സുഖാനുഭവങ്ങളൊന്നും വയ്യെന്നുണ്ടൊ?

ശ്രീ. ന — അങ്ങിനെ ഞാൻ വിചാരിച്ചിട്ടില്ല. പറഞ്ഞിട്ടുമില്ല. നിങ്ങളും ഈവക സുഖങ്ങളെല്ലാം യഥേഷ്ടം അനുഭവിക്കണമെന്നു തന്നെയാണ് എൻെറ മനഃപൂർവ്വമായ ആഗ്രഹം.

ശാ. അ — ശ്രീധരൻ നമ്പ്യാർ ഞങ്ങളുടെ ഒരുമിച്ചു വരുന്നുവൊ?

ശ്രീ. ന — വരുന്നു. എന്താ വിരോധമുണ്ടോ?

ശാ. അ — വിരോധമൊ? ശിവനെ! വളരെ സന്തോഷമുണ്ട്.

ശ്രീ. ന — നടക്കവാൻതന്നെ തീച്ചപ്പെടുത്തി. അല്ലെ?

ശാ. അ — വണ്ടിവേണ്ട. ഞങ്ങളും നടന്നോളാം. നേരം സന്ധ്യയായിട്ടല്ലെയുള്ളൂ. മെല്ലെ നടക്കാം. (ദേവിയുടെ മുഖത്തു അത്ഥഗർഭത്തോടെ നോക്കി) എന്നെ പിന്നിലിട്ട് ഓടാഞ്ഞാൽ മതി.

ശ്രീ. ന — ഇഷ്ടംപോലെ. എന്നാലിനി താമസിക്കേണ്ട.

എല്ലാവരും ബങ്കളാവിലേക്ക യാത്രയായി. വഴിക്ക് —

ഗോ. മേ— നമ്മൾ വണ്ടിയിൽ പറപ്പെട്ടാൽ ഏതുവഴിക്കാണ് പോവുക? ഇഷ്ടികപതിച്ചിട്ടുള്ളതായ ഈ വഴിയിൽ കൂടെ വണ്ടി വിടുമൊ?

ശ്രീ. ന വണ്ടിക്കുപോകുവാൻ വേറെ വഴിയുണ്ട്. എന്നാൽ സൈക്കളും, റബ്ബർച്ചക്രങ്ങളോടുകൂടിയ രക്ഷാവണ്ടിയും ഈ വഴിക്ക് വിടാറുണ്ട്.

ഗോ. മേ— ഇതെല്ലാം അച്ഛൻെറ മരാമത്തുകൾ തന്നെയാണല്ലെ?

ശ്രീ. ന— അതെ. അവിടവിടെയുള്ള ചില കേടുപാടുകൾ തീർക്കുകയല്ലാതെ വിശേഷിച്ചു പറയത്തക്കതായി ഞാൻ യാതൊന്നും ചെയ്തിട്ടില്ല. അച്ഛന്നു മരാമത്തിൽ വലിയ കമ്പമായിരുന്നു. എപ്പോഴും ഏതെങ്കിലും പണി എടുപ്പിച്ചുകൊണ്ടെ ഇരിക്കും. മരിക്കുന്നവരെ അത് കല്പിച്ചിരിക്കുന്നു.

ഗോ. മേ— എടുപ്പിച്ച പണികളൊന്നും പൊട്ടയായി പോനിട്ടില്ല. എല്ലാം വളരെ ഈടുറപ്പുള്ളതായും, ഭംഗിയായും പരിഷ്കൃതരീതിക്കനുസരിച്ചുമിരിക്കുന്നുണ്ട്.

ശാ. അ— ദേവി, ഈ വഴിയുടെ ഇരുവശത്തുമുള്ള ഇരിമ്പുവേലിയിൽ പടന്നു തൂങ്ങുന്ന വള്ളിയെ നോക്കു, ഇതു വേനൽക്കാലത്തിൻെറ ഉഗ്രത ലേശവും അറിഞ്ഞിട്ടില്ല. ഇതിൻെറ പുഷ്പങ്ങൾക്കു വാസനയില്ലെങ്കിലും കാണ്മാൻ നല്ല കൌതുകമുണ്ട്. ഈ മാതിരി വള്ളികൾ ഞാനിതുവരെ കണ്ടിട്ടില്ല.

ദേ— യൂറോപ്പിലെ വല്ല സന്തതിയുമായിരിക്കാം. നമ്മുടെനാട്ടിലെ വസ്തുക്കൾക്ക് എന്തായാലും അത്ര മഹത്വമുണ്ടോ? കഷ്ടം! ഈ മാതിരി നിർഗ്ഗന്ധപുഷ്പങ്ങളെ വളത്തുന്നതിന്നു പകരം നമ്മുടെ പിച്ചകം മുല്ല മുതലായവ നട്ടുവളത്തിയാൽ എത്ര സുഖമുണ്ട്. എന്താ ചെയ്യുക. നമ്മുടെ കൂട്ടക്കുള്ള യൂറോപ്യൻ ഭ്രമത്തിന്നു ഒരു കയ്യും കണക്കുമില്ല.

ശാ. അ — തുടങ്ങി, ദേവി നാട്ടുകാരെ ശകാരിക്കുവാൻ.

ഗോ. മേ — ശകാരിക്കുകയാണോ? ദേവി പറയുന്നതു കാൎയ്യമല്ലേ? പാശ്ചാത്യപരിഷ്കാരഭ്രമം നിമിത്തം ഓരോരുത്തർ കാട്ടിക്കൂട്ടുന്ന ഗോഷ്ഠികൾ കാണുമ്പോൾ ഹാസ്യമോ, വ്യസനമോ, ജാസ്തി എന്നുപറയുവാൻ പ്രയാസം.

ദേ — കേരളീയരെപ്പോലെ ഇത്ര ദേശാഭിമാനവും സ്വാഭിമാനവുമില്ലാത്ത ജനങ്ങൾ എവിടേയുമുണ്ടാവില്ല.

ശ്രീ. ന — ഒരു കൂട്ടരെ മുഴുവൻ അടക്കി പറയുന്നതു കഷ്ടമാണ്. നല്ലതും ചീത്തയും എല്ലാററിലുമുണ്ടെന്നോൎക്കണം.

ദേ — ആ ഓൎമ്മയോടുകൂടിത്തന്നെയാണ് പറഞ്ഞത്. ഭൂരിപക്ഷത്തെ നോക്കീട്ടല്ലേ ഓരോരുത്തർ ഓരോന്നിനെ കുറിച്ചഭിപ്രായം പറയുക. കേരളീയരിൽ അധികജനങ്ങളും ഞാൻ പറഞ്ഞതുപോലെയുള്ളവരാണ്, സംശയമില്ല.

ശ്രീ. ന — ലോകവന്ദ്യന്മാരായ നവരോജി, ഗോഖലെ, തിലകൻ, ഗോസ്സ്, മുതലായ മഹാന്മാരേപ്പോലെയുള്ള സ്വരാജ്യസ്നേഹികൾ കേരളത്തിൽ ദുർല്ലഭമാണെന്നു സമ്മതിക്കാം. അതുകൊണ്ടുമാത്രം ദേശാഭിമാനശൂന്യരും, സ്വാഭിമാനരഹിതരുമാകുന്നതെങ്ങിനെയാണ്?

ദേ — പൂജ്യപാദന്മാരായ അവരുടെ ജന്മദേശം തന്നെയാണ് പുണ്യഭൂമി. ഹാ! അവരുടെ നാമധേയം ഉച്ചരിക്കുവാൻ പോലും യോഗ്യതയുള്ളവർ നമ്മുടെ ഇടയിൽ ഉണ്ടോ?

ഗോ. മേ — വാസ്തവം പറയുകയാണെങ്കിൽ കേരളത്തിൽ സ്വാഭിമാനമുള്ളവർ കുറെ ചുരുക്കമാണെന്നു സമ്മതിക്കാതെ കഴിയില്ല. സ്ഥാനമാനങ്ങൾക്കും, ഉദ്യോഗങ്ങൾക്കുമായി ചില പ്രഭുക്കളും, പഠിപ്പുകാരും, എന്തെല്ലാം ആഭാസങ്ങൾ ചെയ്യുന്നു. ആ വക ജളതകങ്ങൾ മനസ്സുകൊണ്ടു സ്മരിക്കുവാൻ പോലും നന്നല്ല. ശ്രീധരൻ നമ്പ്യാർ മുഷിയരുതെ.

ശ്രീ. ന — ഞാനെന്തിന്നു മുഷിയുന്നു. കാൎയ്യം പറയുന്നതിൽ എനിക്കശേഷം മുഷിച്ചിലില്ല. മലബാറിലെ പ്രധാന

പ്പെട്ട ചില ജന്മികളുടെ കുത്സിതപ്രവൃത്തികളാണ് ജന്മികൾക്കൊട്ടാകെ ഇങ്ങിനെയൊരു ദുഷ്പേരിന്നിടവരുത്തിയതെന്നു എനിക്കറിയാം. സാഹെബ്ബ് എന്നോ, ബഹദൂറെന്നോ, രാജരാജനെന്നോ, മറ്റൊ ചില അക്ഷരസമൂഹങ്ങളെ ഗവമ്മേണ്ടിൽനിന്നു ലഭിപ്പാനായി നമ്മുടെ ധനവും മാനവും നശിപ്പിക്കുന്നതിന്നുപകരം അവയെ സ്വരാജ്യക്ഷേമാഭിവൃദ്ധിക്കായി ഉപയോഗിച്ചാൽ സ്വജനപ്രീതിക്കു പുറമെ ഈശ്വരപ്രീതികൂടി ഉണ്ടാവുമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ വള്ളികളൊ മറ്റൊ കണ്ടിട്ടു എന്നെ തെറ്റി ധരിക്കരുത്. സ്വദേശീയലതകളെ ധിക്കരിച്ചു ഞാനിവക്കു മാന്യത നൽകിയിട്ടുണ്ടെന്ന് ഒരിക്കലും വിചാരിക്കരുത്. ഈ വള്ളികൾ ഏതുകാലത്തും ഇങ്ങിനെ പൂത്തു, തളിത്തു, പുളച്ചു നില്ക്കുന്ന സമ്പ്രദായത്തിലുള്ളതാകകൊണ്ടാണ് ഇതിനെ ഇവിടെ പടത്തിയിരിക്കുന്നത്. വിശേഷിച്ചു വേനല്ക്കാലത്തു നനക്കേണ്ടാവശ്യവുമില്ല. നല്ലത് ആരിൽനിന്നും, എവിടെനിന്നും സ്വീകരിക്കാമെന്നാണെന്റെ മതം. ഗ്രാഹ്യങ്ങളെ ഗ്രഹിച്ചു ത്യാജ്യങ്ങളെ ത്യജിക്കാനാണ് മനുഷ്യക്കു വിശേഷബുദ്ധി നൽകിയിരിക്കുന്നത്.

ഗോ. മേ—ശ്രീധരൻനമ്പ്യാർ പറഞ്ഞതു വളരെ ശരിയാണ്. ഗുണദോഷമാലോചിച്ചെ എന്തും പ്രവൃത്തിക്കാവു.

ഇങ്ങിനെ ഇവർ ഓരോന്നു സംസാരിച്ചുംകൊണ്ടു എട്ടു മണിക്കു മുമ്പായി ബങ്കളാവിലെത്തി. അതിഥികളുടെ സുഖവാസത്തിന്നു യാതൊരസൌകയ്യങ്ങളും നേരിടാതിരിക്കത്തക്കവണ്ണം വേണ്ടുന്ന എല്ലാ ശട്ടങ്ങളും അതിനിഷ്കഷയോടെ ചെയ്തതിന്നുശേഷം "നാളെ കാണാം"മെന്നു പറഞ്ഞു ശ്രീധരൻനമ്പ്യാർ പത്മാലയത്തിലേക്കു മടങ്ങി. അദ്ദേഹം പോയ ഉടനെ ശാരദാമ്മയോട്—

ഗോ. മേ—ശ്രീധരൻനമ്പ്യാർ സാത്വികനും, സുശീലനുമാ

[library stamp]

കുന്നു. ധാരാളം മൎയ്യാദയുണ്ട്. ഇങ്ങിനെയുള്ള പ്രഭുക്കൾ ദുർല്ലഭമാണ്.

ശാ. അ — അദ്ദേഹത്തിന്നു കുറെ പ്രതാപമില്ലെന്നില്ല. പക്ഷെ അദ്ദേഹത്തിൻെറ സ്ഥിതിക്കത്ര ആക്ഷേപയോഗ്യമായി വരില്ല. മാധവിയമ്മ പറഞ്ഞതുപോലെ തന്നെ ഞാനും പറയട്ടെ; ചിലൎക്കെല്ലാം അദ്ദേഹം ഗൎവ്വിഷ്ഠനാണെന്നു തോന്നിയേക്കാമെങ്കിലും ഞാനദ്ദേഹത്തിൽ ഒരു ഗർവ്വും കണ്ടില്ല.

ഗോ. മേ — അദ്ദേഹത്തിൻെറ മുഖത്തു പൌരുഷം കിടന്നു വിളയാടുന്നു. എന്തൊരു ഗാംഭീൎയ്യം! അദ്ദേഹത്തിൻെറ ആ ഗംഭീരഭാവംകൊണ്ടാണ് വലിയ പ്രതാപിയാണെന്നും മററും തോന്നുന്നത്. അദ്ദേഹം നമ്മളോട്ട പെരുമാറിയ സമ്പ്രദായം ഓൎക്കുംതോറും വിസ്മയം വൎദ്ധിക്കുന്നു. വെറും ലൌകികത്തിന്നുവേണ്ടി മാത്രം ഇങ്ങിനെ ചെയ്യുമോ? ഇത്രയധികം ആദരവോടെ മൎയ്യാദ കാണിപ്പാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല. അദ്ദേഹത്തിന്നു ദേവിയോടുള്ള പരിചയം വളരെ നിസ്സാരമായിട്ടുള്ളതാണ്. അല്ലെ?

ശാ. അ — അദ്ദേഹം വിക്രമമേനോനെപ്പോലെതന്നെ സുമുഖനല്ല. വിക്രമമേനോൻെറ ഓരോ അവയവങ്ങളുടേയും യോഗ്യതകൾ കണ്ടറിയുകതന്നെ വേണം. എങ്കിലും ശ്രീധരൻ നമ്പ്യാർ തിരെ ജനരഞ്ജനയില്ലാത്ത ഒരാളാണെന്നു എങ്ങിനെയാണു ദേവി പറഞ്ഞത്?

ദേ — അദ്ദേഹവുമായി ആദ്യം എടപഴകിയപ്പോൾ എനിക്കങ്ങിനെ തോന്നി. പിന്നെ ചെറുശ്ശേരിയിൽ വെച്ചു കണ്ടപ്പോൾ ഞാനദ്ദേഹത്തെ തെററിദ്ധരിച്ചിരിക്കുന്നതായി മനസ്സിലായി. അന്നുമുതല്ക്കു എനിക്കദ്ദേഹത്തിൽ യഥാൎത്ഥമായ ബഹുമാനം തോന്നാതിരുന്നിട്ടില്ല. പക്ഷെ ഇന്നത്തെപ്പോലെ ഇത്ര മൎയ്യാദസ്ഥനും സുശീലനുമായി ഞാനദ്ദേഹത്തെ ഇതേവരെ കണ്ടിട്ടില്ല.

ഗോ. മേ—ലൌകികാനുഷ്ഠാനത്തിൽ സൈ്വരമില്ലാത്തൊ രാളായിരിക്കുമൊ അദ്ദേഹം? സാധാരണ ധനവാന്മാരു ടെ സ്വഭാവമാണത്. അതുകൊണ്ടു നാളെ തോണി ക ളിക്കു വരാമെന്നു പറഞ്ഞതിൽ എനിക്കത്ര വിശ്വാസ മില്ല.

അദ്ദേഹത്തിൻെറ സ്വഭാവത്തെ അവർ തീരെ തെററി ദ്ധരിച്ചിരിക്കുന്നു എന്നു ദേവിക്കു തോന്നി എങ്കിലും അവൾ ഒന്നും പറഞ്ഞില്ല.

ശാ-അ—അദ്ദേഹത്തെ കണ്ടാൽ ഒരു ദുഷ്ടനെന്നൊ ദുസ്വ ഭാവി എന്നൊ ഒരിക്കലും തോന്നില്ല. വിക്രമമേനോ നിൽ ചെയ്തപോലെ ഒരു സഹജീവിയിൽ അകൃത്യം ചെ യ്യത്തക്ക ക്രൌര്യം അദ്ദേഹത്തിന്നുണ്ടെന്നു വിശ്വസിക്കാൻ പ്രയാസം. അദ്ദേഹം സംസാരിക്കുന്നതു കേൾപ്പാൻ ത ന്നെ എത്ര സുഖമുണ്ട്. മുഖത്തു നോക്കിയാലറിഞ്ഞുകൂ ടെ അദ്ദേഹത്തിൻെറ മഹാമനസ്കത. മാധവിയമ്മയുടെ വാക്കു കേൾക്കുമ്പോൾ ചിരിക്കാതെ കഴിച്ചു കൂട്ടുവാൻ പ്ര യാസം. ഇങ്ങിനെ സ്തുതിച്ചാലോ? പക്ഷെ അയമ്മ അ ദ്ദേഹത്തെ മകനെപ്പോലെ സ്നേഹിക്കുന്നു. ഒരമ്മക്കു ത ൻെറ മക്കളെ എത്ര വാഴ്ത്തിയാലും തൃപ്തിയാവില്ല. അതു സാധാരണയാണ്.

ശ്രീധരൻനമ്പ്യാരിൽ വിക്രമമനോനാൽ ആരോപി ക്കപ്പെട്ട കളങ്കത്തെ പരിമാർജ്ജനം ചെയ്യാനായി വല്ലതും കുറെ പറയാതെ കഴിയില്ലെന്നുള്ള നിലക്കായതിനാൽ ദേ വി വളരെ കരുതലോടെ താൻ ചെറുശ്ശേരിയിൽ പോയ പ്പോൾ അദ്ദേഹത്തിൻെറ ബന്ധുക്കളിൽനിന്നു കേട്ടതായ വിവരംകൊണ്ട് ശ്രീധരൻനമ്പ്യാരുടെ ആ പ്രവൃത്തികൾ ഒരിക്കലും ആക്ഷേപയോഗ്യമായിട്ടുള്ളതുകളല്ലെന്നും പ്രത്യുത അദ്ദേഹം വിക്രമമേനോന്ന് ഗുണകരമായിട്ടല്ലാതെ യാ തൊന്നും ചെയ്തിട്ടില്ലെന്നു ദൃഢമായി വിശ്വസിക്കാമെന്നും,

മല്ലവമല്പകാർ തെററിദ്ധരിച്ചിട്ടുള്ളതുപോലെ അദ്ദേഹത്തിന്റെ സ്വഭാവവും, നടവടിയും, നീചത്വം, വിക്രമമേനോന്റേതു ശ്ലാഘ്യവും അല്ലെന്നും അറിയിച്ചു. ഇതിനെ പ്രബലീകരിപ്പാനായി ശ്രീധരൻനമ്പ്യാരും, വിക്രമമേനോനും തമ്മിൽ പണസംബന്ധമായി നടന്ന സംഗതികൾ മുഴുവനും വിശദമായി വിവരിച്ചു. ഈ സംഗതികൾ ആരിൽ നിന്നാണവൾ ഗ്രഹിച്ചതെന്നു പ്രസ്താവിച്ചില്ലെങ്കിലും വിശ്വാസയോഗ്യമായിട്ടുള്ളതാണെന്നു ബലമായി പറഞ്ഞു.

ഇതെല്ലാം കേട്ടപ്പോൾ ശാരദാമ്മക്കും മററും ഒട്ടേറെ വിസ്മയമുണ്ടായി. ഈ സമയത്ത് ഒരു ഭൃത്യൻ വന്ന് ഭക്ഷണത്തിന്നു സമയമായിരിക്കുന്നു എന്നറിയിച്ചതിനാൽ സംഭാഷണം നിർത്തി എല്ലാവരും എഴുന്നേററു.

ഭക്ഷണം കഴിഞ്ഞു കിടന്നപ്പോൾ ശ്രീധരൻനമ്പ്യാരുടെ ലോക്യവും, മര്യാദയും, ആദരവും, എല്ലാററിന്നും പുറമെ കമലയും ദേവിയുമായി പരിചയമാകണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും, ദേവിയുടെ അഗാധമായ ചിന്തകളെ വിഷയീഭവിച്ചു. പകൽ നടന്നതായ ഓരോ സംഗതികളേയും ഓത്ത് വളരെ നേരം മനോരാജ്യത്തിൽ വിഹരിച്ചശേഷം ദേവി നിദ്രക്കധീനയായി.

## നാല്പത്തിമൂന്നാമദ്ധ്യായം.

അവിചാരിതമായി ശ്രീധരൻനമ്പ്യാരിൽനിന്നു ലഭിച്ച ആതിത്ഥ്യം സ്വീകരിച്ച് ഗോവിന്ദമേനോൻ മുതലായവർ കിഴക്കെ ബങ്ക്ളാവിൽ താമസിച്ചു. തനിക്കൊരിക്കൽ കൂടി പദ്മാലയത്തിലേക്കു പോകേണ്ടിവരും, കമല വന്നാൽ സഹോദരന്റെ ആവശ്യപ്രകാരം അവൾ തന്നെ അങ്ങോട്ടു ക്ഷണിക്കാതിരിക്കയില്ല, എന്നുള്ളതായ ഒരു വിചാരം ശ്രീധരൻനമ്പ്യാർ പോയ മുതല്ക്കു ദേവിയുടെ ഹൃദയത്തിൽ സ

ദാ കൂടികൊണ്ടിരുന്നു. അവൾ വിചാരിച്ചിരുന്നതുപോലെ അവളെ പത്മാലയത്തിലേക്കു ക്ഷണിക്കുന്നതിന്നു പകരം കമല വന്ന ഉടനെ അവളെ കാണ്മാനായി ബങ്ക്ളാവിലേക്കു വരികയാണുണ്ടായത്.

രാവിലെ ചായ കഴിഞ്ഞ ശേഷം ദേവി ബങ്ക്ളാവിന്റെ മുൻവശത്തുള്ളതായ ചില വിശേഷപുഷ്പച്ചെടികളെ കണ്ടാനന്ദിച്ചും, അവയിൽനിന്നു പുഷ്പങ്ങളറുത്താഘ്രാണിച്ചും, യഥേഷ്ടം ഉല്ലാസമായി ലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു വണ്ടി വരുന്നതായ ശബ്ദം പെട്ടന്നവളുടെ ചെവികളിൽ പതിഞ്ഞു. വരുന്ന വണ്ടി ആരുടേതാണെന്നറിവാനുള്ള ജിജ്ഞാസയോടെ അവൾ അതിവേഗത്തിൽ മുകളിലേക്കു പോയി ജനൽവഴിയായി പാതയിലേക്കു നോക്കി. വണ്ടിക്കാരന്റേയും, വണ്ടിയുടേ പിന്നിൽ നില്ക്കുന്ന ഭൃത്യന്മാരുടേയും ഉടുപ്പുകളിൽ ശോഭിക്കുന്നതായ പ്രത്യേകചിഹ്നങ്ങളാൽ വണ്ടി ശ്രീധരൻനമ്പ്യാരുടേതാണെന്നു മനസ്സിലാക്കുവാൻ ദേവിക്ക് ഏറെ താമസം വേണ്ടിവന്നില്ല. വണ്ടിയിൽ കമലയേയും ശ്രീധരൻനമ്പ്യാരേയും കണ്ടപ്പോൾ ദേവി വല്ലാതെ അന്ധാളിച്ചു. ബങ്ക്ളാവിന്റെ യോഗ്യതയേയും, അതിൽ പണി എടുക്കുന്ന ഭൃത്യജനങ്ങളുടെ അടക്കം, സാമർത്ഥ്യം, ഔചിത്യം മുതലായ ഗുണങ്ങളേയുംകുറിച്ചു ഓരോന്നു സംസാരിച്ചുംകൊണ്ടറയിൽ ഇരിക്കുന്ന മാതുലനോടും, പതിയോടും, അവരെ കാണ്മാനായി കമലയും, നമ്പ്യാരും വരുന്നുണ്ടെന്നു സസംഭ്രമം ഗൽഗദത്തോടെ അറിയിച്ച് അതിശീഘ്രം ജനലിന്നു സമീപം ചെന്നുനിന്നു.

ആശ്ചര്യപരവശന്മാരായി മറെറാരു ജനലിൽകൂടി വണ്ടിയുടെ വരവിനെ നോക്കി നില്ക്കുന്ന ഗോവിന്ദമേനോന്റേയും, ശാരദാമ്മയുടേയും മനോദർപ്പണത്തിൽ നൂതനമായ ഒരു വിചാരം പ്രതിഫലിച്ചു. ശ്രീധരൻനമ്പ്യാരുടെ വരവിനെ അറിയിച്ചപ്പോൾ ദേവിയിൽ പ്രത്യക്ഷമായിരുന്ന ല

ജ്ജാസംഭ്രമവും, തലെ ദിവസം പദ്മാലയത്തിൽ വെച്ചു നടന്ന ചില സംഭവങ്ങളുമായിരുന്നു അവരിൽ ഈ വിചാരം അങ്കുരിപ്പാനുള്ള പ്രധാനകാരണം. മുമ്പൊരിക്കലും ഈ മാതിരിയുള്ള ഒരു സംശയം അവക്കുണ്ടായിട്ടില്ല. ശ്രീധരൻനമ്പ്യാർ ദേവിയിൽ അനുരക്തനായതുകൊണ്ടാണവളോടിങ്ങിനെ അതിശ്രദ്ധയും, അത്യാദരവും ഭാവിക്കുന്നതെന്നു അവക്കു തോന്നി. ഈ നൂതനവിചാരത്തിന്നു വശഗന്മാരായി അവർ പലതും ആലോചിച്ചു നിശ്ചഞ്ചലന്മാരായി നിന്നു.

വണ്ടി ബങ്കുളാവിനോടു സമീപിക്കുംതോറും ദേവിയുടെ പരിഭ്രമം നിമിഷംപ്രതി ദ്വിഗുണീഭവിച്ചു. അവളുടെ ജീവദശയിൽ ഇങ്ങിനെയൊരസ്വാസ്ഥ്യം ദുർല്ലഭമായെ ഉണ്ടായിട്ടുള്ളു. അവൾക്കസ്വാസ്ഥ്യമുണ്ടാവാൻ പലേ കാരണങ്ങളുണ്ടായിരുന്നു. നമ്പ്യാർ തന്നോടിത്രയധികം ആദരവും ഔദാൎയ്യവും, കാണിക്കുന്നതു സൌഹാർദ്ദംകൊണ്ടല്ല, അനുരാഗാധിക്യത്താലാണെന്നദ്ദേഹത്തിന്റെ സോദരി ധരിച്ചിട്ടുണ്ടായിരിക്കുമോ എന്നു വിചാരിച്ച് ദേവി ഒട്ടേറെ ഭയന്നു. തന്നാൽ കഴിയുംവണ്ണം അതിഥികളെ സന്തോഷിപ്പിക്കണമെന്നവൾ ആശിച്ചിരുന്നുവെങ്കിലും ഒരു വാക്കുപോലും സംസാരിക്കാൻ സാധിക്കാത്തവിധം പല വികാരങ്ങളാലും അവളുടെ ഹൃദയം ശക്തിയോടെ തുടിക്കുന്നതവൾക്കുതന്നെ സ്പഷ്ടമായി കേൾക്കാമായിരുന്നു. അവൾ ജനലിൻെറ സമീപത്തുനിന്നു മടങ്ങി. സ്വന്തം വികാരങ്ങളെ ബലമായി അടക്കുവാൻ ശ്രമിച്ച് തളത്തിൽ അങ്ങുമിങ്ങും നടക്കുമ്പോൾ അമ്മാമന്റേയും അമ്മായിയുടേയും ജിജ്ഞാസാന്തർഭ്രുതങ്ങളായ നോട്ടങ്ങളാൽ വല്ലാതെ കുഴങ്ങി. വികാരങ്ങളെ അടക്കി മനസ്സിനെ സമാധാനിപ്പാൻ വേണ്ടി ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായി എന്തുചെയ്യേണ്ടു എന്നറിയാതെ വിഷമിച്ചുനില്ക്കുന്നമദ്ധ്യേ സോദരീസോദരന്മാർ തളത്തിൽ പ്രവേശിച്ചു.

കമലയെ കണ്ടപ്പോൾ അവൾക്കു തന്നെപ്പോലെ തന്നെ ഭയസംഭ്രമസങ്കോചാദികൾ ധാരാളമുണ്ടെന്നു ദേവിക്കു മനസ്സിലായി. ഭാവനകൊണ്ടുമാത്രം കുശലം ചോദിച്ചു മന്ദാക്ഷത്താൽ അധോമുഖിമാരായി നില്ക്കുന്ന തരുണിമാരെ നോക്കി മന്ദഹാസത്തോടെ—

ശ്രീ. ന—ദേവി, ഓ, ദേവി അമ്മെ, എന്റെ സോദരി നിങ്ങളുടെ സഖ്യം ആഗ്രഹിച്ചു വന്നിരിക്കയാണ്. (കമലയോട്) ഇവരെക്കുറിച്ചു ഞാൻ മുമ്പു പറഞ്ഞിട്ടുണ്ടല്ലോ?

ഇത്രയും പറഞ്ഞപ്പോഴേക്കു ദേവി കമലയുടെ കൈപിടിച്ചു സന്തോഷാതിരേകത്തോടെ "നിങ്ങളെ സഖിയായി ലഭിച്ചു ഈ സുദിനത്തെ ഞാനൊരുകാലത്തും മറക്കുകയില്ല." എന്നു പറഞ്ഞ് സാവധാനത്തിൽ ശ്രീധരൻനമ്പ്യാരെ ഒന്നു കടാക്ഷിച്ചു. കമല വളരെ ഗർവ്വിഷ്ഠയാണെന്നു ദേവി കേട്ടിരുന്നു. കമലയായി അല്പം സംസാരിച്ചപ്പോൾ കേട്ടത് ഒട്ടുംതന്നെ ശരിയല്ലെന്നും, കമല അധികം സംസാരിക്കാതെ ചോദ്യത്തിന്നുമാത്രം അല്ല, ഇല്ല, അതെ, ഉവ്വ്, എന്നും മറ്റും ഒററവാക്കിൽ ഉത്തരം പറഞ്ഞടങ്ങിയിരിക്കുന്നതു അവളുടെ അതിയായ ലജ്ജകൊണ്ടാണെന്നും ദേവിക്കനുഭവപ്പെട്ടു.

കഷ്ടിച്ചു പതിനഞ്ചു വയസ്സായ കമല, ദേവിയേക്കാൾ ശരീരപുഷ്ടിയുള്ളവളായിരുന്നു. സോദരനോളം സൌന്ദര്യാതിശയമില്ലെങ്കിലും, അവളെ സുന്ദരിയാണെന്നു പറയുവാൻ മടിക്കേണ്ട. മുഖം ശ്രീയിന്റേയും, പ്രസന്നതയുടേയും രംഗസ്ഥാനമാണ്. കമലയുടെ സ്വഭാവം സോദരന്റെ സ്വഭാവംപോലെ ആയിരിക്കുമെന്നാണ് ദേവി വിചാരിച്ചിരുന്നത്. ശ്രീധരൻ നമ്പ്യാരുടെ സ്വഭാവത്തിന്നു സഹജമായുള്ള തീക്ഷ്ണതയും, ഗാംഭീര്യവും, സംഭ്രമമില്ലായ്മയും, സോദരിയുടെ സ്വഭാവത്തിന്നില്ലെന്നറിഞ്ഞപ്പോൾ ദേവിക്കല്പം ആശ്വാസം തോന്നി.

ഇവർ അധികനേരം സംസാരിച്ചിരുന്നില്ല. അപ്പോഴയ്ക്കു ശ്രീധരൻ നമ്പ്യാർ ദേവിയോടു അവളെ കാണ്മാനായി ഭാസ്കരമേനോൻ വരുന്നുണ്ടെന്നു പറഞ്ഞു. ദേവി സസന്തോഷം അദ്ദേഹത്തെ എതിരേല്ക്കാൻ ഭാവിക്കുമ്പോഴയ്ക്കു അദ്ദേഹത്തിൻെറ ധ്രുതഗതിയിലുള്ള പദവിന്യാസം തളത്തിൽ കേൾക്കാറായി. അദ്ദേഹം ഒരു നിമിഷംകൊണ്ടിവർ ഇരിക്കുന്നിടത്തെത്തി. ദേവിക്കദ്ദേഹത്തിലുണ്ടായിരുന്ന നീരസം നീങ്ങിയിട്ടു കുറച്ചു കാലമായിരിക്കുന്നു. അല്പം വല്ലതുമുണ്ടെങ്കിൽ തന്നെ അത് അവളെ കണ്ട മാത്രത്തിൽ അദ്ദേഹത്തിനുള്ള നിർവ്യാജമായ സന്തോഷത്തെ വെളിപ്പെടുത്തിയതോടുകൂടി നാമാവശേഷമായിത്തീർന്നു.

ഉത്സാഹഭരിതനായ ഭാസ്കരമേനോൻ ദേവിയോട് സാദരം സൌഹാർദ്ദത്തോടെ അവളുടെ കുടുംബവർത്തമാനങ്ങൾ അന്വേഷിച്ചു. അദ്ദേഹത്തിൻെറ നിസർഗ്ഗമധുരമായ പ്രകൃതിക്കു പൂർവ്വസ്ഥിതിയിൽ നിന്നു യാതൊരു മാററവും സംഭവിച്ചിട്ടുണ്ടായിരുന്നില്ല. ഗോവിന്ദമേനോനും ശാരദാമ്മയ്ക്കും ഭാസ്കരമേനോനെ കാണ്മാനുണ്ടായിരുന്ന ഔൽസുക്യം ദേവിക്കുണ്ടായിരുന്നതിൽ വെച്ചുണുപോലും കുറഞ്ഞതല്ലായിരുന്നു. അവർ കുറെ നാളായി അദ്ദേഹത്തെ കാണ്മാനാഗ്രഹിക്കുന്നു. അപ്പോളവിടെ കൂടിയിരുന്ന എല്ലാവരും ഈ ദമ്പതിമാരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിച്ചിരുന്നു.

ദേവിക്കും ശ്രീധരൻനമ്പ്യാർക്കും പരസ്പരാനുരാഗമുണ്ടോ എന്നറിവാനായി ഗോവിന്ദമേനോനും, ഭാര്യയും, അതി ജാഗ്രതയോടെ അവരുടെ മുഖഭാവങ്ങളെ ഗോപ്യമായി സൂക്ഷ്മപരിശോധന കഴിച്ചതിൽനിന്നു ദേവിയുടെ കാര്യത്തിൽ അല്പം സംശയമുണ്ടെങ്കിലും ശ്രീധരൻനമ്പ്യാരുടെ അനുരാഗം അനിവാര്യമായ നിലയിൽ എത്തിയിരിക്കുന്നു എന്നവർക്ക് ബോദ്ധ്യപ്പെട്ടു.

ഈ അവസരത്തിൽ ദേവിക്കു പലതും ചെയ്യാനുണ്ടാ

യിരുന്നു. അവളുടെ മനോധൈര്യത്തെ തട്ടിത്തകൎത്ത് അഹമഹമികയാ തിക്കിവിങ്ങി വരുന്ന വികാരങ്ങളെ സ്വല്പംപോലും പുറത്തു പ്രകാശിപ്പിക്കാതെ അന്തരംഗത്തിൽ അമൎത്തു വെക്കണം. ഭാസ്കരമേനോൻ മുതലായവരുടെ മനോഗതിയെ അവരറിയാതെ സൂക്ഷ്മമായി ഗ്രഹിക്കണം. തൻെറ അതിഥികളെ മുഷിപ്പിക്കാതെ കഴിക്കയും വേണം. ആദ്യം പറഞ്ഞ രണ്ടു കാൎയ്യങ്ങളും ഒരു വിധം പണിപ്പെട്ടു നിൎവ്വഹിക്കാമെന്നവൾക്കു തോന്നിയിരുന്നു. ഒടുവിൽ പറഞ്ഞ സംഗതി തന്നാൽ തീരെ അസാദ്ധ്യമാണെന്നാണ് കരുതിയിരുന്നതെങ്കിലും അതിലാണവൾക്കു പൂൎണ്ണജയം സിദ്ധിച്ചത്. ഭാസ്കരമേനോൻ സന്തോഷിപ്പാൻ തയ്യാറായും, കമല ആഹ്ലാദിപ്പാനൊരുങ്ങിയും, ശ്രീധരൻനമ്പ്യാർ ആനന്ദിപ്പാൻ തീൎച്ചപ്പെടുത്തിയും, വന്നിരുന്നതിനാൽ അതിഥികളെ മുഷിപ്പിക്കാതെ കഴിക്കുവാൻ അനായാസേന സാധിച്ചു.

ഭാസ്കരമേനോനെ കണ്ട വിനാഴികയിൽ ദേവി ജാനുവിനെ ഓൎമ്മിച്ചു. ഹാ! തന്നെപ്പോലെ ഇപ്പോഴുദ്ദേഹം അവളെ ഓൎമ്മിക്കുന്നുണ്ടോ എന്നറിവാനായി ദേവിയുടെ ഹൃദയം ധൃതഗതിപ്പെട്ടു. ഭാസ്കരമേനോൻ മുമ്പത്തേപ്പോലെ സംസാരിക്കുന്നില്ലെന്നവൾക്കു തോന്നി. തൻെറ മുഖത്തിനു ജാനുവിൻെറ മുഖത്തോട് ഏതാനും സാമ്യമുള്ളതുകൊണ്ടായിരിക്കാം ഭാസ്കരമേനോൻ ഇങ്ങിനെ നിമേഷരഹിതനായി തന്നെ നോക്കുന്നതെന്നു വിചാരിച്ച് ദേവി സന്തോഷിച്ചു. പക്ഷെ ഇതു വെറും ഒരു തോന്നൽ മാത്രമായിരിക്കാം. ജാനുവിന്നെതിരായ് ഭാസ്കരമേനോൻെറ സ്നേഹവിശ്വാസങ്ങൾക്കു പാത്രീഭൂതയെന്നു കരുതിയിരുന്ന കമലയിൽ അദ്ദേഹത്തിൻെറ മനോഗതി ഇന്ന വിധമെന്നറിവാൻ ദേവിക്കു പ്രയാസമുണ്ടായിരുന്നില്ല. ഇരുപേരിൽനിന്നും പ്രേമസൂചകമായ ഒരു കടാക്ഷവീക്ഷണംപോലും ഉണ്ടായില്ല. ഭാസ്കരമേനോൻെറ സോദരിയായ അമ്മിണിക്കുട്ടിയുടെ അഭിലാഷ

ങ്ങൾ സഫലികരിപ്പാനുള്ള അടയാളങ്ങളൊന്നും ഇവരിൽ കാണായ്കയാൽ ദേവി സന്തോഷിച്ചു.

ഭാസ്കരമേനോൻെറ സംസാരരീതികൊണ്ടദ്ദേഹം ജാനുവിനെ സസ്നേഹം ഓൎമ്മിക്കുന്നുണ്ടെന്നു ദേവിക്കറിവാനിടവന്നു. മററുള്ളവർ ഓരോന്നു സംസാരിച്ചിരിക്കുന്ന മദ്ധ്യേ വ്യസനത്തോടെ ഭാസ്കരമേനോൻ 'ദേവീ, നമ്മൾതമ്മിൽ കണ്ടിട്ട് എത്ര കാലമായി? കഴിഞ്ഞ വൃശ്ചികം ഒമ്പതാംതിയ്യതി ഞാനവിടെനിന്നു വന്നു. പിന്നെ നിങ്ങളെ ആരേയും ഇതുവരെ കാണ്മാൻ സംഗതിവന്നില്ല. ദേവിയുടെ സോദരിമാൎക്കെല്ലാവൎക്കും സുഖമല്ലേ?'എന്നു ചോദിച്ചു. ചോദ്യം ഇത്രമാത്രമായിന്നു എങ്കിലും സ്വരത്താലും, ഭാവത്താലും, തൻെറ അന്തൎഗ്ഗതം ഇന്നതെന്നദ്ദേഹം അവളെ ധരിപ്പിച്ചു. എന്തുകൊണ്ടോ ജാനുവിൻെറ പേർപറയുവാനദ്ദേഹം ധൈൎയ്യപ്പെട്ടന്നില്ല. എന്നാൽ അവളുടെ സകല വൎത്തമാനങ്ങളും അറിവാനദ്ദേഹത്തിന്നതിയായ ജിജ്ഞാസയുണ്ട്. ഇതെല്ലാം ദേവി മനസ്സിലാക്കി സന്തോഷത്തിൽ മുഴുകി.

ദേവി അവിചാരിതമായി ശ്രീധരൻനമ്പ്യാരെ നോക്കിയിരുന്ന ചില അവസരങ്ങളിൽ നയനങ്ങൾ പെട്ടെന്നു പരാവൃത്തങ്ങളായാലും അദ്ദേഹത്തിൻെറ വദനത്തിൽ കളിയാടിക്കൊണ്ടിരുന്ന സന്തോഷത്തേയും, പ്രസന്നതയേയും, കാണാതിരുന്നില്ല. എളിയവരായ പരിചയക്കാരിലുള്ള അലക്ഷ്യഭാവവും അവരുടെ സന്നിധിയിൽ താൻ വലിയവനെന്നുള്ള അഭിമാനവും അദ്ദേഹത്തിൽനിന്നു മറഞ്ഞിരിക്കുന്നു. അദ്ദേഹം ഒരു സമയം സ്വാകാരം മറച്ചിട്ടുണ്ടായിരിക്കാം. അതിനാൽ ഈ സ്വഭാവവൈപരീത്യം ചിരകാലം നിലനില്ക്കുമെന്നു വിചാരിപ്പാൻ തരമില്ല. അദ്ദേഹത്തിൻെറ സ്വഭാവത്തിന്നു ഗണനീയമായ മാററം സംഭവിച്ചിരിക്കുന്നതു തലേദിവസംതന്നെ ദേവി കണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ അടുത്ത ദിവസത്തെ നടവടികൾ ഈ സ്വഭാവവൈപരീ

ത്ര്യം ഒരു ദിവസമെങ്കിലും അദ്ദേഹത്തിൽ സ്ഥായിയായി നിന്നിട്ടുണ്ടെന്ന് അവളെ ബോദ്ധ്യപ്പെടുത്തി. അദ്ദേഹം കുറച്ചു മാസങ്ങൾക്കുമുമ്പു ചെറുശ്ശേരിയിൽവെച്ച് അവളുടേയും, ബന്ധുക്കളുടേയും, നിസ്സാരതെത്തക്കുറിച്ചു പലതും ധിക്കാരമായി സംസാരിച്ചു. താനൊരിക്കൽ ഹാസ്യത്തോടെ അധിക്ഷേപിച്ചിട്ടുള്ളവരുടെ നല്ലഭിപ്രായവും സന്തോഷവും ലഭിപ്പാനാഗ്രഹിച്ച് അദ്ദേഹം ഇപ്പോളിതാ അതിന്നായി ഉത്സാഹിക്കുന്നു. നമ്പ്യാരുടെ സ്വഭാവത്തിന്നു സംഭവിച്ചതായ മാററം ദേവിയുടെ മനസ്സിൽ സന്തോഷവിസ്മയത്തെ വളർത്തി ഇതിനെ മററുള്ളവരിൽ നിന്നു മറച്ചുവെപ്പാനവൾക്കു സാധിച്ചില്ല. നമ്പ്യാർ നന്ദനോദ്യാനത്തിൽ താമസിച്ചിരുന്നകാലത്ത് ചങ്ങാതിമാരേയും, ചെറുശ്ശേരിയിലിരുന്ന കാലത്ത് അച്ഛൻ പെങ്ങളേയും, സന്തോഷിപ്പിക്കുന്ന കാൎയ്യത്തിൽ ഇത്രയധികം ശ്രദ്ധിച്ചിരുന്നില്ല. അദ്ദേഹം ഇപ്പോൾ ദേവിയോടും മററും പ്രദൎശിപ്പിച്ചിട്ടുള്ള ഔദാൎയ്യം ഭാസ്കരമേനോൻെറ സോദരിമാരും കാൎത്ത്യായിനി വലിയമ്മയും അറിയുവാനിടയായാൽ തീൎച്ചയായും ഹസിക്കാതിരിക്കില്ല. ശ്രീധരൻനമ്പ്യാരുടേയും, ഗോവിന്ദമേനോൻെറയും, സ്ഥിതിയെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമ്പ്യാർ മേനോനേയും മററും ഈ മാതിരി സൽക്കരിച്ചത് അവസ്ഥാനുരൂപമല്ലെന്നു പലരും വിചാരിക്കുമായിരിക്കാം. ഇവർ ഒരു മണിക്കൂറുനേരം പലേ വിനോദങ്ങളും പറഞ്ഞു വിനോദിച്ചു. യാത്രപറഞ്ഞു പിരിയാറായപ്പോൾ ദേവിയോടു ഭാസ്കരമേനോൻ 'നിങ്ങൾക്കിവിടെ രണ്ടുദിവസത്തെ താമസമുണ്ടല്ലൊ. ഞാൻ ഇനി ഒരിക്കൽ സൌകൎയ്യംപോലെ വരാം. എനിക്കു നിങ്ങളോടു പലതും ചോദിച്ചറിവാനുണ്ട്' എന്നു പറഞ്ഞു.

അപ്പോൾതന്നെ ശ്രീധരൻനമ്പ്യാർ സോദരിയോട് 'കമലേ, ഞാനിവരെ നാളെ ഭക്ഷണത്തിന്നേക്കു ക്ഷണി

ക്കന്നുണ്ട്. കമലക്കൂടി ക്ഷണിച്ചാൽ ഭംഗിയായിരിക്കും' എന്നു പറഞ്ഞു. കമലക്കു ക്ഷണിപ്പാനും, സൽക്കരിപ്പാനും വശമില്ലെങ്കിലും സോദരൻെറ അഭിലാഷത്തെ ക്ഷണേന നിറവേററി.

സോദരിസോദരന്മാരുടെ നിർബ്ബന്ധപൂർവ്വമായ ക്ഷണനത്തെ സ്വീകരിക്കുന്നതിന്നു മുമ്പായി ശാരദാമ്മ ദേവിയുടെ മുഖത്തു നോക്കി. ഇവർ കാര്യമായി ക്ഷണിക്കുന്നതു ദേവിയെയാണെന്നും, കൂട്ടത്തിൽ തങ്ങളെക്കൂടി ക്ഷണിച്ചതാണെന്നും, ശാരദാമ്മ മനസ്സിലാക്കിയതിനാൽ ക്ഷണനം സ്വീകരിപ്പാൻ ദേവിയുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടു വേണമെന്നു വിചാരിച്ചിട്ടാണ് അവളെ ഇങ്ങിനെ നോക്കിയത്. ശാരദാമ്മയുടെ നോട്ടത്തെ കണ്ടതായി ഭാവിക്കാതെ ദേവി മുഖം തിരിച്ചു ചുമരിലേക്കു നോക്കിയപ്പോൾ അവളുടെ ദൃഷ്ടി പതിഞ്ഞതു ശ്രീധരൻനമ്പ്യാരുടെ ഛായാപടത്തിലായിരുന്നു. നന്നെ വിഷമിച്ചു നിമിഷാർദ്ധംകൊണ്ടു നയനങ്ങളെ അതിൽനിന്നു വിടുർത്തി തൻെറ കയ്യിൽ കിടക്കുന്ന വളകളെ തിരിച്ചുംകൊണ്ടു ദേവി അധോമുഖിയായി നിന്നു. ഇംഗിതജ്ഞയായ ശാരദാമ്മ ദേവിയേയും, നമ്പ്യാരേയും നോക്കി പുഞ്ചിരിയോടെ 'ദേവി പ്രസാദിച്ചാൽ കാര്യമെല്ലാം ശരിയായി. ഞങ്ങൾക്കങ്ങോട്ടു വരാൻ വളരെ താല്പര്യമുണ്ട്. ഞങ്ങൾ തീർച്ചപ്പെടുത്തിയാൽ അവൾ അല്ലെന്നു പറയില്ലെങ്കിലും, അവളുടെ മുഖം കറുത്തു കാണ്മാൻ ഞങ്ങൾക്കിഷ്ടമില്ല' എന്നു പറഞ്ഞു.

ശ്രീ. ന—ദേവി അമ്മെ, അമ്മായി പറഞ്ഞതു കേട്ടില്ലെ? എന്താണ് മിണ്ടാതെ നില്ക്കുന്നത്? ക്ഷണനത്തെ നിരാകരിപ്പാനായി വല്ല വഴിയും ആലോചിക്കയാണൊ?

ദേ—(വളരെ താണ സ്വരത്തിൽ) അല്ല. എന്നെ അമ്മ, മത്തശ്ശിയെന്നും മററും വിളിക്കണമെന്നില്ല; (കമലയോട്) ഞാൻ പത്മാലയത്തിലേക്കു വരുന്നതു നിങ്ങൾക്കെല്ലാം

ഇഷ്ടമാണെങ്കിൽ അമ്മാമൻ അനുവദിക്കുന്നതായാൽ തച്ഛയായും വരാം. അന്യഥാ ശങ്കിക്കരുതെ.

ഗോവിന്ദമേനോൻ ശ്രീധരൻ നമ്പ്യാരുടെ ക്ഷണനം സാദരം അംഗീകരിച്ച് പിറേറദിവസം ഭക്ഷണത്തിന്നു പദ്മാലയത്തിലേക്കു പോകാമെന്നു വാക്കു കൊടുത്തു. അതിഥികൾ എല്ലാവരും പോയി. ദേവി കമലയോടു പറഞ്ഞ ഒടുവിലത്തെ വാചകത്തിൻെറ ശരിയായ വ്യാഖ്യാനത്തെ കണ്ടുപിടിപ്പാൻ വിഷമിക്കുന്ന ശ്രീധരൻ നമ്പ്യാർ സോദരിയുടേയും, സ്നേഹിതൻേറയും അഭിപ്രായങ്ങളും വിചാരങ്ങളുമറിയുവാൻ ശ്രദ്ധിച്ചിരുന്നില്ല.

'അന്യഥാശങ്കിക്കരുതെ' എന്നു ദേവി പറഞ്ഞതു എന്തുദ്ദേശിച്ചിട്ടായിരിക്കാം. നിങ്ങൾക്കിഷ്ടമാണെങ്കിൽ പദ്മാലയത്തിലെ ഗൃഹനായികാത്വം അംഗീകരിച്ചുകൊണ്ടു വരാം എന്നുള്ള ഒരത്ഥം ഈ വാചകത്തിൽ അന്തർഭവിച്ചുകിടക്കുന്നില്ലേ? ഇല്ല. ഞാനെന്തൊരു ഭോഷനാണ്. ദേവിക്കെന്നിലുള്ള അനിഷ്ടം അറിഞ്ഞിട്ടുകൂടി എൻെറ അതിവിപുലമായ പ്രേമത്തിൻെറ ശക്തികൊണ്ട് അവൾ പ്രവൃത്തിക്കുന്നതും, പറയുന്നതുമെല്ലാം എന്നെ ഉദ്ദേശിച്ചും, എനിക്കനുകൂലമായും ഞാൻ വ്യാഖ്യാനിക്കുന്നു. 'അന്യഥാ ശങ്കിക്കരുതെ' എന്നതിന്നു കമലയുടെ ചങ്ങാതിയായതിനാൽ ക്ഷണനം സ്വീകരിച്ച പദ്മാലയത്തിലേക്കു വരാം. അതെ. ഒരു വെറും സുഹൃത്തിൻെറ നിലയിൽ മാത്രമാണ് വരുന്നത്. വേറെ യാതൊന്നും ഞാൻ ശങ്കിക്കയോ, ആഗ്രഹിക്കയൊ ചെയ്യരുതെന്നു വിചാരിച്ച് ആ കളഭാഷിണി എനിക്കു മുന്നറിവ് തന്നതായിരിക്കാം. എയ്, അങ്ങിനെയാവില്ല. അതിൽ എനിയ്ക്കു വിശ്വാസമില്ല. അതു ഞാൻ സമ്മതിക്കയില്ല. 'അന്യഥാ ശങ്കിക്കരുതെ' പ്രത്യേകാത്ഥങ്ങളൊന്നും കരുതാതെ ഉപയോഗിച്ചിട്ടുള്ള ഒരു വെറും വാക്കായിരിക്കാം. അങ്ങിനെ വരാനെ തരമുള്ളു. സാധാരണജനങ്ങൾ

സംസാരിക്കുമ്പോൾ ഈ മാതിരിയുള്ള പദങ്ങൾ ഉപയോഗിക്കുക പതിവാണ്. അതിന്നു പ്രത്യേകിച്ചൊരൎത്ഥവും ഉണ്ടാവില്ല. എന്നാൽ എന്റെ ദേവി, എന്റേതയൊ? അതെ എന്റെ ദേവിതന്നെ. എന്റെ ദേവി, അൎത്ഥമില്ലാതെ പലതും ജല്പിക്കുന്ന സ്ത്രീകളുടെ കൂട്ടത്തിൽ പെട്ട ഒരുത്തിയല്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്. എന്തോ ഒരൎത്ഥം ഉള്ളിൽ കരുതിയിട്ടാണിങ്ങിനെ ചിലതു പറഞ്ഞത്. എന്തായിരിക്കുമെന്നു വഴിയെ അറിയാം.' മാൎഗ്ഗമദ്ധ്യേ ഇങ്ങിനെ ഓരോന്നാലോചിച്ചു സന്തോഷിച്ചും, സന്തപിച്ചും, ലജ്ജിച്ചും, നമ്പ്യാർ സോദരിസ്നേഹിതന്മാരോടുകൂടി പത്മാലയത്തിൽ എത്തി.

ശ്രീധരൻനമ്പ്യാരും മററും പോയ ശേഷം ദേവി അല്പനേരം അവിടെ നിന്നു. ഭാസ്കരമേനോനെക്കുറിച്ച് അമ്മാമനും, അമ്മായിക്കുമുണ്ടായിട്ടുള്ള അഭിപ്രായമെന്താണെന്നറിവാൻ അവൾക്കാഗ്രഹമുണ്ടായിരുന്നു. അവൾക്കദ്ദേഹത്തിൽ ജനിച്ചിട്ടുള്ള നല്ലഭിപ്രായമറിഞ്ഞക്ഷണത്തിൽ ഇനി ശ്രീധരൻനമ്പ്യാരെക്കുറിച്ചു വല്ല സംസാരവും വരുമോ എന്നു ഭയന്നു ദേവി അതിവേഗത്തിൽ അവിടെനിന്ന് പോയി.

ഗോവിന്ദമേനോനേയും ശാരദാമ്മയേയുംകുറിച്ചു ദേവിക്കുണ്ടായ ഭയം അകാരണമായിരുന്നു. നമ്പ്യാരും ദേവിയും തമ്മിലുള്ള പരിചയം എത്രത്തോളം പ്രബലപ്പെട്ടതാണെന്നറിവാനായി അവൎക്കു ദേവിയെ നിർബ്ബന്ധിച്ചു പറയിപ്പിക്കേണ്ടുന്നാവശ്യമുണ്ടായില്ല. അവർ വിചാരിച്ചിരുന്നതിനേക്കാൾ എത്രയോ അധികം പരിചയം ഇവർ തമ്മിലുണ്ടെന്നും, നമ്പ്യാൎക്കു ദേവിയിലുള്ള ആദരം ഗാഢാനുരാഗമാണെന്നും മനസ്സിലാക്കി അവർ അത്യന്തം സന്തോഷിച്ചു. അവൎക്കിതുവരെയായും നമ്പ്യാരുടെ സ്വഭാവത്തിന്നു യാതൊരു ന്യൂനതയും കണ്ടുപിടിപ്പാൻ സാധിച്ചിട്ടില്ല. തങ്ങളുടെ പ

രിചയത്താലും, ധാത്രിയുടെ വാക്കുകൾകൊണ്ടും, ശ്രീധരൻ നമ്പ്യാരെ സൽഗുണസമ്പന്നനായി കരുതണം. അദ്ദേഹത്തിൻെറ ഗുണഗണങ്ങളെ വൎണ്ണിച്ചിട്ടുള്ള സ്ത്രീ ഇന്നലെയൊ ഇന്നൊ വന്നിട്ടുള്ള ഒരു വെറും ദാസിയല്ല. ശ്രീധരൻനമ്പ്യാർ ജനിച്ച മുതല്ക്കു ആ സ്ത്രീ അവിടെ താമസം തുടങ്ങിയിരിക്കുന്നു. കുറച്ചുഭേദപ്പെട്ടൊരുതറവാട്ടിൽ ജനിച്ചവളും, നല്ലമൎയ്യാദക്കാരിയുമായധാത്രിയുടെ വാക്കു വിശ്വാസയോഗ്യമല്ലെന്നു ധരിപ്പാൻ തരമുണ്ടോ? നമ്പ്യാരുടെ സ്വഭാവം ഇങ്ങിനെയാണെന്നു പറഞ്ഞാൽ ലക്ഷ്മണപുരത്തുകാർ വിശ്വസിക്കില്ലായിരിക്കാം.

നമ്മുടെ യാത്രക്കാൎക്കു വിക്രമമേനോനെക്കുറിച്ചു തീരെ ബഹുമാനമില്ലാതായി. അദ്ദേഹവും ശ്രീധരൻനമ്പ്യാരും തമ്മിലുള്ള ലൌകികത്തിന്നുള്ള കാരണം അറിഞ്ഞിരുന്നില്ലെങ്കിലും, വിക്രമമേനോൻ ശ്രീകൃഷ്ണപുരം വിട്ടുപോയപ്പോൾ വളരെ കടങ്ങളുണ്ടായിരുന്നുവെന്നും, അതെല്ലാം വിക്രമമേനോനുവേണ്ടി ശ്രീധരൻനമ്പ്യാരാണ് വീട്ടിയതെന്നും, ഗോവിന്ദമേനോൻ മുതലായവർ അറിഞ്ഞു.

ദേവിക്കു ശ്രീധരൻനമ്പ്യാരെ സംബന്ധിച്ചുണ്ടായിരുന്ന ആലോചനകൾ തലേദിവസത്തേക്കാൾ പതിന്മടങ്ങു വൎദ്ധിച്ചു. അവളദ്ദേഹത്തെ വെറുക്കുന്നില്ല. ഇല്ലവേ ഇല്ല. അവൾക്കദ്ദേഹത്തിലുള്ള അനിഷ്ടം തീരെ നശിച്ചിട്ടു കാലം കുറെ ആയിരിക്കുന്നു. താനദ്ദേഹത്തെ വെറുത്തിരുന്നു എന്നു വിചാരിക്കുമ്പോൾ അവൾക്കു വല്ലാത്ത ലജ്ജതോന്നുന്നു. ദേവിക്കൊന്നാമതു ശ്രീധരൻനമ്പ്യാരിൽ ചില സൽഗുണങ്ങളുണ്ടെന്നു അഭിസമ്മതമായി. പിന്നീടദ്ദേഹത്തിൻെറ ഗുണഗണങ്ങളിൽ അളവററ ബഹുമാനമുണ്ടായി. രണ്ടുദിവസമായി തങ്ങളോടു കാണിച്ചിട്ടുള്ള ഔദാൎയ്യത്താൽ സൌഹാൎദ്ദവും വൎദ്ധിച്ചു. ദേവിക്കദ്ദേഹത്തിലുണ്ടായിരിക്കുന്ന കൃതജ്ഞത ഇത്രയെന്നു പറഞ്ഞാലാവില്ല. ഈ കൃതജ്ഞത അദ്ദേഹം അവ

ളെ ഒരിക്കൽ സ്നേഹിച്ചതിനാലുണ്ടായതല്ല. അദ്ദേഹത്തിന്റെ അപേക്ഷയെ ശകാരവർഷത്തോടെ നിരാകരിച്ചിട്ടും, പ്രണയത്തിന്നും ഭംഗം വന്നിട്ടില്ല. ചെറുശ്ശേരിയിൽവെച്ച ദ്ദേഹത്തിന്റെ അപേക്ഷയെ അഗണ്യമാക്കി ഉപേക്ഷിച്ച നിമിഷംമുതൽ അദ്ദേഹം അവളെ ഒരു പരമശത്രുവിന്റെ നിലയിൽ കരുതുമെന്നാണ് ദേവി വിചാരിച്ചിരുന്നത്. ആകസ്മികമായി അവർ തമ്മിൽ കണ്ടപ്പോൾ നീരസലേശംകൂടാതെ അദ്ദേഹം അവളെ സൽക്കരിച്ചു. തന്റെ സോദരിയെ ദേവിയുമായി പരിചയപ്പെടുത്തി. ഗോവിന്ദമേനോനെ സ്നേഹിതന്റെ നിലക്കാദരിച്ച് സന്തോഷിപ്പിച്ചു. ഗർവ്വിഷ്ഠനായ ശ്രീധരൻനമ്പ്യാരുടെ പ്രകൃതിക്കു പെട്ടന്നിങ്ങിനെയൊരു മാററം സംഭവിക്കുവാൻ കാരണമെന്തായിരിക്കും. അനുരാഗമാണോ? അതെ. ദേവിയിലുള്ള ഗാഢാനുരാഗംതന്നെ. സന്ദേഹം വേണ്ട. എന്നാലും അദ്ദേഹം കാണികൾക്കു അനുചിതമാണെന്നു തോന്നത്തക്കവണ്ണം ദേവിയിൽ യാതൊരു പ്രത്യേകതയും ഭാവിച്ചില്ല.

ശ്രീധരൻ നമ്പ്യാരുടെ ഇപ്പോഴത്തെ നടവടികൾ ദേവിയിൽ നിസ്സീമമായ സന്തോഷമുണ്ടാക്കി. അവൾക്ക് അദ്ദേഹത്തിലുള്ള കൃതജ്ഞത ആദരവ് സ്നേഹബഹുമാനം മുതലായ മനോഭാവനകളിൽ പ്രാബല്യം ഏതിന്നാണെന്നു തിരിച്ചറിയുവാൻ അവൾ വളരെ നേരം പ്രയത്നിച്ചിട്ടും സാധിച്ചില്ല. അവൾക്കു അദ്ദേഹത്തിന്റെ ക്ഷേമത്തിൽ താല്പൎയ്യമുണ്ടായി. അദ്ദേഹം അവളെ തന്റെ ജീവിതസൎവ്വസ്വമായി കരുതി സ്നേഹിക്കുന്നു. അവൾ തീൎച്ചപ്പെടുത്തിയാൽ അദ്ദേഹത്തിന്റെ ഭാവിജീവിതം സുഖഭൂയിഷ്ഠമാക്കി തീൎപ്പാൻ സാധിക്കും. പക്ഷെ ഈ ദാമ്പത്യംകൊണ്ടു നമ്പ്യാൎക്കു ലഭിക്കുന്നതുപോലെ തനിക്കും സുഖസൌഭാഗ്യാദികൾ ലഭിക്കുമൊ എന്നുള്ള കാൎയ്യം അവളുടെ ഹൃദയത്തിൽ ഇനിയും ദൃഢപ്പെട്ടിട്ടില്ല.

ഉച്ച തിരിഞ്ഞതിന്നു ശേഷം ഗോവിന്ദമേനോൻ തോണികളിപ്പാനായി പുഴക്കിലേക്കു പോയി. അവിടെ ശ്രീധരൻ നമ്പ്യാരും, ഭാസ്കരമേനോനും കൂടാതെ വേറെ ചില യോഗ്യന്മാരും ഈ വിനോദത്തിൽ പങ്കുകൊൾവാനായി ഹാജരുണ്ടായിരുന്നു. ഗോവിന്ദമേനോൻ പോയ അവസരത്തിൽ ശാരദാമ്മ "ദേവി, നാളെ പത്മാലയത്തിലേക്കു പോകാൻ എനിക്കു വളരെ സന്തോഷമുണ്ട്. കമലയുടേയും, നമ്പ്യാരുടേയും, ഔദാര്യം ശ്ലാഘനീയം തന്നെ. ഈ സോദരീസോദരന്മാരെപ്പോലെ ഉന്നതപദവിയിലിരിക്കുന്നവർ നമ്മുടെ സഖ്യം ആഗ്രഹിക്കുന്നതു ദുർല്ലഭമാണ്" എന്നു പറഞ്ഞു. ദേവിക്കു ശാരദാമ്മയെപ്പോലേയൊ, അതിലധികമൊ സന്തോഷം പത്മാലയത്തിലേക്കു പോകുന്നതിലുണ്ടായിരുന്നു. ഇതിന്നുള്ള ഹേതു എന്താണെന്നു അവൾക്കുതന്നെ നിശ്ചയമുണ്ടായിരുന്നില്ല.

## നാല്പത്തിനാലാമദ്ധ്യായം.

അമ്മിണിക്കുട്ടിക്കു തന്നോടുള്ള അനിഷ്ടത്തിന്നു കാരണം അസൂയയാണെന്നു ദേവിക്കു മനസ്സിലായി. തന്റെ പത്മാലയയാത്ര അമ്മിണിക്കുട്ടിയിൽ എത്രത്തോളം സുഖവിരോധമുണ്ടാക്കുമെന്നു തീർച്ചപ്പെടുത്തുവാൻ ദേവിയാൽ അസാദ്ധ്യമായിരുന്നു. പത്മാലയത്തിൽവെച്ചു ഭാസ്കരമേനോന്റെ സോദരിമാർ തന്നോടുള്ള പൂർവ്വപരിചയത്തെ ഏതു നിലയിലാണ് വെളിപ്പെടുത്തുക എന്നറിയുവാൻ ദേവിക്കു കൌതുകം ജനിച്ചു. സവിശേഷം അലങ്കരിക്കപ്പെട്ടതും, ലേശവും ചൂടിന്റെ ബാധ എല്ലാത്തതും വളരെ വൃത്തിയുള്ളതും വിസ്തീർണ്ണവുമായ ഒരു തളത്തിൽ കമലയും ഭാസ്കരമേനോന്റെ സോദരിമാരും ഇരിക്കുന്നുണ്ടായിരുന്നു. ദേവിയും ശാര

ദാമ്മയും വരുന്നതു കണ്ടപ്പോൾ കമല എഴുനീററ് ആദരവോടെ സ്വാഗതം പറഞ്ഞു അവരെ തളത്തിൽ കൊണ്ടുവന്ന് ഓരോ കസേലകളിൽ ഇരുത്തി.

ഈ വക കാൎയ്യങ്ങളിൽ പരിചയക്കുറവിനാലും സഹജമായ ലജ്ജാസങ്കോചാദികളാലും, കമലയുടെ കൃത്യനിൎവ്വഹണത്തിൽ ചില വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്നു വ്യസനസമേതം പറയാതെ നിവൃത്തിയില്ല. വശക്കേടുകൊണ്ടും സംഭ്രമംകൊണ്ടും ആതിഥ്യം മുതലായതു വേണ്ടതുപോലെ പ്രവൃത്തിപ്പാൻ ത്രാണിയില്ലാത്ത കമലയെ അഹംഭാവിയും, പ്രതാപിയുമാണെന്നു പലരും തെററിദ്ധരിച്ചിട്ടുണ്ട്. എങ്ങിനേയൊ ക്ഷണേന കമലയുടെ യഥാൎത്ഥസ്വഭാവം ഗ്രഹിപ്പാൻ കഴിഞ്ഞ ദേവിക്കും ശാരദാമ്മക്കും അവളിൽ അനുകമ്പ തോന്നി.

അമ്മുക്കുട്ടി അമ്മയും, അമ്മിണിക്കുട്ടിയും മുഖഭാവത്താൽ ദേവിയുമായുള്ള പരിചയത്തെ അറിയിച്ചു. ആരാണു മുമ്പെ സംസാരിക്കേണ്ടത്, എങ്ങിനെയാണ് സംഭാഷണമാരംഭിക്കേണ്ടത്, എന്നും മററുമുള്ള ആലോചനയിൽ എല്ലാവരും സ്വല്പനേരം മൌനികളായിരുന്നു. ഉചിതജ്ഞയും വാചാലയുമായ മാധവിയമ്മ, ശാരദാമ്മയോടു സംഭാഷണത്തിന്നാരംഭിച്ചു. ഇവരുടെ സംഭാഷണത്തിൽ ദേവിയും പങ്കുകൊണ്ടു. ഇവരോടൊന്നിച്ചു സല്ലപിക്കാൻ കമലക്കുതിയായ മോഹമുണ്ടായിരുന്നതിനാൽ ഇടക്കിടെ ഓരോ വാക്കുകൾ ഉച്ചരിപ്പാൻ അവളും ധൈൎയ്യപ്പെട്ടു.

അമ്മിണിക്കുട്ടിയുടെ ശ്രദ്ധ മുഴുവനും, ദേവിയും കമലയും സംസാരിക്കുന്നതിലായിരുന്നു. അവളുടെ ശ്രദ്ധയിൽ പെടാതെ തങ്ങൾക്കൊരു വാക്കുപോലും സംസാരിപ്പാൻ തരമില്ലെന്നു ദേവിക്കു മനസ്സിലായി. അവൾ കമലയോടധികം സംസാരിക്കാതിരുന്നതു അമ്മിണിക്കുട്ടി അവരുടെ സംഭാഷണത്തിൽ പ്രത്യേകം ശ്രദ്ധ എടുക്കുന്നതുകൊണ്ടല്ലായിരു

ന്നു. ദേവിക്കു സ്വന്തം ആലോചനകൾ തന്നെ വേണ്ടേടത്തോളമുമുള്ളതിനാൽ ഇതരകാൎയ്യങ്ങളിൽ ശ്രദ്ധിപ്പാൻ കഴിഞ്ഞില്ല. അവൾ സോൽക്കണ്ഠം ശ്രീധരൻനമ്പ്യാരുടെ ആഗമനത്തെ പ്രതീക്ഷിച്ചിരുന്നു. അദ്ദേഹത്തിൻെറ സന്നിധിയിൽ അവൾക്കു സന്തോഷമൊ, സംഭ്രമമൊ ഉപരിയായി നില്ക്കുന്നതെന്നു തീൎച്ചപ്പെടുത്തേണ്ടുന്ന ഭാരം ഇപ്പോൾ നമ്മൾ അവളിൽ തന്നെ ചുമത്തുക.

കഷ്ടിച്ചരനാഴികയോളം അമ്മിണിക്കുട്ടിയുടെ ശബ്ദമൊന്നും കേട്ടില്ല. ഒടുവിൽ അവൾ വളരെ അന്യാസ്ഥയോടെ ദേവിയോടു മുല്ലവള്ളപ്പുകാരുടേയും മുണ്ടക്കാട്ടുകാരുടേയും യോഗക്ഷേമങ്ങളെക്കുറിച്ചു ചിലതെല്ലാം ചോദിച്ചു. അതേസ്വരത്തിലും അതിലധികം അലക്ഷ്യമായും ദേവി അമ്മിണിക്കുട്ടിയുടെ ചോദ്യങ്ങൾക്കു ഒന്നൊ രണ്ടൊ വാക്കുകൾ മറുവടിയായി പറഞ്ഞു. പിന്നെ ഇരുകൂട്ടരും മിണ്ടാതിരുന്നു. ഭക്ഷണത്തിനു സമയമായ വിവരം ഭൃത്യൻ വന്നറിയിച്ചപ്പോൾ എല്ലാവരും ഊൺ തളത്തിലേക്കു പോയി. ഭക്ഷണാനന്തരം സ്ത്രീകളെല്ലാവരും മുമ്പെത്തെപ്പോലെ തളത്തിൽ ചെന്നിരുന്നു വിശ്രമിച്ചു. കമല മാധവിയമ്മയുടെ സഹായത്തോടുകൂടി ഗൃഹനായിക അവശ്യം ചെയ്യേണ്ടുന്നതായ ചില മുറകളെല്ലാം ഒരു വിധത്തിൽ നിറവേററി.

ശ്രീധരൻനമ്പ്യാരുടെ സന്നിധിയിൽ താനിരിക്കുമ്പോൾ സംഭ്രമമൊ, സന്തോഷമൊ, തനിക്കു ജാസ്തിയുണ്ടാകുക എന്നു തീൎച്ചപ്പെടുത്തുവാനുള്ള അവസരം ദേവിക്കാസന്നമായി. തലെ ദിവസം തോണികളിക്കൊന്നിച്ചുണ്ടായിരുന്ന ചില മാന്യന്മാരോട് ഓരോന്നു സംസാരിച്ചുകൊണ്ടു ഗോവിന്ദമേനോനും, ഭാസ്കരമേനോനും പൂമുഖത്തു തന്നെ ഇരുന്നു. ഗൃഹനായകനായ ശ്രീധരൻനമ്പ്യാർ ഇവരുടെ കൂട്ടത്തിൽനിന്നു പതുക്കെ എഴനീററു സ്ത്രീകളിരിക്കുന്ന തളത്തിലേക്കു പോയി. പത്മാലയത്തിൽ പ്രായം ചെന്ന സ്ത്രീ

കൾ ഗൃഹകാൎയ്യാന്വേഷണത്തിന്നില്ലായ്കയാൽ തൻെറ അതിഥികൾക്കുള്ള സൽക്കാരങ്ങളെല്ലാം വേണ്ടതുപോലെ ആയില്ലെ എന്നന്വേഷണം ചെയ്വാനായിരിക്കാം നമ്പ്യാരങ്ങോട്ടു ചെന്നത്.

അദ്ദേഹത്തിൻെറ ആഗമനം സന്തോഷത്തെക്കാൾ സംഭ്രമത്തെയാണ് എത്രയോ അധികം തനിക്കു നൽകുന്നതെന്നു ദേവി ഒരു വിനനാഴികകളിൽ അനുഭവംകൊണ്ടു തീൎച്ചപ്പെടുത്തി. നമ്പ്യാർ തളത്തിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം ദേവിയിൽ അനുരക്തനാണെന്നുള്ള ശങ്കയാൽ അതറിവാനായി ആ തളത്തിൽ കൂടിയിരുന്നവർ ആ തരുണീതരുണന്മാരുടെ വദനങ്ങളിൽ ഒന്നിൽനിന്നു മറെറാന്നിലേക്കു അവരുടെ നേത്രപംക്തികളെ അതിവേഗതയോടെ ചാടിച്ചുകൊണ്ടിരുന്നതിനാൽ ദേവിക്കതിദുസ്സഹമായഅസ്വാസ്ഥ്യമുണ്ടായി. ഈ തത്വം കണ്ടുപിടിക്കുന്നതിൽ അമ്മിണിക്കുട്ടിക്കുള്ള ജാഗ്രത മററുള്ളവൎക്കുള്ളതിനേക്കാൾ എത്രയോ വിപുലമായിരുന്നു. പക്ഷെ അവൾ അതിനെ പുഞ്ചിരിതൂകിയും, ആഹ്ലാദപൂൎവ്വം സംസാരിച്ചും, അന്യരെ അറിയിക്കാതിരിപ്പാനുത്സാഹിച്ചു. അവൾക്കു ദേവിയോടതി കലശലായ അസൂയയും,ഈൎഷ്യയുമുണ്ടായി. എങ്കിലും തൻെറ ആഗ്രഹങ്ങൾ അസാദ്ധ്യമാണെന്നിപ്പോഴും ബോദ്ധ്യപ്പെട്ടിട്ടില്ലെന്നു മാത്രമല്ല ശ്രീധരൻ നമ്പ്യാരെ സ്വാധീനമാക്കുവാനുള്ള കൌശലപ്രവൃത്തികൾ മാത്രപോലും കുറച്ചതുമില്ല.

ജ്യേഷ്ഠൻെറ ആഗമനത്താൽ പ്രോത്സാഹിതയായ കമല കുറച്ചൊന്നു ധൈൎയ്യമവലംബിച്ചു ദേവിയോടും മററും, കുറേശ്ശ സംസാരിപ്പാൻ തുടങ്ങി. തനിക്കു ശരിയായി മറുപടി പറയുവാൻ വയ്യാതെ വിഷമിക്കുന്ന ഘട്ടത്തിൽ ജ്യേഷ്ഠൻ തനിക്കുവേണ്ടി ദേവിയോടു മറുപടി പറയുകയാൽ കമലക്കവരുമായുള്ള സംഭാഷണത്തിൽ ഉത്സാഹം വൎദ്ധിച്ചു. കമലയും, ദേവിയും, തമ്മിലുള്ള മൈത്രിയെപ്രബലീകരിപ്പാനായിശ്രീ

ധരൻ നമ്പ്യാർ കാൎയ്യമായി ഉദ്യമിക്കുന്നുണ്ടെന്നു ദേവിക്കും, അമ്മിണിക്കുട്ടിക്കും മനസ്സിലായതു ഏകദേശം ഒരേ അവസരത്തിലാണ്. ദേവിയെ സംബന്ധിച്ചേടത്തോളമുള്ള ശ്രീധരൻനമ്പ്യാരുടെ പ്രവൃത്തികളിൽനിന്ന് അമ്മിണിക്കുട്ടിക്കു ദുസ്സഹമായ കോപഖേദങ്ങൾ ഉണ്ടായി. അതിനാൽ ലേശവും, മൎയ്യാദയില്ലാതെ ഹാസ്യസൂചകമായ പുഞ്ചിരിയോടെ അവൾ ദേവിയോടു "സെബ്ഇൻസ്പെക്ടർ വിക്രമമേനോൻ പോയതിനാൽ നിങ്ങളുടെ വീട്ടുകാൎക്കു വല്ലാത്ത കുണ്ഠിതമുണ്ട് ഇല്ലേ?" എന്നു ചോദിച്ചു.

ദേവിക്കതിൽ ഉഗ്രമായ കോപമുണ്ടായി. പലവിചാരങ്ങളും അവളുടെ ഹൃദയത്തിൽ ക്ഷണനേരംകൊണ്ടുത്ഭവിച്ചു. ഒരു നിമിഷത്തിന്നുള്ളിൽ വിചാരങ്ങളെ അടക്കി നീരസത്തോടെ ഈ ദുശ്ചോദ്യത്തിന്നു തക്കതായ സമാധാനം ദേവി അമ്മിണിക്കുട്ടിയോടു പറഞ്ഞടക്കി. അവൾ സമാധാനം പറയുന്ന മദ്ധ്യേ എന്തെല്ലാമൊ ചില വികാരജാലങ്ങളാൽ അരുണവൎണ്ണമായ മുഖകാന്തിയോടെ തന്നെ കടാക്ഷിച്ചു് നിശ്ചേഷ്ടനായിരിക്കുന്ന ശ്രീധരൻനമ്പ്യാരെ വിചാരിയാതെ ഒന്നു കടാക്ഷിച്ചു.

ഇടിനാദം കേട്ട പന്നഗിയെപ്പോലെ വിക്രമമേനോന്റെ നാമശ്രവണത്താൽ കമല നടുങ്ങി. ആപാദചൂഡം വിയൎത്തു. അംഗം വിറച്ചു. തലഉയൎത്തി തന്റെ പ്രിയസോദരനെ നോക്കുവാൻ ധൈൎയ്യപ്പെടാതെ ഭയവിഹ്വലയായി ക്ഷീണിച്ചു. അയ്യോ, കഷ്ടം! ഏററവും പ്രിയപ്പെട്ട സഖിക്കു തന്റെ, വാചാലതചത്താലുണ്ടായിട്ടുള്ള മനോവ്യഥയുടെ കാഠിന്യം അമ്മിണിക്കുട്ടി അറിഞ്ഞിരുന്നുവെങ്കിൽ ഒരിക്കലും ഈ മാതിരി അവിനയം സംസാരിക്കില്ലായിരുന്നു നിശ്ചയം തന്നെ. ദേവിക്കു വിക്രമമേനോനിൽ ഉണ്ടായിരുന്ന പ്രത്യേകതയേയും, അവളുടെ കുഡുംബക്കാരുടെ വിഡ്ഢിതചാപലത്തേയും, നിസ്സാരതയേയും, ശ്രീധരൻ നമ്പ്യാരുടെ ഓൎമ്മയിൽ

വരുത്തി അദ്ദേഹത്തിന്നു ദേവിയിലുള്ള അഭിനിവേശത്തെ നശിപ്പിക്കണമെന്നുള്ള ഏകോദ്ദേശംകൊണ്ടു മാത്രമായിരുന്നു അമ്മിണിക്കുട്ടി ഇപ്രകാരമുള്ള അസംബന്ധം ജല്പിച്ചത്. വിക്രമമേനോനാൽ കമലക്കുണ്ടായ അപമാനം കഴിയുന്നേടത്തോളം ഗോപ്യമായി വെക്കുന്ന കാൎയ്യത്തിൽ ശ്രീധരൻ നമ്പ്യാർ പ്രത്യേകം മനസ്സുവെച്ചിരുന്നു. ഈ സംഗതി അദ്ദേഹം ദേവിയോടല്ലാതെ മററാരോടും ഇതുവരെ പറഞ്ഞിട്ടില്ല. തങ്ങൾക്കും സ്നേഹിതൻെറ കൂട്ടൎക്കും തമ്മിൽ വല്ല ബന്ധുതപവും കാലാന്തരത്താൽ സംഭവിച്ചേക്കുമോ എന്നുള്ള സന്ദേഹത്താൽ അദ്ദേഹം ഭാസ്കരമേനോൻ മുതലായവരിൽനിന്ന് ഇതിനെ മറച്ചുവെക്കുന്നതിൽ വിശേഷിച്ചും ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹം എന്തുകൊണ്ടോ ആ സ്വാമിദ്രോഹി കമലയിൽ ചെയ്ത അക്രമത്തെ അപ്പോൾ സ്മരിച്ചതേ ഇല്ല. ഇംഗിതജ്ഞനായ അദ്ദേഹം അമ്മിണിക്കുട്ടിക്കു സുഖവിരോധമുണ്ടാകുവാനോ എന്നു തോന്നുമാറ് ഇടക്കിടെ ദേവിയെ സാനുരാഗം കടാക്ഷിച്ചു തന്നെത്താൻ രസിച്ചുകൊണ്ടിരുന്നു.

അയ്യോ! അമ്മിണിക്കുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചെന്തുപറയട്ടെ! ശ്രീധരൻ നമ്പ്യാരുടെ സന്നിധിയിൽ വെച്ചു വീണ്ടും വിക്രമമേനോനെപ്പററി സംസാരിപ്പാൻ അവൾ ധൈൎയ്യപ്പെട്ടില്ല. കോപം, താപം, നീരസം, അസൂയ, ദ്വേഷം മുതലായ മനോഭാവനകളാൽ കലുഷിതമതിയായി അമ്മിണിക്കുട്ടി മുഷിച്ചിലോടെ മൌനമവലംബിച്ചു.

ഈ ചോദ്യോത്തരങ്ങൾ കഴിഞ്ഞശേഷം ദേവിക്കവിടെ അധികനേരം ഇരിക്കേണ്ടിവന്നില്ല. ഇടനേരത്തെ ചായ കഴിഞ്ഞ ഉടനെ ഗോവിന്ദമേനോൻ മുതലായവർ യാത്രയ്ക്കാരംഭിച്ചു. ശ്രീധരൻ നമ്പ്യാർ ആദരവോടെ തൻെറ അതിഥികളെ വഴിക്കൂട്ടി അയപ്പാനായി അവരോടൊന്നിച്ചു വണ്ടി നിൎത്തിയിരുന്ന സ്ഥലത്തു പോയി.

ദേവിയും കൂട്ടരും ദൃഷ്ടിയിൽനിന്നു മറഞ്ഞ ഉടനെ ദേവിയുടെ സ്വഭാവത്തിലും നടവടികളിലും സൌന്ദൎയ്യസൌശീല്യാദികളിലും ദോഷാരോപണം ചെയ്തു തന്റെ അസൂയയെ ഒരു വിധത്തിൽ ശമിപ്പിക്കുവാൻ അമ്മിണിക്കുട്ടി ഒരുങ്ങി. ഈ സംഭാഷണത്തിൽ ഭാഗഭാക്കാവാൻ കമലക്കഭിലാഷമുണ്ടായില്ല. അവൾക്കു സോദരന്റെ അഭിപ്രായങ്ങളിൽ ബദ്ധ വിശ്വാസമാണ്. തനിക്കു ദേവിയിൽ തോന്നിയിട്ടുള്ള ഗുണാഭിപ്രായം നമ്പ്യാർ തന്നെ സോദരിയെ ഗ്രഹിപ്പിച്ചിട്ടുണ്ടായിരുന്നു. ദേവിയെ സംബന്ധിച്ച ജ്യേഷ്ഠനു തോന്നിയിട്ടുള്ള അഭിപ്രായമല്ലാതെ മറ്റു യാതൊരഭിപ്രായവും ഋജുബുദ്ധിയായ കമലക്കുണ്ടായിട്ടില്ല.

അതിഥികളെ വണ്ടികയററി ബംഗ്ളാവിലേക്കയച്ച് ശ്രീധരൻ നമ്പ്യാർ മടങ്ങി ചെന്നപ്പോൾ താൻ സോദരിയെ നിർബ്ബന്ധിച്ച കേൾപ്പിച്ച വൎത്തമാനങ്ങളിൽ ഏതാനും ഒരംശം നമ്പ്യാരേയും അറിയിക്കണമെന്നു അമ്മിണിക്കുട്ടി വിചാരിച്ച് മടികൂടാതെ ഇങ്ങിനെ പറഞ്ഞു—

അ. കു — നമ്മുടെ ദേവി വല്ലാതെ മെലിഞ്ഞു വിളൎത്തിരിക്കുന്നുവല്ലൊ. അഞ്ചാറു മാസംകൊണ്ട് അവളിലുണ്ടായിട്ടുള്ള മാററം കുറച്ചൊന്നുമല്ല. അല്പകാലംകൊണ്ട് ആകൃതിക്കീമാതിരി മാററം സംഭവിച്ചിട്ടുള്ളൊരാളേയും ഞാനിതുവരെകണ്ടിട്ടില്ല. ദേവിയെ കണ്ടാൽ തന്നെ് അറിയാതായിരിക്കുന്നു. ഞാനും ജ്യേഷ്ഠത്തിയും കൂടി ഇതിനെപ്പററി സംസാരിച്ചിട്ടധികനേരമായിട്ടില്ല.

ശ്രീ. ന — ദേവി കുറഞ്ഞൊന്നു പരവശമായിട്ടുണ്ടെന്നു തോന്നുന്നു. അതുകൊണ്ടാണ് വിളൎത്തിരിക്കുന്നത്.

അ. കു — ദേവിക്കു സൌന്ദൎയ്യമുണ്ടെന്നു ചിലരൊക്കെ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. എനിക്കവളിൽ ഒരു സൌന്ദൎയ്യവും തോന്നുന്നില്ല. നീണ്ട മുഖം, ശോഭയില്ലാത്ത നിറം, ലക്ഷണമില്ലാത്ത മൂക്ക്, വല്ല തരക്കേടില്ല. പക്ഷെ അതി

നും പ്രത്യേകിച്ച യോഗ്യതയൊന്നും ഉണ്ടെന്നു പറയുവാൻ തരമില്ല. കണ്ണുകൾക്ക് എന്താണ് വിശേഷത. കുടിലത ഏറിയ നോട്ടമൊ? അതെനിക്ക ഇഷ്ടമാകുന്നതേ ഇല്ല. അവൾ സ്ത്രീകൾക്കനുചിതമായ സ്വാതന്ത്ര്യമെടുക്കുന്നു. അവളുടെ തന്നിഷ്ടം നടത്തുന്ന സ്വഭാവമാണ് ജനങ്ങളെ മുഷിപ്പിക്കുന്നത്.

ശ്രീധരൻനമ്പ്യാർ ദേവിയെ ഇഷ്ടപ്പെടുന്നുണ്ടെന്നു അമ്മിണിക്കുട്ടി നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. അവൾ ദേവിയെ ദൂഷിവാക്കുകൾ പറഞ്ഞാൽ നമ്പ്യാരുടെ പ്രീതിക്ക പാത്രീഭൂതയാകുമൊ? ഇല്ലേ ഇല്ല. അമ്മിണിക്കുട്ടിക്കിപ്പോൾ കലശ്ശലായ ദ്വേഷ്യം വന്നിരിക്കുന്നു. കോപിഷ്ഠന്മാരുടെ പ്രവൃത്തികൾ വിവേകജന്യങ്ങളാവാൻ തരമില്ലല്ലൊ. നമ്പ്യാരുടെ മൌനത്താൽ വിജയിയായ അമ്മിണിക്കുട്ടി അദ്ദേഹത്തെ സംസാരിപ്പിക്കണമെന്നു മനസാ നിശ്ചയിച്ച് പിന്നേയും പറഞ്ഞുതുടങ്ങി.

അ. കു — ദേവി സൌന്ദൎയ്യശാലിനിയാണെന്നു ആ ദിക്കുകാർ പറഞ്ഞുകേൾക്കുകയാൽ ഒന്നാമത് മുന്നുകാട്ടുവെച്ചവളെ കണ്ടപ്പോൾ നമുക്കുണ്ടായ വിസ്മയം അങ്ങേക്കോൎമ്മയുണ്ടോ? അന്ന് നമ്മൾക്കവളിൽ യാതൊരു സൌന്ദൎയ്യവും കാണ്മാൻ കഴിഞ്ഞില്ല. ദേവിക്ക സൌന്ദൎയ്യമൊ? അവൾ സൌന്ദൎയ്യവതിയാണെങ്കിൽ അവളുടെ അമ്മ വിജ്ഞാനവതിയാണെന്നു ഞാൻ തിച്ചയായും പറയുമെന്നു നമ്മളെല്ലാവരും ഉണ്ണാനിരിക്കുമ്പോൾ ഒരു രാത്രി നന്ദനോദ്യാനത്തിൽ വെച്ചങ്ങുന്നു പറഞ്ഞതിപ്പോൾ ഓൎമ്മിക്കുന്നുണ്ടോ? അതിപ്പോഴും എന്റെ ചിത്തയിൽ ശിലാരേഖപോലെ പതിഞ്ഞുകിടപ്പുണ്ട്.

അമ്മിണിക്കുട്ടിയുടെ സംഭാഷണം കേട്ട് മുഷിഞ്ഞ് —

ശ്രീ. ന — ഉവ്വ്, ഞാനൊരിക്കൽ അങ്ങിനെ പറഞ്ഞിട്ടുണ്ട്. എന്നാൽ ദേവിക്ക കമനീയമായ സൌന്ദൎയ്യമുണ്ടെന്നു എ

നിക്കു സമ്മതമായിട്ടു കാലം കുറെ ആയിരിക്കുന്നു. എനിക്കു പരിചയമുള്ള സ്ത്രീകളിൽ സൌന്ദൎയ്യസൌശീല്യാദികളാൽ അവളെ അതിശയിക്കുന്നവർ ആരുമില്ലെന്നാണെന്റെ വിശ്വാസം.

ശ്രീധരൻ നമ്പ്യാർ ഇത്രയും പറഞ്ഞവിടെനിന്നു പോയി. ഇപ്പോൾ അമ്മിണിക്കുട്ടിക്കു വേണ്ടേടത്തോളമായി. തനിക്കതിമാത്രം വേദനയുണ്ടാക്കുന്ന ഒരു സംഗതി തന്നെ പണിപ്പെട്ടു ശ്രീധരൻ നമ്പ്യാരെക്കൊണ്ടു പറയിച്ച് അവസാനം തൃപ്തിപ്പെട്ടിരിക്കേണ്ടി വന്നു.

പദ്ധതിമദ്ധ്യെ നമ്മുടെ യാത്രക്കാരുടെ സംഭാഷണവിഷയം പത്മാലയവും അതിലെ നിവാസികളുമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ശ്രീധരൻ നമ്പ്യാരെക്കുറിച്ചു സംസാരിക്കുവാൻ ദേവിക്കും ശാരദാമ്മക്കും വളരെ താല്പൎയ്യമുണ്ടായിരുന്നുവെങ്കിലും ഇരുകൂട്ടരും അധികമായൊന്നും സംസാരിച്ചില്ല.

## നാല്പത്തഞ്ചാമദ്ധ്യായം.

ദേവി ചെറുകുന്നത്തെത്തിയിട്ടു ആറേഴുദിവസമായിരിക്കുന്നു. ഇതിന്നുമുമ്പു തന്നെ ജാനുവിന്റെ ഒരു കത്തു തീച്ചയായും അവൾക്കു കിട്ടേണ്ടതായിരുന്നു. ജ്യേഷ്ഠത്തിയുടെ കത്തു കിട്ടാത്തതിന്നുള്ള കാരണം എന്തായിരിക്കുമെന്നുള്ള ആലോചനയാൽ ഉന്മേഷരഹിതയായ ദേവിക്കു ജാനുവിന്റെ രണ്ടു കത്തുകൾ ഒന്നിച്ചു കിട്ടുകയാൽ വളരെ സന്തോഷമുണ്ടായി. ജാനു അയച്ച ആദ്യത്തെ കത്തിന്നു വഴിക്കെങ്ങിനെയോ അല്പം താമസം പററിയിരിക്കുന്നു. ദേവി ആ എഴുത്തിനെ തന്നെ ആദ്യം പൊളിച്ചുവായിച്ചു. അതിൽ വിശേഷിച്ചൊന്നുമുണ്ടായിരുന്നില്ല. രണ്ടാമത്തെ കത്തിന്റെ മേൽവിലാസം നോക്കിയപ്പോൾ ദേവിയുടെ ഹൃദയം ആകപ്പാ

ടെ. ഒന്നു കാളി. ജാനുവിൻെറ കയ്യക്ഷരം ഇത്ര വഷളായി മുമ്പൊരിക്കലും അവരം കണ്ടിട്ടില്ല. അതിനാൽ ദേവി ക്ഷമയില്ലാതെ അതിവേഗത്തിൽ കത്തു പൊളിച്ചു താഴെ പറയും പ്രകാരം വായിച്ചു:—

മല്ലവളപ്പ്

ശ്രീ

എൻെറ പ്രിയമേറിയ ദേവീ, നമ്മളാരും സ്വപ്നേപി വിചാരിക്കാത്തതായ ഒരു സങ്കടാവസ്ഥ ഇതാ നമ്മരക്കിപ്പോളനുഭവമായിരിക്കുന്നു. പരിഭ്രമിക്കേണ്ട നമ്മുടെ പ്രിയമേറിയ പിതാവിന്നും ഞങ്ങരക്കും വിശേഷിച്ചു ശരീരസുഖക്കേടു യാതൊന്നുമില്ല. എനിക്കറിയിക്കാനുള്ള വൎത്തമാനം ലീലയെക്കുറിച്ചാണ്. അയ്യോ കഷ്ടം! ലീലയുടെ അനാലോചിതമായ പ്രവൃത്തി വീട്ടുകാൎക്കും ബന്ധുക്കരക്കും അത്യന്തം അപയശസ്സിന്നുഹേതുവായി ഭവിച്ചിരിക്കുന്നു. ഇങ്ങിനെയൊരു സംഗതി നിന്നെ അറിയിപ്പാനിടവന്നതിൽ എനിക്കുള്ള വ്യസനം ഇത്രയെന്നു പറഞ്ഞുകൂടാവില്ല. മനസ്സിന്നൊട്ടും സമാധാനമില്ല. തലക്കു വല്ലാത്ത വേദന തോന്നുന്നു. പരിഭ്രമാധിക്യത്താൽ വിചാരിച്ചതിനെ എഴുതുവാനൊ എഴുതിയതിനെ വായിപ്പാനൊ ഞാൻ ശക്തയാകുന്നില്ല. ശനിയാഴ്ച രാത്രി ഏകദേശം ഒരു മണി സമയത്തു ശങ്കരജ്യേഷ്ഠൻെറ ഒരു കത്തുംകൊണ്ടൊരാരം വന്നു. അപ്പോഴക്ക് ഞങ്ങളെല്ലാവരും ഉറക്കമായിരുന്നു. ഭൃത്യൻ അച്ഛൻെറ കയ്യിൽ കൊടുത്ത് കത്തുവായിച്ചപ്പോരം അദ്ദേഹത്തിന്നുണ്ടായ ഭാവഭേദം കാണുകതന്നെ വേണം. സംഹാരരുദ്രനെപ്പോലെ ക്രുദ്ധനായിരിക്കുന്ന പിതാവിൻെറ മുഖത്തൊന്നു നോക്കുവാൻകൂടി ഞങ്ങരക്കാൎക്കും ധൈൎയ്യം മതിയായില്ല. ഈ വിഷമാവസ്ഥയിൽ ദേവി ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എൻെറ ഭീതിക്കല്പം ആശ്വാസമുണ്ടാകുമായിരുന്നു. ഞാൻ നന്നെ പരിഭ്രമിച്ച് അച്ഛനോടു കത്തിലെ വൎത്തമാനങ്ങളെന്താണെന്നു

ചോദിച്ചു. അതിന്നദ്ദേഹം യാതൊരു സമാധാനവും പറയാതെ കത്തെൻറ കയ്യിൽതന്നു അധോമുഖനായി പൂമുഖത്തങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. വ്യാഴാഴ്ചരാത്രി ലീല വിക്രമമേനോൻെറ ഉപദേശപ്രകാരം അദ്ദേഹത്തിൻെറ ഒന്നിച്ച് ഒളിച്ചോടി പോയിരിക്കുന്നു എന്നും അവരെ കണ്ടുപിടിപ്പാനായി തന്നാൽ കഴിയുംവണ്ണം ശ്രമം ചെയ്യുന്നതാണെന്നും ശങ്കരജ്യേഷ്ഠൻ എഴുതിയിരുന്നു. ലീല പോയ ദിവസം അദ്ദേഹം അവിടെയുണ്ടായിരുന്നില്ല. വെള്ളിയാഴ്ച ഉച്ചക്കാണത്രെ അദ്ദേഹം വന്നത്. അപമാനകരമായ ഈ വൎത്തമാനം കേട്ട നിമിഷത്തിൽ അമ്മ മോഹാലസ്യപ്പെട്ടു വീണു. പ്രജ്ഞയുണ്ടായ മുതല്ക്കാരംഭിച്ചിട്ടുള്ള കരച്ചിൽ ഇനിയും മതിയാക്കിയിട്ടില്ല. എത്ര സാന്ത്വനപ്പെടുത്തിയാലും അമ്മയുടെ വ്യസനം കുറഞ്ഞുകാണുന്നില്ല. അച്ഛൻ ശനിയാഴ്ച രാത്രിവണ്ടിക്കുതന്നെ മധുരക്കുപോയിരിക്കുന്നു. വിക്രമമേനോൻെറ ഈ പ്രവൃത്തിയുടെ സാരമെന്താണ്? അദ്ദേഹം ലീലയെ ന്യായാനുസരണം വിവാഹം ചെയ്യുമെന്നാണെൻെറ വിശ്വാസം. പക്ഷെ നമ്മുടെ മാതാപിതാക്കന്മാൎക്ക് ഇങ്ങിനെയൊരഭിപ്രായമുള്ളതായി തോന്നുന്നില്ല. അവർ ലീലയെ എന്നന്നേക്കും നശിച്ചവളായിത്തന്നെ കരുതുന്നു. തൻെറ മേലധികാരിയുടെ ബന്ധുവും അദ്ദേഹത്തോടൊന്നിച്ചു താമസിക്കുന്നവളും, കുലീനയുമായ ഒരു ബാലികയെക്കൊണ്ടു വേശ്യാവൃത്തി നടത്തിക്കുവാൻ വിക്രമമേനോൻ ധൈൎയ്യപ്പെടുമൊ? ഇല്ല. ഒരിക്കലുമില്ല. ലീലക്കു തന്നിലുള്ള അനുരാഗം പരീക്ഷിക്കാനായിരിക്കാം അദ്ദേഹം ഇങ്ങിനെ ചെയ്തത്. വിക്രമമേനോനെപ്പോലെയുള്ള ഒരാളുടെ ബന്ധുത്വം നമ്മുടെ സ്ഥിതിക്കനുരൂപമാണെന്നു പറയുവാൻ തരമില്ല. വിവരങ്ങളെല്ലാം മടി കൂടാതെ അമ്മാമനെ അറിയിക്കണം. ലീലയുടെ ദുഷ്പ്രവൃത്തി അദ്ദേഹത്തെ കണക്കിലേറെ കോപിപ്പിക്കാതിരിക്കില്ല. എന്നാലും

അമ്മാമൻ അനന്യശരണകളായ നമ്മളിൽ ദയ ചെയ്യുമെന്നെനിക്കു നല്ലനിശ്ചയമുണ്ട്. ഈ കത്തു കിട്ടിയ ഉടനെന്നിങ്ങളെല്ലാവരും ഇങ്ങോട്ടു വരുമല്ലൊ. ശേഷം വിവരങ്ങൾ കാഴ്ചയിൽ. എന്ന് എന്റെ പ്രിയമേറിയ ദേവിക്ക്

സ്വന്തം ജാനു

ദേവി എഴുത്തു വായിച്ചവസാനിച്ച ഉടനെ വിവരം ഗോവിന്ദമേനോനെ അറിയിപ്പാനായി അതിവേഗത്തിൽ എഴുനീററ് രണ്ടു നാലടി വെച്ചപ്പോഴയ്ക്കു ചാരിയിരുന്ന വാതിൽ തുറന്നു ശ്രീധരൻനമ്പ്യാർ അവൾക്കഭിമുഖമായി അകത്തു പ്രവേശിച്ചു. ദീർഘമായ മനോവ്യഥയാൽ വിവർണ്ണമുഖിയും, സംഭ്രാന്തചിത്തയുമായ ദേവിയെക്കണ്ടപ്പോൾ ധീരനം, ഗംഭീരാശയനുമായ ശ്രീധരൻ നമ്പ്യാർ പെട്ടെന്നു ഞെട്ടി ഒരു വാക്കുപോലും ഉച്ചരിപ്പാൻ കഴിയാതെ അഞ്ചു നിമിഷത്തോളം ഭ്രമിച്ചുനിന്നു. ദേവി നമ്പ്യാരോടു സഗൽഗദം 'ഞാൻ അമ്മാമനെ കാണ്മാൻ പോകയാണ്. അദ്ദേഹം പുഷ്പത്തോട്ടത്തിലാണെന്നു തോന്നുന്നു. ഒരു നിമിഷം പോലും താമസിപ്പാൻ തരമില്ല.' എന്നു പറഞ്ഞവസാനിക്കുന്നതിന്നു മുമ്പായി ഒരുവിധം ധൈര്യമവലംബിച്ച് സ്നേഹതാപത്തോടെ.

ശ്രീ. ന—ദേവി, കുറച്ചുനേരം ആ കോച്ചിൽ ഇരിക്കു. ശരീരമെന്താണിങ്ങിനെ വിറക്കുന്നത്? വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. ഞാൻ കുറെ വീശിതരാം. ഉപദ്രവമെന്താണ് പറയു.

ഇങ്ങിനെ സഹതാപത്തോടെ പലവുരു ചോദിക്കുന്ന ശ്രീധരൻ നമ്പ്യാരോട് സമാധാനമൊന്നും പറയുവാൻ ശക്തയല്ലാതെ ദേവി അടുത്തുണ്ടായിരുന്ന കോച്ചിൽ തന്നെ താൻ മറന്ന് ജീവച്ഛവമായി അല്പനേരം ഇരുന്നു. ഇതിന്നിടയ്ക്കു നമ്പ്യാർ ഒരു സോഡക്കുപ്പി തുറന്ന് അതു കഴിക്കുവാനായി ദേവിയോടാവശ്യപ്പെട്ടു. അദ്ദേഹം തന്റെ കയ്യിലു

ണ്ടായിരുന്ന വിശറികൊണ്ട് സാവധാനത്തിൽ അവളെ വീശി.

ദേ—(വിഷാദത്തോടെ) വേണ്ട. സോദര വേണ്ട. എനിക്കു ശരീരത്തിന്നു യാതൊരു സുഖക്കേടുമില്ല. അയ്യോ! എന്തിന്നിങ്ങിനെ വീശി ബുദ്ധിമുട്ടുന്നു! എനിക്കത്രയൊന്നും ക്ഷീണമില്ല. എന്റെ ഉപദ്രവത്തിന്നുള്ള കാരണം ദൈവമെ! ഞാനെങ്ങിനെ പറയട്ടെ. ഇന്നു വീട്ടിൽ നിന്നൊരു കത്തുണ്ടായിരുന്നു. മമ്മദാരുണമായ ഒരു സംഭവം അവിടെ നടന്നിരുന്നു.

എന്നു മാത്രം പറഞ്ഞ് ദേവി പുതച്ച വസ്ത്രംകൊണ്ട് മുഖം മൂടി ദയനീയമാംവണ്ണം പൊട്ടിക്കരഞ്ഞു. ദേവിയുടെ രോദനം ശ്രീധരൻ നമ്പ്യാരുടെ ഹൃദയത്തിൽ അതിദാരുണമായ പരിതാപം വളൎത്തി. ക്ഷണനേരംകൊണ്ടു പലേ ദുസ്സംശയങ്ങളും അദ്ദേഹത്തിന്നുണ്ടായി! ദേവിയെ പീഡിപ്പിക്കുന്ന സംഗതി എന്താണെന്നു ചോദിക്കുംപോലെ അദ്ദേഹം അവളുടെ മുഖത്ത് നോക്കി. അതിയായ മൌഢ്യത്തോടെ വീണ്ടും മൌനിയായിരുന്നു. തങ്ങളുടെ കുടുംബത്തിലേക്ക് അത്യന്തം അപമാനകരമായ ഈ സംഗതി അദ്ദേഹത്തെ അറിയിക്കുവാനുള്ള ദൈന്യതകൊണ്ടും, അതോ മററു വല്ല സംഗതികളാലൊ ദേവിയും അല്പനേരം നിശ്ശബ്ദയായിരുന്നു.

ദേ—ഞങ്ങൾക്കു വലിയൊരപമാനം സംഭവിച്ചതായി ജ്യേഷ്ഠത്തി എഴുതിയിരിക്കുന്നു. അതു മറച്ചുവെക്കുവാനസാദ്ധ്യം. കഷ്ടം! ഞാനെന്തു പറയട്ടെ. ലീല അവൾക്കു വേണ്ടപ്പെട്ട സകലരേയും ഉപേക്ഷിച്ചു വിക്രമമേനോന്റെ വശവൎത്തിനിയായി അയാളോടൊന്നിച്ചു പോയിരിക്കുന്നു. രണ്ടാളും മധുര വിട്ടിരിക്കുന്നുവത്രെ! ര.. വരൊങ്ങോട്ടാന്ന് പോയതെന്നറിഞ്ഞിട്ടില്ല. അയാളുടെ പ്രകൃതിയെക്കുറിച്ചു നല്ലവണ്ണമറിയാമല്ലൊ. അതുകൊണ്ടു ഞാനൊന്നും പറ

യുന്നില്ല. വിക്രമമേനോനെ മോഹിപ്പിക്കാൻ മാത്രമുള്ള പണവും ബന്ധുക്കളും ലീലക്കില്ല. അവളെന്നന്നേക്കും നശിച്ചുപോയി.

ഇതു കേട്ടപ്പോൾ ശ്രീധരൻനമ്പ്യാർ വിസ്മയത്താൽ സ്തംഭിച്ചു.

ദേ—(ഇടക്കിടെ വിരമിച്ചുകൊണ്ടു) വിക്രമമേനോൻെറ സ്വഭാവനടവടികളെ നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള ഞാൻ വിചാരിച്ചാൽ ഇതു തടയുവാൻ കഴിയുമായിരുന്നു. അയാളെക്കുറിച്ചു കേട്ടിട്ടുള്ളതിൽ ഒരംശമെങ്കിലും ഞാൻ വീട്ടുകാരെ ധരിപ്പിച്ചിരുന്നുവെങ്കിൽ ഈ അപകടം സംഭവിക്കില്ലായിരുന്നു. ഇനി പറഞ്ഞിട്ടു യാതോരു പ്രയോജനവുമില്ല. കാൎയ്യമെല്ലാം കൈകടന്നുപോയി.

ശ്രീ-ന—ഈ സംഭവത്തിൽ എനിക്കും വളരെ വ്യസനമുണ്ട്. എങ്കിലും ഇപ്പോൾ എൻെറ മനസ്സിന്നു വളരെ സമാധാനമായി. ആവൂ! ഞാനാദ്യം വല്ലാതെ പരിഭ്രമിച്ചു. ജ്യേഷ്ഠത്തി എഴുതിയതു വിശ്വാസയോഗ്യമാണെന്നോ?

ദേ—അതെ; സംശയിപ്പാനൊന്നുമില്ല. അവർ വ്യാഴാഴ്ച രാത്രി പോയിരിക്കുന്നു.

ശ്രീ-ന—അവരെ കണ്ടുപിടിക്കേണ്ട കാൎയ്യത്തിൽ വല്ല ശ്രമവും ചെയ്തിട്ടുണ്ടോ?

ദേ—അച്ഛനങ്ങോട്ടു പോയിട്ടുണ്ട്. പക്ഷെ, അവളെ ക്ഷണത്തിൽ കണ്ടുപിടിക്കാൻ സാധിക്കുമെന്നെനിക്കു തോന്നുന്നില്ല. ഞങ്ങളൊരു സമയം അര മണിക്കൂറിനുള്ളിൽ ഇവിടം വിടും. ഇനി എന്തു ചെയ്തിട്ടും പ്രയോജനമില്ല. വരേണ്ടതെല്ലാം വന്നുകഴിഞ്ഞു.

സഹതാപത്താൽ വശീകൃതനായ ശ്രീധരൻനമ്പ്യാർ ശിരഃകമ്പനത്താൽ ഇതെല്ലാം കേട്ടതായി നടിച്ച് മൌനം ദീക്ഷിച്ചിരുന്നു.

ദേ—കുടിലനായ വിക്രമമേനോൻെറ കുത്സിതകൎമ്മങ്ങളിൽ

ചിലതെങ്കിലും വെളിവാക്കേണ്ടതായിരുന്നു. എൻെറ ഭീരുത്വം അന്നതിനനുവദിച്ചില്ല. അങ്ങിനെ ചെയ്യാഞ്ഞതു തെററായി. ഇനി എന്താ ചെയ്യുക, ഒരു നിവൃത്തിയുമില്ല. എനിക്കിപ്പോൾ മരിപ്പാൻ തോന്നുന്നു.

ശ്രീധരൻനമ്പ്യാർ ഗാഢമായ ആലോചനയിൽ മുഴുകിയിരുന്നതിനാൽ ദേവി ഒടുവിൽ പറഞ്ഞ ചില വാക്കുകൾ കേട്ടുവൊ എന്നു സംശയമാണ്. അദ്ദേഹം മുറിയിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു. പൌരുഷത്തിൻെറ അവതാരമെന്നു സുപ്രസിദ്ധനായ അദ്ദേഹത്തിൻെറ മുഖം ഉദയഭാനുവിനോടുതുല്യം രക്തവർണ്ണമായി. പുരികങ്ങൾ വളഞ്ഞു. വദനത്തിൽ കളിയാടിയിരുന്ന ആഹ്ളാദം കുറഞ്ഞു. ധീരധീരനായ അദ്ദേഹത്തിന്നുണ്ടായ ഭാവപ്പകർച്ച ദേവി കാണാതെയൊ അറിയാതെയൊ ഇരുന്നില്ല. അവൾക്കദ്ദേഹത്തിൻെറ മുഖം ദുർന്നിരീക്ഷ്യമായി തോന്നി. അതിൽ നിന്ദയൊ വിസ്മയമൊ ഉണ്ടാകാനവകാശമില്ല.

ദേവിയുടെ സ്വഭാവത്തിന്നു സഹജമായുണ്ടായിരുന്ന ധൈൎയ്യാദിഗുണങ്ങൾ ലീലയുടെ ദുഷ്പ്രവൃത്തിയാൽ തീരെ നശിച്ചുപോയിരിക്കുന്നു. ഒരു മാന്യകുഡുംബത്തിൽ പ്രത്യക്ഷമായി ഈ മാതിരി ഒരപമാനം സംഭവിക്കുന്നതായാൽ അതിനോടു ബന്ധപ്പെട്ട എല്ലാ ജനങ്ങൾക്കും അസഹനീയമായ സങ്കടവും, ദൈന്യവും, ബുദ്ധിക്ഷയവുമുണ്ടാകുന്നതു സാൎവ്വസാധാരണമാണ്. തനിക്കു ശ്രീധരൻനമ്പ്യാരിൽ അനശ്വരമായ പ്രേമമുണ്ടെന്ന് ഇപ്പോൾ തോന്നിയതുപോലെ ദേവിക്കു മുമ്പൊരിക്കലും തോന്നീട്ടില്ല. ഇനി അതു നിഷ്ഫലം തന്നെ. 'ഞങ്ങൾക്കന്യോന്യം അനുരാഗമുണ്ടായിരുന്നാലും എനിക്കിനി ഒരു കാലത്തും ഈ മാന്യപുരുഷൻെറ ഭാൎയ്യാപദം പ്രാപിക്കാൻ സംഗതിവരില്ല. സകല സൌഭാഗ്യങ്ങളും തികഞ്ഞ ഇദ്ദേഹമെവിടെ? നികൃഷ്ടയായ ഞാനെവിടെ? ഈശ്വരാ! എൻെറ ജീവിതം ദുഃഖഭൂയിഷ്ഠമായി തീൎന്നുവ

ല്ലൊ' എന്നും മററും വിചാരിച്ച ദേവി ഒട്ടേറെ വ്യസനിച്ചു. പക്ഷെ ഈ വ്യസനം അധികനേരം നിലനിന്നില്ല. ലീലയുടെ നീചകൃത്യത്താൽ തറവാട്ടിലേക്കു ഉത്തമമായ അപയശസ്സിനെ ആലോചിക്കുംതോറും ഹൃദയത്തിൽ തിങ്ങിവിങ്ങി വരുന്നതായ സന്താപം ഈ കാൎയ്യാലോചനയാലുണ്ടായ വ്യസനത്തെ ദേവിയിൽ നില്പാൻ അനുവദിച്ചില്ല. സന്താപസമുദ്രത്തിൽ നിമഗ്നയായ അവൾ അങ്കവസ്ത്രത്താൽ മുഖം മറച്ച് തന്നെത്താനറിയാത്തവണ്ണം മതിമറന്നൊട്ടുനേരം ശിലാപ്രതിമപോലെ സ്ഥിതിചെയ്തു. ഈ സമാധിയിൽനിന്നു ദേവിയെ ഉണൎത്തിയതു ശ്രീധരൻനമ്പ്യാരുടെ സഹതാപജന്യങ്ങളായ വാക്കുകളായിരുന്നു.

ശ്രീ-ന—ദേവി, പരിതാപവും പരിഭ്രമവും കുറക്കൂ. പ്രാകൃതസ്ത്രീകളെപ്പോലെ ചാപല്യം കാണിക്കരുതേ. അല്പം ധൈൎയ്യത്തോടിരിക്കു. ഛേ, ഇത്ര ധൈൎയ്യമില്ലേ? ഇങ്ങിനെ കരയുവാൻ പാടില്ല. ഞാനീ അവസരത്തിൽ ഇവിടെയുണ്ടായതു ദേവിക്കു വലിയ ശല്യമായിത്തീൎന്നു ഇല്ലേ? ദേവി പിന്നേയും കരയുകയാണോ? ദേവി വ്യസനിക്കുന്നതുകൊണ്ടെനിക്കും വലിയ വ്യസനം തോന്നുന്നു. ദേവിയുടെ വിഷാദത്തെ ലഘൂകരിപ്പാൻ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ എനിക്കു വല്ലതും ചെയ്വാൻ സാധിക്കുന്നതായാൽ ഞാൻ കൃതകൃത്യനായി. ദേവി, ഞാനീ പറഞ്ഞതു ദേവിയെ ആശ്വസിപ്പിക്കാൻ വേണ്ടി പറഞ്ഞ ഒരു വെറും വാക്കല്ല. കഷ്ടം! നിങ്ങളിന്നു പത്മാലയത്തിലേക്കു വരുമെന്നു വിചാരിച്ചു കമല സന്തോഷത്തോടെ കാത്തുകൊണ്ടിരിക്കുന്നു. ഇനി അങ്ങോട്ടു വരുമോ?

ദേ—(വ്യസനത്തോടെ) ഇല്ല. അതിന്നു തരമില്ലല്ലൊ. ദയചെയ്തു കമലയോടു ഞങ്ങൾ അടിയന്തരമായി വീട്ടിലേക്കു പോകുന്നു എന്നു പറയുവാനും, നിന്ദാൎഹമായ ഈ സംഗതി കഴിയുന്ന കാലത്തോളം അന്യരിൽനിന്നു മറച്ചുവെ

പ്പാനും അനേകായിരം വന്ദനങ്ങളോടെ അപേക്ഷ. അമ്മാമൻ ഇനിയും വന്നില്ലല്ലൊ?

ശ്രീ-ന—അതെല്ലാം വേണ്ടപോലെ ചെയ്യാം. ഇതിനെക്കുറിച്ചു ലേശവും വിചാരപ്പെടേണ്ട. ദേവിയുടെ ഈ വ്യസനത്തിൽ ഞാൻ നിർവ്യാജമായി പങ്കുകൊള്ളുന്നു. ജ്യേഷ്ഠത്തിയോടും മററും എന്റെ വിനയപൂർവ്വമായ വന്ദനം അറിയിക്കുമല്ലൊ. അമ്മാമന്നു ഞാൻ ആളെ അയച്ചിട്ടുണ്ട്. അദ്ദേഹം വേഗം വരും. ദേവി കുറെ ക്ഷമയോടിരിക്കു. ദേവി, ഞാനിപ്പോൾ പോകുന്നു (എന്നു പറഞ്ഞു വിഷാദത്തോടെ സാനുരാഗം കടാക്ഷിച്ചതിവേഗത്തിൽ അവിടെനിന്നു പോയി.)

ശ്രീധരൻനമ്പ്യാർ ദൃഷ്ടിപഥത്തിൽനിന്നു മറയുന്നതുവരെ ദേവി അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടിരുന്നു. മഹാമനസ്കനായ ആ പുരുഷകേസരി അവളുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞൊറെ അസഹനീയമായ വ്യസനത്തോടെ പലതും ആലോചിച്ചു. "പത്മാലയത്തിൽ വന്ന മുതൽക്കു ഞങ്ങളുടെ കൂടിക്കാഴ്ചയിൽ എനിക്കുണ്ടായിട്ടുള്ള ആനന്ദം അവർണ്ണനീയമാണ്. നിരുപമമായ സന്തോഷം ഇന്നത്തോടെ അവസാനിച്ചു. മേലിൽ ഇങ്ങിനെയൊരു കൂടിക്കാഴ്ചയുണ്ടാകുന്ന കാര്യം വളരെ സംശയമാണ്. ഇതിൽ ആരേയും കുററപ്പെടുത്തുവാനവകാശമില്ല. ഈ സങ്കടകത്തായ് ഞാനാണ്. മറെറാരാളുമല്ല". ചെറുശ്ശേരിയിൽവെച്ചു വിവാഹകാര്യത്തെക്കുറിച്ചു താനും ശ്രീധരൻനമ്പ്യാരുമായുണ്ടായ സംഭാഷണം മുഴുവനും ദേവികാഷിച്ചു. താൻ ആ ജീവനാന്തം ബ്രഹ്മചര്യമനുഷ്ഠിച്ചാലും അദ്ദേഹത്തെ ധിക്കരിച്ചതിന്നു മതിയായ പ്രായശ്ചിത്തമാവില്ലെന്നവൾ വിചാരിച്ചു. സ്വയമേവ നിന്ദിച്ചു. അത്യന്തം പശ്ചാത്തപിച്ചു. ശോകഭരത്താൽ അവളുടെ ചിത്തം പിളരുന്നതായി തോന്നി. മൂന്നാലുമാസം മുമ്പു ദേവിക്കു ശ്രീ

ധരൻനമ്പ്യാരിൽ പ്രണയമുണ്ടായിരുന്നതേ ഇല്ല. ഇപ്പോഴു വൾ ഹൃദയപൂർവ്വമായി അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ട്. കൃതജ്ഞത, ബഹുമാനം മുതലായതുകളിൽനിന്നു ക്രമത്തിൽ സ്ഥിരവും, പരിശുദ്ധവുമായ ഗൂഢാനുരാഗം ഉത്ഭവിക്കുമെങ്കിൽ ദേവിയുടെ സ്വഭാവവിപര്യയത്തിൽ അവളെ നിന്ദിപ്പാനൊ ശകാരിപ്പാനൊ തരമില്ല. അതല്ല, അപരിചിതന്മാരായ സ്ത്രീപുരുഷന്മാർക്കു പ്രഥമദർശനത്തിൽ തന്നെ ജനിക്കുന്നതായ അനുരാഗം മേൽപറഞ്ഞ അനുരാഗത്തേക്കാൾ വിശേഷതരമാണെങ്കിൽ ദേവിയുടെ മനോഗതിയെ നീതീകരിപ്പാൻ ഞാനുദ്യമിക്കുന്നില്ല. ഇതിനെ സംബന്ധിച്ചിത്ര മാത്രമെ പറവാനുള്ളു. മേൽവിവരിച്ച രണ്ടു തരത്തിലുമുള്ള അനുരാഗങ്ങളേയും സൂക്ഷ്മമായി പരിശോധിച്ചറിയുവാനുള്ള സന്ദർഭം ദേവിക്കു ലഭിച്ചിട്ടുണ്ട്. വിക്രമമേനോനെ ഒന്നാമതായി കണ്ടപ്പോൾ അവൾക്കദ്ദേഹത്തിൽ അങ്കുരിച്ചതായ പ്രത്യേകത സാധാരണ ജനങ്ങൾ വിചാരിക്കുന്നപോലെ നിർമ്മലമായ അനുരാഗമായി പരിണമിച്ചില്ല. അകാരണമായി പ്രഥമദർശനത്തിലുണ്ടാകുന്ന അനുരാഗത്തെക്കാൾ കാരണസഹിതം ഉണ്ടാകുന്ന അനുരാഗത്തിന്നാണു മാഹാത്മ്യമെന്നു ദേവി സ്വാനുഭവത്തെ പ്രമാണമാക്കി കല്പിച്ചിട്ടുണ്ടാവാം. അതെങ്ങിനെയെങ്കിലുമാവട്ടെ. ആജീവനാന്തം ശ്രീധരൻനമ്പ്യാരെ പിരിഞ്ഞിരിക്കേണ്ടിവന്നതിൽ ദേവി വളരെ വ്യസനിച്ചു. തന്റെ ദാമ്പത്യസുഖത്തിന്റെ വേരറുത്തു നശിപ്പിച്ച അനുജത്തിയുടെ ചാപല്യത്തെ വിചാരിച്ചപ്പോൾ വ്യസനം പൂർവ്വാധികം വർദ്ധിച്ചു. ജാനുവിന്റെ രണ്ടാമത്തെ കത്തിനെ അവൾ പിന്നെ ഒരിക്കലും വായിക്കുവാനാഗ്രഹിച്ചില്ല. വിക്രമമേനോൻ ലീലയെ വിവാഹം ചെയ്യുമെന്നുള്ള അഭിപ്രായം ജാനുവിന്നല്ലാതെ മററാർക്കുമില്ല.

സർവ്വകലാശാലാബിരുദായ ചൂണ്ടലിനൊക്കൊണ്ടു മാ

ശ്ശ്വൎയ്യത്തേയും ധനത്തേയും കൈക്കലാക്കാമെന്നു കരുതി അതിന്നായി അലഞ്ഞുതിരിഞ്ഞു തെണ്ടിനടക്കുന്ന ഒരു കൂട്ടരിൽ അഗ്രേസരനായ വിക്രമമേനോൻ ലീലയെ വിവാഹം ചെയ്യുന്ന കാൎയ്യം സംഭാവ്യമായിട്ടുള്ളതാണൊ? അദ്ദേഹം ലീലയാൽ അപഹൃതനായതെങ്ങിനെ എന്നു വിചാരിപ്പാൻകൂടി വയ്യ. ലീലയുടെ സൌന്ദൎയ്യവും പ്രസരിപ്പും കണ്ട് അദ്ദേഹം ഭ്രമിച്ചിട്ടുണ്ടായിരിക്കും. പുരുഷന്മാരുടെ ഇടയിൽ ഇതു സാധാരണയാണ്. വിവാഹത്തിന്നുമുമ്പായിതൻെറ കന്യകാത്വം ദൂഷിച്ചുപോകാതിരിക്കത്തക്കവണ്ണം ആത്മത്രാണനം ചെയ്യാനുള്ള സ്വശക്തി ലീലക്കുണ്ടായിരിക്കുമെന്നു ദേവി വിചാരിച്ചതേ ഇല്ല. വിക്രമമേനോൻ മുരിയാട്ടുവരാതിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. പക്ഷെ അതുകൊണ്ടും ഗുണമൊന്നുമുണ്ടാവില്ല. ലീല വിക്രമമേനോൻെറ ഒരുമിച്ചല്ലെങ്കിൽ മറ്റൊരു ബി. എ. ക്കാരനെ കണ്മാൻ തരമായാൽ അയാളുടെ ഒരുമിച്ചുപോകും; സംശയമില്ല. അവളുടെ സ്വഭാവം അത്രവഷളായിരിക്കുന്നു. അച്ഛനും അമ്മയുംകൂടി അധികപ്രസംഗിയായ ലീലയെ താന്തോന്നിത്വം കാണിച്ചു നടപ്പാൻ അനുവദിച്ചതു വലിയ തെറ്റ്. അവർ യഥാവസരം വേണ്ടുന്ന അമച്ച് ചെയ്തിരുന്നുവെങ്കിൽ ഇങ്ങിനെ സംഭവിക്കില്ലായിരുന്നു. ദേവിക്കു വീട്ടിൽ ചെന്നുചേരുവാൻ ബദ്ധപ്പാടായിരിക്കുന്നു.

"അവിടെ ഇപ്പോൾ വലിയ കുഴപ്പമായിരിക്കും. ജ്യേഷ്ഠത്തി തനിയെ എല്ലാം ഭാരവും വഹിച്ചു ബദ്ധിമുട്ടുന്നുണ്ടാകും. കഴിയുന്ന വേഗത്തിൽ അവിടെ ചെന്നു ജ്യേഷ്ഠത്തിയെ സഹായിച്ചില്ലെങ്കിൽ പിന്നെ എന്നെക്കൊണ്ടെന്തു പ്രയോജനം? അച്ഛനവിടെ ഇല്ല. അമ്മ സ്വതേതന്നെ ദീനക്കാരിയാണ്. ഈ സന്ദൎഭത്തിൽ പ്രത്യേകിച്ചും അസ്വസ്ഥയായിരിക്കും. അമ്മയെ ശുശ്രൂഷിപ്പാൻതന്നെ ഒന്നുരണ്ടാളുകൾ സദാ തെയ്യാറായിരിക്കണം. എന്തെങ്കിലും ഒന്നല്ലം അമ്മ

വിചാരിച്ചപോലെ ആയില്ലെങ്കിൽ ശകാരവൎഷംകൊണ്ടു ഭവനം കുലുക്കും. ഇതിൽനിന്നു ജ്യേഷ്ഠത്തിയെപ്പോലും ഒഴിവാക്കാറില്ല. ലീലക്കുവേണ്ടി ഇനിയൊന്നും ചെയ്യാനില്ല. അതിനുവേണ്ടി ബദ്ധപ്പെടുകയും വേണ്ട. എന്തു ചെയ്താലും പ്രയോജനമില്ല. ഈ വൎത്തമാനം കേട്ടാൽ അമ്മാമനെന്തു പറയുമൊ"എന്നും മറ്റും ആലോചിച്ച് ഗോവിന്ദമേനോൻെറ വരവിനെ പ്രതീക്ഷിച്ച് ദേവി ഓരോ നിമിഷത്തെ ഓരോ യുഗംപോലെ കഴിച്ചുകൂടി.

ഗോവിന്ദമേനോനും ശാരദാമ്മയും, വളരെ പരിഭ്രമത്തോടെ അതിവേഗത്തിൽബങ്ക്ളാവിലേക്കു മടങ്ങി. അവരുടെ മരുമകൾക്ക് എന്തൊ അധികം കഠിനമായ രോഗം പിടിപെട്ടിരിക്കുന്നു എന്നാണ് ഭൃത്യൻപറഞ്ഞത്. ഗോവിന്ദമേനോനെ കണ്ട ഉടനെ ദേവി എഴുത്തദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തു പൊട്ടിക്കരഞ്ഞു. ദേവിയുടെ കരച്ചൽ കണ്ട് ശാരദാമ്മയും കരഞ്ഞില്ലെന്നില്ല. ഗോവിന്ദമേനോൻ എഴുത്തു വായിച്ച വിവരം ശാരദാമ്മയെ ധരിപ്പിച്ചു. അവൎക്ക് ലീലയെക്കുറിച്ചു വളരെ സ്നേഹമുണ്ടായിരുന്നില്ലെങ്കിലും അവൾനിമിത്തം തറവാട്ടിലേക്കുണ്ടായ അപമാനം അസഹനീയമായി തോന്നി. ഗോവിന്ദമേനോൻ തൻെറ മനസ്സിലുള്ള കോപതാപങ്ങളെ ഒരു വിധത്തിൽ അടക്കി ശാരദാമ്മയോട്—

ഗോ-മേ—ശാരദേ! നമുക്കിന്നുതന്നെ പാലക്കാട്ടേക്കു പോകണം. ലീലയുടെ കാൎയ്യത്തിൽ വല്ലതും ചെയ്യാൻ സാധിക്കുമൊ എന്നു പരീക്ഷിച്ചുനോക്കാം. കേശവനെ വിളിച്ചു സാമാനങ്ങളെല്ലാം ശരിപ്പെടുത്താൻ പറയൂ. ഇവിടെനിന്നു പാലക്കാട്ടേക്കുള്ള വണ്ടി എട്ടേ മുപ്പതിന്നാണ്.

ശാ-അ—അതെല്ലാം ശരിപ്പെടുത്താം. നമ്മൾ ഇന്നു പൎണ്മാലയത്തിൽ പോകാമെന്നു പറഞ്ഞിട്ടില്ലേ? ഇപ്പോൾ തന്നെ പുറപ്പെടുകയാണെങ്കിൽ ശ്രീധരൻനമ്പ്യാരെ വി

വരം അറിയിക്കാതെ പോകുന്നതു ഭംഗിയാണോ? നമ്മ ളെ വിളിക്കാൻ കേശവനെ അയച്ചതദ്ദേഹമാണെന്ന വൻ പറഞ്ഞു. ദേവീ, അദ്ദേഹം ഇവിടെ ഉണ്ടായിരു ന്നുവോ?

ദേ—ഉണ്ടായിരുന്നു. വിവരങ്ങളെല്ലാം ഞാൻ പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചൊന്നും ചെയ്യാനില്ല.

"വിവരങ്ങളെല്ലാം പറഞ്ഞിട്ടുണ്ടോ? അപമാനകരമാ യ ഈ സംഭവം അദ്ദേഹത്തോടു പറയുവാൻ മാത്രമുള്ള സ്നേ ഹവിശ്വാസങ്ങൾ നിങ്ങൾക്കുണ്ടോ? ഹാ! ഉണ്ടെങ്കിൽ, എത്ര നന്നായിരുന്നു" എന്നും മററും വിചാരിച്ചുംകൊണ്ടു ശാരദാ മ്മ ധൃതിയോടെ യാത്രക്കുള്ള ഒരുക്കങ്ങൾ ചെയ്തുതുടങ്ങി.

ഗോവിന്ദമേനോൻ ബങ്ക്ളാവിൽ താമസിക്കുന്ന ഭൃത്യ ന്മാരേയും, മററും വാക്കുകൊണ്ടും ധനംകൊണ്ടും വേണ്ടുംവ ണ്ണം ഉപചരിച്ചു. ശ്രീധരൻനമ്പ്യാരുടെ കല്പനയാൽ ഭൃത്യ ന്മാർ വളരെ വേഗത്തിൽ പാകംചെയ്ത ഭക്ഷണപദാർത്ഥങ്ങ ളെ അവരുടെ സന്തോഷത്തിന്നായി കഴിച്ചു എന്നു വരു ത്തി, ഗോവിന്ദമേനോനും കൂട്ടരും ഏഴുമണിക്കുമുമ്പായി തീ വണ്ടിസ്റേറഷനിലേക്കു യാത്രയായി.

## നാല്പത്താറാമദ്ധ്യായം.

നമ്മുടെ കൂട്ടർ കൃത്യസമയത്ത് തീവണ്ടിസ്റേറഷനിൽ എത്തി. വളരെ ബുദ്ധിമുട്ടൊന്നും കൂടാതെ ഒരു വിധം വ ണ്ടിയിൽ കയറി, സാമാനങ്ങൾ ഒതുക്കിവെച്ച ഉടനെ—

ഗോ-മേ-ജാനുവിൻെറ കത്തു വായിച്ചനിമിഷംമുതൽക്കി തുവരേയും എൻെറ മനസ്സിന്നു സ്വാസ്ഥ്യതയുണ്ടായിട്ടില്ല. ഇത്ര നേരവും ആ കാര്യത്തെക്കുറിച്ചുതന്നെ ചിന്തിക്കയാ

യിരുന്നു. ജാനുവിൻെറ അഭിപ്രായത്തോടനുകൂടിച്ചിട്ടാണിപ്പോൾ എനിക്കും തോന്നുന്നത്. തൻെറ മേലധികാരിയുടെ ഒരു ബന്ധുവും, അദ്ദേഹത്തിൻെറ ഒരുമിച്ചുതന്നെ താമസിക്കുന്നവളുമായ ഒരു മാന്യകുഡുംബത്തിലെ ബാലികയെക്കൊണ്ടു വല്ല ദുഷ്കൃത്യവും ചെയ്യാമെന്നോ, ചെയ്യിക്കാമെന്നോ, വിക്രമമേനോൻ ഉദ്ദേശിച്ചിരിക്കുമെന്നു തോന്നുന്നില്ല. അവൾ അനാഥയല്ല. അവളുടെ വീട്ടുകാർ ഈ കാര്യത്തിൽ ഒന്നും പ്രവൃത്തിക്കാതെ അടങ്ങിയിരിക്കുമെന്നു വിചാരിപ്പാനദ്ദേഹത്തിന്നു തരമുണ്ടോ? ശങ്കരമേനോന്ന് ഇത്ര വലിയൊരപമാനം വരുത്തിയിട്ടദ്ദേഹത്തിൻെറ കീഴിൽ ഇനിയും ഉദ്യോഗം ഭരിക്കാമെന്നു സ്മരിക്കുവാൻപോലും നിവൃത്തിയുണ്ടോ? ഈ വക ദോഷങ്ങളൊന്നുമാലോചിക്കാതെ വല്ലതും പ്രവൃത്തിക്കത്തക്ക വിഡ്ഢിയാണോ വിക്രമമേനോൻ?

ദേ — എന്തോ, എനിക്കൊന്നും അറിഞ്ഞുകൂടാ.

ശാ-അ — വാസ്തവംപറകയാണെങ്കിൽ ദേവീ, എനിക്കും അങ്ങിനെയാണ് തോന്നുന്നത്. ഒരപകടക്കാരനാണ് വിക്രമമേനോൻ എന്നു വിചാരിപ്പാൻപ്രയാസം. അദ്ദേഹത്തിൻെറ മര്യാദക്കും, യോഗ്യതക്കും, ഭാവിക്ഷേമത്തിന്നും ഹാനികരമായിട്ടുള്ളൊരു ദുഷ്കൃത്യം അദ്ദേഹം ചെയ്യുമെന്ന് എനിക്കു ലേശവും വിശ്വാസമില്ല. ദേവി വിശ്വസിക്കുന്നുവോ?

ദേ — ക്ഷേമത്തിന്നു ഹാനികരമായിട്ടുള്ളതൊന്നും പക്ഷെ ചെയ്യില്ലായിരിക്കാം. മററുള്ളവയൊന്നും അദ്ദേഹം വില വെക്കില്ല. മാനമര്യാദയെ പുല്ലോളം കൂട്ടാക്കില്ല. എവിടേക്കായിരിക്കും അവർ പോയത്?

ഗോ-മേ — ഇപ്പോൾ ഒന്നും തീർച്ചപ്പെടുത്തുവാൻ തരമില്ല അവിടെ പോയി അന്വേഷിച്ചാലറിയാം. നേരുവഴിക്കു തന്നെ കാര്യം സാധിക്കുന്നതിന്നു വിരോധമില്ലാത്തവ

സ്ഥരും വിക്രമമേനോൻ എന്തിന്ന് ഈ വക അപകടങ്ങളെല്ലാം പ്രവൎത്തിച്ചു? നാട്ടുനടപ്പിന്നനുസരിച്ചുതന്നെ ലീലയെ വിവാഹംചെയ്യുവാൻ യാതൊരു തടസ്ഥവുമില്ലല്ലോ. ഒളിച്ചോടിപ്പോയതെന്തിനെന്നറിയുന്നില്ല. ഇതിൻെറയെല്ലാം താല്പൎയ്യമെന്താണ്?

ദേ — വിക്രമമേനോൻ യുക്തിയോടുകൂടിയാണ് പ്രവൎത്തിച്ചിരിക്കുന്നത്. നേരിട്ടു ചോദിച്ചാൽ ലീലയെ കിട്ടുന്നകാൎയ്യം പ്രയാസമായിരിക്കും. ബി. എ. പാസ്സും സൌന്ദൎയ്യവുമുണ്ടെന്നല്ലാതെ മറെറന്തു യോഗ്യതയാണദ്ദേഹത്തിനുള്ളത്? സ്വഭാവവും നടവടികളും വളരെ മോശമാകുന്നു. നല്ലൊരു തറവാട്ടുകാരനാണെന്നും പറഞ്ഞുകൂട. വല്ല സംഗതിവശാലും ഉദ്യോഗം പോയാൽ പിന്നെ രണ്ടുനേരത്തെ കഞ്ഞിക്കുതന്നെ മാൎഗ്ഗമുണ്ടോ എന്നു സംശയം. നേരിട്ട് ചോദിക്കുമ്പോൾ ഈ വക കാൎയ്യങ്ങളൊന്നും നമ്മളാലോചിക്കാതിരിക്കുമോ? അദ്ദേഹമൊ കുറെ പണം കിട്ടാതെ ആരേയും വിവാഹം ചെയ്കയുമില്ല. കുട്ടിയെത്തന്നെ കൊടുക്കാൻ മടിക്കാവുന്ന നമ്മളുണ്ടോ പണം കൊടുക്കുന്നു. ഇങ്ങിനെ കൊണ്ടുപോയാൽ അദ്ദേഹത്തിൻെറ ഉദ്ദേശം നിഷ്പ്രയാസം സാധിക്കുമല്ലോ.

ശാ-അ — അതെങ്ങിനെ ദേവീ?

ദേ — അതോ പറയാം. അമ്മായി ജ്യേഷ്ഠത്തിയുടെ കത്തു മുഴുവനും വായിച്ചിട്ടില്ലന്നുണ്ടോ? ലീലയുടെ പ്രസരിപ്പും, അനിതരസാധാരണമായ സൌന്ദൎയ്യവും, കണ്ടദ്ദേഹത്തിന്നവളിൽ വളരെ കൌതുകം ജനിച്ചു. അവളിലുള്ള കലശലായ ഭ്രമം നിമിത്തം അവളെ കൈവിടുവാൻ മനസ്സില്ല. പണം കിട്ടാതെ ഭാൎയ്യയാക്കാനും ഇഷ്ടമില്ല. അതുകൊണ്ടിങ്ങിനെ കൊണ്ടുപോയാൽ ലോകാപവാദം ഭയന്ന് നമ്മൾ ലീലയെ അന്വേഷിച്ച് കണ്ടുപിടിച്ചവളെ വിവാഹംചെയ്യാനായി അദ്ദേഹത്തെ നിൎബ്ബന്ധിക്കു

മെന്നും, അപ്പോളദ്ദേഹം ആവശ്യപ്പെടുന്ന പണം കൊടു ത്തദ്ദേഹത്തിൻെറ ഇഷ്ടത്തിന്നു വഴിപ്പെടുമെന്നും അദ്ദേഹ ത്തിന്നറിയാം. കാൎയ്യം അങ്ങിനെ തന്നെയല്ലെ? ഇനി ഏ തുവിധവും അദ്ദേഹത്തെക്കൊണ്ടു ലീലയുടെ വിവാഹം ന ടത്തിക്കാതെ കഴിയുമൊ? ഇപ്പോൾ തന്നെ നമുക്കു വേ ണ്ടേടത്തോളമായിരിക്കുന്നു. ലീലയെ ഇനി അദ്ദേഹം വി വാഹംചെയ്യാതിരുന്നാൽ പിന്നത്തെ കഥ സ്മരിച്ചുകൂട. എന്തൊരപമാനം! അതുമാത്രമൊ? ലീലക്കു പിന്നെ കുറെ ഭേദപ്പെട്ടതായ ഒരാളെ കിട്ടുവാനും നന്നെ വിഷമമുണ്ട്. ജ്യേഷ്ഠാനുജന്മാരായി ഞങ്ങൾക്കാരുമില്ലല്ലൊ. അമ്മാമൻ പിരിഞ്ഞു താമസിക്കുന്നതുകൊണ്ട് ഞങ്ങളുടെ കാൎയ്യമൊ ന്നും അന്വേഷിക്കില്ലെന്നാണദ്ദേഹത്തിൻെറ ധാരണ. ഇ ങ്ങിനെയുള്ള അവസരങ്ങളിൽ സാധാരണ പിതാക്കൾ ചെയ്യുന്നതുപോലെ യാതൊന്നും ഞങ്ങളുടെ അച്ഛൻ ചെ യ്യില്ലെന്നു കുഡുംബകാൎയ്യങ്ങളിലുള്ള അച്ഛൻെറ അശ്രദ്ധ കൊണ്ടദ്ദേഹം തീൎച്ചപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടാ ണിങ്ങിനെ അപമാനിക്കുവാൻ ധൈൎയ്യപ്പെട്ടത്. നമ്മൾ ലീലയെക്കുറിച്ചിപ്പോൾ യാതൊരന്വേഷണവും ചെയ്യാ തിരിക്കുന്ന പക്ഷം ഒരു ധനികയെ കിട്ടുന്നവരേയൊ, അ ല്ലെങ്കിൽ ലീലയുടെ നവയൌവനം നശിക്കുന്നതുവരേയൊ അവളെ ഒരു വെപ്പാട്ടിയുടെ നിലയിൽ വെച്ച് അവസാ നം ഓട്ടക്കലത്തിന്നു സമം വലിച്ചെറിയും. സംശയമില്ല.

ശാ—അ— അത്ര വലിയ ഭോഷയാണൊ ലീല? ഭാൎയ്യയുടെ നിലക്കല്ലാതെ മറ്റൊരുപ്രകാരത്തിൽ അദ്ദേഹത്തിൻെറ ഒരുമിച്ചവൾ താമസിക്കുമൊ? അദ്ദേഹത്തോടവൾക്കത്ര മാത്രം ഭ്രമമുണ്ടൊ?

ദേ— ലീലയുടെ നടവടികൾ സംശയത്തിന്നാസ്പദമായിട്ടു ള്ളവയാണ്. അവളെക്കുറിച്ചു ദൃഢമായൊരഭിപ്രായം പറയാൻ സാധിക്കാതെ വന്നതിൽ വ്യസനിക്കുന്നു. മാ

നാപമാനമെന്നോ സദാചാരമെന്നോ പറയുന്ന ചില വാക്കുകൾ തന്നെ അവൾക്കറിയുമൊ എന്നു സംശയം. അവളെക്കുറിച്ചു ഞാനിങ്ങിനെ പറയുന്നതു ഭംഗിയല്ല. പക്ഷേ അവൾ കുട്ടിയല്ലെ? കാഴ്ചക്കു മുതിച്ചുതോന്നുമെങ്കിലും വയസ്സുത്രയൊന്നുമായിട്ടില്ലല്ലൊ. കഴിഞ്ഞ കൊല്ലം മുഴുവനും ശുദ്ധശൃംഗാരമോടികൾ അഭിനയിച്ചും, വിരുന്നിന്നു തെണ്ടിയും കഴിച്ചുകൂട്ടിയിരിക്കുന്നു. കുട്ടികളെ അതാതുകാലത്തു വേണ്ടപോലെ ശിക്ഷിച്ചു വളൎത്താഞ്ഞാൽ വലിയ ഉപദ്രവം തന്നെ. പ്രായപൂൎത്തിവന്നു ബുദ്ധിയുറക്കുന്നതുവരെ കുട്ടികളുടെ കാൎയ്യത്തിൽ രക്ഷിതാക്കന്മാർ പ്രത്യേകം ശ്രദ്ധവെക്കേണ്ടതെത്രയൊ ആവശ്യമാണ്. പെൺകുട്ടികളുടെ കാൎയ്യത്തിൽ പ്രത്യേകിച്ചും കൂടാതെ കഴിയില്ല. എത്ര വയസ്സായാലും ചിലരെ സ്വച്ഛന്ദം നടക്കുവാനനുവദിച്ചു കൂട. സ്വഭാവത്തിൻെറ ഗതിയറിഞ്ഞ സ്വാതന്ത്ര്യം കൊടുക്കാവൂ.

ശാ-അ— ദേവി പറഞ്ഞതു വളരെ ശരിയാണ്. എത്ര പ്രായമായാലും ചിലൎക്കു തൻേറടമെന്നു പറഞ്ഞതു തരിമ്പുപോലുമുണ്ടാവില്ല. അങ്ങിനെയുള്ളവരെ എപ്പോഴും കുട്ടികളായി തന്നെ കരുതണം. അവരെ ഇഷ്ടാനുസരണം നടക്കുവാനനുവദിച്ചാൽ അപകടത്തിലാകുമെന്നുള്ളതിന്നു രണ്ടു പക്ഷമില്ല. സ്വരക്ഷക്കു ത്രാണിയുള്ളവരുടെ കാൎയ്യത്തിൽ ഭയത്തിന്നവകാശമില്ല. അതില്ലാത്ത പെൺകുട്ടികൾ എതുകാലത്തും രക്ഷിതാക്കന്മാൎക്കു ഭാരമേറിയ ഒരു ചുമടാണ്. സ്വശക്തി ആൎക്കും എത്രയൊ ആവശ്യമായിട്ടുള്ളതാകുന്നു.

ദേ— കാമാക്ഷിയമ്മയുടെ ഒരുമിച്ചു ലീല പുറപ്പെട്ടപ്പോൾ തന്നെ ഞാൻ തടഞ്ഞു. അയക്കരുതെന്നച്ഛനോടു വളരെ അപേക്ഷിച്ചു. അന്നെൻെറ വാക്കാൎക്കും വിലയുള്ളതായി തോന്നിയില്ല. ഒരു വിവരവുമില്ലാത്ത കുട്ടികളെ

ഇഷ്ടംപോലെ വിട്ടാൽ ഇങ്ങിനെയുള്ള ആപത്തും അപമാനവുമൊക്കെ അനുഭവിക്കേണ്ടിവരും. സ്നേഹം, അനുരാഗം, വിവാഹം, ഉദ്യോഗസ്ഥന്മാർ എന്നും മറ്റുമുള്ള സംസാരങ്ങളല്ലാതെ ഒരു കൊല്ലത്തിന്നിപ്പുറം ലീലക്കു വേറെ ഒരു പണിയുമുണ്ടായിട്ടില്ല. അതിൻെറ ഫലമാണിപ്പോഴ് കണ്ടത്. ചപലയും, വിഡ്ഢിയുമായ ഒരു സ്ത്രീയെ വശീകരിക്കത്തക്ക സാമത്ഥ്യം വിക്രമമേനോന്നുണ്ടെന്നു സവ്വസമ്മതമായിട്ടുള്ള കാൎയ്യമല്ലെ?

ശാ-അ — ദേവി പറയുംപോലെ അദ്ദേഹം ലീലയെ ഉപേക്ഷിക്കുമൊ?

ദേ — അമ്മായിക്കു സംശയമുണ്ടൊ? അദ്ദേഹത്തിന്നവളിൽ യഥാൎത്ഥമായ അനുരാഗമുണ്ടെന്നമ്മായി വിചാരിക്കുന്നുവൊ? ഇല്ലെന്നാണെൻെറ ദൃഢമായ വിശ്വാസം. തല്ക്കാലം തോന്നിയ കൌതുകം നിമിത്തം അദ്ദേഹം അവളെ തട്ടിക്കൊണ്ടുപോയി. കൂട്ടത്തിൽ കുറെ പണം കൂടി സമ്പാദിക്കാമെന്നും ഉദ്ദേശിച്ചിരിക്കാം.

ശാ-അ — അദ്ദേഹത്തിന്നു ലീലയിൽ ക്ഷണഭംഗുരമായ കൌതുകം മാത്രമെയുള്ളു എന്നു വരികിൽ ദേവി പറഞ്ഞപോലെ എല്ലാം സംഭവിക്കും. കൌതുകം സ്ഥായിയായി നില്ക്കുന്ന ഒരു വികാരമല്ല. ക്ഷണംകൊണ്ടതിൻെറ ശക്തി നശിച്ചു പോകുന്നു. വല്ല വസ്തുവിലും നമുക്കു കൌതുകം ജനിച്ചാൽ എന്തു ദുൎഘടങ്ങളുണ്ടായാലും അവയെ എല്ലാം ശിഥിലീകരിച്ച് നമ്മൾ അതിനെ കരസ്ഥമാക്കുവാൻ ശ്രമിക്കുന്നതു സാധാരണയാണ്. കയ്യിൽ കിട്ടേണ്ട താമസമെയുള്ളു അതിനെ വലിച്ചെറിയുവാനും. അനുരാഗത്തിൻെറ സ്ഥിതി അങ്ങിനെയല്ല. അതു നിമിഷംതോറും വേരൂന്നി ദൃഢമാവുകയാണ് ചെയ്യുക. അനുരാഗവും കൌതുകവും തമ്മിൽ അജഗജാന്തരമുണ്ട്. അവ തമ്മിലുള്ള വ്യത്യാസമറിയാതെ എത്ര പേർ കുണ്ടിൽ ചാ

ടന്നു. എത്ര പേർ പശ്ചാത്തപിക്കുന്നു. നിർമ്മലമായ അനുരാഗമെന്തെന്നറിയുന്നവർ വളരെയുണ്ടോ എന്നു സംശയം.

ദേ—ലീലയുടെ കാര്യം ആലോചിക്കയേ വേണ്ട. ഈ ലോകത്തിലെ കാപട്യങ്ങളെക്കുറിച്ച് യാതൊരു വിവരവുമില്ലാത്ത ഒരു പച്ചക്കുട്ടിയാണവൾ. അവൾ വിക്രമമേനോൻെറ ജാലത്തിൽ മയങ്ങിയതിൽ എനിക്കശേഷം അത്ഭുതം തോന്നുന്നില്ല.

ശാ. അ—അദ്ദേഹത്തെക്കുറിച്ചു ദേവിയെപ്പോലെ ജാനുവിന്നു ദുരഭിപ്രായമുള്ളതായി തോന്നുന്നില്ല.

ദേ—ജ്യേഷ്ഠത്തി എപ്പോഴെങ്കിലും വല്ലവരേയും പററി ദുരഭിപ്രായം പറഞ്ഞ് അമ്മായി കേട്ടിട്ടുണ്ടോ? ആരെന്തു ചെയ്താലും ജ്യേഷ്ഠത്തി തെററു കാണില്ല. ഓരാളുടെ പൂർവ്വിക നടവടികളെത്രതന്നെ ചീത്തയായിരുന്നാലും ജ്യേഷ്ഠത്തിക്കനുഭവമാകുന്നതുവരെ അവരെക്കുറിച്ചു ഒരിക്കലും ദൂഷ്യം വിചാരിക്കില്ല. അതു ജ്യേഷ്ഠത്തിയുടെ സ്വാഭാവികമായ ഗുണമാണ്. വിക്രമമേനോൻെറ സത്യസ്വഭാവം മുഴവനും എന്നെപ്പോലെ തന്നെ ജ്യേഷ്ഠത്തിക്കുമറിയാം. അദ്ദേഹം തീരെ ദുർന്നടപ്പുകാരനാണെന്നു ഞങ്ങൾ രണ്ടുപേരും മനസ്സിലാക്കീട്ടുണ്ട്. സത്യം, ധർമ്മം, ദയ, മര്യാദ മുതലായ സൽഗുണങ്ങളൊന്നും അദ്ദേഹത്തിന്നു തൊട്ടുകുളിപ്പാൻ പോലുമില്ല. എന്നല്ല കളവ്, വഞ്ചന, കാപട്യം തുടങ്ങിയ ദുർഗ്ഗുണങ്ങളുടെ നിവാസഭൂമി അദ്ദേഹമാണെന്നും പറയാം.

ശാ. അ—നിങ്ങളിത്രത്തോളമെല്ലാം ധരിച്ചിട്ടുണ്ടോ?

ദേ—ഇത്രയും ഇതിലധികവുമുണ്ട്. അദ്ദേഹം ശ്രീധരൻ നമ്പ്യാരോടു കാണിച്ച ദുർന്നടവടികളെല്ലാം ഞാനന്നു പറഞ്ഞില്ലേ? അദ്ദേഹത്തിൻെറ ദുശ്ശീലങ്ങളും ദുഷ്പ്രവൃത്തികളും ക്ഷമയോടെ സഹിച്ച്, അദ്ദേഹത്തിന്നേത്രയോ ഗു

ണ്ങ്ങൾ ചെയ്തിട്ടുള്ള ആ മാന്യനെക്കുറിച്ച ഏതു നിലയ്ക്കാ ണ് അദ്ദേഹം സംസാരിച്ചിരുന്നതെന്നു മുല്ലപളപ്പിൽ വ ന്നപ്പോൾ അമ്മായിതന്നെ കേട്ടിട്ടില്ലേ? വേറെയും പലേ സംഗതികളുണ്ടെങ്കിലും അവയൊന്നും തല്ക്കാലം പറ യാൻ തരമില്ലാതെ വന്നിരിക്കുന്നു. പറയാൻ മാത്രം യോ ഗ്യങ്ങളായിട്ടുള്ളവയുമല്ല. പദ്മാലയക്കാരെക്കുറിച്ച അദ്ദേ ഹം പറഞ്ഞിട്ടുള്ള കളുവുകൾക്കൊരു കണക്കില്ല. കമല ലേശംഃപോലും മയ്യാദയില്ലാത്തൊരു ഗർവ്വിഷ്ഠയാണെന്നാ ണ് അവളെ കാണുന്നതുവരെ അദ്ദേഹത്തിൻെറ അഭി പ്രായത്തെ വിശ്വസിച്ച് ഞാൻ വിചാരിച്ചിരുന്നത്. പാവം. സാധുക്കുട്ടി! അവളെക്കുറിച്ച അദ്ദേഹം ഇങ്ങിനെ ദൂഷ്യംപറഞ്ഞൊരു "നൊണയ"ന്റയതെന്തിനൊ?

ശാ. അ — ഈ വിവരങ്ങളൊന്നും ലീല മനസ്സിലാക്കീട്ടില്ലേ?

ദേ — ഇല്ല. അവളോടിതൊന്നും പറഞ്ഞിട്ടില്ല. ശ്രീധരൻ ന മ്പ്യാരേയും അദ്ദേഹത്തിൻെറ ബന്ധുവായ കുമാരൻ ന മ്പ്യാരേയും ചെറുശ്ശേരിയിൽവെച്ച കണ്ടപ്പോഴാണ് ഞാൻതന്നെ ഈ വിവരങ്ങളെല്ലാം സൂക്ഷ്മമായി മനസ്സി ലാക്കിയത്. അതുവരെ എനിക്കിതിനെ സംബന്ധിച്ച ഒ രറിവും ഉണ്ടായിരുന്നില്ല. ചെറുശ്ശേരിയിൽനിന്നു മടങ്ങി യ ഉടനെ എല്ലാം വിവരങ്ങളും ഞാൻ ജ്യേഷ്ഠത്തിയോടു പറഞ്ഞു. ഉടനെ വിക്രമമേനോൻ അവിടം വിടുന്നതായ റിഞ്ഞതിനാൽ ഞങ്ങൾ കേട്ട വത്തമാനങ്ങളൊന്നും അ പ്പോൾ പരസ്യമാക്കിയിട്ടു യാതൊരാവശ്യവും ഇല്ലല്ലോ എന്നു വിചാരിച്ചിട്ടുതന്നെയാണ് ഗോപ്യമായി വെച്ച ത്. ലീല കാമാക്ഷിയമ്മയുടെ ഒരുമിച്ച പോകുവാൻ തീ ച്ചപ്പെടുത്തിയപ്പോൾ ഈശനിയനും അവിടെ എത്തിച്ചേ രുമെന്നു ഞാൻ വിചാരിച്ചില്ല. ഗ്രഹപ്പിഴയുടെ മൂപ്പ്! ഇ ങ്ങിനെയൊന്നു സംഭവിക്കുമെന്നാർ വിചാരിച്ചു? അദ്ദേഹ ത്തിന്നു സേലത്തായിരുന്നില്ലേ ഉദ്യോഗം? മധുരയിൽ എ ങ്ങിനെ ചാടിവീണു! നിർല്ലജ്ജൻ.

ശാ. അ—അദ്ദേഹത്തിന്നും ലീലയ്ക്കും പരസ്പരം പ്രേമമുണ്ടെ ന്നു വിശ്വസിപ്പാൻ ഒരു കാരണവും കണ്ടിട്ടില്ലെ?

ദേ—എന്താണമ്മായി ചോദിക്കുന്നത്. ഈ കുട്ടിയിൽ വിക്ര മമേനോന്നു ഭ്രമമുണ്ടാകുമെന്നെങ്ങിനെ വിചാരിക്കും? അ ങ്ങിനെ വല്ലതും കാണ്മാൻ സംഗതിവന്നിട്ടുണ്ടെങ്കിൽ തൽക്ഷണംതന്നെ വേണ്ടുന്ന അമച്ച് ചെയ്യാതിരിക്കുമൊ? ഈ മാതിരി തോന്ന്യാസം ചെയ്യാൻ ഒരിക്കലും ഇടകൊ ടുക്കില്ലായിരുന്നു.

വഴി നീളെ ഈ സംഗതിയെക്കുറിച്ച് തന്നെ സംസാ രിച്ചുകൊണ്ടിരുന്നതിനാൽ അവർ വഴി പോയതറിഞ്ഞില്ല. ഓരോന്നനുമാനിച്ചും, വിശ്വസിച്ചും, നിശ്ചയിച്ചും, അവർ യാത്രയുടെ ഉപദ്രവം അറിഞ്ഞതേയില്ല. എത്രതന്നെ ച ർവ്വിതചർവ്വണം ചെയ്തിട്ടും ഇതിനെക്കുറിച്ചു സംസാരിക്കുന്ന തിൽ അവർക്കു മടുപ്പുണ്ടായില്ല.

ഈ സംഭവം ദേവിയുടെ ഹൃദയത്തിൽ ആഗ്നേയാസ്ത്രം പോലെ തറച്ചിരിക്കുന്നു. സ്വയമേവ ശകാരിച്ചും, പശ്ചാ ത്തപിച്ചും, അവൾക്ക് ഒരു നിമിഷംപോലും സ്വൈരമുണ്ടാ യില്ല. അവർ വഴിയിൽ എങ്ങും ഒട്ടും താമസിക്കാതെ യാ ത്ര ചെയ്കതിനാൽ ഉച്ചയ്ക്ക് ഊണിന്നു മുമ്പായി മുല്ലവള പ്പിൽ എത്തി.

തങ്ങളുടെ വരവിനെ അധികദിവസം കാത്തിരുന്ന് ജാനുവിന്ന് മുഷിയുവാൻ സംഗതിയായിട്ടില്ലെന്നു വിചാരി ച്ച് ദേവി സന്തോഷിച്ചു. മുല്ലവളപ്പിന്നഭിമുഖമായി ഒരു വണ്ടി വരുന്നതു കാണുകയാൽ ഗോവിന്ദമേനോൻെറ മ ക്കൾ പടിപ്പുരയിൽ ഹാജരായിട്ടുണ്ടായിരുന്നു. വണ്ടി പടി പ്പുരയോടണഞ്ഞപ്പോൾ സൂര്യനെക്കണ്ട പത്മംപോലെ കു ട്ടികളുടെ മുഖപങ്കജങ്ങൾ പൂർണ്ണശോഭയെ പ്രാപിച്ചു. അത്ഭു തസമ്മിശ്രമായ സന്തോഷാധിക്യത്താൽ അവരുടെ കോ മളവദനങ്ങൾ പ്രസന്നങ്ങളായി. അവർ അത്യുത്സാഹ

[library stamp]

ത്തോടെ അങ്ങുമിങ്ങും ചാടിയോടി നിലവിളിച്ചവരുടെ നിഷ്കളങ്കമായ സന്തോഷത്തെ പ്രദശിപ്പിച്ചു.

വണ്ടിയിൽ നിന്നിറങ്ങിയ ഉടനെ ദേവി അവരെ എടുത്താശ്ലേഷിച്ച് അവരുടെ ഗണ്ഡസ്ഥലങ്ങളിൽ പലവുരു ചുംബിച്ചതിവേഗത്തിൽ അകത്തേക്കു പോയി. ദേവിയേയും മററും എതിരേല്ക്കാനായി മുകളിൽനിന്നോടിവന്ന ജാനു പൂമുഖത്തെത്തുമ്പോഴയ്ക്കു ദേവിയും അവിടെ എത്തി. ഇരുവരുടേയും നയനങ്ങൾ അശ്രുപരിപൂർണ്ണങ്ങളായി. ദേവി ജാനുവിനോടാദ്യമേ ചോദിച്ചതു ലീലയുടെ വത്തമാനമാണ്.

ദേ:— ലീലയെ കണ്ടില്ലേ, ജ്യേഷ്ഠത്തീ? അവളുടെ വിവരങ്ങളൊന്നുമില്ലേ?

ജാ-കു:— ഇല്ല. ഞാനെഴുതിയിരുന്നതിലധികം ഒരു വിവരങ്ങളും ഇതുവരേയും അറിഞ്ഞിട്ടില്ല. ഏതായാലും അമ്മാമനെത്തിയല്ലോ. ഇപ്പോൾവളരെ സമാധാനമുണ്ട്. ഇനിയെല്ലാം അദ്ദേഹം വേണ്ടപോലെ പ്രവൃത്തിക്കുമെന്നെനിക്കറിയാം.

ദേ:— അച്ഛനെവിടെ?

ജാ-കു:— മധുരയിൽത്തന്നെയാണ്.

ദേ:— പോയതിൽപ്പിന്നെ എഴുത്തുകളൊന്നുമില്ലേ?

ജാ-കു:— ഒരെഴുത്തുമാത്രമുണ്ട്. അവിടെ എത്തിയാൽ വിവരത്തിന്നുടനെ എഴുതണമെന്നു ഞാൻ പ്രത്യേകം അപേക്ഷിച്ചിരുന്നു. എത്തിയവിവരത്തിന്നെഴുതിയതാണത്. അങ്ങോട്ടുള്ളമേൽവിലാസവുമുണ്ട്. വിശേഷവത്തമാനങ്ങൾ വല്ലതുമുണ്ടെങ്കിലല്ലാതെ ഇനി എഴുതില്ലെന്നതിൽപ്രത്യേകം പ്രസ്താവിച്ചിരിക്കുന്നു.

ദേ:— അമ്മയെ കാണ്മാനില്ല. എവിടെ! സുഖക്കേടൊന്നുമില്ലല്ലോ? കുട്ടികൾക്കും സുഖമല്ലേ?

ജാ-കു:— അമ്മക്കുവിശേഷിച്ചു രോഗമൊന്നുമില്ല. മനോവ്യഥനിമിത്തം പുറത്തിറങ്ങുന്നതേയില്ല. മുകളിൽ കിടക്കുന്നു.

അങ്ങോട്ടുപോവുക. നിങ്ങളെല്ലാവരും വന്നതുകൊണ്ട് അമ്മയുടെ സുഖക്കേടിന്നു കുറെ ശാന്തിയുണ്ടാകുമെന്നുവിശ്വസിക്കുന്നു. ഈശ്വരകാരുണ്യത്താൽ ബാലകൎക്കും ഭദ്രക്കും സുഖംതന്നെ.

ദേ:— ജ്യേഷ്ഠത്തിക്കെന്താസുഖക്കേട്? മുഖത്തുനോക്കിയാൽ വല്ലാതിരിക്കുന്നുവല്ലൊ. ഈ സംഭവം നിമിത്തമുള്ള മനോവ്യഥകൊണ്ടുതന്നെയല്ലെ? അതൊ വേറെവല്ലതുമുണ്ടൊ? ജ്യേഷ്ഠത്തിവളരെ ക്ഷീണിച്ചിരിക്കുന്നു.

ജാ-കു:— എനിക്കു വേറെ വിശേഷിച്ചു യാതൊരു സുഖക്കേടുമില്ല.

വണ്ടിയിൽ നിന്നിറങ്ങിയ ശേഷം കുട്ടികളോടോരോന്നു ചോദിച്ച് ലാളിച്ചുകൊണ്ടിരുന്ന ഗോവിന്ദമേനോനും ശാരദാമ്മയും ഈ സമയത്തിവരുടെ സമീപത്തെത്തിയതിനാൽ ജാനു സംഭാഷണം നിൎത്തി അവരോടു സസന്തോഷം കുശലപ്രശ്നം ചെയ്ത് എല്ലാവരും കൂടി അകത്തുപോയി. ദേവിയുടെ ചോദ്യങ്ങൾതന്നെ ഗോവിന്ദമേനോനും, ശാരദാമ്മയും പുനരാവൎത്തിച്ചു. ദേവിയോടു പറഞ്ഞതിലധികമായിട്ടൊരു വിവരവും ജാനുവിന്റെ മറുപടിയിൽ നിന്നവൎക്കു കിട്ടിയില്ല. എല്ലാവരുംകൂടി താഴത്തുനിന്നു കുറച്ചുനേരം സംസാരിച്ചതിന്നുശേഷം മുകളിൽ രുഗ്മിണിയമ്മയുടെ സമീപംപോയി. ഗോവിന്ദമേനോനെ കണ്ടപ്പോൾ അസഹനീയമായ ദുഃഖത്താൽ രുഗ്മിണിയമ്മ വല്ലാതെ മുറവിളികൂട്ടി. അയമ്മ വിക്രമമേനോനെ പറഞ്ഞ വാക്കുകൾ ഇന്നതെല്ലാമെന്നെഴുതുവാനസാദ്ധ്യം. ലീലയുടെ ഈ ദുൎന്നടപ്പിന്നു പ്രധാനമായ ഉത്തരവാദി ആരെം, ആരുടെ അശ്രദ്ധയാലും അജാഗ്രതയാലും അവളിങ്ങിനെ വഷളായി തീൎന്നുവൊ ആ ആളൊഴികെ മററുസൎവ്വരും അയമ്മയുടെ കഠിനമായ ശകാരവൎഷത്തിന്നു പാത്രീഭവിച്ചു.

രു-അ: — ഞാൻ പറഞ്ഞപോലെ എല്ലാവരും കൂടി മധുരക്കു

പോയിരുന്നു എങ്കിൽ ഇങ്ങിനെയൊരപമാനം വരില്ലായിരുന്നു. അന്നതിന്നു സമ്മതിച്ചില്ല; സാധുക്കുട്ടി! അവളെ ആരും ശ്രദ്ധവെച്ചിട്ടുണ്ടാവില്ല. അയ്യോ! എൻെറ കുട്ടിയെ ആ ദുഷ്ടനെന്തുചെയ്യുമൊ! ശങ്കരൻകുട്ടി അവളെതന്നെ നടക്കുവാൻ വിട്ടിട്ടല്ലെ ആ തെമ്മാടി കൊണ്ടുപോയത്? അവളുടെ കാൎയ്യം ഒട്ടുംതന്നെ നോക്കീട്ടില്ല. തീൎച്ച് തന്നെ. അവർ കുറച്ചെങ്കിലും ശ്രദ്ധവെച്ചിരുന്നു എങ്കിൽ അവളിങ്ങിനെ ചെയ്യില്ലായിരുന്നു. അവൾ വികൃതിയല്ല. ലേശംപോലും ദുസ്സാമൎത്ഥ്യമില്ല. കാമാക്ഷിയുടേയും മററും അശ്രദ്ധയാലും' ആ തെമ്മാടിയുടെ ദുസ്സാമൎത്ഥ്യത്താലുമാണ് എൻെറ മകളിങ്ങിനെ പോയത്. അവരവളെ നോക്കില്ലെന്നെനിക്കു തോന്നാഞ്ഞിട്ടല്ല. കുട്ടിയുടെ ഉത്സാഹവും, പോകാൻ സമ്മതിക്കാതിരുന്നപ്പോഴത്തെ വ്യസനവും കണ്ടപ്പോൾ എന്തോ പോയിവരട്ടെ എന്നു വിചാരിച്ചു. അതു വലിയ അബദ്ധമായിപ്പോയി. പോരെങ്കിലിതാ ഇതിനെല്ലാം പുറമെ അവളുടെ അച്ഛൻ അന്വേഷിക്കാനായി പോയിട്ടുണ്ട്. അദ്ദേഹം എവിടെ എങ്കിലും വെച്ച് വിക്രമമേനോനെ കണ്ടുമുട്ടിയാൽ വലിയ ലഹളയുണ്ടാകുമൊ എന്നുള്ളതിന്നു സംശയമില്ല. ഒരു സമയം കൊലക്കൂടി സംഭവിച്ചേക്കാം. ആ പരമ ദുഷ്ടൻ, അദ്ദേഹത്തിൻെറ ജീവാപായംവരുത്തിയാൽ അയ്യോ! ദൈവമേ!! പിന്നെ ഞങ്ങളെന്താണ് ചെയ്യുക? ഒരു ഗതിയുമില്ലെ? അദ്ദേഹത്തിൻെറ ശവസംസ്കാരത്തിന്നു മുമ്പായി കേളുമേനോൻ ഞങ്ങളെ ഇവിടെ നിന്നോടിക്കും. ഞാനും കുട്ടികളും പിന്നെ ചിരട്ടഎടുക്കേണ്ടിവരും. ഗോവിന്ദൻകുട്ടി, നീ തന്നെയാണ് ഞങ്ങൾക്കൊരാശ്രയമായിട്ടുള്ളത്. അയ്യയ്യോ! ഓരോന്നു വിചാരിക്കുംതോറും എൻെറ ഹൃദയം പിളരുന്നു. കൈകാൽ കുഴയുന്നു. തലവേദന സഹിക്കവയ്യെ. ദിവസംകഴിയുംതോറും എനിക്കു എഴുനീല്ക്കാൻ വയ്യാതാവുന്നു.

ഗോ_മേ:—ഇത്രവലിയ ഭയത്തിന്നൊ വ്യസനത്തിന്നൊ ഞാൻ യാതൊരു കാരണവും കാണുന്നില്ല. നിങ്ങൾ കുറെ അടങ്ങിയിരിക്കണം. ഈശ്വരാനുഗ്രഹത്താൽ എന്റെ മരുമക്കൾക്കു ഭിക്ഷ എടുക്കേണ്ടിവരില്ല. അത്രമാത്രം ഭാഗ്യഹീനകളല്ല അവർ. ദൈവാനുഗ്രഹമുണ്ടെങ്കിൽ എന്റെ ജീവാവസാനംവരെ അവരൊരിക്കലും അഗതികളാവില്ല. ബുദ്ധിമുട്ടുകയുമില്ല. എന്തിനിങ്ങിനെ അനാവശ്യമായ ശോഷ്ഠികൾ കാണിക്കുന്നു. ലീല മരിച്ചിട്ടൊ മററൊ ഉണ്ടൊ? എവിടെപ്പോയാലും ഇക്കാലത്തു കണ്ടുപിടിക്കാൻ വലിയ വൈഷമ്യമൊന്നുമില്ല. ഇന്നുവൈകുന്നേരത്തെ വണ്ടിക്കുതന്നെ ഞാനങ്ങോട്ടു പോകുന്നു. ജ്യേഷ്ഠനെ കണ്ട് ഞങ്ങൾ രണ്ടാളും കൂടി ആലോചിച്ചു വേണ്ടതുപോലെ പ്രവൃത്തിച്ചോളാം. ജ്യേഷ്ഠനെ സംബന്ധിച്ചൊട്ടുംതന്നെ ഭയപ്പെടേണ്ട. അവിവേകമായി വല്ലതും പ്രവൃത്തിക്കത്തക്കബുദ്ധിശ്ശൂന്യനല്ല അദ്ദേഹം. അദ്ദേഹത്തിന്റെ മുഖത്തുനോക്കുവാൻ വിക്രമമേനോൻ ധൈര്യപ്പെടുമൊ? വെറുതെ വേണ്ടാത്ത ദുശ്ശങ്കകൾ ആലോചിച്ച് നിങ്ങൾ വ്യസനിക്കുന്നതിന്നു നിവൃത്തിയില്ല. പക്ഷെ അവ പുറത്തു പറഞ്ഞ് കുട്ടികൾക്കുപദ്രവമുണ്ടാക്കാതിരിക്കണം.

ല_അ:—ഗോവിന്ദൻകുട്ടി വൈകുന്നേരംതന്നെപോണം. എന്നാലെ എനിക്കു സമാധാനമുള്ളൂ. അദ്ദേഹത്തെ കണ്ടാൽ ഞാനനുഭവിക്കുന്ന സങ്കടങ്ങളെല്ലാം വിവരമായി പറയണം. വിക്രമമേനോനായിട്ട് യാതൊരു ലഹളക്കും പോകരുതെന്നു പ്രത്യേകം പറയണം. ഗോവിന്ദൻകുട്ടിയും മനസ്സിരുത്തണം. വല്ലതും വന്നാൽ പിന്നെ പറഞ്ഞിട്ടുഫലമില്ല. ലീലയെ കഴിയുന്നത്രവേഗത്തിൽ അന്വേഷിച്ചു പിടിക്കണം. അവൾക്കു പണം ആവശ്യമുണ്ടെങ്കിൽ കൊടുക്കുമല്ലൊ. ആ ദ്രോഹി എന്റെ കുട്ടിയെ എന്തുചെയ്യിരിക്കുമൊ. മഹാപാപി നശിച്ചേപോവും. ഇതിൽവലിയ തെററുകാരൻ ശങ്കരമേനോനാണ്.

ഗോ-മേ:—അസംബന്ധം പറയാതിരിക്കണം "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേവരൂ". ആരേയും തെററു പറയേണ്ട. നമ്മൾ തന്നെയാണ് വലിയ തെററുകാർ. സ്വന്തം തെററു മററുള്ളവരിൽ ചുമത്തുന്നതുചിതമല്ല. അത് അന്യായമാകുന്നു. ഇതിന്നുവേണ്ടതെനിക്കുതോന്നായ്കയല്ല. ഏതായാലുംഇപ്പോളുങ്ങിനെ ചെയ്യുന്നില്ല. പ്രസവിച്ചാൽ പോര. കുട്ടികളെ വളർത്തുവാനറിഞ്ഞിരിക്കണം. അതില്ലെങ്കിലുള്ള തകരാറാണിതൊക്കെ. 'കുട്ടികളേക്കാൾ കഷ്ടമല്ലെ നിങ്ങൾ? കുളിക്ക, ഉണ്ണുക, വല്ലതമാശകളും പറയുക എന്നല്ലാതെ ഒരു കുഡുംബഭരണം യഥായോഗ്യം നിർവ്വഹിക്കുവാൻ നിങ്ങൾക്കു കഴിയുമൊ? കുട്ടികൾക്കു തിന്നാൻ കൊടുക്കുന്നതിലല്ലാതെ അവരുടെ മററുവല്ല കാര്യങ്ങളിലും നിങ്ങൾ ശ്രദ്ധിക്കാറുണ്ടോ? ഈ കുട്ടികൾ രണ്ടും അവരുടെ ഭാഗ്യം കൊണ്ടോ, സാമർത്ഥ്യംകൊണ്ടോ, പൂർവ്വജന്മസുകൃതംകൊണ്ടോ, എന്തോ, ഒരുവിധം പഠിപ്പിഴച്ചുനന്നായി. ബാലയും വേണ്ടില്ല. ഈ ജാതി അപകടങ്ങളൊന്നും അവളെക്കൊണ്ടുണ്ടാവില്ല. ലീലയില്ലെങ്കിൽഭദ്രയേയുംനന്നാക്കാം. ലീലതന്നെയാണ് മഹാധിക്കാരി. 'അധികപ്രസംഗത്തിൻെറ കൂടാണവൾ' നിങ്ങളുടെ വളംകൊണ്ടുതന്നെയാണങ്ങിനെയായത്. ഒടുവിലത്തെ മകളല്ലെ,ഉണ്ണിപ്പുത്രി. ലാളിച്ചുലാളിച്ചു കുട്ടി തീരെ വഷളായിത്തീർന്നു. അത്രയല്ലെ പറയേണ്ടു. ദുശ്ശീലംകാണുമ്പോൾ ശിക്ഷിച്ചൊതുക്കണ്ടെ. പരിഷ്കാരം, പരിഷ്കാരമെന്നു പറഞ്ഞ് എന്തെല്ലാമാണ് ചെയ്യുന്നത്. പുണ്ണിൽകൊള്ളിവെക്കുംപോലെയാവേണ്ടെന്നുവിചാരിച്ചിപ്പോൾ ഞാനൊന്നും പറയുന്നില്ല. ഇന്നുതന്നെപോയി വേണ്ടുന്നന്വേഷണങ്ങൾചെയ്യാം. ഇപ്പോൾ കരഞ്ഞിട്ടെന്തുകാര്യം? എന്തിനിങ്ങിനെകരയുന്നു? ഉത്സാഹത്തോടിരിക്കിൻ. ലീലയെരണ്ടുദിവസത്തിന്നുള്ളിൽകൊണ്ടുവരാം.

ഇങ്ങിനെ പലതും ശകാരിച്ചും, സമാധാനിപ്പിച്ചും, അവിടെ കുറെ നേരം ഇരുന്നതിനു ശേഷം ഗോവിന്ദമേനോനും മററും താഴത്തേക്കു തന്നെ പോയി. തൊട്ടതിനുതൊട്ടതിനു രുഗ്മിണിയമ്മ എല്ലാവരേയും ശകാരിച്ചിരുന്നതിനാലും, അയമ്മയുടെ പ്രലാപംനിമിത്തം ഭൃത്യന്മാർ ലീലയുടെ വിവരം മുഴവനും, പൂർണ്ണമായി ധരിക്കുമെന്നു വിചാരിച്ചും, അയമ്മയുടെ വിജനവാസത്തെക്കുറിച്ച് ഗോവിന്ദമേനോൻ അധികമൊന്നും ആക്ഷേപിച്ചില്ല. അയമ്മയുടെ സ്ഥിതിക്ക് അതാണ് ഭേദമെന്നുറയ്ക്കുകയും ചെയ്തു. ഇവരെല്ലാം ചവട്ടിൽപോയി കൈകാൽ കഴകി ഭക്ഷണത്തിന്നിരിയ്ക്കുമ്പോഴയ്ക്കു ബാലയും, ഭദ്രയും, എത്തി. ഊൺതളത്തിൽ കടന്ന ഉടനെ—

ഭ—ദേവ്യേടത്തീ, നിങ്ങൾ വന്നിട്ട കുറച്ചുനേരമായി ഇല്ലേ?

ദേ—ഇല്ല; അധികം നേരമായില്ല. നിങ്ങൾ രണ്ടാളും ഇതുവരെ എവിടെയായിരുന്നു?

ഭ—ഇവിടെത്തന്നെയുണ്ടായിരുന്നു. ഇന്നു തുന്നിക്കൊണ്ടുവന്ന പുതിയ ജാക്കററ് ഇട്ടു നോക്കുമ്പോളാണ് നിങ്ങൾ വന്നതെന്നു തോന്നുന്നു. ഒച്ച കേട്ടതുപോലെ തോന്നുകയാൽ ജാക്കററ് എടുത്തുവെച്ച് ഇങ്ങോട്ടുപോന്നു.

ബാല—നിങ്ങൾ പടികയറുന്നതു ഞാൻകണ്ടു. ഞാനപ്പോൾ രവീന്ദ്രനാഥടാഗോറിൻെറ ഗീതാഞ്ജലി വായിക്കുകയായിരുന്നു. ആ പുസ്തകം മുഴവനും ഇപ്പോഴേ വായിച്ചവസാനിച്ചുള്ളു. (താണ സ്വരത്തിൽ) ജ്യേഷ്ഠത്തി, ലീലയുടെ വർത്തമാനം കേട്ടില്ലേ? മഹാ കഷ്ടമായിപ്പോയി. അവൾ ചെയ്തത് അശേഷം നന്നായില്ല. വലിയ അന്യായം .. ജനങ്ങൾ എന്തെല്ലാം പറയും. എത്രമാത്രം അപഹസിക്കും? ഏതായാലും ഇനി അവളെ ദേഷ്യപ്പെട്ടിട്ട കാര്യമില്ല. അവളുടെ ചാരിത്രശുദ്ധിക്കു മാലിന്യം സംഭവിക്കാതിരിക്കത്തക്ക നിലയിൽ ഇനി വേണ്ടതു പ്രവൃത്തിക്കേണ്ടതു നമ്മുടെ മുറയാണ്. ലോകാപവാദം കഴിയുന്നതും ത

ടുക്കുവാൻ ശ്രമിക്കണം. ഈ അവസരത്തിൽ നമ്മുടെ സഹോദരീസ്നേഹത്തെ പൂർണ്ണമായി വെളിപ്പെടുത്തണം. അവിവേകമായ ഈ പ്രവൃത്തി ആജീവനാന്തം ലീലയെ വ്യസനിപ്പിക്കാതിരിക്കില്ല. ഇതിൽനിന്നു നമുക്കു കാര്യമായി ഒരു പാഠം പഠിക്കുവാനുണ്ട്. ഒരു സ്ത്രീയുടെ സദ്വൃത്തിക്കു വല്ല ന്യൂനതയും സംഭവിച്ചാൽ അത് ജീവപര്യന്തം തീർത്താൽ തീരാത്ത ഒരു ദോഷമായി പരിണമിക്കും എന്നുതന്നെ. പാതിവ്രത്യഭംഗവും, ഭർത്തൃദ്വേഷവും, ഒരു സ്ത്രീക്ക് അനശ്വരമായ ദുഷ്കീർത്തിയുണ്ടാക്കുന്നു. ദുർമ്മാർഗ്ഗത്തിൽ ഒരടിവെച്ചാൽ, ആ നിമിഷംമുതൽക്കവൾ അപാരമായ ദുഃഖസമുദ്രത്തിൽ മുഴുകുന്നു. അന്തമില്ലാത്ത നാശം വന്നുകൂടുന്നു. നല്ല പേരു സമ്പാദിക്കുന്നതു സുസാദ്ധ്യമാണെന്നു വിചാരിക്കേണ്ട. യശസ്സെന്നുള്ള വാക്ക് എത്രമാത്രം മാഹാത്മ്യമേറിയതോ അത്രമാത്രം ബലഹീനമായിട്ടുള്ളതുമാണ്. വളരെ സാഹസപ്പെട്ടു നിരന്തരം പരിശ്രമിച്ചു സമ്പാദിക്കുന്ന യശസ്സ് വല്ല തുച്ഛകാരണങ്ങളാലും നശിച്ചുപോകുന്നത് നമുക്കു നിത്യാനുഭവമല്ലേ? അതുകൊണ്ടു ദുഷ്പേരുണ്ടാവാതെ കഴിച്ചുകൂട്ടുവാൻ എപ്പോഴും പ്രത്യേകം മനസ്സിരുത്തണം. സംസർഗ്ഗത്തിന്നർഹന്മാരായ പുരുഷന്മാരുമായി എടപഴകുന്നതിൽ സ്ത്രീകൾ എത്രതന്നെ ശ്രദ്ധിച്ചാലും അധികമാവില്ല. നല്ല പേരില്ലെങ്കിലും ചീത്തപ്പേർ സമ്പാദിക്കാഞ്ഞാൽ തന്നെ കാര്യമായി.

ദേവി സവിസ്മയം ബാലയെ നോക്കി. അവൾക്കു മനസ്സിന്നു നല്ല സുഖമില്ലാത്തതിനാൽ മറുവടി ഒന്നും പറഞ്ഞില്ല. ലീലയുടെ ദുഷ്പ്രവൃത്തിയിൽനിന്ന് ഇങ്ങിനെയുള്ള ഓരോ തത്വങ്ങളെ കണ്ടുപിടിച്ച് ബാല സമാധാനിച്ചു.

ഉച്ചതിരിഞ്ഞപ്പോൾ ജാനുവിന്നും, ദേവിക്കും കഷ്ടിച്ചു രണ്ടു മണിക്കൂറോളം ഗൂഢസംഭാഷണത്തിന്നു സൌകര്യം ല

ഭിച്ചു. തത്സമയം ദേവി ലീലയെ സംബന്ധിച്ചു പലേ അ
ന്വേഷണങ്ങളും ചെയ്കയും ജാനു അവയ്ക്കെല്ലാം ജാഗ്രത
യോടെ മറുവടി പറകയും ചെയ്തു. ലീലയുടെ നടവടിദൂഷ്യ
മാലോചിച്ച് ഇരുവരും കുറെ നേരം കുണ്ഠിതത്തോടെ ഇരു
ന്നശേഷം—

ദേ—ജ്യേഷ്ഠത്തി, വത്തമാനം മുഴുവനും പറഞ്ഞുകഴിഞ്ഞുവൊ? ഇനിയൊന്നും ബാക്കിയില്ലേ? ഉള്ളതെല്ലാം പറയൂ. ശങ്കര ജ്യേഷ്ഠൻ എന്താണ് പറഞ്ഞത്? ലീല പോകുന്നതിന്നു മുമ്പദ്ദേഹത്തിന്നു യാതൊരു സംശയവുമുണ്ടായില്ലേ? അത്ര സാമത്ഥ്യമുണ്ടൊ ലീലക്ക്?

ജാ-കു—ശങ്കരജ്യേഷ്ഠന്നു കുറഞ്ഞൊരു സംശയമുണ്ടായെന്നദ്ദേഹംതന്നെ സമ്മതിച്ചു. പക്ഷെ ഇത്രത്തോളം കലശലാകുമെന്നു വിചാരിച്ചിട്ടില്ലേ. പാവം! എനിക്കദ്ദേഹത്തോടു വളരെ അനുകമ്പ തോന്നുന്നു. മയ്യാദസ്ഥനായ അദ്ദേഹത്തിന്നുകൂടി നമ്മൾകാരണം അപമാനവും ബുദ്ധിമുട്ടും നേരിട്ടു. ലീലയുടെ കായ്യത്തിൽ അദ്ദേഹം കഴിയുന്നേടത്തോളം ശ്രദ്ധിച്ചിട്ടുണ്ട്. ലീല പോയതുകാരണം അദ്ദേഹം ഇങ്ങോട്ടുപുറപ്പെട്ടപ്പോഴാണത്രെ വിക്രമമേനോൻ അവളെ വിവാഹം ചെയ്യില്ലെന്നുള്ള വത്തമാനം കേട്ടത്. അതുംകൂടി കേട്ടപ്പോൾ ഒരു നിമിഷംപോലും താമസിക്കാതെ അദ്ദേഹം ഇങ്ങോട്ടുവന്നു. അച്ഛൻ പോയതറിഞ്ഞപ്പോൾ അദ്ദേഹം ഉൺകൂടി കഴിക്കാതെ ഞായറാഴ്ച മെയിലിന്നുതന്നെ അങ്ങോട്ടും മടങ്ങി.

ദേ—വിവാഹം ചെയ്യില്ലെന്നു തീച്ചയായ വിവരമുണ്ടൊ?

ജാ-കു—ഇല്ല; തീച്ച വിവരമൊന്നുമില്ല.

ദേ—ശങ്കരജ്യേഷ്ഠനെ കാണുന്നതുവരെ അവരുടെ വിവാഹകായ്യത്തെക്കുറിച്ചു നിങ്ങൾക്കു സംശമുണ്ടായിട്ടില്ല, അല്ലേ?

ജാ-കു—ഇല്ല; ഞങ്ങളെങ്ങിനെ സംശയിക്കും! സംശയിക്കാ

നെന്തു കാരണം? വിക്രമമേനോൻെറ നടവടികൾ ഒരു വിധം മോശമാണെന്നെനിക്കറിവുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ വിവാഹംചെയ്യുന്ന ലീലയുടെ ദാമ്പത്യസുഖത്തെക്കുറിച്ചല്പം വിഷാദമുണ്ടായി. അമ്മയും, അച്ഛനും, ആ വക ദൂഷ്യങ്ങളൊന്നും അറിഞ്ഞിട്ടില്ലല്ലൊ. അതുകൊണ്ടദ്ദേഹത്തിൻെറ നിർദ്ധനാവസ്ഥയാണവരുടെ ദൃഷ്ടിയിൽ കാൎയ്യമായി പതിഞ്ഞത്. ഞങ്ങൾക്കറിവുകിട്ടുന്നതിന്നുമുമ്പായി ഭദ്ര ഈ കാൎയ്യം ഏതാനും അറിഞ്ഞിരിക്കുന്നു. അവൾക്കു ലീല ഒടുക്കം അയച്ച കത്തിൽ ഇങ്ങിനെ ചിലതു സംഭവിക്കുമെന്നു സൂചിപ്പിച്ചിരുന്നുവത്രെ! അവർ പരസ്പരം സ്നേഹിക്കുന്നുണ്ടെന്നു ഭദ്ര അറിഞ്ഞിട്ടു വളരെ ദിവസമായിരിക്കുന്നു.

ദേ—മധുരയ്ക്കു പോകുന്നതിന്നു മുമ്പുതന്നെ അറിഞ്ഞിട്ടുണ്ടോ?

ജാ-കു—അതില്ല.

ദേ—വിക്രമമേനോനെക്കുറിച്ചു ശങ്കരജ്യേഷ്ഠനെന്തു വിചാരിക്കുന്നു. അദ്ദേഹത്തിൻെറ യഥാൎത്ഥസ്വഭാവം മനസ്സിലാക്കിയിരിക്കുന്നുവോ?

ജാ-കു—.വിക്രമമേനോൻ വകതിരിവില്ലാതെ അമിതവ്യയം ചെയ്യുന്ന ഒരു ദുൎന്നടപ്പുകാരനാണെന്നു ശങ്കരജ്യേഷ്ഠന്നു വിശ്വാസമുള്ളപോലെ തോന്നുന്നു. അദ്ദേഹം കടത്തിൽ മുങ്ങിയിരിക്കുന്നുവത്രെ! മുരിയാട്ടുതന്നെ പലൎക്കും കൊടുക്കാനുണ്ടെന്നു വ്യസനകരമായ ഈ സംഭവം നടന്നതിന്നുശേഷം കേട്ടു. സത്യമായിരിക്കുമൊ എന്തോ!

ദേ—കഷ്ടം! ജ്യേഷ്ഠത്തീ, നമ്മൾ അദ്ദേഹത്തെക്കുറിച്ചു കേട്ട വിവരങ്ങളൊന്നും ഒളിച്ചുവെക്കേണ്ടിയിരുന്നില്ല. പുറത്തു പറഞ്ഞിരുന്നുവെങ്കിൽ ഇതു സംഭവിക്കില്ലായിരുന്നു എന്നു തോന്നുന്നു.

ജാ-കു—എന്തോ ഒരു സമയം സംഭവിക്കില്ലായിരിക്കാം. ഒരാൾ മുമ്പു ദുൎന്നടപ്പുകാരനായിരുന്നുവെന്നു വിചാരിച്ചുയാ

മൂടെ തല്ക്കാലനടവടികളെ ഗൌനിക്കാതെ പൃഥ്വികദൃഷ്യങ്ങളെ വെളിപ്പെടുത്തുന്നതു യോഗ്യമല്ലെന്നാണെൻെറ അഭിപ്രായം. നമ്മുടെ പ്രവൃത്തി സദ്വിചാരത്തോടുകൂടിയായിരുന്നു.

ദേ—ലീല കാമാക്ഷിയമ്മക്ക് എന്താണെഴുതിയിരുന്നത്? ശങ്കരജ്യേഷ്ഠനൊന്നും പറഞ്ഞില്ലേ?

'ആ എഴുത്തുതന്നെ അദ്ദേഹം ഇവിടെ തന്നിട്ടുണ്ട്'. എന്നു പറഞ്ഞ് ജാനു മേശയിൽനിന്നെഴുത്തെടുത്ത് ദേവിവശം കൊടുത്തു. എഴുത്തിങ്ങിനെയാകുന്നു:—

പ്രിയമേറിയ കാമാക്ഷിയമ്മേ,

നാളെ രാവിലെ എന്നെ കാണാതെയാവുമ്പോൾ നിങ്ങൾക്കുണ്ടാകാവുന്ന പരിഭ്രമമോൎത്ത് എനിക്കിപ്പോൾതന്നെ അടക്കുവാൻ വയ്യാത്ത ചിരി വരുന്നു. എവിടേക്കാണു ഞാൻ പോയതെന്നറിയുമ്പോൾ നിങ്ങളും ചിരിക്കാതിരിക്കില്ല. ആരുടെ ഒരുമിച്ചാണ് പോയതെന്നു പ്രത്യേകിച്ചു പറയേണമൊ? അത് ഊഹിപ്പാൻ വയ്യെങ്കിൽ നിങ്ങൾ വലിയ വിഡ്ഢി തന്നെ. നിങ്ങളെപ്പോലെ ഒരു വിഡ്ഢി ഈ ലോകത്തിൽ ഇല്ലെന്നു ഞാൻ തീൎച്ചയായും പറയാതിരിക്കില്ല. ഞാൻ ലോകത്തിൽ സ്നേഹിക്കുന്നതായിട്ട് ഒരാൾ മാത്രമെ ഉള്ളു. അദ്ദേഹം ലോകൈക സുന്ദരനാണെന്നു മടികൂടാതെ പറയാം. അദ്ദേഹത്തെ പിരിഞ്ഞു ജീവിച്ചിരിപ്പാനസാദ്ധ്യം. അദ്ദേഹത്തോടു കൂടാത്ത ജീവിതം വ്യസനകരമായിട്ടുള്ളതാണ്. അതുകൊണ്ടു ഞാനിങ്ങിനെ പോകുന്നതിൽ മുഷിച്ചിൽ തോന്നരുത്. ഭയപ്പെടുകയും വേണ്ട. ഈ വിവരം അമ്മയേയും മററും അറിയിപ്പാൻ നിങ്ങൾക്കിഷ്ടമില്ലെങ്കിൽ അറിയിക്കേണ്ട. സൌകൎയ്യംപോലെ ഞാൻ തന്നെ അറിയിച്ചോളാം. വിക്രമമേനോൻെറ ഭാൎയ്യയായ വിവരം എന്നിൽ നിന്നുതന്നെ അറിയുമ്പോൾ അധികം വിസ്മയമുണ്ടാവും. അതുകൊണ്ടാപ്രവൃത്തി എനിക്കുതന്നെ ബാക്കിയായിരിക്കട്ടെ. അവ

ക്കെൻെറ കത്തുകിട്ടിയാൽ — ഹാ! എന്തു നേരംപോക്കായിരിക്കും! എത്ര സന്തോഷമുണ്ടാവും! ആ രസമോക്കുമ്പോൾ തൂവൽ നീങ്ങുന്നില്ല. ബാലാമണിയൊരുമിച്ച നാളെ കളിക്കാൻസാധിക്കാതെ വന്നതിൽ വ്യസനിക്കുന്നു. എൻെറ പേരിൽ സുഖക്കേടു തോന്നരുതെന്നവളോട്ട പറയുവാനപേക്ഷ. കോകിലാംബാളോടും പറയണം. വിവരങ്ങളെല്ലാമറിയുമ്പോൾ അവർ എനിക്കു മാപ്പു തരാതിരിക്കില്ല. ഞാൻ ഉടനെ വരുമെന്നും അപ്പോൾ അവളുടെ ഒരുമിച്ച് കളിക്കുന്നതാണെന്നും പ്രത്യേകിച്ചു പറയണം. മുല്ലവളപ്പിൽ പോയതിന്നുശേഷം എൻെറ സാമാനങ്ങൾക്ക് ആളെ അയക്കാം. "ബ്ളൂ" നിറത്തിലുള്ള എൻെറ പാവാടയുടെ വക്കത്ത് ഇന്നലെ വാങ്ങിയ കസവു പിടിപ്പിക്കാനായി തുന്നക്കാരൻവശം കൊടുക്കണം; മറക്കരുത്. ശങ്കരേട്ടനോട് എൻെറ നമസ്കാരം പറയണം. നിങ്ങൾക്കു വന്ദനം. ശേഷം അടുത്തതിൽ.

എന്ന് പ്രിയമേറിയ കാമാക്ഷിയമ്മക്ക്,

സ്വ-ലീല-

എഴുത്തു വായിച്ചുകഴിഞ്ഞ ഉടനെ —

ദേ — ഹാ! കഷ്ടം! കഥയില്ലാത്ത കുട്ടി. എന്തൊരെഴുത്താണിത്? ബുദ്ധിശൂന്യ! ലജ്ജയുണ്ടോ അതിന്? കഷ്ടമേകഷ്ടം! ഏതായാലും വിവാഹകാര്യത്തിൽ അവൾക്കൊട്ടും സംശയമില്ലെന്ന് ഈ എഴുത്ത് തെളിയിക്കുന്നുണ്ട്. ഇനി അവളെ പറഞ്ഞു മെരട്ടി അയാൾ വല്ലതും ചെയ്യണം. വേശ്യാവൃത്തി അവളുദ്ദേശിച്ചിട്ടില്ലെന്നുള്ളതു നിശ്ചയംതന്നെ. അയ്യോ! ഇതെല്ലാം അച്ഛൻ എങ്ങിനെ സഹിച്ചു.

ജാ-കു — അച്ഛൻെറ അപ്പോഴത്തെ സ്ഥിതി സ്മരിക്കുവാൻപോലും വയ്യ. ഇടി വെട്ടിയ മരംപോലെ പത്തു നിമിഷത്തോളം അദ്ദേഹം നിശ്ചഞ്ചലനായി നിന്നു. ഇങ്ങിനെയൊരു ക്ഷോഭം അതേവരെ ഒരാളിലും ഞാൻകണ്ടിട്ടില്ല.

അമ്മ തൽക്ഷണംതന്നെ ബോധരഹിതയായി വീട്ടിൽ ആകപ്പാടെ വലിയ ബഹളം. ആ കഥയൊന്നും വിചാരിച്ചുകൂട.

ദേ — വാലിയക്കാരും മററും ഉടൻതന്നെ ഈ സംഗതി മനസ്സിലാക്കി ഇല്ലേ? അന്നിതറിയാത്തവരായിട്ട് ഇവിടെ വല്ലവരുമുണ്ടായിരുന്നുവോ?

ജാ. കു — എങ്ങിനെ അറിയാതിരിക്കും? മറച്ചുവെച്ചാൽ മറയുന്ന സംഗതിയാണൊ ഇത്? നിമിഷംകൊണ്ടു പരസ്യമാവില്ലേ? അങ്ങിനെയുള്ള അവസരങ്ങളിൽ കരുതലോടെ പ്രവൃത്തിക്കുവാൻ മാത്രം മനസ്സിന്നു ക്ഷമയുണ്ടാകുമോ? വാലിയക്കാരനല്ല. ആരറിഞ്ഞാലും ശരി. തൽക്ഷണമുണ്ടായ ക്ഷോഭം അടക്കംചെയ്യാനസാദ്ധ്യം. അമ്മ മോഹാലസ്യപ്പെട്ടു വീണപ്പോൾ അവരെ വേണ്ടപോലെ ശുശ്രൂഷിക്കാൻ വ്യസനാധിക്യംനിമിത്തം എനിക്കു സാധിച്ചില്ല. ലീലയുടെ ഭാവി എന്തായിരിക്കുമെന്നു ഭയന്ന് ഞാൻ തന്നെ കുറെ നേരം അന്തം വിട്ടു നിന്നുപോയി.

ദേ — അമ്മയുടെ അസ്വാസ്ഥ്യം ജ്യേഷ്ഠത്തിയെ വളരെ പീഡിപ്പിച്ചിട്ടുണ്ടെന്നു ശരീരം നോക്കിയാൽ തന്നെ അറിയാം. ജ്യേഷ്ഠത്തി വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. വേണ്ട സമയത്തു ഞാനുപകരിക്കാഞ്ഞതിൽ വ്യസനിക്കുന്നു. ഞാനുണ്ടായിരുന്നുവെങ്കിൽ ജ്യേഷ്ഠത്തി തനിയെ ബുദ്ധിമുട്ടേണ്ടി വരില്ലായിരുന്നു.

ജാ. കു — തനിയെ അല്ല. ബാലയും, ഭദ്രയും ഇടക്കിടെ അന്വേഷിച്ചിരുന്നു. എന്തു ചെയ്യാനും അവർ സന്നദ്ധകളായിരുന്നു. പക്ഷെ ഞാനവരെ ഒന്നിന്നും അനുവദിച്ചിരുന്നില്ല. ഭദ്രയെ കണ്ടാൽ അവളെക്കൊണ്ടു വല്ല പ്രവൃത്തിയും എടുപ്പിക്കാൻ തോന്നുമൊ? എത്ര മെലിഞ്ഞ ശരീരം! സ്വന്തം കാര്യങ്ങൾ നിവ്വഹിക്കുവാൻ തന്നെ അവൾക്കു ശക്തിയില്ല. പിന്നെ ബാലയുടെ കാര്യമാണ്. എ

പ്പോഴം എഴുതിയും, വായിച്ചുമിരിക്കുന്ന അവളെ ബുദ്ധിമുട്ടിക്കുവാൻ എനിക്കിഷ്ടമില്ല. അച്ഛൻ പോയ ഉടനെ ചെറിയമ്മ വന്നു. ഞായറാഴ്ച മുതൽ ചൊവ്വാഴ്ച വരെ അവരിവിടെ താമസിച്ചു. അവരുടെ സഹവാസം അമ്മയ്ക്കു വളരെ സമാധാനമുണ്ടാക്കിയിരുന്നു. നാണിക്കുട്ടിഅമ്മയും വന്നിരുന്നു. വേണമെങ്കിൽ അവർ തന്നെ ഇവിടെ താമസിക്കാമെന്നും, അല്ല കുട്ടികളെ വല്ലവരേയും അയച്ചാൽ മതിയെന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യാമെന്നും, മററും പറഞ്ഞു.

ദേ—നാണിക്കുട്ടിയമ്മയ്ക്കു താമസിക്കാമായിരുന്നു. പക്ഷെ, അതിയായ വ്യസനമൊ, അപമാനമൊ തട്ടിയിട്ടുള്ള സമയത്തു സഹതപിക്കാനൊ, സമാധാനിക്കാനൊ പുറപ്പെടുന്നതു നിഷ്ഫലമാണ്. ആവക സമയങ്ങളിൽ ആരേയും കാണാതിരിക്കുന്നതാണ് ഭേദം. അതു വിചാരിച്ചിട്ടുതന്നെയായിരിക്കാം നാണിക്കുട്ടിയമ്മ താമസിക്കാതെ പോയത്. ഏതായാലും അയൽവാസികൾ നമ്മെ പരിഹസിക്കാറായി. 'വിധിവിഹിതമേവനും ലംഘിച്ചുകൂടമൊ' അല്ലെ? അതു വിചാരിച്ചു സമാധാനിക്കുക.

## നാല്പത്തെഴാമദ്ധ്യായം.

---

സാധാരണ എഴുത്തുകുത്തുകൾ നടത്തുന്ന കാൎയ്യത്തിൽ ബാലകൃഷ്ണമേനോൻ വ-ിയ അമാന്തക്കാരനാണെന്നു മുല്ലവളപ്പിൽ സൎവ്വൎക്കും അറിയാം. എന്നാൽ ഈ വക സന്ദൎഭങ്ങളിലെങ്കിലും അദ്ദേഹത്തിൻെറ ഉദാസീനതയെ ദൂരീകരിച്ച് കത്തയക്കുന്ന കാൎയ്യത്തിൽ അദ്ദേഹം കുറച്ചെങ്കിലും ജാഗ്രത വെക്കുമെന്നവർ വിചാരിച്ചിരുന്നു. സന്തോഷകരമായ വൎത്തമാനങ്ങളൊന്നും അറിയിക്കുവാനില്ലാത്തതുകൊണ്ടായിരിക്കാം കത്തയക്കാത്തതെന്നൊടുവിൽ സമാധാനിച്ചു. ര

ണ്ടായാലും സംശയാവസ്ഥയിൽ നിന്നു മോചനം ലഭിക്കുന്നതിന്നവർ മനഃപൂർവ്വം ആശിച്ചു.

വെള്ളിയാഴ്ച രാവിലത്തെ തപ്പാലിൽ വല്ല വർത്തമാനങ്ങളുമുണ്ടാകുമൊ എന്നറിയുവാൻ വേണ്ടി മാത്രം കാത്തിരുന്ന ഗോവിന്ദമേനോൻ തപ്പാൽ നോക്കിയ ഉടനെ പുറപ്പെട്ടു. വിക്രമമേനോനേയും, ലീലയേയും കോഴിക്കോട്ടു വെച്ചു കണ്ടതായി ശങ്കരമേനോന്റെ ഒരു വിശ്വസ്തമിത്രത്തിൽ നിന്നദ്ദേഹത്തിന്നറിവു കിട്ടുകയാൽ അദ്ദേഹവും, ബാലകൃഷ്ണമേനോനും, കോഴിക്കോട്ടേയ്ക്കു വന്നിരിക്കുന്നതായി ബാലകൃഷ്ണമേനോന്റെ എഴുത്തുണ്ടായിരുന്നതിനാൽ, ഗോവിന്ദമേനോൻ നേരിട്ടു കോഴിക്കോട്ടേക്കാണ് പോയത്. ബാലകൃഷ്ണമേനോനെ കഴിയും വേഗത്തിൽ മുല്ലവളപ്പിലേക്ക് അയക്കാമെന്നു ഗോവിന്ദമേനോൻ യാത്ര പറയുമ്പോൾ വാഗ്ദത്തം ചെയ്കതിനാൽ രുഗ്മിണിയമ്മക്കൊട്ടേറെ സന്തോഷവും സമാധാനവുമുണ്ടായി. ബാലകൃഷ്ണമേനോൻ, വിക്രമമേനോനുമായിട്ട് ദ്വന്ദ്വയുദ്ധത്തിലകപ്പെട്ടുമൃതി പ്രാപിക്കാതിരിക്കണമെങ്കിൽ ഒട്ടും താമസിക്കാതെ മടങ്ങിവരികയാണുത്തമമായ രക്ഷാമാർഗ്ഗം എന്നായിരുന്നു രുഗ്മിണിയമ്മയുടെ ബലമായ വിശ്വാസം.

ഗോവിന്ദമേനോൻ പോയിട്ടുള്ളതുകൊണ്ട് അതാതുദിവസത്തെ വിവരങ്ങളെല്ലാം ഇനി മുറക്കറിവുകിട്ടുമെന്നു ജാനുവും ദേവിയും നിശ്ചയിച്ചു. മരുമക്കൾക്കു തല്ക്കാലം തന്റെ സഹായം അത്യാവശ്യമാണെന്നു തോന്നുകയാൽ ശാരദാമ്മയും, കുട്ടികളും, കുറച്ചു ദിവസം മുല്ലവളപ്പിൽ താമസിക്കുവാൻ തീർച്ചപ്പെടുത്തി. ഗൃഹകൃത്യങ്ങളിൽ മരുമക്കളെ സഹായിച്ചും, വിശ്രമാവസരത്തിൽ പലേ നന്മകളും പറഞ്ഞവരെ സന്തോഷിപ്പിച്ചും, ശാരദാമ്മ അവൎക്കൊട്ടേറെ സമാധാനം നൽകി.

പാറുക്കുട്ടിയമ്മയും മൂരിയാട്ടുനിന്നു പലപ്പോഴും വന്നിരുന്നു. മക്കൾക്കാശ്വാസം നൽകി അവരെ ആമോദിപ്പി

ക്കാനാണ് തൻെറ ഈ യാത്രയെന്നു പാറുക്കുട്ടിയമ്മ പറഞ്ഞിരുന്നുവെങ്കിലും, അനുഭവം നേരെ വിപരീതമായിരുന്നു. അയമ്മ വരുമ്പോഴെല്ലാം വിക്രമമേനോൻെറ നടവടിദൂഷ്യത്തെ സംബന്ധിച്ച വല്ല പുതിയ വൎത്തമാനങ്ങളും കൊണ്ടുവരിക പതിവായിരുന്നതിനാൽ മടങ്ങി പോകാറാവുമ്പോഴ്ഴു മക്കളുടെ മുഖം പൂൎവ്വാധികം വാടിക്കാണാത്ത ദിവസം ദുൎല്ലഭമായിരുന്നു. മൂന്നു മാസം മുമ്പ് ആ ദിക്കുകാരുടെ ആരാധനദേവതയായിരുന്ന വിക്രമമേനോനെ ഇപ്പോൾ സൎവ്വരും ഐകകണ്ഠ്യേന ദൂഷിക്കുവാൻ തുടങ്ങിയിരിക്കുന്നു. അദ്ദേഹം കടം വീട്ടുവാനില്ലാത്ത കച്ചവടക്കാർ മുരിയാട്ടില്ല. അദ്ദേഹത്തെപ്പോലെ ഒരു ദുഷ്ടൻ ഈ ലോകത്തിൽ ജനിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ബാഹ്യമായ സ്വഭാവമാധുൎയ്യത്തെ ആരും വിശ്വസിച്ചിട്ടില്ല. എന്നും മററും പലരും പലതും പറഞ്ഞു തുടങ്ങി. ഈ ജനസംസാരം മുഴുവനും വിശ്വാസയോഗ്യമായിട്ടുള്ളതാണെന്നു ദേവിക്കു തോന്നിയില്ലെങ്കിലും ലീലയുടെ നാശത്തെക്കുറിച്ചവൾക്കുണ്ടായിരുന്ന വിശ്വാസം കുറെക്കൂടി പ്രബലമായി. ഇത്ര ദിവസം കഴിഞ്ഞിട്ടും ലീലയുടെ വൎത്തമാനം യാതൊന്നും അറിയാഞ്ഞുയാൽ ജാനു കൂടി ഭഗ്നാശയായി.

ഗോവിന്ദമേനോൻ പോയ പിറേറന്നാൾ തന്നെ ശാരദാമ്മക്കദ്ദേഹത്തിൻെറ എഴുത്തുണ്ടായിരുന്നു. "ഞാൻ ഇവിടെ എത്തിയ ഉടനെ തന്നെ ജ്യേഷ്ഠനെ അന്വേഷിച്ചു കണ്ടു. ഇപ്പോളദ്ദേഹം എൻെറയൊരുമിച്ചാണ് താമസിക്കുന്നത്. ഞാൻ വരുന്നതിന്നു മുമ്പു തന്നെ ജ്യേഷ്ഠൻ ലീലയെ പല സ്ഥലങ്ങളിലും അന്വേഷിച്ചിരിക്കുന്നു. അന്വേഷണം കൊണ്ടു തൃപ്തികരമായ ഫലമൊന്നുമുണ്ടായിട്ടില്ല. ഇപ്പോഴും യാതൊരു വീഴ്ചയും കൂടാതെ അന്വേഷണം മുറക്കു നടക്കുന്നുണ്ട്. തല്ക്കാലം മുല്ലവളപ്പിലേക്കു മടങ്ങിവരാൻ ജ്യേഷ്ഠന്നു തീരെ ഇഷ്ടമില്ല. വിക്രമമേനോന്നു ബന്ധുക്കളായിട്ടു വ

ല്ലവരും ഉണ്ടോ എന്നും ഉണ്ടെങ്കിൽ അദ്ദേഹത്തിൻെറ ഇപ്പോഴത്തെ ശുദ്ധനിവാസം ഏതു ദിക്കിലെന്നവക്കറിയുമൊ എന്നും അദ്ദേഹത്തിൻെറ സ്നേഹിതന്മാരോടന്വേഷിപ്പാനായി ചിലക്കെഴുതീട്ടുണ്ട്. ഇപ്പോളന്വേഷിക്കേണ്ടത് ഏതു വഴിക്കാണെന്ന് ഒരു വിവരവുമില്ല. ശങ്കരമേനോൻ ഈ കാൎയ്യത്തിൽ അദ്ദേഹത്തെക്കൊണ്ടാവുന്നതെല്ലാം ചെയ്യമെന്നു പൂൎണ്ണമായി വിശ്വസിക്കാം. എൻെറ ആലോചനയിൽ ഒരു സമയം വിക്രമമേനോൻെറ ബന്ധുക്കൾ ആരെല്ലാമെന്നും എവിടെയെല്ലാമുണ്ടെന്നും ദേവിയോടു ചോദിച്ചാൽ അറിയുമെന്നു തോന്നുന്നു. അതുകൊണ്ടവളോടു ചോദിച്ച് വിവരം മറുപടിയിൽ കാണിക്കണം.'' ഗോവിന്ദമേനോൻെറ എഴുത്തിലെ മുഖ്യഭാഗം ഇതായിരുന്നു.

ദേവിയോടിങ്ങിനെ ഒരന്വേഷണം ചെയ്യാനുള്ള കാരണമെന്തെന്നവൾക്ക ക്ഷണേന മനസ്സിലായി. മരിച്ചുപോയ മാതാപിതാക്കന്മാരല്ലാതെ വിക്രമമേനോന്നു വേറെ ബന്ധുക്കളുണ്ടോ എന്നു ദേവിക്കറിവില്ലാത്തതിനാൽ ഗോവിന്ദമേനോൻെറ അന്വേഷണത്തിന്നു ശരിയായ മറുപടി കൊടുപ്പാൻ അവൾക്ക സാധിച്ചില്ല. വിക്രമമേനോൻെറ സ്നേഹിതന്മാരിൽ വല്ലവരോടും ചോദിച്ചാൽ അധികവിവരം കിട്ടുവാൻ മാൎഗ്ഗമുണ്ട്. പക്ഷെ അതും ദൃഢമായി നിശ്ചയിച്ചുകൂട. എങ്കിലും ചോദിക്കേണ്ടതാവശ്യം എന്നായിരുന്നു ദേവിയുടെ അഭിപ്രായം.

ജാനു മുതലായവർ ഓരോ ദിവസവും കഴിച്ചു കൂട്ടിയതിന്നവിധമെന്നെഴുതുവാനശക്യം. തപ്പാൽവരേണ്ട സമയമാകുമ്പോഴക്ക ഓരോരുത്തരുടേയും പരിഭ്രമവും ഉൽക്കണ്ഠയും ശതഗുണീഭവിക്കും. തപ്പാൽ ശിപായി കത്തുകൾ മുഴവനും കൊടുത്തു കഴിയുന്നതുവരെ അവൎക്കുണ്ടായിരുന്ന അക്ഷമ വാചാമഗോചരമെന്നെ പറയാവു. അടുത്ത ദിവസത്തെ തപ്പാലിൽ ഗോവിന്ദമേനോൻെറ കത്തുണ്ടാവുമെന്നുള്ള വി

ശ്വാസത്തോടെ ദിവസേന അവർ സമാധാനിക്കും. ഗോവിന്ദമേനോൻെറ എഴുത്ത് രണ്ടാമതു കിട്ടുന്നതിന്നുമുമ്പായി ബാലകൃഷ്ണമേനോൻെറ മേൽവിലാസത്തിൽ ഒരെഴുത്തു വന്നു. അദ്ദേഹമവിടെ ഇല്ലാത്തവസരത്തിൽ വരുന്ന എഴുത്തുകളെല്ലാം പൊളിച്ചു നോക്കുവാൻ ജാനുവിനെ ഏല്പിച്ചിരുന്നതുകൊണ്ട് കത്തു കിട്ടിയ ഉടനെ അവൾ പൊളിച്ചു വായിച്ചു. കത്തു കേളുമേനോൻേറതായിരുന്നു. അദ്ദേഹത്തിൻെറ എഴുത്തിൽ വല്ല നേരമ്പോക്കുകളും ഉണ്ടാകാതിരിക്കില്ലെന്നു ദേവിക്കു തോന്നിയതിനാൽ അവൾ ആ എഴുത്തെടുത്ത് ഉറക്കെ വായിച്ചു.

പ്രിയമേറിയ മാതുല, ചെറുശ്ശേരി

. . . . . . .

മുണ്ടക്കാട്ടുനിന്നു ഇന്നലെ അയച്ച ഒരു കത്തുമൂലം മല്ലവളപ്പിലെ വത്തമാനമറിഞ്ഞതിവ വ്യസനിക്കുന്നു. അവിട്ടത്തെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാൻ ഞാനും കടപ്പെട്ടവനാണല്ലൊ. കാലാന്തരത്തിൽ പോലും വിസ്മരണീയമല്ലാത്ത ഒരു നിന്ദ്യകമ്മം ലീല ചെയ്തതാലോചിക്കുമ്പോൾ കോപമൊ താപമൊ ജാസ്തി എന്നു പറയുവാനസാദ്ധ്യം. അവിടക്കും അവിട്ടത്തെ മാന്യകുടുംബത്തിന്നും നേരിട്ടതായ ഈ അത്യാപത്തിൽ അമ്മാളുക്കുട്ടിയും ഞാനും നിർവ്യാജം പരിതപിക്കുന്നു. സന്താനങ്ങളുടെ ഏവംവിധങ്ങളായ കുത്സിതകമ്മങ്ങൾ ഒരു പിതാവിന്നു മമ്മഭേദകമായ വ്യഥയെ ഉണ്ടാക്കുമെന്നുള്ളതു തക്കമററ സംഗതിയാകുന്നു. അവിട്ടത്തെ ദുഃഖശമനത്തിന്നായി ഈ അവസരത്തിൽ എന്തു ചെയ്വാനും ഞാൻ സന്നദ്ധനാണെന്നു പ്രത്യേകിച്ചെഴുതേണ്ടതില്ലല്ലൊ. ഇതിനേക്കാൾ ഭേദം അവിട്ടത്തെ പുത്രി യമലോകം പ്രാപിക്കയായിരുന്നു എന്നു പറയുന്നതുകൊണ്ടു സുഖക്കേടു തോന്നാതിരിക്കാനപേക്ഷ. ഗഹണീയമായ ഈ പ്രവൃത്തിയോടുകൂടി താരതമ്മ്യപ്പെടുത്തി നോക്കുമ്പോൾ ലീലയുടെ മ

രണ്ണം കരനുഗ്രഹമായി വിചാരിക്കണം. അവിടുന്നു ലീലയെ ക്രമത്തിലധികം ലാളിച്ചു. തന്നിമിത്തം അവൾ മഹാ അധികപ്രസംഗിയായും തീൎന്നു. അവളെ സ്വച്ഛന്ദം നടക്കുവാനനുവദിക്കു നിമിത്തമാണവളിങ്ങിനെ ചപല ബുദ്ധിയായി തീൎന്നതെന്നൂഹിപ്പാൻ മാൎഗ്ഗമുള്ളതുകൊണ്ടു അമ്മാളുക്കുട്ടി പറയും പോലെ പുത്രിമാരുടെ പരിപാലനത്തിൽ അവിടക്കും അമ്മായിക്കുമുള്ള അജാഗ്രത അനാശാസ്യമായിട്ടുള്ളതാണെന്നു സമ്മതിക്കാതെ കഴിയില്ല. ഏതായാലും ഈ സംഭവം അത്യന്തം ശോചനീയമായിട്ടുള്ളതാണെന്നുള്ള എന്റെ അഭിപ്രായത്തോടുകൂടി അമ്മാളുക്കുട്ടി മാത്രമല്ല കാൎത്ത്യായനി വലിയമ്മയും മകളും യോജിക്കുന്നുണ്ട. എഴുത്തു കിട്ടിയ ഉടനെ വിവരം മുഴുവനും ഞാനവരെ അറിയിച്ചു. ഒരു പുത്രിയുടെ ദുൎന്നടപ്പു മററുള്ളവരുടെ പരിശുദ്ധജീവിതത്തിനുകൂടി കളങ്കം ചേൎക്കില്ലയൊ എന്നും അവരുടെ ഭാഗ്യത്തിന്നു ഒരു തടസ്ഥമായി പരിണമിക്കാമെന്നും എന്നെപ്പോലെ തന്നെ വലിയമ്മക്കും ഭയമുണ്ട്. വലിയമ്മ പറയുംപോലെ ഇങ്ങിനെയുള്ളൊരു കുടുംബവുമായി ചാൎച്ചക്കും വേഴ്ചക്കും അല്പമെങ്കിലും മൎയ്യാദയുള്ളവർ ആശിക്കുമൊ? കഴിഞ്ഞ വൃശ്ചികമാസത്തിലുണ്ടായ ഒരു സംഗതിയെക്കുറിച്ചെനിക്കിപ്പോൾ അനിൎവ്വചനീയമായ കൃതാൎത്ഥതയുണ്ട്. അന്ന് ആ കാൎയ്യം നടന്നിരുന്നുവെങ്കിൽ ഇന്ന് ഈ വ്യസനാപമാനങ്ങൾക്കു ഞാനും തുല്യാവകാശിയായി പരിണമിക്കുമായിരുന്നില്ലെ? ഏതായാലും വന്നതു വന്നു. ഇനി വ്യസനിച്ചിട്ടു ഫലമില്ല. അവിടത്തെ നിഷ്കളങ്കമായ വാത്സല്യത്തിന്നു തീരെ അനൎഹയായ പുത്രിയെച്ചൊല്ലി ഒട്ടും തന്നെ കുണ്ഠിതത്തിന്നവകാശമില്ല. "പുകഞ്ഞ കൊള്ളി പുറത്ത്" എന്നല്ലെ പറയുക. അതുകൊണ്ടീ കാൎയ്യം വിചാരിച്ചു വ്യസനിക്കാതിരിപ്പാനപേക്ഷ. ലീലയുടെ അവിവേകമായ പ്രവൃത്തിയുടെ ഫലം അവൾക്കു തന്നെ അനുഭവമാകും. "നാമിങ്ങു

ചെയ്യുന്നതിനൊത്ത കൂലി നമ്മൾക്കു നൽകും ജഗതാമധീശൻ". വിവരങ്ങൾക്കെല്ലാം അവിടുത്തെ സൌകര്യംപോലെ മറുപടിക്കപേക്ഷ. എന്ന്,

പ്രിയമേറിയ മാതുലനു, സ്വന്തം യം. വി. കേളു.

ശങ്കരമേനോൻ ചില അന്വേഷണങ്ങൾ ചെയ്തു് വിവരം ഗോവിന്ദമേനോനെ അറിയിച്ചതിന്നു ശേഷമാണ് ഗോവിന്ദമേനോൻ രണ്ടാമതു ശാരദാമ്മക്കെഴുതിയതു്. ഈ എഴുത്തിൽനിന്നും ലീലയെ സംബന്ധിച്ചേടത്തോളം പൂർവ്വാധികം യാതൊന്നും അറിവായില്ല. എങ്കിലും വിക്രമമേനോൻെറ പരമാർത്ഥം കുറെക്കൂടി വെളിവായി. ലീലയുടെ ബന്ധുക്കൾ അന്വേഷിക്കുമെന്നുള്ള ഭയംകൊണ്ടു മാത്രമല്ല അദ്ദേഹം ഇങ്ങിനെ ഒളിഞ്ഞു നടക്കുന്നത്. ശീട്ടുകളി, പാശികളി, മദ്യപാനം മുതലായവകൊണ്ടദ്ദേഹം മൂക്കോളം കടത്തിൽ മുങ്ങിയിരിക്കുന്നു എന്നുള്ള വൃത്താന്തം നാടെങ്ങും പരസ്യമായിരിക്കുന്നു. കോഴിക്കോട്ടുള്ള കടം വീട്ടുവാൻ തന്നെ ഏകദേശം ആയിരത്തിഅഞ്ഞൂറുറുപ്പികയോളം വേണ്ടിവരും. അവിടേയും പുറമെ പല ദിക്കിലുമായി അദ്ദേഹം വീട്ടുവാനുള്ള കടസംഖ്യ നിസ്സാരമായിട്ടുള്ളതല്ല. ഈ വർത്തമാനങ്ങൾ യാതൊന്നും ഗോപനം ചെയ്യാതെ ഗോവിന്ദമേനോൻ വിശദമായി എഴുതിയിരുന്നു. എഴുത്തു വായിച്ചവസാനിച്ചപ്പോൾ ജാനു വല്ലാതെ നടുങ്ങി. 'മദ്യപാനിയൊ? ജഗദീശാ! ഇതു വിചാരിച്ചിട്ടേ ഇല്ല. തീരെ ഒക്കാത്തതാകുന്നു.' എന്നവൾ സങ്കടത്തോടെ പറഞ്ഞു. അടുത്തദിവസം തന്നെ ബാലകൃഷ്ണമേനോൻ മുല്ലവളപ്പിൽ എത്തുന്നതാണെന്നു കൂടി ഗോവിന്ദമേനോൻെറ എഴുത്തിൽ പ്രസ്താവിച്ചിരുന്നു.

ബാലകൃഷ്ണമേനോൻെറ അന്വേഷണം മുഴുവനും വ്യർത്ഥമായതിനാലദ്ദേഹം ഭഗ്നാശയനായി. അതുകാരണം മേലിൽ വേണ്ടുന്നന്വേഷണങ്ങൾ ചെയ്യാനുള്ള ഭാരം ത

ന്നിൽ ചുമത്തി ബാലകൃഷ്ണമേനോൻ മടങ്ങിപ്പോകണമെന്നു ള്ള ഗോവിന്ദമേനോൻെറ അപേക്ഷയെ അദ്ദേഹം നിസ്സങ്കോചം സ്വീകരിച്ചു. ബാലകൃഷ്ണമേനോൻെറ ജീവാപായത്തെക്കുറിച്ചു ഭയന്നിരുന്ന രുഗ്മിണിയമ്മ ഈ വർത്തമാനം കേട്ടാൽ സന്തോഷിക്കാതിരിക്കില്ലെന്നു ജാനുവിന്നും ദേവിക്കും തോന്നാനിടയുണ്ട്. പക്ഷെ അവർ പ്രതീക്ഷിക്കുന്നതുപോലെയുള്ള ചാരിതാർത്ഥ്യം രുഗ്മിണിയമ്മക്കുണ്ടായില്ല. 'എന്ത്, ലീലയില്ലാതെ അദ്ദേഹം മാത്രം മടങ്ങിവരികയൊ? നല്ല കാര്യം. അദ്ദേഹം വന്നാൽ പിന്നെ ആരാണവളെ അന്വേഷിക്കാൻ? വിക്രമമേനോനെക്കൊണ്ടവളെ സംബന്ധം തുടങ്ങിക്കണ്ടെ? അതാരു ചെയ്യും?' എന്നാണ് ബാലകൃഷ്ണമേനോൻെറ മടക്കത്തെക്കുറിച്ചു കേട്ടപ്പോൾ രുഗ്മിണിയമ്മ പറഞ്ഞത്.

ബാലകൃഷ്ണമേനോൻ വന്ന ദിവസം തന്നെ ശാരദാമ്മയും കുട്ടികളും കോഴിക്കോട്ടയ്ക്കു പോയി. പത്മാലയത്തിൽ താമസിക്കുന്ന മധ്യ്യ ദേവിയേയും ശ്രീധരൻ നമ്പ്യാരേയും കുറിച്ചു ചില സംശയങ്ങൾ ശാരദാമ്മയുടെ ഹൃദയത്തിൽ അങ്കുരിച്ചിട്ടുണ്ടായിരുന്നു. ആ സംശയങ്ങൾക്കിനിയും യാതൊരു നിവൃത്തിയും കിട്ടാതെ വിഷമാവസ്ഥയിലാണ് അയമ്മ സ്വഗൃഹത്തിലേക്കു മടങ്ങിയത്. അമ്മയുടെ സമക്ഷത്തിൽ ശ്രീധരൻ നമ്പ്യാരുടെ നാമധേയം ദേവി ഒരിക്കലും ഉച്ചരിച്ചിട്ടില്ല. അവർ മുല്ലവളപ്പിൽ എത്തുമ്പോഴക്കു നമ്പ്യാരുടെ എഴുത്തും അവരുടെ പിന്നാലെത്തന്നെയുണ്ടാവുമെന്ന് പത്മാലയം വിട്ടപ്പോൾ ശാരദാമ്മ വിചാരിച്ചിരുന്നു. എന്നാൽ അയമ്മയുടെ വിചാരം പിഴച്ചുപോയി. അവർ വന്നതിന്നുശേഷം പത്മാലയത്തിൽ നിന്നൊ, സമീപസ്ഥലങ്ങളിൽ നിന്നൊ, ദേവിക്ക് ഒരെഴുത്തുമുണ്ടായിരുന്നില്ല. കുറച്ചു ദിവസമായി ദേവിയിൽ അസാധാരണമായ നിരുത്സാഹം വ്യക്തമായി കാണുന്നുണ്ട്. എന്നാൽ അതിന്നു മുല്ലവളപ്പി

ലെ ആധുനികാവസ്ഥതന്നെ മതിയായിട്ടുള്ള കാരണമാകയാൽ ആ വഴിക്കു വല്ലതും ആരാഞ്ഞറിഞ്ഞു സംശയനിവൃത്തി വരുത്തുവാനും അയമ്മക്കു തരമില്ലാതെയായി.

ശ്രീധരൻ നമ്പ്യാരായിട്ടിങ്ങിനെ ഗാഢപരിചയമില്ലായിരുന്നുവെങ്കിൽ ലീലയുടെ പ്രവൃത്തി ഇത്രമാത്രം ദുസ്സഹമായി തോന്നില്ലായിരുന്നുവെന്ന് സ്വഹൃദയപരിശോധന ചെയ്തപ്പോൾ ദേവിക്കു പൂൎണ്ണബോദ്ധ്യം വന്നു. ഇപ്പോളനുഭവിക്കുന്ന സങ്കടം കാൽവാശിയെങ്കിലും ചുരുങ്ങുമായിരുന്നു എന്നവൾ വിചാരിച്ചു.

ബാലകൃഷ്ണമേനോന്റെ സഹജമായ പ്രശാന്തഗംഭീരത അദ്ദേഹം മടങ്ങിവന്നപ്പോഴും സുസ്ഥിരമായി തന്നെ ഇരുന്നു. സ്വതേ അല്പഭാഷിയായ അദ്ദേഹം ഇപ്പോഴും അതേ സ്ഥിതിയിൽ തന്നെ ഇരുന്നു. പോയ കാൎയ്യത്തെക്കുറിച്ചു യാതൊന്നും ശബ്ദിച്ചതേ ഇല്ല. അതിനെപ്പററി അദ്ദേഹത്തോടു സംസാരിപ്പാൻ പുത്രിമാരാരും വളരെ നേരത്തേക്കു ധൈൎയ്യപ്പെട്ടതുമില്ല. ഉച്ചതിരിഞ്ഞ് എല്ലാവരും കൂടി ചായ കഴിക്കാനിരുന്നപ്പോൾ ഒരുവിധം ധൈൎയ്യമവലംബിച്ച്—

ദേ—അച്ഛൻ വളരെ ബുദ്ധിമുട്ടി. ഇല്ലേ? ലീലയെക്കണ്ടില്ലല്ലെ? അച്ഛൻ ബുദ്ധിമുട്ടിയതു മാത്രം ശേഷിച്ചു.

ബാ-കൃ-മേ:—അതിനെപ്പററിയൊന്നും പറയേണ്ട. ആ കാൎയ്യം സ്മരിക്കുമ്പോൾ എനിക്കെന്തെല്ലാമൊ തോന്നുന്നു. ഞാൻ ബുദ്ധിമുട്ടേണ്ടവനല്ലേ. എന്റെ അശ്രദ്ധയാണിതിന്നു മുഖ്യകാരണം. അതിന്റെ ഫലം ഞാൻതന്നെ അനുഭവിക്കാതെ കഴിയുമൊ? നിശ്ചയമായും അനുഭവിക്കണം.

ദേ:—അയ്യോ! ഇങ്ങിനെ പറയരുതെ. ലീലയുടെ ദുസ്സാമൎത്ഥ്യത്തിന്നു അച്ഛനൊ തെററുകാരൻ?

ബാ-കൃ-മേ:—ഞാൻതന്നെ തെററുകാരൻ. അന്നു നിന്റെ വാക്കു ഞാൻ വിലവെച്ചില്ല. നിന്റെ അപേക്ഷയെ ഉ

പേക്ഷിച്ച് ഞാൻ ലീലക്ക പോകുവാൻ സമ്മതം കൊടു ത്തില്ലേ? അതിന്നുള്ള ശിക്ഷയാണിത്. കാൎയ്യങ്ങളുടെ ഗു ണദോഷമാലോചിക്കാതെ പലപ്പോഴും കുണ്ടിൽ ചാടു ന്നതു മനുഷ്യരുടെ സ്വാഭാവികമായ ദോഷമാണ്. ആ ലോചനകൂടാതെ വല്ലതും പ്രവൃത്തിച്ചാലുണ്ടാകാവുന്ന ഫ ലം ഞാൻ ഒരിക്കലെങ്കിലും അനുഭവിക്കേണ്ടതാവശ്യംത ന്നെ. എൻെറ ഈ വിഷാദം ദീൎഗ്ഘകാലം നിലനിൽക്കു മെന്നു ഭയമില്ല. ഇതെല്ലാം നാലുദിവസത്തിന്നുള്ളിൽ മാ ഞ്ഞുപോകും.

ദേ:—അവർ കോഴിക്കോട്ടുതന്നെ ഉണ്ടെന്നാണൊ അച്ഛ ൻെറ അഭിപ്രായം?

ബാ-കൃ-മേ:—അതെ. അല്ലാതെവിടെ പോകുന്നു?

ദേ:—കോഴിക്കോട്ടു താമസിക്കണമെന്നു ലീല വളരെ ആഗ്ര ഹിച്ചിട്ടുണ്ട്.

ബാ-കൃ-മേ:—(നീരസത്തോടെ) ഉവ്വൊ? എന്നാലവളുടെ ആഗ്രഹം ഇപ്പോൾ സാദ്ധ്യമായല്ലൊ. ഇനികുറച്ചുകാലം അവിടെ സുഖമായി താമസിക്കാം:—കുറച്ചുനേരം മൌന മവലംബിച്ചിരുന്ന ശേഷം വീണ്ടും—ദേവീ, കഴിഞ്ഞമേട ത്തിൽ നീപറഞ്ഞതു കുറിക്കുകൊണ്ടപോലെ ഫലിച്ചു. ദേ വിയുടെ ബുദ്ധിശക്തി ബഹുമാനിക്കപ്പെടേണ്ടതുതന്നെ. ഈ സംഭവം ചിലൎക്ക് ചിലതു പഠിപ്പിച്ചു. എനിക്കു ദേവി യോളംകൂടി ആലോചനയില്ലാതെവന്നുവല്ലൊ. ആക പ്പാടെ നല്ലകോലാഹലംതന്നെ. നമ്മൾക്കിത് അപമാ നകരമായി പരിണമിച്ചുവെങ്കിലും മററു ചിലൎക്ക് സന്തോ ഷസുഖങ്ങൾ നൽകുന്നുണ്ടല്ലൊ. അതുതന്നെ ആശ്വാസ കരമല്ലേ? എൻെറ മൌഢ്യം വളരെ വേഗത്തിൽ നീ ങ്ങും, നാളെമുതൽക്കുതന്നെ കടലാസ്സുകളും പുസ്തകങ്ങളുമാ യി എൻെറ വായന മുറിയിൽ കൂടും. ഒരു സമയം അത് ഭ്രയുടെ ഓട്ടംകൂടി കഴിഞ്ഞിട്ടു മതിയൊ എന്നും വിചാര മുണ്ട്.

ഭദ്ര:—എൻേറയോ? അച്ഛാ! ഞാനോടിപ്പോകയോ? അതൊരിക്കലുമുണ്ടാവില്ല. വല്ലദിക്കിലും പോയാൽ ലീലയെപ്പോലെയൊന്നും ഞാൻ ചെയ്യില്ല.

ബാ-കൃ-മേ:—ഉം. നീപോകും. മതിമതി. ഒരാൾ പോയതു തന്നെ ധാരാളംമതി. ആയിരംപവൻ തരാമെന്നൊരാൾ പറഞ്ഞാൽകൂടി നിന്നെ ഞാനൊരു ദിക്കിലേക്കും അയക്കില്ല. ലീല നല്ലൊരു പാഠംപഠിപ്പിച്ചു. അതിൻെറ ഫലം നിനക്കാണനുഭവമാവുക. മേലിൽ ഒരു ഉദ്യോഗസ്ഥന്മാരും മുല്ലവളപ്പിലെ പടികടക്കില്ല. നിങ്ങളുടെ പാട്ടും, കളിയും സദിരും! ഇനി ഇവിടെ സംഗീതമേ കേട്ടുകൂട. ജ്യേഷ്ഠത്തിമാരില്ലാതെ മേലിൽ നീ ഇവിടെ നിന്നനങ്ങുവാൻ പാടില്ല. ഒരു സദിരിന്നും പൊയ്ക്കൂട. ദിവസം പത്തു നിമിഷമെങ്കിലും നീ മര്യാദക്കാരിയായിരുന്നിട്ടുണ്ടെന്നു എനിക്കു തെളിവുതരുന്നതുവരെ ഈ പടിക്കു പുറത്തു കാൽവെക്കുവാൻ സമ്മതിക്കില്ല.

ഇതെല്ലാം ബാലകൃഷ്ണമേനോൻ ഗൌരവമായി പറകയാണെന്നു വിചാരിച്ച് ഭദ്ര കരയുവാൻ തുടങ്ങി.

ബാ-കൃ-മേ:—അല്ലാ, ഭദ്ര കരയുകയാണൊ? എന്തിന്നു കരയുന്നു? വേണ്ടവേണ്ടാ, കരയേണ്ട, നീ മര്യാദസ്ഥയായിരുന്നാൽ വരുന്ന മലബാർജില്ലായോഗത്തിന്നു നിന്നെ കൊണ്ടുപോകാം.

## നാല്പത്തെട്ടാമദ്ധ്യായം.

ബാലകൃഷ്ണമേനോൻ മുല്ലവളപ്പിൽ എത്തിയിട്ട് ദിവസം രണ്ടുകഴിഞ്ഞു. മൂന്നാംദിവസം രാവിലെ ജാനുവും ദേവിയും കൂടി വീട്ടിൻെറ പിൻവശത്തുള്ളചെറിയതോട്ടത്തിൽ അവർ വെച്ചുപിടിപ്പിച്ചിട്ടുള്ളതായ ചില ചെടികളുടെ ഇടയിൽനിന്നു കളകൾ പറിച്ചിരിക്കുന്ന മദ്ധ്യേ അവരുടെ

ദാസി നാരായണി അവൾക്കഭിമുഖമായി വരുന്നതുകണ്ടു. നാരായണി മാതാവിൻെറ നിയോഗത്താൽ വരികയായിരിക്കാമെന്നു വിചാരിച്ച് അവർ എഴുനീററു മുമ്പോട്ടുനടന്നു. ഇവരുടെ സമീപമെത്തിയ ഉടനെ—

നാ:—എന്താണ് എഴുത്തിലെ വൎത്തമാനം. ലീലയെ കണ്ടുവൊ? അതറിയാനാണ് ഞാൻ നിങ്ങളെ തിരഞ്ഞുവന്നത്. ദേഷ്യപ്പെടരുതെ.

ജാ-കു:—എഴുത്തൊ എന്തെഴുത്ത്? ആരുടെ എഴുത്ത്? ഞങ്ങളൊന്നുമറിഞ്ഞില്ല.

നാ:—(ആശ്ചൎയ്യസമേതം—) അറിഞ്ഞില്ലെ? ഇന്നുകോഴിക്കോട്ടിന്നു ഒരെഴുത്തുണ്ടായിരുന്നത്രെ. മേനോൻെറ എഴുത്ത്. അടിയന്തരമാണെന്നു കേട്ടു. ശിപായി വന്നുപോയിട്ടു കുറെ നേരമായി.

നാരായണിയുടെ വാക്കുകൾ മുഴുവനും കേൾക്കുന്നതിനുമുമ്പുതന്നെ ജാനുവും ദേവിയും ശ്വാസംവിടാതെ വീട്ടിലേക്കോടി. പൂമുഖംകടന്ന് തെക്കിനിയിലൂടെ അവർ വളരെ വേഗത്തിൽ ബാലകൃഷ്ണമേനോൻെറ മുറിയിൽ പ്രവേശിച്ചു. അവിടെയെങ്ങും അദ്ദേഹത്തെ കാണായ്കയാൽ ഒരു സമയം മുകളിൽ രുഗ്മിണിയമ്മയുടെ സമീപത്തായിരിക്കുമെന്നു വിചാരിച്ചവർ അങ്ങോട്ടോടുന്നവസരത്തിൽ വെപ്പുകാരൻ വേലു "മൂപ്പരെ അന്വേഷിച്ചിട്ടാണെങ്കിൽ മോളിലയ്ക്കു പോണ്ട. അദ്ദേഹം ഇവിടെ ഇല്ല. തെക്കേതോട്ടത്തിലേക്കു പോയിരിയ്ക്കുന്നു" എന്നു പറഞ്ഞു വന്ന വഴിയെത്തന്നെ അവർ തിരിച്ചോടി. തെക്കേ തോട്ടത്തിലേക്കു പോകുന്ന പിതാവിൻെറ ഒരുമിച്ചെത്തുവാനുള്ള ബദ്ധപ്പാടുനിമിത്തം രണ്ടാളും തിരിഞ്ഞുനോക്കാതെ പാഞ്ഞു. ജാനുവിൻെറ ശരീരം ദേവിയുടേതിനേക്കാൾ കുറെ സ്ഥൂലിച്ചതാകയാലും, ദേവിയേപ്പോലെ തന്നെ ജാനുവിന്നോടുവാൻ ശീലമില്ലാത്തതുകൊണ്ടും ഓട്ടത്തിൽ ജാനു പരാജിതയായി. ജാനുവിനെ പിന്നിലിട്ട് ദേ

വി കുതിച്ചോടി ക്ഷണത്തിൽ ബാലകൃഷ്ണമേനോൻറയൊരു മിച്ചെത്തി. അദ്ദേഹത്തിൻെറ സമീപമെത്തിയ ഉടനെ—

ദേ—(കിതച്ചുംകൊണ്ടു) അച്ഛാ! അച്ഛാ! എന്താന്നടിയന്ത രവത്തമാനം? സന്തോഷകരമായിട്ടുള്ളതോ? അമ്മാമൻെറ എഴുത്തല്ലേ? എന്താണെഴുതിയിരിക്കുന്നത്? കോഴിക്കോട്ടു നിന്നു തന്നെയല്ലേ?

ബാ-കൃ-മേ—അതെ; കോഴിക്കോട്ടുനിന്നുതന്നെ.

ദേ—എന്താണച്ഛാ വത്തമാനം? സന്തോഷിക്കത്തക്കതല്ലേ?

ബാ-കൃ-മേ—സന്തോഷിക്കത്തക്കതോ? ഏതു വിധമായാലും ഈ കാൎയ്യത്തിൽ എത്രതന്നെ സന്തോഷിക്കാം? എത്രത ന്നെ സന്തോഷമുണ്ടാവാം? ഇതാ; എഴുത്തിതാ. വായി ച്ചുനോക്കു.

ദേവി അത്യാശയോടെ അച്ഛൻെറ കയ്യിൽനിന്ന് എ ഴുത്തുവാങ്ങി. അപ്പോഴയ്ക്കു ജാനുവും എത്തി. ബാലകൃഷ്ണമേ നോൻ 'ദേവീ, എഴുത്ത് ഉറക്കെ വായിയ്ക്കു. ഞാനും കേൾ ക്കട്ടേ. ഞാനൊരിക്കൽ വായിച്ചിരിക്കുന്നു. പക്ഷേ എന്തെ ല്ലാമാണെന്നോൎമ്മയില്ല. അതുകൊണ്ടുറക്കെ വായിയ്ക്കു' എന്നു പറഞ്ഞു. അച്ഛൻെറ കല്പനയനുസരിച്ചു ദേവി എഴുത്ത് ഉറ ക്കെ വായിച്ചു.

കോഴിക്കോട്

ശ്രീ

ലീലയെ സംബന്ധിച്ച് ഏതാനും വിവരങ്ങൾ ഇ പ്പോഴെങ്കിലും അറിയിക്കുവാൻ സാധിച്ചതിൽ സന്തോഷി ക്കുന്നു. ഈ കത്തു കിട്ടിയാൽ ജ്യേഷ്ഠനും മററും ഒരു വിധം മ നസ്സമാധാനമുണ്ടാകുമെന്നു വിശ്വസിക്കുന്നു. ജ്യേഷ്ഠൻ ശ നിയാഴ്ച ഇവിടെനിന്നു പോയ ഉടനെത്തന്നെ ലീല താമ സിക്കുന്ന സ്ഥലം ഭാഗ്യവശാൽ എനിക്ക് അറിവാൻ സാ ധിച്ചു. വിവരം മുഴുവനും മുഖദാവിൽ കാണുമ്പോൾ വിസ്തരി ച്ചു പറയാം. അവരെ കണ്ടെത്തി എന്നു മാത്രമേ ഇപ്പോൾ

പറയുന്നുള്ളു. "ശരിഎൻെറ ഊഹംപോലെത്തന്നെ എല്ലാം ക ലാശിച്ചിട്ടുണ്ടാവും" എന്ന് ഈ അവസരത്തിൽ ജാനു പറ ഞ്ഞു. ദേവി വീണ്ടും വായന തുടൎന്നു—ഞാൻതന്നെ അവ രെ രണ്ടാമതേയും കണ്ടു. ലീലയെ വിവാഹം കഴിക്കുവാനുള്ള ഉദ്ദേശം അദ്ദേഹത്തിന്നുണ്ടെന്നു തോന്നുന്നില്ല. ഞാൻ വിക്ര മമേനോനുമായി ചില സംഗതികളെല്ലാം സംസാരിച്ചിട്ടു ണ്ട്. ജ്യേഷ്ഠനും അതിന്നനുകൂലിക്കുന്ന പക്ഷം വിവാഹം താ മസിയാതെ നടത്താമെന്നാണെൻെറ അഭിപ്രായം. ജ്യേ ഷ്ഠൻ ചെയ്യേണ്ടതു ഇത്രമാത്രമാണ്. ജ്യേഷ്ഠൻേറയും ജ്യേഷ്ഠ ത്തിയുടേയും മരണാനന്തരം നിങ്ങളുടെ സ്വത്തിന്നു മററു പുത്രിമാരെപ്പോലെ ലീലക്കും തുല്യാവകാശമുണ്ടെന്നു ഉറപ്പി ക്കണം. ജ്യേഷ്ഠൻെറ മരണംവരെ കൊല്ലംതോറും അവൎക്കു നൂററമ്പതുറുപ്പികയും കൊടുക്കണം. അതായതു രണ്ടായിരം ഉറുപ്പികയുടെ പലിശ കിട്ടണം. സംഗതികളെല്ലാമാലോചി ച്ചുനോക്കിയപ്പോൾ ജ്യേഷ്ഠൻ ഇതിന്നു വിപരീതം പറയി ല്ലെന്നു തോന്നിയതിനാൽ ഞാൻ അനുകൂലമായിത്തന്നെ മ റുവടി പറഞ്ഞു. ജ്യേഷ്ഠന്നു വിരോധമുണ്ടാവില്ലെന്നുറപ്പായി വിശ്വസിക്കുന്നു. മറുവടി ഉടൻതന്നെ കിട്ടണമെന്നുദ്ദേശിച്ചാ ണ് ഇത്ര അടിയന്തരമായി എഴുതുന്നത്. അതുകൊണ്ടു മട ക്കത്തപ്പാലിൽതന്നെ മറുവടി അയക്കുവാനപേക്ഷ. നമ്മൾ വിചാരിച്ചിരുന്നപോലെ വിക്രമമേനോൻെറ സ്ഥിതി മോശ മായിട്ടുള്ളതല്ല. ജനങ്ങൾ എന്തെല്ലാമോ തെററിദ്ധരിച്ചു പ റഞ്ഞതാണെന്നു തോന്നുന്നു. അദ്ദേഹത്തിൻെറ കടം മുഴുവ നും വീട്ടിയാൽ പിന്നേയും ബുദ്ധിമുട്ടുകൂടാതെ നിത്യവൃത്തി ക ഴിച്ചുകൂട്ടുവാൻ മാൎഗ്ഗമുണ്ടെന്നു സന്തോഷസമേതമറിയിക്കുന്നു. മേൽനിശ്ചയപ്രകാരം ചെയ്യുവാൻ ജ്യേഷ്ഠന്നു സമ്മതമാ ണെങ്കിൽ വിവരം കഴിയുന്നവേഗത്തിൽ അറിയിക്കുന്നതാ വശ്യം. പിന്നീടു വേണ്ടതെല്ലാം ഞാൻ പ്രവൎത്തിച്ചോളാം. ജ്യേഷ്ഠൻ ബുദ്ധിമുട്ടി ഇങ്ങോട്ടു വരണമെന്നില്ല. ലീലയുടെ

വിവാഹം ഇവിടെത്തന്നെവെച്ച നടത്തണമെന്നാണ് എന്റെ ആഗ്രഹവും തീച്ചയും. നിങ്ങൾക്കാക്കും അതിന്നു വിസമ്മതമുണ്ടാവില്ലെന്നു ദൃഢമായി വിശ്വസിക്കുന്നു. വിവാഹം രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇനി ഞാൻ ചെയ്യേണ്ടും വിവരങ്ങൾക്കും മററും മടക്കത്തപ്പാലിൽതന്നെ മറുവടിക്കപേക്ഷ.

എന്ന് സ്വന്തം ഗോവിന്ദൻകുട്ടി.

എഴുത്തു വായിച്ചവസാനിച്ച ഉടനെ—

ദേ—ഇതുണ്ടാകുമോ? അദ്ദേഹം ലീലയെ വിവാഹം ചെയ്യുമോ?

ജാ. കു—നമ്മൾ വിചാരിച്ചപോലെ നിന്ദ്യനല്ല വിക്രമമേനോൻ. കുറച്ചൊക്കെ മയ്യാദയുണ്ട്. അച്ഛന്റെ ബുദ്ധി മുട്ട കുറെ ചുരുങ്ങിയല്ലോ.

ദേ—മറുപടി അയച്ചില്ലേ, അച്ഛാ?

ബാ. കൃ. മേ—ഇല്ല. വേഗത്തിൽ അയക്കണം.

ദേ—എന്നാലിനി ഒട്ടും താമസിക്കരുതേ. തപ്പാൽകെട്ടുവാൻ അധികം നേരമില്ല. ഈ അവസരത്തിൽ ഓരോ നിമിഷവും എത്രമാത്രം വിലയുള്ളതാണെന്നു പറഞ്ഞാലാവില്ല. "ശുഭസ്യശീഘ്രം" എന്നു പറയുന്നതു ഈ വക കാൎയ്യങ്ങൾക്കാണ്. അച്ഛന്റെ മറുപടിക്കു താമസം നേരിട്ടാൽ അമ്മാമനും മററും എന്തു വിചാരിക്കും? പോവുക. വീട്ടിലേക്കു മടങ്ങുക.

ജാ. കു—അച്ഛന് എഴുതുവാനിഷ്ടമില്ലെങ്കിൽ വേണ്ട. ഞാനെഴുതാം. അച്ഛൻ ഒപ്പിട്ടാൽ മതി.

"എനിക്ക് അശേഷം ഇഷ്ടമില്ല. എങ്കിലും, കൂടാതെ കഴിയില്ലല്ലോ" എന്നു പറഞ്ഞ് ബാലകൃഷ്ണമേനോൻ പുത്രിമാരൊന്നിച്ച മടങ്ങി.

ദേ—അച്ഛാ, അമ്മാമന്റെ എഴുത്തിൽ പ്രസ്താവിച്ചിട്ടുള്ള നിശ്ചയങ്ങൾക്കനുകൂലമായിത്തന്നെയല്ലേ മറുപടി അയക്കുന്നത്?

ബാ. കൃ. മേ—അതെ. ഇത്ര കുറച്ചുമാത്രമല്ല വിക്രമമേനോൻ ചോദിച്ചുള്ളു എന്നാണെനിക്കത്ഭുതം.

ദേ—ലീലയുടെ വിവാഹം നടത്താതെ നിവൃത്തിയില്ല. അദ്ദേഹമോ ഇങ്ങിനെയുള്ളൊരു മനുഷ്യനും!

ബാ. കൃ. മേ—ഏതായാലും വിവാഹം നടത്താതെ നിവൃത്തിയില്ല. ഇതിൽ രണ്ടു സംഗതികൾ അറിയേണ്ടതായിട്ടുണ്ട്. ഒന്നാമത് ഇതിങ്ങിനെ കലാശിപ്പിക്കാൻ ഗോവിന്ദൻകുട്ടി എത്ര പണം ചിലവാക്കിയിട്ടുണ്ടെന്നും, രണ്ടാമതു ഏതൊരു വിധത്തിലാണ് ആ കടം വീട്ടേണ്ടതെന്നും.

ജാ. കു—അമ്മാമൻ പണം ചിലവാക്കുകയോ? അച്ഛൻ ഇതെങ്ങിനെയറിഞ്ഞു. കത്തിലൊന്നും പ്രസ്താവിച്ചിട്ടില്ലല്ലൊ.

ബാ. കൃ. മേ—കത്തിൽ പ്രസ്താവിക്കണോ? ഇതെല്ലാം ഊഹിച്ചറിഞ്ഞുകൂടെ. വിക്രമമേനോനെപ്പോലെയുള്ളവർ ഇത്ര ചുരുങ്ങിയ സംഖ്യക്കു ലീലയെപ്പോലെയുള്ള കുട്ടികളെ വിവാഹം കഴിക്കുമെന്നു വിചാരിക്കേണ്ട. ഇപ്പോഴത്തെ ബി. എ. ക്കാരുടെ വില നിങ്ങൾക്കറിഞ്ഞുകൂടാ. ചുരുങ്ങിയ സംഖ്യക്കൊന്നും അവരെ കിട്ടില്ല.

ദേ—ശരിയാണത്. ആ കാര്യം ഞാനത്ര ആലോചിച്ചില്ല. അദ്ദേഹത്തിന്റെ കടം മുഴുവനും വീട്ടിയിട്ടു നിത്യവൃത്തികഴിച്ചു പിന്നേയും ബാക്കിയുണ്ടാവുമെന്നല്ലേ എഴുതിയിരിക്കുന്നത്? അമ്മാമൻ വല്ലതും ചെയ്തിട്ടുണ്ടായിരിക്കണം. സംശയമില്ല. ഗണനീയമായ ഒരു സംഖ്യ കൊടുത്തിട്ടുണ്ട്. തീർച്ചതന്നെ. അദ്ദേഹം വളരെ ബുദ്ധിമുട്ടി. അദ്ദേഹത്തിന്റെ നിഷ്കളങ്കമായ സ്നേഹവും, മര്യാദയും, ഔദാര്യവും, ഒരു നിമിഷംപോലും വിസ്മരിക്കാമോ?

ബാ. കൃ. മേ—ഒരിക്കലും വിസ്മരിച്ചുകൂട. വിക്രമമേനോന്റെ കണ്ണുതെളിയത്തക്കവണ്ണം ഒരു സംഖ്യ കൊടുത്തിട്ടുണ്ട്.

രണ്ടുപക്ഷമില്ല. ഒരു നാലയ്യായിരം കിട്ടാതെ വിക്രമമേനോൻ ഇത്ര ചപലയായ ലീലയെ വിവാഹം ചെയ്താൽ അയാളെപ്പോലെ ഒരു വിഡ്ഢി ഈ ഭൂലോകത്തിൽ ജനിച്ചിട്ടില്ലെന്നു പറയാതെ കഴിയുമോ? അയ്യായിരത്തിൽ ഒരു പൈ കുറയാതെ കിട്ടണം. ബി. എ. പാസ്സ് നിസ്സാരമോ? സൌന്ദര്യം വിലയില്ലാത്തതോ? ഇത്തരക്കാരുടെ വിലമതിപ്പാൻ നമ്മൾ സാധുക്കൾ ശക്തരല്ല. വിക്രമമേനോൻ അദ്ദേഹത്തിൻെറ വില കുറക്കുമോ? ഛെ! എന്നാലെനിക്കദ്ദേഹത്തെ ബഹുമാനമില്ല. വിലകൊണ്ടറിയണം സാധനത്തിൻെറ യോഗ്യത. അല്ലേ? അങ്ങിനെയല്ലേ? നല്ല വസ്തുക്കൾ താണവിലക്കു കിട്ടുമോ?

ദേ — അയ്യായിരമൊ, ദൈവമെ! അതിൽ പാതിയെങ്കിലും അമ്മാമനു കൊടുക്കണ്ടേ? അതിനിപ്പോൾ സാധിക്കുമോ?

ബാലകൃഷ്ണമേനോൻ മറുപടിയൊന്നും പറഞ്ഞില്ല. ഇവർ മൂവ്വരും ചിന്താഗ്രസ്തരായതിനാൽ പിന്നീടു വീടെത്തുന്നതുവരെ പരസ്പരം യാതൊന്നും സംസാരിച്ചില്ല. എഴുത്തെഴുതുവാനായിക്കൊണ്ട് ബാലകൃഷ്ണമേനോൻ വായനമുറിയിലേക്കും മററവർ രണ്ടാളും മുകളിലേക്കും പോയി.

ദേ — ജ്യേഷ്ഠത്തി, പറഞ്ഞുപറഞ്ഞ് വിക്രമമേനോൻെറ വിവാഹം ഇതാ ഇപ്പോൾ കഴിയും. എന്തൊരു സമ്പ്രദായം. ഇതിനും നമ്മളദ്ദേഹത്തോടു നന്ദിയുള്ളവരായിരിക്കണം. അല്ലേ ജ്യേഷ്ഠത്തീ? അദ്ദേഹത്തിൻെറ സ്വഭാവവും നടവടികളും എത്രതന്നെ അയോഗ്യമായിരുന്നാലും ശരി, നമുക്കിപ്പോൾ സന്തോഷിക്കാതെ കഴിയുമോ? സന്തോഷിക്കുവാൻ നിർബ്ബന്ധിതരാകുന്നു. അവരുടെ ദാമ്പത്യംവഴ്ച ഇപ്പോൾതന്നെ ഏകദേശം ഊഹിച്ചു തീർച്ചപ്പെടുത്തിക്കൂടേ! ലീല, നിൻെറ യോഗം വ്യസനിക്കത്തക്കതുതന്നെ. വല്ലാത്ത അദൃഷ്ടം!

ജാ. കു — അദ്ദേഹത്തിന്നു ലീലയിൽ യഥാൎത്ഥമായ പ്രണയമില്ലെങ്കിൽ അദ്ദേഹം അവളെ ഒരിക്കലും വിവാഹം ചെയ്യില്ലെന്നു വിചാരിച്ച് ഞാനെന്റെ മനസ്സിനെ സമാധാനിക്കുന്നു. ദയാലുവായ നമ്മുടെ അമ്മാമൻ അദ്ദേഹത്തിന്നു വല്ല ധനസഹായവും ചെയ്തിരിക്കാം. പക്ഷെ നാലായിരമോ അയ്യായിരമോ കൊടുത്തിരിക്കുമെന്നു തോന്നുന്നില്ല. സൌജന്യമായി ഇത്രയൊക്കെ കൊടുക്കുവാൻ അദ്ദേഹത്തിന്നു സാധിക്കുമോ? അദ്ദേഹത്തിന്നിപ്പോൾതന്നെ മൂന്നാലു കുട്ടികളുണ്ട്. ഇനിയും തീൎച്ചയായും ഉണ്ടാവുമെന്നുതന്നെ നിശ്ചയിക്കണം. അതുകൊണ്ട് അയ്യായിരവും മററും കൊടുപ്പാൻ വഴിയില്ല.

ദേ — തീൎച്ചയായും കൊടുക്കും. അമ്മാമൻ പ്രാണനെക്കളഞ്ഞും മാനത്തെ രക്ഷിക്കും. വിക്രമമേനോന്റെ കടസംഖ്യയും, അതു വീട്ടിയ ശേഷം ബാക്കി എന്തുണ്ടെന്നും ശരിയായി അറിഞ്ഞാൽ അമ്മാമൻ കൊടുത്ത സംഖ്യ ഞാൻ കൃത്യമായി പറയാം. വിക്രമമേനോന്നു സ്വന്തമായിട്ട് ഒരു പൈ പോലുമില്ല. അതുകൊണ്ടു കടം വീട്ടിയതും ബാക്കിയുള്ളതും എല്ലാം അമ്മാമന്റെ സ്വത്താണെന്നു തീൎച്ചപ്പെടുത്താം. നമ്മുടെ അമ്മാമന്നും അമ്മായിക്കും, നമ്മൾ വളരെ കടപ്പെട്ടിരിക്കുന്നു. എന്തു പ്രത്യുപകാരം ചെയ്താലും അവരുടെ സ്നേഹത്തിന്നു മതിയാവില്ല. ലീലയെ അന്വേഷിച്ചു പിടിച്ചുവിടെവെച്ചവളുടെ വിവാഹം നടത്തുവാൻ തീൎച്ചപ്പെടുത്തിയതുതന്നെ അദ്ദേഹത്തിന്റെ കുടുംബസ്നേഹത്തേയും, സ്വാൎത്ഥപരിത്യാഗത്തേയും സ്പഷ്ടമാക്കുന്നു. ഈ ഉദാരകൃത്യത്തിന്നു ജീവപൎയ്യന്തം കൃതജ്ഞത കാണിച്ചാലും ലീലയുടെ കടമ തീരില്ല. അമ്മാമന്റെ ശ്ലാഘനീയമായ ഈ കൃത്യം ലീലയുടെ ഹൃദയത്തിൽ നന്ദിയും പശ്ചാത്താപവും ജനിപ്പി

ച്ചിട്ടില്ലെങ്കിൽ ഈ ജന്മത്തിൽ സന്തോഷത്തിന്നും ഭാഗ്യത്തിന്നും അവൾ അർഹയല്ല. അവളെങ്ങിനെ അവരുടെ മുഖത്തു നോക്കുന്നു? നിർല്ലജ്ജ! അമ്മായിയോടു സംസാരിക്കുവാൻ എങ്ങിനെ ധൈര്യപ്പെടും? അമ്മായിയുമായുണ്ടായ അവളുടെ അശ്ലീലത്തെ കൂടിക്കാഴ്ച—ഹാ! ലജ്ജാവഹം. ചിന്തിച്ചുകൂട.

ജാ. കു—"ഗതം ഗതം സൎവ്വമുപേക്ഷണീയം." പോട്ടെ. കഴിഞ്ഞതിനെപ്പററി ചിന്തിക്കേണ്ട. അവളുടെ ജീവിതം ഭാവിയിൽ സുഖമായിത്തന്നെ ഇരിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അങ്ങിനെ ഭവിക്കാനായി ഭക്തിപൂൎവ്വം പ്രാൎത്ഥിക്കയും ചെയ്യുന്നു. അവളെ വിവാഹം ചെയ്യാൻ സമ്മതിച്ചതുകൊണ്ട് വിക്രമമേനോൻ ഇപ്പോൾ സന്മാർഗ്ഗപദ്ധതിയിൽ പ്രവേശിച്ചിട്ടുണ്ടാവണം എന്നാണെന്റെ ധാരണ. പരസ്പരാനുരാഗം അവരെ ഗാഢമായി ബന്ധിക്കും. പിന്നെ ദാമ്പത്യസുഖത്തിന്നു യാതൊരു ഹാനിയുമുണ്ടാവില്ല. ഇതെല്ലാം തീരെ മറന്നുപോകത്തക്ക നിലയിൽ അവർ സുഖമായി മൎയ്യാദയോടെ ജീവിതം നയിക്കും.

ദേ:—അവരെ ഗാഢമായി ബന്ധിക്കാൻ ഉറപ്പുള്ള ചങ്ങല തന്നെ വേണം. ഇതെല്ലാം മറക്കുകയൊ? പ്രയാസം. എനിക്കും, ജ്യേഷ്ഠത്തിക്കുമെന്നല്ല ആൎക്കും ഒരുകാലത്തും മറക്കുവാൻ വയ്യാത്ത വിധത്തിലല്ലെ അവർ പ്രവൃത്തിച്ചത്? അവരുടെ നടപടി വിസ്മരണീയമായിട്ടുള്ളതാണോ? എന്തിന്നധികം പറയുന്നു. ഇതിനെക്കുറിച്ചു സംസാരിക്കാതിരിക്കയാണ് ഭേദം.

ഗോവിന്ദമേനോന്റെ എഴുത്തുവന്നിട്ടുള്ള കഥ രുഗ്മിണിയമ്മ ധരിച്ചിട്ടില്ലെന്നോൎമ്മിച്ചതിനാൽ രണ്ടാളുംകൂടി ബാലകൃഷ്ണമേനോന്റെ സമീപത്തുപോയി കത്തെഴുതിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തോട് വിവരം രുഗ്മിണിയമ്മയെ അറിയിക്കട്ടെയൊ എന്നു ചോദിച്ചു.

ബാ-കൃ-മേ:— തലപൊന്തിക്കാതെ ഉദാസീനതയോടെ ഇഷ്ടംപോലെ ചെയ്യാം.

ദേ:— എഴുത്തെവിടെ അതെടുക്കട്ടെ.

ബാ-കൃ-മേ:—വേണ്ടതെല്ലാമെടുത്ത് വേഗംപോവിൻ.

മേശപ്പുറത്തുനിന്നു എഴുത്തെടുത്ത് അവർ രുഗ്മിണിയമ്മയുടെ സമീപംപോയി. അവിടെ ബാലയും, ഭദ്രയുമുണ്ടായിരുന്നു. "സന്തോഷവൎത്തമാനം കേൾപ്പാൻ തയ്യാറായിരിക്കിൻ'' എന്നുപറഞ്ഞ് ജാനു എഴുത്തുവായിച്ചു. ഓരോവരിയും കഴിയുംതോറും രുഗ്മിണിയമ്മക്കു ക്ഷമയില്ലാതെയായി. ലീലയുടെ വിവാഹം ഉടനെ നടത്താമെന്നുള്ള ഗോവിന്ദമേനോന്റെ അഭിപ്രായം കേട്ടപ്പോൾ രുഗ്മിണിയമ്മയുടെ സന്തോഷം ഏതെല്ലാം വഴിക്കാണ് പൊട്ടി പുറത്തുചാടിയതെന്ന് ആയിരം നാവുകളുള്ള ആദിശേഷനും പറയാനാവില്ല. തന്റെ കണ്ണുപുടങ്ങളിൽ പീയൂഷവൎഷം ചെയ്യുന്നപോലെ അയമ്മക്കു തോന്നി. അയമ്മയുടെ നയനങ്ങളിൽനിന്ന് ആനന്ദാശ്രുക്കൾ ധാരമുറിയാതെ ഒഴുകി ആനന്ദപാരവശ്യം ഹേതുവായി ഇരിക്കാനും, കിടക്കാനും, നടക്കാനും, നില്ക്കാനും വയ്യാതെയായി. വാഗ്വൃത്തിയും, ചേഷ്ടകൾ വഴിക്കും തന്റെ നിസ്സീമമായ സന്തോഷത്തെ രുഗ്മിണിയമ്മ വെളിപ്പെടുത്തി. എഴുത്തു വായിച്ചവസാനിക്കുംതോറും അയമ്മയുടെ ആഹ്ളാദം വൎദ്ധിച്ചുവന്നു. കോപാവേശം ഹേതുവായിട്ടു ചില സമയങ്ങളിൽ അയമ്മ ഏതു പ്രകാരം അന്ധയായിരുന്നുവോ, അതുപ്രകാരംതന്നെ സന്തോഷോന്മാദം ഹേതുവായി ഇപ്പോൾ അന്ധയായി. ലീലയുടെ ദുസ്സാമൎത്ഥ്യവും, ദുശ്ശീലവും, ദുൎന്നടവടിയും തീരെ മറന്നു പോയി. അവളുടെ ഭാവിക്ഷേമത്തെക്കുറിച്ചും അയമ്മക്കു് ഒട്ടുംതന്നെ സന്ദേഹമുണ്ടായില്ല ലീല ഭൎത്തൃമതിയാകുമല്ലോ. അത്ര മാത്രമേ അയമ്മക്കാഗ്രഹമുള്ളൂ. വരന്റെ ഗുണദോഷങ്ങളെപ്പററി യാതൊരു ചിന്തയുമില്ല. എഴുത്തു മുഴുവനും വായിച്ചു കഴിഞ്ഞപ്പോൾ—

ത്ര_അ_ലീലേ, എൻെറ കുട്ടീ, ഓമനമകളേ, ഹാ! എന്തൊരു സന്തോഷം! നിന്നെ ഞാനെടന്നെകാണുമല്ലോ. വിവാഹം കഴിഞ്ഞ് ഭർത്താവോടുകൂടിയിട്ടും. ഹാ, ഹാ! എന്തു സന്തോഷം!!! ഈ സന്തോഷം ഞാനെങ്ങിനെ സഹിക്കട്ടേ! രണ്ടു ദിവസത്തിലകത്തു നിൻെറ വിവാഹം കഴിയും. പതിമൂന്നു വയസ്സു കഴിഞ്ഞിട്ടേയുള്ളൂ! അപ്പോഴെയ്ക്കു ഭർത്താവുണ്ടായി. എന്തൊരു ഭാഗ്യം. നീ തന്നെയാണ് ഭാഗ്യവതി. ശിരസ്സിലെഴുത്തു നന്നെങ്കിൽ പണവും വേണ്ട; ഭംഗിയും വേണ്ട; പഠിപ്പും വേണ്ട; നിൻെറ ജ്യേഷ്ഠത്തിമാക്ക് പഠിപ്പില്ലേ? സൌന്ദര്യമില്ലേ? പിന്നെ പണമാണൊ ഇല്ലാത്തത്? എന്തുണ്ടായിട്ടെന്താ? തലയിലെഴുത്തു നന്നാവണം. അതു തന്നെ കാര്യം. ഗോവിന്ദൻകുട്ടി നല്ല സമത്ഥൻതന്നെ. എത്ര വേഗത്തിൽ കാര്യം സാധിച്ചു. എത്ര യുക്തിയോടെ. അവനു നിങ്ങളെ എല്ലാവരേയും നല്ല സ്നേഹമുണ്ട്. ഗോവിന്ദൻകുട്ടി ഇങ്ങിനെ ചിലതു പ്രവൃത്തിക്കുമെന്നു ഞാനപ്പോൾതന്നെ വിചാരിച്ചിരിക്കുന്നു. എന്തൊരു സുശീലൻ! എൻെറ അനുജനായതുകൊണ്ടു പറയുന്നതല്ല. വാസ്തവമാണ്. നിങ്ങളുടെ പൂർവ്വപുണ്യം കൊണ്ടാണിങ്ങിനെയുള്ളൊരമ്മാമനെ കിട്ടിയത്. എനിക്കു ലീലയെ കാണ്മാൻ വൈകി. വിക്രമമേനോനേയും. എനിക്കദ്ദേഹത്തെ വളരെ സ്നേഹമാണ്. കഷ്ടം! ലീലയുടെ പുടമുറി അവിടെ വെച്ചു നടത്തുവാൻ തീർച്ചപ്പെടുത്തിയതു നന്നായില്ല. ഇവിടെ തന്നെ മതിയായിരുന്നു! അപ്പോഴയ്ക്കു ദിവസം വൈകിപ്പോകുമെന്നു വിചാരിച്ചായിരിക്കാം. ഓഹോ! ഒരുകാര്യം മറന്നു. അന്നയ്ക്ക് അവൾക്ക് ഒരു പുതിയ ദാവണിയും മററും വാങ്ങണ്ടേ? ഒരു വിവാഹമോതിരവും വേണം. ശാരദക്കിപ്പോൾതന്നെ എഴുതിയേക്കാം. ദേവീ, അച്ഛനോടു പോയി ചോദിക്കു. ഒരു സമയം അദ്ദേഹം മറന്നിട്ടുണ്ടാവും. എന്നാൽ ഓർമ്മപ്പെ

ട്ടത്തണം. പോവ്വ, വേഗം പോവു വേണ്ട. വേണ്ടാ; ഞാൻ തന്നെ പോയി പറയാം. അതാണധികം നല്ലത്.

ആനന്ദലഹരിയാൽ അന്ധയായിരിക്കുന്ന രുഗ്മിണിയമ്മയ്ക്കു സുബോധമുണ്ടാകുവാനായി ജാനു ശ്രമിച്ചു. അയമ്മയുടെ മനോഗതികളെ ഇതരമാൎഗ്ഗങ്ങളിലേക്കു നയിക്കുവാനായിക്കൊണ്ടിങ്ങിനെ പറഞ്ഞു.

ജാ-കു.—ഈ സംഭവം ഇങ്ങിനെ സന്തോഷകരമായി പരിണമിച്ചത് അമ്മാമൻെറ ദയവുകൊണ്ടു തന്നെയാണ്. ഈ കാൎയ്യത്തിൽ അമ്മാമനു നമ്മൾ എത്രത്തോളം കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാലാവില്ല. നമ്മേവേണ്ടി അദ്ദേഹം വിക്രമമേനോന്നു തക്കതായ ധനസഹായം ചെയ്തിട്ടുണ്ട്.

രു-അ.—അതുകൊണ്ടെന്താ? അവൻ ചെയ്യേണ്ടവനല്ലേ? അവളുടെ സ്വന്തം അമ്മാമനല്ലാതെ മററാരാണ് ചെയ്യുവാൻ? ഗോവിന്ദൻകുട്ടിക്കു ഭാൎയ്യയും മക്കളും ഇല്ലായിരുന്നുവെങ്കിൽ അവൻെറ മുഴുവൻ സ്വത്തിന്നും നമ്മളല്ലേ അവകാശി? മുഴുവനും നമുക്കുതന്നെ കിട്ടുമായിരുന്നു. ഓണപ്പുടവയായും മററും ഇടയ്ക്കിടെ വരുമ്പോൾ വല്ല ചെറിയ സമ്മാനങ്ങളും തരുന്നതല്ലാതെ ഇതേവരെ അവൻ നിങ്ങൾക്കൊന്നും ചെയ്തിട്ടില്ല. അതുകൊണ്ടിപ്പോൾ വിക്രമമേനോന്നു വല്ലതും കൊടുത്തിട്ടുണ്ടെങ്കിൽതന്നെ അത്ര പറയാനൊന്നുമില്ല. വളരെ നന്നായി. മരുമക്കത്തായപ്രകാരം അവനല്ലേ നിങ്ങളുടെ രക്ഷിതാവ്? എന്തോ സംഗതിവശാൽ കുട്ടിക്കാലത്തുതന്നെ അച്ഛൻ ഞങ്ങളുടെ സ്വത്തെല്ലാം ഭാഗിച്ചുതന്നുവെങ്കിലും, ഗോവിന്ദൻകുട്ടി ഈ ജന്മത്തിൽ നിങ്ങളുടെ അമ്മാമനല്ലാതാകുമോ? ഹാ! ഇന്നെനിക്കു വളരെ സുഖമുണ്ട്. രണ്ടു ദിവസത്തിനുള്ളിൽ ഒരു മകളുടെ പുടമുറി കഴിയും. വിക്രമമേനോൻെറ ഭാൎയ്യ എന്നു പറയാനും കേൾക്കാനും എത്ര സുഖം! എൻെറ

യോഗ്യത! പതിനാലാമത്തെ വയസ്സിൽ അവളുടെ പുട മുറി കഴിയും. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ എന്തുതന്നെ സംഭവിച്ചുകൂടാ? ജ്യേഷ്ഠത്തിമാർ നാലാളിരിക്കെ ലീലയുടെ പുടമുറി നിശ്ചയിച്ചതുതന്നെ നല്ല ദൃഷ്ടാന്തമല്ലേ? ജാന്വൂ, എൻെറ കൈ വിറയ്ക്കുന്നു. എനിക്കെഴുതുവാൻ വയ്യ. വാചകം പറയാം. ശാരദയ്ക്കുള്ള കത്ത് ജാനു എഴുതു. പണമയയ്ക്കുന്ന കാര്യം അച്ഛനോടു പിന്നെ ചോദിച്ചു തീച്ച്പ്പെടുത്താം. ആവശ്യമുള്ള സാധനങ്ങൾ വേഗത്തിൽ വാങ്ങിക്കോട്ടേ!

വാങ്ങേണ്ടതായ പട്ട്, ലേസ്സ്, കസവുമുണ്ട്, മുതലായവയുടെ നിറവും, തരവും, ജാതിയും, യാതൊരു ഗണ്യവും കൂടാതെ രുഗ്മിണിയമ്മ വിവരിച്ചു തുടങ്ങിയപ്പോൾ അച്ഛൻെറ സൌകര്യംപോലെ അദ്ദേഹത്തോടു ചോദിച്ചതിന്നു ശേഷമേ ഇതെല്ലാം എഴുതുവാൻ പാടുള്ളു എന്ന് ജാനു അമ്മയെ ഒരു വിധം പറഞ്ഞു ബോദ്ധ്യപ്പെടുത്തി. രുഗ്മിണിയമ്മയുടെ സന്തോഷാധിക്യം നിമിത്തം ജാനു വിരോധിച്ചപ്പോൾ അയമ്മ സാധാരണപോലെ വാശി പിടിച്ചില്ല.

രു. അ —പോട്ടെ, ഇപ്പോൾ എഴുതേണ്ടെങ്കിൽ വേണ്ട. നാളെ മതി. ഈ വൎത്തമാനം പാറുക്കുട്ടിയേയും മററും അറിയിക്കാൻ എനിക്കിന്നുതന്നെ മൂരിയാട്ടയ്ക്കു പോണം. ഇപ്പോൾതന്നെ പൊയ്ക്കളയാം. നാണിക്കുട്ടിയേയും അറിയിക്കണം. ഒട്ടെ, കുഞ്ചനോടു വണ്ടികെട്ടാൻ പറയു. വേഗത്തിൽ പോയിവരാം. മൂരിയാട്ടിന്ന് നിങ്ങൾക്കു വല്ലതും കൊണ്ടുവരേണ്ടതുണ്ടോ? ആരോടെങ്കിലും വല്ലതും പറയാനുണ്ടോ? ആരാണത്? നാരായണിയല്ലേ? കേട്ടില്ലേ; നാരായണീ വൎത്തമാനം? അറിഞ്ഞില്ലേ? ലീലയുടെ പുടമുറി അടുത്തു കഴിയും. കോഴിക്കോട്ടുവെച്ചാണ്. അതുകൊണ്ടു സുഖക്കേടു വേണ്ട. അന്നിവിടേയും ഒരു സദ്യ കഴിക്കാം. പോരെ, എന്നാൽ സന്തോഷമായില്ലേ?

നാരായണി അവൾക്കനുസരിച്ചവിധം അവളുടെ സന്തോഷം പ്രദശിപ്പിച്ചു. ഈ വക ഗോഷ്ഠികൾകണ്ട് സഹിക്കവയ്യാതെ കുറേ നേരം സ്വസ്ഥയായിരുന്ന് വിശ്രമിക്കാനായി. ദേവി സ്വന്തം മുറിയിലേക്കു പോയി. ലീലയുടെ സ്ഥിതി ശോചനീയംതന്നെ. പക്ഷെ ഇതിലും ശോചനീയമായില്ലല്ലൊ എന്നു വിചാരിച്ചു സമാധാനപ്പെടുക. ലീലയുടെ ഭാവി ശ്രേയോന്മുഖമായിട്ടുള്ളതല്ല. ഭാവിയിൽ അവൾക്കു ന്യായമായ സുഖഭോഗമൊ, ഐഹികമായ സമ്പൽസമൃദ്ധിയൊ, ലഭിക്കുമെന്നു നിശ്ചയിക്കുവാൻ മാൎഗ്ഗമില്ല. പക്ഷെ അവളുടെ അധോഗതിയെച്ചിന്തിച്ച് രണ്ടുമണിക്കൂർ മുമ്പ് അനുഭവിച്ചിരുന്ന വ്യസനകാഠിന്യമോൎത്തപ്പോൾ ആധുനികാവസ്ഥ എത്രയും ആശ്വസനീയമായിട്ടുള്ളതാണെന്നു അവസാനം ദേവി തീൎച്ചപ്പെടുത്തി.

## നാല്പത്തൊമ്പതാമദ്ധ്യായം.

തന്റെ വരവു മുഴുവനും ചിലവഴിക്കാതെ ചെറിയൊരു സംഖ്യയെങ്കിലും കളത്രപുത്രാദികളുടെ ഭാവിശ്രേയസ്സിന്നായി കൊല്ലംതോറും കരുതിവെക്കേണ്ടതായിരുന്നു എന്നുള്ളാഗ്രഹം ബാലകൃഷ്ണമേനോന്റെ ഹൃദയത്തിൽ ഇതിന്നുമുമ്പെ തന്നെ പലപ്പോഴും ഉണ്ടായിട്ടുണ്ട്. എങ്കിലും ഇപ്പോഴത്തെപോലെ ഇത്ര ഹൃദയപൂൎവ്വമായി അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. പണം സൂക്ഷിക്കുന്ന കാൎയ്യത്തിൽ അദ്ദേഹം അല്പം ശ്രദ്ധവെച്ചിരുന്നുവെങ്കിൽ ഇന്നിടപ്പാൾ തന്റെ മാനമൎയ്യാദയെ രക്ഷിക്കാനായിട്ടു് ലീല അവളുടെ മാതുലന്നു ഇത്രധികം കടപ്പെടേണ്ടിവരില്ലായിരുന്നു. കേരളത്തിലെ അയോഗ്യരിൽ അഗ്രഗണ്യനായ ഒരാളെ പുത്രീമണാളനായി സമ്പാദിച്ച കൃതാൎത്ഥതയനുഭവിക്കുവാൻ മറ്റൊരാൾ അവകാശിയുമാവില്ലായിരുന്നു.

ഈ കാൎയ്യം ഗോവിന്ദമേനോൻ ഏകൻെറ ശ്രമസഹായത്താൽ ഇങ്ങിനെ പൎയ്യവസാനിക്കുവാനിടയായതിൽ ബാലകൃഷ്ണമേനോന്നു കഠിനമായ വിഷാദമുണ്ടായി. ഇതിന്നുവേണ്ടി ഗോവിന്ദമേനോൻ എത്ര പണം ചിലവാക്കിയിട്ടുണ്ടെന്നന്വേഷിച്ചറിഞ്ഞ് ആ സംഖ്യ കഴിയുന്നത്ര വേഗത്തിൽ അദ്ദേഹത്തിന്നു മടക്കികൊടുപ്പാനായി ബാലകൃഷ്ണമേനോൻ മനസാ നിശ്ചയിച്ചു. അദ്ദേഹം രുഗ്മിണിയമ്മയെ വിവാഹം ചെയ്യുന്നതിന്നു മുമ്പും പിമ്പും വരവുചിലവുകാൎയ്യത്തിൽ അധികം ജാഗ്രതവെച്ചിരുന്നില്ല. മുല്ലവളപ്പിലെ സ്വത്തിന്നു താനും തൻെറ ഭാൎയ്യാമക്കളുമല്ലാതെ മററാരവകാശി ഇല്ലെന്നായിരുന്നു അദ്ദേഹത്തിൻെറ ധാരണ. വിവാഹാനന്തരം വളരെ സംവത്സരങ്ങൾക്കു ശേഷമാണ് നമ്മുടെ കേളുമേനോൻെറ അവകാശബന്ധങ്ങളെല്ലാം അറിയുവാനിടയായത്. അപ്പോഴയ്ക്കു തൻെറ കുഡുംബച്ചിലവ് വൎദ്ധിച്ചതിനാലും ഒരിക്കലും അരിഷ്ടിച്ചു ശീലിച്ചിട്ടില്ലാത്തതുകൊണ്ടും കുഡുംബച്ചിലവുകഴിച്ചു പറയത്തക്കതായി യാതൊന്നും പിന്നേയും സൂക്ഷിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചില്ല.

ആയവ്യയഭരണതന്ത്രത്തിൽ രുഗ്മിണിയമ്മയും തീരെ മോശമായിരുന്നു. പക്ഷെ വരവിൽ കവിഞ്ഞു ചിലവു ചെയ്യുവാൻ ബാലകൃഷ്ണമേനോൻ അനുവദിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ സ്വാതന്ത്ര്യേച്ഛ മാത്രമാണ് അതിന്നുകാരണം. അതുനിമിത്തം സാധാരണ മിക്കവാറും തറവാടുകളിലെപ്പോലെ മുല്ലവളപ്പിൽ കടക്കാരുടെ ബാധയുണ്ടായിരുന്നില്ല.

തനിക്കു യാതൊരു അസൌകൎയ്യവും ബുദ്ധിമുട്ടും കൂടാതെ വിക്രമമേനോനെക്കൊണ്ട് ലീലയുടെ പാണിഗ്രഹണം ഈ മാതിരി ഭംഗിയായി നടത്തിക്കാൻ സാധിക്കുമെന്നു ബാലകൃഷ്ണമേനോൻ ഒരിക്കലും വിചാരിച്ചിട്ടില്ല. ഇക്കാൎയ്യത്തിന്നായി കഴിയുന്നതും ബുദ്ധിമുട്ടാതെ കഴിക്കുവാനാഗ്ര

ഹിച്ചിരുന്ന അദ്ദേഹം അദ്ധ്വാനമൊന്നും കൂടാതെ കാൎയ്യം ഇങ്ങിനെ ഒതുങ്ങി കലാശിച്ചതിൽ സന്തോഷിച്ചു. ലീലക്കു കൊല്ലത്തിൽ നൂററമ്പതു ഉറുപ്പിക കൊടുക്കുന്നതുകൊണ്ടു അദ്ദേഹത്തിന്നു ലാഭമല്ലാതെ നഷ്ടമില്ല. കാരണം, ശീലത്തരങ്ങൾക്കായിട്ടും സുഗന്ധദ്രവ്യങ്ങൾക്കായിട്ടും സോപ്പ് ചീപ്പ് കണ്ണാടി മുതലായ മററു സാധനങ്ങൾക്കു വേണ്ടിയും ഇതിനെല്ലാം പുറമെ രുഗ്മിണിയമ്മ ഇടക്കിടെ സമ്മാനമായി കൊടുക്കുന്ന പണം വഴിക്കും ലീലക്കു കൊല്ലത്തിൽ നൂററമ്പതുറുപ്പികയിലധികം ചിലവു പററാറുണ്ട്.

ലീലയെ അന്വേഷിച്ചു പിടിപ്പാൻ ബാലകൃഷ്ണമേനോനെ പ്രേരിപ്പിച്ചതായ കോപത്തിൻെറ പ്രഥമശക്തി ഏതാനും ശമിച്ചപ്പോൾ സഹജമായ ഉദാസീനത വീണ്ടും അദ്ദേഹത്തിൽ പ്രത്യക്ഷമായി. എങ്കിലും ഗോവിന്ദമേനോന്നു മറുപടി അയക്കുന്നതിൽ അമാന്തം വരുത്തിയില്ല. വല്ല കാൎയ്യങ്ങളിലും ഏൎപ്പെടുന്നതിന്നു ബാലകൃഷ്ണമേനോന്നു വലിയ മടിയാണെങ്കിലും ഏൎപ്പെട്ടാൽ പിന്നെ ഉപേക്ഷ ചെയ്യാറില്ല. ഗോവിന്ദമേനോൻെറ സ്നേഹപുരസ്സരമായ പ്രവൃത്തിക്കു സുവ്യക്തം സംക്ഷേപമായി മറുപടി എഴുതി. ഗോവിന്ദമേനോൻെറ പ്രവൃത്തികളത്രയും തനിക്കേററവും സമ്മതമായിരിക്കുന്നു എന്നും കത്തിലെ നിശ്ചയപ്രകാരം അനുഷ്ഠിക്കാൻ താൻ സന്നദ്ധനാണെന്നും അറിയിച്ചു. ലീലയുടെ വിവാഹം നിശ്ചയിക്കുവാനായി ഗോവിന്ദമേനോന്നു ചിലവായിട്ടുള്ള പണം ഇത്രയെന്നു മറുപടിയിൽ കാണിപ്പാനദ്ദേഹം പ്രത്യേകം ആവശ്യപ്പെട്ടിരുന്നു. പുത്രിയുടെ പേരിലുള്ള ദ്വേഷ്യം നിമിത്തം അവൾക്കെഴുതിയതേയില്ല.

ലീലയുടെ വിവാഹവാൎത്ത വിദ്യുത്തെന്നപോലെ മല്ലവളപ്പിലും, അയൽപ്രദേശങ്ങളിലും, വ്യാപരിച്ചു. അയൽനിവാസികൾ യഥായോഗ്യമായ ധൎമ്മവിചാരത്തോടെ ഈ വൃത്താന്തം ശ്രവിക്കയും; അതിനെക്കുറിച്ചു ഗുണദോഷനിരൂ

പണം ചെയ്കയും, ചെയ്തു. ലീല മുല്ലവളപ്പിലേക്കുതന്നെ മ ടങ്ങിവരികയൊ, അല്ലാത്തപക്ഷം സ്വദേശം വിട്ടു മറുനാട്ടുകളിൽ എവിടെയെങ്കിലും പോയി താമസിക്കുകയൊ ചെയ്തിരുന്നാൽ അയൽവാസികളുടെ പ്രസംഗത്തിന്നു ഇപ്പോഴത്തേക്കാൾ ചാതുര്യം കൂടുമായിരുന്നു. ലീല ഒളിച്ചോടിപ്പോയ വൎത്തമാനം കേട്ടവസരത്തിൽ അവളുടെ ക്ഷയാഭിവൃദ്ധിയെ കാംക്ഷിച്ച മത്സരബുദ്ധികളായ ചില മുത്തശ്ശിമാരുടെ ആശംസകൾക്കും, ആശീൎവ്വചനങ്ങൾക്കും, ഇപ്പോഴും യാതോരു വൈപരീത്യവും സംഭവിച്ചില്ല. ഈ മാതിരി ഒരു ഭൎത്താവോടു കൂടിയുള്ള ജീവിതം കഷ്ടാൽ കഷ്ടതരമെന്നായിരുന്നു അവരുടെ മതം. അതു ഹേതുവായി അവരുടെ ആശീൎവ്വാദങ്ങൾ പൂൎവ്വാധികം സഫലമായതേയുള്ളു.

പത്തിരുപതു ദിവസമായിട്ടു മുകളിൽതന്നെ കിടന്നിരുന്ന രുഗ്മിണിയമ്മ ഇന്നിതാ താഴത്തു വന്നു അത്യുത്സാഹത്തോടെ അങ്ങുമിങ്ങും നടന്നു ഭൃത്യന്മാരോടു പലതും കല്പിക്കയും, അവരെ ശാസിക്കയും ചെയ്യുന്നു. ഇന്നേ ദിനം അയമ്മ ഒരു വലിയ സുദിനമായി കരുതിയിരിക്കുന്നു. ദുൎവ്വാരമായ മോദത്തോടെ ജയഭേരിയടിച്ചു സോത്സാഹം നടക്കുന്ന അയമ്മയുടെ ഹൃദയത്തിൽ അല്പമെങ്കിലും കുണ്ഠിതം ജനിപ്പിക്കുവാൻ യാതൊരുവിധ മനോഭാവങ്ങൾക്കും കഴിഞ്ഞില്ല. ലീലയുടെ പ്രവൃത്തിയെ ചിന്തിച്ചയമ്മക്കു അശേഷം ലജ്ജയുണ്ടായില്ല. സീമന്തപുത്രി കൌമാരദശയെ പ്രാപിച്ചമുതല്ക്കു അയമ്മയുടെ ആഗ്രഹങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളതു വിവാഹകാൎയ്യമായിരുന്നു. അയമ്മ ദീൎഘകാലമായി ആഗ്രഹിച്ചുവരുന്നതായ ഒരുപുത്രിയുടെ വിവാഹമഹോത്സവം കൊണ്ടാടുവാനുള്ള സമയം ആസന്നമായതിനാൽ അയമ്മക്കു നിസ്തുല്യമായ ആനന്ദമുണ്ടായി. വിവാഹംനടത്തുന്നതു കോഴിക്കോട്ടു വെച്ചാണെങ്കിലും തിരക്കു മുഴുവനും മുല്ലവളപ്പിലായിരുന്നു. ‘വിവാഹാവസരത്തിൽ ലീലക്കു ഏതുമാതിരി വസ്ത്രാഭരണ

ങ്ങൾ ധരിക്കണം; ശയനമുറി എങ്ങിനെ മോടികൂട്ടണം; സദ്യ എതെല്ലാം സമ്പ്രദായത്തിൽ വേണം; മോതിരം മാറുകയൊ, താലികെട്ടുകയൊ, പുടവകൊടുക്കുകയൊ, എതാണിപ്പോഴത്തെ നടവടി?'' എന്നിങ്ങിനെ വിവാഹസംബന്ധമായ വാക്കുകളല്ലാതെ വേറെ ഒരക്ഷരംപോലും അയമ്മയുടെ നാവിൽനിന്നു പുറപ്പെട്ടിരുന്നില്ല. ലീലയുടെ ഒന്നിച്ചയക്കാനായി രുഗ്മിണിയമ്മ വളരെ ദാസിമാരെയെല്ലാമന്വേഷിച്ച് ആരേയും ബോദ്ധ്യമാവാതെ കുണ്ങിതപ്പെട്ടു. "ചുളിയിൽ കുഞ്ചി തരക്കേടില്ല്. പക്ഷെ അവൾ മിനിഞ്ഞാന്നെ ങ്ങോട്ടോ താമസിക്കാൻ പോയിരിക്കുന്നുവത്രെ. കോട്ടങ്ങാട്ടു പാറു ചെകിടുപെട്ടിയല്ലെങ്കിൽ പററുമായിരുന്നു. വെടിവെച്ചാൽ പുകയുന്നതെന്താണെന്നു ചോദിക്കും. ഈ കൂട്ടരെക്കൊണ്ടു വല്ലതും പറഞ്ഞുചെയ്യിക്കാൻ പ്രയാസം. ആതറക്കൽ രണ്ടെണ്ണമുണ്ട്. അവററ മഹാ അധികപ്രസംഗികളാണ്. കണ്ണിൽകണ്ടാൽ കക്കും. വൃത്തിയുമില്ല. അതാണ് വലിയ ഉപദ്രവം. പിന്നെയൊന്നുള്ളതു ചേമ്പിൽ ലക്ഷ്മിയാണ്. അപ്പാ! അവളെ വല്ല ഇരുട്ടത്തും വെച്ചു കണ്ടാൽ എൻെറ മകൾ പേടിച്ചു ഞ്ചും. കറുത്തിരുണ്ടു വല്ലംപോലെ തടിച്ചോരു ഭൂതം. ദാസിമാരായാലും കുറച്ചൊക്കെ മുഖശ്രീ വേണം. എന്നാൽതന്നെ നന്നായിരിക്കും. തല്ക്കാലം വേണമെങ്കിൽ നമ്മുടെ നാരായണിയെത്തന്നെ അയക്കണം. അപ്പോഴക്കിവിടേയും ബുദ്ധിമുട്ടാവും.'' എന്നിങ്ങിനെ അയമ്മ പലതും പറഞ്ഞു. ഇതെല്ലാം കേട്ടപ്പോൾ ബാലകൃഷ്ണമേനോൻ "രുഗ്മിണീ, ഇപ്പോൾ പറഞ്ഞവരെ . മുഴവനുമോ, അതൊ ഒരാളെ മാത്രമോ അയക്കുന്നത്? എങ്ങിനെയായാലും വേണ്ടില്ല, ഒരു കാൎയ്യം ഞാൻ പറഞ്ഞേക്കാം. ഇവിടെനിന്നൊരു കുട്ടിയും പോകുവാൻ പാടില്ല. ഈ ദിക്കിൽ നിന്നാരേയും അയക്കാൻ ഞാൻ സമ്മതിക്കില്ല. ഇങ്ങിനേയുള്ള സ്നേഹസൂചകമായ പ്രവൃത്തികൾമൂലം അവളുടെ ധിക്കാ

രത്തിന്നു വളമമചേക്കാൻ ഞാൻ വിചാരിക്കുന്നില്ല." എന്നു പറഞ്ഞു.

ബാലകൃഷ്ണമേനോൻെറ വാക്കുകളാൽ കുപിതയായ രുഗ്മിണിയമ്മ വളരെ നേരം നൈരാശ്യത്തോടെ തക്കിച്ചുനോക്കി എങ്കിലും അദ്ദേഹത്തിൻെറ നിശ്ചയത്തിന്നല്പവും ഇളക്കമുണ്ടായില്ല. പറഞ്ഞുപറഞ്ഞവസാനം വിവാഹദിവസം ധരിക്കേണ്ടതായ വസ്ത്രങ്ങൾക്കുകൂടി അദ്ദേഹം ഒരു പൈപോലും കൊടുക്കില്ലെന്നു പറഞ്ഞതിനാൽ രുഗ്മിണിയമ്മ വല്ലാതെ പരിഭ്രമിക്കയും, വ്യസനിക്കയും ചെയ്തു. സ്നേഹസൂചകമായി അദ്ദേഹം ഈ അവസരത്തിൽ യാതൊന്നും ചെയ്യില്ലെന്നു ഖണ്ഡിതമായി പറഞ്ഞു. രുഗ്മിണിയമ്മക്ക് അസാമാന്യമായ സന്താപവുമുണ്ടായി. തൻെറ പുത്രിക്കു ജന്മസാഫല്യം സിദ്ധിക്കുന്ന വിവാഹാവസരത്തിൽ ധരിക്കേണ്ടു വസ്ത്രങ്ങൾക്കുപോലും, ഒരു പൈ കൊടുക്കില്ലെന്നു നിഷേധിക്കത്തക്കവണ്ണം അദ്ദേഹത്തിൻെറ കോപം ഇത്ര കലശലായ ദ്വേഷമായി പരിണമിക്കുമെന്നയമ്മ വിചാരിച്ചിരുന്നില്ല. എന്നു മാത്രമല്ല, അതു തീരെ അസംഭാവ്യമായിട്ടുള്ളതാണെന്നായിരുന്നു അയമ്മയുടെ വിശ്വാസവും. ലീല ഒളിച്ചോടിപ്പോയി രണ്ടാഴ്ചയോളം വിക്രമമേനോൻെറയൊരുമിച്ചു താമസിച്ചതിനേക്കാൾ വിവാഹാവസരത്തിൽ അവൾക്കു പുതിയ വസ്ത്രങ്ങൾ ധരിക്കുവാനില്ലാതെവന്നാലുണ്ടാകാവുന്ന അപമാനമാണ് അയമ്മക്ക് അസഹനീയമായി തോന്നിയത്.

തല്ക്കാലമുണ്ടായ മനശ്ശല്യം നിമിത്തം തൻെറ അനുജത്തിയുടെ നടവടിദൂഷ്യം മുഴവനും ശ്രീധരൻനമ്പ്യാരെ ധരിപ്പിക്കുവാനിടയായതിൽ ദേവി ഹൃദയപൂർവ്വം വ്യസനിച്ചു. ഇത്ര ക്ഷണത്തിൽ ലീലയുടെ വിവാഹം ന്യായാനുസരണം നടത്തുവാൻ സാധിച്ചതുകൊണ്ട് അവൾ ചാടിപ്പോയ വർത്തമാനം ദൂരസ്ഥന്മാരെ അറിയിക്കാതെ കഴിക്കാമായിരുന്നു

എന്നു വിചാരിച്ചിട്ടാണവൾ അധികം വ്യസനിച്ചത്. ശ്രീധരൻനമ്പ്യാർവഴിക്ക് ഈ വൎത്തമാനം പരസ്യമാകുമെന്നവൾക്കു തരിമ്പും ഭയമില്ല. ഗൂഢവൎത്തമാനങ്ങളെ നിക്ഷേപിക്കുവാനദ്ദേഹത്തേക്കാൾ വിശ്വസ്തനായ ഒരാളെ കിട്ടില്ലെന്നവൾക്കു പൂൎണ്ണബോദ്ധ്യമുണ്ട്. എങ്കിലും സോദരിയുടെ ദുഷ്കൃത്യം അദ്ദേഹമൊഴികെ ആരറിഞ്ഞാലും അവൾക്കിത്രമനോവേദനയും, മാനഭംഗവും, തോന്നില്ലായിരുന്നു. സ്വാൎത്ഥികവിചാരത്താലല്ല അവൾ വ്യസനിച്ചത്. അവർ തമ്മിൽ ഏതായാലും ഇനി ചേൎച്ചയുണ്ടാവില്ല.

ലോകനീതിക്കനുസരിച്ച മാന്യമായ നിലയിൽതന്നെയാണ് വിക്രമമേനോൻ ലീലയെ വിവാഹം ചെയ്തതെങ്കിൽ കൂടി മുല്ലവളപ്പിൽ ബന്ധുത്വത്തിന്നു ശ്രീധരൻനമ്പ്യാർ ഇഷ്ടപ്പെടില്ല. അദ്ദേഹം മുമ്പുതന്നെ മുല്ലവളപ്പുകാരിൽ പലേ കുററങ്ങളും കണ്ടിട്ടുണ്ട്. അവരുടെ കൂട്ടത്തിൽ താൻ നിന്ദ്യാധമനായി വിചാരിച്ചുവരുന്ന വിക്രമമേനോന്റെ ബന്ധുത്വം കൂടിചേൎന്നവസ്ഥക്കു അദ്ദേഹം ആ കുടുംബത്തിൽ വിവാഹത്തിന്നിച്ഛിക്കുമെന്നു വിചാരിപ്പാൻ തരമില്ല. ഇച്ഛിക്കാത്തതിൽ അത്ഭുതപ്പെടുവാനില്ലെന്നും ദേവിക്കു തോന്നി. പത്മാലയത്തിൽ താമസിച്ചിരുന്നപ്പോൾ ദേവിയുടെ സ്നേഹം സമ്പാദിക്കുവാനദ്ദേഹത്തിന്നു യഥാൎത്ഥമായ ആഗ്രഹമുണ്ടെന്നവൾ മനസ്സിലാക്കിയിരുന്നു. ന്യായമായി ആലോചിച്ചാൽ ഈ സംഭവത്തിന്നു ശേഷവും അദ്ദേഹത്തിന്റെ ആഗ്രഹം അതേനിലയിൽതന്നെ സുസ്ഥിരമായി നില്ക്കുമെന്നൂഹിപ്പാൻ മാൎഗ്ഗമില്ല. ദേവിയുടെ പ്രസരിപ്പെല്ലാമടങ്ങി; ഉന്മേഷം കുറഞ്ഞു. അവളൊട്ടേറെ വ്യസനിച്ചു. മനഃപൂൎവ്വം പശ്ചാത്തപിച്ചു. ഏററവും വിനീതയായി. ശ്രീധരൻനമ്പ്യാരുടെ യോഗ്യതയാൽ അവൾക്കു ഗുണമൊന്നും സിദ്ധിക്കില്ലെന്നുള്ള നിലക്കായപ്പോൾ അതിൽ ബഹുമാനം തോന്നി. അദ്ദേഹത്തിന്റെ യോഗക്ഷേമാദികളറിവാൻ മാൎഗ്ഗമില്ലാതാ

യപ്പോൾ അറിവാനാഗ്രഹിച്ചു. മേലിൽ അവർ പരസ്പരം കാണുമെന്നു വിചാരിപ്പാൻകൂടി തരമില്ലാതായപ്പോൾ അദ്ദേഹത്തെ വിവാഹം ചെയ്തിരുന്നാൽ അവൾ ഭാഗ്യവതിയായേനെ എന്നു വിചാരിച്ചു. നാലുമാസം മുമ്പവൾ സഗർവ്വം ഉപേക്ഷിച്ചതായ അപേക്ഷയെ ഇപ്പോൾ സസന്തോഷം കൃതജ്ഞതാപുരസ്സരം സ്വീകരിക്കുമെന്നറിഞ്ഞാൽ അദ്ദേഹത്തിന്നെത്രമാത്രം അഭിമാനമുണ്ടാവും. സുശീലന്മാരിൽ ശ്രീധരൻനമ്പ്യാർ അഗ്രേസരൻതന്നെ. സന്ദേഹമില്ല. എങ്കിലും മനുഷ്യനല്ലേ. അതുകൊണ്ടഭിമാനിക്കാതിരിക്കില്ല. എല്ലാം യോഗ്യതകളെക്കൊണ്ടും ശ്രീധരൻനമ്പ്യാർതന്നെയാണ് തനിക്കനുരൂപനായ വരനെന്നിപ്പോൾ ദേവിക്കു തോന്നിത്തുടങ്ങി.

അഭിജ്ഞനായ ശ്രീധരൻനമ്പ്യാരുടെ സ്വഭാവഗുണം ദേവിയുടേതിൽനിന്നു വ്യത്യസ്തപ്പെട്ടതാണെങ്കിലും അവളുടെ അഭിലാഷങ്ങൾക്ക് അനുകൂലിച്ചവയായിരുന്നു. അവർ തമ്മിലുള്ള സംബന്ധം ഇരുകക്ഷിക്കും ഗുണകരമായി പരിണമിക്കുമായിരുന്നു. അവളുടെ ശുഷ്കാന്തിയും പ്രസരിപ്പും അദ്ദേഹത്തിൻെറ സ്വഭാവത്തെ കുറെക്കൂടി പരിഷ്കരിച്ച് സകല ജനഹൃദയാഹ്ലാദകമാക്കിത്തീർക്കും. അദ്ദേഹത്തിൻെറ പഠിപ്പും ലോകപരിജ്ഞാനവും, അവൾക്കും വക്തവ്യമായ ഗുണം ചെയ്യും. ഇങ്ങിനെ അവർതമ്മിലുള്ള ചേർച്ച അന്യോന്യം ഗുണൌഘങ്ങളെ വർദ്ധിപ്പിച്ച് അവരുടെ ജീവിതം സുഖസമ്പൂർണ്ണമാക്കിത്തീർക്കും. ഏതാദൃശമായ അനുരൂപദാമ്പത്യം വിവാഹേച്ഛുക്കളായ കാമിനീകാമുകന്മാർക്ക് യഥാർത്ഥമായ ഗൃഹസ്ഥാശ്രമസുഖമെന്തെന്നു സ്പഷ്ടമായി അനുഭവപ്പെടുത്തും.

എന്നാലിപ്പോൾ യഥാർത്ഥദാമ്പത്യസൌഖ്യത്തെ മലിനീകരിക്കുന്നതും, അനുരൂപമായ ഒരു വിവാഹത്തിന്നു തീരെ പ്രതിബന്ധമായിത്തീർന്നിട്ടുള്ളതുമായ ഒരു വിവാഹമാണ് മല്ലവളപ്പിൽ നടക്കുവാൻപോകുന്നതു. പരാശ്രയംകൂടാ

തെ ലീലക്കും, വിക്രമമേനോന്നും ജീവിതം നയിക്കുവാൻ സാധിക്കുമോ എന്നു ദേവി ശങ്കിച്ചു. സദ്വിചാരങ്ങളെ ദൂരീകരിച്ച് കാമവികാരത്താൽ മാത്രം സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ദമ്പതിമാരുടെ ഗാർഹസ്ഥ്യം എത്രമേൽ സുഖകരമായിരിക്കുമെന്നും, അവരുടെ ദാമ്പത്യസുഖം എത്രത്തോളം ക്ഷണഭംഗുരമായിട്ടുള്ളതാണെന്നും അവൾ നിഷ്പ്രയാസം തീച്ചപ്പെടുത്തി.

ബാലകൃഷ്ണമേനോന്റെ എഴുത്തിന്നു ഗോവിന്ദമേനോൻ വേഗത്തിൽ മറുപടി അയച്ചു. തന്റെ കുടുംബക്ഷേമാഭിവൃദ്ധിക്കായി ശക്ത്യനുസരണം എന്തും ചെയ്യാൻ താനെപ്പോഴും ഉത്സുകനാണെന്നും, അതുകൊണ്ടു മേലിൽ അതിനെസംബന്ധിച്ചൊരു വാക്കുപോലും പറയാതിരിപ്പാൻ പ്രത്യേകം അപേക്ഷയുണ്ടെന്നും അദ്ദേഹം സ്പഷ്ടമായി എഴുതിയിരുന്നു. വിക്രമമേനോൻ പൊല്ലീസ്സുദ്യോഗം രാജികൊടുപ്പാൻ തീച്ചപ്പെടുത്തിയ വിവരം ബാലകൃഷ്ണമേനോനെ അറിയിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ മുഖ്യമായ ഉദ്ദേശം. വിക്രമമേനോന്റെ വിവാഹം നിശ്ചയിച്ച ഉടനേതന്നെ അദ്ദേഹം ഇതിൽനിന്നു പിരിയണമെന്നായിരുന്നു എന്റെ ആഗ്രഹം. അദ്ദേഹത്തിൻേറയും ലീലയുടേയും ക്ഷേമത്തിന്നദ്ദേഹം ഈ പണി ഉപേക്ഷിക്കയാണ് നല്ലതെന്നുള്ള എന്റെ അഭിപ്രായത്തോടുകൂടി ജ്യേഷ്ഠനും യോജിക്കുമെന്നു വിശ്വസിക്കുന്നു. ഇതിൽനിന്നു പിരിഞ്ഞ് അദ്ധ്യാപകവൃത്തിയിൽ പ്രവേശിക്കണമെന്നാണ് വിക്രമമേനോന്റെ അഭിലാഷം. അദ്ദേഹത്തെപ്പോലെയുള്ളവക്കു വാസ്തവത്തിൽ നല്ലതും അതുതന്നെയാണ്. അദ്ദേഹത്തെ സഹായിപ്പാൻ ത്രാണിയും താല്പൎയ്യവുമുള്ളവരായി അദ്ദേഹത്തിന്റെ പഴയ സ്നേഹിതന്മാരിൽ ഇപ്പോഴും ചിലരുണ്ട്. വടക്കെ മലബാറിൽ എവിടെയൊ ഒരു സെക്കണ്ടറി സ്കൂളിൽ അദ്ദേഹത്തെ ഹെഡ്മാസ്റ്ററായി നിയമിക്കാമെന്നൊരാൾ വാഗ്ദ

ത്തം ചെയ്തിട്ടുണ്ടത്രെ. അദ്ദേഹം മേലിൽ നന്നാവുമെന്നു വിശ്വസിക്കാം. ലോകാപവാദത്തിന്നു ഒരിക്കൽ ലാക്കായിട്ടുള്ളവർ തങ്ങളുടെ നടവടികളെ സൂക്ഷിക്കുന്നതിൽ പിന്നീടു പ്രത്യേകം മനസ്സുവെക്കാതിരിക്കില്ല. വിവരങ്ങളെല്ലാം ശങ്കരമേനോനേയും അറിയിച്ചിട്ടുണ്ട്. വിക്രമമേനോൻെറ കടം മുഴുവനും ഉടനെ വീട്ടുമെന്നും, അതുകൊണ്ടാദിക്കിലുള്ള കടക്കാരെയെല്ലാം തല്ക്കാലം പറഞ്ഞു സമാധാനിപ്പിക്കണമെന്നും, അദ്ദേഹത്തോടപേക്ഷിച്ചിട്ടുണ്ട്. അതുപോലെതന്നെ മുരിയാട്ടുള്ളവരെ ജ്യേഷ്ഠനും പറഞ്ഞുനിൎത്തണം. അവിടെയുള്ള കടക്കാരുടെ ഒരു പട്ടിക വിക്രമമേനോൻ തന്നതു ഇതാ ഇതുസഹിതമയക്കുന്നു. ഈ രണ്ടു ദിക്കിലുമല്ലാതെ അദ്ദേഹത്തിന്നു വേറെ എവിടേയും കടക്കാരില്ലെന്നാണ് പറഞ്ഞത്. ഈ കാൎയ്യത്തിൽ അദ്ദേഹം നമ്മെ വഞ്ചിച്ചിട്ടുണ്ടാവില്ലെന്നു വിശ്വസിക്കുന്നു. വിക്രമമേനോൻ ഉടനെ വടക്കെ മലബാറിലേക്കു പോകും. പോകുന്നതിന്നു മുമ്പായി നിങ്ങളെ എല്ലാവരേയും ഒന്നു കണ്ടാൽ വേണ്ടില്ലെന്നു ലീലക്കത്യാഗ്രഹമുള്ളതായി ശാരദ പറഞ്ഞു. വിക്രമമേനോനും താല്പൎയ്യമുള്ളപോലെ തോന്നുന്നു. പക്ഷെ ജ്യേഷ്ഠൻെറ അഭിപ്രായമറിയുന്നതിന്നു മുമ്പായി പുറപ്പെടാൻ ധൈൎയ്യമില്ല. അതുകൊണ്ടവർ വരുന്നതിൽ വിരോധമില്ലാത്തപക്ഷം അധികം താമസിക്കാതെ മറുപടി അയച്ചുതരുവാനപേക്ഷ.' വിക്രമമേനോൻ പൊല്ലീസ്സുദ്യോഗത്തിൽനിന്നൊഴിയുന്നതു ഗുണകരമായിട്ടുള്ളതാണെന്നുള്ള ഗോവിന്ദമേനോൻെറ അഭിപ്രായത്തിൽ ബാലകൃഷ്ണമേനോനും, പുത്രിമാരും യോജിച്ചു. രുഗ്മിണിയമ്മക്ക് അതൊട്ടുംതന്നെ രസിച്ചില്ല. "പൊല്ലീസ്സുദ്യോഗത്തിനെന്താ വിരോധം? അതുതന്നെ മതിയായിരുന്നു. ഗവൎമ്മേണ്ടുദ്യോഗമല്ലേ? അതിനേക്കാൾ നല്ലതാണോ സ്ക്കൂൾമാസ്റ്ററുടെ പണി? വടക്കരുടെ സംസാരവും, സമ്പ്രദായവും

കനും അവൾക്ക് പിടിക്കില്ല. അവളെങ്ങിനെ അവിടെ കഴിച്ചുകൂട്ടും" എന്നിങ്ങിനെ അയമ്മ പലതും പറഞ്ഞു.

മല്ലവളപ്പിലേക്കു വരുന്നതിന്നനുമതി നൽകുവാനായിക്കൊണ്ടുള്ള ലീലയുടെ പ്രാൎത്ഥനയെ ബാലകൃഷ്ണമേനോൻ ആദ്യം കൈക്കൊണ്ടില്ല. നവോഢയായ അവളെ മാതാപിതാക്കന്മാരനുഗ്രഹിക്കേണ്ടതെത്രയും ആവശ്യമാണെന്നു വിചാരിച്ച് ജാനുവും, ദേവിയുംകൂടി അവരുടെ ഇച്ഛാനുസരണം പ്രവൃത്തിക്കുവാൻ ബാലകൃഷ്ണമേനോൻ വഴിപ്പെടത്തക്കവണ്ണം ശാന്തമായും, മധുരമായും, യുക്തിയുക്തമായും, അദ്ദേഹത്തോടു ഹൃദയപൂൎവ്വം അപേക്ഷിച്ചതിനെ ഉപേക്ഷിച്ചതു നിമിത്തം ജാനു കരഞ്ഞുതുടങ്ങി. അവളുടെ രോദനം അവസാനം അദ്ദേഹത്തെക്കൊണ്ടു ലീലയുടെ പ്രാൎത്ഥനയെ സ്വീകരിപ്പിച്ചു. ലീല ഭൎത്തൃസമേതം മല്ലവളപ്പിൽവന്നുപോകുന്നതിന്നു തനിക്കു യാതൊരു വിരോധവുമില്ലെന്നദ്ദേഹം മറുപടി അയച്ചു.

അധികദിവസം കഴിയുന്നതിന്നു മുമ്പുതന്നെ ഭൎത്തൃമതിയായ തന്റെ പുത്രിയെ അയൽഗൃഹങ്ങളിൽ കൂട്ടിക്കൊണ്ടുപോയി ചങ്ങാതിമാൎക്കും മററും കാണിച്ചുകൊടുപ്പാൻ സാധിക്കുമെന്നറിഞ്ഞപ്പോൾ രുഗ്മിണിയമ്മ ഹൎഷാകുലയായി. വിക്രമമേനോൻ വരുവാൻ നിശ്ചയിച്ചതിലാണ് ദേവി വിസ്മയിച്ചത്. അവളുടെ അഭിപ്രായത്തിൽ അദ്ദേഹവുമായുള്ള കൂടിക്കാഴ്ച ഒരു കാലത്തും ഇച്ഛിക്കത്തക്കതായിരുന്നില്ല.

## അമ്പതാമദ്ധ്യായം.

രുഗ്മിണിയമ്മയുടെ പ്രേമഭാജനമായ ലീല ഭൎത്തൃസമേതം മല്ലവളപ്പിലേക്കു വരുന്ന ശുഭദിവസം ഇന്നാകുന്നു. ഈ ദമ്പതിമാരുടെ ആഗമനം ജാനുവിന്നും ദേവിക്കും വള

രെ സന്തോഷമുണ്ടാക്കി. ലീലക്കും ഭർത്താവിന്നും വരുവാനായി ജാനുവിൻെറ അപേക്ഷയനുസരിച്ച് ബാലകൃഷ്ണമേനോൻെറ വണ്ടി തീവണ്ടിസ്റ്റേഷനിലേക്ക് അയച്ചിരുന്നു. അവർ രാവിലെ പത്തുമണിക്കുമുമ്പ് മുല്ലവളപ്പിൽ എത്തി. ലീലയും വിക്രമമേനോനും വരുന്ന വിവരം ജാനു ഓടിച്ചെന്ന് മറ്റുള്ളവരെ അറിയിച്ചു. ലീലയുടെ തല്ക്കാല നിലയോൎത്ത് ജാനുവിന്നു സാമാന്യത്തിലധികം കുണ്ഠിതമുണ്ടായി. താൻ ഈ മാതിരി ആഭാസകൎമ്മമാചരിച്ച് വീണ്ടും മാതാപിതാക്കന്മാരുടെ സന്നിധിയിലേക്കു വരികയാണെങ്കിൽ തനിക്കെത്രത്തോളം ഭയവും ലജ്ജയും വ്യസനവുമുണ്ടാകുമൊ, അത്ര തന്നെ ലീലക്കുമുണ്ടായിരിക്കുമെന്നവൾ വിചാരിച്ചു.

ദമ്പതിമാർ വണ്ടിയിറങ്ങി അകത്തു പ്രവേശിച്ചു. ഇവരെ എതിരേല്ക്കാനായി രുഗ്മിണിയമ്മയും മററും പൂമുഖത്തു തന്നെ തയ്യാറായിരുന്നു. രുഗ്മിണിയമ്മയുടെ മുഖം പുഞ്ചിരിയാലും പ്രസന്നതയാലും സവിശേഷം അലങ്കരിക്കപ്പെട്ടിരുന്നു. ബാലകൃഷ്ണമേനോൻെറ പ്രശാന്തഗംഭീരമായ വദനത്തിൽ നീരസം കുറെ സ്ഫുരിച്ചിരുന്നില്ലെന്നില്ല. പിതാവിൻെറ പ്രകൃതികണ്ട് ജാനുവും ദേവിയും ഭയന്നു അവൎക്കു കല്പാടെ വച്ചാത്ത ദൈന്യം തോന്നി.

ആഹ്ലാദഭരിതയായ ലീലയുടെ സംസാരവും ചിരിയും കൊണ്ട് ആ ഭവനത്തിലുള്ളവരെല്ലാം അവൾ വന്ന വിവരം ക്ഷണേന ധരിച്ചു. സന്തോഷപരവശയായ രുഗ്മിണിയമ്മ ഭർത്താവൊന്നിച്ചു വന്ന തൻെറ ഓമനമകളെ വാരിയെടുത്തു മടിയിലിരുത്തി മൂൎദ്ധാവിൽ പലവുരു ചുംബിച്ചു. ഇഷ്ടഭർത്താവോടൊന്നിച്ച് അത്യന്തം രഞ്ജിപ്പോടെ അനേകകാലം സുഖിച്ചിരിപ്പാൻ ആശീൎവ്വദിച്ചവളുടെ ശിരസ്സിൽ ആനന്ദബാഷ്പം ചൊരിഞ്ഞു. മനോഹരമായ പുഞ്ചിരിതൂകിക്കൊണ്ട് അയമ്മയുടെ സമീപത്തു നില്ക്കുന്ന വിക്രമമേനോനോട് സസ്നേഹം കുശലപ്രശ്നം ചെയ്തു. അദ്ദേഹത്തെ യഥാവിധി സല്ക്കരിക്കയും ചെയ്തു.

ബാലകൃഷ്ണമേനോൻ ഇവരോട്ട സ്നേഹനില നടിച്ചതേയില്ല. അദ്ദേഹത്തിൻെറ മുഖത്തു അസാമാന്യമായ ഗൌരവവും ദ്വേഷ്യവും പ്രത്യക്ഷപ്പെട്ടിരുന്നു. ക്രോധകലുഷിതനായ അദ്ദേഹം ഒരു വാക്കുപോലും സംസാരിച്ചില്ല.

ഈ ദമ്പതിമാരുടെ ഔദ്ധത്യവും സ്വാതന്ത്ര്യപ്രകടനവും, ഏതൊരു ക്ഷമാശീലനിലും കോപത്തെ ഉജ്വലിപ്പിക്കാതിരിക്കയില്ല. വിക്രമമേനോൻെറ അപ്പോഴത്തെ ഭാവം കാണുകതന്നെ വേണം. ബാലകൃഷ്ണമേനോനും മററും നീരസജന്യമായ ഒരു ജള്ളത്വം താൻ പ്രവൃത്തിച്ചിട്ടുണ്ടെന്നുള്ള വിചാരം അദ്ദേഹത്തിന്നില്ലവേയില്ല. പിതാവിൻെറ നില കണ്ടു് ജാനുവും ദേവിയും വിഷണ്ണചിത്തകളായി എന്തുചെയ്യേണ്ടു എന്നറിയാതെ സ്വല്പനേരം അന്ധാളിച്ചുനിന്നു.

ലീല ഇപ്പോഴും ലീലയായി തന്നെ ഇരിക്കുന്നു. അവൾക്കു അടക്കമൊ, വിനയമൊ, തൻേറടമൊ ഒന്നും തന്നെ ഇനിയും ഉണ്ടായിട്ടില്ല. മനോഹരമായ പുഞ്ചിരിയും വശ്യതയേറിയ വാക്കുകളും അനന്യസാധാരണമായ പ്രസരിപ്പും അനുപമമായ ഫലിതവും വിക്രമമേനോനിൽ ഇപ്പോഴും സുലഭമായി കാണുന്നുണ്ടു്. വിക്രമമേനോൻ ലീലയെ നേരായ മാൎഗ്ഗത്തിൽ വിവാഹം ചെയ്തിരുന്നുവെങ്കിൽ മുല്ലവള്ളപ്പുകാൎക്കു് ഇതെല്ലാം വളരെ ഹൃദ്യങ്ങളാകുമായിരുന്നു. ദമ്പതിമാരുടെ നിർല്ലജ്ജത്വവും സങ്കോചമില്ലായ്മയും കണ്ടു് ജാനു സുഖമില്ലാതെ ദേവിയുടെ മുഖത്തു നോക്കി. ഇരുവരുടേയും കപോലങ്ങൾ ലജ്ജയാൽ അരുണവൎണ്ണമായി. ഈ സഹോദരിമാൎക്കു ലജ്ജയും ദൈന്യവുമുണ്ടാക്കുവാൻ കാരണഭൂതന്മാർ ആരായിരുന്നുവൊ, അവരിൽ ഈ വക വികാരങ്ങളുടെ ഈഷൽപ്രകാശം പോലും ഉണ്ടായില്ല. മേലിൽ താൻ നിർല്ലജ്ജനായ ഒരു മനുഷ്യൻെറ ചാപല്യങ്ങൾക്കു അതിരു കല്പിക്കയില്ലെന്നു ദേവി മനസാ നിശ്ചയിച്ചു.

രുഗ്മിണിയമ്മ ലീലയോടു പലെ വൎത്തമാനങ്ങളും അന്വേഷിച്ചു. വിക്രമമേനോൻ ദേവിയുടെ സമീപത്തിരുന്ന് വളരെ സാരസ്യത്തോടെ അയൽവാസികളുടെ യോഗക്ഷേമാദികൾ ചോദിച്ചു രസിച്ചു. ചോദിക്കുന്നാൾക്കുണ്ടായിരുന്ന സന്തോഷവും രസവും മറുപടി പറയുന്ന ദേവിയിൽ കണ്ടില്ല.

നമ്മുടെ പുതിയ ദമ്പതിമാർ പശ്ചാത്താപജന്യങ്ങളായ കാൎയ്യങ്ങളെക്കുറിച്ചാലോചിച്ച് തങ്ങൾക്കു തന്നെ സുഖവിരോധമുണ്ടാക്കി തീൎക്കുന്നവരല്ലായിരുന്നു. ലീല അവളുടെ അമ്മയോടു ജല്പിക്കുന്ന അസംബന്ധങ്ങൾക്കു കയ്യും കണക്കുമുണ്ടായിരുന്നില്ല. അതൊന്നും അവളുടെ ജ്യേഷ്ഠത്തിമാൎക്ക് ഇഷ്ടമാകുന്നതേയില്ല.

ലീല — ഞാൻ പോയിട്ടു മാസം രണ്ടു കഴിഞ്ഞു. അതെനിക്കിപ്പോൾ ഒരാഴ്ചപോലെ തോന്നുന്നു. ഈശ്വരാ! ഇതിന്നിടക്ക് എന്തെല്ലാം സംഗതികൾ സംഭവിച്ചു. ഞാൻ പോകുമ്പോൾ എൻെറ പുടമുറി കഴിഞ്ഞിട്ടെ മടങ്ങിവരികയുള്ളു എന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല. ഇതു നിങ്ങളും സ്വപ്നേപി വിചാരിക്കാത്ത സംഗതിയാകയാൽ എല്ലാവൎക്കും നല്ല നേരമ്പോക്കിന്നു വകയുണ്ടായി. ഇല്ലേ?

ഇതു കേട്ടപ്പോൾ ബാലകൃഷ്ണമേനോൻ സരോഷം ഒന്നു ലീലയെ നോക്കി. ഇംഗിതജ്ഞയായ ജാനു പേടിച്ചു വിറച്ചു. ഈ മാതിരി സംസാരം അവസാനിപ്പിക്കണമെന്നു ലീലയോടുപദേശിക്കുംപോലെ ദേവി അവളെ നോക്കി പുരികം ചുളിച്ചു. ജ്യേഷ്ഠത്തിയുടെ ശകാരസൂചകമായ വീക്ഷണത്തെ ഗണ്യമാക്കാതെ—

ലീല — അമ്മെ, എൻെറ പുടമുറി കഴിഞ്ഞവിവരം ഈ ദിക്കുകാർ അറിഞ്ഞിട്ടുണ്ടോ? എല്ലാവരും അറിഞ്ഞിട്ടുണ്ടാവില്ലെന്നു ഞാൻ വിചാരിക്കുന്നു. എനിക്കദ്ദേഹം തന്നെ

മോതിരം നമ്മുടെ വണ്ടിക്കാരൻ കാണ്മാൻ വേണ്ടി വണ്ടിയുടെ കണ്ണാടി ജനൽ തുറന്ന് എൻെറ വലത്തുകൈ ഞാൻ ആ ഭാഗത്തുവെച്ചു. അപ്പോളവൻ എൻെറ മോതിരം നോക്കുന്നതു ഞാൻ കണ്ടു.

ലീലയുടെ ഈമാതിരി സംസാരം കേട്ടിരിപ്പാൻ ദേവിക്കു ക്ഷമയുണ്ടായില്ല. അവൾ എഴുനീററ് അതിവേഗത്തിൽ അവിടെനിന്നു പുറത്തുപോയി. പിന്നെ ഊണിന്നുള്ള സമയമായപ്പോഴാണ് ദേവി അവരോടൊന്നിച്ചു കൂടിയത്. എല്ലാവരും ഭക്ഷണത്തിന്നിരിക്കുമ്പോൾ ജാനുവിനോടു—

ലീല— ജ്യേഷ്ഠത്തീ, ഇനി അമ്മയുടെ അടുക്കൽ ഇരിക്കേണ്ടവൾ ഞാനാണ്. നിങ്ങളുടെ സ്ഥാനം ഞാൻ കൈവശപ്പെടുത്തിയിരിക്കുന്നു. എൻെറ പുടമുറി കഴിഞ്ഞതുകൊണ്ട് നിങ്ങൾക്കെൻെറ താഴെ ഇരിപ്പാനെ അവകാശമുള്ളു. അങ്ങിനെയല്ലെ അമ്മെ? അല്ലെങ്കിൽ അമ്മ പറയട്ടെ.

ജനനം മുതൽ ലീലയോടൊന്നിച്ചു വളൎന്നതായ അവളുടെ ദുരഹങ്കാരം ഒന്നുകൊണ്ടും ഒരു കാലത്തും കുറയുന്നതല്ല. അവൾ പൂൎവ്വാധികം ധാൎഷ്ട്യത്തോടെ തൻെറ വിവാഹമോതിരം ചെറിയമ്മക്കും നാണിക്കുട്ടിയമ്മക്കും ന[illegible]ഭവനത്തിലുള്ള ഭൃത്യവൎഗ്ഗത്തിന്നും മററുള്ള സമീപവാസികൾക്കും കാണിച്ചുകൊടുത്താമോദിച്ചു. എല്ലാവരും ഭക്ഷണം കഴിഞ്ഞ് തളത്തിൽ വന്നിരുന്നു വിശ്രമിക്കുന്നമദ്ധ്യെ വാചാലയായ—

ലീല— അമ്മെ, എൻെറ ഭൎത്താവിനെക്കുറിച്ചമ്മ എന്തു വിചാരിക്കുന്നു? ഇത്ര സുന്ദരനായ ഒരാൾ ത്രൈലോക്യത്തിലുമുണ്ടാവില്ല. നിശ്ചയം തന്നെ. ബി. എ. പാസ്സുമുണ്ട്. അദ്ദേഹത്തെ ഒരിക്കൽ കണ്ടാൽ ഒന്നുകൂടി നോക്കാത്ത മനുഷ്യരുണ്ടാകുമൊ? ഉണ്ടെങ്കിൽ അവർ നിശ്ചയമായും കുരുടന്മാരായിരിക്കും. ഇതിലധികം ഒരാൾക്ക് എന്തൊ

ഒ യോഗ്യതയാണ് വേണ്ടത്? സർവ്വഗുണങ്ങളും തികഞ്ഞ ഉത്തമനായ ഒരാളെ ഭർത്താവായി എനിക്കു കിട്ടിയതുകൊണ്ട് ജ്യേഷ്ഠത്തിമാർക്കു തീർച്ചയായും എന്നോട് അസൂയയുണ്ടാവും. അവർക്കെൻെറ ഭാഗ്യത്തിൽ പകുതി കൂടിയുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മൾ എല്ലാവരും കൂടി മധുരക്കു പോകാഞ്ഞതു കഷ്ടം തന്നെ!

ഒ-അ— എൻെറ മകൾ പറയുന്നതെല്ലാം ശരിയാണ്. എന്നാലും കുട്ടീ, നീ ഓടിപ്പോയതെനിക്കൊട്ടും ഇഷ്ടമായില്ല. ഇങ്ങിനെ ദുസ്സാമർത്ഥ്യം കാട്ടിയതു നന്നായോ? പറയു.

ലീല— ഞാൻ എൻെറ പ്രാണനാഥൻെറയൊരുമിച്ചു പോയതിൽ എന്താണ് തെററ്? ഇതൊക്കെ ഇപ്പോഴത്തെ പരിഷ്കാരമാണമ്മെ. അമ്മക്കിതൊന്നും അറിയില്ല. ഞങ്ങൾ തലശ്ശേരിക്കു പോയാൽ അച്ഛനും അമ്മയും ജ്യേഷ്ഠത്തിമാരും ഇടക്കിടെ അങ്ങോട്ടു വരില്ലെ? ജ്യേഷ്ഠത്തിമാരിൽ ഒന്നോ രണ്ടോ ആൾ എൻെറയൊരുമിച്ചു താമസിക്കട്ടെ. അവിടെ പലെ യോഗ്യന്മാരും ഉണ്ടാകും. തിരുവാതിരയാകുമ്പോഴക്കു ഇവർക്കു യോഗ്യന്മാരായ ഭർത്താക്കന്മാരെയുണ്ടാക്കാൻ ഞാൻ ശ്രമിക്കാം.

ദേ— (സാവജ്ഞം ലീലയെ നോക്കി) അനന്തകോടിവന്ദനം. മതിയെ മതി. നിനക്കു ഭർത്താവിനെയുണ്ടാക്കിയതു തന്നെ മതി. നിന്നെപ്പോലെ നിന്ദ്യകർമ്മം ചെയ്തിട്ടും, നിൻെറ ശ്രമം കൊണ്ടോ ഈ ജന്മത്തിൽ എനിക്കൊരു ഭർത്താവുണ്ടാകേണ്ട. ദയവുചെയ്തു് ഈ മാതിരി അസംബന്ധം പറയുന്നതു കുറച്ചാൽ നന്നായിരുന്നു.

“കഷ്ടമെ കഷ്ടം! തൻേറടമില്ലാത്തവരെക്കൊണ്ടു ജനങ്ങൾക്കുണ്ടാകുന്ന ഉപദ്രവം ചില്ലറയൊന്നുമല്ല. ഈ അസത്ത് വിക്രമമേനോൻെറ ജാടയിൽ പെട്ടതുപോലെ ദിനംപ്രതി എത്ര തരുണികൾ ദുർവൃത്തന്മാർക്ക് അധീനകളാകുന്നു. തങ്ങളുടെ ചൊല്പടിക്ക് അടങ്ങിയിരിക്കുന്ന ബാലവനിതക

ളോടു തരുണീതാരുണ്യചോരന്മാർ ആചരിച്ചു വരുന്ന ക്രൌര്യം ഒരു കാലത്തും വിസ്മരണീയമല്ല. വിദ്യാഭ്യാസം കൊണ്ടു ദുർവൃത്തിക്കു ഭേദമുണ്ടാകുമെന്നു പലരും ബലമായി വിശ്വസിക്കുന്നു. അതു ശരിയല്ലെന്നാണെന്റെ പക്ഷം. സദാ ദുർമ്മാർഗ്ഗങ്ങളിലേക്കു കുതിച്ചോടുന്ന മനുഷ്യരുടെ മനസ്സിനെ നിയമനം ചെയ്യുവാൻ ഏതൊരു തരം വിദ്യാഭ്യാസവും ഉപകരിക്കുന്നില്ല. മനുഷ്യരിൽ തന്നെ ദുർല്ലഭം ചിലരെ സന്മാർഗ്ഗചാരികളായി കാണുന്നതുകൊണ്ട് എല്ലാം മനുഷ്യരും ദുർവൃത്തന്മാരാണെന്നു വിചാരിപ്പാനും തരമില്ല.” ഇപ്രകാരം മനനമഗ്നയായ ദേവി പിന്നീടുണ്ടായ സംഭാഷണത്തെ ശ്രദ്ധിച്ചില്ല.

ലീലക്കും വിക്രമമേനോന്നും ഇനി പത്തു ദിവസമെ മുല്ലവളപ്പിൽ താമസമുള്ളു. രണ്ടാഴ്ച കഴിഞ്ഞാൽ അദ്ദേഹത്തിന്നു തലശ്ശേരിക്കു പോകണം. ദമ്പതിമാർക്കു ഇത്ര വേഗം മടങ്ങിപ്പോകുവാൻ സംഗതിയായതിൽ രുഗ്മിണിയമ്മക്കല്ലാതെ മററാർക്കും വ്യസനമുണ്ടായില്ല. ഈ ദിവസങ്ങളിൽ മിക്കതും അയമ്മ തന്റെ ബന്ധുക്കളേയും ചങ്ങാതിമാരേയും ഉപചരിപ്പാനായി വെററില, അടക്ക, പഴം മുതലായതുകൾ യഥേഷ്ടം വാരിക്കെട്ടി നവോഢയായ തന്റെ മകളോടുകൂടെ അവരുടെ ഗൃഹങ്ങളിൽ പോയി വരിക പതിവായിരുന്നു.

വിക്രമമേനോന്നു ലീലയോടുള്ള സ്നേഹം ദേവി മുമ്പെ ഊഹിച്ചതിൽനിന്നു മാത്രപോലും വ്യത്യാസമുള്ളതായിരുന്നില്ല. ലീലക്കങ്ങോട്ടുണ്ടായിരുന്ന സ്നേഹം അദ്ദേഹത്തിന്റെ സ്നേഹം പോലെ കൃത്രിമമല്ലായിരുന്നു. അവൾ സ്വഭർത്താവിനെ ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ട്, അദ്ദേഹത്തിന്നു സദൃശനായ ഒരാൾ ഭൂമിയിൽ ഒരേടത്തും ഇല്ലെന്നവൾ വിചാരിക്കുന്നു. ലീല അച്ഛനമ്മമാരുടേയും ബന്ധുജനങ്ങളുടേയും ഇഷ്ടാനിഷ്ടങ്ങളെ ഗണ്യമാക്കാതെ വിക്രമമേനോന്റെയൊരുമിച്ചു പോയതു അവളുടെ സ്നേഹം കൊണ്ടു മാത്രമായിരുന്നു. വിക്രമമേനോന്നു ലീലയിൽ പ്രേമമില്ല.

സർവ്വകലാശാലാസമ്മതനായ വിക്രമമേനോൻ തനിക്ക ലേശവും അനുരാഗമില്ലാത്ത ഒരു കന്യകയെ വിവാഹം ചെയ്യാതോത്ത് നിങ്ങൾ അത്ഭുതപ്പെടേണ്ട. അദ്ദേഹത്തിന്നു പണത്തിന്നു വളരെ തിടുക്കമുണ്ടായിരുന്നു. രണ്ടണ, നാലണ മുതൽ രണ്ടായിരം ഉറുപ്പികവരെ അദ്ദേഹം പലക്കുമായി കൊടുക്കാനുണ്ട്. കടക്കാരെക്കൊണ്ടുള്ള ഉപദ്രവം ദിനംപ്രതി അസഹനീയമായി തോന്നി. ഒരു സംബന്ധം തുടങ്ങിയാൽ തല്ക്കാലം ഇതിനെല്ലാം നിവൃത്തി കിട്ടുമെന്നു തീർച്ച്പ്പെടുന്ന പക്ഷം അങ്ങിനെ ചെയ്യാൻ മടിക്കുന്ന ഒരു യുവാവല്ല നമ്മുടെ വിക്രമമേനോൻ.

ഒരു ദിവസം രാവിലെ ജാനുവും, ദേവിയും കൂടി ശാകുന്തളം വായിച്ചു രസിച്ചുകൊണ്ടിരിക്കുമ്പോൾ അവരോട് —

ലീല — ആ പുസ്തകമവിടെവെക്കിൻ. നിങ്ങൾക്കെന്റെ പുടമുറിവർത്തമാനം കേൾക്കണ്ടെ? ഞാൻ അമ്മയോടും മറ്റും അതു പറയുമ്പോൾ നിങ്ങളവിടെ ഉണ്ടായിരുന്നില്ലല്ലൊ.

ദേ — വേണ്ട. ഞങ്ങൾക്കൊന്നും കേൾക്കേണ്ട.

ലീല — (നീരസത്തോടെ) കേൾക്കണ്ടെ? വേണം, കേൾക്കണം. എന്റെ പുടമുറി സാരമില്ലെന്നു നിങ്ങൾ വിചാരിക്കേണ്ട. ഗാസ്‌ലൈററും, പുഷ്പമാലകളും, ഇത്രയെന്നു പറഞ്ഞാലാവില്ല. വാദ്യഘോഷംകൊണ്ട് കോഴിക്കോട്ടു പട്ടണം മുഴങ്ങിയിരുന്നു. സദ്യവട്ടം പൊടിപൂരമായെന്നു ഉണ്ടവരെല്ലാം പറഞ്ഞു. ഞങ്ങളുടെ വിവാഹം റജിസ്റ്റാക്കീട്ടുണ്ട്. ഇതെല്ലാം വേണ്ടതുപോലെ നടത്തിച്ചത് ശ്രീധരൻ നമ്പ്യാരാണ്. എന്റെ പുടമുറി ഇത്ര കേമമായി കഴിക്കാൻ അമ്മാമന്നിഷ്ടമുണ്ടായിരുന്നില്ല.

ദേ — (സവിസ്മയം) ആര്, ശ്രീധരൻനമ്പ്യാരൊ?

ലീല — അതെ, അതെ. അദ്ദേഹം തന്നെ. പുടമുറിദിവസം രാത്രി പത്തുമണിവരെ അദ്ദേഹം അമ്മാമന്റെയൊരുമി

ച്ചുണ്ടായിരുന്നു. അന്ന് ഉണ്ടത് അവിടെയാണ്. അമ്മാമൻ അദ്ദേഹത്തോടു കാണിച്ച ബഹുമാനാദരങ്ങൾ കണ്ട് എനിക്ക് വല്ലാത്ത അസൂയ തോന്നി. എൻെറ ഭത്താവിനെ അമ്മാമൻ അതിൽ പകുതി ബഹുമാനിച്ചിട്ടില്ല. അയ്യോ! അബദ്ധം. തെററിപ്പോയി. ഇതൊന്നും ആരോടും പറയാതിരിപ്പാനായി എന്നെക്കൊണ്ടു സത്യം ചെയ്യിച്ചിട്ടുണ്ട്. അദ്ദേഹമറിഞ്ഞാൽ എന്തു പറയുമൊ? തീച്ചയായും എന്നെ ചീത്ത പറയാതിരിക്കില്ല.

ജ०. കു—ശരി. അങ്ങിനെയാണെങ്കിൽ ഇനി ഒരു വാക്കുപോലും ശബ്ദിക്കരുത്.

ദേ—(തൻെറ ജിജ്ഞാസയെ പ്രകാശിപ്പിക്കാതെ) ലീലെ, ജ്യേഷ്ഠത്തി പറഞ്ഞതു വളരെ ശരിയാണ്. ഇതൊരു സ്വകാര്യമാണെങ്കിൽ ആരോടും പറയേണ്ട. ഞങ്ങൾക്കിതു കേട്ടെ കഴിയൂ എന്നില്ല.

ലില—നിങ്ങൾക്കു വന്ദനം. നിക്കൾ പറയാനാവശ്യപ്പെട്ടാൽ എല്ലാം ഞാൻ വിവരമായി പറയും. അദ്ദേഹം ശകാരിച്ചാൽ ശകാരിക്കട്ടെ. അല്ലാതെന്താണ്?

താൻ ചോദിച്ചാൽ ലീല വിവരങ്ങളെല്ലാം പറയുമെന്നുള്ള പൂണ്ണ വിശ്വാസം ദേവിക്കുണ്ടായിരുന്നുവെങ്കിലും ഇതിനെക്കുറിച്ചനുജത്തിയോടൊന്നും ചോദിക്കാതെ വേഗത്തിൽ അവിടെനിന്നു പോയി. ഈ മാതിരി സംഗതികളുടെ പൂണ്ണവിവരം കിട്ടാതെ കഴിച്ചുകൂട്ടേണ്ടിവരുന്നതു മഹാവിഷമം തന്നെ. പൂണ്ണവിവരം ലഭിച്ചാലും ഇല്ലെങ്കിലും അതിന്നുവേണ്ടിചെയ്യുന്നഉദ്യമങ്ങളെആരുംകുറക്കാറില്ല. പത്മാലയത്തിൽ ശ്രീധരൻ നമ്പ്യാർ അതെ,എല്ലാംകൊണ്ടും അവരേക്കാൾ എത്രയോ ഉയന്ന സ്ഥിതിയിലിരിക്കുന്ന മാന്യൻ. ലീലയുടെ വിവാഹദിവസം ഗോവിന്ദമേനോൻെറ ഭവനത്തിൽ ഉണ്ടായിരുന്നു എന്നു മാത്രമല്ല, വിവാഹം വേണ്ടതുപോലെയാവാൻ അദ്ദേഹം വളരെ ഉത്സാഹിക്കയുമുണ്ടായി.

ഇതിന്നുള്ള കാരണം ആരാഞ്ഞറിയുവാനുള്ള ഔൽസുക്യം. ദേവിയെ കണക്കിലധികം പീഡിപ്പിച്ചു. അവൾ പലേ കാരണങ്ങളും ഊഹിച്ചു. അതുകൊണ്ടൊന്നും സംശയനിവൃത്തിയുണ്ടായില്ല. ഇങ്ങിനെയുള്ളൊരു സംശയത്തെ അന്തരംഗത്തിൽ ഗോപനം ചെയ്യാനുള്ള സാമത്ഥ്യം അവൾക്കില്ല. അവൾ കാലവിളംബം കൂടാതെ സംശയനിവൃത്തി വരുത്തുവാനായി ഒരു കഷണം കടലാസ്സെടുത്ത് തൻെറ അമ്മായിക്കു ചെറിയോരു കത്തെഴുതി അന്നത്തെ തപ്പാലിൽ തന്നെ അയച്ചു.

എൻെറ പ്രിയമേറിയ അമ്മായി, മല്ലവളപ്പ്

. . . . . .

ഈ വിഷയത്തിൽ എനിക്കുള്ള ജിജ്ഞാസ എത്രത്തോളമുണ്ടെന്ന് അമ്മായിക്കുതന്നെ ഊഹിക്കാം. ചാച്ചകൊണ്ടും വേളുകൊണ്ടും, നമുക്കൊട്ടും ബന്ധപ്പെടാത്ത ഒരു മാന്യൻ ലീലയുടെ വിവാഹദിവസം അവിടെയുണ്ടായിരുന്നില്ലേ? അന്നദ്ദേഹം അവിടെ വരുവാനുള്ള കാരണമെന്താണ്? സ്വകാര്യമല്ലെങ്കിൽ അതിനെക്കുറിച്ചുള്ളൊരു വിവരണം കാലതാമസം കൂടാതെ എനിക്കു തരുന്നതിന്നു വിരോധമുണ്ടോ? ലീല ഇതിനെ സ്വകാര്യമായി വെക്കേണ്ടത് അത്യാവശ്യമാണെന്നു കരുതുന്നു. ഇവിടെ വിശേഷാൽ ഒന്നുമില്ല. കത്തു കിട്ടിയ ഉടനെത്തന്നെ മറുവടി അയപ്പാൻ സവിനയം അപേക്ഷ. എന്ന് അമ്മായിക്കു, സ്വ. ദേവി.

“അമ്മായിയുടെ മറുപടി എന്താണെന്നു കാണട്ടെ. അമ്മായിയും സംഗതികൾ ഒളിക്കയാണെങ്കിൽ വല്ല കൌശലവും പ്രയോഗിച്ച്, എൻെറ അമ്മായി, ഞാനിതറിയാതിരിക്കില്ല.” എന്നു ദേവി തന്നത്താൻ പറഞ്ഞ് ക്ഷോഭകലുഷിതമായ മനസ്സിനെ ഒരുവിധം സമാധാനിപ്പിച്ചു.

മററുള്ളവരുടെ സ്വകാര്യകാര്യങ്ങളെ തേടിപ്പിടിക്കുന്നത് ഭംഗികേടാണെന്നു കരുതി ഋജുബുദ്ധിയായ ജാനുവും,

തനിക്കു അജ്ഞാതങ്ങളുമായ കാര്യങ്ങളെക്കുറിച്ചു യുമ്പില്ലാതെ വല്ലതും സംസാരിക്കുന്നത് അനുചിതമെന്നു വിചാരിച്ച് ദേവിയും, പിന്നെ ഈ വിഷയത്തിൽ അന്യോന്യം സംസാരിക്കുവാനിഷ്ടപ്പെട്ടില്ല.

## അമ്പത്തൊന്നാമദ്ധ്യായം.

ദേവിയുടെ എഴുത്തിന്ന് മടക്കത്തപ്പാലിൽ തന്നെ ശാരദാമ്മ മറുപടി അയച്ചു. മറുപടി കിട്ടിയ ഉടനെ ജനോപദ്രവം കൂടാതെ സാവധാനത്തിൽ വായിപ്പാനായിക്കൊണ്ട് ദേവി പുഷ്പവാടിയിൽ ചെന്ന് എഴുത്ത് തുറന്ന സമയം അതു കുറെ ദീൎഘിച്ചു കാണുകയാൽ അവളുടെ അന്വേഷണത്തിന്ന് അമ്മായി വിശദമായി മറുപടി എഴുതീട്ടുണ്ടെന്നു വിചാരിച്ച് അവിടെയുള്ള ഒരു കൽത്തറയിൽ ഇരുന്ന് സസന്തോഷം വായിക്കുവാനാരംഭിച്ചു.

എന്റെ പ്രിയമേറിയ ദേവി, കോഴിക്കോട്

. . . . . . . .

സ്നേഹപുരസ്സരമയച്ച എഴുത്തിതാ ഇപ്പോൾ കിട്ടി. നിന്റെ അന്വേഷണത്തിന്ന് വിവരമായി മറുപടി തരണമെങ്കിൽ കുറെ അധികം എഴുതുവാനുള്ളതുകൊണ്ട് ഇന്നത്തെ ഉച്ചയ്ക്കുള്ള ഒഴിവു സമയം മുഴുവനും മറുപടിക്കായിത്തന്നെ ചിലവഴിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

നിന്റെ എഴുത്തു വായിച്ചപ്പോൾ ഞാൻ അത്ഭുതപരവശയായെന്നുപറയുന്നതിൽ അതിശയോക്തിയുണ്ടെന്നു വിചാരിക്കരുതെ. ദേവിയിൽ നിന്നുള്ള ഈ അന്വേഷണം തീരെ അപ്രതീക്ഷിതമായിട്ടുള്ളതാകുന്നു. ഇങ്ങിനെയൊരന്വേഷണം ദേവി ചെയ്യേണ്ടിവരുമെന്ന് ഞാൻ സംശയിക്കപോലും ഉണ്ടായിട്ടില്ല. ദ്വേഷ്യപ്പെടരുതെ. എന്റെ ഊഹം അടിസ്ഥാനരഹിതമായിട്ടുള്ളതാണെങ്കിൽ ദയവുചെയ്തു ക്ഷ

മിക്കമെല്ലൊം. എന്നെപ്പോലെത്തന്നെ എഴുത്തു വായിച്ചപ്പോൾ ദേവിയുടെ അമ്മാമനും ആശ്ചയ്യഭരിതനായി. നിന്നെ വിചാരിച്ചിട്ടാണ് അമ്മാമൻ ഈ കായ്യത്തിൽ ചിലതെല്ലാം പ്രവൃത്തിച്ചത്. നിനക്കിതിൽ യാതൊരു പങ്കുമില്ലെന്നറിഞ്ഞാൽ ഈവിധം പ്രവൃത്തിക്കുവാൻ അമ്മാമൻ ഒരിക്കലും അനുവദിക്കില്ലായിരുന്നു. ഏതായാലും ഇതിൽ ദേവി തീരെ അജ്ഞയാണെന്ന് എഴുതിയ അവസ്ഥയ്ക്ക് ഇനി വത്തമാനം മുഴുവനും വിസ്തരിച്ചറിയിക്കേണ്ടതെൻെറ ഭാരമാണല്ലൊം.

ഞാനവിടെനിന്നിങ്ങോട്ടു പോന്ന ദിവസം തന്നെ ദേവിയുടെ അമ്മാമനെ കാണ്മാനായി ശ്രീധരൻ നമ്പ്യാർ ഇവിടെ വന്നിരുന്നു. അദ്ദേഹത്തിൻെറ വരവു സ്വപ്നേപി നിനക്കാത്തതാണെന്നു പ്രത്യേകിച്ചു പറയേണമൊ. ഞാനിവിടെ എത്തുന്നതിന്നുമുമ്പ് അദ്ദേഹവും, അമ്മാമനുമായുള്ള കൂടിക്കാഴ്ച കഴിഞ്ഞ് പിരിഞ്ഞിരുന്നതിനാൽ ജിജ്ഞാസ നിമിത്തം നീ ഇപ്പോൾ അനുഭവിക്കുന്നതുപോലെയുള്ള മനഃക്ലേശം എനിക്കനുഭവിക്കേണ്ടിവന്നില്ല. വിക്രമമേനോനേയും, ലീലയേയും, നേരിട്ടുകണ്ട് അവരുമായി താൻ സംസാരിച്ച വിവരം അമ്മാമനെ അറിയിക്കുവാനായിട്ടായിരുന്നു നമ്പ്യാർ ഇവിടെ വന്നത്. നമ്മൾ പത്മാലയത്തിൽ നിന്നു വന്ന പിറേറ ദിവസം തന്നെ വിക്രമമേനോനെ അന്വേഷിക്കുവാനുള്ള ഒരുക്കത്തോടെ അദ്ദേഹവും അവിടെ നിന്ന് പുറപ്പെട്ടു.

വിക്രമമേനോൻെറ കായ്യത്തിൽ അദ്ദേഹത്തിന്നും അല്പം ഉത്തരവാദിത്വമുള്ളതുകൊണ്ടാണത്രെ പുറപ്പെട്ടത്. സദ്വൃത്തകളായ സ്ത്രീകൾക്ക് സ്നേഹിപ്പാനൊ, വിശ്വസിപ്പാനൊ, ഇടപഴകാനൊ, കൊള്ളരുതാത്ത ഒരു അയോഗ്യനാകുന്നു വിക്രമമേനോൻ എന്നു തനിക്കറിവുണ്ടായിട്ടും, പുറത്തു പറയാതിരുന്നതു നിൻെറ പേരിൽ ക്ഷന്തവ്യമല്ലാത്ത ഒരു

അപരാധമായി ബോദ്ധ്യപ്പെട്ടകയാലാണിവരെ അന്വേഷിച്ച് കണ്ടുപിടിക്കുവാനദ്ദേഹം നിശ്ചയിച്ചതെന്നു പറഞ്ഞു. സ്വന്തം കാര്യങ്ങൾ മററു ജനങ്ങളെ അറിയിക്കുന്നതു വളരെ ജുഗുപ്സമായിട്ടാണത്രെ ശ്രീധരൻ നമ്പ്യാർ വിചാരിച്ചിരുന്നത്. ഈ വിചാരത്തിന്നു കാരണം അദ്ദേഹത്തിൻെറ സ്വാഭിമാനമാണെന്നു പറഞ്ഞു. ആത്മാഭിമാനം നിമിത്തം മററുള്ളവരോട് വെറുതെ സംസാരിക്കുന്നതു തന്നെ അദ്ദേഹം വലിയ മാനക്ഷയമായിട്ടാണത്രെ കരുതിയിരുന്നത്. സ്വകീയവൃത്താന്തങ്ങൾ പുറത്തു പറയുന്നത് ജുഗുപ്സാവഹമായി കരുതിയിരുന്നതിനാൽ വിക്രമമേനോനെ സംബന്ധിച്ച് പലേ സംഗതികളും അദ്ദേഹം ഗോപനം ചെയ്തിട്ടുണ്ട്. അതു ഹേതുവായിട്ടാണിങ്ങിനെ ചില അപകടങ്ങൾ സംഭവിക്കുവാനിടയായതെന്നും, അതുകൊണ്ട് അതിന്നു തക്കതായ പ്രതിവിധി ചെയ്വാൻ താൻ കടപ്പെട്ടിരിക്കുന്നുവെന്നും, അതു തൻെറ മുറയാണെന്നും പറഞ്ഞു. ഇതല്ലാതെ അദ്ദേഹത്തിന്ന് വേറെ വല്ല ഉദ്ദേശവുമുണ്ടായിരുന്നു എങ്കിൽ അതൊരിക്കലും നിന്ദ്യമായിട്ടുള്ളതല്ലെന്നു ദേവിയും സമ്മതിക്കില്ലെ? ഈ കാര്യത്തിൽ പരിശ്രമിക്കുവാൻ എന്തൊ പ്രബലമായൊരു സംഗതി നമ്മേക്കാൾ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. വിക്രമമേനോനേയും, മററും കണ്ടുപിടിക്കുവാനദ്ദേഹം കുറച്ചു ദിവസം ബുദ്ധിമുട്ടേണ്ടിവന്നു.

കുറെക്കാലം പത്മാലയത്തിൽ താമസിച്ചതിന്നുശേഷം എന്തൊ സംഗതിവശാൽ അവിടെനിന്നു പിരിച്ചയച്ചിട്ടുള്ള കുഞ്ഞമ്മ എന്നുപേരായ ഒരു സ്ത്രീ മയ്യഴിയിൽ ഒരു വീടെടുത്ത് ഹോട്ടൽകച്ചവടം ചെയ്തുപാൎക്കുന്നുണ്ട്. ഈ കുഞ്ഞമ്മയും, വിക്രമമേനോനും തമ്മിൽ വളരെ സ്നേഹവിശ്വാസമുള്ള വിവരം തനിക്കറിവുള്ളതിനാൽ ശ്രീധരൻ നമ്പ്യാർ പുറമെ ചില അന്വേഷണങ്ങളെല്ലാം നടത്തിയതിന്നുശേഷം നേരിട്ടുമയ്യഴിക്കുപോയി. കുഞ്ഞമ്മയിൽനിന്നു വിവരംമുഴുവനും കി

ട്ടുവാൻ രണ്ടുമൂന്നുദിവസത്തെ താമസം വേണ്ടിവന്നു. പണം കിട്ടുന്നതുവരെ വിശ്വാസവഞ്ചന വലിയ പാപമായിട്ടാണ് അയമ്മ വിചാരിച്ചിരുന്നതെന്നു തോന്നുന്നു. കൈക്കൂലികൊടുക്കാതെ ഉദ്ദിഷ്ടകാൎയ്യനിവൃത്തിയുണ്ടാവില്ലെന്നു തീൎച്ചയായപ്പോൾ ശ്രീധരൻ നമ്പ്യാർ പണംകൊടുത്തയമ്മയെ സ്വാധീനിച്ചു. വിക്രമമേനോൻ ആദ്യംപോയതു അയമ്മയുടെവീട്ടിൽ തന്നെയാണെന്നും, പക്ഷെ അയമ്മക്കവരെ അവിടെ താമസിപ്പിക്കാൻ സൌകൎയ്യമില്ലാതെവന്നതിനാൽ അടുത്തെവിടേയൊ താമസിക്കുന്നുണ്ടെന്നും പറഞ്ഞു. വളരെ നിൎബ്ബന്ധിച്ചപ്പോൾ അവസാനം വിക്രമമേനോൻ താമസിക്കുന്ന സ്ഥലം കാണിച്ചുകൊടുത്തു.

ശ്രീധരൻനമ്പ്യാർ അവിടെപോയി. ആദ്യം വിക്രമമേനോനെ മാത്രമെ കണ്ടുള്ളു. ലീലയെ കാണാതെ കഴിയില്ലെന്നു ശഠിച്ചതിനാൽ അവസാനം അവളേയും കണ്ടു. അവളോടു കഴിയുന്നവേഗത്തിൽ മൂല്ലവളപ്പിലേക്കു മടങ്ങുവാനായിഉപദേശിച്ചു. അവളെ സ്വീകരിക്കുവാൻ വീട്ടുകാർ വിരോധിക്കുന്ന പക്ഷം അദ്ദേഹം അവരെ പറഞ്ഞു സമ്മതിപ്പിക്കാമെന്നും, അദ്ദേഹത്താൽ കഴിയുന്ന സകലസഹായങ്ങളുംചെയ്തുകൊടുക്കാമെന്നും, അവളുടെ പ്രവൃത്തി കുലീനകൾക്ക് അയോഗ്യമായിട്ടുള്ളതാകയാൽ വീട്ടിലേക്കു മടങ്ങുവാനശേഷം താമസിക്കരുതെന്നും, സ്നേഹപൂൎവ്വം ശാസിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ കുടംകമിഴ്ത്തി വെള്ളംപകൎന്നതുപോലെയാണ് ലീലയിൽ ഫലിച്ചത്.

എത്രതന്നെ ഗുണദോഷിച്ചിട്ടും അവൾ കേട്ടില്ല. എന്തുതന്നെ വന്നാലും അവൾ വിക്രമമേനോനെവിട്ടുപിരിഞ്ഞു പോകില്ലെന്നു ഖണ്ഡിതമായി പറഞ്ഞു. സ്വന്തം മാതാപിതാക്കന്മാരേയൊ, സോദരിമാരേയൊ, മറ്റു ബന്ധുവൎഗ്ഗങ്ങളേയൊ, ത്യജിക്കുന്നതിൽ അവൾക്ക് അശേഷം ഖേദമില്ല. ശ്രീധരൻനമ്പ്യാരുടെ സഹായമേ ആവശ്യമില്ല. വിക്രമമേ

നോനെ പിരിഞ്ഞുപോകണമെന്നുള്ള കാൎയ്യംമാത്രം ശബ്ദിക്കരുത്. അദ്ദേഹം എപ്പോഴെങ്കിലുംഅവളെ മൎയ്യാദാനുസരണം പരസ്യമായി വിവാഹം ചെയ്യാതിരിക്കില്ല. അതെന്തായാലും വേണ്ടില്ല. ലീലയുടെ അന്തൎഗ്ഗതങ്ങൾ ഈവിധമെന്നറിയുകയാൽ ഇനി കഴിയും വേഗത്തിൽ വിവാഹം നടത്തുകയാണ് നല്ലതെന്നുള്ള വിചാരത്താൽ ശ്രീധരൻനമ്പ്യാർ അതിനെപ്പററി വിക്രമമേനോനോട സംസാരിച്ചപ്പോഴല്ലെ കാൎയ്യം വിഷമത്തിലായത്. വിവാഹവിഷയത്തെക്കുറിച്ച പറയുമ്പോഴക്കുതന്നെ താൻ അതിന്നൊരുക്കമില്ലെന്ന വിക്രമമേനോൻെറ വാക്കുകളാൽ വ്യക്തമായി. കടംകൊണ്ടാണ് താനിങ്ങിനെ മൎയ്യഴിയിൽവന്നു താമസിക്കുന്നതെന്നും, പൊല്ലീസ്സുദ്യോഗത്തിൽ നിന്നുടനെ പിരിയുന്നതാണെന്നും, ഭാവിയെക്കുറിച്ച യാതൊരു തീൎച്ചയുമില്ലെന്നും അദ്ദേഹം പറഞ്ഞു. ഒരുസമയം ബൎമ്മക്കൊ, മററുവല്ല ദ്വീപാന്തരങ്ങളിലേക്കൊ പോകണമെന്നായിരുന്നുവത്രെ ഉദ്ദേശം.

ലീലയുടെ കാൎയ്യത്തിൽ അദ്ദേഹം തീരെ നിൎദ്ദോഷിയും നിരപരാധിയുമാണ്. അദ്ദേഹത്തിന്നതിൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്നുമാത്രമല്ല മുഴുവൻ കുററവും അവളിൽതന്നെ ചുമത്തുകയും ചെയ്തു. നമ്മൾ വലിയ പ്രഭുക്കളല്ലെങ്കിലും, ലീലയെ വിവാഹംചെയ്യുന്ന പക്ഷം അദ്ദേഹത്തിൻെറ കടംവീട്ടുവാൻ യഥാശക്തി വല്ല സഹായവും ചെയ്യാതിരിക്കില്ലെന്നും, അതുകൊണ്ടവളെ വിവാഹംചെയ്യുന്നതിന്നു വിരോധമെന്താണെന്നും, ശ്രീധരൻനമ്പ്യാർ ചോദിച്ചപ്പോൾ, നമ്മെക്കാൾ പണംകൊടുക്കുവാൻ പ്രാപ്തിയുള്ള ഒരു കുഡുംബത്തിൽ വിവാഹം ചെയ്ത് തൻെറ കടംമുഴുവനും വീട്ടി ഉപജീവനത്തിന്നുകൂടി സമ്പാദിക്കണമെന്നാണുദ്ദേശമെന്നു വിക്രമമേനോനിൽ നിന്നു സ്പഷ്ടമായി മനസ്സിലായി. ഈ സ്ഥിതിക്കു താൽക്കാലികമായ വല്ല സഹായങ്ങൾകൊണ്ടൊന്നും അദ്ദേഹം സന്തുഷ്ടനാവില്ലെന്നും തീൎച്ചയായി. ഇതിനെക്കുറി

ച്ചവർതമ്മിൽ പലതവണ സംസാരിക്കേണ്ടിവന്നു. തന്റെ യോഗ്യതക്കനുസരിച്ച പണമല്ല വിക്രമമേനോൻ ചോദിച്ചത്. ഒരുകാലത്തും തനിക്കു കിട്ടുവാനൎഹതയില്ലാത്തേടത്തോളം വലിയസംഖ്യ ആവശ്യപ്പെട്ടു. ശ്രീധരൻനമ്പ്യാരുടെ നയോപായങ്ങളാൽ അവസാനം ഒരുവിധം മൎയ്യാദക്കു സമ്മതിച്ചു.

അവർതമ്മിൽ കാൎയ്യമെല്ലാം തീൎച്ചപ്പെടുത്തിയതിന്നു ശേഷം വിവരം മുഴുവനും നിന്റെ മാതുലനെ അറിയിക്കണമെന്നായിരുന്നു ശ്രീധരൻ നമ്പ്യാരുടെപ്രഥമോദ്ദേശം. അതിന്നായി ഒരു ദിവസം വൈകുന്നേരം അദ്ദേഹം ഇവിടെ വന്നപ്പോൾ മാതുലനെ കാണ്മാൻ സൌകൎയ്യമായില്ലെങ്കിലും നിന്റെ അച്ഛൻ ഇവിടെയുള്ളതും, പിറേന്നുരാവിലെ മുല്ലവളപ്പിലേക്കു മടങ്ങുന്നതും മനസ്സിലാക്കി. കാൎയ്യാലോചനചെയ്യുവാൻ നിന്റെ അമ്മാമനെപ്പോലെ അച്ഛനെ അദ്ദേഹത്തിന്നു ബോദ്ധ്യപ്പെടായ്കയാൽ അച്ഛൻ പോകുംവരേക്കും അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തെ നീത്തിവെച്ചു. ഇവിടുത്തെ ഭൃത്യന്മാൎക്കും അദ്ദേഹത്തെ പരിചയമില്ലാത്തതുകൊണ്ട് അമ്മാമനെ കാണ്മാൻ ആരൊ ഒരാൾ വന്നിരുന്നു എന്നല്ലാതെ അതു ശ്രീധരൻനമ്പ്യാരായിരുന്നു എന്നറിവുണ്ടായില്ല. അതുപിറേദിവസമാണ റിഞ്ഞത്. ശനിയാഴ്ചരാവിലെ അദ്ദേഹം വരുമ്പോഴക്കു അച്ഛൻ ഇവിടംവിട്ടിരുന്നു. അന്നു അദ്ദേഹവും അമ്മാമനുംകൂടി ദീൎഘമായ ഒരു ഗൂഢസംഭാഷണമുണ്ടായി. ഞായറാഴ്ചരാവിലേയും അദ്ദേഹം ഇവിടെവന്നു. അപ്പോഴാണ് എനിക്കദ്ദേഹത്തെ കാണുവാൻ സാധിച്ചത്. കാൎയ്യങ്ങളെല്ലാം തീൎച്ചപ്പെടുത്തിയതു ഞായറാഴ്ച ഉച്ചതിരിഞ്ഞിട്ടാണ്. അന്നുതന്നെ വിവരം നിങ്ങളെ അറിയിക്കുകയും ചെയ്തുവല്ലൊ.

താൻ ഈ വിഷയത്തിൽ പ്രവേശിച്ചിട്ടുള്ള സംഗതിമാത്രം അങ്ങോട്ടറിയിക്കരുതെന്നു ആ പുരുഷകേസരിയായ ശ്രീ

ധരൻനമ്പ്യാർ വാശിപിടിച്ചു. അദ്ദേഹത്തിൻെറ സ്വഭാവത്തിന്നു വല്ലദൂഷ്യവുമുണ്ടെങ്കിൽ അത് ഈ ദുർവ്വാശിമാത്രമാണെന്നാണ് എൻെറ അഭിപ്രായം. അദ്ദേഹത്തിൻെറ സ്വഭാവത്തെക്കുറിച്ചു പലേ ആക്ഷേപങ്ങളും കേട്ടിട്ടുണ്ട്. എന്നാൽ യഥാൎത്ഥമായിട്ടു ഈ ഒരു ദോഷം മാത്രമേ അദ്ദേഹത്തിന്നുള്ളു.

ഈ വിവാഹകാൎയ്യത്തിൽ എന്തുവേണമെങ്കിലും നിൻെറ അമ്മാമൻ ചെയ്യുമായിരുന്നു. പക്ഷെ ശ്രീധരൻ നമ്പ്യാർ സമ്മതിച്ചില്ല. അവർതമ്മിൽ അതിന്നുവേണ്ടി വലിയ വാദപ്രതിവാദമുണ്ടായി. ഒടുവിൽ അമ്മാമൻ കീഴടങ്ങേണ്ടിവന്നു. "തല്ലുകൊള്ളാൻചെണ്ട, പണംവാങ്ങാൻമാരാര്" എന്നുപറയുംപോലെ ഈ വിവാഹം ഇങ്ങിനെ നടത്തുവാൻ പരിശ്രമിച്ചു ബുദ്ധിമുട്ടിയതു ശ്രീധരൻ നമ്പ്യാർ, നിങ്ങളുടെ എല്ലാവരുടെയും ബഹുമാനത്തിന്നു പാത്രീഭവിച്ചത് അമ്മാമനും. പരാജിതമായ പ്രശംസക്കു താനിങ്ങിനെ പാത്രീഭവിച്ചതിനാൽ അസാമാന്യമായ ലജ്ജയും, ക്ലേശവും അമ്മാമന്നു ഉണ്ടായിരുന്നു. ഇന്നുരാവിലെനിൻെറ എഴുത്തുകിട്ടിയപ്പോൾ അതെല്ലാം തീൎന്നു. വിവാഹകാൎയ്യത്തിൽ അത്യദ്ധ്വാനം ചെയ്തിട്ടുള്ള മഹാശയൻ തന്നെ ഇനി നിങ്ങളുടെ യഥാൎത്ഥമായ ബഹുമാനാദരങ്ങൾക്കു പാത്രീഭവിക്കുമല്ലോ എന്നുവിചാരിച്ചു അമ്മാമൻ നിൎവ്വ്യാജം സന്തോഷിക്കുന്നു. ഈ വിവരങ്ങൾ ദേവിയെ മാത്രമെ അറിയിച്ചിട്ടുള്ളു. കൂടിയേ കഴിയു എന്നുണ്ടെങ്കിൽ ജാനുവിനോടും പറയാം. പുറമെ ആരും അറിയരുത്.

നമ്മുടെ ദമ്പതിമാൎക്കു വേണ്ടി ശ്രീധരൻനമ്പ്യാർ ചെയ്തിട്ടുള്ളതെന്തെല്ലാമെന്നറിയുമൊ? വിക്രമമേനോൻെറ കടം മുഴവനും വീട്ടി. കടം മുവ്വായിരത്തോളമുണ്ടെന്നു തോന്നുന്നു. ലീലയുടെ പേരിൽ രണ്ടായിരംഉറുപ്പിക മദിരാശി ബാങ്കിൽ അടച്ചു. മാസംഎഴുപതുറുപ്പിക ശമ്പളത്തിൽ വിക്രമമേനോ

നെ സ്വന്തം ഹൈസ്കൂളിൽ ഒരു മാസ്റ്ററായി നിയമിച്ചു. ഇതെല്ലാം അദ്ദേഹംതന്നെ ചെയ്യാനുള്ള കാരണം ആദ്യമെ പറഞ്ഞിട്ടുണ്ടല്ലൊ. അദ്ദേഹത്തിന്റെ അല്പഭാഷിത്വത്താലും, ആലോചനക്കുറവുകൊണ്ടും, പരകാൎയ്യാന്വേഷണവിമുഖതനിമിത്തവുമാണത്രെ വിക്രമമേനോന്റെ സ്വഭാവം ജനങ്ങളിങ്ങിനെ തെറ്റിദ്ധരിച്ച് ഒരു മൎയ്യാദക്കാരന്റെ നിലയിൽ എവിടേയും കടന്നുകൂടുവാനിടയായത്. ഇതിൽ അല്പം വാസ്തവമില്ലെന്നില്ല. എങ്കിലും നമുക്കനുഭവമായ ഈ അപമാനത്തിന്നു മറ്റുള്ളവരുടെ അല്പഭാഷിത്വവും, ആലോചനക്കുറവും, ഉത്തരവാദപ്പെട്ടുമൊ എന്നൊരു സംശയം. എതായാലും ഈ കാൎയ്യത്തിൽ ഒരു പ്രത്യേകതാല്പൎയ്യവും, ഉദ്ദേശവും, എന്റെ ദേവീ, അദ്ദേഹത്തിന്നുണ്ടെന്നുള്ള വിചാരത്താൽ മാത്രമാണ് അമ്മാമൻ ഇങ്ങിനെ കീഴടങ്ങിയതെന്നും, അല്ലെങ്കിൽ ഒരിക്കലും അദ്ദേഹത്തിന്നു ഇത്ര സ്വാതന്ത്ര്യം കൊടുക്കില്ലായിരുന്നുഎന്നും, സുദൃഢം വിശ്വസിക്കാം. കാൎയ്യം ഈ വിധമെല്ലാം തീൎച്ചപ്പെടുത്തിയതിൽപിന്നെ പണമെടവാടുകൾ മുഴുവനും വിവാഹദിവസം തീൎക്കാമെന്നുപറഞ്ഞ് ശ്രീധരൻ നമ്പ്യാർ പത്മാലയത്തിലേക്കു മടങ്ങി.

ദേവീ, നിനക്കറിയേണ്ട സംഗതികൾ മുഴുവനും ഇപ്പോൾ എഴുതിയിരിക്കുന്നു എന്നാണെന്റെ വിശ്വാസം. ഈ വിവരണം നിനക്കേറ്റവും ആശ്ചൎയ്യമുണ്ടാക്കുമെന്നല്ലെ പറഞ്ഞത്. എതായാലും നീരസം ജനിപ്പിക്കില്ലെന്നു വിശ്വസിക്കുന്നു.

ഞാൻ വന്നപിറ്റേ ദിവസം വൈകുന്നേരം ലീലയും, വിക്രമമേനോനും, ഇവിടെവന്നു. വിക്രമമേനോനെ ഞാനാദ്യം അവിടെവെച്ചുകണ്ടതിൽനിന്നു എള്ളോളമും വ്യത്യാസമുണ്ടായിരുന്നില്ല. ലീലയുടെകാൎയ്യം അങ്ങിനെയല്ലതാനും. അവളുടെ നടവടികൾ എനിക്കു അശേഷം പിടിച്ചില്ല. ഇവിടുത്തെപ്പോലെ തന്നെയാണവൾ അവിടേയും പെരുമാറിയ

തെന്നുകഴിഞ്ഞ ബുധനാഴ്ച ജാനു അയച്ച കത്തുമൂലം മന സ്സിലായി. അതുകൊണ്ട് ഞാനിങ്ങിനെ എഴുതുന്നതിൽ നി ങ്ങൾക്ക സുഖക്കേട തോന്നുവാനവകാശമില്ലെന്നുള്ള ധാരണ യാലാണ് എഴുതുന്നത്. അവളുടെ ധിക്കാരപ്രകൃതിയേയും, നിന്ദാവഹമായ പ്രവൃത്തിയേയും, സ്വകുഡുംബത്തിന്നവൾമൂ ലം സംഭവിച്ച മാനഹാനിയേയും, കുറിച്ച് ഞാൻ പലപ്രാ വശ്യവും അവളോട ഗൌരവമായി സംസാരിച്ചുനോക്കി. എ ന്റെ ഒരൊററവാക്കപോലും അവൾ കേട്ടിട്ടുണ്ടൊ എന്നുസം ശയമാണ്. ശുദ്ധമേഅധികപ്രസംഗി. ചില സമയങ്ങളിൽ എനിക്ക് അസഹനീയമായ ദേഷ്യം വന്നിരുന്നു. അവളുടെ ബാല്യത്തേയും, നിങ്ങളെ രണ്ടുപേരേയും,—അതെ എന്റെ ജാനുവിനേയും, ദേവിയേയും— വിചാരിച്ച് എല്ലാം ഒരുവി ധം സഹിച്ചു.

ശ്രീധരൻ നമ്പ്യാർ വാശത്തപ്രകാരം വിവാഹദിവ വസം വന്നു. അന്നിവിടെ ഭക്ഷണം കഴിച്ചതും മററും അറി ഞ്ഞിരിക്കുമല്ലൊ. വിവാഹംകഴിഞ്ഞ പിറേറദിവസംതന്നെ മടങ്ങിപ്പോവുകയും ചെയ്തു. ദേവീ, നിന്റെ അമ്മായിക്കദ്ദേ ഹത്തോട വളരെസ്നേഹബഹുമാനമുണ്ടെന്നു പറഞ്ഞാൽ നീ അസൂയപ്പെടുമൊ? എന്തൊരു യോഗ്യൻ! നമ്മൾ പത്മാലയ ത്തിൽ പോയപ്പോൾ അദ്ദേഹത്തിന്റെ നടവടി എത്ര സ ന്തോഷജനകമായി തോന്നി. അതുപോലെതന്നെയായിരു ന്നു അദ്ദേഹത്തിന്റെ ഇവിടെയുള്ളനടവടിയും. അദ്ദേഹത്തി ന്റെ സൌന്ദര്യസൌശീല്യാദികൾ ശ്ലാഘനീയംതന്നെ. പ്ര സരിപ്പുമാത്രം കുറച്ചു കഷ്ടിയാണ്. വിവാഹകാര്യത്തിൽ അ ദ്ദേഹം വകതിരിവോടെ പ്രവർത്തിച്ചാൽ ആ ന്യൂനതയും തീ രും. എന്റെ ദേവിയെപ്പോലെ പ്രസരിപ്പുള്ള ഒരു യുവതിയെ സഹധർമ്മചാരിണിയാക്കുന്നപക്ഷം പ്രസരിപ്പൊ, പ്രസന്ന തയൊ, ശുഷ്കാന്തിയൊ, ചുറുചുറുക്കൊ, എന്തുവേണമെങ്കി ലും ക്രമത്തിൽ പഠിയിില്ലെ. അദ്ദേഹം വളരെ അടക്കവും,

സാമൎത്ഥ്യവുമുള്ള ഒരാളാകുന്നു. ഒരു പ്രാവശ്യമെങ്കിലും ദേവിയുടെ പേരുച്ചരിച്ചിട്ടില്ലെ! എൻെറ ഊഹം അതിരുകവിഞ്ഞു പോയിരിക്കുന്നു എങ്കിൽ ദയവുചെയ്തു മാപ്പുതരുമല്ലൊ. ഏതായാലും പത്മാലയത്തിൽ കടക്കരുതെന്നുള്ള ശിക്ഷമാത്രം കല്പിക്കരുതെ. ആ ഉപവനം മുഴുവനും ചുററിനടന്നു ദൎശിക്കുന്നതുവരെ എൻെറ മനസ്സിന്നു സ്വൈരമുണ്ടാവില്ല. അതാ കുട്ടികൾ തിരക്കുകൂട്ടുന്നു. നേരംവൈകി. ഇനിബ്ബാക്കി എല്ലാം മറുപടിക്കു ശേഷം എന്ന്—

എൻെറ പ്രിയമേറിയ ദേവിക്കു—

സ്വന്തംഅമ്മായി.

ഈ എഴുത്തു വായിച്ചവസാനിച്ചപ്പോൾ ദേവിയുടെ ഹൃദയത്തിൽ അനവധി വികാരങ്ങൾ ഒന്നായുത്ഭവിച്ചു. അവയിൽ സുഖദുഃഖങ്ങളിൽ ഏതിന്നാണ് പ്രാധാന്യം സിദ്ധിച്ചതെന്നു പറയുവാനസാദ്ധ്യം. ലീലയുടെ വിവാഹം നടത്തുവാനായിക്കൊണ്ടു ശ്രീധരൻനമ്പ്യാർ ഏതാ ചിലതെല്ലാം പ്രവൎത്തിച്ചിട്ടുണ്ടായിരിക്കണമെന്നു ദേവി ഏകദേശം ഊഹിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിൻെറ സ്ഥിതിയാലോചിക്കുമ്പോൾ അവളുടെ ഊഹം ശരിയായിരിക്കുമെന്നു വിശ്വസിപ്പാനും ധൈൎയ്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു കടപ്പെട്ടുന്നതിലുള്ള സങ്കടം നിമിത്തം ഊഹം ശരിയാകരുതെന്നു ചിലപ്പോൾ ആശിക്കയും ചെയ്തിരുന്നു. ഇങ്ങിനെ പലവിധമനോഭാവങ്ങൾക്കാസ്പദമായിരുന്ന അവളുടെ ഊഹങ്ങൾ യഥാൎത്ഥമായിട്ടുള്ളവയാണെന്നിപ്പോൾ സ്പഷ്ടമായി. ഇതു സംബന്ധമായി അവൾക്കുണ്ടായിരുന്ന സകല സന്ദേഹങ്ങളും തീൎന്നു.

ലീലയെ അന്വേഷിക്കാനായിക്കൊണ്ടു ശ്രീധരൻനമ്പ്യാർ അവരുടെ പിന്നാലെത്തന്നെ പത്മാലയത്തിൽനിന്നു പുറപ്പെടുകയും, തന്നിമിത്തം പലേ ബുദ്ധിമുട്ടുകളും, ക്ഷമയോടെ സഹിക്കുകയും ചെയ്തു. അദ്ദേഹം മനസാ നിന്ദിക്കുന്നവ

ളും, ഘോരമായി വെറുക്കുന്നവളുമായ ഒരു ഭൃത്യയെ പണം കൊടുത്തു സ്വാധീനിച്ച് അവളോട് പലതും അപേക്ഷിക്കേണ്ടി വന്നു. അദ്ദേഹം ദർശിക്കുവാനെന്നല്ല, നാമധേയമുച്ചരിക്കുവാൻപോലും മടിക്കുന്നതായ ഒരാളെ പല പ്രാവശ്യം മുഖദാവിൽ കണ്ടു; അയാളുമായി പല തവണ നേരിട്ടു സംസാരിച്ചു. കനകവൃഷ്ടിചെയ്ത് അയാളുടെ കൺ തെളിയിച്ചു. ഇതെല്ലാം അദ്ദേഹത്തിന് അശേഷം സ്നേഹബഹുമാനമില്ലാത്ത ഒരു തരുണിയായ ലീലക്കുവേണ്ടിയാണോ ചെയ്തത്? അല്ല, തനിക്കു വേണ്ടിയാണ് ചെയ്തതെന്നു ദേവിയുടെ ഹൃദയം ഗൂഢമായി മന്ത്രിച്ചു. എന്നാൽ മററു ചില വിചാരോദയങ്ങളോടുകൂടി ഈ ഗൂഢമന്ത്രം അസ്തമിക്കുകയും ചെയ്തു. വിക്രമമേനോനുമായുള്ള ചാർച്ചയിൽ — വിക്രമമേനോൻെറ സോദരസ്ഥാനം വഹിക്കുന്നതിൽ — ലജ്ജ, നീരസം, വൈരാഗ്യം മുതലായവ തോന്നാതിരിക്കത്തക്കവണ്ണം, അദ്ദേഹത്തിന്നവളിൽ — പ്രത്യേകിച്ച് ഒരിക്കൽ അദ്ദേഹത്തിൻെറ അപേക്ഷയെ ഉപേക്ഷിച്ച അവളിൽ — ഇപ്പോഴും നിശ്ചഞ്ചലമായ ആ അനുരാഗമുണ്ടെന്നു വിശ്വസിപ്പാൻ അവൾ ധൈര്യപ്പെട്ടില്ല. അല്ലമെങ്കിലും ആത്മാഭിമാനമുള്ളവർ ഈ ദുഃശമായ ബന്ധുത്വം ഒരിക്കലും അഭിലഷണീയമായി കരുതില്ല. ശ്രീധരൻനമ്പ്യാർ ചെയ്തിട്ടുള്ള ഗുണഗണങ്ങളെ ആലോചിച്ചപ്പോൾ ദേവിക്കു തന്നെക്കുറിച്ചു വല്ലാത്ത ജളത്വം തോന്നി. ദീനദയാലുവായ ശ്രീധരൻനമ്പ്യാർ ഏററവും ഉദാരനാകുന്നു. അദ്ദേഹത്തിൻെറ പരോപകാരതല്പരതയെ യഥോചിതം പ്രദർശിപ്പിക്കുവാൻ അദ്ദേഹത്തിന്നു ത്രാണിയുമുണ്ട്.

ദേവിയെ ഉദ്ദേശിച്ചിട്ടാണ് ഈ കാര്യത്തിൽ മുഖ്യമായി പ്രവേശിച്ചതെന്നു പറഞ്ഞുകൂടെങ്കിലും തനിക്കുതന്നെ മനോവ്യഥയുണ്ടാകുന്നതായ ഈ വിഷയത്തിൽ യത്നിക്കുവാൻ പ്രേരിപ്പിച്ചതു ദേവിയെക്കുറിച്ചുള്ള മമതയാണെന്ന് ഊഹി

പ്പാൻ വിരോധമില്ല. വല്ല പ്രത്യുപകാരവും ചെയ്യുവാൻ തരമില്ലാത്ത ഒരാൾക്ക തങ്ങൾ ഇത്രത്തോളം കടപ്പെട്ടിരിക്കുന്നതായറിഞ്ഞതിൽ ദേവിക്കുളവാറ മനോവ്യഥയുണ്ടായി. ലീലയെ കണ്ടുപിടിച്ചതിന്നും, അവളുടെ മാനരക്ഷ ചെയ്തതിന്നും, അതു സംബന്ധമായ മററു സകല പ്രവൃത്തികൾക്കും, അവർ അദ്ദേഹത്തിന്നു കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെപ്പററി അവൾക്കൊരിക്കൽ തോന്നിയിട്ടുള്ള നീരസജനകങ്ങളായ ദുരഭിപ്രായങ്ങളേയും, അദ്ദേഹത്തോടവൾ അപ്പപ്പോൾ പറഞ്ഞിട്ടുള്ള ധിക്കാരവാക്കുകളേയും, ചിന്തിച്ചു ദേവി ആന്തരമായി ദുഃഖിച്ചു. അവളുടെ അഹങ്കാരമെല്ലാം നശിച്ചു. വളരെ ദൈന്യംതോന്നി. പ്രതിക്രിയക്കു തക്കതായ ഈ ആപൽസന്ദർഭത്തിൽ, അനുകമ്പയും സ്വാത്മത്യാഗവും, പ്രദർശിപ്പിച്ചതായ ആ മഹാനുഭാവനെ അവൾ പൂർവ്വാധികം മനഃപ്രീതിയോടെ ബഹുമാനിച്ചു. അദ്ദേഹത്തിന്റെ പ്രതിപത്തിക്കു താൻ വിഷയീഭവിച്ചതിൽ ഒട്ടേറെ അഭിമാനിക്കയും ചെയ്തു. ശാരദാമ്മ അദ്ദേഹത്തെക്കുറിച്ചു പ്രശംസിച്ചെഴുതിയിട്ടുള്ള ഭാഗം ദേവി പലവുരു വായിച്ചു മനഃപാഠമാക്കി. അവളും ശ്രീധരൻനമ്പ്യാരും തമ്മിൽ ഗാഢമായ സ്നേഹവിശ്വാസമുണ്ടെന്നു മാതുലനും, പത്നിയും വിശ്വസിക്കുന്നതായറിഞ്ഞതിൽ ശോകസമ്മിശ്രമായ ആനന്ദം അവളുടെ ഹൃദയത്തിൽ ഉൽഭൂതമായി. ചിന്താക്രാന്തയായ അവൾ ഇങ്ങിനെ മനോരാജ്യത്തിൽ മുഴുകിയിരിക്കുന്ന മദ്ധ്യേ ആരുടേയോ കാൽപെരുമാററം കേൾക്കുകയാൽ പെട്ടെന്ന് ഉന്നണീറ്റ് അവിടെനിന്നു പോകുവാനാരംഭിക്കുമ്പോഴയ്ക്കു വിക്രമമേനോൻ അവളുടെ സമീപമെത്തി—

വി—മേ—എന്റെ വരവു നിങ്ങളുടെ സ്വൈരസഞ്ചാരത്തിന്നു തടസ്ഥമായിത്തീന്നു ഇല്ലേ?

ദേ—(സസ്മിതം) ഇല്ലെന്നു പറഞ്ഞാൽ അസത്യമാവും. പക്ഷെ നിങ്ങളുടെ വരവുകൊണ്ട് ഉപദ്രവമൊന്നുമില്ലേ.

വി-മേ—(സസന്തോഷം) ഉപദ്രവമുണ്ടെന്നറിഞ്ഞാൽ എനിക്ക് അശേഷം സുഖമാവില്ല. വല്ലാത്ത വിഷാദമുണ്ടാവും. നമ്മൾ തമ്മിൽ മുമ്പുതന്നെ വലിയ സ്നേഹമല്ലേ? ഇപ്പോൾ പോരെങ്കിൽ ബന്ധുക്കളുമാണല്ലോ.

ദേ—ശരി; ജ്യേഷ്ഠത്തിയും മററും എവിടെ?

വി-മേ—ഞാൻ കണ്ടില്ല. അമ്മയും ലീലയും കൂടി മൂരിയാട്ടേക്കു പുറപ്പെട്ടിരിക്കുന്നു. നിങ്ങൾ ഈയിടെ പദ്മാലയത്തിൽ പോയിരുന്നുവെന്ന് അമ്മ പറഞ്ഞു.

ദേ—ഉവ്വ്; പോയിരുന്നു.

വി-മേ—പദ്മാലയം കാണ്മാൻ സംഗതിയായ നിങ്ങളുടെ ഭാഗ്യത്തെക്കുറിച്ചു ഞാനസൂയിക്കുന്നു. മാധവിയമ്മയെ കണ്ടിരിക്കുമല്ലൊ. ആ സാധുവിന്ന് എന്നെ വലിയ താല്പര്യമായിരുന്നു. എന്നെപ്പററി അയമ്മ വല്ലതും പറഞ്ഞുവോ?

ദേ—ഒന്നും പറഞ്ഞില്ലെന്നില്ല.

വി-മേ—എന്തെല്ലാമാണ് പറഞ്ഞത്?

ദേ—നിങ്ങൾ പോലീസ്സുദ്യോഗത്തിൽ ചേർന്നതായും അതിൽ ശോഭിക്കാതെ വന്നേക്കുമോ എന്നു ഭയമുള്ളതായും മററും പറഞ്ഞു. പക്ഷെ ദൂരദിക്കിലിരിക്കുന്നവർ ഓരോ കാര്യങ്ങളെക്കുറിച്ചു തെററിദ്ധരിക്കുന്നതും, അവരെ തെററിദ്ധരിപ്പിക്കുന്നതും ഒട്ടും തന്നെ അപൂർവ്വമല്ല. വാസ്തവാവസ്ഥക്കു വിപരീതമായിട്ടാണ് ദൂരസ്ഥന്മാർ മിക്കപ്പോഴും ധരിക്കുക

വി-മേ—(പല്ലിറുക്കിക്കൊണ്ട്) പരമാത്ഥമാണത്.

താൻ അദ്ദേഹത്തിൻെറ വായ ബന്ധിച്ചു എന്നു ദേവി വിചാരിച്ചു. പക്ഷെ ഇതുകൊണ്ടൊന്നും അടങ്ങുന്നവനല്ല വിക്രമമേനോൻ.

വി-മേ—കഴിഞ്ഞ മാസത്തിൽ കോഴിക്കോട്ടു വെച്ചു ഞാൻ ശ്രീധരൻനമ്പ്യാരെ കാണുകയുണ്ടായി. പല പ്രാവശ്യം കണ്ടു. അദ്ദേഹം അവിടെ താമസിച്ചിരുന്നതെന്തിനാണാവോ?

ദേ — ഒരു സമയം കൊച്ചുലക്ഷ്മിയുടെ വിവാഹത്തിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യാനായിരിക്കാം. ഗൌരവമായ വല്ല പ്രത്യേകകാൎയ്യങ്ങൾക്കുമായിട്ടല്ലാതെ അദ്ദേഹം അവിടെ വെറുതെ താമസിക്കില്ല.

വി-മേ — എന്തോ, ആൎക്കറിയാം. നിങ്ങൾ പത്മാലയത്തിൽ പോയപ്പോൾ അദ്ദേഹത്തെ കണ്ടുവെന്ന് അമ്മായി പറഞ്ഞു പോലെ തോന്നുന്നു.

ദേ — കണ്ടു; അദ്ദേഹത്തിന്റെ സോദരിയേയും പരിചയപ്പെടുത്തിത്തന്നു.

വി-മേ — ആട്ടേ; കമലയെക്കുറിച്ചെന്താണഭിപ്രായം? നിങ്ങൾക്കവളെ ബോദ്ധ്യമായോ?

ദേ — ഓഹോ! ധാരാളം. കമലയ്ക്കൊരു ദൂഷ്യവുമില്ല.

വി-മേ — ഈ ഒന്നുരണ്ടു കൊല്ലങ്ങൾക്കിപ്പുറം അവളുടെ സ്വഭാവത്തിന്നു സാമാന്യം പരിഷ്കാരം സിദ്ധിച്ചിട്ടുണ്ട് എന്നു കേട്ടു. ഞാൻ കണ്ടപ്പോൾ അവളത്ര നല്ലൊരു കുട്ടിയായിരുന്നില്ല. ഏതായാലും നിങ്ങൾക്കവളെ ഇഷ്ടമായതിൽ സന്തോഷിക്കുന്നു. കാലംകൊണ്ടവൾ നന്നാകുമെന്നു വിശ്വസിക്കുന്നു.

ദേ — (അൎത്ഥഗൎഭമായ പുഞ്ചിരിയോടെ) തീൎച്ചയായും നന്നാവും. വിഷമാവസ്ഥയിൽനിന്നു തെററിയല്ലോ. ഏററവും സൂക്ഷിക്കേണ്ടതായ പ്രായം കഴിഞ്ഞു. ഇപ്പോൾ തന്റേടമൊററച്ചില്ലേ?

വി-മേ — കിഴക്കുമ്പ്രം വഴിക്കാണോ നിങ്ങൾ പത്മാലയത്തിലേക്കു പോയത്?

ദേ — എന്തോ, എനിക്കറിഞ്ഞുകൂടാ.

വി. മേ — വളരെ നല്ലൊരു പ്രദേശമാണവിടം. അവിടെ നല്ലതായൊരു സ്കൂളുണ്ട്. അതിലെ ഹെഡ്മാസ്ററർ സ്ഥാനം എനിക്കു വെച്ചിട്ടുള്ളതായിരുന്നു. അതുകൊണ്ടാണ് ഞാനതിനെക്കുറിച്ചിത്രയും ചോദിപ്പാൻ കാരണം.

ഏതവസ്ഥ കൊണ്ടും എനിക്കാസ്ഥലവും ജോലിയും വളരെ പഥ്യമായിരുന്നു.

ദേ—മാസ്ററർപണി നിങ്ങൾക്കിഷ്ടമായിട്ടുള്ളതാണോ?

വി. മേ—അതെ. വിദ്യാഭ്യാസവിഷയത്തിൽ എനിക്കു വളരെ താല്പര്യമാണ്. കുറച്ചു പ്രായം ചെന്നിട്ടുള്ള കുട്ടികളെ പഠിപ്പിക്കുന്നതു രസകരമായിട്ടുള്ള പണിയാകുന്നു. മറെറാരാളുടെ മുഖം നോക്കേണ്ടാവശ്യവുമില്ല. സ്വാതന്ത്ര്യമായ ജീവിതം. മാനനീയമായ പ്രവൃത്തി. അദ്ധ്യാപകജോലിപോലെ ലോകോപകാരപ്രദമായിട്ട് മറെറന്താണുള്ളത്? കിഴക്കംപ്രത്തുള്ള ആ ജോലി എൻെറ സ്വഭാവത്തിന്നു ഒട്ടേറെ അനുകൂലിച്ചതായിരുന്നു. പക്ഷെ, അതിന്നെനിക്കു ഭാഗ്യമുണ്ടായില്ല. ഇതിനെക്കുറിച്ചു ശ്രീധരൻ നമ്പ്യാർ വല്ലതും പറഞ്ഞുവൊ?

ദേ—അദ്ദേഹത്തിന്ന് സമ്മതമാണെങ്കിൽ മാത്രമേ ആ പണിക്കു നിങ്ങൾക്കവകാശമുള്ളൂ. അല്ലേ? ഒസ്യത്തിലെ നിശ്ചയം അങ്ങിനെയാണെന്നാണ് കേട്ടത്.

വി. മേ—കേട്ടുവൊ? നിശ്ചയം അങ്ങിനെത്തന്നെയാണ്. ഇതു ഞാൻ തന്നെ മുമ്പു പറഞ്ഞിട്ടില്ലേ?

ദേ—മാസ്ററർ പണി ഇപ്പോൾ നിങ്ങൾക്കു വളരെ ഇഷ്ടമുള്ളപോലെ തോന്നുന്നു. പക്ഷെ, ഒരു കാലത്ത് ഇതിന്നു നിങ്ങൾ തീരെ വിപരീതാഭിപ്രായക്കാരനായിരുന്നില്ലേ? മാസ്ററർപണി നിങ്ങളെക്കൊണ്ടാവില്ലെന്നു പറഞ്ഞിട്ടല്ലേ അതിൻെറ അവകാശം ഒഴിഞ്ഞുകൊടുത്ത് വേറെ പണിക്കു പോയത്?

വി. മേ—ഇതെല്ലാം ഏതാനും വാസ്തവമാണ്. ഇതിനെക്കുറിച്ചു ഞാനാദ്യം പറഞ്ഞത് ഓർമ്മയില്ലേ?

സംഭാഷണം ഇങ്ങിനെ ദീർഘിച്ചുപോകുന്നത് ഗുണകരമല്ലെന്നുദ്ദേശിച്ച് ദേവി വളരെ വേഗത്തിൽ നടന്നതിനാൽ ഈ സമയത്തു വീട്ടിലെത്തി. വിക്രമമേനോന്ന് മുഷി

ച്ചിലുണ്ടാക്കുന്നത് ഭംഗിയല്ലെന്നു വിചാരിച്ച് ദേവി, 'വിക്രമമേനോൻ, പോട്ടെ. കഴിഞ്ഞതിനെക്കുറിച്ച് നമ്മൾ തമ്മിൽ വെറുതെ ശണ്ഠകൂടേണ്ട. സോദരീസോദരന്മാരായ നമ്മൾ മേലിൽ ഈ വക സംഗതികളെപ്പററി സംസാരിക്കാതിരിക്കണം' എന്നു പറഞ്ഞ് ചിരിച്ചുകൊണ്ട് അകത്തേക്കു പോയി.

## അമ്പത്തിരണ്ടാമദ്ധ്യായം

ദേവിയുമായി നടന്ന ഈ ചെറിയ സല്ലാപംകൊണ്ടു തന്നെ വിക്രമമേനോൻ ധാരാളം സംതൃപ്തനായി. ഏതാദൃശങ്ങളായ കാര്യങ്ങളെക്കുറിച്ച് മേലിൽ തൻെറ പ്രിയജ്യേഷ്ഠത്തിയോടു സംസാരിപ്പാൻ ഇനിയൊരിക്കലും അദ്ദേഹം ഉദ്യമിക്കില്ല. വിക്രമമേനോൻെറ ജുഗുപ്സാവഹങ്ങളായ ഗൂഢവർത്തമാനങ്ങളിൽ ചിലതു താനറിഞ്ഞിരിക്കുന്നു എന്നദ്ദേഹത്തെ ധരിപ്പിച്ച് പത്മാലയസംബന്ധമായ സംസാരത്തിൽ അദ്ദേഹത്തിന്നുള്ള അഭിനിവേശത്തെ പ്രതിബന്ധിച്ചതുകൊണ്ട് ദേവി കൃതകൃത്യയായി സന്തോഷിച്ചു.

വിക്രമമേനോനും, ലീലയും, തലശ്ശേരിക്കു പുറപ്പെട്ടു. ലീലയൊന്നിച്ചു തലശ്ശേരിക്കു പോകുവാൻ രുഗ്മിണിയമ്മക്കതിയായ മോഹമുണ്ടായിരുന്നുവെങ്കിലും ബാലകൃഷ്ണമേനോൻെറ വിസമ്മതം ഹേതുവായി അമ്മയുടെ യാത്രയെ തല്ക്കാലം നിർത്തിവെക്കേണ്ടിവന്നു. ദമ്പതിമാർ യാത്രപറഞ്ഞു പിരിയുമ്പോൾ ഇററിററുവീഴുന്ന കണ്ണീർതുടച്ച് വ്യസനത്തോടെ

രു. അ — കുട്ടി, ഇനി ഞാൻ നിന്നെ എന്നു കാണും?

ലീല — അമ്മെ, രണ്ടുമൂന്നു കൊല്ലത്തിന്നു കാണ്മാൻ തരമാകുമെന്നു തോന്നുന്നില്ല.

രു. അ — ആഴ്ചയിൽ മൂന്നു കത്തയക്കണം. അമാന്തിക്കരുത്.

ലീല: — എനിക്കു എല്ലായ്പോഴും കത്തയക്കാൻ സാധിക്കുമൊ? ഞാൻ പുടമുറി കഴിഞ്ഞ ഒരു സ്ത്രീയല്ലെ? ഞാനെഴുതിയാ

ലും ഇല്ലെങ്കിലും ജ്യേഷ്ഠത്തിമാർ എനിക്കെഴുതട്ടെ. അവ ൾക്കു വേറെ വിശേഷിച്ചു പണിയൊന്നുമില്ലല്ലൊ.

വിക്രമമേനോൻ സകലരോടും അത്യന്തം സ്നേഹനില ഭാവിച്ചു യാത്രപറഞ്ഞുപിരിഞ്ഞു. ദമ്പതിമാർ പടികടന്ന പ്പോൾ—

ബാ-കൃ-മേ:—വിക്രമമേനോൻ ആൾ മഹാരസികനാണ്. ഇദ്ദേഹത്തിന്നു സദൃശനായ ഒരാളെ ഞാനിതുവരെ കണ്ടി ട്ടില്ല. മോടികൊണ്ടും ധാടികൊണ്ടും, കള്ളപ്പുഞ്ചിരികൊ ണ്ടും, വിരുതൻ നമ്മളെക്കൂടി വശത്താക്കുമൊ എന്നു ഞാൻ ശങ്കിച്ചു. ഇങ്ങിനെ യോഗ്യനായ ഒരു മരുമകനെ കിട്ടിയതിൽ എനിക്കു വളരെ അഭിമാനമുണ്ട്. എന്റെ സ്നേഹിതൻ കൃഷ്ണനുണ്ണിക്കുകൂടി ഇത്രനല്ലമരുമകനെ കിട്ടി യിട്ടില്ല. ഉണ്ടെങ്കിൽ അദ്ദേഹം കാണിക്കട്ടെ. കാണാ മല്ലൊ.

"മുഖം പത്മ ദളാകാരം വചശ്ചന്ദനശീതളം" എ ന്നുള്ള ശ്ലോകവും ചൊല്ലിക്കൊണ്ട് ബാലകൃഷ്ണമേനോൻ വാ യനമുറിയിലേക്കുപോയി. ലീലയുടെ വേർപാടിനാൽ രുഗ്മി ണിയമ്മക്കു അപാരമായ മൌഢ്യമുണ്ടായി.

രു-അ:—എന്റെ കുട്ടി പോയിട്ടു എനിക്കുവല്ലാത്തവ്യസനം തോന്നുന്നു. മക്കളെ പിരിഞ്ഞു പാൎക്കുന്നതുപോലെ സങ്ക ടം മറെറാന്നുമില്ല.

ദേ:—അമ്മെ, ഒരു മകൾക്കു വിവാഹം കഴിഞ്ഞതിന്റെ ഫ ലമാണ് ഈ ദുഃഖം, ഇനി ഞങ്ങൾക്കു നാലാൾക്കും വി വാഹം കഴിയാത്തതിൽവ്യസനിക്കരുത്. വളരെ സന്തോ ഷിക്കണം.

രു-അ.—പുടമുറി കഴിഞ്ഞതുകൊണ്ടു യാതൊരു തരക്കേടുമി ല്ല. കുട്ടിയായ അവളിത്ര ദൂരെ പ്പോയതുകൊണ്ടാണ് എ നിക്കു വ്യസനം. എന്തുചെയ്യാം. അവളുടെ ഭൎത്താവിന്നു ഉദ്യോഗം അവിടെയാണല്ലൊ.

പുത്രീവിരഹത്താൽ രുഗ്മിണിയമ്മക്കുണ്ടായ മനോവ്യഥയെ ദൂരീകരിക്കുന്നതായ ഒരു കിംവദന്തി സമീപസ്ഥലങ്ങളിലെല്ലാം അല്പാല്പമായി വ്യാപിച്ചു തുടങ്ങിയിരിക്കുന്നു. ഭാസ്കരമേനോൻെറ വരവിനെ പ്രമാണിച്ച് നന്ദനോദ്യാനത്തിലെ ഭൃത്യന്മാർ പലെ ഒരുക്കങ്ങളും ചെയ്തുവരുന്നുണ്ടെന്നുള്ള വൎത്തമാനം അയമ്മ കേട്ടപ്പോൾ മന്ദഹാസപൂൎവ്വം ജാനുവിനെ നോക്കി ശിരഃകമ്പനം ചെയ്തു. ഈ വൎത്തമാനം ഒന്നാമതായി മുല്ലവളപ്പിൽ എത്തിച്ചതു പാറുക്കുട്ടിയമ്മയായിരുന്നു.

പാ-അ:—ഏടത്തി വൎത്തമാനങ്ങളൊന്നും കേട്ടില്ലെന്നുണ്ടോ? ഭാസ്കരമേനോൻ മററന്നാൾ ഉദ്യാനത്തിൽ വരുമത്രെ. അദ്ദേഹം വരുന്നത് എല്ലാംകൊണ്ടും നല്ലതുതന്നെ.

രു-അ:—(അനാസ്ഥ നടിച്ച്) എനിക്കയാളുടെ കൂട്ടമേയില്ല. അയാൾ വന്നാലും വന്നില്ലെങ്കിലും നമ്മൾക്കെന്താണ്? എനിക്കു കാണുകതന്നെവേണ്ട. ഉദ്യാനം അയാളുടെസ്വന്തം സ്ഥലമല്ലെ? ഇഷ്ടംപോലെവരികയൊ, പോകയൊ, ചെയ്യട്ടെ. നമുക്കതുകൊണ്ടു യാതൊന്നും വരാനില്ല. ഇതിനെക്കുറിച്ചു ഒരു വാക്കുപോലും സംസാരിക്കരുതെന്നാണല്ലൊ നമ്മുടെ നിശ്ചയം (അല്പം ആലോചിച്ചിട്ട്) യോഗംഎങ്ങിനെയാണെന്നാക്കറിയാം. പാറുക്കുട്ടീ, ഭാസ്കരമേനോൻ വരുമെന്നു നിന്നോടിത്ര ഉറപ്പായി പറഞ്ഞതാരാണ്? അദ്ദേഹം തീൎച്ചയായും വരുമൊ?

പാ-അ:—ഉവ്വ്, തീൎച്ചയായും വരുമെന്നു വിശ്വസിച്ചോളു. എന്നോടാദ്യം പറഞ്ഞത് ഉദ്യാനത്തിൽ അടിച്ചുതളിക്കുന്ന കുഞ്ഞുകുട്ടിയാണ്. പിന്നെ അവിടത്തെ കാൎയ്യസ്ഥൻ കൃഷ്ണൻനായരും പറഞ്ഞു. ഭാസ്കരമേനോൻ വരുമ്പോഴക്ക എൻെറ ഏടത്തി, ആകൃഷ്ണൻനായർഎന്തെല്ലാം ഒരുക്കങ്ങൾ ചെയ്യുന്നു. ചൊവ്വാഴ്ചമുതൽക്കു പുലരുന്നതിന്നു മുമ്പു അയ്യഞ്ചിടങ്ങഴി പാൽകൊണ്ടുവരാനേല്പിച്ചിരിക്കുന്നു. പ

ച്ചക്കറിസാമാനങ്ങൾ കൊണ്ടുപോകുന്നതു കണ്ടപ്പോൾ വല്ല അടിയന്തരവുമുണ്ടായിരിക്കുമൊ എന്നു ഞാൻ ശങ്കിച്ചു.

രു-അ: - ഭാസ്കരമേനോൻ ഇപ്പോൾ വരുന്നതെന്തിനായിരിക്കും? അദ്ദേഹത്തിന്നിവിടെ എത്ര ദിവസത്തെ താമസമുണ്ട്.

പാ-അ:—അദ്ദേഹം വരുന്നതു കൃഷിയും വളപ്പുകാടും മററും നോക്കുവാനാണത്രെ. കഷ്ടിച്ചൊരുമാസത്തെ താമസമുണ്ടാകുമെന്നും കേട്ടു.

ഭാസ്കരമേനോൻെറ ആഗമനവൃത്താന്തം കേട്ടപ്പോൾ ജാനുവിൻെറ മുഖത്തു പലവിധ വികാരങ്ങൾ നടനം ചെയ്തു.

ജാ. കു—(സ്വകാൎയ്യമായി) ദേവി, ചെറിയമ്മ വന്നു വൎത്തമാനം പറയുമ്പോൾ നീ എന്നെ പല പ്രാവശ്യവും സൂക്ഷിച്ചുനോക്കുന്നതു ഞാൻ കണ്ടിരിക്കുന്നു. എനിക്കപ്പോൾ കുറച്ചൊരസ്വാസ്ഥതയുണ്ടായിട്ടില്ലെന്നു പറവാൻ ഞാനൊരുങ്ങുന്നില്ല. അതിന്നു മതിയായ കാരണമുണ്ടെന്നു നിനക്കുതന്നെ അറിയാമല്ലൊ. ചെറിയമ്മ വന്നു വിവരം പറഞ്ഞപ്പോൾ നിങ്ങളെല്ലാവരും എന്നെത്തന്നെ നോക്കുമെന്നു ഞാൻ വിചാരിച്ചിരുന്നതിനാൽ അപ്പോളെനിക്കു വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വരവിൽ എനിക്കു സന്തോഷമോ സന്താപമോ ഇല്ലെന്നു ഞാൻ ഉറപ്പായി പറയുന്നു. ഒരു സംഗതിയാലോചിക്കുമ്പോൾ എനിക്കു വളരെ സന്തോഷം തോന്നാറുണ്ട്. സോദരിമാരാരും ഒരുമിച്ചുവരാത്തതിനാൽ നമുക്കദ്ദേഹത്തെ അധികമായി കാണേണ്ടിവരില്ല. എനിക്ക് എന്നെക്കുറിച്ചൊട്ടും അവിശ്വാസമില്ല. വെറും ഒരു സ്നേഹിതൻെറ നിലയിൽ അല്പസമയം അദ്ദേഹത്തോടു പെരുമാറുവാൻ എനിക്കു സാധിക്കും. കഷ്ടം, എൻെറ ദേവീ! ജനങ്ങൾ

ഞങ്ങളെക്കുറിച്ച് എന്തെല്ലാം പറയും. എനിക്കതു കേൾപ്പാനാണ് ധൈൎയ്യമില്ലാത്തത്.

ഇതിന്നെന്താണ് ജ്യേഷ്ഠത്തിയോട സമാധാനം പറയേണ്ടതെന്നറിയാതെ ദേവി വിഷമിച്ചു. അവൾ പദ്മാലയത്തിൽവെച്ചു ഭാസ്കരമേനോനെ കണ്ടിട്ടില്ലെങ്കിൽ ജനങ്ങൾ പറയുന്നതുപോലെ അദ്ദേഹം കൃഷിയും, വളൎത്തുകാട്ടം മററും കാണ്മാനാണ് വരുന്നതെന്ന് അവളും നിസ്സംശയം വിശ്വസിക്കുമായിരുന്നു. ഭാസ്കരമേനോന്നു ജാനുവിലുള്ള പ്രണയം അണുപോലും കുറഞ്ഞിട്ടില്ലെന്നു ദേവിക്കു നല്ല വിശ്വാസം വന്നിട്ടുണ്ടെങ്കിലും അവൾ ഇതിനെ ജ്യേഷ്ഠത്തിയോട പറയുവാൻ ധൈൎയ്യപ്പെട്ടില്ല. അവസാനം ഇന്നവിധത്തിൽ കലാശിക്കുമെന്നു ദൃഢനിശ്ചയം ചെയ്യുവാൻ സാധിക്കാത്തതിനാൽ ജാനുവിൻെറ മൃതപ്രായമായ അഭിലാഷത്തെ തൻെറ വാക്കുകളാൽ പുനരുജ്ജീവിപ്പിക്കുന്നതു ഒരു സമയം കഷ്ടാൽ കഷ്ടതരമായി പരിണമിക്കുമൊ എന്നു ഭയന്നിട്ട് ദേവി ഈ കാൎയ്യത്തിൽ മൌനം ദീക്ഷിച്ചു. ഭാസ്കരമേനോൻെറ ഇപ്പോഴത്തെ ആഗമനം പ്രിയസുഹൃത്തിൻെറ അനുവാദപ്രകാരമൊ അല്ലയൊ എന്നു തീൎച്ചപ്പെടുത്തുവാൻ അവളാൽ അസാദ്ധ്യമായിരുന്നു.

അദ്ദേഹത്തിൻെറ വരവു തൻെറ മനസ്സിന്നെ ലേശവും ക്ഷോഭിപ്പിക്കില്ലെന്നു ജാനു ഊൎജ്ജിതമായി പറഞ്ഞിരുന്നുവെങ്കിലും അവളുടെ അന്തരംഗത്തിൽ അങ്കുരിക്കുന്ന വിചാരിശതങ്ങളാൽ ജാനു അനുഭവിക്കുന്ന സങ്കടം ദേവി അറിയാതിരുന്നില്ല. പന്ത്രണ്ടുമാസം മുമ്പു കഴിഞ്ഞതായൊരു സംഗതി ഇപ്പോൾ ബാലകൃഷ്ണമേനോൻേറയും, രുഗ്മിണിയമ്മയുടേയും സംസാരത്തിന്നു വിഷയീഭവിച്ചു.

രു. അ.—(അതിസന്തോഷത്തോടെ) ഭാസ്കരമേനോൻ മററന്നാൾ ഉദ്യാനത്തിൽ വരുമെന്നു കേട്ടു. വന്നാൽ ഇ

വിട്ടന്ന് തീർച്ചയായും അദ്ദേഹത്തെ കാണ്മാൻ പോകില്ലേ?

ബാ. കൃ. മേ — ഇല്ല, ഞാൻ പോവുകയില്ല. കഴിഞ്ഞകൊല്ലംതന്നെ നീ എന്നെ വളരെ നിർബ്ബന്ധിച്ച പറഞ്ഞയച്ചു. ഞാൻ പോയി ഭാസ്കരമേനോനെ കണ്ടാൽ ഒരു പുത്രിക്ക ഭർത്താവായെന്നു നീ ഉറപ്പായി പറഞ്ഞു. സത്യംകൂടിചെയ്യുവൊ എന്നു സംശയം. ഒടുവിൽ അതൊന്നുമുണ്ടായില്ല. ഇനി ഒരിക്കൽകൂടി ഈ കാര്യത്തിൽ വിഡ്ഢിവേഷംകെട്ടാൻ ഞാൻ വിചാരിക്കുന്നില്ല.

രുഗ്മിണിയമ്മ ഭർത്താവിനോട്ട ഭാസ്കരമേനോനെ കാണ്മാൻപോകേണ്ടത് എത്രയൊ ന്യായവും, അത്യാവശ്യവുമാണെന്നും പറഞ്ഞ് ശാന്തയോടെ വാദിച്ചതും വിനീതയായി പലവുരു അപേക്ഷിച്ചതും നിഷ്ഫലമായി.

ബാ. കൃ. മേ — (അല്പം സ്വരവ്യത്യാസത്തോടെ) രുഗ്മിണീ, അനാവശ്യമായി അധികം സംസാരിക്കരുത്. എന്തിനാണെന്നെ വെറുതെ മുഷിപ്പിക്കുന്നത്? അകത്തുപോയി വല്ല പണിയുമുണ്ടെങ്കിൽ നോക്കരുതെ. ഭാസ്കരമേനോനെ കാണ്മാൻ ഞാൻ പോകയില്ല. അദ്ദേഹത്തിന്നു നമ്മളുമായുള്ള പരിചയം ആവശ്യമായിതോന്നുന്നപക്ഷം ഇങ്ങോട്ടുവരാം. നമ്മൾ താമസിക്കുന്ന സ്ഥലം ഇന്നദിക്കിലെന്നു അദ്ദേഹത്തിന്നറിയാമല്ലോ. ഈ ദിക്കിൽ കുറെ ഭേദപ്പെട്ട വല്ല ചെറുപ്പക്കാരും വന്നാൽ അവരുടെ സേവനോക്കി പിന്നാലെ ഓച്ഛാനിച്ചനടന്ന് എൻെറ സമയം വൃഥാ കളയുവാൻ ഞാൻ വിചാരിക്കുന്നില്ല.

ഭർത്താവിൻെറ വാക്ക കേട്ടപ്പോൾ രുഗ്മിണിയമ്മക്കത്യന്തം കോപവും വ്യസനവുമുണ്ടായി. അയമ്മ നൈരാശ്യത്തോടെ "വരുന്ന ബുധനാഴ്ച ഇവിട്ടത്തെ പിറന്നാളാണ്. അന്ന് ഇവിട്ടത്തെ സമ്മതം കൂടാതെ തന്നെ എനിക്കദ്ദേഹത്തെ ക്ഷണിച്ചുവരുത്താൻ സാധിക്കും." എന്നു പറഞ്ഞ് അകത്തേക്ക പോയി.

ജനങ്ങൾ പ്രതീക്ഷിച്ചിരുന്നതുപോലെതന്നെ ശനിയാഴ്ച മെയിലിന്ന് ഭാസ്കരമേനോൻ നന്ദനോദ്യാനത്തിൽ വന്നു. അദ്ദേഹം വന്ന വിവരം അന്നുതന്നെ രുഗ്മിണിയമ്മക്കു ഭൃത്യന്മാർ മുഖാന്തിരം അറിവുകിട്ടി. ബാലകൃഷ്ണമേനോൻ ഉദ്യാനത്തിലേക്കു പോകാത്തതിനെക്കുറിച്ചും ഭാസ്കരമേനോൻ തങ്ങളോടു കാണിച്ച അനാസ്ഥയെപ്പററിയും രുഗ്മിണിയമ്മ പാരുഷ്യമായി പലതും പുലമ്പിക്കൊണ്ടിരുന്നു. മാതാവിൻെറ പാരുഷ്യവാക്കുകളാൽ ദുഃഖിതയായ—

ജാ. കു—ദേവീ, അദ്ദേഹം ഇപ്പോൾ ഇങ്ങോട്ടു വരാതിരിക്കയായിരുന്നു നല്ലതെന്നു ഞാൻ വിചാരിക്കുന്നു. എനിക്കൊന്നും ഉണ്ടായിട്ടല്ല ഞാനിങ്ങിനെ പറയുന്നത്. വെറും ഒരു സ്നേഹിതൻെറ നിലയിൽ കുറച്ചു നേരം അദ്ദേഹത്തോടു പരിചയിപ്പാൻ ഒരു വൈഷമ്യവുമില്ല. അമ്മ വെറുതെ അച്ഛനേയും, അദ്ദേഹത്തെയും ശകാരിക്കുന്നതു കേൾക്കുമ്പോൾ എനിക്കു സങ്കടം സഹിക്കവയ്യാതാകുന്നു. കഷ്ടം! ഇതിന്നെല്ലാം കാരണഭൂത നിർഭാഗ്യവതിയായ ഞാനാണല്ലൊ. എന്നെ വ്യസനിപ്പിക്കണമെന്നു വിചാരിച്ചിട്ടല്ല അമ്മ ഇങ്ങിനെ പറയുന്നത്. എന്തു ചെയ്യാം. ഞാൻ സഹിക്കുന്ന വ്യസനം അമ്മയും, മററുള്ളവരും അറിയുന്നതേയില്ല. അദ്ദേഹം ഉദ്യാനത്തിൽനിന്നു പോയാൽ എനിക്കു കുറെ സമാധാനമുണ്ടാകുമായിരുന്നു.

ദേ—ജ്യേഷ്ഠത്തിയെ സമാധാനിപ്പാനായി വല്ലതും പറയുവാനുണ്ടായാൽ നന്നായിരുന്നു എന്നു ഞാനാഗ്രഹിക്കുന്നു. സർവ്വാത്മനാ പരിശ്രമിച്ചാലും ജ്യേഷ്ഠത്തിയുടെ വ്യസനത്തിന്നു കുറച്ചെങ്കിലും ശാന്തി വരുത്തുവാൻ എനിക്കു തീരെ സാധിക്കില്ല. വൈദ്യൻ രോഗാതുരനോടുപദേശിക്കും പോലെ അല്പം ക്ഷമിക്കണമെന്നു ജ്യേഷ്ഠത്തിയോടു പറയാൻ കൂടി എനിക്കു നാവു വരുന്നില്ല. കാരണം എൻെറ ജ്യേഷ്ഠത്തിയെപ്പോലെ ശാന്തശീലയായ ഒരു ഉത്തമസ്ത്രീയെ ഞാൻ ഇതുവരെയും കണ്ടിട്ടില്ല.

തിങ്കളാഴ്ച രാവിലെ രുഗ്മിണിയമ്മ പ്രാതസ്സ്നാനവും മററും കഴിഞ്ഞു മുകളിൽ വറാന്തയിൽ നില്ക്കുമ്പോൾ അശ്വാരൂഢനായ ഭാസ്കരമേനോൻ മുല്ലവളപ്പിന്നഭിമുഖമായി വരുന്നതു കണ്ടു സന്തോഷപാരവശ്യത്തോടെ "ജാനൂ, ജാനൂ, ദേവി വേഗം വരിൻ. ഇതാ ഭാസ്കരമേനോൻ വരുന്നു. നിങ്ങൾക്കു കാണണ്ടേ. ഓടിവരിൻ." എന്നു തന്റെ പുത്രിമാരോടു വിളിച്ചുപറഞ്ഞു. ജാനു ഇരുന്ന ദിക്കിൽ നിന്നനങ്ങിയതേയില്ല. ദേവിയും ഭദ്രയും ഭാസ്കരമേനോന്റെ വരവു കാണ്മാനായി മാതാവിന്റെ സമീപത്തു പോയി. ജനൽവഴിയായി പുറത്തേക്കു നോക്കി. ഭസ്കരമേനോന്റെയൊരുമിച്ചു തന്റെ ഹൃദയചോരനായ ശ്രീധരൻനമ്പ്യാരെ കണ്ട മാത്രയിൽ അവിടെ നില്ക്കാതെ അതിവേഗത്തിൽ മടങ്ങി "ഉത്തരരാമചരിതം" പുസ്തകം കയ്യിലെടുത്ത് ജ്യേഷ്ഠത്തിയുടെ സമീപത്തുണ്ടായിരുന്ന തന്റെ കസേലയിൽ ഇരിപ്പായി.

ഭദ്ര—അമ്മേ, ഭാസ്കരമേനോന്റെയൊരുമിച്ച് ഒരാൾകൂടിയുണ്ട്. അതാരാണ്? നോക്കു.

രു. അ—ആരാണെന്നിനിക്കു നിശ്ചയമില്ല. അദ്ദേഹത്തിന്റെ സ്നേഹിതന്മാരാരെങ്കിലും ആയിരിക്കും. ആരായാലെന്താ? അദ്ദേഹത്തിന്റെ സ്നേഹിതനല്ലെ?

ഭദ്ര—കഴിഞ്ഞകുറി ഭസ്കരമേനോൻ വരുമ്പോൾ ഇദ്ദേഹം ഒരുമിച്ചുണ്ടായിരുന്നു. ദേവ്യേടത്തീ, ഇദ്ദേഹത്തിന്റെ പേരെന്താണ്? അയ്യോ, എനിക്കു മറന്നുപോയി. അഹംഭാവമേറിയ ആ ഉയന്ന മനുഷ്യൻ.

രു. അ—ഓഹോ, ശരി. ശ്രീധരൻനമ്പ്യാരാണ്. എനിക്കദ്ദേഹത്തെകാണ്മാൻകൂടി ഇഷ്ടമില്ല. ഭസ്കരമേനോന്റെ സ്നേഹിതനായതുകൊണ്ട് ആദരിച്ചുസല്ക്കരിക്കാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ ആരുവന്നാലും ഞാൻ മാനിക്കും. സംശയമില്ല

ശ്രീധരൻനമ്പ്യാരുടെ നാമശ്രവണമാത്രത്തിൽ കഴിഞ്ഞ സംഗതികളുടെ സ്മരണയാൽ ഞാനു അനുതാപത്തോടെ ദേവിയെ നോക്കി. ചെറുകുന്നത്തുവെച്ച് ശ്രീധരൻനമ്പ്യാരെ കണ്ടവിവരം യാതൊന്നും ഞാനു അറിഞ്ഞിട്ടില്ല. ചെറുശ്ശേരിയിൽനിന്നദ്ദേഹം ദേവിക്കു കൊടുത്ത കത്തിലെ ഏതാനും ഭാഗങ്ങൾ അവളറിഞ്ഞിട്ടുമുണ്ട്. സ്നേഹിതന്മാരുടെ ആഗമനം സോദരിമാരുടെ ചിത്തത്തിൽ താപത്തെ വൎദ്ധിപ്പിച്ചതോടുകൂടി അന്യോന്യം സഹതാപമുണ്ടാക്കി. രുഗ്മിണിയമ്മ ശ്രീധരൻനമ്പ്യാരെ കണ്ട ക്ഷണത്തിൽ പറഞ്ഞ വാക്കുകളെത്തന്നെ വളരെ താണസ്വരത്തിൽ പലപ്രാവശ്യം പുനരാവൎത്തിച്ചു. ദേവിയുടെ മനഃക്ലേശത്തിന്നു കാരണങ്ങളായി ഞാനു അറിയാത്ത ചില സംഗതികൾ കൂടിയുണ്ട്. ശാരദാമ്മയുടെ കത്തു ഞാനുവിന്നു കാണിപ്പാനും തനിക്കു ശ്രീധരൻനമ്പ്യാരിൽ ഉണ്ടായിട്ടുള്ള അഭിപ്രായവ്യത്യാസത്തെ അവളെ അറിയിപ്പാനും, എന്തുകൊണ്ടോ ദേവി ധൈൎയ്യപ്പെട്ടില്ല. ഞാനുവിന്നു നമ്പ്യാരെക്കുറിച്ചുള്ള അറിവു സ്വല്പംമാത്രമാകുന്നു. അദ്ദേഹം കുലീനനും, ഭാസ്കരമേനോന്റെ പ്രിയസുഹൃത്തും, തെററിദ്ധാരണകൊണ്ടു ദേവിയാൽ സാധിക്ഷേപം തിരസ്കൃതനുമായ ഒരു മാന്യയുവാവാണെന്നുമാത്രം അവൾ ധരിച്ചിട്ടുണ്ട്. തങ്ങൾ അകാരണമായി നിന്ദിച്ചിട്ടുള്ളവനും, സദ്വൃത്തന്മാരിൽ മാന്യനീയനുമായ ഒരാളെ ആദരിച്ചു സ്വാഗതം പറയേണ്ടിവരുമ്പോൾ സാധാരണജനങ്ങൾക്കുണ്ടാകുന്നതുപോലെ പശ്ചാത്താപമൊ, എന്തെന്നില്ലാത്ത വല്ലായ്മയൊ, തന്റെയനുജത്തിക്കുണ്ടാകുമെന്നേ ഞാനു വിചാരിച്ചിട്ടുള്ളു. എന്നാൽ ദേവിക്കിപ്പോഴുണ്ടായിട്ടുള്ള മനഃക്ലേശം ഞാനു ഊഹിച്ചതിനെക്കാൾ എത്രയൊ കവിഞ്ഞതായിരുന്നു. അവളുടെ കുടുംബത്തിലേക്കു മലപോലെ വന്നിരുന്ന ആപത്തിനെ മലർപോലെ നീക്കിയ ഉദാരശീലനാകുന്നു ഈ വരുന്ന ധീരനായ ശ്രീധരൻനമ്പ്യാർ.

ദേവിക്കിദ്ദേഹത്തിൽ ഭാസ്കരമേനോനിൽ ജാനുവിന്നെന്നവണ്ണം പരിശുദ്ധമായ അനുരാഗവും, തന്നിമിത്തമുള്ള മമതയും, ഈഷൽഭേദമെന്ന്യെ ഉണ്ടായിട്ടുണ്ട്. ശ്രീധരൻനമ്പ്യാർ ഉദ്യാനത്തിലേക്കും അവിടെനിന്നു മുല്ലവളപ്പിലേക്കും വന്നതു തന്നെ കാണ്മാനായിരിക്കുമെന്നു വിചാരിച്ച് ദേവിക്കല്പം അഹംഭാവമുണ്ടായി. പുരുഷോത്തമനായ ശ്രീധരൻ നമ്പ്യാരുടെ പ്രേമഭാജനമായ ധന്യ ഇപ്പോഴും താനാണെന്നുള്ള വിചാരം, ദേവിയുടെ വിമലമായ മനോദർപ്പണത്തിൽ പ്രതിബിംബിച്ചപ്പോൾ അവളുടെ മുഖം അരുണോദയത്തിലെ ചെങ്കമലംപോലെ വികസിച്ചു. പ്രഥമതഃ ശ്രീധരൻ നമ്പ്യാരെ ബലാദാകർഷിച്ചതും, സുപക്ഷ്മളാലംകൃതങ്ങളുമായ നീലനേത്രങ്ങൾ ഹൃദയാഹ്ളാദത്തെ സ്പഷ്ടീകരിച്ച് അനുപമമായ വിലാസത്തോടെ ചാഞ്ചാടി. രണ്ടുനാലുനിമിഷത്തിനുള്ളിൽ അവയുടെ പ്രസരിപ്പൊട്ടടങ്ങി. ദേവിയുടെ മനോദർപ്പണത്തിൽ പ്രതിഫലിച്ചിരുന്ന വിചാരവും ജലരേഖപോലെ മാഞ്ഞു. "കഷ്ടമേകഷ്ടം! ഞാനെന്തൊരു ചപലയാണ്. അദ്ദേഹത്തിൻെറ മനോഗതിയെ മനസ്സിലാക്കാതെ എൻെറ ദുർമ്മോഹംകൊണ്ടു പലതും വിചാരിച്ചു സന്തോഷിച്ചു. ഏതായാലും എൻെറ മനോരഥം സാദ്ധ്യമൊ, അസാദ്ധ്യമൊ എന്നു തിച്ചപ്പെടുത്താൻ ഏറെ താമസം വേണ്ടിവരില്ല." എന്നു തന്നത്താൻ പറഞ്ഞ് കയ്യിലുണ്ടായിരുന്ന പുസ്തകത്തിൽ ബദ്ധശ്രദ്ധയാണെന്നു നടിച്ച് ദേവി വായിക്കുന്ന ഭാവത്തിലിരുന്നു.

സ്നേഹിതന്മാർ പൂമുഖത്തെത്തിയപ്പോഴക്കു രുഗ്മിണിയമ്മ അത്യാദരവോടെ എതിരേററ് അവരോടു സ്വാഗതം പറഞ്ഞ് മുകളിലേക്കു കൂട്ടിക്കൊണ്ടു വന്നു. അയമ്മ ഭാസ്കരമേനോനിൽ കോരിച്ചൊരിഞ്ഞ ഉപചാരവാക്കുകളിൽ നാലിൽ ഒരംശംകൂടി ശ്രീധരൻനമ്പ്യാരിൽ ഉണ്ടായില്ല എന്നു പറയേണ്ടിവന്നതിൽ ലജ്ജിക്കുന്നു. മാതാവിൻെറ അനാശാ

സ്യമായ ഈ നടവടി കണ്ട് പുത്രിമാർ ലജ്ജയാൽ അധോമുഖികളായി. തൻെറ വാത്സല്യഭാജനമായ ഇളയ പുത്രിയെ ആപത്തിൽനിന്നും അപമാനത്തിൽനിന്നും സദയം രക്ഷിച്ച് ജീവനംനൽകി പൊറുപ്പിച്ച ആ മഹാനുഭാവനെ ഉപചരിക്കുമ്പോൾ രുഗ്മിണിയമ്മ പ്രത്യക്ഷത്തിൽ കാണിച്ച അനാദരവ് ദേവിയെ അത്യന്തം വ്യസനിപ്പിച്ചു.

ഭാസ്കരമേനോനും, സ്നേഹിതനും, തളത്തിൽ പ്രവേശിച്ച സമയം ജാനുവും, സോദരിമാരും, ബഹുമാനസമേതം എഴുനീററ് അവരോടു മര്യാദപ്രകാരം യോഗക്ഷേമാദികളന്വേഷിച്ചു. ചിന്താക്രാന്തയായ ദേവി തല ഉയത്തി ശ്രീധരൻനമ്പ്യാരെ ഒന്നു കടാക്ഷിപ്പാൻപോലും ധൈര്യപ്പെട്ടില്ലെങ്കിലും, ഭാസ്കരമേനോൻെറ ദശനത്തിൽ ജാനുവിൻെറ നില എന്തെന്നറിവാനായി കൌശലത്തോടെ ജ്യേഷ്ഠത്തിയുടെ മുഖപരിശോധന ചെയ്യാതിരുന്നില്ല.

താൻ മനസാ വരിച്ച വരിഷ്ഠനായ ആത്മവല്ലഭനെ കണ്ടപ്പോൾ ജാനുവിൻെറ മുഖത്ത് എന്തൊ അല്പം വൈവണ്ണ്യമുണ്ടായതുപോലെ ദേവിക്കു തോന്നി. പക്ഷെ ഇതു ദേവിയുടെ ഭാവനാശക്തികൊണ്ട് ഉണ്ടായതായിരിക്കാം. ജാനു മാന്യന്മാരായ അതിഥികളോടു സല്ലപിക്കുമ്പോൾ അല്പരസമൊ, അതിസന്തോഷമൊ പ്രദശിപ്പിച്ചില്ല. ജ്യേഷ്ഠത്തിയുടെ സമീപത്ത അധോമുഖിയായി ഇരിക്കുന്ന ദേവി പരിഭ്രമാധിക്യത്താലൊ എന്തൊ 'ഞാൻ പറഞ്ഞ വിവരം അന്നുതന്നെ സോദരിയോടു പറഞ്ഞിരിക്കുമല്ലൊ.' എന്നു പറഞ്ഞ് തല അല്പം ഉയത്തി ഭാസ്കരമേനോനെ ഒന്നു നോക്കി.

ഭാ. മേ — എന്താ ദേവി, എൻെറ സോദരിമാരെ അറിയിപ്പാനായി എന്നോടു വല്ലതും പറഞ്ഞിട്ടുണ്ടായിരുന്നുവൊ? എനിക്കോൎമ്മയില്ലല്ലൊ.

ജാ. കു — ദേവി എന്താ ഒന്നും മിണ്ടാത്തത്? ചോദ്യം അപകടത്തിലായൊ?

ദേവിയിൽ നിന്നു മറുപടിയൊന്നും കാണാതായപ്പോൾ

ശ്രീ. ന — എന്നോടായിരിക്കാം ചോദിച്ചത്. ദേവി പറഞ്ഞ വിവരം ഞാനന്നുതന്നെ കമലയെ അറിയിച്ചിരിക്കുന്നു.

ദേ — (സലജ്ജം ശ്രീധരൻ നമ്പ്യാരെ നോക്കി) കമലക്കു സുഖംതന്നെയല്ലേ?

ശ്രീ. ന — അതെ. ഗോവിന്ദമേനോനും മററും സുഖക്കേടൊന്നുമില്ലല്ലൊ?

ദേ — (വളരെ താണ സ്വരത്തിൽ) ഇല്ല.

ശ്രീധരൻനമ്പ്യാർ പിന്നെ യാതൊന്നും സംസാരിച്ചില്ല. ഒരു കാലെ കുട്ടി തന്റെ ശിരോലങ്കാരത്തിനുവേണ്ടി കൊണ്ടുവന്ന് മേശപ്പുറത്ത് വെച്ചിരുന്ന റോജാപുഷ്പങ്ങളിൽ ഒന്നെടുത്ത് അതിന്റെ കോമളത്വം കണ്ടാനന്ദിച്ചും, ആഘ്രാണിച്ചും നമ്പ്യാർ സ്വല്പസമയം രസിച്ചു. ദേവിക്കപ്പോൾ അദ്ദേഹത്തോടല്ലാതെ മററാരോടും സംസാരിപ്പാൻ രസമുണ്ടായിരുന്നില്ല. അദ്ദേഹത്തോടു കടന്നു സംസാരിപ്പാൻ അവൾക്കു സങ്കോചവുമുണ്ടായി. ശ്രീധരൻ നമ്പ്യാരുടെ വാക്കുകളും ഭാവങ്ങളുമെല്ലാം അനുരാഗവിവജ്ജിതങ്ങളാണെന്നവൾ ശങ്കിച്ചു. അദ്ദേഹം ദേവിയോടു സംസാരിക്കാതെ അപ്പപ്പോഴായി ജാനുവിനോടു പലേ വത്തമാനങ്ങളും ചോദിച്ചു. സംഭാഷണവിമുഖനായ ശ്രീധരൻ നമ്പ്യാർ ഒരു ചാരുകസേലയിൽ സുഖമായി ചാരിക്കിടന്ന്, കസേലയുടെ കയ്യിൽ താളംപിടിച്ച്, വില്ല്യാംകുഴൽ വായിക്കുകയാണൊ എന്നു ശ്രോതാക്കൾക്കു സംശയം ജനിക്കത്തക്കവണ്ണം ചൂളയിട്ട് രാഗാലാപം ചെയ്ത് വിനോദിച്ചു. അദ്ദേഹത്തിന്റെ ഈ അലസത ദേവിക്ക് ഇച്ഛാഭംഗമുണ്ടാക്കി. അവൾക്കു കുറഞ്ഞൊരു കോപവും, അസഹനീയമായതാപവുമുണ്ടായി. അപ്പോൾ വായിക്കുന്ന നാട്യത്തിൽ കയ്യിൽ തന്നെ വെച്ചുകൊണ്ടിരിക്കുന്ന 'ഉത്തരരാമചരിതം' അവളെ സഹായിച്ചില്ലെങ്കിൽ സ്വധീരചിത്തയായ നമ്മുടെ ദേവി

യുടെ കള്ളി രണ്ടു നിമിഷംകൊണ്ടു വെളിച്ചത്താകുമായിരു ന്നു. 'എന്റെ സംശയം മുഴുവനും തീൎന്നു. ഇദ്ദേഹത്തിന്നെ ന്നോടുണ്ടായിരുന്ന പ്രേമം നശിച്ചുപോയി. എന്നെ സ്നേഹ മില്ലെങ്കിൽ പിന്നെ എന്തിനാണിങ്ങോട്ടു വന്നത്? എന്നെ മുഷിപ്പിക്കാനൊ?' ദേവിയുടെ മുഖത്തു സ്പഷ്ടമായി സ്ഫുരിച്ചി രുന്ന ശോകരസം വായിക്കുന്ന പുസ്തകത്തിലെ നായികയുമാ യുള്ള തന്മയത്വംകൊണ്ടാണെന്നവൾ മററുള്ളവരെ ധരി പ്പിക്കാൻ ഉത്സാഹിച്ചില്ലെന്നില്ല. ചായയും മററും ഉണ്ടാ ക്കാൻ വാലിയക്കാരനെ ഏല്പിക്കാനായി അടുക്കളയിലേക്കു പോയ രുഗ്മിണിയമ്മ അല്പം താമസിച്ചു മടങ്ങിവന്ന് ഭാസ്ക രമേനോനോടു സംസാരിപ്പാൻ സന്നദ്ധയായി.

രു. അ — ഭാസ്കരമേനോൻ ഞങ്ങളെ തീരെ മറന്നിട്ടില്ല, അ ല്ലേ? നിങ്ങളെല്ലാവരും ഇവിടെനിന്നു പോയിട്ടു കുറെക്കാ ലമായല്ലോ.

ഭാ. മേ — ഉവ്വ്. കുറച്ചു കാലമായി. സംഗതിവശാൽ ഇതു വരെ ഇങ്ങോട്ടു വരാൻ സാധിച്ചില്ല.

രു. അ — ഇനി നിങ്ങൾ ഒരു കാലത്തും ഇങ്ങോട്ടു മടങ്ങിവരി ല്ലെന്നു വിചാരിച്ച് ഞാൻ ഭയപ്പെട്ടു. നിങ്ങൾ വരില്ലെ ന്നു ഈ ദിക്കിൽ എല്ലാവരും പറഞ്ഞിരുന്നു. ഉദ്യാനവും, വസ്തുക്കളും മേടിപ്പാൻ തരംപോലെ ആളെ കിട്ടിയാൽ കൊടുക്കുമെന്നും കൂടി കേട്ടു. പക്ഷെ, ഇതൊന്നും സത്യ മായിരിക്കില്ലെന്നെനിക്കപ്പോൾ തന്നെ തോന്നി. നി ങ്ങൾ പോയശേഷം ഇവിടെ പലെ വിശേഷവൎത്തമാന ങ്ങളും ഉണ്ടായിട്ടുണ്ട്. അമ്മാളുക്കുട്ടിയുടെ പുടമുറി കഴി ഞ്ഞു. കേളുമേനോൻ ആദ്യം ആലോചിച്ചതിവിടെയാ യിരുന്നു. ദേവി അദ്ദേഹത്തെ വേണ്ടെന്നു പറഞ്ഞ് ശാ ഠ്യം പിടിച്ചതുകൊണ്ടാണ് ആ അമ്മാളുക്കുട്ടിക്ക് ഒരു ഭ ൎത്താവിനെ കിട്ടിയത്. ലീലയുടെ പുടമുറിയും കഴിഞ്ഞു. അതറിഞ്ഞില്ലെ? ' അവളിപ്പോൾ തലശ്ശേരിയിലാണ്.

ഈ പുടമുറി നടത്താൻ ഗോവിന്ദൻകുട്ടി വളരെ ഉത്സാഹിച്ചു. അതിന്നുവേണ്ട സകല ചിലവും ഗോവിന്ദൻകുട്ടി തന്നെയാണ് ചെയ്തത്. വിക്രമമേനോനെ കണ്ടിട്ടില്ലേ? വളരെ സുന്ദരനാണ്. ബി. എ പരീക്ഷ ജയിച്ചിട്ടുണ്ട്. ഈ വർത്തമാനങ്ങളെല്ലാം മനോരമയിലും, പത്രികയിലും മററും ഉണ്ടായിരുന്നുവല്ലോ.

ഭാ. മേ — ലീലയുടെ പുടമുറി കഴിഞ്ഞ വിവരം ഞാനറിഞ്ഞിരിക്കുന്നു. അവൾ ഭർത്താവിനോടു കൂടി വളരെക്കാലം സുഖിക്കട്ടെ.

രു. അ — മകൾക്ക് ഭേദപ്പെട്ട ഒരു ഭർത്താവിനെ കിട്ടിയതു സന്തോഷമാണെങ്കിലും എൻെറ കുട്ടി ഇത്ര ദൂരെപ്പോയതുകൊണ്ട് വളരെ വ്യസനമുണ്ട്.

ലീലയുടെ വിവാഹവാർത്ത ശ്രീധരൻനമ്പ്യാരുടെ സന്നിധിയിൽ വെച്ച് അമ്മ വിസ്തരിക്കുമ്പോൾ ദേവിക്കുണ്ടായ ലജ്ജയും, ദൈന്യവും അനുഭവിച്ചവർക്കെ അറിഞ്ഞുകൂടു. സംഭാഷണവിഷയം ഒന്നു മാററണമെന്നു കരുതി ഭാസ്കരമേനോനോട് സാമർത്ഥ്യത്തോടെ —

ദേ — നിങ്ങൾക്കിവിടെ എത്ര ദിവസത്തെ താമസമുണ്ടാവും?

രു. അ — നിങ്ങൾക്കിടയുള്ളപ്പോഴെല്ലാം ഇങ്ങോട്ടിറങ്ങുന്നത് എനിക്കും, അദ്ദേഹത്തിന്നും വളരെ സന്തോഷമാണ്

മാതാവിൻെറ അനൌചിത്യമായ ക്ഷണനം ദേവിക്കു നീരസമുണ്ടാക്കി. അവൾ ഉള്ളുകൊണ്ടിങ്ങിനെ പറഞ്ഞു. "എല്ലാം കഴിഞ്ഞകൊല്ലത്തെപ്പോലെതന്നെ കലാശിക്കാനാണ് എളുപ്പം. ഉദ്യാനത്തിൽ താമസിക്കുന്ന കാലമത്രയും വിനോദത്തിന്നായി ചിലപ്പോൾ ഇങ്ങോട്ടു വരുന്നതുകൊണ്ടിവൎക്കു വിരോധമുണ്ടാവില്ല. പക്ഷെ ഇവരുമായി സല്ലപിച്ചുകഴിക്കുന്ന അവസരങ്ങളിൽ ഓരോ നിമിഷവും ഞങ്ങളനുഭവിക്കുന്ന മനോവ്യഥക്ക് പ്രതിഫലമായി സമൃദ്ധിയായ സുഖാനുഭൂതി എത്രായിരം കൊല്ലങ്ങളിലുണ്ടായാ

ലും മതിയാകുന്നതല്ല. മേലിൽ ഒരു കാലത്തും ഇവരുമായി പരിചയിപ്പാനിടവരാതിരുന്നാൽ അതിഭാഗ്യമായി കരുതണം. അല്പസമയം ഇവരുമായുള്ള ഈ സരസസല്ലാപംകൊണ്ട് ഞങ്ങൾക്കെന്തൊന്നു കിട്ടും. ഉല്ക്കടമായ ദുഃഖം തന്നെ. അല്ലാതൊന്നുമില്ല. ഭഗവാനെ! ലോകനാഥാ! ആജീവനാന്തം ഇവരുടെ ദർശനസുഖമനുഭവിപ്പാൻ ഇടവരുത്തരുതെ.' അനേക ശതാബ്ദങ്ങളിൽ സമൃദ്ധിയായ സുഖാനുഭൂതിയുണ്ടായാൽ കൂടി പ്രതിഫലം മതിയാകാത്തതായ ദേവിയുടെ ഈ നിമിഷത്തെ ചിത്തതാപം, ഭാസ്കരമേനോന്നും ജാനുവിൽ മുമ്പത്തെപ്പോലെ സുദൃഢസ്നേഹമുണ്ടെന്നു വിശ്വാസം വന്നപ്പോൾ കുറച്ചാശ്വാസമായി.

അദ്ദേഹം വന്ന ഉടനെ ജാനുവിനോടധികം സംസാരിച്ചില്ല. അല്പം കഴിയുമ്പോഴക്കു ജാനുവിൻെറ നിർവ്യാജമായ രൂപശോഭയും, പ്രശാന്തരമണീയമായ പ്രകൃതിയും, അവളിൽ ഭാസ്കരമേനോന്നുണ്ടായിരുന്ന പ്രണയത്തെ ഏവരാലും അനിവാര്യമായ നിലയിൽ വർദ്ധിപ്പിച്ചു. ആദ്യത്തിൽ ജാനു ഭാസ്കരമേനോനോടു സംസാരിച്ചിരുന്നതു വളരെ കരുതലോടുകൂടിയായിരുന്നു. അദ്ദേഹത്തിൻെറ സാമീപ്യത്തിൽ അവളുടെ ഹൃദയം ഒട്ടേറെ ക്ഷോഭിക്കുകയാൽ എത്രനേരം സംസാരിച്ചിരുന്നുവെന്നും, സംസാരവിഷയം എന്തെല്ലാമായിരുന്നുവെന്നും, ജാനുവിന്നു നല്ലപോലെ ഓർമ്മയുണ്ടായിരുന്നില്ല.

അതിഥികൾ യാത്രക്കൊരുങ്ങിയപ്പോൾ രുഗ്മിണിയമ്മ ആദരവോടെ "ബുധനാഴ്ച അദ്ദേഹത്തിൻെറ പിറന്നാളാണ്. അന്നു രാവിലെ ചായ കഴിഞ്ഞ ഉടനെ നിങ്ങൾ രണ്ടാളും ഇങ്ങോട്ടു വരുന്നത് ഞങ്ങൾക്കു വളരെ സന്തോഷം. ഈ പിറന്നാളിന്നു നിങ്ങളെ ക്ഷണിപ്പാനിടവരുമെന്നു ഞാൻ വിചാരിച്ചിട്ടേയില്ല. ഭാഗ്യവശാൽ സാധിച്ചതാണ്." എന്നു പറഞ്ഞു. താൻ മല്ലവളപ്പുകാരോടു പ്രദർശിപ്പിച്ച അനാസ്ഥയെക്കുറിച്ചു രുഗ്മിണിയമ്മ സൂചിപ്പിച്ചു പറഞ്ഞപ്പോൾ

ഭാസ്കരമേനോൻ വഷളായി പശ്ചാത്താപത്തോടെ "ഇവിടെനിന്നുപോകുമ്പോൾ മടങ്ങിവരാൻ ഇത്രതാമസമാകുമെന്നു വിചാരിച്ചിരുന്നില്ല. ആകപ്പാടെ അങ്ങിനെ സംഭവിച്ചു. ബുധനാഴ്ച പത്തുമണിക്ക് ഞങ്ങൾ രണ്ടാളും വരാം. ഇപ്പോൾ പോകട്ടെ." എന്നു പറഞ്ഞു സ്നേഹിതന്മാർ രണ്ടുപേരും അവിടെനിന്നുപോയി.

രുഗ്മിണിയമ്മക്ക് അന്നുതന്നെ അവരെ ഭക്ഷണത്തിന്നു ക്ഷണിപ്പാൻ മോഹമുണ്ടായിരുന്നു. മല്ലവളപ്പിൽ ഊണിന്റെ വട്ടം എപ്പോഴും ഭേദമായിരിക്കും. തന്റെ ജാമാതാവായി ലഭിക്കണമെന്നാഗ്രഹിക്കുന്ന ഒരു മാന്യയുവാവിനേയും, ഒന്നുകൊണ്ടും തൃപ്തിപ്പെടാതെ സകലതിലും ദോഷൈകദൃഷ്ടിയും അതിമാനിയുമായ ഒരു പ്രഭുവിനേയും, പലവിധ വിഭവങ്ങളോടെ സല്ക്കരിക്കാഞ്ഞാൽ പന്തിയാവില്ലെന്നു വിചാരിച്ച് അയമ്മ അന്നു നമ്മുടെ സ്നേഹിതന്മാരെ ഭക്ഷണത്തിന്നു ക്ഷണിപ്പാൻ തുനിഞ്ഞില്ല.

## അമ്പത്തിമൂന്നാമദ്ധ്യായം

സ്നേഹിതന്മാരുടെ പ്രയാണാനന്തരം അന്നത്തെ സംഭവങ്ങളെക്കുറിച്ചു വിചിന്തനം ചെയ്വാനായിക്കൊണ്ട് ദേവി വിജനമായ ഒരു സ്ഥലത്തു പോയിരുന്നു. ആലോചിക്കുംതോറും അവളുടെ ഉന്മേഷം കുറഞ്ഞു മൌഢ്യം വർദ്ധിക്കുകയാണുണ്ടായത്. ശ്രീധരൻനമ്പ്യാരുടെ സമ്പ്രദായം അവളുടെ ഹൃദയത്തിൽ ആശ്ചര്യം ജനിപ്പിച്ചു. അവൾ അസ്വസ്ഥചിത്തയായി ചമഞ്ഞു. എത്ര ശ്രമിച്ചിട്ടും സന്തോഷപ്രദമായ നിലയിൽ അവളുടെ മനോരാജ്യത്തെ പര്യവസാനിപ്പിക്കുവാൻ സാധിച്ചില്ല. "ഇങ്ങിനെ ഗൌരവത്തോടെ മൌനമവലംബിച്ച് അനാസ്ഥ നടിപ്പാനായിട്ടാണദ്ദേ

ഹം വന്നതെങ്കിൽ എന്തിന്നു വന്നു. ഇതു വലിയ സൈ്വ രക്കേടുതന്നെ. അദ്ദേഹം സമർത്ഥനാണ്, സുശീലനാണ്, സ്നിഗ്ദ്ധനാണ്, എന്നൊക്കെ അമ്മായി എഴുതിയിട്ടു ണ്ട്. കോഴിക്കോട്ടിരിക്കുന്ന അമ്മാമൻേറയും, അമ്മാ യിയുടേയും സ്നേഹം സമ്പാദിക്കുവാൻ അദ്ദേഹത്തിന്നു നിഷ്പ്രയാസം സാധിച്ചു. അവൎക്കദ്ദേഹം സന്തോ ഷദാതാവുമാണത്രെ. എന്നാൽ എൻേറ കാൎയ്യത്തിൽ എ ന്തുകൊണ്ടങ്ങിനെയല്ല? കോഴിക്കോട്ടുനിന്നിവിടെ എത്തു മ്പോഴക്കു സ്വഭാവം മാറിപ്പോകുമോ? ഉണ്ടാവില്ല. എന്നെ ശങ്കിച്ചായിരിക്കുമോ? ഒരു സമയം സ്നേഹമില്ലാഞ്ഞിട്ടായിരി ക്കാം. എന്നാലെന്തിന്നു വന്നു? എന്തിനിങ്ങിനെ മൌനം ദീ ക്ഷിക്കുന്നു?എന്തൊരു സമ്പ്രദായമാണിത്? മുഷിപ്പ് മുഷിപ്പ്, എപ്പോഴുംമനഃക്ലേശമുണ്ടാക്കിക്കൊണ്ടിരിക്കുന്നൊരുമനുഷ്യൻ. ഇനി ഞാനിദ്ദേഹത്തെക്കുറിച്ചു ചിന്തിക്കയേയില്ല.'' ദേവി ഇങ്ങിനെ മനോനിശ്ചയം ചെയ്യുമ്പോഴക്കു പ്രസന്നവദന യായ ജാനു അവിടെ വന്നില്ലായിരുന്നുവെങ്കിൽ നമ്മുടെ ദേവിയുടെ മനോനിശ്ചയം എത്രമാത്രം ബലവത്തരമായിട്ടു ള്ളതാണെന്നു നമുക്കൊന്നു പരീക്ഷിക്കാമായിരുന്നു. അന്ന ത്തെ അതിഥിസല്ക്കാരത്താൽ ദേവിയെക്കാൾ ജാനു സന്തു ഷ്ടയായിട്ടുണ്ടെന്നവളുടെ മുഖം പറയാതെ പറഞ്ഞു. ഹൃദ യാഹ്ലാദദ്യോതകങ്ങളായ വികസിതനേത്രങ്ങളോടെ ദേ വിയുടെ സമീപത്തിരുന്ന്—

ജാ. കു.— ദേവി, ഇന്നെൻേറ മനസ്സിന്നു വളരെ സ്വാസ്ഥ്യ യുണ്ട്. ഒന്നാമത്തെ കൂടിക്കാഴ്ച കഴിഞ്ഞുവല്ലൊ. ഇതാ ണ് വളരെ പ്രയാസമായി കരുതിയിരുന്നത്. ഇനി എ പ്പോൾ കാണുമ്പോഴും എനിക്കു യാതൊരു സങ്കോചവുമ ണ്ടാവില്ല. എൻേറ മനഃശക്തി ഇപ്പോളെനിക്ക് സ്വാനു ഭവമായി. ലജ്ജയൊ, പരിഭ്രമമൊ, യാതൊന്നുംകൂടാതെ ഇനി അദ്ദേഹത്തോടു സംസാരിക്കാം. ബുദ്ധനാഴ്ച അച്ഛ

ൻെറ പിറന്നാളിന്നു വരുമെന്നല്ലെ പറഞ്ഞത്. അതുകൊണ്ട് വാസ്തവം പറയുകയാണെങ്കിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഞങ്ങൾ തമ്മിൽ കേവലം രണ്ടു സ്നേഹിതന്മാർ തമ്മിലുള്ള സ്നേഹമല്ലാതെ അതിൽ കവിഞ്ഞൊന്നുമില്ലെന്നു നമ്മുടെ സമീപസ്ഥന്മാക്കു ദൃഷ്ടാന്തസഹിതം ബോദ്ധ്യമാകുമെന്നു വിചാരിച്ചിട്ടാണ് സന്തോഷം.

ദേ—(പുഞ്ചിരിയോടെ) കേവലം രണ്ടു സ്നേഹിതന്മാർ തമ്മിൽ, അല്ലേ? ഉം. എൻെറ പ്രിയ ജ്യേഷ്ഠത്തീ, സൂക്ഷിച്ചോളൂ.

ജാ. കു—ദേവിക്കെന്നെ ഇത്ര വിശ്വാസമില്ലേ? ഇനിയും അപകടത്തിൽപെട്ടുവാൻ മാത്രം മനോബലമില്ലാത്തവളാണ് ഞാനെന്നു എൻെറയനുജത്തി വിചാരിക്കരുതെ.

ദേ—ജ്യേഷ്ഠത്തിയുടെ സൌന്ദര്യം അപകടത്തിലാക്കിയിരിക്കുന്നു. അദ്ദേഹം മുമ്പെത്തേപ്പോലെതന്നെ ജ്യേഷ്ഠത്തിയാൽ വശീകൃതനായിരിക്കുന്നു എന്നാണെൻെറ വിശ്വാസം.

ഈ സംഭാഷണാനന്തരം സോദരിമാർ അവിടെനിന്നു പിരിഞ്ഞു. ശ്രീധരൻനമ്പ്യാരും ഭാസ്കരമേനോനും പിന്നെ ബുധനാഴ്ചവരെ മല്ലവളപ്പിലേക്കു വന്നില്ല. ഭാസ്കരമേനോൻ അരമണിക്കൂർ നേരം വന്നിരുന്നുപോകുമ്പോഴക്കു അദ്ദേഹത്തിൻെറ സരസസരളമായ സ്വഭാവം രുഗ്മിണിയമ്മയുടെ നഷ്ടപ്രായങ്ങളായിരുന്ന മനോരഥങ്ങളെ പുനർജ്ജീവിപ്പിച്ചു. തദ്വാരാ പ്രോത്സാഹിതചിത്തയായ രുഗ്മിണിയമ്മ ഇതിനിടയിൽ ശുഭോദർക്കങ്ങളായ പലസംഗതികളും ചിന്തിച്ച് സന്തോഷസാഗരത്തിൽ നിമഗ്നയായി.

ബുധനാഴ്ച ഉഷസ്സിന്നു മുമ്പുതന്നെ മല്ലവളപ്പിൽ അസാമാന്യമായ തിരക്കുണ്ടായിരുന്നു. ബാലകൃഷ്ണമേനോൻെറ പിറന്നാൾ പ്രമാണിച്ച് ക്ഷണിച്ചവരും, ക്ഷണിക്കാത്തവരു

മായി ഒട്ടേറെ ജനങ്ങൾ കൂടിയിരുന്നു. സുമാർ പത്തുമണിയാകുമ്പോഴക്ക രുഗ്മിണിയമ്മ അത്യൽക്കണ്ഠയോടെ കാത്തിരുന്ന ഭാസ്കരമേനോൻ സ്നേഹിതനോടും കൂടി വന്നു. പിറന്നാൾ തിരക്കുകൊണ്ടും, സന്തോഷത്തിരക്കുകൊണ്ടും, മതിമറന്നിരിക്കുന്ന രുഗ്മിണിയമ്മ ഇവരെ എങ്ങിനെയാണ് സ്വാഗതം പറഞ്ഞു സല്ക്കരിക്കേണ്ടതെന്നറിയാതെ ബുദ്ധിമുട്ടി. ഊണിന്നല്പം താമസമുണ്ടായിരുന്നതിനാൽ അയമ്മ ഇവരെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇവരെ കണ്ടഉടനെ ജാനു മുതലായവർ എഴുനീററ് ഇവരുടെ ആഗമനത്തെ സബഹുമാനം ആദരിച്ചു.

ഭാസ്കരമേനോന്നു പണ്ടത്തെപ്പോലെ തന്നെ തൻെറ ജ്യേഷ്ഠത്തിയിൽ പ്രണയമുണ്ടോ എന്നു പരിശോധിക്കാനായി ദേവി ബദ്ധശ്രദ്ധയോടെ അദ്ദേഹത്തിൻെറ ചേഷ്ടകളെ സൂക്ഷിച്ചുനോക്കി. ഇതേവിചാരം ഹേതുവായിട്ട് സമത്ഥയായ രുഗ്മിണിയമ്മ, അദ്ദേഹത്തിന്നിരിക്കുവാൻ പ്രത്യേകമൊരാസനം കൊടുക്കാതെ അദ്ദേഹത്തെ ഇരിക്കുവാൻ ക്ഷണിച്ചു. അകത്തുകടന്ന ഉടനെ ഭാസ്കരമേനോന്നല്പം പരുങ്ങലുള്ളപോലെ തോന്നി. ജാനുവാകട്ടെ യാതൊരു ചാഞ്ചല്യവും കൂടാതെ ചെറുതായൊരു പുഞ്ചിരിയോടെ അദ്ദേഹത്തെ വീക്ഷിച്ചു. ഭാസ്കരമേനോൻ ഒട്ടാകെ ഒന്നു നോക്കിയതിന്നുശേഷം കൂസലെന്ന്യേ ജാനുവിൻെറ സമീപത്തുണ്ടായിരുന്ന ഒരു കസേലയിൽപോയി ഇരുന്നു. അദ്ദേഹത്തിൻെറ ഈ പ്രവൃത്തി ദേവിക്കു കളങ്കരഹിതമായ സന്തോഷമുണ്ടാക്കി. അവളുടെ വിജയസൂചകങ്ങളായ നോട്ടങ്ങളെ ശ്രീധരൻ നമ്പ്യാർ കണ്ടതായിത്തന്നെ നടിച്ചില്ല.

ഭാസ്കരമേനോൻെറ മന്ദഹാസവും, വളരെ മുൻകരുതലോടിരുന്നിട്ടുകൂടി പുറത്തു പ്രകാശിച്ചിരുന്ന ജാനുവിൻെറ സന്തോഷസംതൃപ്തിയും, ഇവർ ഇരുവരേയും സേ്വച്ഛാനുസരണം പ്രവൃത്തിക്കുവാനനുവദിക്കുന്നപക്ഷം അവരുടെ ഭാഗ്യോ

മയലിവസം ദൂരസ്ഥമായിട്ടുള്ളതല്ലെന്നു ദേവിയെ അറിയിച്ചു. ഭാവിഫലത്തെക്കുറിച്ചു, ബലമായി വിശ്വാസമുണ്ടായില്ലെങ്കിലും ജാനുവുമായുള്ള ഭാസ്കരമേനോന്റെ പെരുമാററം ദേവിയെ സന്തോഷിപ്പിക്കുകയും, ഉന്മേഷരഹിതയായിരുന്ന അവൾക്ക് സാമാന്യം ഉത്സാഹമുണ്ടാക്കുകയും ചെയ്തു.

ശ്രീധരൻനമ്പ്യാർ ദേവിയിൽനിന്നുകുറെ ദൂരെ തങ്ങമിണിയമ്മയുടെ സമീപത്താണിരുന്നത്. അവരുടെ ആ ഇരുപ്പ് ഇരുകൂട്ടൎക്കും സന്തോഷപ്രദമായിട്ടുള്ളതല്ലെന്നും, ഇവരുടെ സംഭാഷണം ശ്രവിക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, അവർതമ്മിൽ വളരെ ദുർല്ലഭമായിട്ടെ സംസാരിച്ചിരുന്നുള്ളുവെന്നും, അതുതന്നെ മനമല്ലാമനസ്സോടെയാണെന്നും, ദേവി മനസ്സിലാക്കി. അമ്മയുടെ അനാദരവുകാണുംതോറും ശ്രീധരൻനമ്പ്യാരോടുള്ള കടമയെ ആലോചിച്ച് ദേവിയുടെ മനഃക്ലേശം വൎദ്ധിച്ചു. അദ്ദേഹം ദയാപുരസ്സരം ചെയ്തിട്ടുള്ള ഉപകാരങ്ങളെക്കുറിച്ച് തങ്ങൾ കൃതഘ്നന്മാരല്ലെന്നു വല്ലവിധേനയും അദ്ദേഹത്തെ അറിയിപ്പാനാഗ്രഹംകൊണ്ട് ദേവി ആഗ്രഹിച്ചു. തങ്ങളുടെ കൃതജ്ഞതയെ അറിയിക്കുന്നതിന്നു ഒരു സൌകൎയ്യം ലഭിക്കുവാനെന്തുചെയ്താലും വേണ്ടില്ലെന്നവൾക്കു വല്ല പ്രാവശ്യം തോന്നി. അദ്ദേഹം മടങ്ങിപ്പോകുന്നതിന്നു മുമ്പു വൈകുന്നേരത്തിലകത്ത് എപ്പോഴെങ്കിലും സാവകാശംപോലെ കുറച്ചു സംസാരിക്കുവാനവസരംകിട്ടാതിരിക്കില്ലെന്നുതന്നെ തീൎച്ചപ്പെടുത്തി. "ഇന്നദ്ദേഹം എന്നോടു യാതൊന്നും സംസാരിക്കാതെ മടങ്ങിപ്പോകുന്നപക്ഷം ഭാവിയിൽ ഈ സംഗതിയെക്കുറിച്ചാശാബന്ധമുള്ളവളായിരിക്കേണ്ട. തീൎച്ചതന്നെ." എന്നു ദേവി തന്നത്താൻ പറഞ്ഞു.

സുമാർ പന്ത്രണ്ടുമണിയോടുകൂടി ഭക്ഷണംകഴിഞ്ഞ് ബാലകൃഷ്ണമേനോൻ മുതലായവർ പൂമുഖത്തു യോഗംകൂടി. സ്വന്തം ഭൃത്യവൎഗ്ഗങ്ങൾക്കും, അന്നു പ്രത്യേകമായി കൂടിയിരുന്ന പുറമ്പണിക്കാൎക്കും, മററുചില മദ്ധ്യസ്ഥക്കാരായ സാധു

ക്കാൾക്കും, മററും യഥോചിതം ഭക്ഷണം കൊടുപ്പിക്കാനായി രുഗ്മിണിയമ്മ അഗ്രശാലയിൽ ശ്രമിച്ചുനിന്നിരുന്നതിനാൽ ജാനുമുതലായവർ തങ്ങളുടെ സഖിമാരേയും, മററു ചിലമാന്യസ്ത്രീകളേയും കൂട്ടിക്കൊണ്ടു മുകളിലേക്കു പോയി. കുറച്ചു പ്രായമായിട്ടുള്ള സ്ത്രീകളിൽ ചിലർ മുകളിൽ തളത്തിൽ വിരിച്ചിരുന്ന പുൽപായകളിൽ ഇരുന്നു. വലുതായ ഒരു താലം നിറച്ച മുറുക്കുസാമാനങ്ങളോടുകൂടി അവരുടെ സമീപത്തു രുഗ് മിണിയമ്മയുടെ അനുജത്തിയായ പാറുക്കുട്ടി അമ്മയുമിരുന്നു. വലിയ ഒരു വട്ടമേശയുടെ ചുററും കസേലകൾ വലിച്ചിട്ട് നമ്മുടെ യുവതിമാരുംകൂടി. മുറുക്കിനുള്ള യോഗങ്ങൾ മേശപ്പുറത്തും സുലഭമായുണ്ടായിരുന്നു.

ഇവർ ഇവിടെ ഇരുന്ന് പലേ നർമ്മങ്ങളും പറഞ്ഞ് ചിരിച്ചുരസിക്കുന്ന മദ്ധ്യേ താഴത്തു സർവ്വാണിസ്സദ്യ കണ്ടുനിന്നിരുന്നവരുടെ കൂട്ടത്തിൽ നിന്നു ശ്രീധരൻനമ്പ്യാർ മുകളിലേക്കുവന്നു. അദ്ദേഹത്തിന്റെ മുഖത്തുനോക്കിയ ഉടനെതന്റെ ആഗ്രഹംസഫലീകരിക്കുമെന്നുദേവിക്കുതോന്നി. അദ്ദേഹത്തെ കണ്ടക്ഷണം "പുരുഷന്മാരാരുംനമ്മുടെ സമീപത്തിരിക്കുവാൻ പാടില്ല? അല്ലേ" എന്നുപറഞ്ഞ് ദേവിയുടെ ചങ്ങാതിമാരിൽ ഒരുവൾ അവളുടെ കസേല് ദേവിയുടെ ഏററവും സമീപംവലിച്ചിട്ട് തിരക്കിയിരുന്നു. ശ്രീധരൻ നമ്പ്യാർ ഇവർ ഇരിക്കുന്നിടത്തേക്കു ചെല്ലാതെ മറെറാരു സ്ഥലത്തുപോയി. ദേവിയുടെ നയനങ്ങൾ അദ്ദേഹത്തെ പിന്തുടന്നു. അദ്ദേഹം ആരോടെല്ലാം സംസാരിച്ചുവൊ, അവരോടെല്ലാം ദേവിക്കസൂയ തോന്നി. തന്റെ ചങ്ങാതിമാരുടേയും മററും, സരസസല്ലാപത്തിൽ ശ്രദ്ധയില്ലാതായി. ഏലത്തരിയൊ, കരയാമ്പൂവൊ, ചോദിക്കുന്നവക്ക അടക്കയൊ, നൂറൊ, എടുത്തുകൊടുക്കാതെ കഴിച്ചുകൂട്ടുവാൻ നന്നെ പണിപ്പെട്ടു. തന്റെ ഈമനഃക്ഷോഭത്തെക്കുറിച്ചവൾസ്വയമേവ ശകാരിച്ചു. "കഷ്ടം! കഷ്ടം!! ഞാനെന്തൊരു വിഡ്ഢിയാണ്. കഠിനമായിഞാന

ധിക്ഷേപിച്ചിട്ടുള്ള ഒരാൾ ഇനിയും എന്നെ സ്നേഹിക്കയൊ; സ്നേഹിക്കണമെന്നു വിചാരിക്കുന്നതുതന്നെ ഭോഷത്വമല്ലെ? ഒരിക്കൽതന്നെ ധിക്കരിച്ചിട്ടുള്ള ഒരു സ്ത്രീയോട് രണ്ടാമതും വിവാഹാൎത്ഥനചെയ്യുന്നതു അയോഗ്യമായിട്ടുള്ളതാണെന്നാക്ഷേപിക്കാത്ത പുരുഷന്മാരുണ്ടാകുമൊ? അതുപോലെ വെറുപ്പ് അവൾക്കുവേറെ ഒന്നിനുമുണ്ടാവില്ല. ഹാ! എൻെറ മനസ്സിനിത്ര ശക്തിയില്ലെ? എൻെറ ഹൃദയം ഇത്ര ചപലമായിപ്പോയല്ലൊ".

ശ്രീധരൻനമ്പ്യാർ കുറച്ചുനേരം നാണിക്കുട്ടി അമ്മയോട സംസാരിച്ച് ഒരു ദിക്കിൽ ഇരുന്നതിൽ പിന്നെ ദേവിയുടെ സമീപത്ത് ഒരു മേശമേൽ വെച്ചിരുന്ന ചില പുസ്തകങ്ങൾ നോക്കുവാനെന്നുള്ള വ്യാജേന അവിടെനിന്നെഴുനീററുവന്നു. അദ്ദേഹം സമീപത്തു വന്നപ്പോൾ ഈ അവസരം വൃഥാ കളയുകയല്ലെന്നു വിചാരിച്ച് അല്പം ഉണൎച്ചയോടെ—

ദേ—കമല ഇപ്പോളെവിടെയാണ്? പത്മാലയത്തിൽതന്നെയല്ലേ?

ശ്രീ. ന—അതെ. ഇനി കുറച്ചുകാലം അവിടെത്തന്നെയായിരിക്കും.

ദേ—അമ്മുക്കുട്ടിയമ്മയും മററും മടങ്ങിപ്പോയോ?

ശ്രീ. ന—പോയി. ഇപ്പോളവിടെ വിശേഷിച്ചാരുമില്ല.

ഇനി എന്തുചോദിക്കണമെന്നറിയാതെ ദേവി മൌനമവലംബിച്ചു. ശ്രീധരൻനമ്പ്യാർ ശ്രമിച്ചാൽ അവരുടെ സംഭാഷണം കുറെക്കൂടി ദീൎഘിപ്പിക്കുവാൻ സാധിക്കുമായിരുന്നു. എന്നാലദ്ദേഹവും പിന്നീട യാതൊന്നും ശബ്ദിച്ചില്ല. കുറച്ചുനേരം അദ്ദേഹം മൌനത്തോടെ ദേവിയെ നോക്കിനിന്നശേഷം ദേവിയുടെ സമീപത്തിരിക്കുന്ന സത്യഭാമ അവളോടെന്തൊ മന്ത്രിക്കുന്നതു കേൾക്കുകയാൽ അവിടെനിന്നു പോയി.

സൎവ്വാണികൾക്കു വിളമ്പുന്നവിടേയും മററും അത്യുത്സാഹത്തോടെ നടന്നിരുന്ന ഭാസ്കരമേനോനേയും കൂട്ടിക്കൊണ്ട്

താഴത്തെ തിരക്കെല്ലാം ഒരുവിധം ഒതുങ്ങിയപ്പോൾ രുഗ്മി ണിയമ്മ മുകളിലേക്കു വന്നു. അയമ്മ വന്നഉടനെ സംഗീ തവിദ്യകൊണ്ടല്പനേരം അതിഥികളെ രസിപ്പിക്കുവാനായി പുത്രിമാരോടാജ്ഞാപിച്ചു. അപ്പോഴക്കു തിരക്ക് ഏതാനും കഴിഞ്ഞിരുന്നതുകൊണ്ടും, നേരം ഉച്ചതിരിഞ്ഞിരുന്നതി നാൽ മൂരിയാട്ടനിന്നും മററും വന്നിട്ടുള്ള സ്ത്രീകൾക്ക് സ്വ ഗൃഹങ്ങളിലേക്കു മടങ്ങുവാൻ ബദ്ധപ്പാടായതിനാലും അധി കനേരം ബുദ്ധിമുട്ടേണ്ടിവരില്ലെന്നുള്ള വിചാരത്താൽ ജാനു വിൻെറ പാട്ടിന്നനുസരിച്ച് ദേവി ഫിഡിൽ വായിക്കുവാ നാരംഭിച്ചു. തളത്തിൽ ഒരു തലക്കൽ ഒരു പുസ്തകം വായി ച്ചുകൊണ്ടിരുന്ന ശ്രീധരൻനമ്പ്യാരുടെ നേത്രങ്ങൾ ദേവി ഫിഡിലെടുത്ത ഉടനെ പുസ്തകത്തിൽ നിന്നവളുടെ മുഖ ത്തും, അവിടെനിന്നു പുസ്തകത്തിലും, ചാലിയൻെറ ഓടം പോലെ ഇടവിടാതെ ചഞ്ചലിച്ചു. നേത്രങ്ങളുടെ ഈ വികൃ തി ഇരുകൂട്ടരുടേയും വായനയെ തകരാറാക്കാതിരുന്നില്ല. ദേ വി വായിക്കുന്നതിനിടയിൽ പല പ്രാവശ്യവും താളം പിഴച്ചുപോയതിനാൽ ജാനു സവിസ്മയം ദേവിയെ നോക്കി ഉള്ളുകൊണ്ടൊന്നു ചിരിച്ചു.

അര മണിക്കൂർകൊണ്ടു സദിരുകഴിഞ്ഞ് അഥിതിക ളെല്ലാം പിരിഞ്ഞു. ചായ കഴിഞ്ഞു വൈകുന്നേരത്തോടെ നമ്മുടെ സ്നേഹിതന്മാരും പോയി. എല്ലാവരും പിരിഞ്ഞു തി രക്കൊഴിഞ്ഞപ്പോൾ രുഗ്മിണിയമ്മ "ആകപ്പാടെ ഇന്നെ ല്ലാം ശുഭമായിക്കഴിഞ്ഞു. അമംഗളങ്ങൾ യാതൊന്നുമുണ്ടാ യിട്ടില്ല. വെച്ച സാധനങ്ങളെല്ലാം നന്നായിരുന്നു. പാലട പ്രഥമൻ വളരെ ഭേഷായിരിക്കുന്നു എന്നാണെല്ലാവരുടേയും അഭിപ്രായം. പരിപ്പുപ്രഥമൻ സവ്വാണിസ്സദ്യക്കുകൂടി ധാരാ ളം വിളമ്പാനുണ്ടായിരുന്നു. സാംഭാറും, രസവും, വെച്ചിട്ടു ള്ളാൾക്കു സമ്മാനം കൊടുക്കണമെന്നു ശ്രീധരൻനമ്പ്യാർകൂ ടി പറഞ്ഞു. കാളൻ കുറച്ചധികം കുറുകിപ്പോയൊ എന്നൊ

രു സംശയം. എങ്കിലും അശേഷം മോശമായിട്ടില്ല. സദ്യക്കു ശ്രമിക്കുന്നതിൽ ഭാസ്കരമേനോന്നു വളരെ ഉത്സാഹമുണ്ടെന്നു തോന്നുന്നു. അദ്ദേഹം നിങ്ങളുടെ അച്ഛന്റെ കൂടെ സാധുക്കൾക്കു ചോറു കൊടുക്കുന്ന ദിക്കിലും മററും ശ്രമിച്ചുനിന്നിരുന്നു. ഹാ! എന്റെ ജാനുവിന്റെ സൌന്ദൎയ്യം ഇന്നത്തെപ്പോലെ ഒരിക്കലും ശോഭിച്ചു കണ്ടിട്ടില്ല. ആ കമ്മിണിയും അങ്ങിനെത്തന്നെ പറഞ്ഞു. അവൾ ഒരു കാൎയ്യം കൂടി പറഞ്ഞു. നന്ദനോദ്യാനം ജാനുവിന്റേതാകുമത്രെ! അവളെ തീച്ചയായും ഭാസ്കരമേനോൻ സംബന്ധം തുടങ്ങുമെന്നാണു കുമ്മിണിയുടെ അഭിപ്രായം. കുമ്മിണിയും,കുട്ടികളും തരക്കേടില്ല. നല്ല സ്വഭാവമാണ്. കുട്ടികൾ വലിയ സൌന്ദൎയ്യവതികളല്ലെങ്കിലും ആകപ്പാടെ വേണ്ടില്ല. അസൂയക്കുക്ഷികളുമല്ല. മഹാ സാധുക്കളാകുന്നു. എനിയ്ക്കവരെയെല്ലാം വളരെ താല്പൎയ്യമാണ്. ജാനു, നീ ഇനി ദിവസേന ഈ കമ്മലുതന്നെ ഇട്ടാൽ മതി. നല്ല ഭംഗിയുണ്ട്. ചന്തു ഇത്ര നന്നായി പണിയുമെന്നു ഞാൻ വിചാരിച്ചിട്ടില്ല. ഇമിറേറഷനേക്കാൾ ജാതിക്കല്ലുതന്നെയാണു നല്ലത്. പക്ഷെ നല്ല ജാതിക്കു പണമധികം വേണ്ടിവരും. അതുപോലെത്തന്നെയാണതിന്റെ യോഗ്യതയും". ഇങ്ങിനെ പുത്രിമാരോടു പലതും പറഞ്ഞു. അയമ്മയുടെ അന്നത്തെ ഉത്സാഹവും, സന്തോഷവും, വിവരിയ്ക്കുവാൻ ശേഷനും ശേഷി പോര. ഭാസ്കരമേനോൻ ജാനുവിനെ വിവാഹം ചെയ്യാതിരിക്കയില്ലെന്ന് അദ്ദേഹമവളോടു പ്രദശിപ്പിച്ച സ്നേഹാദരങ്ങളാൽ രുഗ്മിണിയമ്മ പ്രബലമായി വിശ്വസിച്ചു. അദ്ദേഹം പിറെറ ദിവസം തന്നെ വിവാഹം നിശ്ചയിക്കുവാൻ വന്നുകാണാത്തതിൽ ഭഗ്നാശയാകണമെങ്കിൽ അയമ്മയുടെ വിശ്വാസം എത്രമാത്രം ബലവത്തരമായിട്ടുള്ളതാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

സന്ധ്യയ്ക്കു ദേഹശുദ്ധി വരുത്തി, വിഴുപ്പുമാററി, ഭസ്മം

തൊട്ടു സ്തോത്രപാരായണം കഴിഞ്ഞശേഷം താഴത്തു തെക്കിനിപ്പടിയിൽ വന്നിരുന്നപ്പോൾ ദേവിയോട്—

ജാ-കു—അല്ല ദേവീ, ഇന്നു ഫിസ്സിൽ വായിക്കുമ്പോൾ മനസ്സും, ശ്രദ്ധയുമെല്ലാം എവിടെയായിരുന്നു. എത്ര പ്രാവശ്യമാണ് താളം വിട്ടുപോയത്. ഇടക്കിടെ സ്വരംകൂടി പിഴച്ചിരുന്നില്ലേ എന്നു സംശയം. വില്ലിടേണ്ടവസരങ്ങളിൽ വിരലടിച്ചും, വിരലടിക്കേണ്ടിടത്തു വില്ലിട്ടും, എങ്ങിനെയൊക്കയോ വായിച്ചു. അതിൽ ശ്രദ്ധ വെക്കാഞ്ഞിട്ടോ, പോകാനുള്ള തിരക്കുകൊണ്ടോ എന്തോ ഈ കള്ളി ഞാനല്ലാതെ ആരും അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ഒരു സമയം ശ്രീധരൻനമ്പ്യാരും ധരിച്ചിട്ടുണ്ടാവാം.

ദേ—ഇപ്പോൾ കുറച്ചു ദിവസമായിട്ടു ഞാൻ ഫിസ്സിൽ തൊടാറില്ലെന്നു ജ്യേഷ്ഠത്തിക്കുതന്നെ അറിഞ്ഞുകൂടെ? കുറെ ദിവസം സാധകം ചെയ്യാതിരുന്നാലത്തെ ഫലമാണ്. ജ്യേഷ്ഠത്തി പറയുംപോലെയൊക്കെ പിഴച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എന്റെ ജ്യേഷ്ഠത്തി പാടുമ്പോൾ ഫിസ്സിൽ വായനയെ ആരു ശ്രദ്ധിക്കും? ജ്യേഷ്ഠത്തിയുടെ മധുരഗാനത്തിൽ ഫിസ്സിൽനാദം മുങ്ങിപ്പോവില്ലേ?

ജാ-കു—ആട്ടെ! മതി മതി. ഈ പിരട്ടുകൊണ്ടൊന്നും ഞാൻ സമ്മതിക്കില്ല. ഫിസ്സിൽവായന മോശമായതു സാധകക്കുറവുകൊണ്ടു തന്നെയാവട്ടെ. എന്നാൽ ദേവിയുടെ പരിഭ്രമത്തിന് എന്താണു കാരണം? കുറച്ചു ദിവസമായി ഞാനിതു കാണുന്നു. അന്നു ശ്രീധരൻനമ്പ്യാരോടു ചോദിക്കേണ്ട ചോദ്യം ആരോടാണ് ചോദിച്ചതെന്നു ഓർമ്മയുണ്ടോ? അപ്പോൾ ദേവിയുടെ മുഖത്തു വ്യക്തമായി പ്രകാശിച്ചിരുന്ന ശോകരസത്തിന്നു കാരണമെന്ത്? ഇതൊന്നും ഞാനറിഞ്ഞില്ലെന്നു വിചാരിക്കേണ്ട.

ദേ—ജ്യേഷ്ഠത്തി അറിഞ്ഞിരിക്കുന്നു അല്ലേ? സമ്മതിച്ചു. പക്ഷെ അന്ന് ആൾമാറി ചോദ്യം ചെയ്തതു ഉത്തരരാമച

രിതത്തിലുള്ള ശ്രദ്ധകൊണ്ടാണ്. അല്ലാതെ പരിഭ്രമം കൊണ്ടും മററുമല്ല. വ്യക്തമായി പ്രകാശിച്ചിരുന്ന ശോകരസത്തിന്നു കാരണം ജാനകീദേവിയുടെ സങ്കടമാകുന്നു. ഉത്തരരാമചരിതം വായിക്കുന്ന ഒരാളുടെ ശോകരസത്തിന്നുള്ള കാരണം പ്രത്യേകം ചോദിക്കണോ? ജ്യേഷ്ഠത്തി എന്താണിങ്ങിനെയൊക്കെ പറയുന്നത്?

ജാ-കു — ഓ, എന്നാലങ്ങിനെയാവട്ടെ! സാധകവൈഷമ്യവും, ഉത്തരരാമചരിതവും ഇപ്പോൾ ദേവിയെ സഹായിച്ചു. ഇനിയും നമുക്കു കാണാമല്ലോ. എന്റെ ഭാരംതന്നെ എനിക്കു ധാരാളമുണ്ടെങ്കിലും ദേവിയുടെ കാൎയ്യത്തിൽ ഞാൻ ശ്രദ്ധിക്കുന്നില്ലെന്നു വിചാരിക്കേണ്ട. "കാണാൻ പോകുന്ന പൂരം കരിവരഗമനെ! കേട്ടറിഞ്ഞീടവേണോ" അല്ലേ? ഏതായാലും ഇപ്പോൾ ദേവിയെ ബുദ്ധിമുട്ടിക്കുന്നില്ല. ഇന്നത്തെ സദ്യയും മററും വളരെ നന്നായി ഇല്ലേ? ആകപ്പാടെ ഇന്നത്യുത്സാഹത്തോടെ കഴിഞ്ഞുകൂടി. അദ്ദേഹത്തെ ഇനി എപ്പോൾ കണ്ടാലും എനിക്കു യാതൊരു ക്ഷോഭവുമുണ്ടാവില്ല. (ദേവി ചിരിച്ചു) എന്താ ദേവി ചിരിക്കുന്നത്? ഞാൻ പറയുന്നതിൽ വിശ്വാസമില്ലേ? ഇതു വലിയ കഷ്ടമാണേ! നല്ല വിവേകവും, സാമൎത്ഥ്യവുമുള്ള ഒരാളോടു സംസാരിക്കുന്നതിൽ ആൎക്കെങ്കിലും മുഷിച്ചിൽ തോന്നുമോ? രസമില്ലാതിരിക്കുമൊ? അത്ര മാത്രമേ അദ്ദേഹത്തോടു സംസാരിക്കുന്നതിൽ ഞാനുദ്ദേശിച്ചിട്ടുള്ളു. അദ്ദേഹത്തിന്നു എന്റെ സ്നേഹം സമ്പാദിക്കണമെന്നുള്ള വിചാരം ഒരിക്കലുമുണ്ടായിട്ടില്ലെന്ന് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നടവടികൊണ്ട് എനിക്കു പൂൎണ്ണബോദ്ധ്യമായിരിക്കുന്നു. അദ്ദേഹവുമായി സംസാരിക്കുന്നതിൽ ആൎക്കും അനിഷ്ടം തോന്നില്ല. വളരെ സരസമായും മധുരമായും സംസാരിച്ചാരേയും ക്ഷണനേരംകൊണ്ടു സന്തോഷിപ്പിക്കും. അദ്ദേഹത്തിന്റെ നൈസൎഗ്ഗികമായ സ്വഭാവമാണത്.

ദേ—ജ്യേഷ്ഠത്തി വലിയ നിർദ്ദയ തന്നെ. എനിക്കൊരിക്കലും ചിരിക്കുവാൻ പാടില്ലെങ്കിലെ! ഞാൻ ചിരിക്കുമ്പോഴെല്ലാം ജ്യേഷ്ഠത്തി കാരോന്നു തെററിദ്ധരിച്ച് എന്നെ ശകാരിക്കുന്നു.

ജാ-കു—ചിലപ്പോൾ ചില കാൎയ്യങ്ങൾ എത്രതന്നെ തുറന്നു പറഞ്ഞാലും മററുള്ളവർ വിശ്വസിക്കില്ല. ഹൃദയം പിളൎന്നു കാട്ടിയാൽകൂടി വിശ്വസിപ്പാൻ പ്രയാസം. നോക്കു, ഞാനെത്രതന്നെ പറഞ്ഞിട്ടും ദേവി വിശ്വസിക്കുന്നില്ലല്ലൊ.

ദേ—ഇപ്പോഴാണു കാൎയ്യം വിഷമത്തിലായത്. ജ്യേഷ്ഠത്തി പറയുന്നതു ഞാനും, ഞാൻപറയുന്നതു ജ്യേഷ്ഠത്തിയും വിശ്വസിക്കുന്നില്ലെന്നു ഇരു കൂട്ടരും വിചാരിക്കുന്നു. ഉള്ളിൽ തോന്നിയതു ഞാൻ പുറത്തു പറഞ്ഞിട്ടുണ്ട്: പറഞ്ഞതിലധികം ഞാൻ വിചാരിക്കുന്നുണ്ടെന്നു ജ്യേഷ്ഠത്തി എന്തിനു വിശ്വസിക്കുന്നു?

ജാ-കു—പോട്ടേ. ഇതിനെക്കുറിച്ചിപ്പോൾ വെറുതെ തൎക്കിക്കേണ്ട. ഉള്ളിൽ തോന്നിയതു മുഴുവനും പുറത്തു പറഞ്ഞിട്ടുണ്ടോ എന്നു വഴിയെ കാണാം. അതുവരെ ക്ഷമിക്കുക.

ദേ—ഇതു തന്നെയാണ് ഇരുകൂട്ടരുടേയും ആക്ഷേപം.

## അമ്പത്തിനാലാമദ്ധ്യായം.

ബാലകൃഷ്ണമേനോൻെറ ജന്മനക്ഷത്രാഘോഷത്തിന്നു വന്നു മടങ്ങി മൂന്നാലു ദിവസം കഴിഞ്ഞശേഷം ഒരു രാവിലെ ഭാസ്കരമേനോൻ തനിയെ മുല്ലവളപ്പിൽ വന്നു. പത്തു ദിവസത്തിനുള്ളിൽ മടങ്ങിവരാമെന്നു പറഞ്ഞ് അന്നേദിവസം ഉഷസ്സിന്നുമുമ്പായി ശ്രീധരൻനമ്പ്യാർ കോഴിക്കോട്ടേക്കു

പോയിരുന്നു. ഭാസ്കരമേനോൻ ജാനുവിനോടും മററും കുറെ നേരം അത്യുത്സാഹത്തോടെ സംസാരിച്ചിരുന്നശേഷം ഉദ്യാനത്തിലേക്കു മടങ്ങുവാനാരംഭിച്ചപ്പോൾ—

രു-അ—ഭാസ്കരമേനോൻ പുറപ്പാടായൊ? എന്താണിത്ര തിടുക്കം? വൈകുന്നേരത്തോടെ പോകാം. ഉദ്യാനത്തിലേപ്പോലെ ഊണിന്നിവിടെ സുഖമുണ്ടാവില്ലെങ്കിലും സ്നേഹമുള്ള ജനങ്ങളുടെ സല്ക്കാരം സ്വീകരിക്കുക എന്നൊരു സമ്പ്രദായമുണ്ടല്ലൊ. അതുകൊണ്ട് അടിയന്തരമായ കാൎയ്യമൊന്നുമില്ലെങ്കിൽ ഊണു കഴിച്ചു വെയിലാറിയശേഷം പോകുന്നതു സന്തോഷം.

ഭാ-മേ—ഇന്ന് ഈ ക്ഷണനം സ്വീകരിപ്പാൻ തരമില്ലാതെ വന്നതിൽ വ്യസനിക്കുന്നു. സുഖക്കേടരുത്. എനിക്കിപ്പോൾതന്നെ മടങ്ങാതെ നിവൃത്തിയില്ല. ഇനിയൊരു ദിവസം വരാം.

രു-അ—ആട്ടെ. ഇനി വരുമ്പോൾ ഊണിന്നു താമസിക്കുമല്ലൊ.

ഭാ. മേ—നിശ്ചയമായും. ഇസ്ഥാൾ പോയാൽ മതി എന്നു തോന്നുന്നവരെ താമസിക്കും. നിങ്ങൾക്കു വിരോധമില്ലെങ്കിൽ നാളെത്തന്നെ വരാം.

രു. അ—വിരോധമൊ, ശിവനെ! അതൊരിക്കലുമുണ്ടാവില്ല. നിങ്ങൾ എപ്പോൾ വരുന്നതും സന്തോഷംതന്നെ. നാളെ നിശ്ചയമായും വരുമൊ?

ഭ. മേ—സംശയമില്ല. വെയിലുദിക്കുന്നതിന്നു മുമ്പു വരും.

രുഗ്മിണിയമ്മക്കു വളരെ സന്തോഷമായി. ഭാസ്കരമേനോൻ പറഞ്ഞപോലെ തന്നെ പിറെറ ദിവസം ഉഷസ്സിന്നു വന്നു. അദ്ദേഹം വന്നപ്പോൾ ജാനുവും ദേവിയും കുളി കഴിഞ്ഞെത്തിയിട്ടേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തെ കണ്ട ഉടനെ രുഗ്മിണിയമ്മ ബദ്ധപ്പെട്ടു മുകളിലേക്കോടി "ജാനു എവിടെ ജാനു, വേഗമാട്ടെ. ഈറനെല്ലാം നാരായണി

യോടു തോരിയിടാൻ പറയാം. അതെല്ലാം അവിടെ കിടക്കട്ടെ. വരൂ, വേഗം വരൂ, ഭാസ്കരമേനോൻ വന്നിരിക്കുന്നു. തല മാടിയതു മതി. ഇനി പിന്നീടാവാം. ചന്ദനം തൊട്ടില്ലേ? വേഗം വരൂ."

ജാ. കു— അമ്മേ, ഭദ്രയുണ്ടല്ലോ അവിടെ, ഞങ്ങൾ വന്നോളാം.

രു. അ— ഭദ്രയോ, മിണ്ടാതിരിക്കൂ. ഭദ്രയെ ആർ വില വെച്ചിരിക്കുന്നു. ഭാസ്കരമേനോനോടു സംസാരിക്കാൻ ഭദ്രയോ? വേഗമാട്ടെ കുട്ടി, എന്തൊരു താമസമാണിത്.

ജാ. കു— ഞാൻ വരാം, അമ്മ എന്തിനിങ്ങിനെ പൊരിയുന്നു?

രുഗ്മിണിയമ്മ ഭാസ്കരമേനോൻെറ അടുക്കലേക്കു പോയി. ദേവിയില്ലാതെ ഏകയായി ഭാസ്കരമേനോനോടു സംസാരിക്കുവാൻ ജാനുവിന്നിഷ്ടമുണ്ടായിരുന്നില്ല. ഈ അനിഷ്ടം വൈകുന്നേരവും ഒരിക്കൽ പ്രത്യക്ഷമായി. ഉച്ചതിരിഞ്ഞു ചായ കഴിഞ്ഞപ്പോൾ രുഗ്മിണിയമ്മ അൎത്ഥസൂചകമായി ദേവിയേയും ഭദ്രയേയും പല പ്രാവശ്യം നോക്കി. ദേവി മററു ചില കാൎയ്യങ്ങളിൽ ശ്രദ്ധിച്ചിരുന്നതിനാൽ അമ്മയുടെ നോട്ടങ്ങൾ കണ്ടതേയില്ല. കുറെ കഴിഞ്ഞപ്പോൾ ഭദ്രയുടെ ദൃഷ്ടിയിൽ പെടുകയാൽ അവൾ നിഷ്കപടതയോടെ "എന്താണ് വേണ്ടതമ്മേ? അമ്മ എന്തിനാണിങ്ങിനെ കണ്ണുകാട്ടുന്നത്? ഞാനെന്തു ചെയ്യണം?" എന്നു ചോദിച്ചു. "കണ്ണുകാട്ടുകയോ, കുട്ടി എന്തൊക്കെ അസംബന്ധമാണ് പറയുന്നത്" എന്നു രുഗ്മിണിയമ്മ മറുപടി പറഞ്ഞ് കുഴച്ചു നിമിഷത്തോളം അനങ്ങാതെ ഇരുന്നതിൽ പിന്നെ വിലപിടിച്ചതായ ഈ സമയം ഇങ്ങിനെ വൃഥാ നശിപ്പിക്കുന്നതു അസഹ്യമായി തോന്നുകയാൽ പെട്ടന്നെഴുന്നേററു "ഭദ്രെ, വരൂ. ഇന്നലെ തുന്നിയ പാവാട മുഴുവനായിട്ടില്ലല്ലോ. അതിന്നുതന്നെ തീൎക്കണം" എന്നു പറഞ്ഞ് ഭദ്രയേയും കൂട്ടിക്കൊണ്ടു പുറത്തേക്കു പോയി. രുഗ്മിണിയമ്മയുടെ

ഈ കൌശലം കണ്ട ഉടനെ ജാനു ദേവിയെ നോക്കിയ നോട്ടത്തിൽനിന്ന് "എൻെറയനുജത്തീ, എന്നെ ഇവിടെ തനിയെ ഇരുത്തി നീയും പോകരുതേ." എന്നവൾ അപേക്ഷിക്കുന്നതായി ദേവി മനസ്സിലാക്കി. അല്പനിമിഷങ്ങൾക്കുള്ളിൽ രുഗ്മിണിയമ്മ വീണ്ടും വന്ന് "ദേവീ, ഇവിടെ വരു. എനിക്കൊരു കാൎയ്യം പറയാനുണ്ട്." എന്നു പറഞ്ഞു പുറത്തേക്കു വിളിച്ചു. ദേവി പുറത്തു ചെന്നഉടനെ "അവരവിടെ ഇരുന്നോട്ടെ. നമ്മളെക്കൊണ്ടുപദ്രവമാവേണ്ട." എന്നു പറഞ്ഞ് രുഗ്മിണിയമ്മ താഴത്തേക്കു പോയി. അമ്മ ദൃഷ്ടിയിൽനിന്നു മറയുന്നതുവരെ ദേവി അവിടെത്തന്നെ നിന്നുവെങ്കിലും, മറഞ്ഞ ഉടനെ ജാനുവും, ഭാസ്കരമേനോനുമിരിക്കുന്ന സ്ഥലത്തേക്കു മടങ്ങി.

രുഗ്മിണിയമ്മയുടെ അന്നത്തെ കൌശലങ്ങളെല്ലാം നിഷ്ഫലമായി. വിവാഹവിഷയമൊഴികെ മററു പല സംഗതികളെക്കുറിച്ചും ഭാസ്കരമേനോൻ സസന്തോഷം സംസാരിച്ചു. അദ്ദേഹത്തിൻെറ നിഷ്കളങ്കമായ സ്വഭാവം അവരെ എല്ലാവരേയും സന്തോഷഭരിതകളാക്കി. ജാനുവിനോടുള്ള സ്നേഹബഹുമാനം നിമിത്തം രുഗ്മിണിയമ്മയുടെ മൎയ്യാദാതീതമായ അത്യാദരവും, കൎണ്ണശല്യങ്ങളായ ചപലോക്തികളും ഭാസ്കരമേനോൻ ക്ഷമയോടെ കേട്ടു സഹിച്ചു. അന്നദ്ദേഹം ഉദ്യാനത്തിലേക്കു മടങ്ങുന്നതിന്നുമുമ്പായി, ബാലകൃഷ്ണമേനോനോടുകൂടെ പിററന്നാൾ രാവിലെ അടുത്തുള്ളതായ ചില തോട്ടങ്ങളും, വയലുകളും സന്ദൎശിക്കുവാൻ പോകുന്നമെന്നു ശട്ടംചെയ്തു. ഈ ശട്ടവട്ടങ്ങൾക്കദ്ദേഹത്തിന്നു രുഗ്മിണിയമ്മയുടെ സഹായമുണ്ടായിരുന്നുവെന്നു പ്രത്യേകിച്ചു പ്രസ്താവിക്കണോ?

ഭാസ്കരമേനോനെക്കുറിച്ചു ജാനുവിനുണ്ടായിരുന്ന അനാസ്ഥയെല്ലാം അസ്തമിച്ചു. അദ്ദേഹത്തെ സംബന്ധിച്ച് സോദരിമാർ തമ്മിൽ ഇന്നൊരു വാക്കുപോലും സംസാരിച്ചി

ല്ല. പറഞ്ഞ ദിവസത്തിന്നുള്ളിൽ ശ്രീധരൻനമ്പ്യാർ മടങ്ങി വരാത്തപക്ഷം എല്ലാം വേഗത്തിൽ ഇഷ്ടാനുസരണം കലാശിക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ ദേവി രാത്രിയിൽ നിദ്രയ്ക്കധീനയായി.

ഭാസ്കരമേനോൻെറ കാര്യത്തിനെല്ലാം നല്ല കൃത്യനിഷ്ഠയുണ്ടായിരുന്നു. തലെദിവസം വൈകുന്നേരത്തെ നിശ്ചയംപോലെതന്നെ പിറേറന്നു കാലത്ത് അദ്ദേഹവും, ബാലകൃഷ്ണമേനോനുംകൂടി തോട്ടങ്ങളും മററും സന്ദർശിപ്പാനായി പോയി. ബാലകൃഷ്ണമേനോൻെറ സ്വഭാവം ഭാസ്കരമേനോൻ വിചാരിച്ചിരുന്നതിനെക്കാൾ എത്രയൊ ഹൃദ്യമായി തോന്നി. ബാലകൃഷ്ണമേനോൻെറ പരിഹാസശീലത്തെ ഇളക്കുന്നതായ അഹങ്കാരമോ, അദ്ദേഹത്തെ തീരെ മൌനാവലംബനത്തിന്നു പ്രേരിപ്പിക്കുന്നതായ വിഡ്ഢിത്വമൊ ഭാസ്കരമേനോനിൽ ഉണ്ടായിരുന്നില്ല.

ബാലകൃഷ്ണമേനോൻ പതിവിലധികം ധാരാളമായി സംസാരിച്ചിരുന്നു. എന്നു മാത്രമല്ല അനന്യസാധാരണമായ അദ്ദേഹത്തിൻെറ സ്വഭാവത്തിന്ന് അഭൂതപൂർവ്വമായ ഒരു വ്യത്യാസം വന്നിട്ടുള്ളപോലേയും തോന്നി. തോട്ടങ്ങളും മററും നോക്കിയ ശേഷം ഭാസ്കരമേനോൻ ബാലകൃഷ്ണമേനോൻെറയൊരുമിച്ച സുമാർ പതിനൊന്നു മണിക്ക് മുല്ലവളപ്പിലേക്കു മടങ്ങി. അദ്ദേഹം ജാനുവിനോടു സ്വകാര്യമായി എന്തൊ നാലുവാക്കു പറഞ്ഞ് ഭക്ഷണത്തിന്നും മററും നില്ക്കാതെ അപ്പോൾത്തന്നെ ഉദ്യാനത്തിലേക്കു പോയി.

തോട്ടത്തിൽനിന്നു മടങ്ങിയ ശേഷം ഗംഭീരാശയനായ ബാലകൃഷ്ണമേനോൻെറ മുഖത്തു പ്രത്യക്ഷമായികാണുന്ന ഈ സന്തോഷഭാവത്തിന്നുള്ള കാരണമെന്തൊ! കൈകാൽ കഴുകി എല്ലാവരും ഭക്ഷണത്തിന്നിരുന്നപ്പോൾ—

ബാ. കൃ. മേ—ഹെ! രുഗ്മിണിയുടെ പ്രയത്നം സഫലമായിപ്പോയല്ലൊ. ഇങ്ങിനെ ഫലിക്കുമെന്നു ഞാൻ വിചാരി

ച്ചിട്ടില്ല. ഇനി സന്തോഷിക്കാം. ഭാസ്കരമേനോൻ വലയിൽപ്പെട്ടു. ജാനു! നീ ഭാഗ്യവതിതന്നെ. — ജാനു സലജ്ജം തല താഴ്ത്തി — ഇത്രയും യോഗ്യനായ ഒരാൾക്കു നിന്നെ കൊടുക്കുവാൻ സാധിച്ചതിൽ എനിക്കു വളരെ കൃതാൎത്ഥതയുണ്ട്, ഇദ്ദേഹത്തോടുകൂടിയുള്ള നിന്റെ ജീവിതസുഖത്തെക്കുറിച്ചെനിക്ക് അശേഷം സന്ദേഹമില്ല. നിങ്ങളെ ഇരുവരേയും നിങ്ങൾക്കായിത്തന്നെ സൃഷ്ടിച്ചതാണ്. സ്വഭാവത്തിന്നത്രമേൽ യോജിപ്പുണ്ട്. നിങ്ങളുടെ സാധുത്വം ഹേതുവായി ഭൃത്യന്മാർ നിങ്ങളെ വഞ്ചിക്കാതിരിപ്പാൻ പ്രയാസം. നിങ്ങൾ തമ്മിലുള്ള സ്നേഹബഹുമാനാദരം നിമിത്തം, വല്ല കാൎയ്യങ്ങളും തീൎച്ചപ്പെടുത്തേണ്ടിവന്നാൽ നിന്റെ ഇഷ്ടംപോലെയാവട്ടെ എന്നു വിചാരിച്ചദ്ദേഹവും, അദ്ദേഹത്തിന്റെ ഇഷ്ടംപോലെയാവട്ടെ എന്നു വിചാരിച്ചു നീയും ഉപേക്ഷ ചെയ്ത് കാൎയ്യങ്ങൾക്കുടവുതട്ടില്ലയൊ എന്നാണ് ശങ്ക. നിങ്ങളുടെ ഔദാൎയ്യംകൊണ്ടു വരവിൽ കവിഞ്ഞ ചിലവുചെയ്യാനെളുപ്പമുണ്ട്. അതു പ്രത്യേകിച്ചു സൂക്ഷിക്കണം.

ബാലകൃഷ്ണമേനോൻ ഇങ്ങിനെ പറഞ്ഞപ്പോൾ ദേവിക്കുണ്ടായ സന്തോഷം ഊഹിച്ചറിയുകയല്ലാതെ എഴുതിയറിയിപ്പാനസാദ്ധ്യം. വളരെ മാസങ്ങളോളമായിട്ട് ദുസ്സഹമായ മനോവ്യഥയുണ്ടാക്കിയിരുന്നതും, പലെ ദുസ്സംശയങ്ങൾക്കും ആസ്പദമായിരുന്നതുമായ ഒരു കാൎയ്യം ഇത്ര പൊടുന്നനവെ അനായാസേന സാദ്ധ്യമായതിൽ ദേവി ആനന്ദഭരിതയായി. "സ്നേഹിതന്റെ മുൻകരുതലും, സോദരിമാരുടെ കൌശലങ്ങളും കള്ളത്തരങ്ങളുമെല്ലാം ഈ വിധമാണല്ലെ പൎയ്യവസാനിച്ചത്? ഈശ്വരാജ്ഞയെ ലംഘിക്കുവാൻ ആൎക്കു കഴിയും?" എന്നു ദേവി സ്വയമേവ സസ്മിതം പറഞ്ഞ് ജാനുവിനെ ഒന്നു നോക്കി.

രു. അ — എന്താ പറഞ്ഞത്? വരവിൽ കവിഞ്ഞു ചിലവു

ചെയ്കയോ? അദ്ദേഹത്തിൻെറ വരവ് അത്ര നിസ്സാരമായിട്ടുള്ളതൊന്നുമല്ല. പതിനയ്യായിരത്തിലധികം പാട്ടം വരവുണ്ട്. എൻെറ പ്രിയമകളെ, ജാനു, നിങ്ങൾ വളരെ കാലം സുഖമായിരിപ്പാൻ ഈശ്വരാനുഗ്രഹമുണ്ടാകട്ടെ. ദൈവമെ! എൻെറ സന്തോഷം എങ്ങിനെ പറഞ്ഞറിയിക്കട്ടെ. ഇന്നു രാത്രി മുഴുവനും എനിക്കുറക്കം വരില്ല. എൻെറ കൺപോള കൂടില്ല. ഇതിങ്ങിനെത്തന്നെ വരുമെന്നു ഞാനന്നേ വിചാരിച്ചിട്ടുണ്ട്. ഇല്ലേ, നിങ്ങളോടെല്ലാം പറഞ്ഞിട്ടില്ലേ? ജാനുവിൻെറ സൌന്ദൎയ്യം വിലയില്ലാത്തതാണെന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല. അദ്ദേഹം ഒന്നാമതിവിടെ വന്നപ്പോൾ നിങ്ങൾ ഇരുവരുംകൂടി ചേൎന്നാൽ എത്ര ഭംഗിയായിരിക്കുമെന്നു തോന്നിയതു ഞാനിപ്പോഴും ഓൎമ്മിക്കുന്നു. ഇതുതന്നെയാണ് കാണാനും കേൾക്കാനും കൌതുകമായ വിവാഹം.

ലീലാവിക്രമന്മാരെ മറന്നേ പോയി. അവരുടെ കൂട്ടമേ കേൾക്കാനില്ല. രുഗ്മിണിയമ്മയുടെ പ്രിയപുത്രി ഓമനകൾ, ഇപ്പോൾ ജാനുതന്നെ. ജാനുവല്ലാതെ തത്സമയം അയമ്മയുടെ സ്മരണക്കാരും വിഷയീഭവിച്ചില്ല. ഭാവിയിൽ തങ്ങളുടെ ജ്യേഷ്ഠത്തിമൂലം സിദ്ധിക്കാവുന്ന സുഖഭോഗങ്ങളെക്കുറിച്ച് ബാലയും ഭദ്രയും, ജാനുവിനോടു പലതും പറഞ്ഞു. ഉദ്യാനത്തിലെ വായനശാലയിലുള്ള പുസ്തകങ്ങൾക്കായി ബാലയും, അവിടെ ഇടക്കിടെ പാട്ടുകച്ചേരി നടത്തേണമെന്നു ഭദ്രയും അപേക്ഷിച്ചു.

അന്നു മല്ലവളപ്പിലുള്ള സമസ്തജീവികളും ആനന്ദലഹരിയാൽ പ്രമത്തരായി. പരിശുദ്ധമായ സന്തോഷത്താൽ പ്രശോഭിതമായ ജാനുവിൻെറ കോമളവദനം പൂൎവ്വാധികം മനോജ്ഞതയെ പ്രാപിച്ചു. തൻെറ വിവാഹത്തിന്നുള്ള കാലം അടുത്തുപോയെന്നു വിചാരിച്ച് ഭദ്ര മന്ദസ്മിതംപൊഴിച്ചു; തൻെറ സന്തോഷസംതൃപ്തിയെ പുറത്തുപറയുവാൻ വാക്കു

കൾ കിട്ടാതെ രുഗ്മിണിയമ്മ കുഴങ്ങി. ബാലകൃഷ്ണമേനോനും നിഷ്കളങ്കമായ ആനന്ദമുണ്ടായിരുന്നു

ഭാസ്കരമേനോൻ മുല്ലവളപ്പിൽ ഒരു നിത്യനായിത്തീന്നിരിക്കുന്നു. ഒഴിച്ചുകൂടാത്ത അവസരങ്ങളിലൊഴികെ മറെറല്ലാ ദിവസങ്ങളിലും കാലത്തു നേരത്തെ വന്നാൽ സന്ധ്യയ്ക്കോ, ചിലപ്പോൾ സന്ധ്യകഴിഞ്ഞിട്ടോ മാത്രമെ അദ്ദേഹം ഉദ്യാനത്തിലേക്കു മടങ്ങിപ്പോകാറുള്ളൂ. ദേവിക്ക് ജാനുവുമായി സംസാരിക്കുവാൻ സമയം കിട്ടിയിരുന്നില്ലെന്നുതന്നെ പറയാം. ഭാസ്കരമേനോൻെറ സാന്നിദ്ധ്യത്തിൽ ജാനു മററാരേയും ശ്രദ്ധിച്ചിരുന്നില്ല. എന്നാൽ ഭാസ്കരമേനോൻെറ അസാന്നിദ്ധ്യത്തിൽ ജാനുവിന്നും, ജാനുവിൻെറ അഭാവത്തിൽ ഭാസ്കരമേനോന്നും ദേവി ഉപകാരപ്രദയായി ഭവിച്ചിരുന്നു. അങ്ങിനെയുള്ള അവസരങ്ങൾ ദുർല്ലഭമായിരുന്നുവെങ്കിലും, അപ്പോഴെല്ലാം ദേവിയോടല്ലാതെ മററാരോടും സംസാരിക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല. ഒരു രാത്രിയിൽ ദേവിയോടു—

ജാ. കു—ദേവീ, കഴിഞ്ഞകൊല്ലം ഞാൻ കോഴിക്കോട്ടു താമസിച്ച വിവരം അദ്ദേഹമറിഞ്ഞിട്ടില്ലത്രേ. ഇതു കേട്ടപ്പോൾ വാസ്തവത്തിൽ എൻെറ മനസ്സിന്നു വളരെ സമാധാനവും, സന്തോഷവുമുണ്ടായി. അദ്ദേഹം അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നായിരുന്നു എൻെറ വിചാരം.

ദേ—അദ്ദേഹം അറിഞ്ഞിട്ടുണ്ടാവില്ലെന്നു ഞാൻ സംശയിച്ചിരുന്നു. അതിന്നു കാരണം വല്ലതും പറഞ്ഞുവോ?

ജാ. കു—വിശേഷിച്ചൊന്നും പറഞ്ഞില്ല. സോദരിമാരുടെ വഞ്ചനയായിരിക്കും. ഞങ്ങൾ തമ്മിൽ സ്നേഹമായതുതന്നെ അവക്ക് രസിച്ചിട്ടില്ല. വിവാഹത്തിൻെറ കാര്യം പിന്നെ പറയേണമൊ. അവരുടെ അവസ്ഥക്കു നമ്മൾ ശരിപ്പിടിക്കില്ല. പക്ഷെ അദ്ദേഹത്തിന്നെല്ലാംകൊണ്ടും എന്നെക്കാൾ യോഗ്യയായ ഒരു തരുണിയെ കിട്ടുവാന

...VILASAM READING... MALAYA...

ഷ്ഠതയുള്ളതുകൊണ്ട് ആവൎക്ക് അനിഷ്ടംതോന്നിയതിൽ അത്ഭുതമില്ല. ഏതാതാലും വിവാഹം കഴിഞ്ഞ് അദ്ദേഹം എന്നോടുകൂടി സുഖമായി ജീവിതം നയിക്കുന്നതു കാണുമ്പോൾ അവരുടെ അനിഷ്ടം കുറ്റ ചുരുങ്ങുമായിരിക്കാം. എന്നെ വിവാഹംചെയ്തതുകൊണ്ടു യാതൊരു ദോഷവും സംഭവിച്ചിട്ടില്ലെന്നു ബോദ്ധ്യമാകുമ്പോൾ നിശ്ചയമായും അവരുടെ രസക്ഷയം തീരുമെന്നുതന്നെ വിശ്വസിക്കുന്നു. അവരും ഞാനും മൈത്രീഭാവത്തോടെ വൎത്തിക്കുമെങ്കിലും, ഞങ്ങൾ തമ്മിൽ മുമ്പുണ്ടായിരുന്ന ഹൃദയപൂൎവ്വമായ സ്നേഹം ഇനി ഒരിക്കലുമുണ്ടാവില്ലെന്നുറപ്പായി പറയാം. ഇല്ല, ഉണ്ടാവില്ല. എനിക്കുണ്ടാവില്ല, നിശ്ചയം തന്നെ.

ദേ—ഓഹോ, ജ്യേഷ്ഠത്തി ഇങ്ങിനെ പറഞ്ഞ് ഞാനിതേവരെ കേട്ടിട്ടില്ല. എനിക്കു ബുദ്ധിവെച്ച ശേഷം ജ്യേഷ്ഠത്തിയിൽനിന്ന് ഈ വിധം ചില വാക്കുകൾ കേൾക്കുന്നത് ഇതാ ഇതൊന്നാമത്തെ പ്രാവശ്യമാകുന്നു. ഏതായാലും ഇപ്പോഴെങ്കിലും ജ്യേഷ്ഠത്തിക്കു സോദരിമാരുടെ കാപട്യം വെളിവായല്ലോ. പൊറുതി. ഇനിയും അവരുടെ കപടസ്നേഹത്താൽ ജ്യേഷ്ഠത്തി വഞ്ചിതയാവില്ലെന്നു വിശ്വസിക്കുന്നു.

ജാ. കു—അദ്ദേഹം അനുദ്യാനം വിട്ടപ്പോൾ അദ്ദേഹത്തിന്നെന്നിൽ യഥാൎത്ഥമായ അനുരാഗമുണ്ടായിരുന്നു എന്നു പറഞ്ഞാൽ ദേവി വിശ്വസിക്കുമോ? വാസ്തവമായി ഉണ്ടായിരുന്നുവത്രെ. പക്ഷെ എനിക്കങ്ങോട്ടതുപോലെ ഇല്ലെന്നായി അദ്ദേഹത്തിന്നു തോന്നി. അതുകൊണ്ടാണത്രെ പിന്നെ മടങ്ങി വരാഞ്ഞത്.

ദേ—കഷ്ടമേ. അദ്ദേഹത്തിന്നബദ്ധം പററിപ്പോയി. അദ്ദേഹം വളരെ സുശീലനാകുന്നു. ഏതായാലും അദ്ദേഹത്തിന്റെ തെററിദ്ധാരണയെല്ലാം തീൎന്ന് കാൎയ്യം ഇങ്ങിനെ കലാശിച്ചുവല്ലോ.

ഭാസ്കരമേനോൻെറ വിനയാദിഗുണങ്ങളെപ്പററി ജാനു മനഃപൂർവ്വമായ സന്തോഷത്തോടെ പ്രശംസിച്ചു. അദ്ദേഹം തൻെറ ചായം വെളിച്ചത്താക്കിയിട്ടില്ലെന്നറിയുകയാൽ ദേവിക്ക് അസാമാന്യമായ സന്തോഷമുണ്ടായി. ഔദാര്യം, വിനയം, ക്ഷമ, കാരുണ്യം മുതലായ സൽഗുണങ്ങളിൽ ജാനുവിനെ ജയിക്കുവാനാരുമില്ലെങ്കിലും ശ്രീധരൻനമ്പ്യാർ കല്പിച്ചുകൂട്ടി അല്ലെങ്കിലും അവൾക്കുണ്ടാക്കിയ ഉപദ്രവത്തെ അറിയുവാനിടവന്നാൽ അവൾ ഒരിക്കലും അദ്ദേഹത്തിന്നു മാപ്പു കൊടുക്കില്ലെന്നും, അവൾക്കദ്ദേഹത്തോട് അനല്പമായ സുഖക്കേടുണ്ടാകുമെന്നും വിചാരിച്ചിട്ടാണ് ദേവി സന്തോഷിച്ചത്.

ജാ. കു—ദേവി, ഈശ്വരൻെറ ഒരു പക്ഷപാതം നോക്കു! എന്നെ മാത്രം ഈ വിധം അനുഗ്രഹിച്ചതു ന്യായമായില്ല. എൻെറ അനുജത്തിക്കുകൂടി ഇങ്ങിനെയൊരാളുണ്ടായാൽ, ഹാ! എത്ര സന്തോഷം. കാലതാമസം കൂടാതെ എനിക്ക് ആ സന്തോഷമനുഭവിപ്പാൻ ഭഗവതീകടാക്ഷത്താൽ സംഗതി വരട്ടെ.

ദേ—ജ്യേഷ്ഠത്തീ, നമ്മുടെ ഇരുവരുടേയും ഹൃദയത്തിന്നല്പം അന്തരമുണ്ട്. സ്വഭാവത്തിന്നും ഏതാനും വ്യത്യാസമുണ്ട്; അതുകൊണ്ട് ജ്യേഷ്ഠത്തിക്കു സുഖവും സന്തോഷവും നൽകുന്ന വസ്തുക്കൾ എനിക്കും അതേവിധമായിരിക്കുമെന്നു വിചാരിപ്പാൻ തരമില്ല. ജ്യേഷ്ഠത്തിയുടെ സൌശീല്യം എനിക്കുണ്ടാകുന്നതുവരെ ജ്യേഷ്ഠത്തി അനുഭവിക്കുന്ന സുഖസന്തോഷങ്ങൾ എനിക്കനുഭവമാവില്ല. 'അട്ടക്കു പൊട്ടക്കുളം, ചക്കിക്കു ചങ്കരൻ' എന്നു പറയുംപോലെ അവസ്ഥാനുസരണമൊക്കെ സംഭവിക്കും. പോകട്ടെ. ജ്യേഷ്ഠത്തീ, വേദനപ്പെടേണ്ട, എനിക്കു ഭാഗ്യമുണ്ടെങ്കിൽ കേളുജ്യേഷ്ഠനെപ്പോലെയുള്ള ഒരാൾ ഇനിയും വന്നുകൂടെന്നില്ല.

ജാനുവിൻെറ വിവാഹവൎത്തമാനം ക്ഷണേന സമീപത്തെങ്ങും പരസ്യമായി. അടക്കുവാൻ വയ്യാത്ത സന്തോഷം ഹേതുവായി രുഗ്മിണിയമ്മ വിവരം മുഴുവനും ഗൂഢമായി പാറുക്കുട്ടിയമ്മയെ അറിയിച്ചു. സ്വകാൎയ്യമായി ജ്യേഷ്ഠത്തി പറഞ്ഞ വൎത്തമാനം പാറുക്കുട്ടിയമ്മ യാതൊരു ശങ്കയുംകൂടാതെ മുറിയാട്ടുപോയ ഉടനെ സമീപവാസികളോടെല്ലാം പറഞ്ഞു. കുറച്ചു ദിവസങ്ങൾക്കു മുമ്പു ലീല ചാടിപ്പോയപ്പോൾ നിൎഭാഗ്യം മൂൎത്തീകരിച്ചിട്ടുള്ളവരാണ് രുഗ്മിണിയമ്മയും മക്കളുമെന്നു ഘോഷിച്ചിരുന്ന സൎവ്വജനങ്ങളും ഇപ്പോൾ അവരെപ്പോലെ ഭാഗ്യം തികഞ്ഞിട്ടുള്ളവർ ദുൎല്ലഭമാണെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടുതുടങ്ങി.

## അമ്പത്തഞ്ചാമദ്ധ്യായം.

ഈ ചിങ്ങമാസത്തിൻെറ ആരംഭം മുല്ലവളപ്പിലെ ഗൃഹനായികക്ക് വളരെ സന്തോഷപ്രദമായ കാലമാകുന്നു. അയമ്മയുടെ സീമന്തപുത്രിയായ ജാനകിക്കുട്ടിയുടെ വിവാഹം ചിങ്ങം ഇരുപത്തെട്ടാം തിയ്യതി തിങ്കളാഴ്ചക്കു നിശ്ചയിച്ചിരിക്കുന്നു. ഉദ്ദിഷ്ടസിദ്ധിയാൽ അതീവസന്തുഷ്ടയായ രുഗ്മിണിയമ്മ വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം കാലേകൂട്ടി ആരംഭിച്ചതിൽ ബാലകൃഷ്ണമേനോൻ പ്രതികൂലം ഭാവിക്കാഞ്ഞത് പുത്രിയോടുള്ള വാത്സല്യാതിരേകം കൊണ്ടോ, പുത്രീമണവാളൻെറ ശ്ലാഘനീയമായ യോഗ്യത കൊണ്ടോ ആൎക്കറിയാം!

ഒരു ദിവസം രുഗ്മിണിയമ്മയും പുത്രിമാരും ജാനുവിൻെറ വരനായ ഭാസ്കരമേനോനും കൂടി പലേ നൎമ്മങ്ങളും പറഞ്ഞ് രസിച്ചിരിക്കുന്ന മദ്ധ്യേ ഒരു വണ്ടി വരുന്നതായ ശബ്ദം കേൾക്കുകയാൽ എല്ലാവരും വേഗത്തിൽ എഴുനീററ് വണ്ടിയുടെ വരവിനെ അതിയായ ഉല്ക്കണ്ഠയോടെ നോക്കി

നിന്നു. വിശേഷമായ ഒരു കുതിര വണ്ടിയിൽ വരുന്നതാരാണെന്നറിവാനുള്ള ജിജ്ഞാസ അവരെ എല്ലാവരേയും ഒരുപോലെ ബാധിച്ചു. ഓരോരുത്തരും അവരവരുടെ മനോവിലാസത്തിന്നനുസരിച്ച് അവരായിരിക്കും, ഇവരായിരിക്കും എന്നൊക്കെ ഊഹിച്ചുവെങ്കിലും വണ്ടിയിൽ നിന്നിറങ്ങിയ ആളുടെ മുഖം അവിടെ കൂടിയിരുന്നവരിൽ അധികം പേർക്കും അപരിചിതമായിരുന്നു.

ഏകദേശം നാല്പത്തഞ്ച് അമ്പതു വയസ്സുപ്രായമായ ഒരു സ്ത്രീ ഒട്ടും തന്നെ സങ്കോചവും പരിഭ്രമവും കൂടാതെ അതിയായ ധാർഷ്ട്യത്തോടെ മുല്ലവളപ്പിലെ പടി കടന്ന് അകത്തേക്കു പ്രവേശിച്ചു. ഇവരുടെ അപ്രതീക്ഷിതമായ ആഗമനത്തെ സവിസ്മയം നോക്കി നില്ക്കുന്ന ദേവി "ഹാ! ഇതെന്തൊരു പുതുമ? ഈ വരുന്നതു ചെറുശ്ശേരി വലിയ അമ്മയാണ്. ദൈവമെ! ഇവരെ ഇങ്ങോട്ടു വരുത്തിയത് എന്തൊരു സംഗതിയായിരിക്കും?" എന്നു തന്നെത്താൻ കുറച്ചുറക്കെ പറഞ്ഞു.

തൻെറ അതിഥി ചെറുശ്ശേരി കൊട്ടാരത്തിൽ കാത്ത്യായനി വലിയമ്മയാണെന്നറിഞ്ഞപ്പോൾ രുഗ്മിണിയമ്മ അതിരററ സന്തോഷത്തോടെ കോണിപ്പടികൾ ഒന്നായി ചാടിയിറങ്ങി ഓടിക്കിതച്ച് കിണ്ടിയും വെള്ളവുമായി പൂമുഖത്തു ഹാജരായി. മാന്യയായ വലിയമ്മ പൂമുഖത്തെത്തിയപ്പോഴേക്ക് ദേവിയും ഭൃത്യയും അമ്മയെ പിന്തുടന്ന് അവിടെക്കു വന്നു. രുഗ്മിണിയമ്മ തൻെറ ദാസിയെക്കൊണ്ട് അതിഥിയുടെ പാദപ്രക്ഷാളനാദികൾ ചെയ്യിച്ച് അത്യാദരവോടെ അകത്തു കൂട്ടിക്കൊണ്ടു പോയി ഒരു കസേലയിൽ ഇരുത്തി. അരികെ താനും നിന്നു. ഇങ്ങിനെ അഞ്ചെട്ടുനിമിഷം കഴിഞ്ഞപ്പോൾ —

കാ-അ — (പ്രൌഢിയോടെ) ഇതാരാണ് ദേവീ? നിൻെറ അമ്മയല്ലേ?

ദേ__അതെ.

കാ_അ__മറ്റേത്തു നിൻെറ അനുജത്തിയായിരിക്കാം.

വലിയമ്മയോടു സംസാരിക്കുവാൻ അതിമോഹമുള്ള

രു_അ__(ഉത്സുകതയോടെ) അവളെൻെറ നാലാമത്തെ മകളാണ്. സുഭദ്രയെന്നാണു പേർ. അവൾക്കു താഴെ ലീലാവതി എന്നു പേരായിട്ട് ഒരു കുട്ടികൂടിയുണ്ട്. ലീലയുടെ പുടമുറി ഈയിടെ കഴിഞ്ഞു. അവളിപ്പോൾ ഭത്താവിൻെറ ഒന്നിച്ചാണ്. മൂത്തമകൾക്കും ഈ വരുന്ന തിങ്കളാഴ്ച പുടമുറി കഴിയും. മരതകത്തു ഭാസ്കരമേനോനെ കേട്ടിട്ടുണ്ടാവാം. അദ്ദേഹം ഇതുവരെ ഇവിടെ തന്നെയുണ്ടായിരുന്നു. ഇപ്പോഴാണ് നടക്കാൻ പോയത്.

കാ_അ__ഭാസ്കരമേനോൻ ഇവിടെയുണ്ടായിരുന്നുവൊ? പോയിട്ടു വളരെ നേരമായൊ? അദ്ദേഹത്തിൻെറയൊരുമിച്ച് ശ്രീധരൻനമ്പ്യാരില്ലേ? ഞാൻ അപ്പയെ കാണ്മാനായി നന്ദനോദ്യാനത്തിലേക്കു പോകയാണ്. ചില കാൎയ്യവശാൽ ഇന്നലെ ഞാൻ അടുത്തുള്ള ഒരു ചേരിക്കല്ലിൽ വന്നു. അപ്പ, നന്ദനോദ്യാനത്തിലുണ്ടെന്നു കേട്ടതുകൊണ്ട് ഒന്നു കണ്ടു മടങ്ങാമെന്നു വിചാരിച്ചിപ്പോൾ പുറപ്പെട്ടതാണ്. പോകുന്ന വഴിക്കു ദേവിയുടെ വീടും ഒന്നു കാണാമല്ലൊ എന്നു വിചാരിച്ചിവിടെ ഇറങ്ങി. ഇപ്പോൾ തന്നെ ഞാൻ മടങ്ങും. ആവൂ! എന്തൊരു ഉഷ്ണമാണ്. ഈ തളത്തിലിരുന്നു കഴിച്ചുകൂട്ടുന്ന കാൎയ്യം മഹാ വിഷമം തന്നെ. കാററിൻെറ ഗതാഗതമനുസരിച്ചിട്ടല്ല ജനലുകൾ വെച്ചിരിക്കുന്നത്. ഈ വീടു വളരെ ചെറുതാകുന്നു.

രു_അ__നിങ്ങൾക്കിതു എത്രയും ചെറുതായി തോന്നിയതിൽ അത്ഭുതമില്ല. കൊട്ടാരത്തിൻേറയും വളപ്പിൻേറയും യോഗ്യതയും വലിപ്പവും കേളുമേനോൻ പറയുന്നതു ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഞങ്ങളെപ്പോലെയുള്ള

സാധുക്കൾക്ക് ഇതു തന്നെ എത്രയോ മെച്ചമായി തോന്നും. കൃഷ്ണനുണ്ണി അങ്ങുന്നിന്റെ വളപ്പിനേക്കാൾ ഇത് ഒരെരട്ടി വലിയതാണ്.

ദേ—ഞാനൊന്നു ചോദിക്കട്ടെ? കടന്നു ചോദിക്കുന്നതുകൊണ്ടു അനിഷ്ടം തോന്നാതിരിക്കാനപേക്ഷ. അമ്മാളുകുട്ടിക്കും മററും സുഖം തന്നെയല്ലെ?

കാ-അ—അതെ. ഞാനവരെ മിനിഞ്ഞാന്നു കണ്ടിരിക്കുന്നു.

രുഗ്മിണിയമ്മ തന്റെ അതിഥിയോട് അല്പം ചായയൊ മററൊ കഴിച്ച് ക്ഷീണം തീൎത്താൽ തനിക്കു വളരെ സന്തോഷമുണ്ടാകുമെന്നു പറഞ്ഞ് പല പ്രാവശ്യം വിനീതയായി അപേക്ഷിച്ചുവെങ്കിലും ഫലമുണ്ടായില്ല. ഈ അപേക്ഷ തന്നെ അനുചിതമാണെന്നുള്ള നിലയിൽ വലിയമ്മ രുഗ്മിണി അമ്മയുടെ അപേക്ഷയെ ദാക്ഷിണ്യരഹിതം ഉപേക്ഷിച്ചു. താനിപ്പോൾ യാതൊന്നും കഴിപ്പാൻ വിചാരിക്കുന്നില്ലെന്നു പറഞ്ഞ് സാധുശീലയായ രുഗ്മിനിയമ്മക്കു അത്യന്തം മനോവേദനയുണ്ടാക്കി. എന്നാൽ രുഗ്മിണിയമ്മയുടെ നല്ല കാലം തീരെ ക്ഷയിച്ചിട്ടില്ല. വലിയമ്മ രുഗ്മിണി അമ്മയെ സന്തോഷിപ്പിക്കുവാനൊ എന്നു തോന്നുമാറ് ആ ഭവനം മുഴുവനും നടന്നു നോക്കി. വീടു വളരെ വമ്പിച്ചതല്ലെങ്കിലും വലിയമ്മകൂടി തല കുലുക്കത്തക്ക വണ്ണം എല്ലാ സ്ഥലങ്ങളും വളരെ വൃത്തിയായും ഭംഗിയായും വെച്ചിട്ടുണ്ടായിരുന്നു

കാ-അ—ദേവീ, നിന്റെ അമ്മയുടെ ഗൃഹഭരണ നൈപുണ്യം എനിക്കിപ്പോൾ ബോദ്ധ്യപ്പെട്ടു. വളരെ സന്തോഷമായി. ദേവീ, വരു. ഇനി ഞാൻ ഉദ്യാനം കൂടി ഒന്നു നോക്കട്ടെ.

ഇങ്ങിനെ പറഞ്ഞ് വലിയമ്മ മുററത്തിറങ്ങി. എന്റെ വീടും തൊടിയും മററും കാണ്മാനായി ഇവരിവിടെ വരുമൊ? ഒരിക്കലുമില്ല. സമ്പൽ സമൃദ്ധിയാലും സ്ഥാനമാനാദികൊ

ണ്ടും അതിഗർവ്വിഷ്ഠയായ ഇവരെ ഇങ്ങോട്ടാനയിച്ച സംഗതി ഏതായാലും നിസ്സാരമായ ഒന്നല്ല നിശ്ചയം തന്നെ. ഞങ്ങളെപ്പോലെയുള്ളവരുടെ വീട്ടിൽ വലിയമ്മയുടെ ആഗമനം സംഭാവ്യമായിട്ടുള്ളതാണെന്നോ? ഈ വക വിചാരത്താൽ ദേവി യാതൊന്നും സംസാരിക്കാതെ വലിയമ്മയെ പിന്തുടൎന്നു. വലിയമ്മ ദേവിയെ നോക്കി 'ഇവളെ എന്റെ മകളുടെ നിലയിൽ ഞാനെങ്ങിനെ വിചാരിക്കും. അപ്പുയുടെ ഭാൎയ്യയായിരിപ്പാനുള്ള യോഗ്യത ഒന്നുകൊണ്ടും ഇവൾക്കില്ല' എന്നു സ്വയമേവ പറഞ്ഞു.

കാ-അ—ദേവീ, ഞാനിവിടെ വരാനുള്ള കാരണം ഇന്നതെന്നറിയുവാൻ നിനക്കു പ്രയാസമുണ്ടാവില്ല. നിന്റെ മനസ്സും മനസ്സാക്ഷിയും എന്റെ വരവിന്നുള്ള കാരണം നിന്നോടു വ്യക്തമായി പറയുന്നില്ലെ?

ദേ—നിങ്ങളെന്നെ തെറ്റിദ്ധരിച്ചു പറയുന്നു. നിങ്ങളിവിടെ വരാനുള്ള കാരണമെന്താണെന്ന് എനിക്കു മനസ്സിലായിട്ടില്ല.

കാ-അ—(അല്പം ദേഷ്യത്തോടെ) കുട്ടീ, വല്ല ഉപായവും പറഞ്ഞ് എന്നെ കബളിക്കാമെന്നു വിചാരിക്കേണ്ട. എന്റെ അഭിപ്രായങ്ങളെ ഒട്ടും ഒളിക്കാതെ നിന്നെ അറിയിക്കണമെന്നു വിചാരിച്ചിട്ടാണ് ഇങ്ങോട്ടു വന്നത്. അപ്പുയേയും കാണണമെന്നു വിചാരിച്ചിരുന്നു. അയാൾ ഉദ്യാനത്തിലില്ലെന്നല്ലെ പറഞ്ഞത്. ഏതായാലും ഇന്നു രാത്രി വണ്ടിക്കു തന്നെ എനിക്കങ്ങോട്ടു മടങ്ങണം. ആരോടും മുഖം നോക്കാതെ കാൎയ്യം പറയുന്നത് എന്റെ സ്വഭാവമാണെന്നു സകലൎക്കുമറിയാം. രണ്ടു ദിവസം മുമ്പെ കേട്ടാൽ പൊറുക്കരുതാത്തതായ ഒരു ഭയങ്കര വൎത്തമാനം ഞാൻ കേൾക്കയുണ്ടായി. നിന്റെ ജ്യേഷ്ഠത്തിയെ മരതകത്തു ഭാസ്കരമേനോൻ വിവാഹം ചെയ്വാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഇല്ലെ? നിങ്ങൾക്കദ്ദേഹത്തെ കിട്ടി

യതു തന്നെ വലിയ ഭാഗ്യമാണ്. അതെന്തെങ്കിലുമാവട്ടെ. അതിനെക്കുറിച്ചു ഞാനൊന്നും പറയുന്നില്ല. എൻെറ ജ്യേഷ്ഠൻെറ മകൻ—അതെ സ്വന്തം ജ്യേഷ്ഠൻെറ മകൻ—എൻെറ അപ്പ നിന്നെ ഉടനെ വിവാഹം ചെയ്യാൻ ഭാവമുണ്ടെന്നു കേട്ടതു ശരിയാണൊ? ഇതൊരിക്കലും സത്യമാവാൻ സംഗതിയില്ല. ഞങ്ങളെ അപമാനിക്കാൻ വേണ്ടി പറഞ്ഞു പരത്തിയ ഒരു ഭോഷ്ക്കാണെന്ന് എനിക്കപ്പോൾ തന്നെ തോന്നി. ഇത്ര അപമാനകരമായ ഒരു സംഗതി അപ്പ ചെയ്യുമെന്നു വിചാരിക്കുന്നതു ശരിയല്ല. ഈ സംഗതിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ സംസാരം വരുത്തരുതെന്ന് നിന്നോടു പറയാനാണ് ഞാനിപ്പോൾ വന്നത്.

ദേ—ഇതൊരിക്കലും സത്യമാവാൻ സംഗതിയില്ലെന്നു ദൃഢമായി വിശ്വസിക്കുന്നപക്ഷം ഇതിനെക്കുറിച്ചെന്നോടു പറയാനായി ഇത്ര ദൂരം ബുദ്ധിമുട്ടി വന്നതു വൃഥാവിലായി. ഈ വരവുകൊണ്ടു വല്ല പ്രയോജനവുമുണ്ടൊ?

കാ-അ—ഉണ്ട്. ഇങ്ങിനെ ഒരു പ്രസ്താവമുണ്ടായതിനെ കഴിയുന്ന വേഗത്തിൽ ഇല്ലാതാക്കുവാൻതന്നെ.

ദേ—നിങ്ങളുടെ വരവിൻെറ ഉദ്ദേശം ഇതാണെങ്കിലും ഫലം മറിച്ചു വരാനെ തരമുള്ളു. ഇതിനെ സംബന്ധിച്ച് ജനങ്ങളിപ്പോൾ വല്ലതും പറയുന്നുണ്ടെങ്കിൽ നിങ്ങളുടെ വരവ് അതിനെ അധികമാക്കും. സംശയമില്ല.

കാ-അ—ദേവീ, നിൻെറ വക്രോക്തികളൊന്നും എന്നോടു ഫലിക്കില്ല. നീ ഇപ്പോൾ ഇതൊന്നും അറിയാത്ത മട്ടിൽ നടിക്കുന്നതിൻെറ സാരമെന്താണ്? ഇതെല്ലാം പറഞ്ഞുണ്ടാക്കിയതു നിൻെറ കൂട്ടരല്ലെ? ഈ ദിക്കിൽ ഇങ്ങിനെയൊരു സംസാരമുണ്ടായിട്ടുള്ളതു നീ കേട്ടിട്ടില്ലേ?

ദേ—ഞാൻ കേട്ടിട്ടില്ല.

കാ-അ— ഈ സംസാരം തീരെ അടിസ്ഥാനമില്ലാത്തതാണെന്നു പറവാൻ നിനക്കു സാധിക്കുമോ?

ദേ— ഞാൻ നിങ്ങളേപ്പോലെ ബുദ്ധിയാണെന്നു നടിക്കുന്നില്ല. നിങ്ങൾക്കു തോന്നിയതൊക്കെ ചോദിക്കാം! എല്ലാ ചോദ്യങ്ങൾക്കും ഞാൻ മറുവടി പറയണമെന്നില്ലല്ലൊ.

കാ-അ— ദേവീ, ഇങ്ങിനെ പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല. നീ എന്റെ ചോദ്യങ്ങൾക്കെല്ലാം ശരിയായി മറുവടി പറഞ്ഞെന്നെ തൃപ്തിപ്പെടുത്തണം. അപ്പ നിന്നെ ഭാൎയ്യയാക്കാനാലോചിച്ചിട്ടുണ്ടൊ?

ദേ— ഇതു സത്യമാവാൻ സംഗതിയില്ലെന്നു നിങ്ങൾക്കുതന്നെ അറിയാമല്ലൊ.

കാ-അ— ഉവ്വ്; അറിയാം. തന്റെ യോഗ്യതക്ക് ഹാനികരമായി വല്ലതും പ്രവൃത്തിക്കുന്ന ഒരുത്തനല്ല എന്റെ അപ്പ. എന്നാലും നിന്റെ മോടിവിദ്യയാൽ വശീകൃതനായി എന്റെ കുട്ടി അവന്റെയും ബന്ധുക്കളുടേയും ഉൽകൃഷ്ടപദവിയെ വിസ്മരിച്ചിട്ടുണ്ടൊ എന്നറിവാനായി ചോദിച്ചതാണ്.

ദേ— (ഹാസ്യത്തോടെ) അങ്ങിനെയാണെങ്കിൽതന്നെ അദ്ദേഹത്തെ ഞാൻ വശീകരിച്ചിട്ടുണ്ടെന്നു ഞാൻ നിങ്ങളോടു സമ്മതിക്കുമോ?

കാ-അ— ദേവീ, ഞാനാരാണെന്നു നീ അറിയില്ലേ? ചെറുശ്ശേരി കൊട്ടാരത്തിൽ കാത്ത്യായിനി വലിയമ്മയാണ്; നിന്റെ കളിക്കുട്ടിയല്ല. ആലോചിച്ചു സംസാരിക്കു. ഈ മാതിരി അധികപ്രസംഗം ഇതുവരെ എന്നോടൊരാളും പറഞ്ഞിട്ടില്ല. ഓ! നിനക്കിതിന്നു ധൈൎയ്യമുണ്ടായല്ലൊ. ഞാൻ അപ്പയുടെ ഉററ ബന്ധുവാണ്. എന്നെപ്പോലെ ഇത്ര അടുത്ത ബന്ധുക്കൾ ഈ ലോകത്തിൽ ഇനി ആരും

അവനില്ല. അതുകൊണ്ടവനെ സംബന്ധിച്ച സകല കാര്യങ്ങളുമറിയാതെ നിവൃത്തിയില്ല.

ദേ — ശരി; നിങ്ങളുദ്ദേഹത്തിൻെറ ഉററ ബന്ധുവായിരിക്കാം. അതുകൊണ്ട് എൻെറ സ്വകാര്യവൎത്തമാനങ്ങൾ മുഴുവനും നിങ്ങളെ അറിയിക്കേണമെന്നുണ്ടോ? ഈ മാതിരി അധികാരധോരണി ചെലുത്തിയാൽ ഞാനൊന്നുംതന്നെ പറയില്ല. ഇല്ല; എനിക്ക നിങ്ങളോട് ഒന്നും പറയുവാനിഷ്ടമില്ല.

കാ. അ — ദേവീ, ഞാൻ പറയുന്നതു മനസ്സിലാക്കണം. നീ വളരെ ധാർഷ്ട്യത്തോടെ നടക്കമെന്നു വിചാരിക്കുന്ന ഈ സംബന്ധം ഒരിക്കലും ഉണ്ടാവില്ല. അതുണ്ടാകുമെന്നു വിചാരിച്ച ഗർവ്വു കാട്ടേണ്ട. അപ്പു എൻെറ മകളെ വിവാഹം ചെയ്യാൻ തീച്ചപ്പെടുത്തിയിട്ടുണ്ട്. ഇനി ഇപ്പോൾ നിനക്ക വല്ലതും പറയാനുണ്ടോ?

ദേ — ഓ, ശരി. അങ്ങിനെയാണെങ്കിൽ അദ്ദേഹം എന്നെ വിവാഹം ചെയ്യുമെന്നു വിചാരിച്ചു നിങ്ങൾക്ക ഭയപ്പെടാൻ കാരണമില്ലല്ലോ.

വലിയമ്മ എന്തു പറയേണ്ടു എന്നറിയാതെ അല്പം വിഷമിച്ചു. വീണ്ടും —

കാ. അ — എൻെറ മകളുടെ സംബന്ധം അപ്പുയും അവളും കൂടി ഇന്നോ ഇന്നലെയൊ തീച്ചപ്പെടുത്തിയതല്ല. കൊച്ചു ലക്ഷ്മിയെ പ്രസവിച്ച ദിവസം അവൻെറ അമ്മയും ഞാനും കൂടി നിശ്ചയിച്ചതാണ്. ആ നിശ്ചയത്തിന്നിതുവരെ യാതൊരിളക്കവും ഉണ്ടായിട്ടില്ല. ഞങ്ങളുടെ ആഗ്രഹസിദ്ധിക്ക സമയമെടുത്തപ്പോൾ എവിടെയൊകിടക്കുന്ന അസാരയായ നീ ഒരുപെണ്ണ് അതിന്നു തടസ്ഥമായിവരികയൊ? ഞങ്ങളുടെ ആഗ്രഹത്തിന്നും, വാക്കിന്നും, യാതൊരു വിലയുമില്ലെന്നൊ? കൊച്ചുലക്ഷ്മിയുടെ ഭത്താവ് അപ്പുയാണെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളത് നീ

ത്തന്നെ കേട്ടിട്ടില്ലേ? അവൻ തന്റെ ആഗ്രഹത്തെ ഞങ്ങളെപ്പോലെ പുറത്തു പറഞ്ഞിട്ടില്ലെങ്കിലും അപ്പക്ക് എന്റെ കുട്ടിയെ വിവാഹംചെയ്യാൻ വളരെ മോഹമുണ്ടെന്ന് എനിക്കറിയാം.

ദേ— ഈ സംഗതി മുമ്പുതന്നെ ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടെനിക്കെന്താണ്? അദ്ദേഹത്തിന്റെം അമ്മയും അച്ഛൻപെങ്ങളും കൂടി കൊച്ചുലക്ഷ്മിയെ അദ്ദേഹത്തിന്റെ ഭാൎയ്യയായി സങ്കല്പിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം എന്നെയാണ് വിവാഹം ചെയ്യാനിഷ്ടപ്പെടുന്നതെങ്കിൽ മുമ്പു പറഞ്ഞ ഏക സംഗതികൊണ്ടു ഞാനദ്ദേഹത്തെ ഒരിക്കലും നിരസിക്കില്ല. വിവാഹവിഷയത്തിൽ നിങ്ങൾക്കു രണ്ടുപേക്കും എത്രത്തോളം പ്രവൃത്തിപ്പാനധികാരമുണ്ടോ അത്രയും നിങ്ങൾ പ്രവൃത്തിച്ചിട്ടുണ്ട്. ഇനി അതിനെ പൂൎത്തിയാക്കേണ്ടുന്ന ഭാരം അവരിലിരിക്കുന്നു. അദ്ദേഹത്തിന്നു തന്റെ അച്ഛന്റെ മരുമകളെ വിവാഹം ചെയ്യാതിരിക്കുന്നതിൽ ലേശവും ദൈന്യത തോന്നാത്ത പക്ഷം ഇഷ്ടമുള്ള വേറെ ഒരു യുവതിയെ വിവാഹം ചെയ്യട്ടെ! ആ യുവതി ഞാനായിരിക്കുമെന്നു വിചാരിക്കുക. എന്നാൽതന്നെ എന്താ വിരോധം? എനിക്കെന്തുകൊണ്ടദ്ദേഹത്തെ സ്വീകരിച്ചുകൂട?

കാ—അ— എന്തുകൊണ്ടു നോക്കിയാലും അതുചിതമല്ല. തറവാടിത്വം, ധനം, ആഭിജാത്യം മുതലായവയൊന്നും നിങ്ങൾക്കില്ല. അപ്പു നിന്നെ സംബന്ധം തുടങ്ങിയാൽ ഒരിക്കലും നന്മയുണ്ടാവില്ല. അവന്റെ ബന്ധുക്കളുടേയും, സ്നേഹിതന്മാരുടേയും, അനിഷ്ടത്തെ വകവെക്കാതെ നീ അവനെ ഭൎത്താവായി സ്വീകരിച്ചാൽ നിന്നെ അവന്റെ ഭാൎയ്യയുടെ നിലയിൽ ഞങ്ങളാരും മാനിക്കില്ല. അവന്റെ സ്വജനങ്ങൾ കൊണ്ടാടുന്ന അടിയന്തരാദികൾക്കു നിന്നെ ക്ഷണിക്കില്ല. നിന്നെ കലശലായി അപഹസിക്കും.

പുച്ഛിക്കും. അപമാനിക്കും. നിന്റെ പേരുകൂടി ഞങ്ങളാരും പറയില്ല.

ദേ — അയ്യോ! ഇതു വലിയ നിർഭാഗ്യംതന്നെ! സംശയമില്ല. എന്നാലും അദ്ദേഹത്തിന്റെ ഭാര്യയായിരിപ്പാൻ ഭാഗ്യമുള്ള ഒരു സ്ത്രീ ബന്ധുക്കളുടെ സല്ക്കാരാദികൾ കുറഞ്ഞതുകൊണ്ടു വ്യസനിക്കില്ല. മററു സ്ത്രീകൾക്ക് അപ്രാപ്യങ്ങളായ പലതും അവളുടെ വിനോദത്തിന്നുണ്ടായിരിക്കും. അതില്ലെങ്കിൽതന്നെ എന്താണ്. എനിക്കദ്ദേഹത്തേയും അതുപോലെത്തന്നെ അദ്ദേഹത്തിന്നെന്നേയും ആന്തരമായി സ്നേഹമുണ്ടെങ്കിൽ ഞങ്ങളുടെ സന്തോഷത്തിന്നും, സുഖത്തിന്നും യാതൊരു ഹാനിയുമുണ്ടാവില്ല.

കാ-അ — അധികപ്രസംഗി! താന്തോന്നി!! നിന്റെ വാക്കു കേൾക്കുമ്പോൾ എനിക്കുകൂടി ലജ്ജയാകുന്നു. നീ ചെറുശ്ശേരിക്കു വന്നപ്പോൾ കണക്കിലേറെ നിന്നെ ഞാൻ ബഹുമാനിച്ചതിന്റെ പ്രതിഫലമാണിത്. ദേവീ, നീ ഇവിടെ ഇരിക്കു. ഞാനുദ്ദേശിച്ച കാര്യം സാധിക്കാതെ മടങ്ങിപ്പോവില്ല. മററുള്ളവരുടെ താന്തോന്നിത്വം കണ്ട് അടങ്ങുന്നവൾ ഞാനല്ല. എനിക്കപ്രിയമുണ്ടാക്കിയാൽ പകരം വീട്ടാതെ ഞാൻ സഹിച്ചിരിക്കുമെന്നു നീ സ്വപ്നേപി കരുതേണ്ട.

ദേ — എന്നാൽ കാര്യം വലിയ അപകടത്തിലായല്ലൊ. നിങ്ങളുടെ പ്രിയം ഹേതുവായിട്ട് എനിക്കൊന്നും വരാനില്ല.

കാ-അ — ദേവീ, ഞാൻ പറയുന്നതു കേൾക്കു. ഇടയ്ക്കു കടന്നു പറയേണ്ട. അപ്പയുടെ ഭാര്യയായി ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നതുതന്നെ എന്റെ മകളെയാണ്. ഇവരുടെ മുത്തശ്ശി പുരാതനകാലത്തുതന്നെ വളരെ പ്രസിദ്ധിയുണ്ടായിരുന്ന ഒരു മാന്യതറവാട്ടിൽ ജനിച്ചവരാണ്. മുത്തച്ഛന്റെ യോഗ്യത പറയാതെത്തന്നെ എല്ലാവർക്കുമറിയാം. അവിടുന്നു

വിൎപവിശ്രുതനാണ്. ഈ കുട്ടികളുടെ അച്ഛന്മാർ കേൾവിപ്പെട്ടവരാണ്. അപ്പുവും കൊച്ചുലക്ഷ്മിയും വളരെ അടുത്ത ബന്ധുക്കളല്ലെ? രണ്ടാൾക്കും അളവററ ഐശ്വൎയ്യമുണ്ട്. ഇരുകൂട്ടരുടേയും ബന്ധുമിത്രാദികളും ഇവരെ ദമ്പതിമാരായി കാണ്മാൻ അതി സന്തോഷത്തോടെ കാത്തുകൊണ്ടിരിക്കുന്നു. അല്പയായ നീനിമിത്തം അതിന്നു തടസ്ഥം വരികയോ? പാടില്ല; ഒരിക്കലും പാടില്ല. നീയൊരു ബുദ്ധിയുള്ള കുട്ടിയാണെങ്കിൽ നിൻെറ അവസ്ഥക്കനുസരിച്ചതേ സ്വീകരിച്ചുകൂടൂ. “കൊക്കിലടങ്ങുന്നതേ കൊത്തി വിഴുങ്ങാവൂ” എന്നു കേട്ടിട്ടില്ലേ?

ദേ—ഞാനദ്ദേഹത്തിൻെറ ഭാൎയ്യയായിരിപ്പാൻ അയോഗ്യയാണെന്നു നിങ്ങൾ തീൎച്ചപ്പെടുത്തിയിരിക്കുന്നുവെങ്കിലും ഞാനങ്ങിനെ വിചാരിക്കുന്നില്ല. അദ്ദേഹം മാന്യതറവാട്ടിൽ ജനിച്ച ഒരു പുരുഷരത്നമാണ്. പണമില്ലെങ്കിലും ഞങ്ങളും ആഭിജാത്യവും, കുലമഹിമയും കുറഞ്ഞവരല്ല. മുല്ലവളപ്പിൽ ബാലകൃഷ്ണമേനോനുമായുള്ള ബന്ധുത്വം, പദ്മാലയത്തിൽ ശ്രീധരൻനമ്പ്യാൎക്ക് അപമാനകരമാണെന്ന് ആർ പറയും?

കാ-അ—അതാരും പറയില്ല. നീയിപ്പോൾ പറഞ്ഞതു ശരി. ബാലകൃഷ്ണമേനോൻ നല്ല തറവാട്ടുകാരനും യോഗ്യനുമാണ്; സംശയമില്ല. പക്ഷെ നിൻെറ അമ്മാമനും അമ്മായിയും മററുള്ള ബന്ധുക്കളുമൊക്കെ അസാരന്മാരല്ലെന്നാരെങ്കിലും പറയുമോ?

ദേ—എൻെറ ബന്ധുക്കൾ ആരായാലെന്താ? അദ്ദേഹത്തിന്നതുകൊണ്ടു യാതൊരു വിരോധവുമില്ലെങ്കിൽ പിന്നെ നിങ്ങൾക്കവയൊന്നും ആലോചിക്കേണ്ടാവശ്യമില്ല.

കാ-അ—ദേവീ, സത്യം പറയു; നിങ്ങളുടെ വിവാഹം തീൎച്ചപ്പെടുത്തിയിരിക്കുന്നുവൊ?

കാൎത്ത്യായിനിവലിയമ്മയേ സന്തോഷിപ്പിക്കണമെ

ന്നുള്ളമോഹം ദേവിക്കുണ്ടായിരുന്നില്ലെങ്കിലും അവൾ അല്പം ആലോചിച്ചിട്ട് 'ഇല്ല' എന്നു മറുവടി പറഞ്ഞു. ഇതു കേട്ടപ്പോൾ കാർത്ത്യായിനിയമ്മക്ക് അനല്പമായ സന്തോഷമുണ്ടായതുപോലെ തോന്നി.

കാ-അ—ദേവീ, നീ അപ്പുയെ ഭർത്താവായി സ്വീകരിക്കില്ലെന്നു വാഗ്ദത്തം ചെയ്യണം.

ദേ—അതു ഞാനൊരിക്കലും ചെയ്യില്ല.

കാ-അ—ഓ! എന്റെ കുട്ടീ, നിന്റെ അധികപ്രസംഗം വല്ലാതെ കവിഞ്ഞുപോയി.! ഇത്ര ചെറുപ്പത്തിൽ നിന്നെപ്പോലെ ധിക്കാരിയായ ഒരു പെൺകിടാവിനെ ഞാൻ കണ്ടിട്ടില്ല. നീ തീർച്ചയായും വാഗ്ദത്തം ചെയ്യണം.

ദേ:—അതുഞാൻ ജീവൻപോയാലും ചെയ്യില്ല. നിങ്ങൾ എന്നെ അകാരണമായി ഭയപ്പെടുത്തി വല്ലതും ചെയ്യിക്കാമെന്നു വിചാരിക്കുന്നതു വിഡ്ഢിത്വമാണ്. അദ്ദേഹം നിങ്ങളുടെ മകളെ വിവാഹം ചെയ്യണമെന്നുള്ള മോഹം നിങ്ങൾക്കു കുറച്ചൊന്നുമല്ല. അദ്ദേഹത്തിന്നെന്നിൽ പ്രിയമുണ്ടെന്നു ശങ്കിക്കുന്നതുകൊണ്ടാണ് എന്നെക്കൊണ്ടു വാഗ്ദത്തം ചെയ്യിക്കുവാൻ ഇത്രയധികം കെണയുന്നത്. ഞാൻ വാഗ്ദത്തംചെയ്താലും അദ്ദേഹത്തിന്നെന്നിൽ വളരെ പ്രേമമുണ്ടെങ്കിൽ എങ്ങിനെയാണ് കൊച്ചുലക്ഷ്മിയെ വിവാഹംചെയ്യുക? അദ്ദേഹം മനസ്സാക്ഷിക്കുവിപരീതമായി പ്രവൃത്തിക്കുന്ന ഒരു മനുഷ്യനാണൊ? എന്നോടു നിങ്ങളിപ്പോൾ നിർബ്ബന്ധപൂർവ്വം പറയുന്നത് സാധാരണ സ്വബുദ്ധിയുള്ള ഒരാൾ പറയുവാൻധൈര്യപ്പെടാത്തതും, അത്യന്തം അന്യായവുമായ ഒരു സംഗതിയാകുന്നു. ഞങ്ങളുടെ വിവാഹത്തിന്നു തടസ്ഥമായിനിങ്ങൾ പറഞ്ഞിട്ടുള്ള സകലസംഗതികളും ഇതുപോലെ തന്നെ അന്യായമായിട്ടുള്ളതാണ്. നിങ്ങളെന്റെ സ്വഭാവത്തെ വളരെ തെററിധരിച്ചിരിക്കുന്നു. നിങ്ങളുടെഭീഷണികൊണ്ടൊന്നും ഞാൻ

പേടിക്കില്ല. അദ്ദേഹത്തിന്റെ സ്വന്തം കാൎയ്യത്തിൽ നിങ്ങളിങ്ങിനെ പ്രവേശിച്ചതു അദ്ദേഹത്തിന്നു സന്തോഷമാകുമൊ ഇല്ലയൊ എന്നു എനിക്കു പറയുവാൻ സാധിക്കില്ല. എന്നെസ്സംബന്ധിച്ചേടത്തോളം പറയുകയാണെങ്കിൽ എന്റെ കാൎയ്യത്തിൽ നിങ്ങൾ അനുചിതമായി ഇങ്ങിനെ പ്രവേശിച്ചത് എനിക്കൊട്ടും ഇഷ്ടമായിട്ടില്ല. അതിനാൽ ദയചെയ്ത് ഈകാൎയ്യത്തെക്കുറിച്ചിനി സംസാരിക്കാതിരിപ്പാനപേക്ഷ.

കാ-അ:—ഓ! ഹോ! അത്രബദ്ധപ്പെടേണ്ട. അല്പം ക്ഷമിക്കു. ഞാൻ ചിലതുകൂടിപറഞ്ഞോട്ടെ. നിന്റെയനുജത്തിവിക്രമമേനോന്റെകൂടെ ചാടിപ്പോയതു ഞാൻധരിച്ചിട്ടില്ലെന്നുവിചാരിക്കേണ്ട. ഈ അപമാനം ഇല്ലാതാകുവാനായി നിന്റെ അച്ഛനും, അമ്മാമനുംകൂടി കുറെ പണംകൊടുത്ത് ആ തെമ്മാടി പെണ്ണിനെ ആ വിദ്വാന്റെ പെരടിക്കു വെച്ചുകെട്ടി. ഈ പെണ്ണ് അപ്പയുടെ അനുജത്തിയായി വരികയൊ? അയാൾ പദ്മാലയത്തിലെ ഹെഡ്കാൎയ്യസ്ഥന്റെ മകനാണ്. എല്ലാംകൊണ്ടും അപ്പയുടെ അനുജനായി വരേണ്ട ആൾതന്നെ. സംശയമില്ല. അയ്യോ, ദൈവമേ! അങ്ങയുടെ മതമെന്താണ്. ഇവരുടെ ബന്ധുത്വംകൊണ്ട് മരിച്ചുപോയ ഞങ്ങളുടെ പൂൎവ്വികന്മാൎക്കുകൂടി അശുചി ബാധിക്കുമല്ലൊ. ഈശ്വരാ! വല്ലവിധേനയുംഅതുകൂടാതെ കഴിച്ചാൽ നന്നായിരുന്നു. ഞങ്ങളെ ഇങ്ങിനെ അപമാനിക്കുന്നതെന്തിന്ന് ?

ദേ:—(കഠിനമായ രോഷത്തോടെ)—വലിയമ്മേ മതിമതി. പറഞ്ഞതുമതി. ഇനി നിങ്ങൾക്കു പറയുവാനൊന്നുമില്ലല്ലൊ. നിങ്ങൾക്കു കഴിയുന്നേടത്തോളം എന്നെ അപമാനിച്ചു. ഇപ്പോളിതു മതി. ഇനി വീട്ടിലേക്കുപോവുക.

ഇങ്ങിനെപറഞ്ഞ് ദേവി എഴുനീററ് ത്വരയോടെ നടന്നുതുടങ്ങി. വലിയമ്മയും ദേവിയെ പിന്തുടൎന്നു. വഴി മദ്ധ്യേ—

കാ-അ:—ദേവി, നിനക്കു ദുസ്സാമൎത്ഥ്യവും, സ്വാൎത്ഥവും വളരെയുണ്ട്. നീ മററുള്ളവരുടെ മനോവേദനയെ ലേശവും അറിയുന്നില്ല. ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും, നിന്ദക്കും, നീരസത്തിന്നും, അപ്പയെ എന്നന്നേക്കും പാത്രീഭൂതനാക്കുവാൻ നീ ഉറച്ചുകഴിഞ്ഞു. ഇല്ലേ?

ദേ.— ഇനി ഇതിനെക്കുറിച്ചു യാതൊന്നും പറവാൻ ഭാവമില്ല. എൻെറ അഭിപ്രായം ഇന്നതെന്നു നിങ്ങൾ നല്ലവണ്ണമറിഞ്ഞിരിക്കുന്നു.

കാ-അ: — നീ അവനെ മയക്കി പാട്ടിൽ വെച്ചിട്ടുണ്ട്. ഇല്ലേ?

ദേ:—ഞാനങ്ങിനെയൊന്നും പറഞ്ഞിട്ടില്ല. എനിക്കു മേലിൽ നന്മയുണ്ടാകുന്ന വിധത്തിലെല്ലാം ഞാൻ പ്രവൃത്തിക്കും. എനിക്കങ്ങിനെയൊരവസരം ലഭിക്കുമ്പോൾ ഞാനുമായി യാതൊരുവിധത്തിലും ബന്ധപ്പെടാത്ത നിങ്ങളിൽ ചിലരുടെ അനിഷ്ടത്തെ തൃണവൽകരിപ്പാൻ എനിക്കു യാതൊരു ക്ലേശവുമുണ്ടാവില്ല.

കാ-അ:—ശരി. വളരെ അസ്സലായി. ഞാൻ പറയുന്നതിനെ നീ ഗണ്യമാക്കുന്നില്ല അല്ലേ? ധൎമ്മം, മൎയ്യാദ, തൻെറടം, നന്ദി മുതലായ സൽഗുണങ്ങളുടെ കുറഞ്ഞൊരംശം കൂടി നിന്നിൽ കാണുന്നില്ല. നീ അപ്പയെ നശിപ്പിക്കുവാനുറച്ചു. നീകാരണമായി യോഗ്യനായ ഒരു യുവാവ് ലോകനിന്ദക്കു വിഷയീഭവിച്ചു.

ദേ:—ഞാനദ്ദേഹത്തെ ഭൎത്താവായി വരിച്ചതുകൊണ്ട് എനിക്കു സൽഗുണങ്ങളൊന്നും ഇല്ലാതാവില്ല. അദ്ദേഹം എന്നെ വിവാഹം ചെയ്യാനാഗ്രഹിക്കുന്ന പക്ഷം നിങ്ങളുടെ സുഖക്കേടുവിചാരിച്ച്-ഒരുനിമിഷംകൂടി താമസിക്കാതെ ഞാനതിന്നു സമ്മതിക്കും. ജനങ്ങൾ ഇതിനെപ്പററി അന്യായമായി യാതൊന്നും പറയില്ല. സ്വാൎത്ഥം സാധിക്കാതെ വല്ലവരും വല്ല പരുഷവാക്കുകളും പറകയാണെങ്കിൽ എനിക്കതുകൊണ്ടൊരു ദൂഷ്യവും വരാനില്ല.

കാ–അ:—നിൻെറനിശ്ചയങ്ങൾഇങ്ങിനെയെല്ലാമാണല്ലേ? ഇനിവേണ്ടതെന്താണെന്നെനിക്കറിയാം. ദേവീ, നിൻെറ ആഗ്രഹം സാധിക്കുമെന്ന് ഒരിക്കലും നീ കരുതേണ്ട. കാര്യംപറഞ്ഞാൽ ധരിക്കുന്നൊരു കുട്ടിയാണ് നീ എന്നുവിചാരിച്ച് കുറച്ചു പറഞ്ഞുനോക്കി. അത്രയേ ഉള്ളു. ദേവീ, ഈവിവാഹം നടക്കുവാൻ ഞാൻ സമ്മതിക്കില്ല. നോക്കിക്കൊ. ഞാൻ പറഞ്ഞപോലെ പ്രവൃത്തിക്കും. സംശയമില്ല. താന്തോന്നിയായ ഒരു പെണ്ണിൻെറ ദുശ്ശാഠ്യം നിമിത്തം ചെറുശ്ശേരി വലിയമ്മയുടെ മനോരഥം അസാദ്ധ്യമാവുകയൊ?നോക്കട്ടെ.—എന്നും മററും പറഞ്ഞ് വലിയമ്മ കോപത്താൽ വേപഥുഗാത്രിയായി ധൃതിയോടെ തൻെറ വണ്ടിയുടെ സമീപത്തുചെന്നു. "ദേവീ, ഞാൻ നിന്നോടു യാത്രപറയുവാൻ ഭാവമില്ല. നിൻെറ അമ്മയോടും പറയാൻ വിചാരിക്കുന്നില്ല. നിങ്ങളോടു ആദരവുഭാവിക്കാൻ കൊള്ളില്ല. നീ എന്നെ വല്ലാതെ മുഷിപ്പിച്ചു." ഇതിന്നുദേവി സമാധാനമൊന്നും പറഞ്ഞില്ല. അവൾ ആനമ്രവദനയായി വേഗത്തിൽ വീട്ടിലേക്കു വന്നു.

"വലിയമ്മ ഇവിടെ വന്നല്പം വിശ്രമിക്കാതെ പോയതെന്താണ്" എന്നു രുഗ്മിണിയമ്മ മകളോടു ചോദിച്ചതിന്നു സമാധാനമായി "നേരം വൈകിയതുകൊണ്ടാണിങ്ങോട്ടു വരാതെ പോയത്" എന്നു പറഞ്ഞ് ദേവി അമ്മയെ ഒരുവിധത്തിൽ തൃപ്തിപ്പെടുത്തി. താനും വലിയമ്മയുമായി കഴിഞ്ഞ സംഭാഷണം അമ്മയെഅറിയിപ്പാൻ അവൾക്കു വളരെ മടിയുണ്ടായിരുന്നു.

രു–അ:—വലിയമ്മയെ കണ്ടാൽ തന്നെ യോഗ്യതതികഞ്ഞ ഒരു സ്ത്രീയാണെന്നാക്കും തോന്നാതിരിക്കില്ല. ദേവിയോടുള്ള പരിചയം നിമിത്തമാണവരിവിടെ ഇറങ്ങിയത്. വലിയ നിലക്കാർ സാധാരണയായി നമ്മെപ്പോലുള്ളവരുടെ വീട്ടിൽ വരില്ല. വലിയമ്മ അഹംഭാവമുള്ള കൂട്ടത്തി

ലല്ല. വളരെ ആദരവുണ്ട്. ഇപ്പോൾ നമുക്കുഭാഗ്യമുള്ളകാലമായതുകൊണ്ടാണ് ആ മഹതിക്കിവിടെ ഇറങ്ങാൻ തോന്നിയത്. അല്ലെങ്കിൽ ഒരിക്കലും വരില്ലായിരുന്നു.

—∞∞—

## അമ്പത്താറാമദ്ധ്യായം.

വലിയമ്മയുടെ അപ്രതീക്ഷിതമായ ആഗമനം ഹേതുവായി ദേവിക്കുണ്ടായ മനഃക്ഷോഭത്തെ നിഷ്പ്രയാസം അടക്കംചെയ്വാനൊ, തൽസംബന്ധങ്ങളായ വിചാരങ്ങൾക്കു സ്വഹൃദയത്തിൽ സ്ഥലം കൊടുക്കാതെ വളരെ വേഗത്തിൽ അവയെ ദൂരീകരിക്കുവാനൊ അവൾ ശക്തയായില്ല. ശ്രീധരൻനമ്പ്യാരുടെ വിവാഹം നടക്കുമെന്നനുമാനിച്ച് അതിനെ തീരെ മുടക്കം ചെയ്വാനുള്ള ഏകോദ്ദേശത്തോടെയാണു വലിയമ്മ ചെറുശ്ശേരിയിൽനിന്നിത്ര ബുദ്ധിമുട്ടി ഇങ്ങോട്ടു വന്നത്. വലിയമ്മയുടെ ഈ യാത്ര ബുദ്ധിപൂർവ്വമായിട്ടുള്ളതുതന്നെ. സന്ദേഹമില്ല. ഏതു വഴിക്കാണിങ്ങിനെയൊരു ഭൂക്കാറുണ്ടായതെന്നു വളരെ നേരം ആലോചിച്ചിട്ടും ദേവിക്കു വിവരമായില്ല. ശ്രീധരൻനമ്പ്യാർ ഭാസ്കരമേനോന്റെ ആപ്തമിത്രവും, ദേവി ജാനുവിന്റെ കനീയസിയുമാകയാൽ ഭാസ്കരമേനോന്റെ വിവാഹം നടക്കുന്ന അവസ്ഥക്കു ശ്രീധരൻനമ്പ്യാരുടേയും നടക്കുവാൻ വഴിയുണ്ടെന്നൂഹിച്ചു വല്ലവരും പറഞ്ഞതായിരിക്കാം. ഭാസ്കരമേനോന്റെ വിവാഹം കഴിഞ്ഞാൽ താനും, ശ്രീധരൻനമ്പ്യാരുമായുള്ള കൂടക്കാഴ്ച പൂർവ്വാധികം വർദ്ധിക്കുമെന്നുള്ള കഥ ദേവിക്കു തോന്നാസ്സയില്ല. ഇവയെല്ലാമാലോചിച്ച് അമ്മാളുക്കുട്ടിയുടെ കൂട്ടർ—ഭാവിയിൽ പക്ഷെ സംഭവിച്ചേക്കാമെന്നു താൻ സംശയിച്ചിരുന്ന സംഗതിയെ—ഉടൻതന്നെ നടക്കുമെന്നു തീർച്ചപ്പെടുത്തി വിവരം അമ്മാളുക്കുട്ടിയെ അറിയിച്ച് അങ്ങിനെ കേളുമേനോൻ വഴിക്കായിരിക്കും വലിയമ്മ ധരിച്ചതെന്നവസാനം ദേവി നിശ്ചയിച്ചു.

വലിയമ്മയുടെ ചില വാക്കുകൾ ഓൎമ്മിച്ചപ്പോൾ അവർ ഇതിൽ വല്ല തകരാറുകളും പ്രവൃത്തിക്കുമെന്നു ശങ്കിച്ചു ദേവിക്കു മനസ്സിന്നു സുഖമില്ലാതായി. വലിയമ്മ ശ്രീധരൻനമ്പ്യാരെ നേരിട്ടു കണ്ടു വിവാഹം മുടക്കംചെയ്യാൻ പരിശ്രമിക്കുമെന്നുള്ളതു തൎക്കമില്ലാത്ത സംഗതിയാകുന്നു. നമ്പ്യാൎക്കു വലിയമ്മയിലുള്ള സ്നേഹം എത്രമാത്രം ഹൃദയപൂൎവ്വമായിട്ടുള്ളതാണെന്നും വലിയമ്മയുടെ അഭിപ്രായങ്ങളെ എത്രത്തോളം വിലവെക്കാറുണ്ടെന്നും, ദേവിക്കറിവില്ലെങ്കിലും, തന്നെക്കാൾ അദ്ദേഹത്തിന്നവരിൽ ബഹുമാനാദരങ്ങളുണ്ടാകുമെന്നു നിശ്ശങ്കം തീൎച്ചപ്പെടുത്തി. ശ്രീധരൻനമ്പ്യാരുടെ അവസ്ഥക്ക് ഈ വിവാഹം ഒരു വിധത്തിലും ആനുരൂപ്യമില്ലാത്തതാണെന്നു വലിയമ്മ തീൎച്ചപ്പെടുത്തിയിരിക്കുംകൊണ്ടു ഈ വിവാഹജന്യങ്ങളായ ദൂഷ്യങ്ങളെ വിസ്തരിക്കുമ്പോൾ അദ്ദേഹത്തിൻെറ മനോദൌൎബ്ബല്യത്തേയും, ബുദ്ധിചാപല്യത്തേയും കുറിച്ചു ശകാരിക്കാതിരിക്കില്ല. വലിയമ്മയുടെ വാദങ്ങൾ ദേവിക്കു നിസ്സാരങ്ങളും, തിരസ്കൃതങ്ങളുമായി തോന്നിയെങ്കിലും, അദ്ദേഹത്തിന്നു ന്യായ്യങ്ങളും, സ്വീകരണീയങ്ങളുമായി പരിണമിച്ചേക്കാൻ വഴിയുണ്ട്.

"വിവാഹവിഷയത്തെക്കുറിച്ചു യാതൊന്നുമുറയ്ക്കാതെ ശ്രീധരൻനമ്പ്യാർ സന്ദിഗ്ദ്ധാവസ്ഥയിൽ ഇരിക്കയാണെങ്കിൽ തൻെറ ഉററ ബന്ധുവായ വലിയമ്മയുടെ അപേക്ഷയും, ഉപദേശവും, അദ്ദേഹത്തെ സംശയാവസ്ഥയിൽനിന്നും വേർപെടുത്തി, അവസ്ഥാനുസരണം യോഗ്യമായ സുഖാനുഭൂതിക്കു വഴി കാണിച്ചുകൊടുക്കും. ആ വഴി അദ്ദേഹം സ്വീകരിക്കുന്നപക്ഷം പിന്നെ നിശ്ചയപ്രകാരം ഉദ്യാനത്തിലേക്കു മടങ്ങി വരില്ല. അതുകൊണ്ടു പറഞ്ഞവധിക്കു മടങ്ങിവരാൻ സാധിക്കില്ലെന്നദ്ദേഹം ഭാസ്കരമേനോന്ന് അറിവുകൊടുക്കുന്നതായാൽ കാൎയ്യമെല്ലാം തീൎച്ചപ്പെടുത്താം. പിന്നീടു സന്ദേഹമേ വേണ്ട. എൻെറ അഭിലാഷം വ്യൎത്ഥംതന്നെ. അദ്ദേ

ഹത്തെ വരിക്കുവാൻ ഞാൻ സന്നദ്ധയായിരിക്കുന്ന അവസരത്തിൽ അദ്ദേഹം എനിക്കാശാഭംഗമുണ്ടാക്കി കൃതാത്ഥനാവാനാണു ഭാവമെങ്കിൽ അദ്ദേഹത്തെ ചിന്തിച്ച് ഇനി എന്റെ മനസ്സിനെ പുണ്ണാക്കില്ല" എന്നു ദേവി തന്നെത്താൻ ഉറച്ചു.

പിറ്റെ ദിവസം രാവിലെ തപ്പാൽ വന്നശേഷം ദേവി ബാലകൃഷ്ണമേനോന്റെ വായനമുറിയുടെ ഉമ്മറത്തുകൂടി പോകുമ്പോൾ കയ്യിൽ ഒരെഴുത്തോടുകൂടി അദ്ദേഹം പുറത്തു വരുന്നതു കണ്ടു. ദേവിയെ കണ്ടു ഉടനെ ബാലകൃഷ്ണമേനോൻ അവളെ അകത്തേക്കു വിളിച്ചു.

ദേവി പിതാവിന്റെ പിന്നാലെ വായനമുറിയിലേക്കു പോയി. അച്ഛൻ തന്നെ വിളിച്ചതെന്തിനായിരിക്കുമെന്നുള്ള ജിജ്ഞാസ അദ്ദേഹത്തിന്റെ കയ്യിലുള്ള എഴുത്തുകൂടി കണ്ടപ്പോൾ പൂവ്വാധികം വദ്ധിച്ചു. അതു പക്ഷെ വലിയമ്മയുടെ കത്തായിരിക്കുമെന്നുള്ള ഒരു ബോധം അവളുടെ ഹൃദയത്തിൽ തിടുതിയിലുണ്ടായി. അങ്ങിനെയാണെങ്കിൽ അച്ഛന്റെ പ്രശ്നങ്ങൾക്കു വേണ്ടിവരാവുന്ന സമാധാനങ്ങളെ ആലോചിച്ചു ദേവി ഭയപ്പെട്ടു. വായനമുറിയിൽ പോയിരണ്ടാളും ഇരുന്നശേഷം —

ബാ-കൃ-മേ — ഇന്നത്തെ തപ്പാലിൽ കിട്ടിയ ഈ എഴുത്തു വായിച്ചപ്പോൾ ഞാൻ വല്ലാതെ അത്ഭുതപ്പെട്ടു. ഇതിൽ കാൎയ്യമായിട്ടുള്ള ഭാഗം ദേവിയെ സംബന്ധിച്ചിട്ടുള്ളതാകുന്നു. എന്റെ പുത്രിമാരിൽ രണ്ടുപേരുടെ വിവാഹം സമീപിച്ചിരിക്കുന്ന വിവരം ഞാനിതുവരെ അറിഞ്ഞിരുന്നില്ല. ദേവിയുടെ പ്രസിദ്ധപ്പെട്ട ഈ വിജയത്തിൽ എനിക്കനുമോദിക്കാതെ കഴിയില്ല.

കത്തിന്റെ ഉടമസ്ഥൻ വലിയമ്മയ്ക്കു പകരം ശ്രീധരൻനമ്പ്യാരാണെന്നു ബോദ്ധ്യമാവുകയാൽ ദേവിയുടെ മുഖത്തു ദശനീയമായ ഒരു വൎണ്ണവ്യത്യാസമുണ്ടായി. അദ്ദേഹം

തനിക്കു യാതൊന്നുമെഴുതാതെ ഇങ്ങിനെ അച്ഛനെഴുതിയതിൽ സന്തോഷിക്കയൊ ശഠിക്കയൊ ചെയ്യേണ്ടതെന്നു ദേവി സംശയിച്ചുകൊണ്ടിരിക്കുമ്പോൾ വീണ്ടും—

ബാ-കൃ-മേ വിവരമെല്ലാം നിനക്കറിവുള്ളപോലെ തോന്നുന്നു. ഈ വക സംഗതികളിൽ യുവതിമാരുടെ ദൃഷ്ടി എത്ര അഗാധത്തിലും എത്തുമെന്നുള്ളതിന്നു സംശയമില്ല. എങ്കിലും ഈ കാൎയ്യത്തിൽ നിന്റെ തീക്ഷ്ണബുദ്ധിയെക്കൂടി ഞാൻ തോല്പിക്കും. നിന്റെ വരൻ ആരെന്നറിയുമോ? ഈ കത്തു കേളുവിന്റേതാണ്.

ദേ—കേളുജ്യേഷ്ഠന്റെ കത്തൊ? അദ്ദേഹം എന്താണെഴുതിയിരിക്കുന്നത്?

ബാ-കൃ-മേ ഗൌരവമായ ചില സംഗതികളുണ്ട്. കത്തിലെ പ്രാരംഭം ജാനുവിന്റെ വിവാഹത്തെക്കുറിച്ചുള്ള അനുമോദനമാകുന്നു. സുശീലകളും വാചാലകളുമായ അമ്മാളുക്കുട്ടിയുടെ അനുജത്തിമാരാണ് ഈ വൎത്തമാനം അറിയിച്ചതെന്നു തോന്നുന്നു. കത്തിലെ ആദ്യഭാഗം വായിച്ച് നിന്റെ ക്ഷമയെ പരീക്ഷിക്കുവാൻ ഞാനൊരുങ്ങുന്നില്ല. നിന്നെ സംബന്ധിച്ചുള്ള ഭാഗം മാത്രം വായിക്കാം. "സന്തോഷാവഹമായ ഈ കാൎയ്യത്തിൽ ഞങ്ങളുടെ ഇരുവരുടേയും അവ്യാജമായ അഭിനന്ദനം അറിയിച്ചതിന്നു ശേഷം മറെറാരു സംഗതികൂടി അല്പം സൂചിപ്പിക്കട്ടെ! ജാനുവിന്റെ കല്യാണവിവരമറിയിച്ചവരിൽനിന്നുതന്നെയാണ് ഇതും ഗ്രഹിച്ചത്. ജാനുവിന്റെ വിവാഹം കഴിഞ്ഞാൽ താമസിയാതെ ദേവിയും ഭൎത്തൃമതിയാകുമെന്നു കേട്ടു. ഭാവിയിൽ അവളുടെ ജീവിതസുഖത്തിന്നു ഭാഗഭാക്കായ ആ മാന്യൻ ഈ ദിക്കിൽ സൎവ്വരാലും സബഹുമാനം ആദരിക്കപ്പെടുന്ന ഒരു മഹാശയനാകുന്നു' ദേവീ, ഈ മഹാശയനാരെന്നൂഹിക്കുവാൻ കഴിയുമോ? "സൌന്ദൎയ്യൌദാൎയ്യശൌൎയ്യപ്രഭൃതിപലഗുണം ചേ

ന്വിഖ്യാതനായിട്ടുള്ള ഈ യുവാവ് ധനം, കുലം. പ്രാഭവം, മുതലായി അഭിലഷണീയങ്ങളായ സമസ്തയോഗ്യതകളാലും അനുഗൃഹീതനാകുന്നു. ഈ വക പ്രലോഭനങ്ങൾക്കു വശഗരായി, ഗാഢാലോചന ചെയ്യാതെ, അമ്മാമനും ദേവിയും അദ്ദേഹത്തിൻെറ ഇഷ്ടാനുസരണം വർത്തിക്കുവാൻ ധൃതിയിൽ നിശ്ചയിക്കുന്ന പക്ഷം ഉണ്ടാകാവുന്ന ഭവിഷ്യൽഫലങ്ങൾ നിസ്സാരങ്ങളായിട്ടുള്ളവയല്ലെന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.'' ദേവീ, ഈ മാന്യ മഹാത്മാവാരെന്നറിന്നറിയുമൊ? ഇപ്പോൾ സ്പഷ്ടമാവും. ''അദ്ദേഹത്തിൻെറ അച്ഛൻപെങ്ങളായ ചെറുശ്ശേരി വലിയമ്മ അവർകൾക്കു ശ്രീധരൻനമ്പ്യാർ ദേവിയെ വിവാഹം ചെയ്യുന്നതിൽ തീരെ വിരോധമുള്ളതായി കാണുകയാലാണ് ഞാനിങ്ങിനെ എഴുതുവാൻ നിശ്ചയിച്ചത്'' അതാ, വരൻ വെളിച്ചത്തു വന്നു. ശ്രീധരൻനമ്പ്യാരാണത്രെ' എങ്ങിനെ ദേവീ, അത്ഭുതം തോന്നുന്നില്ലേ? ഛെ, പററിയില്ല. ഈ കളവു സൃഷ്ടിച്ചവൎക്ക് സാമൎത്ഥ്യം പോരാ. അസത്യം പറയുകയാണെങ്കിലും, കേട്ടാൽ വിശ്വസിക്കത്തക്കതായിരിക്കണ്ടേ? ശ്രീധരൻനമ്പ്യാരെ കഴിച്ചുവിട്ടു നമ്മുടെ പരിചയക്കാരിൽപെട്ട മററു വല്ലവരേയും പറയായിരുന്നില്ലെ? എന്നാൽ കുറച്ചു സംശയത്തിനെങ്കിലും അവകാശമുണ്ടാകുമായിരുന്നു. കളങ്കം കാണ്മാൻ ജാഗരൂകരായി സദാ ദോഷൈകദൃഷ്ടിയോടെ യുവതിമാരെ നോക്കുന്ന ശ്രീധരൻനമ്പ്യാർ അല്ലെ! അങ്ങിനെയല്ലെ നീ ധരിച്ചിരിക്കുന്നത്! നിന്നിൽ അശേഷം സ്നേഹബഹുമാനം പ്രദർശിപ്പിച്ചിട്ടില്ലാത്തകരാൾ!! കഷ്ടം! ജനങ്ങൾക്കെന്തുതന്നെപറഞ്ഞുകൂട! ഉം! വായക്കു നികുതിയില്ലല്ലൊ, അല്ലെ?

അച്ഛൻെറ നേരംപോക്കിൽ പങ്കുകൊള്ളുവാനായി ദേവി യത്നിച്ചുനോക്കിയെങ്കിലും വളരെ സാഹസപ്പെട്ട് ക

ന്ന് പുഞ്ചിരിതൂകുവാനെ അവൾക്കു സാധിച്ചുള്ളൂ. പിതാവിന്റെ വിനോദവാക്കുകൾ അന്നേവരെ ഒരിക്കലും അവൾക്കിത്ര വിരസങ്ങളായി ഭവിച്ചിട്ടില്ല.

ബാക്യ-മേ—ദേവീ, എന്താ മിണ്ടാതിരിക്കുന്നത്. ആകപ്പാടെ നല്ല നേരംപോക്കില്ലേ? പറയൂ.

ദേ—ഉവ്വ്; എഴുത്തവസാനിച്ചുവൊ?

ബാ. കൃ. മേ—ഇല്ല. വായിക്കാം. "ശ്രീധരൻനമ്പ്യാരുടെ വിവാഹവൃത്താന്തം ഇന്നലെ രാത്രി ഞാൻ വലിയമ്മയെ അറിയിച്ചപ്പോൾ അവർ സഹജമായ ദാക്ഷിണ്യത്തോടെ അവരുടെ അഭിപ്രായം തുറന്നു പറഞ്ഞു. ദേവിയുടെ തറവാട്ടുവാഴ്ച കൊണ്ടും, മററു പല കാരണങ്ങളാലും, നിശ്ശേഷം ഗർഹണീയമായ ഈ വിവാഹത്തിന്നു അവർ ആജീവനാന്തം അനുമതികൊടുക്കില്ലെന്നു ശപഥംചെയ്തു. ഗുരുജനാനുമതി ലഭിക്കാതെ സ്വേച്ഛപ്രകാരംനടത്തുന്ന ഒരു വിവാഹമാകയാൽ വഴിപോലെ ആലോചിച്ചു പ്രവൃത്തിക്കേണ്ടതാവശ്യമെന്നു വിചാരിച്ച് വിവരം കഴിയുന്ന വേഗത്തിൽ അങ്ങോട്ടറിയിക്കേണ്ടതെന്റെ മുറയായി കരുതി. ലീലയുടെ നിന്ദ്യകൃത്യം അധികം പരസ്യമാവാതെ ഇങ്ങിനെ ഒതുക്കി ഭംഗിയായി കലാശിപ്പിച്ചതിൽ ഞാൻ സത്യമായും സന്തോഷിക്കുന്നു. വിവാഹത്തിന്നു മുമ്പായി അവർ ഒരുമിച്ചു താമസിച്ച വൃത്താന്തം ചിലരെല്ലാമറിഞ്ഞതിൽ വ്യസനിക്കാതെ നിർവ്വാഹമില്ല. വിവാഹാനന്തരം ഉടനെതന്നെ മുല്ലവളപ്പിലേക്കു വരുന്നതിന്നു അമ്മാമൻ അവർക്കനുമതി നൽകിയതായറിഞ്ഞപ്പോൾ ഞാൻ ആശ്ചര്യപരതന്ത്രനായെന്നു സമ്മതിക്കാതെ കഴികയില്ല. അങ്ങിനെ അനുമതിനൽകിയത് അശേഷം നന്നായില്ലെന്നു അവിടുത്തെ മനസ്സാക്ഷിതന്നെ ഇപ്പോൾ പറയുന്നുണ്ടാവും. ഏവംവിധങ്ങളായ ഒഴികഴിവുകൾ കൊടുത്താൽ ദുഷ്പ്രവൃത്തിക്കുള്ള വാസന വർദ്ധിക്കുകയ

ല്ലാതെ ക്ഷയിക്കയില്ലെന്നുള്ളതു തക്കമററ സംഗതിയാകുന്നു. ഞാനവിടെയുണ്ടായിരുന്നുവെങ്കിൽ ഇതിനെ തീരെ വിരോധിക്കുമായിരുന്നു. ഉത്തമനായ ഒരു ഹിന്തുവിൻെറ നിലയിൽ അവിടുന്നവക്കു മാപ്പുകൊടുക്കേണ്ടതാവശ്യംതന്നെ. എന്നാൽ അവരെ ദശിക്കുവാനൊ, അവരുടെ നാമധേയമുച്ചരിക്കുവാനൊ, ശ്രവിക്കുവാനൊ പാടില്ലാത്തതാകുന്നു.'' ഇതാണ് ഉത്തമനായ ഒരു ഹിന്തുവിൻെറ കൃത്യത്തെക്കുറിച്ചുള്ള അവൻെറ അഭിപ്രായം. ഇനിബാക്കിയെല്ലാം അവൻെറ ഗൃഹസ്ഥാശ്രമസുഖത്തേയും, പ്രിയതമയേയും കുറിച്ചാകുന്നു. ദേവിക്കെന്തോ രസിച്ചില്ലെന്നുണ്ടോ? അല്പം വിഷാദമുള്ളപോലെ തോന്നുന്നു. ഇതിലൊക്കെ കുണ്ഠിതപ്പെടുവാനുണ്ടോ? ജനങ്ങൾ അവരുടെ യുക്തിക്കനുസരിച്ച് വാഗ്വിലാസംപോലെ ഓരോന്നു കെട്ടിച്ചമക്കുന്നതിനെ തടസ്ഥംചെയ്വാനാക്കു കഴിയും? ഈ വക കാൎയ്യങ്ങളിൽ വിഷാദിക്കുന്നതിനു പകരം സന്തോഷം നടിച്ച് ഇങ്ങിനെയുള്ള അസത്യസ്രഷ്ടാക്കളെ തോല്പിക്കണം.

ദേ—ഹെയ്, എനിക്കല്പവും വിഷാദമില്ല. എന്നല്ല വളരെ സന്തോഷംതോന്നുന്നുമുണ്ട്. ഏതായാലും ഇതു വല്ലാത്ത അത്ഭുതകരമായ ഒരു വൎത്തമാനമാകുന്നു.

ബാ. കൃ. മേ—അതെ വളരെ രസകരമായിട്ടുള്ളതുതന്നെ. വരനെ കണ്ടുപിടിച്ചതിലല്ലേ അതിൻെറ ജീവൻ കിടക്കുന്നത്. വേറെ വല്ലവരേയുമാണ് പറഞ്ഞതെങ്കിൽ ഇത്രയൊക്കെ അത്ഭുതവും, രസവും, തോന്നുമോ? അദ്ദേഹത്തിൻെറ സുസ്പഷ്ടമായ അനാസ്ഥയും, അനാദരവും, നിൻെറ പ്രബലമായ അനിഷ്ടവും കൂടിയാലോചിക്കുമ്പോൾ എന്താണ് പറയേണ്ടത്. എഴുത്തെത്തുന്ന കാൎയ്യത്തിൽ ഞാൻ വളരെ അലസനാണെങ്കിലും കേൾവുമായുള്ള കത്തെടവാടിൽ ഒട്ടുംതന്നെ അജാഗ്രതവരുത്തില്ല. വിക്രമ

മേനോൻെറ കാപട്യകൌടില്യാദികൾ വിലവെക്കത്തക്കവതന്നെ. എങ്കിലും കേളുവിൻെറ എഴുത്തു വായിക്കുമ്പോൾ എനിക്കവനെ വിക്രമമേനോനെക്കാൾ ബഹുമാനം തോന്നാറുണ്ട്. ദേവീ, വലിയമ്മ ഇതിനെസ്സംബന്ധിച്ച വല്ലതും പറഞ്ഞുവൊ? അവരുടെ വിസമ്മതം അറിയിക്കുവാനാണൊ വന്നത്?

ഈ ചോദ്യത്തിന്നു സമാധാനമായി ദേവി ഒന്നു ചിരിച്ചു. ബാലകൃഷ്ണമേനോന്നു ലേശവും സംശയമില്ലാതിരുന്നതിനാൽ തൻെറ ചോദ്യം പുനരാവൎത്തിച്ച ദ്രോഹം ദേവിയെ കഷ്ടപ്പെടുത്തിയില്ല. സ്വകീയാന്തൎഗ്ഗതങ്ങളെ മറച്ചുവെച്ച് മറെറാരു ഭാവം പുറത്തു നടിക്കുവാൻ അവളൊട്ടേറെ ബുദ്ധിമുട്ടി. അവൾക്കത്യന്തം സങ്കടം തോന്നിയിരുന്ന അവസരത്തിൽ സന്തോഷം നടിക്കുവാൻ നിർബ്ബന്ധിതയായി. ശ്രീധരൻനമ്പ്യാരുടെ അനാസ്ഥയേയും, അനാദരവിനേയും കുറിച്ച് ബാലകൃഷ്ണമേനോൻ പറഞ്ഞതവളുടെ ഹൃദയത്തിൽ മനോവ്യഥയെ ജനിപ്പിച്ചു. ബാലകൃഷ്ണമേനോന്നുപേരംഗിതജ്ഞാനം തീരെ ഇല്ലെന്നുവരുമോ; അതോ താൻ ശ്രീധരൻനമ്പ്യാരുടെ സ്വഭാവം തെററിദ്ധരിച്ച് അധികമെല്ലാം വിചാരിച്ചതായിരിക്കുമൊ എന്നു സംശയിച്ച് ദേവി വിഷണ്ണയായി.

## അമ്പത്തേഴാമദ്ധ്യായം

ബുധനാഴ്ചവൈകുന്നേരം ഏകദേശം അഞ്ച് അഞ്ചരമണി സമയത്ത് മുല്ലവളപ്പിലെ പൂന്തോട്ടത്തിലുള്ള ഒരു ചന്ദനവൃക്ഷത്തിൻകീഴിൽ വിശാലമായ ഒരു കരിങ്കല്ലിന്മേൽ ആലോചനാഗ്രസ്തയായിരിക്കുന്ന ഈ യുവതി ആരായിരിക്കാം. സംശയിപ്പാനുണ്ടോ? അവൾ നമ്മുടെ ദേവിയാകുന്നു. അവളുടെ സമീപത്തു താമരയിലകൊണ്ടുള്ള കുമ്പിളുകളിലായി ഈഷദ്വികസിതങ്ങളായ പിച്ചകാദിസുമങ്ങളും, അവയെ ബന്ധി

പ്പാനുള്ള ചരട്ടകളും കാണുന്നുണ്ട്. അവൾ ഇടക്കിടെ നിശ്വസിക്കയും, അനാസ്ഥയോടെ പുഷ്പങ്ങളെ കടാക്ഷിക്കയും, ചെയ്യുന്നു. അവളുടെ വ്യസനത്തിന്നുള്ള ഹേതു എന്തായിരിക്കാം? അവൾ മാലകെട്ടുവാനുദ്ദേശിച്ചിട്ടല്ലയോ പുഷ്പങ്ങളും, ചരട്ടകളും ശേഖരിച്ചത്? അതെ. വായനക്കാരെ, നിങ്ങൾ വിചാരിക്കുന്നപോലെതന്നെ മാലകെട്ടുവാനുള്ള ഉദ്ദേശത്തോടെയാണവൾ പുഷ്പങ്ങളും, ചരട്ടകളും ശേഖരിച്ചതെങ്കിലും രണ്ടുദിവസംമുമ്പെ തൻെറയും, ചെറുശ്ശേരി കാത്ത്യായനിയമ്മയുടേയും വാദപ്രതിവാദത്തിന്നു സാക്ഷികളാകുന്ന വൃക്ഷലതാദികളേയും, കാത്ത്യായനിയമ്മ ഇരുന്ന മുല്ലത്തറയേയും കണ്ടപ്പോൾ ദേവിയുടെ ഹൃദയം വിചാരശല്യങ്ങളാൽ കലിതമായി. അവൾ ആരംഭിച്ചിരുന്ന പ്രവൃത്തിയിൽ വിരസത ജനിച്ചു. പുഷ്പങ്ങളിലുള്ള കൌതുകം നശിച്ചു. ലോകത്തെ വെറുത്തു. ജീവിതത്തിൽ കൊതി വെടിഞ്ഞു. തന്നത്താൻ നിന്ദിച്ചു. തൻെറ നിർഭാഗ്യത്തിൽ വ്യസനിച്ചു. തങ്ങളുടെ സംഭാഷണത്തിന്നു വിഷയീഭൂതനായ പുരുഷരത്നത്തിൻെറ സുന്ദരവിഗ്രഹം ദേവിയുടെ ഹൃദയത്തിൽ പ്രത്യക്ഷമായി. "ഞങ്ങളുടെ വിവാഹത്തിന്നു തടസ്ഥമായി കാത്ത്യായനിയമ്മ പറഞ്ഞിട്ടുള്ള സംഗതികളെല്ലാം സാരമില്ലാത്തതാണെന്നു ഞാൻ വിചാരിക്കുന്നപോലെതന്നെ അദ്ദേഹവും വിചാരിക്കുമോ? ഒരിക്കലുമില്ല. ഞാൻ എത്രയും അസാരയായ ഒരു സ്ത്രീ. ഒരിക്കൽ അദ്ദേഹത്തിൻെറ പ്രീതിക്കു പാത്രീഭവിച്ചതുതന്നെ അതിഭാഗ്യംകൊണ്ടായിരിക്കാം. ഞങ്ങളുടെ മോശാവസ്ഥയെ, കാത്ത്യായനിയമ്മ വർണ്ണിക്കുമ്പോൾ മാനിയായ അദ്ദേഹത്തിന്നു എങ്ങിനെ ജുഗുപ്സ തോന്നാതിരിക്കും. ഇനി അദ്ദേഹം ഇങ്ങോട്ടു വരുന്ന കാര്യംതന്നെ സംശയമാണ്. ജ്യേഷ്ഠത്തിയുടെ വിവാഹത്തിന്നു വരുമോ? അതും ഉണ്ടാവില്ല. വല്ല ഒഴികഴിവും പറഞ്ഞ് ഭാസ്കരമേനോനെന്ന് ഒരു കത്തയക്കുകയെയുള്ളൂ എന്നാണ് തോന്നുന്നത്. എത്ര

ചെയ്യാം. വന്നതെല്ലാം വന്നുകഴിഞ്ഞു. ഇനി എനിക്കൊരാ ഗ്രഹമേയുള്ളൂ. അതെങ്കിലും സാധിച്ചാൽ നന്നായിരുന്നു. ഞാൻ വിവാഹം ചെയ്യാതിരിപ്പാനുള്ള കാരണം മററാരാളും അറിയരുതെന്നു മാത്രം.'' ഏവംവിധങ്ങളായ ആലോചനകളുടെ അവസാനഫലം കഠിനമായ രോദനമാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ദേവിക്കു വ്യസനം സഹിക്കവയ്യാതായി. അവൾ അല്പം ആശ്വസിക്കുവാനെന്നവണ്ണം മുകളിതനേത്രയായി ആ ചന്ദനമരത്തിൽ ചാരിയിരുന്നു. ദേവി മൂർഛിക്കുകയൊ, അല്ല, ഉറങ്ങുകയൊ, അതൊ നിർബ്ബാധമായി സങ്കല്പസുഖമനുഭവിക്കയൊ എന്താണെന്നാർക്കറിയാം!

"ദൈവഗതിക്കുഘവാളവനേസ്മിൻ നൈവകവാടനിരോധമൊരേടം"എന്നൊരു മഹാകവി പറഞ്ഞിട്ടുള്ളതു എത്ര വാസ്തവമായിരിക്കുന്നു. ഹാ, നോക്കുക! ദേവിയുടെ ഹൃദയസരോവിഹാരഹംസമായ ശ്രീധരൻനമ്പ്യാർ ഇതാ പൂന്തോട്ടത്തിലേക്കു വരുന്നു. അദ്ദേഹം അവളുടെ ആനന്ദാനുഭൂതിക്കു വിഘ്നമുണ്ടാക്കാതെ അവളുടെ സമീപത്തുവന്ന് അല്പനേരം അതേനിലയിൽ അവളെ നോക്കിനിന്നു. ദേവി സ്വപ്നാവസ്ഥയിലിരിക്കുന്നതുകൊണ്ട് അവളുടെ സമീപത്തുണ്ടായിരുന്ന പുഷ്പങ്ങളെ വാരിയെടുത്ത് ശരസ്സിൽ ചൊരിഞ്ഞ് അതിസ്നേഹത്തോടെ "ദേവീ, ദേവീ, എന്താ ഉറങ്ങുകയാണോ? "എന്നു ചോദിച്ചു. തന്നെ ആരൊ വിളിക്കുംപ്രകാരം തോന്നുകയാൽ ദേവി സംഭ്രമത്തോടെ വേഗത്തിൽ കണ്ണുമിഴിച്ചുനോക്കിയതു ശ്രീധരൻനമ്പ്യാരുടെ മുഖത്തായിരുന്നു. ഹാ! ഇപ്പോൾ ദേവിയുടെ അവസ്ഥ ഒന്നു കാണുകതന്നെവേണം: അവൾക്കു സ്വന്തം കണ്ണുകളെത്തന്നെ വിശ്വാസമുണ്ടായില്ല. തനിക്ക് എന്തോ ബുദ്ധിഭ്രമം നേരിട്ടിട്ടുണ്ടെന്നവൾ വിചാരിച്ചു. അന്യചിന്തകളൊന്നുംകൂടാതെ എല്ലായ്പോഴും അത്യാസക്തിയോടെ ഒരാളെത്തന്നെ ചിന്തിക്കുകനി

മിത്തം ആകസ്മികമായി തന്റെ മനസ്സിന്നു വന്നുചേൎന്നിട്ടുള്ള ഒരു വക വികൃതിയാണിതെന്നവൾ അവസാനം നിശ്ചയിച്ചു. മനസ്സിനെ സ്വാധീനിക്കുവാനുള്ള ശ്രമത്തോടെ രണ്ടാമതും കണ്ണടച്ച് ആ വൃക്ഷത്തിൽ ചാരിയിരിക്കുന്നതിന്നു മുമ്പായി ശ്രീധരൻനമ്പ്യാരുടെ പ്രേമമസൃണമായ ഗംഭീരധ്വനി വീണ്ടും കേൾക്കുന്നതുപോലെ തോന്നി പുളകിതഗാത്രിയായി പെട്ടന്നെഴുനീററുനോക്കി. അവളുടെ സൎവ്വ സംശയങ്ങളും അസ്തമിച്ചു. തന്റെ പുരോഭാഗത്തു പുഞ്ചിരി തൂകിക്കൊണ്ടു നില്ക്കുന്നാൾ സൎവ്വത്ര മാന്യനായ ശ്രീധരൻനമ്പ്യാരാണെന്നു ബോദ്ധ്യപ്പെട്ടു. ഹൃദയത്തിൽ അഹമഹമികയാ തിങ്ങിവിങ്ങിവരുന്ന പലവിധവികാരജാലങ്ങളാൽ അത്യന്തം വിവശയായ അവൾ ഒരക്ഷരംപോലും സംസാരിപ്പാൻ ശക്തയല്ലാതെ അല്പനേരം അദ്ദേഹത്തെ നോക്കി തൃപാനമ്രവദനയായിനിന്നു. ദേവിയുടെ ഇപ്പോഴത്തെ വിചാരങ്ങളിൽ പത്തിന്നു നാലുകണ്ടെങ്കിലും ശ്രീധരൻനമ്പ്യാർ ധരിച്ചില്ലെങ്കിൽ അദ്ദേഹംതന്നെയാണ് വിഡ്ഢികളിൽ പ്രമാണി, സംശയമില്ല. വിജനത്തിൽ നമ്പ്യാരുടെ ദൎശനം ഹേതുവായി അവളിൽ കാണുന്ന രോമാഞ്ചവും, മന്ദാക്ഷഭാരവും, സംഭ്രമവും, അവൾക്കദ്ദേഹത്തോടുള്ള ദുൎവ്വാരമായ അനുരാഗത്തെ വ്യക്തമായി വെളിപ്പെടുത്തി. മുമ്പു പല പ്രാവശ്യവും ദേവി പരോക്ഷമായും, പ്രത്യക്ഷമായും, നമ്പ്യാരെ ദൎശിച്ചിട്ടുണ്ട്. അപ്പോൾ ഒരിക്കലെങ്കിലും അവൾ ഈ വക മനോവികാരങ്ങളാൽ പരാധീനയായിരുന്നില്ല. സമൎത്ഥനായ ശ്രീധരൻനമ്പ്യാർ ഈ തത്വം ക്ഷണേന മനസ്സിലാക്കി സന്തോഷഭരിതനായി പുഞ്ചിരി തൂകി.

ശ്രീ. ന—എന്താ ദേവീ, കുറെ അധികം ഉറങ്ങിപ്പോയൊ? വല്ലാത്ത ഉറക്കം! ഇനിയും ഉറക്കഭ്രാന്തു മാറിയില്ലേ?

ദേ—ഞാൻ ഉറങ്ങിയിട്ടില്ല. എന്തൊക്കയൊ മനോരാജ്യം വിചാരിച്ച് കുറെനേരം സ്വസ്ഥയായിരുന്നു. അതുമെയ്യു

ള്ള. ഇപ്പോൾ കാണുമെന്നു ഞാൻ വിചാരിച്ചിട്ടേയില്ല. ഉദ്യാനത്തിൽ എന്നു വന്നു? ഇവിടെ എപ്പോഴെത്തി? ഭാസ്കരമേനോനെവിടെ?

ശ്രീ. ന—ഇന്നത്തെ മെയിലിന്നു വന്നു. ഇവിടെ വന്നിട്ടധികനേരമായില്ല. സ്നേഹിതൻ ജ്യേഷ്ഠത്തിയോടു സംസാരിച്ചുകൊണ്ടു മുകളിൽ ഇരിക്കുന്നുണ്ട്. അവരുടെ സൈ്വരസല്ലാപത്തിന്നു ഞാൻ നിമിത്തം തടസ്ഥം വരാതിരിക്കണമെന്നു കരുതി ഇങ്ങോട്ടു പോന്നുപോയി. അതു ദേവിക്കു പദ്രവമായോ?

ദേ—എന്താണിങ്ങിനെ പറയുന്നത്. വരവുകൊണ്ടുപദ്രവമുണ്ടായി എന്നു ഞാൻ പറഞ്ഞുവോ? ജ്യേഷ്ഠത്തിക്കും, ഭാസ്കരമേനോന്നും സൈ്വരസല്ലാപത്തിന്നിടകൊടുത്ത് ഇങ്ങോട്ടു വന്നതുകൊണ്ട് എനിക്കു വളരെ സന്തോഷമുണ്ട്. ഞങ്ങളോടു കാണിച്ചിട്ടുള്ള ദയക്കു പ്രത്യുപകാരമായി ഈ സാധുക്കളാൽ യാതൊന്നും ചെയ്വാൻ സാധിക്കില്ല. ഇവിടുന്ന് ഞങ്ങളിൽ കാണിച്ചിട്ടുള്ള ദയക്ക് ഞാനിതാ അനന്തകോടി വന്ദനം പറയുന്നു.

ദേവി പറഞ്ഞവസാനിക്കുന്നതിന്നുമുമ്പായി—

ശ്രീ. ന—ദേവീ, ഇങ്ങിനെ കൊണ്ടാടിസ്തുതിക്കത്തക്കവണ്ണം യാതൊന്നും ഞാൻ ചെയ്തിട്ടില്ല. അങ്ങിനെ വല്ലതും ചെയ്താൽ കൊള്ളാമെന്നു മനഃപൂർവ്വം ആഗ്രഹിക്കുന്നുണ്ട്.

ദേ—(പുഞ്ചിരിയോടെ) ലീലയുടെ വിവാഹകാര്യത്തിൽ ചെയ്തിട്ടുള്ള ശ്രമങ്ങൾ മുഴുവൻ ഞാനറിഞ്ഞിരിക്കുന്നു. ഇനി എന്നിൽനിന്നു മറച്ചുവെക്കുവാൻ ശ്രമിക്കേണ്ട. ഞങ്ങളുടെ മാനത്തെ രക്ഷിപ്പാനായി സ്വാഭിമാനത്തെ ഉപേക്ഷിച്ച് തനിക്കനഹ്ങ്ങളായ പലെ എളിയ കർമ്മങ്ങളും ചെയ്തു അവിടുത്തോട് എനിക്കുള്ള നന്ദിയെ അറിയിപ്പാൻകൂടി ഇതുവരെ സാധിക്കാതെവന്നതു എന്റെ നിർഭാഗ്യമാണ്. ഈ കാര്യത്തിൽ എന്റെ കൃതജ്ഞതമാത്രം

അറിയിച്ചാൽ പോര. വീട്ടുകാരുടെ കൃതജ്ഞതയും, വന്ദനങ്ങളും അറിയിക്കേണ്ടുന്ന ഭാരംകൂടി എന്നിലിരിക്കുന്നുണ്ട്. ഈ വർത്തമാനമൊന്നും അവരാരും അറിഞ്ഞിട്ടില്ല; അവരിൽ ഓരോരുത്തൎക്കുംവേണ്ടി ഞാൻ പറയുന്ന വന്ദനങ്ങൾ സ്വീകരിപ്പാൻ ദയയുണ്ടാകണം.

ശ്രീ. ന—(സുഖക്കേടുനടിച്ച്) ദേവീ, ഇതെല്ലാം എങ്ങിനെയറിഞ്ഞു? അറിയിച്ചതാരാണ്? ശാരദാമ്മ വിശ്വാസവഞ്ചനചെയ്യുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈ വൎത്തമാനം ദേവിയെ ധരിപ്പിച്ചതു നന്നായില്ല. കഷ്ടം! എന്നോടുള്ള കൃതജ്ഞതനിമിത്തം ദേവി സന്തപിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു.

ദേ—അമ്മായിയെ കുറപ്പെടുത്തരുതെ. ലീല ഓരോ വൎത്തമാനങ്ങൾ പറഞ്ഞ കൂട്ടത്തിൽ ആലോചിക്കാതെ കുറച്ചെന്തോ പറഞ്ഞു. ഒട്ടും താമസിക്കാതെ വിവരം മുഴവനും അറിയിപ്പാനായി ഞാൻ അമ്മായിയോടു എഴുത്തുമൂലം അപേക്ഷിച്ചു. ദാക്ഷിണ്യവതിയായ അവർ എന്റെ അപേക്ഷയെ ഉപേക്ഷിക്കാതെ ഉണ്ടായ വിവരങ്ങളെല്ലാം എന്നെ അറിയിച്ചെന്റെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തി. വികൃതികളിൽ അഗ്രേസരനായ വിക്രമമേനോനെ പണം കൊടുത്തു പാട്ടിലാക്കി ലീലയുടെ വിവാഹം നടത്തിയ ഇവിടുത്തോടെനിക്കുള്ള നന്ദിയെ പറഞ്ഞറിയിപ്പാൻ പ്രയാസം. എന്റേയും വീട്ടുകാരുടേയും വകയായി ഞാനിതാ പിന്നേയും, പിന്നേയും വന്ദനം പറയുന്നു.

ശ്രീ. ന—ദേവിക്കെന്നെ വന്ദനം ചെയ്വാനാഗ്രഹമുണ്ടെങ്കിൽ യഥേഷ്ടം ചെയ്തോളു. അതെല്ലാം ഞാൻ വളരെ സന്തോഷത്തോടെ സ്വീകരിക്കാം. എന്നാൽ ദേവിയുടെ വീട്ടുകാരുടെ വകയൊന്നും എനിക്കാവശ്യമില്ല. അവരെ നിന്ദിക്കുന്നതായി വിചാരിക്കരുതെ. അവൎക്കുവേണ്ടി ഞാൻ യാതൊന്നും ചെയ്തിട്ടില്ല. ലീലയുടെ കാൎയ്യത്തിൽ ഞാൻ എ

ളപ്പെട്ടതിന്നു വേറെ ചില കാരണങ്ങളുണ്ടെങ്കിലും ദേവിയു ടെ വ്യസനശാന്തിവരുത്തണമെന്നുള്ള എൻെറ വിചാരം അവയിൽ ഒട്ടുംതന്നെ അപ്രധാനമല്ലാത്ത ഒന്നാകുന്നു. (താണസ്വരത്തിൽ) ഞാൻ ദേവിയെ മാത്രം വിചാരി ച്ചിട്ടാണ് ഇതെല്ലാം ചെയ്തത്. എന്നു പറഞ്ഞദ്ദേഹം പ്രേ മവിവശനായി ദേവിയുടെ മുഖത്തു നോക്കി ഇളകാതെ നിന്നു. അല്പം കഴിഞ്ഞ് വീണ്ടും—

ശ്രീ. ന—ദേവി, നമ്മൾ കുറെനേരമായല്ലോ നിന്നു സംസാ രിക്കുന്നു. എനിക്കിങ്ങിനെ ഇപ്പോൾ നില്ക്കാൻ വയ്യാ. വ രൂ. നമ്മളിതിൽ ഇരിക്കുക. എന്നു പറഞ്ഞദ്ദേഹം ദേവി യുടെ മറുപടിക്കു കാക്കാതെ ആ കരിങ്കല്ലിൽ ഇരുന്നു. ദേ വിയോടും ഇരിക്കുവാനാവശ്യപ്പെട്ടു.

ദേ—അയ്യോ, ഞാൻ മറന്നുപോയി. ആദ്യംതന്നെ ഇരിക്കു വാൻ പറയേണ്ടതായിരുന്നു. തല്ക്കാലമുണ്ടായ പരിഭ്രമ ത്താൽ അബദ്ധം പററിയതാണ്. ഉപചാരവാക്കുകളും, ഔദാര്യവും കുറഞ്ഞതുകൊണ്ട് അനിഷ്ടം തോന്നാതിരി പ്പാനപേക്ഷ. ഇതിൽ ഇരിക്കുവാൻ സുഖമുണ്ടാവില്ല. അ താ ആ കാണുന്ന മുല്ലത്തറയിൽ പോയാൽ സുഖമായി രിക്കാം.

ശ്രീ. ന—വേണ്ട. ഇവിടെത്തന്നെ ഇരുന്നാൽ മതി. ദേവി എന്താ നില്ക്കുന്നത്? ഇരിക്കരുതെ? ഇവിടെ ഇരിക്കു.

ദേ—എനിക്കു ഇരുന്നു മതിയായിരിക്കുന്നു. അതുകൊണ്ടിനി കുറച്ചുനേരം നില്ക്കുന്നതു സുഖമായിരിക്കും.

ശ്രീ. ന—ദേവിക്കു നില്ക്കുന്നതായിരിക്കാം സുഖമെങ്കിലും എ ൻെറ സുഖത്തിന്നും, സന്തോഷത്തിന്നുമായി അല്പനേരം ഇവിടെ ഇരിക്കു. എന്താ, ഈ കല്ലിൽ ഇരിക്കുന്നതിന്നു വിരോധമുണ്ടോ?

ദേവി എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു നി ല്പായി. ശ്രീധരൻ നമ്പ്യാർ 'ദേവി, ഞാൻ പറഞ്ഞതു കു

റെ അവിവേകമായെയൊ?' എന്നു മാത്രം ചോദിച്ച് അവൾക്കൊരു കാലത്തും മറക്കുവാൻ സാധിക്കാത്തതായ വിധത്തിൽ അവളെ ഒന്നു കടാക്ഷിച്ച് വിഷണ്ണനായി തല താഴ്ത്തി. അദ്ദേഹത്തിൻെറ മുഖം നിമിഷംപ്രതി മ്ലാനമാകുന്നത് കണ്ടപ്പോൾ അവളുടെ ലജ്ജയും, സങ്കോചവും, എവിടെയൊ ഓടി ഒളിച്ചു. കുവലയദളങ്ങൾ പോലെ ആയതങ്ങളായ നേത്രങ്ങളിൽ അശ്രുക്കൾ പെരുകി. ഇതു സന്തോഷംകൊണ്ടൊ സന്താപംകൊണ്ടൊ എന്നവൾക്കുതന്നെ നിശ്ചയമില്ല.

ദേ__(ലജ്ജയോടെ) ഇതാ നോക്കു. ഞാൻ ഈ കല്ലിൽ തന്നെ ഇരിക്കാം. ഇവിടുന്നെന്നോടു പറഞ്ഞത് അവിവേകമെന്നു ശങ്കിച്ച് ഇനിയും പശ്ചാത്തപിക്കയാണൊ? ഇതു പുരുഷന്മാക്ക് യോജിച്ചതോ?

ശ്രീ. ന__ദേവിക്കെപ്പോഴം നേരമ്പോക്കുതന്നെ. ഞാനൊന്നു ചോദിക്കട്ടെ. അതിന്നു ശരിയായ മറുപടി പറയാമൊ? ദേവിയുടെ അഭിപ്രായം ഒട്ടും ഒളിക്കരുത്. ഞാൻ ചെറുശ്ശേരിയിൽ വെച്ച് ദേവിയോടാവശ്യപ്പെട്ട സംഗതി തന്നെ ഇപ്പോളിതാ ആവശ്യപ്പെടുന്നു. ഇതിന്നുള്ള സമാധാനം അന്നു പറഞ്ഞതു തന്നെയാണൊ? എന്നാലതു വേഗത്തിൽ പറയു. മടിക്കേണ്ട. പിന്നെ ഇതിനെക്കുറിച്ച്, ഈ ജന്മത്തിൽ ഞാൻ ദേവിയോടു ചോദിച്ചുപദ്രവിക്കില്ല.

ദേവിക്കു തന്നിൽ പൂണ്ണാനുരാഗമുണ്ടെന്നു നമ്പ്യാക്ക് വിശ്വാസമുണ്ടായിരുന്നിട്ടും അവളുടെ മറുപടി കേൾപ്പാൻ ധൈയ്യമുണ്ടായില്ല. പ്രേമലജ്ജയാൽ അരുണവണ്ണമായ മുഖത്തെ കരകമലങ്ങളാൽ മറച്ച് സസംഭ്രമം ഗൽഗദത്തോടെ ദേവി 'പ്രാണനാഥാ, ഞാനിവിടക്കധീനയാകുന്നു. എന്നാൽ ദേഹദേഹികൾ ഒന്നായിരിക്കുന്ന കാലത്തോളം ഇതിന്നു യാതൊരു മാററവും സംഭവിക്കുന്നതല്ല. ഇവിടുന്നാണെ

ൻെറ സർവ്വസ്വവും, സദാ ഇവിടത്തെ പ്രീതിയെ കാംക്ഷി ച്ചുംകൊണ്ടിരിക്കുന്ന ഇവൾ ഇവിടത്തെ അപ്രിയമായിട്ടുള്ളതിനെ മനസ്സുകൊണ്ടു സ്മരിപ്പാൻ പോലും ശക്തയല്ലല്ലോ. ഞാന്നു തെററിദ്ധാരണയാൽ പറഞ്ഞിട്ടുള്ള അവിവേകത്തെ ക്ഷമിച്ചെനിക്കു മാപ്പു തരില്ലേ?' ഇത്രയും പറയുമ്പോഴക്കു വ്യസനാധിക്യത്താൽ ഇടനെഞ്ഞു പൊട്ടി. ശബ്ദം പുറത്തു പുറപ്പെടാതെയായി. പിന്നെ അദ്ദേഹത്തോട് ഒരു വാക്കുപോലും സംസാരിപ്പാൻ അവൾക്കു കഴിഞ്ഞില്ല. ശ്രീധരൻ നമ്പ്യാരെ ധിക്കരിച്ചതിനാലുള്ള പശ്ചാത്താപം ഈ മാതിരി തീക്ഷ്ണതയോടെ മുമ്പൊരിക്കലും അവളുടെ മർമ്മവിച്ഛേദം ചെയ്തിരുന്നില്ല.

ഹാ! ധീരോദാത്തനായ ശ്രീധരൻ നമ്പ്യാരുടെ ധൈര്യമെവിടെ? വിവേകമെവിടെ? മര്യാദയും, ലൌകികജ്ഞാനവും എവിടെ? അവ മന്മഥബാണങ്ങളാൽ ശിഥിലങ്ങളായൊ? ദേവിയുടെ വിവശഭാവത്തിൽ ലയിച്ചുവൊ? അവളുടെ അശ്രുബിന്ദുക്കളിൽ ഒഴുകിപ്പോയൊ? ദേവിയുടെ അത്യന്തം ദയനീയമായ ഈ അവസ്ഥ കാണുകയാൽ ശ്രീധരൻ നമ്പ്യാർ വളരെ ശ്രദ്ധയോടെ പരിപാലിച്ചിരുന്ന ധൈര്യാദി ഗുണങ്ങൾ തീരെ നഷ്ടമായി. അദ്ദേഹം പെട്ടന്നെഴുനീററ് തൻെറയും, ദേവിയുടേയും ലൌകികനിലയെ വിസ്മരിച്ച് ദേവിയുടെ സമീപത്തു ചെന്ന് തൻെറ ഹസ്തങ്ങളാൽ അവളുടെ കരപല്ലവങ്ങളെ ഗ്രഹിച്ച് അവളെ മാറോടണച്ച് ഗാഢമായി ആലിംഗനം ചെയ്ത്, രക്തവർണ്ണങ്ങളായ കപോലങ്ങളിലും, വിറച്ചുകൊണ്ടിരിക്കുന്ന അധരപുടങ്ങളിലും അത്യാസക്തിയോടെ പലവുരു ചുംബിച്ചു.

ശ്രീ. ന—ദേവി, എൻെറ ദേവി, എന്തിനിങ്ങിനെ വ്യസനിക്കുന്നു? കണ്ണും മുഖവും വല്ലാതെ വാടിയിരിക്കുന്നുവല്ലൊ. ചെറുശ്ശേരിയിൽ വെച്ച് കഴിഞ്ഞ സംഗതി ദേവിയെ ഓർമ്മിപ്പിക്കണമെന്നുള്ള ദുഷ്ടവിചാരമൊ, അന്നെന്നെ

ശകാരിച്ചതോൎത്ത് പരിഭവമെം, ഇപ്പോളെനിക്കില്ല. ദേവിയുടെ മനസ്സറിയുവാൻ വേണ്ടി തല്ക്കാലമുണ്ടായ ക്ഷോഭത്താൽ എന്തൊ ചിലതു പറഞ്ഞു. അതിന്നിത്രയൊക്കെ കരയുവാനുണ്ടൊ? പ്രിയെ, ഇനി കരയരുത്. അമംഗളമായ ഈ കരച്ചിൽ നിൎത്തി പ്രസന്നമുഖിയായി ഞാനാഗ്രഹിക്കുന്നതും, അൎഹിക്കുന്നതുമായ സമ്മാനത്തെ വേഗത്തിൽ തരിക. അതിപ്പോൾ ലഭിക്കാഞ്ഞാൽ ഞാനിപ്പോളനുഭവിക്കുന്ന സന്തോഷവും, ആനന്ദവും പരിപൂൎണ്ണമാവില്ല.

ശ്രീധരൻ നമ്പ്യാരുടെ ഈ പ്രവൃത്തി തല്ക്കാലസ്ഥിതിക്ക് അല്പം അനുചിതമാണെന്നുള്ള തോന്നൽ ദേവിക്കുണ്ടായെങ്കിലും ഇതു നിമിത്തം അവൾക്കു അദ്ദേഹത്തോടു ലേശവും വിപ്രിയമുണ്ടായില്ല. ശ്രീധരൻ നമ്പ്യാരുടെ ആശ്ലേഷത്തിൽ നിന്നു വേർപെടുവാൻ പ്രേമവും,അദ്ദേഹം ആഗ്രഹിക്കുന്നതും, അൎഹിക്കുന്നതും ആയ സമ്മാനം നല്കുവാൻ ലജ്ജയും അവളെ തല്ക്കാലം അനുവദിച്ചില്ല.

ദേ—കഷ്ടം! എന്താണീ പ്രവൃത്തിക്കുന്നത്? വിവേകിയായ ഇവിടക്കു യോജിച്ചതാണോ ഈ പ്രവൃത്തി? ഇവിടുന്നീമാതിരി പ്രവൃത്തിക്കുമെന്നു ഞാൻ വിചാരിച്ചിട്ടുള്ളതല്ല.

ശ്രീ. ന—ദേവീ, എന്നെ ഒരു മനുഷ്യനായി കരുതണം. സാധാരണ മനുഷ്യൎക്കു ഉണ്ടാകുന്ന ചപലതകൾ എനിക്കും ദുർല്ലഭം ചിലപ്പോൾ ഉണ്ടാവില്ലെന്നു വിചാരിക്കേണ്ട. എന്റെ ഈ പ്രവൃത്തി ദേവി വിചാരിക്കുംപോലെ ഈ ഘട്ടത്തിൽ അയുക്തമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ ഞാനനുഭവിക്കുന്ന ആനന്ദം അവൎണ്ണനീയമാകുന്നു. ഇതിന്നിത്രവേഗത്തിൽ ഇടവരുത്തിയ എന്റെ അച്ഛൻപെങ്ങളോടു ഞാനെത്ര കൃതജ്ഞതയുള്ളവനായിരിണക്കം.

ശ്രീധരൻ നമ്പ്യാർ പറഞ്ഞത് വളരെ ശരിയാണ്. വലിയമ്മ ഇടയിൽ പ്രവേശിച്ചില്ലെങ്കിൽ ഇവരുടെ ഈ സമാഗമം ഇത്ര വേഗത്തിൽ സംഭവിക്കുന്ന കാര്യം സംശയമാണ്. വലിയമ്മ മുല്ലവളപ്പിൽ നിന്നു മടങ്ങിയ രാത്രിതന്നെ കോഴിക്കോട്ടുവെച്ചു ശ്രീധരൻ നമ്പ്യാരെ കണ്ടു. ദേവിയിൽനിന്നു ലഭിക്കാത്തതായ വാഗ്ദത്തം അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കണമെന്നു വിചാരിച്ച് ദേവിയുടെ ഓരോ വാക്കുകളിലും ലയിച്ചിരുന്ന ശാഠ്യം ധിക്കാരം പരിഹാസം മുതലായതുകളെ കഴിയുന്നത്ര വർദ്ധിപ്പിച്ച് പൂർവ്വജപുത്രനോടു പറഞ്ഞു. ഇങ്ങിനെയുള്ള ഒരു യുവതിയെ വിവാഹംചെയ്യാനാഗ്രഹിക്കുന്നതു അവിവേകമാണെന്നു പറഞ്ഞ് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ വലിയമ്മ സാഹസപ്പെട്ടു ശ്രമിച്ചു. പക്ഷെ ദുരദൃഷ്ടംകൊണ്ടതിന്റെ ഫലം മറിച്ചാണുണ്ടായത്.

ദേവിയുമായി അല്പനേരം സരസസല്ലാപത്തിന്നാഗ്രഹിക്കുന്ന ശ്രീധരൻ നമ്പ്യാർ ദേവീസഹായനായി ആ കല്ലിൽ തന്നെ ഇരുന്നു. അഭൂതപൂർവ്വമായ ആനന്ദലഹരിയാൽ മതിമറന്നിരിക്കുന്ന ഈ കാമിനീകാമുകന്മാർ സല്ലാപത്തിന്നായി തങ്ങൾക്കു ലഭിച്ച വിലയേറിയ സമയത്തെ കടാക്ഷവീക്ഷണങ്ങൾക്കായി വിനിയോഗിച്ച് അല്പനേരം അലസന്മാരായിരുന്നു.

ദേ—(സാമോദം) വലിയമ്മയെ കണ്ടുവെ‌ാ? അവരെന്തെല്ലാമാണ് പറഞ്ഞത്?

ശ്രീ. ന—(പ്രണയമന്ദഹാസത്തോടെ) അച്ഛൻ പെങ്ങൾ എന്തെല്ലാമൊ പറഞ്ഞു. അവരുടെ സംസാരത്തിൽനിന്നു ഞാനാകപ്പാടെ മനസ്സിലാക്കിയതു ദേവിക്കെന്നിൽ സ്നേഹമുണ്ടെന്നു മാത്രമാണ്. ഇത്ര ബലമായി വിശ്വസിക്കുവാൻ മുമ്പൊരിക്കലും എനിക്കിടവന്നിട്ടില്ല. ദേവിക്കെന്നിൽ പ്രിയമില്ലെങ്കിൽ അച്ഛൻ പെങ്ങളോടത്രയൊന്നും പറയാനവകാശമില്ല. ദേവിക്കു എന്റെ ദേവിയാകാനാ

ഗ്രഹമില്ലെങ്കിൽ, ആ വിവരം മടികൂടാതെ സ്പഷ്ടമായി അവരെ അറിയിക്കുമായിരുന്നു.

ദേ—(വൈവൎണ്ണ്യത്തോടെ) ഇവിടക്കെൻെറ സ്വഭാവം നല്ലവണ്ണം അറിയുവാനിടവന്നിട്ടുണ്ട്. ഞാൻ മുഖത്തുനോക്കി കൂസലെന്യെ അനവധി ശകാരം വൎഷിച്ചിട്ടുള്ള സ്ഥിതിക്ക് എനിക്കിഷ്ടമില്ലെങ്കിൽ ഇവിടുത്തെ ബന്ധുക്കളോടു ഇവിടുത്തെപ്പററി ദൂഷ്യം പറയാനും ശകാരിക്കാനും മടിക്കില്ല, അല്ലെ?

ദേവി ഇങ്ങിനെ പറയുമ്പോൾ അസാമാന്യമായ സുഖക്കേടു അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടിരുന്നു.

ശ്രീ. ന—(ദേവിയുടെ കൈപിടിച്ച്, മൃദുവായ വിരലുകളെ കളിപ്പിച്ചുകൊണ്ട്) അന്നു ദേവിയുടെ ശകാരത്തിന്നു ഞാൻ അൎഹനാകുന്നു. ദേവി എന്നെ ശകാരിച്ചത് അടിസ്ഥാനമില്ലാത്ത സംഗതികളെ ആസ്പദമാക്കി തെററിദ്ധരിച്ചിട്ടാണെങ്കിലും ഞാൻ ദേവിയോടു കാണിച്ചിട്ടുള്ള അനാദരവിന്നു ആ ശകാരവൎഷം വളരെ കണക്കിലായിരിക്കുന്നു. എൻെറ ആ പ്രവൃത്തി ക്ഷന്തവ്യമല്ല. ദേവിയോടു കാണിച്ചിരുന്ന അനാസ്ഥയോൎമ്മിക്കുമ്പോൾ എനിക്കു എന്നെക്കുറിച്ചുണ്ടാകുന്ന വെറുപ്പും, സുഖക്കേടും ഇത്രയെന്നു പറയാനാവില്ല.

ദേ—നമ്മളിൽ ആരാണ് അധികം തെററു ചെയ്തിരിക്കുന്നതെന്നു തീൎച്ചപ്പെടുത്തുവാനായി കഴിഞ്ഞ സംഗതികളെപ്പററി വാദിക്കേണ്ട. നിഷ്പക്ഷപാതമായി കാൎയ്യം തീൎച്ചപ്പെടുത്തുകയാണെങ്കിൽ രണ്ടുപേരിലും തെററുകാണും. ഇനി അതൊന്നും ഓൎമ്മിച്ച് വെറുതെ മനസ്സിന്നസ്വാസ്ഥ്യമുണ്ടാക്കേണ്ട. അന്നത്തെ രാത്രിക്കു ശേഷം രണ്ടാളും കുറെ അധികം മൎയ്യാദ പഠിച്ചിട്ടുണ്ട്.

ശ്രീ. ന—എനിക്കിത്ര വേഗത്തിൽ സമാധാനിക്കാൻ സാധിക്കില്ല. എൻെറ ആ കാലത്തെ വാക്കും നടവടിയും സ്വ

ഭാവവും ഗർഹണീയമാകുന്നു. ഇതോർത്തു ഞാൻ വളരെ വ്യസനിച്ചിട്ടുണ്ട്. ദേവിയുടെ ശകാരം എൻെറ പ്രവൃത്തിക്ക പററിയതാണെങ്കിലും അന്നു പറഞ്ഞിട്ടുള്ള വാക്കുകളിൽ ചിലത് ഞാനൊരുകാലത്തും മറക്കുകയില്ല. ശകാരം എനിക്ക പററിയതാണെന്നു തീർച്ചപ്പെടുത്തുവാൻ കുറെ താമസം വേണ്ടിവന്നു. "നിങ്ങൾ ഒരു മര്യാദക്കാരനെപ്പോലെ സംസാരിച്ചിരുന്നുവെങ്കിൽ" ഹാ! എൻെറ ദേവീ, നിൻെറ ഈ വക ശല്യം എൻെറ ഹൃദയത്തിൽ എത്ര ശക്തിയോടെ തറച്ച് എത്രത്തോളം കഠിനമായി വ്രണപ്പെടുത്തിയിട്ടുണ്ടെന്നു ദേവിക്കറിവില്ല.

ദേ—(പശ്ചാത്താപത്തോടെ) എൻെറ വാക്ക് ഇത്രയധികം പീഡിപ്പിക്കുമെന്നു ഞാൻ പറയുമ്പോൾ വിചാരിച്ചിട്ടില്ല. പീഡിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ പറഞ്ഞതുമല്ല.

ശ്രീ-ന—ദേവി പറഞ്ഞതു ഞാൻ വിശ്വസിക്കുന്നു. എന്തു കേട്ടാലും കുലുക്കമില്ലാത്ത ഒരു തടിമാടനാണ് ഞാനെന്നു ദേവി ദൃഢമായി വിശ്വസിച്ചിരുന്നു. ഉവ്വ്. എനിക്കതിൽ സന്ദേഹമില്ല. "നിങ്ങൾ എങ്ങിനെ ഭംഗിയായി പറഞ്ഞാലും ഫലമുണ്ടാവില്ല." എന്ന് എന്നോടു പറയുമ്പോൾ ദേവിയുടെ മുഖത്തുണ്ടായ ഭാവഭേദം ഞാൻ ഒരിക്കലും മറക്കുകയില്ല.

ദേ—(കണ്ണീരോടെ) കഷ്ടം! ഇത്ര ദയയില്ലല്ലൊ. ഞാനന്നു പറഞ്ഞതിനെ എടുത്തു പറഞ്ഞ് എന്നെ വേദനിപ്പിക്കരുതെ. ഞാൻ പറഞ്ഞിട്ടുള്ള അവിവേകം നിമിത്തം അതിരില്ലാത്ത വ്യസനവും ലജ്ജയും വളരെ കാലമായി അനുഭവിക്കുന്നു. അറിയാതെ ചെയ്ത അപരാധത്തെ ക്ഷമിച്ച് മാപ്പുതരുവാനപേക്ഷ.

ദേവി സഗൽഗദം പറഞ്ഞിട്ടുള്ള ഈ വാക്കുകൾ കേട്ടപ്പോൾ ധീരനായ ശ്രീധരൻനമ്പ്യാർ സംഭ്രമത്തോടെ ദേ

വിയുടെ മുഖത്തു നോക്കി. 'അല്ല, ഇതെന്താ ദേവി? ഇനിയും കരയുവാൻ ഭാവമുണ്ടോ?', എന്നു ചോദിച്ച് അവളുടെ മുഖത്തെ തന്റെ മാറോടണച്ച് ഓമനിച്ച് അല്പനേരം മൌനമായിരുന്നു.

ശ്രീ-ന- പ്രിയെ, ഞാനൊന്നു ചോദിക്കട്ടെ. കരയരുതെ. എന്നെക്കുറിച്ചു ദേവിക്കുണ്ടായിട്ടുള്ള അഭിപ്രായം ഞാൻ തന്ന കത്തുവായിച്ചതിനു ശേഷം കുറച്ചു കുറഞ്ഞുവൊ?

ദേ—(ധൃതിയോടെ) ഉവ്വുവ്വ്. ആ കത്തു വായിച്ചപ്പോഴാണു എനിക്കു പററിയ വിഡ്ഢിത്വം ഞാനറിഞ്ഞതു. അതിനു ശേഷം എന്റെ ഔദ്ധത്യവും തനിക്കുതാൻ പോരുമെന്നുള്ള നാട്യവും എന്റെ ഹൃദയത്തിൽനിന്നു എവിടേയൊ ഓടിഒളിച്ചു. അതിനു പകരം വന്നുചേൎന്ന ലജ്ജയും വ്യസനവും ദൈന്യവും എന്റെ മനസ്സിൽനിന്നു വിട്ടൊഴിഞ്ഞ നേരമില്ലെന്നു തന്നെ പറയാം.

ശ്രീ-ന—കത്തുവായിച്ചാൽ ദേവി വ്യസനിക്കുമെന്നു എനിക്കു നല്ലവണ്ണമറിയാമായിരുന്നു. എന്നാൽ കാൎയ്യത്തിന്റെ സ്ഥിതിയാലോചിച്ചപ്പോൾ അതിനെ ചെയ്യാതെ നിൎവ്വാഹമില്ലെന്നു തോന്നുകയാലാണ് സങ്കടകരമായ ആ കത്തു ദേവിയുടെ കയ്യിൽ തന്നതു്. എഴുത്തു നശിപ്പിച്ചിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ദേവിക്കെന്നിൽ വെറുപ്പുണ്ടാക്കുന്നതായ ചില സംഗതികൾ അതിൽ അടങ്ങിയിട്ടുണ്ടെന്നു ഞാനിപ്പോൾ ഓൎമ്മിക്കുന്നു.

ദേ—എനിക്കു അത്യന്തോപകാരിയായ ആ കത്തു ഞാൻ നശിപ്പിച്ചിട്ടില്ല. നശിപ്പിച്ചേ കഴിയൂ എന്ന ശാഠ്യം ഇവിടേക്കുണ്ടെങ്കിൽ തൎക്കമെന്ന്യെ നശിപ്പിക്കാം. അബലകൾ ചപലകളാണെന്നു സാധാരണ ജനങ്ങൾ പറയാറുണ്ട്. പൂൎവ്വസ്ഥിതിയിൽനിന്നു എന്റെ മനോഭാവത്തിനു ഗണനീയമായ ഒരു മാററം സംഭവിച്ചിട്ടുള്ളത് ഇവിടക്കറിയാം. എങ്കിലും ഇവിടുന്നു വിചാരിക്കുന്നതുപോലെ എളുപ്പ

ത്തിൽ അഭിപ്രായങ്ങൾ മാറത്തക്കവണ്ണമുള്ള ലോലത്വം എന്റെ മനസ്സിന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ-ദാ—കത്തെഴുതുമ്പോൾ എന്റെ മനസ്സിന്നു അതിയായ സമാധാനമുണ്ടെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ ആ സമയത്ത് അനിവാൎയ്യമായ ക്ഷോഭമാണു എനിക്കുണ്ടായിരുന്നതെന്നു പിന്നീടാണ് മനസ്സിലായത്.

ദേ—ക്ഷോഭത്തോടെയാണ് കത്തെഴുതുവാൻ തുടങ്ങിയതെങ്കിലും അവസാനിച്ചപ്പോഴക്ക് അതെല്ലാം ശാന്തമായിരിക്കുന്നു. എഴുത്തിനെക്കുറിച്ചിനിയൊന്നും വിചാരിക്കേണ്ട. എഴുതിയ ആളുടേയും എഴുത്തു വായിച്ചവരുടേയും ഭാവങ്ങൾക്കു ഇപ്പോൾ വലിയ വ്യത്യാസം വന്നിട്ടുണ്ട്. മനസ്സിന്നുപദ്രവമുണ്ടാക്കുന്ന സംഗതികളെയൊക്കെ മറക്കുക. കഴിഞ്ഞ കാലത്തു സന്തോഷമുണ്ടാക്കുന്ന വല്ല സംഭവങ്ങളുമുണ്ടായിട്ടുണ്ടെങ്കിൽ അതിനെ മാത്രം ഓൎമ്മിച്ചാൽ മതി.

ശ്രീ-ദാ—ദേവി, ഈ ഉപദേശത്തെ എളുപ്പത്തിൽ അനുഷ്ഠിക്കാൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. സൂക്ഷ്മം വിചാരിച്ചു നോക്കിയാൽ തെററിദ്ധാരണ കൊണ്ടുണ്ടായ ദേവിയുടെ പ്രവൃത്തിയിൽ പശ്ചാത്താപത്തിന്നവകാശമില്ല. അതുകൊണ്ടാണു ദേവിക്കെന്നോടിങ്ങിനെ ഉപദേശിക്കുവാൻ തോന്നുന്നത്. പക്ഷെ എന്റെ സ്ഥിതി അങ്ങിനെയല്ല. അത് ആലോചിക്കുന്തോറും എനിക്കു ദുസ്സഹമായ വ്യസനമുണ്ടാകുന്നു. അത് എന്റെ പ്രവൃത്തിക്കു ശരിയായി ഉണ്ടാകേണ്ടതുമാണ്. ഞാൻ വലിയ സ്വാൎത്ഥിയാകുന്നു. സ്വാൎത്ഥതല്പരനാണെന്നുള്ള അഭിപ്രായം എനിക്കില്ലെങ്കിലും, എന്റെ പ്രവൃത്തികളെല്ലാം സ്വാൎത്ഥത്തെ മുൻനിൎത്തിയിട്ടുള്ളതായിരുന്നു. ഞാൻ ബാലനായിരിക്കുമ്പോൾ തന്നെ ഇതു ശരിയാണെന്നു മനസ്സിലാക്കി. സ്വഭാവപരിഷ്കരണത്തിന്ന് എന്നെ ആരും ശീലിപ്പിച്ചി

ല്ല. അച്ഛനും, അമ്മയും എനിക്കു സകല ദേശങ്ങൾ ധാരാളം ചെയ്തിരുന്നുവെങ്കിലും ഞാൻ ഏകപുത്രനായതുകൊണ്ട് എൻെറ ഇഷ്ടപ്രകാരം നടപ്പാൻ അവരെന്നെ അനുവദിച്ചു. നിർഭാഗ്യവശാൽ എനിക്കു പത്തുപതിമൂന്നു വയസ്സായതിന്നു ശേഷമാണ് ഒരു സഹോദരിയുണ്ടായത്. ആ കാലമത്രയും ഒരു ചെറിയ കുട്ടിയുടെ നിലയിൽ അവരെന്നെ കണക്കിലേറെ ലാളിച്ചു വളൎത്തി. അച്ഛനും, അമ്മയും വളരെ സൽസ്വഭാവികളായിരുന്നു. അച്ഛൻെറ ഗുണഗണങ്ങൾ ആലോചിച്ചാൽ ധൎമ്മപുത്രരുംകൂടി അദ്ദേഹത്തിന്നു സദൃശനല്ലെന്നു തോന്നിപ്പോകും. പറഞ്ഞിട്ടെന്തു കാൎയ്യം. അവരെന്നെ ചീത്തയാക്കി. എന്നിൽ കാണുന്ന ദോഷങ്ങളെ നിവാരണംചെയ്വാനായി തക്കതായ ശിക്ഷയും ഉപദേശവും തന്നിരുന്നുവെങ്കിൽ ഞാൻ ഈ മാതിരി സ്വാൎത്ഥിയും, അഹംഭാവിയും ആയി തീരില്ലായിരുന്നു. എൻെറ കുലമഹിമ നിലനിൎത്തണമെന്നും, എൻെറ സ്വജനങ്ങൾക്കു നന്മചെയ്യണമെന്നുമുള്ള വിചാരം മാത്രമെ എനിക്കുണ്ടായിരുന്നുള്ളു. ലോകത്തിലുള്ള അധികജനങ്ങളും എന്നെക്കാൾ എളിയവരും, ബുദ്ധിയില്ലാത്തവരും, പ്രാഭവം കുറഞ്ഞവരുമാണെന്നുള്ള വിചാരവും, തന്നിമിത്തം അവരോടുണ്ടാകുന്ന അനാദരവും, എന്നിൽ ഉണ്ടായിരുന്നില്ലെന്നു പറവാൻ ഞാനൊരുങ്ങുന്നില്ല. എട്ടു വയസ്സു മുതൽ ഇരുപത്തെട്ടു വയസ്സു വരെ ഇങ്ങിനെ തന്നെ കഴിഞ്ഞു. എൻെറ ദേവീ, ഭവതിയെ കണ്ടില്ലെങ്കിൽ എൻെറ ജീവിതം മുഴുവനും ഇങ്ങിനെ തന്നെ അവസാനിക്കുമായിരുന്നു. സംശയമില്ല. പ്രിയെ, ഞാൻ ഭവതിക്കു വളരെ കടപ്പെട്ടിരിക്കുന്നു. ഒന്നുകൊണ്ടും ആ കടം വീട്ടാൻ സാധിക്കില്ല. ആദ്യത്തിൽ കുറെ കഠിനമായിരുന്നുവെങ്കിലും ദേവി എന്നെ നല്ലൊരു പാഠം പഠിപ്പിച്ചു. ദേവി നിമിത്തം ഞാൻ വലിയ വിനീതനായി. ദേവി അംഗീകരി

ക്കുമെന്നുള്ള പൂൎണ്ണ വിശ്വാസത്തോടെയാണ് ഞാൻ എന്റെ ആഗ്രഹത്തെ അറിയിച്ചത്. എന്റെ വിചാരവും, ദേവിയുടെ നടവടിയും തമ്മിലുള്ള വലിയ അന്തരം ദേവിക്കുതന്നെ അറിയാമല്ലൊ. ദേവിയെപ്പോലെ സന്തോഷിപ്പിക്കാനൎഹയായ ഒരു ഉത്തമസ്ത്രീരത്നത്തെ സന്തോഷിപ്പിക്കുവാൻ എന്റെ ഐശ്വൎയ്യത്തിന്നും, പ്രാഭവത്തിന്നും ത്രാണിയില്ലെന്നു ദേവി എന്നെ ദൃഷ്ടാന്തസമേതം ബോദ്ധ്യപ്പെടുത്തി.

ദേ—അന്ന് ഇവിടുത്തെ ആഗ്രഹങ്ങൾക്കു ഞാനനുകൂലിക്കുമെന്നു ബലമായി വിശ്വസിച്ചിരുന്നുവൊ?

ശ്രീ: ന—ഉവ്വ്. ഉറപ്പായി വിശ്വസിച്ചിരുന്നു. എന്റെ അഹംഭാവത്തെപ്പററി ദേവിക്കെന്തു തോന്നും. ഞാൻ പറയുന്ന നിമിഷം ദേവി എന്നെ അംഗീകരിക്കുമെന്നു ഞാൻ ഉറപ്പായി വിശ്വസിച്ചിരുന്നു.

ദേ—(ആദരത്തോടെ) എന്റെ നടവടികൊണ്ട് ഇവിടുക്ക് ഇങ്ങിനെ ഒരു വിശ്വാസമുണ്ടാകുമെന്നു ഞാൻ ഊഹിച്ചിട്ടേ ഇല്ല. ഇവിടുത്തെ തെററിദ്ധരിപ്പിക്കണമെന്നുള്ള വിചാരവും എനിക്കുണ്ടായിരുന്നില്ല. എന്നിൽ അനുരാഗമുണ്ടാക്കണമെന്നു വിചാരിച്ച് മനഃപൂൎവ്വം ഞാൻ യാതൊന്നും ചെയ്തിട്ടില്ല. അയ്യൊ കഷ്ടം! ആ രാത്രിക്കുശേഷം ഇവിടക്കെന്നെ എത്ര വെറുത്തിട്ടുണ്ടായിരിക്കണം.

ശ്രീ: ന—എന്ത്? ദേവിയെ വെറുക്കുകയൊ? അതൊരിക്കലുമുണ്ടായിട്ടില്ല. എനിക്കാദ്യത്തിൽ വളരെ ദേഷ്യമുണ്ടായിരുന്നു. പക്ഷെ അതു ക്രമത്തിൽ കുറഞ്ഞുതുടങ്ങി.

ദേ—(സങ്കോചത്തോടെ) പത്മാലയത്തിലെ ഉദ്യാനത്തിൽ വെച്ചു നാം തമ്മിൽ കണ്ടപ്പോൾ ഇവിടുക്ക് എന്നെക്കുറിച്ചു തോന്നിയത് എന്താണെന്നു ചോദിക്കാൻ എനിക്കു നാവു വരുന്നില്ല. ഞാൻ അവിടെ വന്നതു നന്നായില്ലെന്നു തോന്നിയിരുന്നുവൊ?

ശ്രീ: ന - എനിക്കങ്ങിനെ തോന്നിയിട്ടില്ലെന്നു ഞാൻ സത്യമായി പറയാം. ദേവിയെ കണ്ടപ്പോൾ എനിക്കതിയായ വിസ്മയമുണ്ടായി.

ദേ — ഇവിടക്കുണ്ടായ വിസ്മയം ഇവിടുത്തെ കണ്ടപ്പോൾ എനിക്കുണ്ടായ വിസ്മയത്തെക്കാൾ വലുതായിരിക്കില്ല. ഇവിടുന്ന് എന്നാൽ കാണിച്ചിരുന്ന അസാധാരണയായ ആദരവിന്ന് ഞാൻ അനഹയാകുന്നു എന്ന് എൻെറ മനസ്സാക്ഷി എന്നോടു പറഞ്ഞിരുന്നു.

ശ്രീ: ന — ദേവിക്ക് എന്നിലുള്ള ദുരഭിപ്രായം കുറയണം. എന്നാൽ സാധിക്കുന്ന വിധമെല്ലാം ദേവിയെ ആദരിക്കണം. ദേവി എന്നെ ശകാരിച്ചുവെങ്കിലും അതുകൊണ്ടു നീരസം ഭാവിക്കുന്ന ഒരു അല്പനല്ല ഞാനെന്നു ബോദ്ധ്യമാക്കണം. എൻെറ ദേവിയുടെ രൂക്ഷമായ ശകാരം എന്നിൽ ഫലിച്ചിട്ടുണ്ട്, അതു നിമിത്തം ഞാനിപ്പോൾ കുറെ മര്യാദക്കാരനായിരിക്കുന്നു എന്നറിയിക്കണം. എന്നും മററുമായിരുന്നു ദേവിയെ പത്മാലയത്തിൽവെച്ചു ഒന്നാമതായി കണ്ടപ്പോൾ എനിക്കുണ്ടായിരുന്ന വിചാരം.

ദേ — (സസ്മിതം) അതെല്ലാം പോട്ടെ. ഞാൻ കമലയെ കാണാതെ വന്നതുകൊണ്ട് അവൾ വല്ലതും പറഞ്ഞുവൊ?

ശ്രീ: ന — കമല വല്ലാത്ത ഭീരുവാണ്. അവൾ എന്നോടധികം സംസാരിക്കില്ല. എന്നിട്ടുകൂടി അവൾ ദേവിയെ കാണ്മാൻ സാധിക്കാതെ വന്നതിനെക്കുറിച്ച് എന്നോടു വളരെ സുഖക്കേടോടെ രണ്ടു മൂന്നു പ്രാവശ്യം പറഞ്ഞു.

ദേ — സോദരീസോദരന്മാക്ക് എന്നിൽ ഈ മാതിരി പ്രിയം തോന്നുവാനുള്ള കാരണം ഞാൻ ചെയ്തിട്ടുള്ള പൂവ്വജന്മസുകൃതംതന്നെയായിരിക്കണം. അല്ലാതൊരു വഴിയും ഞാൻ കാണുന്നില്ല. അന്നുതന്നെ ലീലയെ അന്വേഷിക്കുവാനായി പുറപ്പെട്ടുവൊ?

ശ്രീ: ന — ഇല്ല. പിറേറദിവസം രാവിലത്തെ വണ്ടിക്കു പുറപ്പെട്ടു.

ദേ — ഇവിടുത്തെ അനുഗ്രഹത്തിന്നും, ദയക്കും എന്തു ചെയ്താലാണ് മതിയായ പ്രതിഫലമാവുക എന്നറിയുന്നില്ല.

ശ്രീ: ന — (പുഞ്ചിരിയോടെ ദേവിയെ കടാക്ഷിച്ച്) പ്രതിഫലം തരാൻ ഭാവമുണ്ടോ? ഉണ്ടെങ്കിൽ ഉണ്ട് എന്നുറപ്പായി പറയണം. പിന്നെ വാക്കു മാററരുത്. തങ്ങൾക്കു തക്കതായ പ്രതിഫലമായിരിക്കണം.

ദേ — (ഇതു കേട്ടതായി നടിക്കാതെ) അയ്യോ! നേരം സന്ധ്യയായി തുടങ്ങി. ജ്യേഷ്ഠത്തിയും മററും ഇപ്പോൾ നമ്മളെ അന്വേഷിക്കുന്നുണ്ടായിരിക്കും. വേഗം പോവുക. ജ്യേഷ്ഠത്തിയുടെ വിവാഹം നിശ്ചയിച്ച വിവരം അറിഞ്ഞില്ലേ?

ശ്രീ: ന — ഉവ്വ്. അറിഞ്ഞിരിക്കുന്നു. അന്നു പോകുമ്പോൾ തന്നെ ഇവരുടെ വിവാഹം വേഗത്തിലുണ്ടാകുമെന്നു ഞാനറിഞ്ഞിരിക്കുന്നു.

ദേ — ഭാസ്കരമേനോനും ഇവിടുന്നും കൂടി ഇതിനെക്കുറിച്ച് അന്നു വല്ലതും സംസാരിക്കയുണ്ടായൊ?

ശ്രീ: ന — കഴിഞ്ഞ സംഗതികളെല്ലാം — അതെ അന്നു നമ്മൾ തമ്മിൽ കഴിഞ്ഞതും — ഞാനദ്ദേഹത്തോടു വിവരമായി പറഞ്ഞു. ജ്യേഷ്ഠത്തിയെക്കുറിച്ച് എനിക്കുണ്ടായ തെററിദ്ധാരണയും അറിയിച്ചു. അദ്ദേഹം യഥാവസരം വിസ്മയിച്ചും, സഹതപിച്ചും, അതെല്ലാം കേട്ടുകൊണ്ടിരുന്നു. എന്നാൽ എൻെറ ദേവീ, ജ്യേഷ്ഠത്തി കോഴിക്കോട്ടു താമസിച്ചിരുന്നതു ഞാൻ അറിഞ്ഞിരുന്നുവെന്നും, കല്പിച്ചുകൂട്ടി അദ്ദേഹത്തെ അറിയിക്കാതെ കഴിച്ചതാണെന്നും പറഞ്ഞപ്പോൾ എൻെറ സ്നേഹിതന്നുണ്ടായ കോപതാപങ്ങളുടെ ശക്തി കണ്ടുവക്കുതന്നെ അറിഞ്ഞുകൂടു. ഞാൻ വളരെ

രെ വിഷണ്ണനായി എനിക്കു മാപ്പുതരണമെന്നപേക്ഷിച്ചു. അദ്ദേഹം അതിന്നു യാതൊരു മറുപടിയും പറഞ്ഞില്ല. ജ്യേഷ്ഠത്തിക്കദ്ദേഹത്തിലുണ്ടായിരുന്ന സ്നേഹബഹുമാനാദികൾ നശിച്ചിട്ടില്ലെന്നു ബോദ്ധ്യം വന്നപ്പോൾ സ്നേഹിതൻ എനിക്കു മനഃപൂർവ്വം മാപ്പുതന്നു.

ദേ — ഇവിടക്ക് എന്നിൽ ഈ മാതിരി സ്നേഹം തോന്നാനെന്താണ് കാരണം? എന്റെ സൌന്ദര്യത്തിന്ന് ആ കോപ്പില്ലെന്ന് എന്നെ കണ്ട ഉടനെത്തന്നെ ഇവിടക്കു ബോദ്ധ്യമായിരിക്കുന്നു.

ശ്രീ: ന — ദേവി എന്താണിങ്ങിനെ ചോദിക്കുന്നത്? സൌന്ദര്യാദി ഗുണങ്ങൾക്കൊ ഐശ്വര്യസമൃദ്ധിക്കൊ നിർമ്മലമായ അനുരാഗത്തെ ഉണ്ടാക്കുവാൻ സാധിക്കുമൊ? അതു ദൈവികമായി ഉത്ഭവിക്കുന്നതാകുന്നു എന്നാണ് എന്റെ വിശ്വാസം. ഇതിനെക്കുറിച്ച് ശരിയായ ഒരു വിവരണം തരുവാൻ എന്നാലസാദ്ധ്യം. ഇത് അനുഭവംകൊണ്ടുതന്നെ അറിയേണ്ടതാണ്. ദേവിയുടെ സ്വഭാവത്തിന്നുള്ള സ്ഥൈര്യം, കുലുക്കമില്ലായ്മ, സജ്ജനങ്ങളിലുള്ള ബഹുമാനം, സുശീലയായ ജ്യേഷ്ഠത്തിയോടുള്ള അനിതരസാധാരണമായ സ്നേഹം, പ്രസരിപ്പ്, മുതലായവ കണ്ടിട്ട് എനിക്കു ദേവിയിൽ അനുരാഗം ഉത്ഭവിച്ചതൊ, അതൊ ഞാൻ ദേവിയാൽ അപഹൃതചിത്തനായശേഷം ഈ വക ഉൽകൃഷ്ടഗുണങ്ങളെല്ലാം എന്റെ ദേവിയിൽ ഞാൻ കാണുകയൊ എന്നുള്ള ശങ്ക എനിക്കിനിയും തീൎന്നിട്ടില്ല. "ജന്മാന്തരാധിഗതകർമ്മവിപാകജന്മൈ വൊന്മീലതികചനകസ്യ ചനാനുരാഗഃ" നൈഷധകർത്താവിന്റെ ഈ അഭിപ്രായം ത്യാജ്യമല്ല.

ദേവി സംഭ്രമത്തോടെ "നോക്കു, നേരം വൈകി. നമുക്കു പോവുക." എന്നു പറഞ്ഞു വേഗത്തിൽ എഴുനീററു. ഒരുമിച്ചു ശ്രീധരൻനമ്പ്യാരും എഴുനീററു. അദ്ദേഹത്തിന്ന് അ

ശേഷം പരിഭ്രമമുണ്ടായിരുന്നില്ല. വീട്ടിലെത്തുവാൻ ധൃതഗതിപ്പെടുന്ന ദേവിയുടെ കൈപിടിച്ച് പലെ വിനോദങ്ങളും പറഞ്ഞു സാവധാനത്തിൽ നടന്നു. അദ്ദേഹം ദേവിയുടെ വിരലിൽ കിടക്കുന്ന വൈരമോതിരം കണ്ടപ്പോൾ ഊരിയെടുത്ത് തന്റെ ചെറുവിരലിൽ ഇട്ട് "ദേവീ, ഇതു നോക്കൂ. ഈ മോതിരം എന്റെ വിരലിന്നളവായി ഉണ്ടാക്കിച്ചതുപോലെ ഇരിക്കുന്നു. ദേവിക്കു വലിപ്പം ജാസ്തിയാണ്. അതുകൊണ്ട് ഇത് എനിക്കിരിക്കട്ടെ. എന്റെ മോതിരം ഒരു സമയം ദേവിക്കു നല്ല പാകമായിരിക്കും. അതെനിക്ക് അല്പം കുടുക്കമാണ്." എന്നു പറഞ്ഞ് അദ്ദേഹം തന്റെ ചെറുവിരലിൽ കിടക്കുന്ന രത്നമോതിരം ദേവിയുടെ വിരലിൽ ഇടീച്ച് സന്തോഷത്തോടെ അവളുടെ കരപല്ലവത്തിൽ ചുംബിച്ചു.

ദേ—മോതിരം എന്റേതല്ല. രണ്ടു മൂന്നു മാസം മുമ്പെ എനിക്കച്ഛൻ തന്നതാണ്. ജ്യേഷ്ഠത്തി കോഴിക്കോട്ടു താമസിച്ചിരുന്ന കാലത്ത് അമ്മാമൻ സാമാന്യം വിലപിടിച്ചതായ ഒരു രത്നമോതിരം ജ്യേഷ്ഠത്തിക്കു വാങ്ങി കൊടുത്തു. അതു കണ്ടപ്പോൾ അച്ഛൻ അദ്ദേഹത്തിന്റെ ചെറുവിരലിൽ കിടന്നിരുന്ന ഈ മോതിരം എനിക്കും തന്നു.

ശ്രീ: ന—ജ്യേഷ്ഠത്തിയുടെ ആ മോതിരം ഞാൻ ഇന്നു ഭാസ്കരമേനോന്റെ കയ്യിൽ കണ്ടു.

ദേ—അച്ഛനോടു ചോദിക്കാതെ ഇതു തരുവാൻ പാടുണ്ടോ?

ശ്രീ: ന—എന്റെ ദേവി, അച്ഛന്ന് ഈ മോതിരം ദേവിയെക്കാൾ പ്രിയമുള്ളതാണൊ? ദേവിയെ എനിക്കു തരാമെങ്കിൽ പിന്നെ ഈ മോതിരമാണൊ? അതുകൊണ്ടച്ഛന്ന് ആക്ഷേപമുണ്ടാവില്ല.

ശ്രീധരൻനമ്പ്യാർ ഇതു പറഞ്ഞ് അവസാനിക്കുമ്പോഴക്ക് അവർ വീട്ടിന്റെ സമീപമെത്തി. മനമല്ലാം മനസ്സോം

ടെ ദേവി അദ്ദേഹത്തിൻെറ കൈ വിട്ട് അല്പം സംഭ്രമത്തോടെ അകത്തു കടന്നു.

## അമ്പത്തെട്ടാമദ്ധ്യായം.

"ദേവീ, നിങ്ങളെവിടെയായിരുന്നു ഇതുവരെ?" എന്നുള്ള ചോദ്യം അവൾ വീട്ടിന്നകത്തു പ്രവേശിച്ച ഉടനെ ഒന്നാമതായി ജാനുവിൽനിന്നും ക്രമേണ മററുള്ളവരിൽനിന്നും പുറപ്പെട്ടു. പുഷ്പത്തോട്ടത്തിൽ നടന്നിരുന്നതിനാൽ സമയം പോയതറിഞ്ഞില്ലെന്നു മാത്രമാണ് അവൾ മറുപടി പറഞ്ഞത്. മറുപടി പറയുമ്പോൾ അവളുടെ മുഖം വിവർണ്ണമായെങ്കിലും അതുകൊണ്ടോ, മററു വല്ല സംഗതികളാലുമൊ, ജാനുവിന്നൊഴികെ മററാക്കും യാതൊരുവിധ സംശയവും ജനിച്ചില്ല. പ്രസ്താവയോഗ്യങ്ങളായ വിശേഷസംഭവങ്ങളൊന്നും കൂടാതെ അന്നത്തെ ദിവസം ഉല്ലാസമായി കഴിഞ്ഞു. സ്വജനങ്ങളാൽ സസന്തോഷം അനുഗൃഹീതരായ വധൂവരന്മാർ—ജാനുവും, ഭാസ്കരമേനോനും—സ്വച്ഛന്ദം സരസസല്ലാപം ചെയ്തു് ആമോദിച്ചു. അജ്ഞാതാവസ്ഥയിലിരിക്കുന്ന ഇരുവരും മൌനം ദീക്ഷിക്കുകയും ചെയ്തു.

സന്തോഷം എത്രതന്നെ ജാസ്തിയായാലും അതിനെ വല്ലാതെ പുറത്തു പ്രകടിപ്പിക്കുന്ന സ്വഭാവക്കാരനല്ല ശ്രീധരൻനമ്പ്യാർ. ലജ്ജയും, പരിഭ്രമവും, കലശ്ശലായുണ്ടായിരുന്നതിനാൽ താൻ സന്തോഷഭരിതയാണെന്നു വിചാരിക്കയല്ലാതെ ദേവിക്കു കലപ്പില്ലാത്ത സന്തോഷം അനുഭവമായില്ല. തൻെറ യഥാർത്ഥ്യം വെളിപ്പെടുമ്പോൾ മാതാപിതാക്കന്മാക്കും, സോദരിമാക്കും മററും തോന്നാവുന്ന മനോവികാരങ്ങളുടെ സ്വരൂപം ദേവി മുൻകൂട്ടി തന്നെ നിശ്ചയിച്ചു. ജാനുവിന്നു മാത്രമെ ശ്രീധരൻനമ്പ്യാരിൽ യഥാർത്ഥമായ സ്നേഹബഹുമാനമുള്ളു എന്നായിരുന്നു ദേവിയുടെ അഭിപ്രായം.

മററു സകലക്കും അദ്ദേഹത്തോടുള്ള നീരസം അദ്ദേഹത്തിൻെറ ഐശ്വൎയ്യസമൃദ്ധിക്കോ, മഹനീയങ്ങളായ ഇതരഗുണങ്ങൾക്കോ ഉന്മൂലനം ചെയ്യാൻ കഴിയാത്തവിധം അത്ര ശക്തിമത്തായിട്ടുള്ളതാണെന്നവൾ ഭയന്നു. രാത്രിയിൽ കിടക്കുമ്പോൾ ദേവി സ്വന്തം ഗൂഢവൃത്താന്തം മുഴുവനും ജാനുവിനോടു തുറന്നു പറഞ്ഞു. ദേവിയുടെ വാക്കുകൾ കേട്ടപ്പോൾ പൊട്ടിപ്പുറപ്പെട്ട ചിരിയെ പ്രയാസപ്പെട്ടടക്കി ആശ്ചൎയ്യഭാവത്തോടെ—

ജാ: കു—ദേവി, എന്താ പറഞ്ഞത്? ഇതു വാസ്തവമാണൊ? നിങ്ങൾ തമ്മിൽ പ്രണയമുണ്ടോ? സത്യം പറയൂ. ഇതു സംഭാവ്യമായി തോന്നുന്നില്ലല്ലൊ. എന്നെ വഞ്ചിക്കരുതെ.

ദേ—എന്താരു കഷ്ടമാണീശ്വരാ! ജ്യേഷ്ഠത്തിയെങ്കിലും ഞാൻ പറഞ്ഞാൽ വിശ്വസിക്കുമെന്നു വിചാരിച്ചിരുന്നു. ഇനി മററുള്ളവരുടെ കാൎയ്യമൊന്നും ആലോചിക്കയേ വേണ്ട. ജ്യേഷ്ഠത്തിക്കു തന്നെ വിശ്വാസമില്ലെങ്കിൽ അവരുടെ കാൎയ്യത്തിൽ എനിക്കു സംശയം കൂടിയില്ല. ജ്യേഷ്ഠത്തീ, അദ്ദേഹത്തിന്നെന്നിൽ അപാരമായ സ്നേഹമുണ്ട്. എനിക്കങ്ങോട്ടും.

ജാ: കു—(സസ്മിതം)—ഞാൻ ഇതെങ്ങിനെ വിശ്വസിക്കട്ടെ. ദേവിക്ക് അദ്ദേഹത്തോട് എത്രമാത്രം വെറുപ്പും, നീരസവും, പുച്ഛവുമുണ്ടായിരുന്നുവെന്ന് എനിക്കറിഞ്ഞുകൂടെ! അതെല്ലാം പുറത്തുമാത്രമായിരുന്നുവോ!

ദേ—അതെ. ഉണ്ടായിരുന്നു. പക്ഷെ ഇപ്പോൾ ഇല്ല. ജ്യേഷ്ഠത്തിക്കു വിവരം മുഴുവനും അറിവില്ല. കഴിഞ്ഞതിനെക്കുറിച്ചൊന്നും ചിന്തിക്കേണ്ട. അതെല്ലാം മറക്കണം. ആദ്യകാലങ്ങളിലൊന്നും എനിക്കദ്ദേഹത്തോടു പറയത്തക്ക സ്നേഹബഹുമാനങ്ങളുണ്ടായിരുന്നില്ലെങ്കിലും ഇപ്പോഴത്തെ

സ്ഥിതി അങ്ങിനെയല്ല. ഇപ്പോൾ ഞങ്ങൾ തമ്മിലുള്ള സ്നേഹം വാചാമഗോചരമായിട്ടുള്ളതാകുന്നു.

ജാ-കു—ദൈവമേ! എന്തെല്ലാം മറിമായങ്ങളാണ്. ഏതായാലും ദേവിയുടെ വാക്കു ഞാൻ വിശ്വസിക്കുന്നു. എന്റെ അനുജത്തിയെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. എന്നാൽ അദ്ദേഹത്തോടുകൂടി— ഇങ്ങിനെ ചോദിക്കുന്നതുകൊണ്ടു സുഖക്കേടരുതെ—അദ്ദേഹത്തോടുകൂടി സുഖമായി ജീവിതം നയിക്കാമെന്നുറപ്പുണ്ടൊ?

ദേ—അതിനെക്കുറിച്ചു ലേശം സംശയമില്ല. സംശയിക്കയുംവേണ്ട. ഞങ്ങൾതമ്മിലുള്ള നിർവ്യാജമായ സ്നേഹംകൊണ്ടുമാത്രമാണ് ഇങ്ങിനെ സംഭവിച്ചത്. അല്ലാതെ പണത്തിനുള്ള അത്യാർത്തികൊണ്ടൊ, ലൌകികാഡംബരത്തിലുള്ള അത്യാസക്തികൊണ്ടൊ, പ്രാഭവത്തിനുള്ള അതിമോഹംകൊണ്ടൊ, ഞാൻ അദ്ദേഹത്തെ അംഗീകരിക്കയാണെന്നു ജ്യേഷ്ഠത്തി വിചാരിക്കുന്നു എങ്കിൽ എനിക്കതുപോലെ സങ്കടകരമായിട്ടു മറെറാന്നുമില്ല. ഈവക നിസ്സാരവിഷയങ്ങൾക്കുവേണ്ടി ഉൽകൃഷ്ടമായ വിവാഹധർമ്മത്തെ വിസ്മരിച്ച് സ്വാത്മാവിനെ ബലികഴിക്കുന്ന കുത്സിതമതികൾ ധാരാളമുണ്ടെങ്കിലും നിങ്ങളുടെ ഈ അനുജത്തി ആ കൂട്ടത്തിൽ ചേർന്ന ഒരുത്തിയല്ല. ഞങ്ങളെപ്പോലെ ഭാഗ്യവാന്മാരായ ദമ്പതിമാർ—ജ്യേഷ്ഠത്തി ദേഷ്യപ്പെടരുതെ—ത്രിഭുവനങ്ങളിലുമുണ്ടാവില്ലെന്നാണെന്റെ വിശ്വാസം. ജ്യേഷ്ഠത്തി, ഈ വിധം സംഭവിച്ചതിൽ ജ്യേഷ്ഠത്തിക്കു സന്തോഷമില്ലെ? ഇങ്ങിനെ ഒരനുജനുണ്ടായതിൽ സുഖക്കേടുണ്ടൊ? അനുജനെ ഇഷ്ടപ്പെടുന്നില്ലെ?

ജാ-കു—സുഖക്കേടൊ? എനിക്കുള്ള സന്തോഷം പറഞ്ഞറിയിപ്പാൻ വാക്സാമർത്ഥ്യമില്ലാതെ വന്നതിൽ വ്യസനിക്കുന്നു. ഞങ്ങൾക്കിരുവക്കും ഇതിലധികം സന്തോഷപ്രദമായിട്ടു യാതൊന്നുമില്ല. ഇതിനെക്കുറിച്ചു ഞങ്ങൾ തമ്മിൽ

ആലോചിക്കാതിരുന്നിട്ടില്ല. പക്ഷെ തൽക്കാലം അസാദ്ധ്യമെന്നു തോന്നുകയാൽ ശബ്ദിക്കാതിരുന്നതാണ്. ദേവിക്കദ്ദേഹത്തിൽ യഥാൎത്ഥമായ അനുരാഗമുണ്ടല്ലൊ? ഒരു കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. മനപ്പൊരുത്തമില്ലാത്ത വിവാഹം ഒരു കാലത്തും സുമംഗളമായി ഭവിക്കില്ല. സഹധൎമ്മചാരിണി എന്ന പദത്തിന്റെ അൎത്ഥം എന്റെ അനുജത്തിക്കറിയില്ലേ? ഇതിലധികമൊന്നും ഞാൻ പറയേണ്ടെന്നു വിചാരിക്കുന്നു.

ദേ—ജ്യേഷ്ഠത്തീ, ഈ വക സംശയങ്ങളെല്ലാം വെറുതെയാകുന്നു. എന്റെ മനസ്സിനു ശരിയായി ബോധിക്കാത്ത പുരുഷനെ ഞാനൊരിക്കലും സ്വീകരിക്കുമെന്നു വിചാരിക്കേണ്ട. അത്രക്കുമാത്രം അതികാമിനിയാണ് ഞാനെന്നു ജ്യേഷ്ഠത്തിക്കു തോന്നുന്നുണ്ടോ? എന്നാൽ ചെറുശ്ശേരിയിൽ വെച്ചദ്ദേഹം ആവശ്യപ്പെട്ടപ്പോൾതന്നെ സ്വീകരിക്കുമായിരുന്നില്ലേ? കേളുജ്യേഷ്ഠന്റെ ആലോചനയെ തിരസ്കരിക്കുമായിരുന്നോ? ആകപ്പാടെ ഞാനൊരു വിഡ്ഢിയാണെങ്കിലും വിവാഹകാൎയ്യത്തിൽ അവിവേകമായിയാതൊന്നും പ്രവൃത്തിക്കില്ല. വാസ്തവം മുഴുവം ഒളിക്കാതെ പറഞ്ഞാൽ. —

ജാ-കു—ഒളിക്കാതെ പറഞ്ഞാൽ?

ദേ—ജ്യേഷ്ഠത്തിയ്ക്ക് രസമായില്ലെങ്കിലൊ എന്നൊരു ശങ്ക. വാസ്തവം പറയുകയാണെങ്കിൽ എനിക്കദ്ദേഹത്തിൽ ജ്യേഷ്ഠത്തിക്കു ഭാസ്കരമേനോനോടുള്ളതിനേക്കാൾ ഹൃദയപൂൎവ്വമായ സ്നേഹമുണ്ടെന്നു സമ്മതിക്കാതെ കഴിയില്ല. ജ്യേഷ്ഠത്തി ദ്വേഷ്യപ്പെടരുതേ.

ജാ-കു—(ചിരിച്ചുംകൊണ്ട്) ആട്ടെ ദേവീ, നിങ്ങൾ തമ്മിൽ സ്നേഹിക്കുവാൻ തുടങ്ങിയിട്ട് എത്ര കാലമായിരിക്കുന്നു? എപ്പോൾ തുടങ്ങി?

ദേ—അതൊന്നും എനിക്കറിഞ്ഞുകൂട. എപ്പോഴാണു തുടങ്ങി

യതെന്നു പറയാൻ പ്രയാസം. അനുരാഗം പരിപക്വാവസ്ഥയിൽ എത്തിയതേ അറിഞ്ഞുള്ളൂ. പത്മാലയത്തിൽ വെച്ചു പരസ്പരം കണ്ടശേഷം എൻെറ സ്നേഹം ഹൃദയത്തിൽ അടക്കുവാൻ കഴിയാത്തവണ്ണം അത്ര ശക്തിമത്തായിതീൎന്നു എങ്കിലും ഞാൻ അപ്പോഴൊന്നും യാതൊരു ചാപല്യവും കാണിച്ചില്ല.

ജാ-കു—ദേവി ഇപ്പോഴും ചാപല്യം കാണിക്കാഞ്ഞാൽ കുറെക്കൂടി മാനം നേടാമായിരുന്നു. മാന്യനായ അദ്ദേഹം ദേവീപ്രസാദത്തിന്നുവേണ്ടി എപ്പോഴും പ്രാൎത്ഥിച്ചുകൊണ്ടേ ഇരിക്കും.

ദേ—ഒരാൾ എപ്പോഴും പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്നതായാൽ മാനമുണ്ടാകുമൊ? ഇതു ഞാനറിഞ്ഞിരുന്നില്ല.

ജാ-കു—അറിഞ്ഞിരുന്നില്ലയൊ എന്തൊ! അതെനിക്കു നിശ്ചയമില്ല. ദേവിയുടെ പ്രവൃത്തി ഏതാനും ഒരു കവിശ്രേഷ്ഠൻെറ അഭിപ്രായത്തിന്നനുസരിച്ചിരിക്കുന്നു

ദേ—എന്താണു കവിശ്രേഷ്ഠൻെറ അഭിപ്രായം?

ജാ-കു—(ചിരിച്ചുംകൊണ്ട്) "തന്നെക്കുറിച്ചൊരുവനെന്നു മിരന്നിടേണം, തന്നംഗികൾക്കിതിൽമികച്ചൊരുമാനമില്ല" ദേവി കേട്ടിട്ടില്ലേ ഇത്?

ദേ—ബലെ ഭേഷ്! നല്ല അഭിപ്രായം. ഇതൊക്കെ ജ്യേഷ്ഠത്തിയുടെ കയ്യിൽ ഇരിപ്പുള്ളതൊ; അതൊ ഭാസ്കരമേനോനിൽനിന്നു ലഭിച്ചതൊ?

ജാ-കു—അത് എന്തെങ്കിലുമാകട്ടെ. ദേവി എന്താ എടക്ക് ഒരു 'വിഡ്ഢി' എന്നും മററും പറഞ്ഞത്? എൻെറ അനുജത്തി വിഡ്ഢിയോ? വിഡ്ഢിയാണെന്നു വിചാരിക്കുന്നവരല്ലേ വിട്ടവിഡ്ഢികൾ? വലിയ സമൎത്ഥതന്നെ. സംശയമില്ല. എങ്ങിനെ ദേവി, ഉത്തരരാമചരിതവും, ചിസ്സിൽവായനയും, മറന്നുപോയൊ? അന്നു ഞാൻ പറഞ്ഞപ്പോൾ സമ്മതിച്ചില്ല. വല്ലാത്ത അടക്കം! ഞാൻ

ഒരു വിഡ്ഢിയാണെങ്കിലും ദേവിയുടെ സ്ഥിതി ഏതാനും മനസ്സിലാക്കിയിരുന്നു. പക്ഷെ ഇതെല്ലാം ദേവിയെക്കൊണ്ടുതന്നെ പറയിപ്പിക്കണമെന്നു വിചാരിച്ച് ഒന്നും അറിയാത്ത ഭാവം നടിച്ചിരുന്നതാണ്. എതായാലും ഇനി ബാലകനും, ഭദ്രക്കും, വരന്മാരെ സമ്പാദിപ്പാൻ പ്രയാസമില്ല. ഒന്നു രണ്ടു പ്രാവശ്യംകൂടി ദേവീവചനം വാടിയാൽ ഭഗീരഥപ്രയത്നം ചെയ്തും അദ്ദേഹം അവരുടെ കാര്യം ശരിപ്പെടുത്താതിരിക്കില്ല. എന്റെ അനുജത്തീ, കള്ളി മുഴുവൻ ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ദേവിക്കെന്നിൽ പൂർണ്ണ വിശ്വാസമില്ലെന്നുള്ള പരമാർത്ഥം ഇയ്യിടയിലാണ് എനിക്കറിവായത്. പദ്മാലയവർത്തകൾ മുഴുവനും എന്നോടു പറഞ്ഞുവൊ? ദേവി മറച്ചുവെച്ചു എങ്കിലും ഞാൻ മറെറാരു വഴിക്കറിഞ്ഞു. ഇതു നന്നായില്ല; നിശ്ചയം.

ദേ— ജ്യേഷ്ഠത്തീ, ഈ സംഗതിയിൽ എന്റെ നേരെ പരിഭവം തോന്നരുത്. നമ്മുടെ അപ്പോഴത്തെ അവസ്ഥക്കു ഭാസ്കരമേനോന്റെയും, സ്നേഹിതന്റെയും പേരു പറയുവാൻതന്നെ എനിക്കിഷ്ടമുണ്ടായിരുന്നില്ല. അവിടെ വെച്ചു ഭാസ്കരമേനോനെ കണ്ട വർത്തമാനവും മററും പറഞ്ഞു ജ്യേഷ്ഠത്തിയുടെ ഹൃദയത്തിൽ ശാന്തമായി അടങ്ങിക്കിടക്കുന്ന പൂർവ്വവൃത്താന്തങ്ങളെ ഓർമ്മിപ്പിക്കുന്നത് എനിക്കു സങ്കടകരമായി തോന്നി. പിന്നെ എന്റെ കാര്യത്തെക്കുറിച്ച് എന്താണു പറയേണ്ടതെന്ന് ഒരു വിവരവുമില്ലാതെ ഞാൻതന്നെ വിഷമാവസ്ഥയിലായിരുന്നു. ഇതു നിമിത്തമാണ് അവരെ രണ്ടുപേരേയും കണ്ട വിവരം ഞാൻ ജ്യേഷ്ഠത്തിയെ അറിയിക്കാഞ്ഞത്. അല്ലാതെ ജ്യേഷ്ഠത്തിയിൽ വിശ്വാസമില്ലാഞ്ഞിട്ടാണെന്നു വിചാരിക്കരുത്.

ജാനു പല നേരംപോക്കുകളും പറഞ്ഞു ദേവിയെ ക

ളിയാക്കി രസിച്ചു. ഈ സോദരിമാർ പരസ്പരം പലേ നർമ്മങ്ങളും പറഞ്ഞു നിശാർദ്ധംവരെ ഉറങ്ങാതെ കിടന്നു.

പിറെറ ദിവസം രാവിലെ കുളിയും മററും കഴിഞ്ഞു ദേവി ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ "ഉപദ്രവം. ഗുണം ചെയ്യാനാരുമില്ലെങ്കിലും ദ്രോഹത്തിന്നു വല്ലവരുമുണ്ടാകും. നമ്മുടെ ഭാസ്കരമേനോൻെറയൊരുമിച്ച് ഈശ്രീധരൻനമ്പ്യാരെന്തിനാണിങ്ങിനെ വരുന്നത്. വല്ലവരും ക്ഷണിക്കുന്നുണ്ടോ? എപ്പോഴും വന്ന് ഉപദ്രവിച്ചുകൊണ്ട്. ഇദ്ദേഹത്തിന്നു പണിയൊന്നുമില്ലേ? ഇടക്കിടെ വല്ല നായാട്ടിനൊ മററൊ പോയിക്കൂടെ? ഒരു നിമിഷമെങ്കിലും ഭാസ്കരമേനോനെ വിട്ടു പിരിയില്ല. കുറച്ചുനേരം സൈ്വരമായിരുന്നു സംസാരിക്കാൻ ആ കുട്ടികൾക്കു സമയം കൊടുക്കില്ല. ഇങ്ങിനെയുണ്ടൊ ഒരുപദ്രവം? അവർ സംസാരിക്കുന്നതുകൊണ്ട് ഇദ്ദേഹത്തിന്നു വല്ല നഷ്ടവുമുണ്ടോ? ആട്ടെ, ദേവി, ഇന്നും അദ്ദേഹം വരുന്നപക്ഷം നീ ഒരു കാര്യം ചെയ്യണം. അദ്ദേഹത്തോടു കുറെ നേരം എവിടെയെങ്കിലും സംസാരിച്ചിരിക്കണം കിട്ടോ. എന്തു കണ്ടാലും കേട്ടാലും കുലുക്കമില്ലാത്ത നിനക്കല്ലാതെ ഇവിടെ വേറെ ആൎക്കും അദ്ദേഹത്തോടു സംസാരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഈ ഭാരം നിന്നെ തന്നെ ഏല്പിക്കുന്നത്" എന്നിങ്ങിനെ രുഗ്മിണിയമ്മ ദേവിയോട് ആജ്ഞാപിച്ചു. തനിക്കേററവും സന്തോഷപ്രദമായ ഈ മാതൃശാസനം കേട്ടപ്പോൾ ദേവി സപ്രേമം ചിരിച്ചുവെങ്കിലും തൻെറ പ്രിയതമനെക്കുറിച്ചു അമ്മക്കുള്ള അഭിപ്രായത്തിൽ അല്പം ഉപദ്രവം തോന്നാതിരുന്നില്ല.

രുഗ്മിണിയമ്മ വിചാരിച്ചിരുന്നപോലെത്തന്നെ അന്നും സ്നേഹിതന്മാർ രണ്ടുപേരും ഒരുമിച്ചുതന്നെയാണ് വന്നത്. ഭാസ്കരമേനോൻ വന്ന ഉടനെ ദേവിയെ നോക്കിയ നോട്ടത്തിൽനിന്നു കാൎയ്യം മുഴുവനും അദ്ദേഹം ഗ്രഹിച്ചിട്ടുണ്ടെന്നു ദേവിക്കു സ്പഷ്ടമായി.

ഭാ-മേ—(അത്ഥഗർഭമായ പുഞ്ചിരിയോടെ) ദേവീ, ഉദ്യാനത്തിൽ നടക്കുവാൻ പോകുന്നില്ലേ? ഇന്നും സൂര്യാസ്തമനം വന്നേക്കുമൊ?

രു-അ—ശരി, ഉദ്യാനത്തിന്റെ കാര്യം പറഞ്ഞപ്പോഴാണ് ഓർമ്മ വന്നത്. ദേവിയുടെ ഇഷ്ടപ്രകാരം തോട്ടത്തിന്റെ തെക്കേ തലക്കൽ ഇയ്യിടെ ഉണ്ടാക്കീട്ടുള്ള പുതിയ മുല്ലത്തറയും മററും ശ്രീധരൻനമ്പ്യാർ കണ്ടിട്ടില്ലല്ലൊ. വളരെ വിശേഷമായിട്ടുണ്ട്.

ശ്രീ-ന—ഇല്ല; ഞാൻ കണ്ടിട്ടില്ല. ആരും കാണിച്ചുതന്നതുമില്ല.

രു-അ—കാണണമെങ്കിൽ ഇപ്പോൾതന്നെ പോകാമല്ലൊ. ഭദ്രയും, ദേവിയും ഒരുമിച്ചു വരും.

ഭാ-മേ—(പുഞ്ചിരിയോടെ) ഭദ്രയെ ബുദ്ധിമുട്ടിക്കേണ്ട. അവളവിടെ ഇരുന്നോട്ടെ. ദേവി പോയാൽ മതി അല്ലെ ഭദ്രേ?

ഭദ്രക്കു പോകുവാനിഷ്ടമില്ലെന്നു പറഞ്ഞു. മണ്ഡപവും മററും കാണ്മാനായി ശ്രീധരൻനമ്പ്യാർ തിരക്കുകൂട്ടി. അദ്ദേഹത്തിന്റെ ഒന്നിച്ചു പോകാമെന്നു ദേവി മൌനാനുവാദംകൊണ്ടറിയിച്ചു.

വിവാഹകാര്യം അന്നുതന്നെ ബാലകൃഷ്ണമേനോനെ അറിയിക്കണമെന്നു ദേവിയും, ശ്രീധരൻനമ്പ്യാരും ഉദ്യാനത്തിൽനിന്നു മടങ്ങുന്നതിന്നു മുമ്പായി നിശ്ചയിച്ചു. ഈ വത്തമാനം രുഗ്മിണിയമ്മയിൽ ഏതൊരുവിധ മനോവികാരങ്ങളേയാണ് ജനിപ്പിക്കുക എന്നു ദേവിക്കു തീച്ചപ്പെടുത്തുവാൻ കഴിഞ്ഞില്ല ശ്രീധരൻനമ്പ്യാരുടെ പേരിൽ അയമ്മക്കുള്ള വെറുപ്പ് അദ്ദേഹത്തിന്റെ ഐശ്വര്യസമൃദ്ധിയാൽ സമൂലം ഛേദിക്കപ്പെട്ടില്ലയൊ എന്നവൾ ശങ്കിക്കാതിരുന്നില്ല. വിവാഹത്തെ രുഗ്മിണിയമ്മ അനുവദിക്കുന്നതായാലും, നിഷേധിക്കുന്നതായാലും, അയമ്മയിൽനിന്നു പ്രഥമതഃപ്ര

പ്പെടുന്ന വാക്കുകൾ ശ്രീധരൻനമ്പ്യാൎക്കു കണ്ണുശല്യങ്ങളായി ഭവിക്കുമെന്നു വിചാരിച്ച് അമ്മയെ അറിയിക്കേണ്ട ഭാരം ദേവി കൈക്കൊണ്ടു.

വീട്ടിൽ മടങ്ങി എത്തിയ ഉടനെ ശ്രീധരൻനമ്പ്യാർ നേരിട്ടു ബാലകൃഷ്ണമേനോന്റെ വായനമുറിയിലേക്കു പോയി. ദേവിയുടെ പരിഭ്രമം വൎദ്ധിച്ചു. ഹൃദയം ഉൗക്കോടെ മിടിക്കുവാൻ തുടങ്ങി. അച്ഛൻ വിരോധം പറയുമെന്ന് അവൾക്ക് ഭയമുണ്ടായില്ല. എങ്കിലും അദ്ദേഹത്തിന്നുസുഖമില്ലാതാകുമൊ എന്നുശങ്കിച്ച് അവൾ വ്യസനിച്ചു. തന്റെ പ്രത്യേകവാത്സല്യഭാജനമായപുത്രി സ്വച്ഛന്ദംതിരഞ്ഞെടുത്തിട്ടുള്ള വരന്റെ പേരിൽ അച്ഛന്നു തൃപ്തിയില്ലാതെ വരുന്ന പക്ഷം അദ്ദേഹത്തിന്നുണ്ടാകാവുന്ന അസ്വാസ്ഥ്യമാലോചിച്ചു വിഷാദിച്ചിരുന്ന ദേവി ശ്രീധരൻനമ്പ്യാർ പുഞ്ചിരിയോടെ മടങ്ങിവരുന്നതു കണ്ടപ്പോൾ കുറഞ്ഞൊന്നാശ്വസിച്ചു. അദ്ദേഹം ദേവിയുടെ സമീപത്തു വന്നു ഭദ്രയും ദേവിയും കൂടി തുന്നിക്കൊണ്ടിരുന്ന ചില ശീലകളെല്ലാം നോക്കി രണ്ടു നിമിഷം നിന്ന ശേഷം ദേവിയോട് സ്വകാൎയ്യമായിട്ട് “അച്ഛൻ വിളിക്കുന്നു. അദ്ദേഹം വായനമുറിയിൽ ഉണ്ട്” എന്നു പറഞ്ഞു. ദേവി തൽക്ഷണംതന്നെ എഴുന്നേററ് അവിടേക്കു പോയി. അവൾ മുറിക്കകത്തു കടന്നപ്പോൾ പിതാവ് ചിന്താമഗ്നനായി അങ്ങുമിങ്ങും നടക്കുന്നതു കണ്ടു. ദേവിയെ കണ്ട ഉടനെ—

ബാകൃ-മേ—എന്താ ദേവി, ബുദ്ധിക്കിളക്കമുണ്ടൊ? നല്ലവണ്ണം ആലോചിച്ചിട്ടു തന്നെയാണൊ തീൎച്ചപ്പെടുത്തിയത്? നിനക്കു ശ്രീധരൻനമ്പ്യാരുടെ പേരിൽ അശേഷം ബഹുമാനമുണ്ടായിരുന്നില്ലല്ലോ? എന്നു മാത്രമല്ല, നീ അദ്ദേഹത്തെ തീരെ വെറുക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഇങ്ങിനെ തോന്നുവാൻ കാരണമെന്ത്?

താൻ ശ്രീധരൻനമ്പ്യാരെ സംബന്ധിച്ച് ആദ്യകാലങ്ങളിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഒരു വിധം മിതസ്വ

രത്തിലായിരുന്നുവെങ്കിൽ ഇങ്ങിനെ ചില പ്രശ്നോത്തരങ്ങൾക്ക് ഇടവരില്ലായിരുന്നു എന്നു വിചാരിച്ച്, ദേവി പശ്ചാത്തപിച്ചു. ഏതായാലും വളരെ പണിപ്പെട്ട് അവൾ തനിക്ക് ശ്രീധരൻനമ്പ്യാരിലുള്ള പ്രതിപത്തിയെ ഒരു വിധം തുറന്നു പറഞ്ഞു.

ബാ. കൃ. മേ — അദ്ദേഹത്തിൻെറ ഐശ്വൎയ്യസമൃദ്ധികണ്ടു ഭ്രമിച്ചിട്ടാണൊ ദേവി ഇങ്ങിനെ നിശ്ചയിച്ചത്? ജാനുവിനേക്കാൾ നല്ല വസ്ത്രാഭരണങ്ങൾ അണിയാം എന്നുള്ള മോഹംകൊണ്ടല്ലായിരിക്കാം. അതയൊ? സത്യംപറയൂ. മടിക്കേണ്ട. ജാനുവിനെക്കാൾ മാന്യപദവിയിലിരിക്കാം. അല്ലേ? ഈ വക നിസ്സാരസംഗതികൾകൊണ്ടു നീ തൃപ്തിപ്പെടുമോ? അദ്ദേഹം മഹാ ഗൎവ്വിഷ്ഠനാണെന്നു നമുക്കെല്ലാവക്കും അറിയുന്ന സംഗതിയല്ലെ. അശേഷം ജനരഞ്ജനയുമില്ല. പക്ഷെ ഇതുകൊണ്ടൊന്നും നിനക്കു വിരോധമില്ലെങ്കിൽ എനിക്കു സമ്മതംതന്നെ. നീ അദ്ദേഹത്തെ വരിക്കുവാൻ തീൎച്ചപ്പെടുത്തിയിരിക്കുന്നുവെങ്കിൽ ഞാൻകാരണം വിഘ്നം വരേണ്ട. വളരെ ആലോചിച്ച് ഉറക്കണമെന്നു മാത്രമെ എനിക്കു നിന്നോടു ഉപദേശിക്കുവാനുള്ളൂ. നിൻെറ സ്വഭാവം എന്നെപ്പോലെ മററാക്കും അറിഞ്ഞുകൂടാ. നിനക്ക് ഉപദേശം തരുവാൻ മാത്രം യോഗ്യനും, പ്രാപ്തനും, സമൎത്ഥനും, ആയിരിക്കണം നിൻെറ ഭൎത്താവ്. അദ്ദേഹം ഏതവസ്ഥകൊണ്ടും നിന്നെക്കാൾ ഉൽകൃഷ്ടനാണെന്നു നിനക്കു ബോദ്ധ്യമാകണം. അല്ലെങ്കിൽ നീ അദ്ദേഹത്തെ സ്നേഹിക്കയുമില്ല; ബഹുമാനിക്കയുമില്ല. നിനക്ക് യഥാൎത്ഥമായ സുഖാനുഭൂതിയുമുണ്ടാവില്ല. അനുരൂപമല്ലാത്ത വിവാഹം നിന്നെ അപാരമായ ദുഃഖാംബുധിയിൽ തള്ളും. നിൻെറ ഈ പ്രസരിപ്പും, ശുഷ്കാന്തിയും നിന്നെ വല്ലാതെ കഷ്ടപ്പെടുത്തും. ഒരു കാലത്തും സുഖസന്തോഷങ്ങളുണ്ടാവില്ല. ആജീവനാന്തം ദുഃഖത്തി

യിഷ്ടമായ ജീവിതം നയിച്ച് ശ്രേഷ്ഠതരമായ മനുഷ്യജന്മത്തിൽക്കൂടി വെറുപ്പു തോന്നിയേക്കും. ഇങ്ങിനെ അബദ്ധത്തിൽ ചാടിയിട്ടുള്ള പലരും ഉത്തമോത്തമമായ മനുഷ്യജന്മത്തെ ശപിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് വിവാഹകാര്യത്തിൽ ഗാഢാലോചനചെയ്യാതെ അവിവേകമായി യാതൊന്നും ചെയ്യരുത്. ഭർത്താവ് നിൻെറ സ്നേഹബഹുമാനങ്ങൾക്കു അർഹനല്ലാതെ വന്നാൽ മഹാ കഷ്ടമാണ്. നീ ഭർത്താവിനെ ബഹുമാനിക്കാതേയൊ, ധിക്കരിച്ചൊ കാണുന്നത് എനിക്ക് ഏററവും വ്യസനകരമായിട്ടുള്ളതാകുന്നു. എൻെറ മകൾക്കു അതിന്നു സംഗതി വരുത്തരുതെ.

ബാലകൃഷ്ണമേനോൻെറ ഈ വാക്കുകൾ ദേവിയുടെ ഹൃദയത്തിൽ വല്ലാതെ തറച്ചു. അവൾ "ഇപ്പോൾ വരാം" എന്നു പറഞ്ഞ് വേഗം മുകളിൽ പോയി ശാരദാമ്മയുടെ എഴുത്തുകൊണ്ടുവന്ന് അച്ഛൻെറ കയ്യിൽ കൊടുത്തു. ബാലകൃഷ്ണമേനോൻ "ഓഹൊ! ഇന്നത്തെ ദിവസം വല്ലാത്തൊരു ദിവസംതന്നെ. എന്തെല്ലാം സംഭവങ്ങളാണ് കേൾക്കുന്നത്. ശരി. അന്നത്തെ പരിശ്രമം മുഴുവനും ശ്രീധരൻനമ്പ്യാരുടേതാണല്ലെ? നമ്മുടെ കൃതജ്ഞതക്കു യഥാർത്ഥമായ അവകാശി ശ്രീധരൻനമ്പ്യാരാണെന്നൊ? ലീലയെ കണ്ടുപിടിച്ചു. വിക്രമമേനോൻെറ കടം മുഴുവനും വീട്ടി. അയാൾക്ക് ഒരു ഉദ്യോഗം നൽകി. ലീലക്കു കുറെ പണം കൊടുത്തു. വിവാഹത്തിന്നു വന്നു. വിവാഹം റജിസ്റ്റർ ചെയ്യിച്ചു. എന്തെല്ലാമാണ് ചെയ്തത്. ഈ ചെറുപ്പക്കാരുടെ പണികളൊന്നും ഊഹിക്കുവാൻ വയ്യ. ഏതായാലും എനിക്കു ബുദ്ധിമുട്ടു കൂടാതെ കഴിഞ്ഞു. ചിലവായ പണം നാളെത്തന്നെ കൊടുക്കാമെന്നു പറയട്ടെ. എന്നാൽ അദ്ദേഹം നിശ്ചയമായും ശണ്ഠക്കു വരും. സംശയമില്ല. എൻെറ വായനയിലുള്ള ശ്രദ്ധകൊണ്ടു ഞാൻ ഇപ്പോൾ ചുററും നടക്കുന്ന സംഗതികൾ ഒന്നും

തന്നെ അറിയാറില്ല. കഷ്ടം! ഇത്രയും യോഗ്യനായ ഇദ്ദേഹത്തിന്റെ യഥാൎത്ഥസ്വഭാവം ഞാൻ ഇതുവരെയും അറിഞ്ഞില്ലല്ലൊ. എന്റെ ഈ ഉദാസീനത ഇപ്പോഴൊന്നും ഉണ്ടായതല്ല. അത് എന്നിൽ വന്നുചേൎന്നിട്ട വളരെ കാലമായിരിക്കുന്നു. ഇനി അതു പോകുമെന്നു തോന്നുന്നില്ല. (അല്പദിവസം മുമ്പു കേളുമേനോന്റെ കത്തു വായിച്ചപ്പോൾ ദേവിക്കുണ്ടായിരുന്ന പരുങ്ങൽ ഇപ്പോൾ ബാലകൃഷ്ണമേനോന്റെ സ്മൃതിയിൽ വന്നു. അദ്ദേഹം കുറച്ചുനേരം അവളെ കളിയാക്കിയതിൽപിന്നെ) ആട്ടെ, ഇനി ബാലയേയും ഭദ്രയേയും അന്വേഷിച്ച് വല്ലവരും വന്നിട്ടുണ്ടെങ്കിൽ വേഗത്തിൽ ഇങ്ങോട്ടയക്കു. ഇപ്പോൾ എനിക്കു ഒഴിവുള്ള സമയമാണ്" എന്നു പറഞ്ഞു.

ദേവി ചിരിച്ചുംകൊണ്ടു പുറത്തേക്കു പോയി. അവളുടെ ഹൃദയത്തിൽ വലുതായ ഒരു ഭാരം ഒഴിഞ്ഞപോലെ തോന്നി. അവളുടെ മുറിയിൽ പോയിരുന്ന് അല്പനേരം മനോരാജ്യസുഖമനുഭവിച്ചശേഷം ജാനുവും മററും ഇരിക്കുന്നിടത്തു പോയി. അന്നു വേറെ വിശേഷസംഭവങ്ങളൊന്നും കൂടാതെ സന്തോഷോത്സാഹത്തോടെ ദിവസം കഴിഞ്ഞു. തന്റെ ജോലിയിൽ അണുപോലും വീഴ്ചവരുത്താതെ യഥാക്രമം നിൎവ്വഹിച്ച് ദിനാന്ത്യത്തിൽ ശ്രമപരിഹാരാൎത്ഥം ദിനകരൻ പശ്ചിമാംബുധിയിൽ ഇറങ്ങിയപ്പോൾ ജാനകീദേവീധ്യാനനിഷ്ഠന്മാരായി നമ്മുടെ സ്നേഹിതന്മാർ ഉദ്യാനത്തിലേക്കു മടങ്ങി.

സായാഹ്നസന്ധ്യക്കു നിത്യത പതിവുള്ള ശിവദൎശനവും മററും കഴിച്ച് മുകളിൽ തളത്തിൽ നാമം ജപിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞാണിയമ്മയുടെ അരികിൽ നിശ്ശബ്ദയായി നില്ക്കുന്ന ജാനുവിന്റെ മുഖത്തു നോക്കിയാൽ അവൾ അമ്മയോടെന്തൊ പറയുവാനായി കാത്തുനില്ക്കുകയാണെന്നു സംശയം കൂടാതെ തോന്നും. അമ്മയുടെ നാമംജപം കഴിഞ്ഞഉടനെ

ദേവിയുടെ വിവാഹവർത്തമാനം ജാനു സസന്തോഷം അമ്മയെ അറിയിച്ചു. ജാനുവിൻെറ വാക്കുകൾ രുഗ്മിണിയമ്മയിൽ അഭൂതപൂർവ്വമായ ഒരു ഭാവഭേദമുണ്ടാക്കി. രണ്ടുനിമിഷത്തോളം അയമ്മ സ്തബ്ധയായിരുന്ന ശേഷം ഇരിക്കയോ, നടക്കയോ, കളിക്കയോ, ചിരിക്കയോ, ഈശ്വരനെ സ്തുതിക്കയോ, ഗുരുകാരണവന്മാരെ വന്ദിക്കയോ, എന്തെല്ലാമാണ് ചെയ്തതെന്നു പറയുവാൻ പ്രയാസം.

രു. അ— ഈശ്വരാനുഗ്രഹം, ഈശ്വരാനുഗ്രഹം, സംശയമില്ല. വെറുതെയാണൊ ഞാൻ ഭജിക്കുന്നത്. എന്തൊരു ഭാഗ്യം! ഹാ!! വിചാരിക്കാൻ വയ്യ. മഞ്ഞിന്നൊരു കാലമുണ്ടെങ്കിൽ മഴക്കും, ഒരു കാലമില്ലേ? അമ്മാളുക്കുട്ടിയുടെ പുടമുറി കഴിഞ്ഞപ്പോൾ എനിക്കു വളരെ സുഖക്കേടുണ്ടായിരുന്നു. ഇപ്പോൾ ഞാൻ തന്നെയാണ് ഭാഗ്യവതിയായ മാതാവ്. ദേവീ, ഇതു സത്യംതന്നെയല്ലെ? ശ്രീധരൻ നമ്പ്യാർ—പത്മാലയത്തിലെ ശ്രീധരൻനമ്പ്യാർ—എൻെറ മകളുടെ ഭർത്താവൊ! ഈശ്വരാ! ഇതു സ്വപ്നത്തിൽ പോലും വിചാരിക്കാത്തതാണ്. ശിവനെ! എന്തു പണം! എന്തവസ്ഥ! എത്ര ദാസിമാർ! എന്തൊരു വീട്!! എൻെറ മകളുടെ യോഗം. അന്നു കേളുമേനോനെ സ്വീകരിക്കാഞ്ഞത് എത്രയൊ നന്നായി. അന്നു ഞാൻ ശകാരിച്ചതുകൊണ്ടു സുഖക്കേടരുത്. കേട്ടൊ ദേവീ. ഇത്ര വലിയ ഭാഗ്യമനുഭവിക്കാൻ യോഗമിരിക്കുമ്പോൾ മറ്റൊരാൾ തട്ടത്താൽ നില്ക്കുമൊ. അല്ലെ? എത്രതരം പട്ടുകൾ, എതുമാതിരി മുണ്ടുകൾ, എങ്ങിനെയുള്ള ആഭരണങ്ങൾ, എല്ലാം എൻെറ മകൾക്ക് ഇഷ്ടംപോലെ വാങ്ങാമല്ലൊ. നിൻെറ സ്ഥിതി വിചാരിക്കുമ്പോൾ ജാനുവിൻെറ കാര്യം കുറച്ചു മോശംതന്നെ. എങ്കിലും അദ്ദേഹവും ഒട്ടും നിസ്സാരനല്ലെ. ശ്രീധരൻനമ്പ്യാർതന്നെയാണ് പുരുഷോത്തമൻ. എന്തുയരം! എന്തു ശരീരം! കഷ്ടമെ! ഞാനദ്ദേഹ

ത്തെ ഇതുവരെ പറഞ്ഞതെല്ലാം വിചാരിച്ച് കണ്ടിതം തോന്നുന്നു. മുഖത്തു നോക്കി യാതൊന്നും പറഞ്ഞിട്ടില്ലെങ്കിലും ചിലപ്പോഴെല്ലാം അനിഷ്ടം നടിച്ചിരുന്നു. ദേവി, എനിക്കുവേണ്ടി നീ മാപ്പുചോദിക്കണം. അദ്ദേഹം അതൊന്നും അത്ര കാൎയ്യമായി വിചാരിച്ചിട്ടുണ്ടാവില്ല. എങ്കിലും നി ചോദിക്കാനുപേക്ഷ വരുത്തരുത്. അദ്ദേഹത്തിന്നു കോഴിക്കോട്ടു വലിയ ഒരു ബങ്കളാവുണ്ട്. ഇല്ലെ? വലിയ പ്രഭു! മഹാ യോഗ്യൻ! എന്റെ ഒരു മകളുടെ പുടമുറി കഴിഞ്ഞു. രണ്ടാമത്തിതാ കഴിയാൻ പോകുന്നു. ഭഗവതീകടാക്ഷത്താൽ മൂന്നു മക്കൾക്കു ഭൎത്താവായി. അവരൊക്ക വിശ്വവിശ്രുതന്മാർ! ഈശ്വരകാരുണ്യമുണ്ടെങ്കിൽ വല്ലതിന്നും പ്രയാസമുണ്ടോ? വിക്രമമേനോന്റെ കാൽവാരി വളരെ വിശേഷംതന്നെ. അദ്ദേഹത്തിന്റെ സംബന്ധം കഴിഞ്ഞിട്ട് മൂന്നു മാസം തികഞ്ഞില്ല. ഇതുകൊണ്ടെനിക്കു വിക്രമമേനോനെ മുമ്പത്തേക്കാൾ സ്നേഹം തോന്നുന്നു. സന്തോഷം. സന്തോഷം. സന്തോഷംകൊണ്ടെനിക്കു ഭ്രാന്ത് പിടിക്കുമൊ എന്നു ഭയമാകുന്നു.

രുഗ്മിണിയമ്മയുടെ ഈ മാതിരി വാക്കുകൾ കേൾക്കയാൽ ഇനി അമ്മയുടെ സമ്മതത്തെക്കുറിച്ചു ശങ്കയ്ക്കവകാശമില്ലെന്നു നിശ്ചയിച്ചും, അമ്മയുടെ ഏതാദൃശങ്ങളായ ചപലോക്തികൾ മററാരും കേട്ടില്ലല്ലൊ എന്നു വിചാരിച്ചു സന്തോഷിച്ചും, ജാനുവും ദേവിയും അവിടെനിന്നുപോയി. രുഗ്മിണിയമ്മ വീണ്ടും ദേവിയുടെ പിന്നാലെ പോയിട്ട് "ദേവീ, ശ്രീധരൻനമ്പ്യാരെക്കുറിച്ചു ഞാൻ മുമ്പുപറഞ്ഞിട്ടുള്ളതൊന്നും മനഃപൂൎവ്വമായിട്ടുള്ളതല്ല. എന്തോ അപ്പോൾ തോന്നിയിരുന്ന ദ്വേഷ്യത്തിന്നു ചിലതു പറഞ്ഞിരുന്നു എന്നെ ഉള്ളു. അതുവിചാരിച്ച് നിനക്കു സുഖക്കേടരുത്. ഹാ! അദ്ദേഹത്തിന്റെ യോഗ്യത പറഞ്ഞറിയിക്കത്തക്കതൊ! ഒരു തമ്പുരാനും അദ്ദേഹത്തോടു കിടപിടിക്കില്ല. നിങ്ങളുടെ പുടമുറി അത്യാഘോ

ഷത്തോടെ കൊണ്ടാടണം. നിൻേറയും, ജാനുവിൻേറയും ഒരുദിവസം തന്നെയാവട്ടെ. അല്ലെ ജാനു. അതാണധികം നല്ലത്. ദേവീ, ശ്രീധരൻ നമ്പ്യാൎക്ക് ഏതെല്ലാം പലഹാരങ്ങളാണധികം ഇഷ്ടമായിട്ടുള്ളതെന്നറിയുമൊ? എന്നാൽ നാളെ തന്നെ അതുണ്ടാക്കിക്കണം:" എന്നും മററും പറഞ്ഞു.

രുഗ്മിണിയമ്മ ശ്രീധരൻനമ്പ്യാരോടും ഇവ്വിധമല്ലയൊ സംസാരിക്കുക എന്നു വിചാരിച്ച് ദേവിക്കല്പം വിഷാദമുണ്ടായി. പക്ഷെ അവൾ വിചാരിച്ചപോലെയൊന്നുമല്ല പിറേറദിവസമുണ്ടായത്. ശ്രീധരൻ നമ്പ്യാരോടുള്ള ബഹുമാനാധിക്യം നിമിത്തം അദ്ദേഹത്തോടു രുഗ്മിണിയമ്മ അവശ്യം ആവശ്യമായ സന്ദൎഭങ്ങളിൽ മാത്രമെ സംസാരിച്ചിരുന്നുള്ളു. അതുതന്നെ വളരെ സൂക്ഷിച്ചിട്ടുമായിരുന്നു. ജാനുവിൻേറയും ദേവിയുടേയും വിവാഹം ഒരേദിവസംതന്നെനടത്തുവാൻ നിശ്ചയിച്ച സന്തോഷവൎത്തമാനം ഒട്ടും താമസിക്കാതെ ഗോവിന്ദമേനോനെ അറിയിച്ചു.

## അമ്പതൊമ്പതാമദ്ധ്യായം.

സോദരിമാരുടെ ഇരുവരുടേയും വിവാഹത്തിന്നു വേണ്ടുന്ന സകല ഒരുക്കങ്ങളും ഗോവിന്ദമേനോൻ മുതലായവർ അതിജാഗ്രതയോടെ ചെയ്തുതുടങ്ങിയിരിക്കുന്നു. മരുമക്കളെക്കുറിച്ചുള്ള സ്നേഹാധിക്യത്താൽ ശാരദാമ്മ ആഹാരനിദ്രാദികളെ കൂടി പരിത്യജിച്ച് അറവിതാനത്തിന്നും മററുമായി സാഹസപ്പെട്ടു ശ്രമിക്കുന്നു. അമ്മായിയുടെ അത്ല്യദ്ധ്വാനം കണ്ട് അടങ്ങിയിരിപ്പാൻ മനസ്സുവരാതെ ഇടക്കിടെ അയമ്മയെ സഹായിപ്പാൻ ചെല്ലുന്ന ജാനുവിനേയും ദേവിയേയും പരിഹസിച്ച് ത്രപാനമ്രമുഖികളാക്കി മടക്കി അയക്കുന്നതിൽ ശാരദാമ്മക്കുള്ള രസം ഒന്നു വേറെ തന്നെ

രണ്ടു പുത്രിമാരുടെ വിവാഹം ഒന്നിച്ചു കൊണ്ടാടുവാൻ സംഗതിവന്നതുകൊണ്ടും അതിയോഗ്യന്മാരായ പുത്രീമണാളന്മാരെ ലഭിച്ചതുകൊണ്ടും രുഗ്മിണിയമ്മയുടെ ഭാഗ്യാതിരേകത്തെപ്പററി സ്തുതിക്കാത്തവരും മനസാ അയമ്മയെ അസൂയിക്കാത്തവരുമായ അമ്മമാർ ആ ദിക്കിലാരും ഇല്ലെന്നു തന്നെ പറയാം. അമ്മുക്കുട്ടിയമ്മയും കൊച്ചുണ്ണിമന്നാടിയാരും ഭാസ്കരമേനോൻെറ വിവാഹം പ്രമാണിച്ച് നന്ദനോദ്യാനത്തിൽ എത്തിയിരിക്കുന്നു. അമ്മിണിക്കുട്ടിക്കു എന്തൊ ആകപ്പാടെ നല്ല സുഖമില്ലാത്തതുകൊണ്ടു അവൾ സോദരൻെറ വിവാഹമഹോത്സവം കൊണ്ടാടി ആനന്ദിപ്പാൻ വന്നിട്ടില്ല; എങ്കിലും അവൾ ജ്യേഷ്ഠൻെറ വിവാഹത്തിൽ തനിക്കുള്ള സന്തോഷത്തെ പൊതുജനസമക്ഷം പ്രകടിപ്പിക്കുന്നതിൽ ലേശംപോലും അമാന്തം വരുത്തിയില്ല. അവൾ അമ്മുക്കുട്ടിയമ്മയുടെ കയ്യിൽ ജാനുവിന്നു കൊടുപ്പാനായി ഒരു അനുമോദനക്കത്തും വിശേഷതരം പട്ടുകൊണ്ടുണ്ടാക്കിച്ച ഒരു ദാവണിയും ജാക്കററും അയച്ചു. അമ്മിണിക്കുട്ടിയുടെ കത്തു വായിച്ചാൽ ഈ വിവാഹത്തിൽ അവളെപ്പോലെ സന്തോഷം മററുള്ള ബന്ധുമിത്രാദികൾക്കു ഇല്ലെന്നു ആക്കും തോന്നിപ്പോകും. അവൾ വളരെ മനസ്സിരുത്തി സന്തോഷവും സ്നേഹവും പ്രദർശിപ്പിക്കുന്ന വാക്കുകളെ തിരഞ്ഞെടുത്ത് മാധുയ്യമേറിയ വാചകങ്ങളുണ്ടാക്കി ഏററവും ഭംഗിയായും വെടുപ്പായും എഴുത്തു എഴുതി അവസാനിപ്പിച്ചിട്ടുണ്ടായിരുന്നു. കൌശലക്കാരിയായ അമ്മിണിക്കുട്ടിയുടെ ഈ വക ജാടയിലൊന്നിലും ഋജുബുദ്ധിയായ നമ്മുടെ ജാനു ഇക്കുറി കുടുങ്ങുകയില്ലെന്ന് ഉറപ്പായി പറയാം.

ശ്രീധരൻ നമ്പ്യാർ തൻെറ വിവാഹം തീച്ചപ്പെടുത്തിയ ഉടനെ കാത്ത്യായനിയമ്മക്കും കമലക്കും ഓരോ കത്തെഴുതി വിവരം അവരെ ധരിപ്പിച്ചു. ജ്യേഷ്ഠൻെറ കത്തു വായിച്ചപ്പോൾ കമലക്കുണ്ടായ സന്തോഷം ഇത്രയെന്നു എഴുതി അറിയിപ്പാൻ പ്രയാസം. അവളുടെ നിവ്യാജമായ സന്തോ

ഷത്തെ സൂചിപ്പിക്കുന്ന ഓരോ കത്തെഴുതി ദേവിക്കും ശ്രീധരൻ നമ്പ്യാൎക്കും കൊടുക്കാനായി ജ്യേഷ്ഠന്റെ വിവാഹത്തിന്നു പുറപ്പെട്ടിരിക്കുന്ന കുമാരൻ നമ്പ്യാർ വക്കൽ കൊടുത്തു. ആ കത്ത് കമലയുടെ നിഷ്കപടസന്തോഷത്തിന്റെ ശതാംശംപോലും വെളിപ്പെടുത്താൻ മതിയായിരുന്നില്ലെങ്കിലും കത്തു വായിച്ചപ്പോൾ സഹോദരിയുടെ സന്തോഷഭരം മനസ്സിലാക്കാൻ ശ്രീധരൻ നമ്പ്യാൎക്കും ദേവിക്കും നിഷ്പ്രയാസം സാധിച്ചു. ധാത്രിയായ മാധവിയമ്മയുടെ വാത്സല്യാതിരേകവും ആശീൎവ്വചനവും അപേക്ഷാരൂപങ്ങളായ ചില ഉപദേശങ്ങളും ഈ വിവാഹത്തിലുള്ള സന്തോഷവും കുമാരൻ നമ്പ്യാർ വൎണ്ണിച്ചുകേട്ടപ്പോൾ ഇതെല്ലാം മാധവിയമ്മയുടെ സ്നേഹജന്യങ്ങളൊ അതൊ സരസനായ കുമാരൻ നമ്പ്യാരുടെ വാഗ്ധാടിയൊ ഏതായിരിക്കുമെന്നു തിരിച്ചറിയാൻ സാധിക്കാതെ ശ്രോതാക്കൾ വിഷമിച്ചു.

ശ്രീധരൻനമ്പ്യാരുടെ വിവാഹം തീച്ചപ്പെടുത്തിയ വിവരം അറിഞ്ഞപ്പോൾ കാൎത്ത്യായനി വലിയമ്മക്കുണ്ടായ കോപം അവൎണ്ണനീയമാകുന്നു. അയമ്മയുടെ ഹൃദയത്തിൽ കത്തിക്കാളുന്ന കോപാഗ്നിയുടെ ജ്വാല ആശ്രിതന്മാരെ അതിയായി പീഡിപ്പിച്ചു. ചെറുശ്ശേരി കൊട്ടാരത്തിലെ ഭൃത്യവൎഗ്ഗങ്ങൾ, വലിയമ്മയുടെ അതിദാരുണമായ കോപത്തിന്നു ഹേതുഭൂതന്മാരായ ദേവിയും നമ്പ്യാരും അയമ്മയുടെ ക്രോധാഗ്നിയിൽ ശലഭോപമം വെന്തു വെണ്ണീറാകുമൊ എന്നു ഭയപ്പെട്ടു. ഇപ്പോൾ കൊട്ടാരത്തിലെ ഉപജീവനക്കാരുടേയും സേവകന്മാരുടേയും അവസ്ഥ തുലോം ദയനീയമെന്നെ പറയേണ്ടു. ആ സാധുക്കൾ 'പരാന്നം പ്രാണസങ്കടം' എന്നു പലവുരു ജപിച്ച് വിഷാദമഗ്നന്മാരായി ദിവസം ഒരു വിധത്തിൽ കഴിച്ചു കൂട്ടുന്നു.

സഖിമാരുടെ വിവാഹത്തിന്നു പോകുവാൻ അമ്മാളുക്കുട്ടിക്കുള്ള മോഹം കുറച്ചൊന്നുമല്ല. ഉചിതജ്ഞയായ അ

വൾ വലിയമ്മയുടെ ഏവംവിധമായ ശാപപ്പകച്ച് കണ്ട് കുറഞ്ഞൊന്നു ഭയന്നിട്ടെന്ന പോലെ സ്വഭത്താവിനോട് "വലിയമ്മ വല്ലാതെ കോപിച്ചിരിക്കുന്നു. ഇപ്പോൾ ഇവിടെ താമസിക്കുന്നത് ഒന്നുകൊണ്ടും ഗുണകരമല്ല. ശകാരം കേട്ടുമടുക്കും. ഒരു മാസത്തെ കല്പന എടുത്ത് മുണ്ടക്കോട്ടക്ക് ഒന്നു പോവുക. എനിക്ക് അമ്മയേയും മറ്റും കാണ്മാൻ വളരെ ആഗ്രഹമുണ്ട്. കല്പന കഴിഞ്ഞു മടങ്ങിവരുമ്പോഴക്കു വലിയമ്മയുടെ കോപത്തിന്നു കുറച്ചു ശമനം വരും. ഇവിടെ തന്നെ താമസിക്കുകയാണെങ്കിൽ എന്തെല്ലാമാണ് സംഭവിക്കുക എന്നു തിച്ചപ്പെടുത്തുവാൻ പ്രയാസം. തെററും പിഴയും കൂടാതെ കഴിക്കാൻ തന്നെ ശ്രമിക്കണം. അമ്മാമൻ മക്കളുടെ പുടമുറിക്കു ക്ഷണിച്ചിട്ടുണ്ടല്ലൊ. ഇപ്പോൾ നമ്മൾ വീട്ടിലേക്കു പോയാൽ വിവാഹത്തിന്നു പോയതായി വിചാരിച്ച് അമ്മാമനും കൂട്ടരും വളരെ സന്തോഷിക്കും" എന്നും മററും ഭംഗിയായി പറഞ്ഞപ്പോൾ ഭാൎയ്യയുടെ വാക്ക് സ്വീകാരയോഗ്യമാണെന്നു കേളുമേനോന്നു ബോദ്ധ്യമായി. അദ്ദേഹം വളരെ പണിപ്പെട്ട് ഒരു വിധത്തിൽ വലിയമ്മയുടെ സമ്മതം വാങ്ങി ഭാൎയ്യാസമേതനായി വിവാഹത്തിന്നു രണ്ടു ദിവസം മുമ്പെ മുല്ലവളപ്പിൽ എത്തി. അമ്മാളുക്കുട്ടി തങ്ങളുടെ വിവാഹത്തിന്നു വന്നതുകൊണ്ട് ജാനുവും ദേവിയും വളരെ സന്തോഷിച്ചു. അമ്മാളുക്കുട്ടിയുടെ വരവ് ശാരദാമ്മക്കു അല്പം ആശ്വാസമുണ്ടാക്കി. നല്ലവണ്ണം കാൎയ്യശേഷിയും തന്റേടവുമുള്ള അമ്മാളുക്കുട്ടി വിവാഹത്തിന്നു അകത്തു വേണ്ടുന്ന എല്ലാം ഏൎപ്പാടുകളും ചെയ്യുന്നതിൽ ബദ്ധശ്രദ്ധയായിരിക്കുന്ന ശാരദാമ്മക്ക് മതിയായ ഒരു സഹായിയായി.

വിവാഹത്തിന്നു രണ്ടുദിവസം മുമ്പെ തന്നെ മുല്ലവളപ്പിലും നന്ദനോദ്യാനത്തിലുമുള്ള ആഘോഷവും ആഡംബരവും അവൎണ്ണനീയമെന്നെ പറയാവു.

ജ്യേഷ്ഠത്തിമാരുടെ വിവാഹത്തിന്നു ലീലയും വിക്രമമേനോനും വന്നില്ല. ലീലക്ക് ജ്യേഷ്ഠത്തിമാരൊന്നിച്ച് അവരുടെ വിവാഹത്തിൽ പങ്കുകൊള്ളുവാൻ മോഹമുണ്ടായിരുന്നുവെങ്കിലും ഭർത്താവിന്ന് ഇഷ്ടമില്ലെന്നറിഞ്ഞപ്പോൾ അവളുടെ മഹത്തായ ആഗ്രഹത്തെ യാതൊരാക്ഷേപവും കൂടാതെ പിൻവലിച്ചു. വിക്രമമേനോൻെറ അഭിപ്രായമനുസരിച്ചു ജ്യേഷ്ഠത്തിമാൎക്ക് ഓരോ അനുമോദനക്കത്തയച്ച് ലീല കുറഞ്ഞൊരു വിഷാദത്തോടെ തലശ്ശേരിയിൽ തന്നെ താമസിച്ചു.

മുല്ലവളപ്പുകാരുടെ ബന്ധുമിത്രാദികളിൽ പലരും ഗോവിന്ദമേനോൻെറ ക്ഷണനമംഗീകരിച്ച് വിവാഹത്തിൻെറ തലെ ദിവസം തന്നെ മുല്ലവളപ്പിൽ വന്നുചേൎന്നു. സൌഭാഗ്യവതികളായ ഈ രണ്ടു സഹോദരിമാരുടെ വിവാഹമഹോത്സവം വളരെ ആഘോഷത്തോടെ ശുഭമായി കഴിഞ്ഞു. വിവാഹത്തിന്നു വന്നിട്ടുള്ളവരെ യഥോചിതം സല്ക്കരിക്കുന്നതിൽ ഗോവിന്ദമേനോനും ശാരദാമ്മയും പ്രദൎശിപ്പിച്ച വകതിരിവും പ്രാപ്തിയും കണ്ട് ജനങ്ങൾ അവരെ കൊണ്ടാടി സ്തുതിച്ചു.

വിവാഹം കഴിഞ്ഞ പിറെറ ദിവസം തന്നെ ജാനു നന്ദനോദ്യാനത്തിലേക്കു പോയി. ബാലകൃഷ്ണമേനോൻെറയും ഭാസ്കരമേനോൻെറയും മററും അപ്രിയം ഭയന്ന് ശ്രീധരൻ നമ്പ്യാരും ഭാൎയ്യയും രൊഴ്ചയോളം മുല്ലവളപ്പിലും നന്ദനോദ്യാനത്തിലുമായി താമസിച്ചു. ഈ അവസരത്തിൽ ചിലപ്പോൾ അമ്മാളുക്കുട്ടിയുടേയും ജാനുവിൻെറയും സഹായത്തോടുകൂടി ശാരദാമ്മ അതിതാല്പൎയ്യത്തോടെ നമ്പ്യാരേയും ഭാൎയ്യയേയും പരിഹസിച്ചു രസിക്കും. ഇതിന്നുള്ള കാരണം ഈ ദമ്പതിമാൎക്ക് ആദ്യത്തിൽ അന്യോന്യമുണ്ടായിരുന്ന അനാദരവാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ശാരദാമ്മയുടെ വിനോദ വചനങ്ങൾ നമ്പ്യാരേയും ദേവിയേയും വ

ല്ലാതെ കുഴക്കമെങ്കിലും അവക്കുതിൽ ലേശം അപ്രിയമൊ നീരസമൊ ഉണ്ടായിരുന്നില്ല. ശാരദാമ്മയുടെ പരിഹാസ വാക്കുകൾക്കു ഈ ദമ്പതിമാരിൽനിന്നുണ്ടായിരുന്ന സമാധാനം മന്ദാക്ഷസമേതമായ മന്ദഹാസം മാത്രമായിരുന്നു. നമ്പ്യാക്കു ദുർല്ലഭം ചിലപ്പോൾ കേളുമേനോൻെറ ചൊല്ലിയാട്ടത്തിൽ മുഷിച്ചിൽ തോന്നിയിരുന്നുവെങ്കിലും ആയാൾ ദൃഷ്ടിയിൽനിന്നു മറയുന്നതുവരെ അദ്ദേഹം അതിനെ പുറത്തു പ്രകാശിപ്പിക്കയില്ല.

രുഗ്മിണിയമ്മ ശ്രീധരൻനമ്പ്യാരോടു പെരുമാറിയിരുന്നത് ഇതേവരെ അയമ്മയെപ്പററി മററുള്ളവർ ധരിച്ചിട്ടുള്ള അഭിപ്രായത്തിന്നു എത്രയൊ വ്യത്യാസപ്പെട്ട ഒരു നിലയെ അവലംബിച്ചിട്ടായിരുന്നു. പാറുക്കുട്ടി അമ്മയും ഈ സംഗതിയിൽ ഏതാനും ജ്യേഷ്ഠത്തിയെപ്പോലെയായിരുന്നു. രുഗ്മിണിയമ്മ സ്വാതന്ത്ര്യത്തോടെ ഭാസ്കരമേനോനോടു സംസാരിക്കുംപോലെ ശ്രീധരൻനമ്പ്യാരോടു സംസാരിക്കയില്ല. എപ്പോഴെങ്കിലും നമ്പ്യാർ ലൌകികമനുസരിച്ച് വല്ലതും ചോദിച്ചാൽക്കൂടി അതിന്നുള്ള സമാധാനം ഒന്നൊ രണ്ടൊ വാക്കുകൊണ്ടു പറഞ്ഞവസാനിപ്പിക്കും. രുഗ്മിണിയമ്മയ്ക്കു് നമ്പ്യാരിൽനിന്നു വല്ലതും അറിയേണ്ടതുണ്ടെങ്കിൽ അയമ്മ അതു ദേവിമുഖാന്തിരം ചോദിച്ചറികയെയുള്ളു. ഗംഭീരാശയനായ നമ്പ്യാരുടെ സന്നിധിയിൽ രുഗ്മിണിയമ്മയ്ക്കുള്ള അടക്കവും, സങ്കോചവും, മിതഭാഷിത്വവും കണ്ടു ബാലകൃഷ്ണമേനോൻ മുതലായവർ വല്ലാതെ വിസ്മയിക്കുന്നു. അയമ്മയുടെ സ്വഭാവം ഈ മാതിരി ഭേദപ്പെട്ടതിന്നുള്ള കാരണം, നമ്പ്യാർ അധികം സംസാരിപ്പാൻ ഇഷ്ടമില്ലാത്ത ഒരാളാണെന്നു അയമ്മ എങ്ങിനേയൊ ധരിച്ചതുകൊണ്ടാണ്. തങ്ങൾ അനന്തകോടി ജന്മങ്ങളിൽ ചെയ്ത സുകൃതഫലംകൊണ്ടാണ് ദേവിക്ക് ഈ പുരുഷരത്നത്തിൻെറ ഭാര്യാപദം പ്രാപിപ്പാൻ യോഗമുണ്ടായതെന്നു അയമ്മ ബലമായി വിശ്വ

സിക്കുന്നു. ത്രൈലോക്യസമ്മതനായ തന്റെ മരുമകനു താൻമൂലം അല്പമെങ്കിലും നീരസമുണ്ടാകുന്നത് അയമ്മയ്ക്കു മരണശിക്ഷയെക്കാൾ എത്രയോ അധികം സങ്കടകരമായി തോന്നിയിരുന്നു. നന്ദനോദ്യാനത്തിലും, മുല്ലവളപ്പിലുമുള്ള ജനങ്ങൾക്ക് അഞ്ചാറുദിവസം അഞ്ചാറു വിനാഴിക പോലെ കഴിഞ്ഞു.

ശ്രീധരൻനമ്പ്യാരും, ഭാര്യയും, പദ്മാലയത്തിലേയ്ക്കു പോകുവാൻ തീർച്ചപ്പെടുത്തിയിരുന്ന സുദിനം നന്നെ അടുത്തു. "ഇനി ഒരു മിനിട്ടുപോലും താമസിപ്പാൻ തരമില്ല. കമലയ്ക്കു ഞങ്ങളെ കാണ്മാൻ ബദ്ധപ്പാടായിരിക്കുന്നു. വേഗത്തിൽ അങ്ങോട്ടു പോയില്ലെങ്കിൽ ഈ അവസരത്തിൽ ഞാൻ എന്റെ സോദരിയെ മറന്നതായി വിചാരിച്ച് അവൾ തീർച്ചയായും വ്യസനിക്കും. കുട്ടി ദിവസേന അയയ്ക്കുന്ന എല്ലാ കത്തുകളിലും ഈ സംഗതി കാണിക്കുന്നുണ്ട്." എന്നും മററും നമ്പ്യാർ ഒന്നു രണ്ടു പ്രാവശ്യം പറഞ്ഞതുകൊണ്ട് ഒരു ദിവസം കൂടി താമസിക്കണമെന്നു പറയുവാൻ ബാലകൃഷ്ണമേനോൻ മുതലായവർ ധൈര്യപ്പെട്ടില്ല. ശ്രീധരൻ നമ്പ്യാർ എല്ലാവരേയും നിർബ്ബന്ധപൂർവ്വം ക്ഷണിച്ചുവെങ്കിലും ശാരദാമ്മയും, ബാലകൃഷ്ണമേനോനും, ഭദ്രയും മാത്രം ദമ്പതിമാരോടൊന്നിച്ചു പദ്മാലയത്തിലേയ്ക്കു പോയി.

## അറുപതാമദ്ധ്യായം.

നമ്മുടെ ജാനു, ദേവി മുതലായവരുടെ വിവാഹങ്ങൾ കഴിഞ്ഞിട്ട് ഇപ്പോൾ ഏകദേശം രണ്ടു കൊല്ലത്തോളമായിരിക്കുന്നു. ശ്രീധരൻനമ്പ്യാരുടെ വിവാഹം കാർത്ത്യായനിവലിയമ്മയുടെ അധികാരധോരണിയേയും, പ്രഭാവത്തിനേയും കുറഞ്ഞൊന്നു പരാഭവിച്ചിരുന്നു. ആ വിവാഹദിവസംവരെ വ

ലിയമ്മയുടെ അധികാരശക്തി 'എങ്ങും തടവില്ലിനിക്കെന്നെ റികനീ' എന്നുള്ള നിലയെ അവലംബിച്ചതായിരുന്നു. തന്റെ അധികാരപ്രാഭവങ്ങൾക്ക സഹോദരപുത്രന്റെ വിവാഹത്തെ തടയുവാൻ മാത്രമുള്ള ശക്തിയില്ലെന്നറിഞ്ഞപ്പോൾ അഭൂതപൂർവ്വമായ കോപതാപാദികളാൽ വലിയമ്മ, മന്ത്രൌഷധികളാൽ രുദ്ധവീർയ്യയായ പന്നഗിയെപ്പോലെ ഒട്ടേറെ സന്തപിച്ചു. അസഹനീയമായ ക്രോധാവേശത്താൽ മതിമറന്ന് നമ്പ്യാരേയും, ദേവിയേയും മററും മർമ്മച്ഛേദിയായ പാരുഷ്യവാക്കുകളാൽ കണക്കിലേറെ ശകാരിച്ചു; ആ മാന്യ ദമ്പതിമാരെ പലവുരു ശപിച്ചു; അനുരൂപമല്ലാത്ത വിവാഹത്താൽ ശ്രീധരൻനമ്പ്യാർ നിന്ദ്യനായിരിക്കുന്നു എന്നു പറഞ്ഞദ്ദേഹത്തെ സാവജ്ഞം പുച്ഛിച്ചു; പദ്മാലയത്തിലെ ഗൃഹനായികാത്വം വഹിപ്പാനുള്ള ഭാഗ്യം ദേവിക്കുണ്ടായതിനാൽ വലിയമ്മയ്ക്കും, മകൾക്കും മഹത്തായ അസൂയ അവളോടുണ്ടായി. നമ്പ്യാരുടെ വിവാഹാവസരത്തിൽ കോപത്തിന്റെ കോമരമായിത്തീൎന്ന വലിയമ്മ മേലിൽ താൻ പദ്മാലയത്തിലേയ്ക്കു പോകയില്ലെന്നും നമ്പ്യാരോടും, ഭാർയ്യയോടും, അവളുടെ ബന്ധുമിത്രാദികളോടും മററും ഒരക്ഷരംപോലും സംസാരിക്കയില്ലെന്നും ശപഥം ചെയ്തു. അഞ്ചാറുമാസം കഴിയുന്നതുവരെ വലിയമ്മയുടെ സത്യത്തിന്നു ഒന്നുകൊണ്ടും ഭംഗമുണ്ടായില്ല. കോപം, അസൂയ, വ്യസനം, സന്തോഷം മുതലായ മനോവികാരങ്ങളുടെ അസഹനീയമായ ശക്തി വളരെക്കാലം സ്ഥായിയായി നില്ക്കുന്നതല്ല. അവയുടെ ശക്തി കാലക്രമേണ കുറയുന്നതും, ഏതാനും ഒരംശം മാത്രം ഹൃദയാന്തർഭാഗത്തിൽ ശിലാരേഖപോലെ പതിഞ്ഞു കിടക്കുന്നതും, പ്രകൃതിദത്തവും, സർവ്വസാധാരണവുമായ ഒരനുഗ്രഹമാകുന്നു. അതിനാൽ നമ്പ്യാരുടെ വിവാഹജന്യമായ വലിയമ്മയുടെ മനഃക്ഷോഭം ഇപ്പോൾ ഒട്ടുമുക്കാലും ശമിച്ചിരിക്കുന്നു എന്നു തന്നെ പറയാം. സൌഭാഗ്യവ

തിയായ ദേവിയോടുള്ള അസൂയ മാത്രം അയമ്മയുടെ ഹൃദയകുടീരത്തിൽ കളിഞ്ഞു കിടപ്പുണ്ട്. വലിയമ്മ പത്മാലയത്തിൽ പോയിരുന്ന അവസരങ്ങളിലെല്ലാം "അപ്പ എന്നെ അപമാനിച്ചതിനെ ഞാൻ ക്ഷമിച്ചത് എൻെറ പ്രിയ സഹോദരനെ ഓൎത്തിട്ടാണ്" എന്നു കമലയോടും, ദേവിയോടും മററും സഗൌരവം പറയാറുണ്ട്. വലിയമ്മ എന്തു പറഞ്ഞാലെന്താണ്. മഹാമനസ്കനായ ശ്രീധരൻനമ്പ്യാർ അമ്മൻപെങ്ങളുടെ പാരുഷ്യവാക്കുകളെ ലേശവും ഗൌനിച്ചിരുന്നില്ല. ചെറുശ്ശേരിയിൽ പുരുഷന്മാർ ഇല്ലാത്തതുകൊണ്ടു നമ്പ്യാർ ഇടക്കിടെ പോയി അവിടത്തെ കാൎയ്യാദികളെല്ലാം പൂൎവ്വാധികം ശ്രദ്ധയോടെ അന്വേഷിക്കാറുണ്ട്.

ശ്രീധരൻ നമ്പ്യാരുടെ വിവാഹം അമ്മിണിക്കുട്ടിയെയും സാമാന്യത്തിലധികം മുഷിപ്പിച്ചിരുന്നു. എങ്കിലും അവൾ അതിനെ ആക്ഷേപയോഗ്യമാകുംവണ്ണം പ്രത്യക്ഷപ്പെടുത്തിയതെയില്ല. അവൾക്കു കമലയോടുണ്ടായിരുന്ന മൈത്രി അകൈതവമായിരുന്നതിനാൽ അതിനെ നമ്പ്യാരുടെ വിവാഹത്തിന്നു മാത്രപോലും കുറക്കുവാൻ സാധിച്ചില്ല. സമൎത്ഥയായ അമ്മിണിക്കുട്ടി ദേവിയോടും നമ്പ്യാരോടും സൌഹാൎദ്ദനില വിടാതെ ഭംഗിയായി പെരുമാറി.

ഇപ്പോൾ കമലയും ദേവിയും തമ്മിലുള്ള സഹോദരസ്നേഹത്തോടെതിരിടാൻ ജാനുവും ദേവിയും തമ്മിലുള്ള സഹോദരസ്നേഹത്തിന്നുകൂടി ത്രാണിയില്ലാതായിരിക്കുന്നു. ഈ തരുണിമാർ തമ്മിലുള്ള രഞ്ജിപ്പു കാണുന്തോറും നമ്പ്യാൎക്കു ആമോദം വൎദ്ധിക്കുന്നു. അദ്ദേഹത്തിന്നു ഭാൎയ്യയോടും സഹോദരിയോടുമുള്ള നിരുപമമായ പ്രീതിയും സ്നേഹവും ദിനംപ്രതി ദ്വിഗുണീഭവിക്കുന്നു. സംഭ്രമസങ്കോചങ്ങളൊന്നും കൂടാതെ ദേവി നമ്പ്യാരോടു സോല്ലാസം സല്ലപിക്കുന്നതു കണ്ടപ്പോൾ കുറച്ചുദിവസം കമലക്കു വല്ലാത്ത വിസ്മയമുണ്ടായിരുന്നു.

പ്രിയഭൎത്താവിന്റെയും, ഭൎത്തൃസഹോദരിയുടേയും അക്ഷയമായ സ്നേഹാദരങ്ങൾക്ക പാത്രീഭൂതയായ നമ്മുടെ ദേവി പത്മാലയത്തിൽവെച്ച് വിക്രമമേനോന്റെ നാമധേയം ഉച്ചരിപ്പാൻപോലും ധൈൎയ്യപ്പെട്ടിരുന്നില്ല. പത്മാലയത്തിലെന്നു വേണ്ട ശ്രീകൃഷ്ണപുരത്തുകൂടി വിക്രമമേനോന്നു പ്രവേശനം ലഭിച്ചിരുന്നില്ല. ലീലതന്നെ ഒരിക്കൽമാത്രമെ പത്മാലയത്തിൽ പോയിട്ടുള്ളു. സ്കൂൾ പൂട്ടുന്ന കാലമത്രയും ലീലയും വിക്രമമേനോനും നന്ദനോദ്യാനത്തിൽതന്നെ താമസിക്കാറുണ്ടെങ്കിലും, ലൌകികമനുസരിച്ച് ഒന്നോ രണ്ടോ പ്രാവശ്യം മുല്ലവമുപ്പിൽ പോയി എന്നു വരുത്തിക്കൂട്ടും. അത്രയെ പതിവുള്ളു. ഇതിന്നുള്ള മുഖ്യ കാരണം ഈ ദമ്പതിമാരോട് ബാലകൃഷ്ണമേനോനുള്ള അനിഷ്ടവും, അനാദരവും തന്നെ ആയിരിക്കണം. ദുൎവ്വൃത്തനായ വിക്രമമേനോന്റെ ഭാൎയ്യയായതു നിമിത്തം ലീല അനുഭവിക്കുന്നതും, ഭാവിയിൽ അനുഭവിപ്പാനിടവരുന്നതുമായ സകലാരിഷ്ടകളേയും ശരിയായി ഗ്രഹിച്ചിരിക്കുന്ന ദേവിയും, ജാനുവും ലീല പണത്തിന്നാവശ്യപ്പെട്ട് എഴുതുമ്പോഴൊക്കെയും അവരാൽ കഴിയുന്നത്ര പണം അയച്ചു കൊടുക്കാറുണ്ട്. ശ്രീധരൻനമ്പ്യാരുടെ ഐശ്വൎയ്യസമൃദ്ധി ഉള്ളവണ്ണം ധരിച്ചിരുന്നതുകൊണ്ടും, നമ്പ്യാർ ദേവിക്കു ധാരാളം പണം സ്വന്തമായി കൊടുക്കുന്നതുകൊണ്ടും, ലീല പണസംബന്ധമായ കത്തെടവാടുകൾ അധികം നടത്താറുള്ളത് ദേവിയുമായിട്ടാകുന്നു. ദേവി തന്റെ സ്വന്തം ചിലവുകളെ കഴിയുന്നവണ്ണം ലഘൂകരിച്ചിട്ടുകൂടി ലീലക്കു പണമയച്ചുകൊടുപ്പാൻ സദാ തെയ്യാറായിരുന്നു. ശ്രീധരൻനമ്പ്യാർ, ഗോവിന്ദമേനോൻമുതലായ ബന്ധുക്കളെ ഭയന്നും, വിവാഹത്തിന്നു ശേഷം തന്റെ ശമ്പളത്തെക്കാൾ അധികം ധനം ഭാൎയ്യയുടെ കൂട്ടരിൽനിന്നു സൌജന്യമായി ലഭിക്കുന്നതുകൊണ്ടവളെ പണം കായ്ക്കുന്ന വള്ളിയായി വിചാരിച്ചും, വിവാഹം രജിസ്റ്റർ ചെയ്തിരു

ന്നതുകൊണ്ടും, വിരുതനായ വിക്രമമേനോൻ വിവാഹബന്ധം വേർപെടുത്താതെ ഒരു വിധത്തിൽ കഴിച്ചുകൂട്ടുന്നു. ലീലക്കു അവളുടെ പരിതാപകരമായ നില ഇപ്പോൾ അല്പാല്പമായി ബോദ്ധ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു. ജ്യേഷ്ഠത്തിമാരോട് എല്ലായ്പോഴും പണമിരക്കുന്നതു കുറെ ലാഘവമാണെന്നുള്ള തോന്നൽ വിക്രമമേനോന്നു ലേശംപോലുമില്ലെങ്കിലും മാനിയായ ബാലകൃഷ്ണമേനോൻെറ ഇളയ പുത്രിക്കുണ്ടായതിൽ അത്ഭുതപ്പെടുവാനില്ല.

ഇപ്പോൾ ഭദ്രയുടെ സ്ഥിരതാമസം കോഴിക്കോട്ടാണ്. അവൾ ശാരദാമ്മയോടൊന്നിച്ച് ഇടക്കിടെ പത്മാലയത്തിലും നന്ദനോദ്യാനത്തിലും പോകാറുണ്ട്. ലീലയുടെ ദുസ്സാമർത്ഥ്യത്താൽ കുറഞ്ഞൊന്നു പ്രബോധിതനായ ബാലകൃഷ്ണമേനോൻ ഭദ്രയുടെ നടവടിയിൽ അല്പം മനസ്സിരുത്തണമെന്നു വിചാരിച്ചിരുന്നുവെങ്കിലും ആ ഭാരം അദ്ദേഹത്തിന്നു വഹിക്കേണ്ടിവന്നില്ല. ഭദ്രക്കു കോഴിക്കോട്ടു താമസിപ്പാൻ മോഹമുള്ളതിനാലും, അവളുടെ രക്ഷാകർത്തൃത്വം ഗോവിന്ദമേനോനും, ശാരദാമ്മയും, പൂർണ്ണമനസ്സോടെ കയ്യേററതുകൊണ്ടും, ബാലകൃഷ്ണമേനോൻ അവരോടൊന്നിച്ചു താമസിക്കുവാൻ പുത്രിക്ക് അനുമതി നൽകി. ജാനുവും, ദേവിയും, മല്ലവളപ്പിൽ ഇല്ലാത്ത സ്ഥിതിക്ക് ഭദ്ര കോഴിക്കോട്ടു താമസിക്കുവാൻ തീർച്ചപ്പെടുത്തിയതുകൊണ്ടു ബാലകൃഷ്ണമേനോന്ന് അനിർവ്വാച്യമായ മനസ്സമാധാനമുണ്ടായി. അദ്ദേഹത്തിന്നു ശാരദാമ്മയുടെ ബുദ്ധിഗുണവും, സുശീലവും, വകതിരിവും വളരെ ബോദ്ധ്യപ്പെട്ടതായിരുന്നു.

ബാലചന്ദ്രിക മാതാപിതാക്കന്മാരോടൊരുമിച്ച് മല്ലവളപ്പിൽതന്നെതാമസിക്കുന്നു. അവൾക്കു ഭദ്രയെപ്പോലെ 'സ്ക്കൂട്ട്' ചെയ്യാനും, വിശേഷതരങ്ങളായ വസ്ത്രാഭരണാദികളാൽ ശരീരമലങ്കരിച്ച് മോടികൂട്ടി നടപ്പാനും അത്രതന്നെ മോഹമില്ല. ജ്യേഷ്ഠത്തിമാരുടെ അപ്രിയം ഭയന്ന്

അവൾ ഒന്നോ രണ്ടോ പ്രാവശ്യം അവർ താമസിക്കുന്ന സ്ഥലത്ത് പോയിട്ടുണ്ട്. അവൾ മുല്ലവമ്മപ്പിൽ വരുന്ന അതിഥികളെ യഥോചിതം സല്ക്കരിച്ചും, ഗൃഹഭരണകാര്യത്തിൽ അമ്മയെ സഹായിച്ചും, ഇടയുള്ളപ്പോഴെല്ലാം പുസ്തകങ്ങൾ വായിച്ചും ഉത്സാഹഭരിതയായി ദിവസം കഴിച്ചുകൂട്ടുന്നു. നന്ദൻ, പാക്കനാർ മുതലായ ദിവ്യഭക്തന്മാരുടെ ചരിത്രങ്ങളും, അഷ്ടപദിയും മററും ശ്രുതിമധുരമാകും വണ്ണം പാടി ശ്രോതാക്കളെ ആനന്ദലഹരിയിൽ ചാഞ്ചാടിപ്പാനുള്ള സാമൎത്ഥ്യം അവൾക്ക് കുറച്ചൊന്നുമല്ല.

ഈ ഗ്രന്ഥത്തിൻെറ പ്രാരംഭത്തിൽതന്നെ വായനക്കാൎക്ക് പരിചയമായിട്ടുള്ള ബാലകൃഷ്ണമേനോനും, രുഗ്മിണിയമ്മയും ഇപ്പോഴും ബാലകൃഷ്ണമേനോനും രുഗ്മിണിയമ്മയുമായിത്തന്നെ ഇരിക്കുന്നു. അവരുടെ സ്വഭാവത്തിന്നു യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല. ബാലകൃഷ്ണമേനോൻ വൈകുന്നേരമുള്ള നടക്കൽ കഴിഞ്ഞു മടങ്ങുമ്പോൾ മിക്കദിവസങ്ങളിലും നന്ദനോദ്യാനത്തിൽ പോയി ജാനുവിനെ കാണും. അദ്ദേഹം ഇടക്കിടെ പദ്മാലയത്തിലേക്കും പോകാറുണ്ട്. പക്ഷെ തലശ്ശേരിയിൽ ലീല താമസിക്കുന്നേടത്തു പോവുകയൊ, അവളുടേയും, ഭൎത്താവിൻെറയും, യോഗക്ഷേമാദികൾ അന്വേഷിക്കയൊ ചെയ്തിരുന്നില്ല. ലീലാവതിയേയും, വിക്രമമേനോനേയും, ഇങ്ങിനെ പ്രത്യക്ഷത്തിൽ അനാദരിക്കുന്നതിനെക്കുറിച്ച് രുഗ്മിണിയമ്മ സ്വഭൎത്താവിനോടു പലപ്പോഴും പാരുഷ്യമായി പലതും പറഞ്ഞു വിലപിക്കാറുണ്ട്. ഭാൎയ്യയെ പരിഹസിച്ച് തന്നെത്താൻ രസിക്കുന്ന ബാലകൃഷ്ണമേനോന്നു ഭാഗ്യം ഹേതുവായിട്ട് ആ രസാനുഭവത്തിന്ന് ഇതുനിമിത്തം ധാരാളം വഴിയുണ്ടായിരുന്നു.

വിവാഹം കച്ചവടംപോലെ വിചാരിച്ച് ദൈവികമായ അനുരാഗത്തെ ഗണിക്കാതെ വല്ല ദുൎമ്മോഹത്താലും വഞ്ചിതന്മാരായി ദാമ്പത്യം സ്വീകരിക്കുന്നവർ പ്രകൃതിയോടു

തങ്ങൾക്കുള്ള കടം വീട്ടുക മാത്രമാകുന്നു ചെയ്യുന്നത്. അങ്ങിനെയുള്ള ദമ്പതിമാർ ബാലകൃഷ്ണമേനോന്റെയും, രുക്മിണിയമ്മയുടേയും ജീവിതത്തിനേക്കാൾ സുഖവിരോധമുണ്ടാകുന്ന ജീവിതം സിദ്ധിക്കുമെന്നുള്ളതിന്നും പക്ഷാന്തരമുണ്ടാവില്ല. ഞങ്ങളുടെ മാന്യവായനക്കാരായ തരുണീതരുണന്മാർക്ക് അനുരൂപദാമ്പത്യം സിദ്ധിപ്പാനായി അർദ്ധനാരീശ്വരന്റെ അക്ഷയമായ അനുഗ്രഹം എന്നെന്നും ഉണ്ടാകുമാറാകട്ടെ!

ശുഭം ഭവതു.

Indic Digital Archive Foundation
gpura.org